# വൃത്താന്ത
# പത്രപ്രവൎത്തനം

M2
32J7

MADRAS UNIVERSITY
DEPARTMENTAL LIBRARIES

DOCTRINA VIM PROMOVET INSITAM

Call Number M2 32J7

Accession Number 204065

Section 32D.

This book should be returned on or before the date last marked below.

27 DEC 1983

10 FEB 1984

7 MAR 1984

28 JUL 1986

# വൃത്താന്തപത്രപ്രവർത്തനം

പ്രസാധകന്മാർ

**സാഹിത്യപ്രവർത്തക സഹകരണ സംഘം ലിമിറ്റഡ്**

[Malayalam]

# VRITHANTHA PATHRAPRAVARTHANAM

(JOURNALISM)

BY

K. RAMAKRISHNA PILLAI, B. A.

| | | | |
|---|---|---|---|
| First Impression | | August | 1912 |
| Second | ,, | ,, | 1926 |
| Third | ,, | ,, | 1957 |

RIGHTS RESERVED

PRINTED AT THE INDIA PRESS, KOTTAYAM
Copies 1000

PUBLISHERS
SAHITHYA PRAVARTHAKA C. S. LTD.

NATIONAL BOOKSTALL
KOTTAYAM KERALA STATE

Rs. 2·50

# വൃത്താന്ത
# പത്രപ്രവർത്തനം

സ്വദേശാഭിമാനി

## കെ. രാമകൃഷ്ണപിള്ള

UNIVERSITY LIBRARY
31 OCT 1964
MADRAS

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം — തിരുവനന്തപുരം

വില ക. 2·50

കെ. രാമകൃഷ്ണപിള്ളയുടെ

## കൃതികൾ

എന്റെ നാടുകടത്തൽ

വൃത്താന്തപത്രപ്രവർത്തനം

നരകത്തിൽനിന്നു്

കാറൽ മാർക്സ്

ക്രിസ്റ്റഫർ കൊളംബസ്

ബെഞ്ചമിൻ ഫ്രാങ്ക്ലിൻ


032D
204065
M2
32J7


S719 B497 17/57-58

1957 ആഗസ്റ്റ് 13-ാംനു-
സ്വദേശാഭിമാനിയുടെ പ്രതിമ
തിരുവനന്തപുരത്തു് അനാച്ഛാദനം
ചെയ്ത അവസരത്തിൽ
ഈ ഗ്രന്ഥത്തിൻെറ ഒരു പ്രതി
രാഷ്ട്രപതി
**ഡാക്ടർ രാജേന്ദ്രപ്രസാദിനു**
സമർപ്പിക്കുകയുണ്ടായി.

UNIVERSITY LIBRARY
31 OCT 1964
MADRAS



കെ. രാമകൃഷ്ണപിള്ള

# അവതാരിക

മലയാളത്തിൽ, വത്തമാനപത്രങ്ങളും മാസിക പത്രഗ്രന്ഥങ്ങളും അനേകം ഉണ്ടായിട്ടും, ആവക തൊഴിലിനെക്കുറിച്ച് ഒരു പുസ്തകവും ഉണ്ടായിട്ടില്ല എന്ന കുറവു പോക്കേണമെന്നു ഞാൻ ആഗ്രഹിച്ചിട്ടു കൊല്ലം ഏതാൻ കഴിഞ്ഞു. കുറെക്കാലം മുമ്പുവരെ, പത്തുകൊല്ലത്തിലധികം, നിരന്തരം, പത്രങ്ങളും മാസികകളും നടത്തിക്കൊണ്ടിരിക്കനിമിത്തം എൻെറ ആഗ്രഹം സാധിപ്പാൻ സൗകൎയ്യം ഇല്ലാതെയുമിരുന്നു. പക്ഷേ, ആ ആഗ്രഹസാധനത്തിന്, അത്രയുംകാലത്തെ പരിചയംകൊണ്ടു്, കുറെക്കൂടെ കാൎയ്യക്ഷമത സിദ്ധിച്ചു എന്നു്, വേണമെങ്കിൽ, സമാധാനപ്പെടാം. അതെങ്ങനെയിരുന്നാലും, ഒരുകൊല്ലംമുമ്പ്, മലബാറിൽ സഞ്ചരിപ്പാനും, കുറെനാൾ പാലക്കാട്ടു് പാൎപ്പാനും സംഗതി വന്നപ്പോൾ, എന്നോടൊന്നിച്ചുണ്ടായിരുന്ന ഒന്നുരണ്ടു സ്നേഹിതന്മാർ—അവരും പത്രപ്രവൎത്തനത്തോടു വേഴ്ചപ്പെട്ടവർതന്നെ—എൻെറ ആഗ്രഹം നിൎവ്വഹിപ്പാൻ ആ സമയം സൗകൎയ്യമുണ്ടെന്നുകണ്ടു് എന്നെ ഉത്സാഹിപ്പിച്ചു. അതിന്മണ്ണം, 1911 ജൂലൈ 28-ാംനു- തുടങ്ങി ആഗസ്റ്റ് 15-ാംനു- കൊണ്ടു് എഴുതിത്തീൎത്തതായ പുസ്തകമാണു്, ഇപ്പോൾ ചില സംഗതികൾക്കൂടെ ചേൎത്തു്, പ്രസിദ്ധമാക്കുന്നതു്.

പിററ്മാൻ, ലോറെൻസ്, ഡാനാ എന്നീ പത്രത്തൊഴിലുകാരർ ഇംഗ്ലീഷിൽ എഴുതീട്ടുള്ള പ്രബന്ധങ്ങളിലും പ്രസംഗങ്ങളിലും പ്രതിപാദിച്ചിട്ടുള്ളതായ പ്രമാണങ്ങളാണു് ഇതിൽ എനിക്കു് ഏറെക്കുറെ വഴികാട്ടിയായിത്തീൎന്നിട്ടുള്ളതു്. എന്നാലും, പതിനഞ്ച്യകൊല്ലത്തിനുമേലായി, പത്രങ്ങളിൽ ലേഖകൻെറയും മുഖപ്രസംഗകൎത്താവിൻെറയും പത്രാധിപ

തുടെയും ഉടമസ്ഥൻെറയും നിലകളിൽ, ഞാൻ, ഇടവിടാതെ ലഭിച്ചിട്ടുള്ള പരിചയവും, അതിലകത്തു പലേവഴിക്കു ഗ്രഹിച്ചിട്ടുള്ള തത്വങ്ങളും ഇതിലുൾപ്പെടുത്തീട്ടുണ്ട്. ഞാൻ പത്രത്തിൽ ലേഖനങ്ങൾ എഴുതിത്തുടങ്ങിയതാകട്ടെ, ആധിപത്യം വഹിച്ചുതുടങ്ങിയതാകട്ടെ ഈ പുസ്തകത്തിൽ നിർദ്ദേശിച്ചിരിക്കുന്ന സമ്പ്രദായം അനുസരിച്ചായിരുന്നില്ലെന്നും; സ്ഥിരമായ പ്രമാണമോ ദൃഢമായ വ്രതമോ ഇല്ലാതെ, മലയാളത്തിൽ, പത്രപ്രവൎത്തനം നടന്നുവന്നിരുന്ന ഒരു കാലമായിരുന്നതിനാൽ അന്നു പ്രത്യേകമൊരു വ്യവസ്ഥയനുസരിച്ചു പരിശീലിപ്പാൻ സാദ്ധ്യമായിരുന്നില്ലെന്നും; സാധിച്ചിരുന്നാൽത്തന്നെയും, പത്രവുമായുള്ള വേഴ്ച, പില്ക്കാലത്ത് ഉളക്കിക്കളവാൻ കഴിയാത്തതായിത്തീൎന്നുവെങ്കിലും, ആരംഭത്തിൽ എൻെറ വിദ്യാഭ്യാസത്തിനിടക്കു യദൃച്ഛയാ കടന്നുകൂടിയ ഒരു അഭിനിവേശത്തിൻെറ ഫലമായിരുന്നതേയുള്ളു എന്നും, ഈ സന്ദൎഭത്തിൽ പറയാതെ കഴികയില്ല. ആകയാൽ ഞാൻ പ്രണയിച്ചിരുന്ന പ്രമാണങ്ങളിൽ വല്ലതും പോരാതെ വന്നിട്ടുണ്ടെങ്കിൽ, അതു് എൻെറ യുക്തായുക്തവിചാരത്തിൻെറ കുറവുകൊണ്ടുണ്ടായതാണെന്നു സമാധാനം ചെയ്യേതീരൂ. എന്നാൽ യാതൊരു ഗുരുമുഖത്തുനിന്നും അഭ്യസിച്ചതല്ലാത്ത ആവക പ്രമാണങ്ങൾ, ഏറക്കുറെ, മററുള്ളവരും അംഗീകരിച്ചിട്ടുള്ളവയാണെന്നു്, പില്ക്കാലത്തു്, ഇംഗ്ലീഷ് പത്രപ്രവൎത്തകന്മാരുടെ ഉപദേശലേഖനങ്ങളും ആദൎശഗ്രന്ഥങ്ങളും വായിച്ചപ്പൊഴും പ്രവൎത്തനസമ്പ്രദായം ഗ്രഹിച്ചപ്പൊഴും കൃതാൎത്ഥനാവാൻ സംഗതിവന്നിട്ടുമുണ്ടു്.

ഈ പുസ്തകത്തിൻെറ പ്രസിദ്ധീകാരത്തെ സംബന്ധിച്ചു് ഒരു ചെറിയ ചരിത്രം പറവാനുണ്ടു്. ഞാൻ തിരുവിതാംകൂർ നാടുവിട്ടുപോന്നതിൻെറ ശേഷം, എൻെറ ക്ഷേമത്തെ കാംക്ഷിക്കുന്നവരായി മലയേഷ്യാനാട്ടിലുള്ള മലയാളികൾ

എൻെറ വാസസ്ഥലം എവിടെയെന്നറിയാഞ്ഞു കുറെക്കാലം അന്വേഷിച്ചതിൽപ്പിന്നെ, ഞാൻ കഴിഞ്ഞകുറി മലബാറിൽ വന്നിട്ട മദിരാശിക്കു മടങ്ങിച്ചെന്ന സമയം, ഒരു സ്നേഹിതൻ മുഖേന, എനിക്കു സഹതാപസൂചകവും ഉത്സാഹോജ്ജീവകവും ആയൊരു കത്തയയ്ക്കയും, അതിൽ അവർ എന്നെ ഉദ്ദേശിച്ചു ചെയ്യാനാഗ്രഹിക്കുന്ന പലേ ഉപകാരകൃത്യങ്ങളുടെ കൂട്ടത്തിൽ, എൻെറ വകയായ ഒരു നൂതനകൃതി അവരുടെ ചെലവിൽ അച്ചടിപ്പിച്ചു പ്രസിദ്ധീകരിപ്പാൻ നിശ്ചയം ചെയ്തിരിക്കുന്നുവെന്നറിയിക്കയും ചെയ്തിരുന്നു. ആ വഴിക്കാണ് ഇപ്പുസ്തകം അവരുടെ ശ്രദ്ധയിൽപ്പെട്ടതും, അവർ ഇതിൻെറ പ്രസിദ്ധീകരണത്തിനു് എന്നെ ഉത്സാഹിപ്പിച്ചതും. ഇതച്ചടിപ്പാൻ വേണ്ടിവന്ന പണച്ചെലവൊക്കെ അവർതന്നെ സസന്തോഷം വഹിച്ചിരിക്കുന്നു; ഈ വിവരം, അവർ ഇതിൽ മറെറാരുഭാഗത്തു് എഴുതിയിരിക്കുന്ന മുഖവുരയാൽ വെളിവാകും. ഇതിനെന്നു വേണ്ടേണ്ടാ; എൻെറ ലൗകികമായ കർമ്മോപകരണങ്ങളെയും മറ്റു വകകളെയും അന്യായമായി കൈയടക്കിക്കൊണ്ടു്, ധർമ്മസംസ്ഥാനമായ തിരുവിതാംകൂർ ഗവർമ്മേണ്ടു്, തനിക്കു്, അപഹരിക്കാൻ കഴിയാത്തതായുള്ള എൻെറ ധർമ്മസംസ്ഥാപിതമായ മനോവിഭവങ്ങളെ മാത്രം എനിക്കു തുണയാക്കി, എന്നെ പ്രവാസത്തിനായി അയയ്ക്കയാൽ, എനിക്കു പണക്ലേശം ഉണ്ടായെങ്കിലോ എന്നു ശങ്കിച്ചു മേല്പടി മലയാളികൾ ചെയ്തിട്ടുള്ളതും ഇപ്പൊഴും ഔദാര്യപൂർവ്വം ചെയ്തുവരുന്നതും ആയ മററു സഹായങ്ങൾക്കും, ഞാൻ അവരുടെപേരിൽ എപ്പൊഴും കൃതജ്ഞനായിരിക്കുന്നു. പ്രത്യേകിച്ചും; ഇക്കാര്യത്തിൽ പ്രധാനോത്സാഹികളായ രാജശ്രീ പി. കെ. പിള്ള, എസ്. എസ്. കുറുപ്പ്, എൻ. എസ്. നായർ, കെ. ഹരിഹരയ്യർ എന്നീ മാന്യജനങ്ങൾ എൻെറ സവിശേഷമായ കൃതജ്ഞതയെ അർഹിക്കുന്നു. ഇപ്പുസ്തകം വായിക്കാൻ

സംഗതിവരുന്ന അപരിചിതന്മാർ എന്നല്ല, എന്റെ അഭ്യുദയകാംക്ഷികളായവരൊക്കെ, മേല്പറഞ്ഞ ദേശാഭിമാനികളുടെ ഉപകാരപ്രവൃത്തിയെപ്പററി സന്തോഷിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

ഇപ്പുസ്തകത്തിനു സദയം ഒരു പ്രസ്താവന എഴുതിത്തന്നിരിക്കുന്ന 'കേരളപത്രികാ'പത്രാധിപർ, രാജശ്രീ സി. കുഞ്ഞിരാമൻമേനോൻ, ബി. എ., അവർകളുടെ പേരിലും ഞാൻ അത്യന്തം കൃതജ്ഞനായിരിക്കുന്നു. ഇന്നുള്ള മലയാളപത്രപ്രവർത്തകന്മാരിൽവെച്ച് ഏറെ പഴമപരിചയവും, അകളങ്കിതമായ പത്രധർമ്മപരിപാലനത്താൽ പൊതുവിൽ ജനങ്ങളുടെയും അതിനൊപ്പം ബ്രിട്ടീഷ്ഗവർമ്മേണ്ടിന്റെയും ബഹുമാനാദരങ്ങളും സിദ്ധിച്ചിട്ടുള്ള ഇദ്ദേഹത്തിന്റെ അനുഭവങ്ങൾ വായിച്ചാൽ, മലയാളപത്രങ്ങൾ ആദ്യം പുറപ്പെട്ടുവിച്ച കാലങ്ങളിൽ എത്രയോ സങ്കടങ്ങൾ സഹിച്ചിരുന്നു എന്നറിവാൻ നമുക്കു കഴിയുന്നതാണ്.

പുസ്തകത്തിന്റെ അന്ത്യത്തിൽ അനുബന്ധിച്ചിരിക്കുന്ന ഉപന്യാസങ്ങൾ, പത്രപ്രവർത്തനവിഷയത്തെ അധികരിച്ച്, ഞാൻ, സംഗതിവശാൽ ഓരോരോ മാസികകളിലും പത്രത്തിലും എഴുതിയിരുന്നവയാകുന്നു.

ഞാൻ ഇപ്പുസ്തകം എഴുതിയത്, എന്റെ ഗുരുഭൂതനായ മഹാരാജശ്രീ ഏ. ആർ. രാജരാജവർമ്മാ, കോയിത്തമ്പുരാൻ, (എം. ഏ.) അവർകളുടെ 'സാഹിത്യസാഹ്യം' വായിപ്പാൻ എനിക്കു സാധിക്കുംമുമ്പായിരുന്നതിനാൽ, സാഹിത്യശാസ്ത്രസംബന്ധമായും മററും ചില നൂതനസാങ്കേതികപദങ്ങൾ ഞാൻതന്നെ നിർമ്മിക്കേണ്ടിവന്നിട്ടുണ്ട്. സാങ്കേതികപദനാണ്യങ്ങൾ അടിച്ചെടുക്കുന്ന കമ്മട്ടത്തിൽ, ഗുരുവിന്റെ ഏകസഹായിയായി, കുറെക്കാലം, ഈ ശിഷ്യൻ പണിയെടുത്തിരുന്നതിനാൽ, ഇരുവരുടെയും കരുവുകൾക്കു തമ്മിൽ അന്തരം

ഉണ്ടായാൽക്കൂടി അല്പസ്വല്പമേ ആയിരിക്കയുള്ളു എന്നു ഞാൻ സമാധാനപ്പെട്ടിരുന്നു. എന്നാലും, എന്റെ കൈയെഴുത്തുപകൎപ്പു പരിശോധിച്ചു പരിഷ്കരിക്കേണ്ടിവന്നപ്പോൾ ഞാൻ 'സാഹിത്യസാഹ്യം' വായിച്ചിരുന്നതുകൊണ്ടു്, ഇടയ്ക്കിടെ ചില ഘട്ടങ്ങളിൽ ഞാൻ വെച്ചിരുന്ന പദങ്ങളെ ഇളക്കിക്കളഞ്ഞു പകരം അതിലെ പദങ്ങൾ അംഗീകരിപ്പാനും, മററുള്ള സ്ഥലങ്ങളിൽ ഞാൻ മുമ്പു് ഊന്നിയ പദങ്ങളെ ഇളക്കാതെതന്നെ വെച്ചിരിപ്പാനും സംഗതിയായിട്ടുണ്ടു്. ആകയാൽ, ഒരേ അൎത്ഥത്തിനു് ഒന്നിലധികം ഭിന്നരൂപമായ സാങ്കേതികപദനാണ്യങ്ങളെ ഈ പുസ്തകസംസ്ഥാനത്തു പ്രചരിപ്പിക്കുവാൻ ഇടയായിപ്പോയിട്ടുണ്ടെന്നിരുന്നാലും, വായനക്കാൎക്കു് ഇഷ്ടമായതു കൈമാറുന്നതിലേയ്ക്കു് അനുവദിച്ചിട്ടുള്ള അവകാശത്തെ ധ്വംസിക്കുന്നതായൊരു വിളംബരമോ നിയമകാരണമോ നിൎദ്ദേശിച്ചു നാണയക്കുഴപ്പം വരുത്തി ബഹുജനങ്ങൾക്കു് അലച്ചിലും വലച്ചിലും ഉണ്ടാക്കി ദുരിതക്കുണ്ടിൽ ചാടിപ്പാൻ തക്കവണ്ണം, ഈ ഗ്രന്ഥകൎത്താവു്, പാഷാണഹൃദയനായി മന്ത്രിക്കുന്നില്ലെന്നു് അറിയിച്ചുകൊള്ളുന്നു.

വടക്കുന്തറ, പാലക്കാട്ടു് — എന്നു്,

1912 ആഗസ്റ്റു് 16 — കെ. രാമകൃഷ്ണപിള്ള

UNIVERSITY LIBRARY
31 OCT 1964
MADRAS

# പ്രസ്താവന

ഈ 'വൃത്താന്തപത്രപ്രവത്തനം' എന്ന പുസ്തകത്തിന്നു് ഒരു പ്രസ്താവന എഴുതണമെന്നു രാമകൃഷ്ണപിള്ളയവർകൾ എന്നോട്ട് ആവശ്യപ്പെട്ടപ്പോൾ ഞാൻ സംശയംകൂടാതെ സമ്മതിച്ചു. അങ്ങനെ സമ്മതിച്ചതു് ഇതു് എത്രയോ എളുപ്പമായ പ്രവൃത്തിയാണെന്നു വിചാരിച്ചിട്ടായിരുന്നു. പക്ഷേ, എഴുതുവാനായിട്ടാരംഭിച്ചപ്പോൾ ഇതു് ആദ്യം വിചാരിച്ചതുപോലെ എളുപ്പമുള്ള പ്രവൃത്തിയല്ലെന്നു് അനുഭവമാവുകയും ചെയ്തു. എങ്കിലും ഇരുപത്തഞ്ചു കൊല്ലത്തിൽ അധികം കാലം 'വൃത്താന്തപത്രപ്രവത്തനത്തിൽ' ഒരു താണനിലയിലെങ്കിലും പരിശ്രമിച്ചുപോന്നതുകൊണ്ടു് എന്റെ അനുഭവങ്ങൾ എഴുതിയാൽ അതു വായനക്കാർക്കു രുചിക്കുമെന്നു വിചാരിച്ചു ധൈര്യപ്പെട്ടു് എഴുതുന്നതാണു്. പത്രപ്രവത്തനത്തൊഴിൽ സാധാരണ ചിലർ വിചാരിച്ചുപോരുന്നതുപോലെ, അത്ര എളുപ്പമുള്ള പ്രവൃത്തിയല്ലെന്നുള്ളതു് രാമകൃഷ്ണപിള്ള അവർകളുടെ ഈ പുസ്തകം വായിക്കുന്നവക്കെല്ലാവർക്കും മനസ്സിലാവും. വക്കീൽപ്രവൃത്തി, വൈദ്യം മുതലായ വലിയ പ്രവൃത്തികൾ, ഇവക്കു വേണ്ടുന്നതായ പഠിപ്പുപോലെയുള്ള പഠിപ്പു് ഈ പ്രവൃത്തിക്കും വേണം. പക്ഷേ, നമ്മുടെ നാട്ടിൽ, ഇപ്പോൾ പത്രാധിപപ്രവൃത്തിക്കു വിശേഷിച്ചു യാതൊരു പ്രത്യേകപഠിപ്പും ഇല്ലെന്നുതന്നെ പറയണം. ചുരുക്കം ചിലർ ചില പത്രകാര്യാലയങ്ങളിൽ പ്രവേശിച്ചു പ്രവൃത്തികൾ ശീലിച്ചു പത്രാധിപന്മാരായി തീരുന്നുണ്ടു്. അങ്ങനെയുള്ളവർക്കു് ഒരുവിധം പ്രത്യേകപഠിപ്പുണ്ടെന്നു പറയാം. വാചകം ഭംഗിയായി എഴുതുവാൻ ശീലമുള്ള പലരും പ്രത്യേകം പഠിപ്പൊന്നുംകൂടാതെ പത്രാധിപന്മാരായി തീരുന്നുണ്ടു്. ഈ വകക്കാർ ചിലപ്പോൾ യോഗ്യന്മാരായ പത്രാധിപന്മാരും ആവുന്നുണ്ടു്. പക്ഷേ, ഒരു നല്ല പത്രാധിപന്നു പ്രവൃത്തിപരിചയത്തിന്നും വാചകഭംഗിക്കും പുറമെ മററു പലേ ഗുണങ്ങളും

വേണ്ടതുണ്ട്. ലോകത്തിൽ നടക്കുന്ന കാൎയ്യങ്ങളെപ്പററി യഥാൎത്ഥമായ അറിവ്, കാലത്തിന്റെ സ്ഥിതി, ഓരോ പ്രത്യേക കാൎയ്യങ്ങളെ സംബന്ധിച്ച പൊതുജനങ്ങളുടെ ഇടയിലുള്ള അഭിപ്രായത്തെപ്പററിയുള്ള അറിവ്, ജനസമുദായത്തിലുള്ള ഗുണങ്ങളും ദോഷങ്ങളും തിരിച്ചറിയുവാനുള്ള സാമൎത്ഥ്യം മുതലായവയെല്ലാററിനും പുറമെ സത്യവും സ്വാതന്ത്ര്യവും വിടാതെ പറയുവാനും പ്രവൎത്തിക്കുവാനും ഉള്ള ധൈൎയ്യം പ്രത്യേകവും ആവശ്യമായിട്ടുള്ളതാണ്. ഇംഗ്ലണ്ട് ഫ്രാൻസ് ജൎമ്മനി മുതലായ യൂറോപ്പുരാജ്യങ്ങളിലും അമേരിക്കയിലെ യുണൈറഡ്സ്റ്റേററ്സിലും പത്രപ്രവൎത്തനം എത്രയോ ഉന്നതസ്ഥിതിയിൽ എത്തീട്ടുണ്ട്. അവിടങ്ങളിൽ പത്രങ്ങളുടെ അഭിപ്രായങ്ങളെ ഗവൎമ്മേണ്ടുകാരും ജനങ്ങളും ബഹുമാനിച്ചും സ്വീകരിച്ചും വരുന്നുണ്ട്. ഇന്ത്യയിലും പത്രാഭിപ്രായങ്ങൾക്കു വിലയുണ്ട്; പക്ഷേ, ഇന്ത്യയിലെ പത്രങ്ങൾ, പ്രത്യേകിച്ചു നാട്ടുഭാഷാപത്രങ്ങൾ ആവക രാജ്യങ്ങളിലെ പത്രങ്ങളേപ്പോലെ ഉത്കൃഷ്ടസ്ഥിതിയിൽ എത്തീട്ടില്ല. ഇന്ത്യയിൽ പൊതുജനങ്ങളുടെ ഇടയിൽ വിദ്യാഭ്യാസം പരന്നു പൊതുജനാഭിപ്രായത്തിന്ന് ഏതാണ്ടൊരു ഉറപ്പുവരുമ്പോൾ, നാട്ടുപത്രങ്ങളുടെ സ്ഥിതി ഇപ്പോഴത്തേതിലും എത്രയോ ഉന്നതിയിൽ എത്തുകയുംചെയ്യും. നമ്മുടെ മലയാളഭാഷയിലുള്ള പത്രങ്ങളുടെ തൽക്കാലാവസ്ഥയെ ഒന്നു പരിശോധിച്ചുനോക്കിയാൽ പൊതുജനാഭിപ്രായങ്ങളെക്കൊണ്ടു പത്രങ്ങൾക്കുണ്ടായിട്ടുള്ള വ്യത്യാസങ്ങളുംപത്രങ്ങളെക്കൊണ്ടുപൊതുജനാഭിപ്രായത്തിന്നുണ്ടായിട്ടുള്ള ഭേദഗതികളും ഏതാണ്ടു മനസ്സിലാവുന്നതാണ്. പത്രപ്രവൎത്തനത്തിൽ എനിക്കുണ്ടായിട്ടുള്ള ഇരുപത്തേഴുകൊല്ലത്തെ പരിചയംകൊണ്ട് ഈ മലയാളജില്ലയിൽ കഴിഞ്ഞ ഇരുപത്തേഴുകൊല്ലങ്ങൾക്കുള്ളിൽ പത്രങ്ങൾ മൂലമായി, ജനങ്ങളുടെ അറിവിലും അഭിപ്രായങ്ങളിലും എത്രത്തോളം വ്യത്യാസംവന്നിട്ടുണ്ടെന്നുള്ളതു് എനിക്കു സാമാന്യം അറിയാം. ഞാൻ പത്രപ്രവൃത്തിയിൽ ഇറങ്ങിയകാലത്തു് ഈ ജില്ലയിൽ പൊതുജനാഭിപ്രായം എന്ന ഒന്ന് ഉണ്ടായിരുന്നുവോ എന്നുതന്നെ സംശയമായിരുന്നു. ഏതെങ്കിലും ഒരു ദിക്കിലെ ഒരു പ്രമാണിയുടെയോ, ഒരു ഉദ്യോഗസ്ഥന്റേയോ അഭി

പ്രായത്തിന്നനുസരിച്ചായിരുന്നു ജനങ്ങളുടെ അഭിപ്രായവും നിന്നിരുന്നതു്. പ്രമാണികളുടെയും ഉദ്യോഗസ്ഥന്മാരുടെയും അഭിപ്രായങ്ങൾക്കു വിപരീതമായ അഭിപ്രായങ്ങൾ ആലോചിച്ചുണ്ടാക്കുവാനുള്ള അറിവു് അധികം ആളുകൾക്കും ഉണ്ടായിരുന്നില്ല. ചുരുക്കം ചിലർക്കു് ഉണ്ടായിരുന്നെങ്കിൽത്തന്നെ അതു വെളിവിൽ പറയുവാൻ അവക്കു ധൈര്യവും ഉണ്ടായിരുന്നില്ല. എൻെറ കേരളപത്രിക എന്ന പത്രം മലയാളജില്ലയിൽ മലയാളഭാഷയിലെ ഒന്നാമത്തെ പത്രമാണു്. കൊച്ചിയിലും തിരുവിതാംകൂറിലും അതിനുമുമ്പു് ഒന്നോ രണ്ടോ മലയാളപത്രങ്ങൾ ഉണ്ടായിരുന്നുവെങ്കിലും അവയെ മലയാളജില്ലക്കാർ എത്രയോ ചുരുക്കമേ വരുത്തിവായിച്ചിരുന്നുള്ളു. അതുകൊണ്ടു് ആ കാലത്തു പത്രവായനയിലുള്ള അഭിരുചി എത്രയോ ചുരുക്കം ആളുകൾക്കുമാത്രമേ ഉണ്ടായിരുന്നുള്ളു. ഇംഗ്ലീഷു പഠിച്ചവർക്കു്, ഇംഗ്ലീഷുപത്രങ്ങൾ വായിച്ചു ശീലമുണ്ടായിരുന്നതുകൊണ്ടു് അവരിൽ ചിലക്കു പത്രംകൊണ്ടുണ്ടാവുന്ന ഗുണം നിശ്ചയമുണ്ടായിരുന്നു. സാധാരണജനങ്ങൾക്കെന്നുവേണ്ട സംസ്കൃതത്തിലും നാട്ടുഭാഷയിലും ഒരുവിധം പാണ്ഡിത്യം ഉണ്ടായിരുന്നവർക്കുകൂടി വൎത്തമാനപത്രത്തെക്കൊണ്ടുണ്ടാവുന്ന ഉപകാരം എന്താണെന്നു നിശ്ചയമുണ്ടായിരുന്നില്ല. അതുകൊണ്ടു പത്രിക ആരംഭിച്ച ആദ്യകാലത്തു് എനിക്കും എൻെറ സഹായികൾക്കും ഉണ്ടായ ബുദ്ധിമുട്ടു് അല്പമല്ലായിരുന്നു. മാന്യന്മാരായ ചില സ്നേഹിതന്മാരുടെ ഉത്സാഹം കൊണ്ടു് ആദിയിൽത്തന്നെ വരിക്കാർ കുറെ ഉണ്ടായി. നാട്ടുപുറങ്ങളിൽനിന്നു വൎത്തമാനങ്ങളും ലേഖനങ്ങളും എഴുതുവാൻ തക്ക ആളുകൾ ഇല്ലാത്തതുകൊണ്ടാണു് ബുദ്ധിമുട്ടു് അധികവും ഉണ്ടായതു്. ഇംഗ്ലീഷ്പഠിച്ചവരിൽ ചിലൎക്കു നാട്ടുഭാഷയിലുള്ള പത്രങ്ങൾ വായിക്കുന്നതും, അവകളിലേയ്ക്കു വല്ലതും എഴുതുന്നതും തങ്ങളുടെ അവസ്ഥയ്ക്കു കുറവാണെന്നുള്ള വിചാരംകൂടി ഉണ്ടായിരുന്നു. ചിലർ നാട്ടുഭാഷയിൽ എന്തെങ്കിലും എഴുതുവാൻ ശീലമില്ലാത്തവരും ആയിരുന്നു. ഇംഗ്ലീഷ് പഠിക്കാത്തവരും നാട്ടുഭാഷയിലോ സംസ്കൃതത്തിലോ സാമാന്യം അറിവുള്ളവരും ആയവർ—കോടതികളിൽ ശീലിച്ചവരും, ആധാരം എഴുത്തുകാരും ഒഴികെ—കവിതകൾ—എന്നു

വെച്ചാൽ പദ്യരൂപമായ കവിതകൾ — മാത്രം വായിച്ചു ശീലിച്ചവരായിരുന്നതിനാൽ, ഗദ്യങ്ങൾ എഴുതുവാൻ ഒട്ടുംതന്നെ ശീലമുള്ളവരായിരുന്നില്ല. കോടതിക്കാരുടെ വാചകരീതി പത്രങ്ങളിലേയ്ക്കു വളരെ പററിയതും ആയിരുന്നില്ല. ഈ വക കാരണങ്ങളാൽ ആദ്യകാലത്തു് ലേഖകദൗർല്ലഭ്യംകൊണ്ടും ലേഖനദൗർല്ലഭ്യംകൊണ്ടും ഞാൻ സാമാന്യം ബുദ്ധിമുട്ടീട്ടുണ്ടു്. ചിലപ്പോൾ നാട്ടുപുറങ്ങളിൽനിന്നു വന്നിരുന്ന വർത്തമാനക്കത്തുകളെയും ലേഖനങ്ങളെയും സാധാരണമലയാളത്തിൽ ആക്കേണ്ടതിന്നു മാററി എഴുതേണ്ടിയും വന്നിട്ടുണ്ടു്. ചിലപ്പോൾ വർത്തമാനങ്ങൾ ശ്ലോകങ്ങളായും പ്രസിദ്ധംചെയ്യേണ്ടിവന്നിട്ടുണ്ടു്. അക്കാലത്തു ജനങ്ങളുടെ അഭിപ്രായങ്ങളും രുചിയും ഇപ്പോഴത്തേതിൽനിന്നു് എത്രയോ വ്യത്യാസപ്പെട്ട നിലയിൽ ആയിരുന്നു. കൈക്കൂലിവാങ്ങി അന്യായം പ്രവർത്തിക്കുന്നതു പ്രാപ്തിയും യോഗ്യതയും ഉള്ള ഉദ്യോഗസ്ഥന്മാരുടെ ലക്ഷണമാണെന്നും; സത്യമായും മര്യാദയായും നടക്കുന്നതു പോരാത്തവരുടെ ലക്ഷണമാണെന്നുമായിരുന്നു വളരെ ജനങ്ങളും വിശ്വസിച്ചുപോന്നിരുന്നതു്. കൈക്കൂലിമേടിച്ചും വേറേപ്രകാരത്തിൽ അഴിമതികൾചെയ്തും ജനങ്ങളെ ദ്രോഹിച്ചിരുന്ന ഉദ്യോഗസ്ഥന്മാരെ, നാട്ടിൽപ്രമാണികൾകൂടി ഭയഭക്തിയോടുകൂടി ആദരിച്ചുപോന്നിരുന്നതു് ഞാൻ ഇപ്പോഴും ഓർക്കുന്നുണ്ടു്. ഇതുപോലെതന്നെ മറ്റു പല കാര്യങ്ങളിലും ജനങ്ങളുടെ അഭിപ്രായം നല്ലനിലയിൽ അല്ലായിരുന്നു. ഇനി ജനങ്ങളുടെ രുചി അല്ലെങ്കിൽ വായനരസം എന്നുള്ള സംഗതിയെപ്പറ്റി ആലോചിക്കുന്നതായാൽ അതും ഇപ്പോഴത്തേതിലും എത്രയോ വ്യത്യാസപ്പെട്ട നിലയിലായിരുന്നു. അക്കാലത്തു് ജനസമുദായത്തിൻെറ സ്ഥിതിയെ സംബന്ധിച്ചോ, രാജ്യകാര്യങ്ങളെ സംബന്ധിച്ചോ, സമുദായാഭിവൃദ്ധിക്കു വേണ്ടുന്ന വിഷയങ്ങളെ സംബന്ധിച്ചോ, ഗൗരവമായ വല്ല മുഖപ്രസംഗവും എഴുതിയിരുന്നാൽ അതു് അധികം ജനങ്ങൾക്കും രുചിച്ചിരുന്നില്ല. വല്ല കാര്യങ്ങളെയും ദൂഷിച്ചോ, വല്ലവരെയും ഹസിച്ചോ എഴുതിയിരുന്നുവെങ്കിൽ അവയെ അധികം ജനങ്ങളും സന്തോഷത്തോടുകൂടെ വായിച്ചിരുന്നു. യാതൊരു വലിയ കാര്യത്തെപ്പററിയും ആലോചിക്കുവാൻ

ജനങ്ങൾക്കു് മനസ്സുണ്ടായിരുന്നില്ല; വല്ലവക്കും മനസ്സുണ്ടായിരുന്നെങ്കിൽത്തന്നെ ആലോചിച്ച് അഭിപ്രായം പറയുവാൻതക്ക അറിവു് എത്രയോ ചുരുക്കം ജനങ്ങൾക്കു മാത്രമേ ഉണ്ടായിരുന്നുള്ളു. ഇങ്ങനെയായിരുന്ന പഴയ കാലത്തു്, നാട്ടുകാര്യങ്ങളെപ്പററി സ്വതന്ത്രമായ നിലയിൽ പത്രികയിൽ അഭിപ്രായങ്ങൾ പറഞ്ഞിരുന്നതിന്മേൽ പലേ പ്രമാണികൾക്കും ഉദ്യോഗസ്ഥന്മാർക്കും പത്രികയുടെനേരെ വിരോധം ഉണ്ടായിരുന്നു. കാലക്രമംകൊണ്ടു് ആവക വിരോധങ്ങൾക്കു് വിലയില്ലാതാവുകയും ജനങ്ങളുടെ അഭിപ്രായങ്ങൾക്കു് ക്രമേണ വ്യത്യാസം വരികയുംചെയ്തു; എന്നുള്ളതും എനിക്കു് അനുഭവമുള്ളതാണു്. കഴിഞ്ഞ ഇരുപത്തേഴുകൊല്ലംകൊണ്ടു് മലയാളത്തിൽ പൊതുജനാഭിപ്രായത്തിന്നും ജനങ്ങളുടെ നടവടിക്കും വന്നിട്ടുള്ള വ്യത്യാസം അന്നത്തേയും ഇന്നത്തേയും സ്ഥിതി സൂക്ഷ്മമായി പരിശോധിച്ചുനോക്കിയാൽ അറിയാവുന്നതുമാണു്. ഇന്നു് മലയാളത്തിൽ വളരെ പക്വമായ നിലയിൽ അല്ലെങ്കിലും, ഒരുവിധമായ പൊതുജനാഭിപ്രായം ഉണ്ടെന്നു ഞാൻ തീർച്ചയായും പറയാം. ലേഖകദൗർല്ലഭ്യമോ ലേഖനദൗർല്ലഭ്യമോ ഇപ്പോൾ ഇല്ല. പലേതരം വിഷയങ്ങളെപ്പററിയും വെടിപ്പായവിധത്തിൽ ലേഖനങ്ങൾ എഴുതുവാനും തക്കത്തിൽ ഇരിക്കുന്ന സംഗതികളിന്മേൽ ന്യായമാംവണ്ണം വാദപ്രതിവാദം ചെയ്യുന്നതിന്നും പ്രാപ്തന്മാരായവർ ഇപ്പോൾ ഇംഗ്ലീഷുഭാഷ പരിചയമില്ലാത്തവരുടെ ഇടയിൽക്കൂടി ധാരാളം ഉണ്ടെന്നു് സംശയംകൂടാതെ പറയാം. എന്റെ പത്രത്തിൽ സാധാരണയായി കാണുന്ന അനവധി ലേഖനങ്ങൾ ഈ പറഞ്ഞതിനെ തെളിക്കുന്നതുമാണു്. ദൂഷ്യാരോപണങ്ങളിലും പരിഹാസങ്ങളിലും വിമുഖതയും, ലോകകാര്യങ്ങളെ ഗൗരവമായ നിലയിൽ വിവരിക്കുന്നതിൽ സന്തോഷവും ജനങ്ങൾക്കു് വർദ്ധിച്ചുതുടങ്ങിയിരിക്കുന്നു. കൈക്കൂലിവാങ്ങി അനീതികൾ പ്രവൎത്തിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ എണ്ണം ഇപ്പോൾ വളരെ ചുരുങ്ങിയിരിക്കുന്നുവെങ്കിലും ചുരുക്കം ചിലരുള്ളവരുടെനേരെ വെറുപ്പും സത്യവാന്മാരും മര്യാദക്കാരുമായവരുടെമേൽ ബഹുമാനവും വർദ്ധിച്ചുവന്നിരിക്കുന്നു. ഉദ്യോഗസ്ഥന്മാരും നാട്ടുപ്രമാണികളും അനീതികൾ പ്രവ

ത്തിക്കുന്നുണ്ടെങ്കിൽ അവയെപ്പററി പത്രങ്ങളിലേയ്ക്കു് എഴുതി പ്രസിദ്ധംചെയ്തു് ആവക അനീതികളെ നിൎത്തൽചെയ്യുന്നതിന്നു് ജനങ്ങൾക്കു ലേശംപോലും മടിയും ഭയവും ഇല്ലാതായിത്തുടങ്ങുകയും ചെയ്തിരിക്കുന്നു. സത്യത്തിന്മേലും സ്വാതന്ത്ര്യത്തിന്മേലും ഉള്ള ബഹുമാനം ദിവസംപ്രതി വൎദ്ധിച്ചുംവന്നുതുടങ്ങിയിരിക്കുന്നു. ഈവക മാററങ്ങൾ കാലത്തിന്നനുസരിച്ചു് ഉണ്ടായവയാണെങ്കിലും വൎത്തമാനപത്രങ്ങൾ ഇവയ്ക്കു കാരണമായിട്ടില്ലെന്നും പറഞ്ഞുകൂടാ. പൊതുജനങ്ങളുടെ ഇടയിൽ രാജ്യകാൎയ്യങ്ങളെ സംബന്ധിച്ചുള്ള അറിവു വൎദ്ധിച്ചതിന്നു് വൎത്തമാനപത്രങ്ങൾ പ്രധാനകാരണങ്ങളാണെന്നുതന്നെ പറയണം. പൊതുജനങ്ങളുടെ ഇടയിൽ അറിവു വൎദ്ധിക്കുന്നതു്, വൎത്തമാനപത്രങ്ങളുടെ നടവടികളിൽ ഭേദഗതികൾ ചെയ്യുന്നുണ്ടെന്നുള്ളതും ഈ മലയാളത്തിലെ പത്രങ്ങളുടെ ആദ്യകാലങ്ങളിലെ സ്ഥിതിയും ഇപ്പോഴത്തെ സ്ഥിതിയും ചേൎത്തു് പരിശോധിച്ചുനോക്കിയാൽ അറിയാവുന്നതാണു്. ഈ ജില്ലയിൽ പൊതുജനാഭിപ്രായം എന്ന ഒരു സാധനത്തെ സൃഷ്ടിക്കുന്നതിന്നു് കാരണഭൂതന്മാരായവരിൽ ഒരു പ്രധാനിയാണെന്നു് അഭിമാനിച്ചുകൊണ്ടിരിക്കുന്ന എന്റെ അഭിപ്രായങ്ങൾക്കുതന്നെ ഇപ്പോഴത്തെ പൊതുജനാഭിപ്രായത്തിന്നനുസരിച്ചു് അല്പം ചില മാററങ്ങൾ വന്നിട്ടുണ്ടെന്നുള്ളതു് സമ്മതിക്കാതെ കഴിയുന്നതല്ല. പത്രവായന വിദ്യാഭ്യാസത്തിന്റെ ഒരു പ്രധാന ഭാഗമാണു്. വിദ്യാഭ്യാസം എന്ന പദത്തിന്നു് വിദ്യാശാലകളിൽവെച്ചു് ചില പുസ്തകങ്ങൾ പഠിക്കുക എന്ന അൎത്ഥം മാത്രമല്ല ഉള്ളു. വിദ്യാശാലകളിൽനിന്നും സൎവ്വകലാശാലകളിൽനിന്നു കൂടിയും സിദ്ധിക്കുന്ന വിദ്യാഭ്യാസം പൂൎണ്ണമായിട്ടുള്ളതല്ല. ആവക വിദ്യാഭ്യാസം സിദ്ധിച്ചതിന്നുശേഷം ലോകാവസ്ഥകൾ കണ്ടും കേട്ടും പരിചയിച്ചും ബുദ്ധിക്കു പക്വതയും വികാസവും ഉണ്ടാക്കുന്നതാണു് യഥാൎത്ഥമായുള്ള വിദ്യാഭ്യാസം. അപ്രകാരമുള്ള വിദ്യാഭ്യാസത്തിന്റെ ഏതാനും ഭാഗം പത്രങ്ങളെ വായിക്കുന്നതിനാൽ സിദ്ധിക്കുന്നതാണു്. വൎത്തമാനപത്രങ്ങൾ, ജനങ്ങളുടെ അവകാശങ്ങളെയും അധികാരങ്ങളെയും വീഴ്ചവരുത്താതെ നിലനിൎത്തിപോരുന്നതിന്നുള്ള ആയുധങ്ങളാണെന്നുകൂടി വിചാരിക്കാവുന്നതാണു്.

ചില രാജ്യങ്ങളിൽ അവ അങ്ങനെ ആണുതാനും. ഇന്ത്യയിൽ പത്രങ്ങളുടെ സ്ഥിതി ആ നിലയിൽ എത്തീട്ടില്ലെങ്കിലും നാട്ടിൽ വിദ്യാഭ്യാസം പരക്കുന്നതോടുകൂടി വത്തമാനപത്രങ്ങളുടെ മാന്യതയും വർദ്ധിക്കുന്നതാകുന്നു. അതുകൊണ്ട് വത്തമാനപത്രപ്രവത്തനത്തൊഴിൽ, മാന്യതയിൽ വിചാരിച്ചപോരുന്ന വക്കീൽപ്രവൃത്തി വൈദ്യപ്രവൃത്തി മുതലായവയിൽ ഒട്ടം തന്നെ പ്രാധാന്യം കുറഞ്ഞതല്ല. അങ്ങനെയുള്ള പ്രവൃത്തിയുടെ ഒരു ചരിത്രം പത്രവായനക്കാരായവർ അറിഞ്ഞിരിക്കേണ്ടതുമാണ്. ആ അറിവ് രാമകൃഷ്ണപിള്ള അവർകളുടെ ഈ പുസ്തകത്തിൽനിന്ന് ഉണ്ടാകുമെന്നതിന്നും വാദമില്ല. നാട്ടിൽ വിദ്യാഭ്യാസം വർദ്ധിക്കുന്നതോടുകൂടി പത്രപ്രവത്തനത്തിന്നും പ്രാധാന്യം വർദ്ധിക്കും എന്ന് ഞാൻ മുമ്പുതന്നെ പറഞ്ഞുവല്ലോ. ആ കാലത്ത് പത്രപ്രവത്തനത്തൊഴിൽ നല്ലവണ്ണം ശീലിച്ചിട്ടുള്ളവർ പത്രങ്ങൾ നടത്തുന്നതിന്ന് ആവശ്യമായി വരികയും ചെയ്യും. അതുകൊണ്ട്, പത്രപ്രവത്തനത്തെ വിവരിക്കുന്നതായ ഈവിധം ഒരു പുസ്തകവും എത്രയും ആവശ്യമായിത്തീരുന്നതാണല്ലോ. മററുള്ള പത്രങ്ങളെപ്പററി ഗുണദോഷനിരൂപണം ചെയ്യുവാൻതക്ക യോഗ്യത എനിക്കുണ്ട് എന്നുള്ള ദുരഭിമാനം എനിക്കില്ല. എങ്കിലും കലശലായ ദൂഷ്യം ഉള്ളതിനെ തിരിച്ചറിയുവാൻ അധികകാലത്തെ പരിചയം കൊണ്ടു സാധിക്കുമെന്നാണ് വിചാരിക്കുന്നതു്. പത്രപ്രവത്തകന്മാക്ക് പരിചയം പോരാഞ്ഞിട്ടോ പാഠിപ്പില്ലാഞ്ഞിട്ടോ മററു വല്ല സംഗതികളാലോ, എന്തുകൊണ്ടാണെന്നറിയുന്നില്ല, നമ്മുടെ മലയാളഭാഷയിലുള്ള ചില പത്രങ്ങളുടെ രീതി വളരെ യോഗ്യതയായ നിലയിലാണെന്നു പറയുവാൻ എനിക്ക് മനസ്സു വരുന്നില്ല. ഈ ന്യൂനത അധികമായും കണ്ടുവരുന്നതു് തിരുവിതാംകൂറിലെ ചില പത്രങ്ങളിലാണെന്നു പറഞ്ഞാൽ ആ ദിക്കുകാർ മുഷിയുകയില്ലെന്നുവിചാരിക്കുന്നു. ഈ പുസ്തകകത്താവ് രാമകൃഷ്ണപിള്ള അവർകൾ സ്വാതന്ത്ര്യത്തെയും സത്യത്തെയും, ജനസമുദായത്തിൻെറ ഗുണത്തെയും ഇച്ഛിച്ച് പത്രം നടത്തിയിരുന്ന ഒരാളായിരുന്നതിനാൽ തിരുവിതാംകൂറിൽനിന്നു് ഭ്രഷ്ടനായി പുറത്തുപോകേണ്ടിവന്നു എങ്കിലും അദ്ദേഹം തിരുവിതാംകൂറുകാരനായതുകൊണ്ട് അദ്ദേഹത്തിന്റെ

ഒരു കൃതിയെപ്പററി പറയുമ്പോൾ തിരുവിതാംകൂറിലെ പത്രങ്ങളെപ്പററി പ്രത്യേകമായി പറഞ്ഞു എന്നുവെച്ച് സമാധാനിക്കാം. ഞാനും എന്നെപ്പോലെയുള്ള ബ്രിട്ടീഷ്മലയാളത്തിലെ മററു പത്രാധിപന്മാരും സവ്വജ്ഞന്മാരാണെന്ന് ഇതുകൊണ്ടുവരുന്നില്ല. ഞങ്ങളുടെ കൈയിലും തെററുകൾ വളരെയുണ്ടെന്നു ഞാൻതന്നെ സമ്മതിക്കുകയും ചെയ്യാം. അവനവൻെറ പക്കലുള്ള തെററുകളെ കണ്ടറിഞ്ഞു്, അവയെ തീർത്തു് പത്രപ്രവത്തനം ഉത്തമരീതിയിലാക്കുവാനാണു് ഈ തൊഴിലിൽ ഏപ്പെട്ടവരെല്ലാവരും ശ്രമിക്കേണ്ടതു്. രാമകൃഷ്ണപിള്ള അവർകളുടെ ഈ പുസ്തകം അതിന്നു് വഴികാട്ടിക്കൊടുക്കുമെന്നാണു് ഞാൻ വിചാരിക്കുന്നതു്.

കോഴിക്കോട്ട് — സി. കുഞ്ഞിരാമമേനോൻ, ബി. എ.

കേരളപത്രികാപത്രാധിപർ

## മലയേഷ്യാമലയാളികളുടെ വക

# മുഖവുര

രാജശ്രീ കെ. രാമകൃഷ്ണപിള്ള, ബി. ഏ., അവർകളുടെ 'വൃത്താന്തപത്രപ്രവത്തനം' എന്ന ഈ ഗ്രന്ഥത്തെ പ്രസിദ്ധംചെയ്യുന്നതിൽ ദ്രവ്യസംബന്ധമായുള്ള സകല ഭാരങ്ങളും ഏററു്, മിസ്റ്റർ പിള്ളയെ ഇക്കാലത്തു പ്രോത്സാഹിപ്പിക്കുവാൻ ഒരുക്കമുള്ള എൻെറ സഹോദരന്മാരായ മലയേഷ്യാമലയാളികൾ, ഈ ഗ്രന്ഥത്തിനു് ഒരു മുഖവുരയായി രണ്ടുവാക്കു് പ്രസ്താവിക്കുവാൻ, അവരുടെ പ്രതിനിധി എന്ന നിലയിൽ, എന്നെ ആജ്ഞാപിച്ചിട്ടു മാസം കുറെ ആയി എങ്കിലും, ഇത്രവേഗം ഈ പുസ്തകം പ്രസിദ്ധീകരിക്കുമെന്നു വിചാരിക്കാതെയിരുന്ന എനിക്കു് ആ ഭാരം സാവകാശം നിറവേററുവാൻ തരം കിട്ടിയില്ലെന്നു വ്യസനിക്കുന്നു.

മിസ്റ്റർ പിള്ളയുടെ വൃത്താന്തപത്രപ്രവത്തനത്തെപ്പററി മലയേഷ്യാമലയാളികളായ ഞങ്ങളുടെ ഇടയിൽ ഉള്ള ബഹുമാനത്തിൻെറയും, ആ മഹത്തായ ഉദ്യമത്തെ നിഷ്കൃപം അടിച്ചുതാഴ്ത്തുവാൻ ഒരുങ്ങിയ തിരുവിതാംകൂർസക്കാരിൻെറ നയത്തെപ്പററി ഞങ്ങൾക്കു തോന്നിയിരിക്കുന്ന അവഹേളനത്തിൻെറയും ഫലമായിട്ടാണു്, ഈ ഗ്രന്ഥം പ്രസിദ്ധപ്പെടുത്തുന്നതിനു വേണ്ട ധനവ്യയച്ചുമതല, ഞങ്ങൾ കൈയേററിട്ടുള്ളതു്.

ദിവാൻ മിസ്റ്റർ രാജഗോപാലാചാരിയുടെ ഭരണകാലത്തു് ഉണ്ടായിട്ടുള്ള ചപലവ്യാപാരങ്ങളിൽ മികച്ചുനില്ക്കുന്നതും, നാടുവിട്ടു പുറത്തു പരന്നു തിരുവിതാംകൂർ സംസ്ഥാനത്തിൻെറ കീത്തിയെ ദൂഷിപ്പിക്കുവാൻ ഇടകൊടുത്തതും ആയ 1910 സെപ്തംബർ, 26-ാംനു-യിലെ നാടുകടത്തലിൽ, മലയേഷ്യാമലയാളികൾ, മിസ്റ്റർ പിള്ളയുടെ ഉത്തമമായ പൌരഗുണവും അതിനെ വിലമതിക്കുവാൻ 'ധമ്മരാജ്യ'ത്തിലെ ഭരണധുരന്ധരന്മാക്കുള്ള സങ്കടവും വ്യക്തമായി കണ്ടു. മിസ്റ്റർ പിള്ളയുടെ നിസ്സാരമായ ദുരദൃഷ്ടത്തിൽ, തിരുവിതാംകൂറിലെ ഏതാൻ ചില അഴിമതിക്കാരായ ദുഷ്ടന്മാരും അവരുടെപിന്നാലെ വാലാട്ടിനടക്കുക ശീലമുള്ള ചില പത്രപ്രവത്തകമീശക്കൊമ്പന്മാരും ഒഴികെ, മററാരും കൃതാത്ഥതയെ പ്രാപിച്ചില്ലെന്നുള്ള സംഗതി, അക്കാലത്തും അതിൽ പിന്നീടും ഉണ്ടായിട്ടുള്ള പത്രപ്രസ്താവങ്ങളിൽനിന്നും ജനാഭിപ്രായങ്ങൾ മററുവിധം പ്രകടിപ്പിച്ചിട്ടുള്ളവ

യിൽനിന്നും മാത്രം സാധിച്ചാൽ മതിയാകുന്നതല്ലെന്നു വിചാരിച്ചായിരിക്കാം, എൻെറ സഹോദരന്മാരായ ഇന്നാട്ടിലെ മലയാളികൾ മിസ്റ്റർ പിള്ളയെ അപ്പൊഴപ്പോൾ സംഭാവനകളാലും ഇതുപോലെയുള്ള ഉതവികളാലും സഹായിച്ചിട്ടുള്ളതു്. അതിനെപ്പററിയും, മിസ്റ്റർ പിള്ളയ്ക്കു് മലയേഷ്യാമലയാളികളുടെ വകയായി സമ്മാനിപ്പാൻ തയാറാക്കിയിരിക്കുന്ന 'തിരുവിതാംകൂർ സ്വദേശാഭിമാനിബിരുദമുദ്ര' എന്ന സ്വർണ്ണ'മെഡൽ' മുതലായവയെക്കുറിച്ചും, വേറെ മാർഗ്ഗത്തിൽ വിസ്തരിച്ചു പ്രസ്താവിക്കുന്നതാകയാൽ ഇവിടെ എടുത്തുപറയുന്നില്ല.

മേൽ സൂചിപ്പിച്ച ഉദ്യമങ്ങളിൽ പ്രഥമകാര്യനിർവ്വാഹകനായി മലയേഷ്യാമലയാളികൾക്കു് ഉത്തമമാതൃകയായി മഹാമനസ്കതയോടെ പ്രവർത്തിച്ചു ദൃഷ്ടാന്തം കാണിച്ചുതന്നിട്ടുള്ള രാജ്യശ്രീ പി. കെ. നമ്പ്യാർ, ബി. ഏ., ബാരിസ്റ്റർ അററ്ലാ, അവർകളോടു മലയേഷ്യാമലയാളികൾക്കുള്ള അളവററ കൃതജ്ഞതയേയും, ജാതിമതഭേദം കൂടാതെ, മിസ്റ്റർ പിള്ളയുടെ ഗുണകാംക്ഷികളായി ശക്യങ്ങളായ സകല സഹായങ്ങളും ചെയ്തുവരുന്ന നിഷ്കളങ്കസ്നേഹിതന്മാരായ തിരുവിതാംകൂർ മുഹമ്മദീയസഹോദരന്മാരോടു് ഇവിടത്തെ മററു മലയാളികൾക്കുള്ള ബഹുമാനത്തെയും ഇവിടെ പ്രത്യേകം പ്രസ്താവിച്ചുകൊള്ളുന്നു.

ഈ പുതിയ പുസ്തകത്തിൻെറ ഒട്ടേറെ പ്രതികൾ നഷ്ടഭയം ലേശം കൂടാതെ, ചെലവുചെയ്തു ലാഭംവരുത്തി മിസ്റ്റർ പിള്ളയെ സഹായിക്കാൻ കൈയേററിട്ടുള്ള അനേകം മഹാജനങ്ങളോടും, എൻെറ സഹോദരന്മാരും ഞാനും കൃതാർത്ഥരായിരിക്കുന്നു.

എന്നു്,

ആജ്ഞാനുസാരം

മലയേഷ്യാമലയാളികൾക്കുവേണ്ടി

എസ്. ശങ്കരക്കുറുപ്പ്

ബത്തുകേവ്സ്
1912 ഏപ്രിൽ 15

# രണ്ടാംപതിപ്പിൻെറ

# മുഖവുര

ഈ പുസ്തകം ആദ്യമായി പ്രസിദ്ധപ്പെട്ടത്തിയതു് 1912 ആഗസ്റ്റ് മാസത്തിലാണു്. പതിമ്മൂന്നുകൊല്ലമായിട്ടും ഇതിന്നൊരു രണ്ടാം പതിപ്പു് പ്രസിദ്ധിപ്പെട്ടത്താതിരുന്നതു പുസ്തകത്തിൻെറ ആവശ്യക്കുറവുകൊണ്ടല്ല, പുസ്തകങ്ങളുടെ അവകാശം ലഭിച്ചിരുന്ന ആളുകളുടെ ശേഷിയില്ലായ്മകൊണ്ടു മാത്രമാണു്. പുസ്തകത്തിന്നു് ആവശ്യക്കാർ പലരുമുണ്ടെന്നും അതുകൊണ്ടു് പുസ്തകം അച്ചടിക്കുന്നതിനുള്ള അവകാശം കിട്ടണമെന്നും ഇതിലിടക്കു പലേ പുസ്തകശാലക്കാരും അച്ചുകൂടക്കാരും ആവശ്യപ്പെട്ടിട്ടുണ്ടു്. എന്നാൽ ഇവരൊക്കെ പുസ്തകത്തിൻെറ പകപ്പവകാശം മുഴവൻ വിട്ടുകിട്ടണമെന്നു് ആവശ്യപ്പെട്ടിരുന്നതുകൊണ്ടും, പുസ്തകത്തിന്റെ അവകാശികളായ ഞങ്ങൾ (ഞാനും എൻെറ സഹോദരനും) രണ്ടാളും പ്രായപൂത്തി വരുന്നതുവരെ ഞങ്ങളുടെ അവകാശത്തെ പരാധീനപ്പെട്ടത്തുകയില്ലെന്നുള്ള അമ്മയുടെ നിർബ്ബന്ധംകൊണ്ടും ഇത്രയും കാലം ഇതിൻെറ പ്രസിദ്ധീകരണം വൈകിപ്പോകാനിടയായി. ഇതാ ഇപ്പോൾ ഞങ്ങൾ രണ്ടാളും പ്രായപൂത്തി വന്നു; പുസ്തകം പരാധീനപ്പെട്ടത്താതെ തന്നേ പ്രസിദ്ധപ്പെട്ടത്താനുള്ള സൗകര്യവും ലഭിച്ചു.

ഈ ഒരു ചെറിയ മുഖവുരയല്ലാതെ ഈ പുസ്തകത്തിൽ യാതോരു ഭേദഗതികളും ചെയ്യാൻ ഞാനാളല്ലെന്നു വായനക്കാരെ അറിയിച്ചുകൊണ്ടു പുതിയ പതിപ്പു് അവരുടെ മുമ്പാകെ വിനയപുരസ്സരം സമപ്പിച്ചുകൊള്ളുന്നു.

എന്നു്,

പ്രസാധിക

കെ. ഗോമതിഅമ്മ

# മൂന്നാംപതിപ്പിനെപ്പററി

'വൃത്താന്തപത്രപ്രവർത്തനം' 45 വഷങ്ങൾക്കു മുമ്പാണ്, ആദ്യമായി പ്രസിദ്ധപ്പെട്ടത്തിയതു്. രണ്ടാം പതിപ്പു പ്രസിദ്ധപ്പെട്ടത്തിയിട്ടുതന്നെ 31 കൊല്ലങ്ങൾ കഴിഞ്ഞിരിക്കുന്നു. ഗ്രന്ഥകാരൻെറ പുത്രി രണ്ടാം പതിപ്പിനെഴുതിയിരിക്കുന്ന മുഖവുരയിൽ പ്രസ്താവിച്ചിരിക്കുന്നതുപോലെ, മൂന്നാംപതിപ്പിനും ഇത്രയും താമസം വന്നതു പുസ്തകത്തിൻെറ ആവശ്യക്കുറവുകൊണ്ടല്ല. കേരളത്തിൽ കഴിഞ്ഞതലമുറയിൽ ജീവിച്ചിരുന്ന എത്രയൊ മഹാന്മാരുടെ കൃതികളുടെ പുതിയ പതിപ്പുകൾ കിട്ടാനില്ലാതെ പുസ്തകപ്രേമികൾ ഇന്നു വിഷമിക്കുന്നുണ്ടു്. ഇതിൻെറ കാരണങ്ങളെപ്പററി ചിന്തിക്കാനുള്ള സ്ഥാനം ഇതല്ലല്ലൊ.

'സ്വദേശാഭിമാനി'യുടെ ഈ കൃതി, പത്രപ്രവത്തനത്തെപ്പററി മലയാളത്തിൽ ആദ്യമായി എഴുതപ്പെട്ട ഗ്രന്ഥമാണു്. എന്നു മാത്രമല്ല, ഈ വിഷയത്തെപ്പററി ചെറുതൊ വലുതൊ ആയ മറെറാരു പുസ്തകവും ഇതേവരെ ഉണ്ടായിട്ടുമില്ല. പത്രപ്രവത്തനത്തെ സംബന്ധിച്ച ഭാരതീയ ഭാഷകളിൽ ആദ്യമായുണ്ടായ പുസ്തകവും ഇതുതന്നെയാണെന്നു കരുതാൻ ന്യായമുണ്ടു്. ഇതു്, കേരളീയക്കു മൊത്തത്തിൽ അഭിമാനിക്കാവുന്ന ഒരു സംഗതിയാണു്.

1910 സെപ്ററംബർ 26-ാംനു- തിരുവിതാംകൂറിൻെറ തലസ്ഥാനമായിരുന്ന തിരുവനന്തപുരത്തുവച്ചു അറസ്റ്റ്ചെയ്തു നാട്ടുകടത്തപ്പെട്ട 'സ്വദേശാഭിമാനി'യുടെ പ്രതിമ 1957 ആഗസ്റ്റ് 13-ാംനു- കേരളത്തിൻെറ തലസ്ഥാനമായ തിരുവനന്തപുരത്തു് അനാച്ഛാദനം ചെയ്യപ്പെട്ടുകയാണു്. അന്നു് ദിവാൻ പി. രാജഗോപാലാചാരി സ്വദേശാഭിമാനിയെ നാട്ടുകടത്തി. ഇന്നു് രാഷ്ട്രപതി ഡാക്ടർ രാജേന്ദ്രപ്രസാദ്, അദ്ദേഹത്തിൻെറ പ്രതിമയുടെ അനാച്ഛാദനകർമ്മം നടത്തുന്നു. നമുക്കു വളരെയധികം സന്തോഷിക്കുവാനും അഭിമാനിക്കാനും വകയുള്ള അവസരമാണിതു്. ഈ മഹത്തായ ദിനത്തിലാണു് ഈ മൂന്നാംപതിപ്പു പ്രസിദ്ധപ്പെട്ടത്തുന്നതു് എന്നതു ശ്രദ്ധേയമാണു്.

പത്രപ്രവത്തനത്തിൽ ഇന്ത്യയിൽ വച്ചു് ഏററവും പുരോഗമിച്ചിട്ടുള്ള കേരളത്തിൽ പ്രസ്തുത വിഷയത്തെപ്പറ്റി ഒട്ടധികം പുസ്തകങ്ങൾ ഉണ്ടാ

കേണ്ടതാണ്. കഴിഞ്ഞ അരനൂററാണ്ടിനിടയിൽ പത്രപ്രവൎത്തനത്തിന്റെ നാനാവശങ്ങളിലും വന്നിട്ടുള്ള മാററം കുറച്ചൊന്നുമല്ല. ഇന്നത്തെ നില വച്ചുനോക്കിയാൽ ഈ പുസ്തകം വളരെ 'പഴഞ്ചൻ'നായിപ്പോയി എന്നു പറയാൻ കഴിഞ്ഞേക്കും. എങ്കിലും മുമ്പുപറഞ്ഞതുപോലെ ഇതു നമ്മുടെ ആദ്യത്തെ പുസ്തകമാണ്; ഏക പുസ്തകവുമാണ്. ഇതിൻെറ ഈ പുനഃ പ്രസിദ്ധീകരണം, ആധുനിക പത്രപ്രവൎത്തനത്തെപ്പററി ഒന്നോ അതിലധികമോ ഗ്രന്ഥങ്ങൾ ഉണ്ടാക്കുവാൻ നമ്മുടെ പ്രവൎത്തകരിൽ ചിലൎക്കെങ്കിലും പ്രചോദനം നല്കുമെന്നാണ്, എൻെറ വിശ്വാസം.

കോട്ടയം
ആഗസ്റ്റ് 9, 1957

ഡി. സി. കിഴക്കേമുറി

# വിഷയവിവരം


| | |
|---|---|
| പത്രപ്രവർത്തനത്തൊഴിൽ | 27 |
| വിശേഷയോഗ്യതകൾ | 43 |
| വൃത്താന്താഖ്യാനം | 57 |
| ഖണ്ഡലേഖനം ഒന്ന് | 71 |
| ഖണ്ഡലേഖനം രണ്ട് | 85 |
| അച്ചടികാര്യവിവരം | 98 |
| കോടതികൾ: മഹാജനയോഗങ്ങൾ | 112 |
| വർണ്ണനം | 127 |
| വിമർശനം | 139 |
| സംവാദം: കഥയെഴുത്ത് | 151 |
| പത്രപ്രസാധനം | 164 |
| പലവക | 179 |


## അനുബന്ധം


| | |
|---|---|
| 1 നവീനശൃംഖല | 195 |
| 2 ആധുനികവൃത്താന്തപത്രം | 199 |
| 3 സ്ത്രീകളും പത്രപ്രവർത്തനവും | 220 |
| 4 ലേഖകവൃത്തി | 225 |
| 5 പത്രകർമ്മോദ്യമം | 229 |

അദ്ധ്യായം ഒന്ന്

## പത്രപ്രവൎത്തനത്തൊഴിൽ

പാശ്ചാത്യരാജ്യങ്ങളിൽനിന്നു് ഇന്ത്യയിൽ കൊണ്ടുവന്നു നട്ടുപിടിപ്പിച്ചിട്ടുള്ള ചെടികളിൽ ഒന്നാണു വൃത്താന്തപത്രം. ദേശസാത്മ്യകരണത്താൽ, ഈ മറുനാടൻചെടി, ഇന്ത്യൻമണ്ണിൽ നല്ലവണ്ണം പിടിച്ചു തഴച്ചുവളരുകയും ചെയ്തിരിക്കുന്നു. ഉണ്ണുക, ഉടുക്കുക, ഉറങ്ങുക എന്ന ഉകാരത്രയം മനുഷ്യരുടെ ജീവിതരക്ഷയ്ക്കു് എത്രയേറെ ആവശ്യകമെന്നു വിചാരിക്കപ്പെട്ടിരിക്കുന്നുവോ, ഈ ചെടിയുടെ ജന്മഭൂമിയിലെ ജനങ്ങൾ പത്രവായനയേയും അപ്രകാരംതന്നെ ഗണിച്ചിരിക്കുന്നു. പാശ്ചാത്യരാജ്യങ്ങളിൽ അന്നുള്ള ലോകവർത്തമാനങ്ങൾ അറിയുന്നതിലേയ്ക്കു പ്രതിദിനപത്രങ്ങൾ വായിക്കാതെ ഉറങ്ങുവാൻ പോകുന്നവർ, ജീവിതത്തിൽ നിത്യാവശ്യമായ ഏതോ ഒരെണ്ണം സാധിക്കാതെയാണു് അന്നത്തെ കൃത്യങ്ങൾ നടത്തിയിരിക്കുന്നതു് എന്ന ചിന്താക്ലേശത്താൽ അസ്വസ്ഥചിത്തന്മാരായിരിക്കുമാറുണ്ടു്. ഈ സ്ഥിതിക്കു, ലോകത്തിൽ വൃത്താന്തപത്രങ്ങൾക്കു നാൾക്കുനാൾ പ്രചാരവും പുഷ്ടിയും അഭിവൃദ്ധിയും കയറിവരുന്നതിൽ വിസ്മയപ്പെടുവാനില്ല. ഈ ഭൂഗോളത്തിലെ പലേ രാജ്യങ്ങളിലായി ഇപ്പോൾ നടത്തിവരുന്ന അനേകസഹസ്രം വൎത്തമാനപ്പത്രങ്ങളുടെ വന്മ എന്തുമാ

ത്രമുണ്ടെന്നു കുറെ മുമ്പു പ്രസിദ്ധപ്പെടുത്തിക്കണ്ടിരുന്ന താഴെ പറയുന്ന കണക്കുകൊണ്ടു് ഏകദേശം ഊഹിക്കാൻ കഴിയുന്നതാണു്:

"ആണ്ടുതോറും 12,000 കോടി പത്രപ്രതികൾ ഈ ലോകത്തിൽ പ്രചരിപ്പിക്കപ്പെടുന്നുണ്ടു്. ഇവയൊക്കെ നിരത്തിയിട്ടാൽ, 10,450 ചതുരശ്രമൈൽ സ്ഥലം മുഴുവൻ വ്യാപിക്കും. ഇവയെ സെക്കണ്ടിനു് ഒന്നുവീതം എണ്ണുന്നുവെങ്കിൽ, എല്ലാം എണ്ണിക്കഴിവാൻ മുന്നൂററിമുപ്പത്തിമൂന്നു കൊല്ലം വേണ്ടിവരും. ഇവയെല്ലാംകൂടി, 7,91,250 ടൺ ഭാരം കടലാസ്സു് ചെലവാകുന്നു. (ഒരു ടൺ തൂക്കം 2,240 റാത്തൽ ആണു്.) ഈ പത്രങ്ങളൊക്കെ ഒന്നിനുമേൽ ഒന്നായി അടുക്കിവെയ്ക്കുന്നുവെങ്കിൽ, അഞ്ഞൂറു മൈൽ പൊക്കത്തിൽ ഒരു പവ്വതമായി കുന്നും. ഒരുവൻ ഒരു പത്രം വായിക്കുവാൻ അഞ്ചു മിനിട്ടുനേരം ദിവസംതോറും ചെലവാക്കുന്നുവെങ്കിൽ, ഭൂമിയിലുള്ള ജനങ്ങൾ എല്ലാംകൂടി ഒരു കൊല്ലത്തിൽ പത്രവായനയ്ക്കായി വ്യയം ചെയ്യുന്ന കാലം ഒരു ലക്ഷം സംവത്സരം ആകും." ഈ കണക്കു നാലുകൊല്ലം മുമ്പു പ്രസിദ്ധപ്പെടുത്തിക്കണ്ടിരുന്നതാണു്. അക്കാലത്തിന്നിപ്പുറം, പത്രങ്ങൾക്കു് അഭിവൃദ്ധിയല്ലാതെ ക്ഷയമുണ്ടായിട്ടില്ലതാനും.

വൃത്താന്തപത്രച്ചെടി ഇദംപ്രഥമമായി പൊട്ടിമുളച്ചതു് ഏതുരാജ്യത്തായിരുന്നു, ഏതുകാലത്തായിരുന്നു, എന്നൊക്കെ അന്വേഷിക്കേണ്ട ഭാരം ഈ പ്രബന്ധത്തിൻെറ ഉദ്ദേശ്യങ്ങളിൽ ഒന്നായി വിചാരിച്ചിട്ടില്ല. അതു വൃത്താന്തപത്രചരിത്രത്തിൻെറ വിഷയത്തിൽ ഉൾപ്പെട്ടതാകുന്നു. എന്നിരുന്നാലും, പത്രങ്ങൾ ഇപ്പോഴത്തെ നിലയിൽ എത്തിയിരിക്കുന്നതു് ഏതേതു ദശാവിശേഷങ്ങളെ കടന്നിട്ടാണെന്നു മനസ്സിലാക്കുവാൻവേണ്ടി ചില വിവരങ്ങൾ പറയുന്നതു യുക്തമായിരിക്കുമെന്നു വിചാരിക്കുന്നു. ലോകത്തിൽ ഒന്നാമതായി പത്രം ഉണ്ടായതു ചീനരാജ്യത്തായിരുന്നു എന്നു പറയപ്പെട്ടുകാണുന്നു. ചീനസാമ്രാജ്യത്തിൻെറ തലസ്ഥാനനഗരിയായ പെക്കിൻ പട്ടണത്തിൽ പണ്ടൊരുകാലത്തു രാജ്യകാൎയ്യരഹസ്യങ്ങളെ വെളിപ്പെടുത്തുന്നതിൽ താല്പൎയ്യക്കാരായിരുന്ന ചില ഉപജാപകന്മാർ ആവക രഹസ്യങ്ങളെ കടലാസ്സിൽ എഴുതി ആവ

ശ്യക്കാക്കു വിററിരുന്നു. സക്കാരിൻെറ നിരോധം ഉണ്ടായിരുന്നിട്ടും അവരുടെ പ്രവൃത്തിക്കു പ്രാബല്യമാണുണ്ടായതു്; ക്രമേണ ജനങ്ങൾക്കു വത്തമാനങ്ങളറിവാൻ കൗതുകം വർദ്ധിച്ചതായി കാണുകയാൽ, അവർ പത്രം അച്ചടിച്ചു പുറപ്പെട്ടുവിപ്പാനും തുടങ്ങി. ഇങ്ങനെയാണു ലോകത്തിലെ ആദിമവൃത്താന്തപത്രമായ 'പെക്കിങ്ങ് ഗജററ്' പ്രചാരപ്പെട്ടതു്. യൂറോപ്പിൽ ഇപ്രകാരമൊരു ഉദ്യമം ഉണ്ടായതു ക്രിസ്താബ്ദം പതിനാറാം നൂററാണ്ടിൻെറ ആദ്യഘട്ടത്തിലായിരുന്നു: അക്കാലത്തു് ഇററലിയിലും ജമ്മനിയിലും ദേശവാത്തകളടങ്ങിയ കടലാസുകൾ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരുന്നു. ഇവ കേവലം വത്തമാനക്കുറിപ്പുകൾ ആയിരുന്നതല്ലാതെ, ഇപ്പോഴത്തെ രീതിക്കുള്ള മുഖപ്രസംഗങ്ങളോ മറേറാ അടങ്ങിയവയായിരുന്നില്ല. ഇവയുടെ പ്രചാരം, ഇംഗ്ലാണ്ടിലെ ജനങ്ങളിൽ ചിലക്കു്, വത്തമാനക്കടലാസുകൾ ഇംഗ്ലീഷുഭാഷയിൽ പുറപ്പെടുവിച്ചാൽ കൊള്ളാമെന്ന ആഗ്രഹത്തെ ജനിപ്പിച്ചു. ഇങ്ങനെ പതിനാറാം നൂററാണ്ടിൻെറ അന്ത്യദശയിൽ, 1588-ാം കൊല്ലത്തിൽ, 'ഇംഗ്ലീഷ് മേർക്കുറി' എന്ന പേരിൽ ഒന്നാമത്തെ ഇംഗ്ലീഷ് വത്തമാനക്കടലാസ്സും പുറപ്പെട്ടു. പതിനേഴാംനൂററാണ്ടിൻെറ ഒന്നാം പദത്തിൽ, ഇംഗ്ലാണ്ടിൽ വത്തമാനപത്രികകൾക്കു പ്രചാരവും ജനങ്ങൾക്കു് അവയുടെ പേരിൽ താല്പയ്യവും വർദ്ധിച്ചുവരുന്നതായി രേഖപ്പെടുത്തീട്ടുണ്ടു്. എന്നാൽ വത്തമാനപ്പത്രം എന്ന നാമം അനപത്ഥമായി അർഹിച്ചിരുന്ന ഒന്നാമത്തെ പത്രം 1623-ൽ സർ റോജർ ലെസ്ട്രേഞ്ജ് എന്ന ആൾ പുറപ്പെട്ടുവിച്ച 'പബ്ളിക്ക് ഇൻെറലിജൻസർ' ആയിരുന്നു. അനന്തരം പതിനെട്ടാംനൂററാണ്ടിൻെറ ആരംഭംവരേ പത്രങ്ങളുടെ നടത്തിപ്പു സംബന്ധിച്ചു ചില നിരോധച്ചട്ടങ്ങൾ ഉണ്ടാവുകനിമിത്തം, അവയുടെ എണ്ണം ഏറെ വർദ്ധിക്കുവാൻ തരമായില്ല. ക്വീൻ ആൻ എന്ന രാജ്ഞി രാജ്യഭാരം ഏററതായ 1702 മാച്ച്മാസത്തിൽ ആയിരുന്നു ഒന്നാമത്തെ ദിനപ്പത്രമായ 'ഡെയ്ലി കറാൻറ്' പുറപ്പെട്ടതു്: ഇതിൽ ദിവസന്തോറും തപ്പാൽവഴി കിട്ടുന്ന വാത്തകളെല്ലാം ചേത്തിരുന്നു. കറാൻറിൻെറ ജനനത്തിനു മുമ്പു് ഇംഗ്ലാണ്ടിൽ ഇരുനൂററിലധികം വത്തമാനക്കടലാസു

കൾ ഉണ്ടായിരുന്നതായി പറയപ്പെട്ടുന്നുണ്ടു്. ഈ പത്രങ്ങളൊക്കെ വൎത്തമാനങ്ങൾ ശേഖരിച്ചു പ്രസിദ്ധപ്പെടുത്തുന്ന കാൎയ്യത്തിലായിരുന്നു പ്രത്യേകം ശ്രദ്ധവെച്ചിരുന്നതു്. 1704-ാം കൊല്ലത്തിൽ, ഡാനിയൽ ഡിഫോ എന്ന സാഹിത്യകാരൻ, ഈ പതിവിനെ ലംഘിച്ചു രാജ്യഭരണകാൎയ്യങ്ങളെ വിമൎശിക്കുന്ന 'റിവ്യൂ' എന്ന പത്രിക പുറപ്പെടുവിച്ചുതുടങ്ങി. ഡിഫോ വൃത്താന്തപത്രകാൎയ്യത്തിൽ ഒരു പുതിയ പ്രസ്ഥാനം ഏൎപ്പെടുത്തി, പത്രാധിപപ്രസംഗം എന്ന ഉപന്യാസം നടപ്പിൽ വരുത്തിയതിന്നും പുറമേ, അപ്പൊഴപ്പൊഴുള്ള നാട്ടുവൎത്തമാനങ്ങളെപ്പററി നിൎഭയമായി ഗുണദോഷനിരൂപണം ചെയ്തു സ്വാഭിപ്രായം പറകയും, ഈ വഴിക്കു്, മൎദ്ദിക്കപ്പെടേണ്ടവരെയൊക്കെ നിൎദ്ദയം മൎദ്ദിക്കയും ചെയ്തിരുന്നു. എന്നാൽ, ഡിഫോ അക്കാലത്തെ വിദ്വാന്മാരുടെ സംഘങ്ങളിൽ ഉൾപ്പെട്ടു നടക്കാതിരുന്നതിനാൽ അവർ ഡിഫോവിന്റെ സാഹിത്യപരിശ്രമങ്ങളെ നിന്ദിക്കയും, രാജ്യകാൎയ്യസംബന്ധമായ ഉപന്യാസങ്ങളെ രാജദ്രോഹപ്രേരകങ്ങളെന്നും മററും ആക്ഷേപം പറകയും ചെയ്തിരുന്നു. എങ്കിലും, പത്രങ്ങൾക്കു കടലാസൊന്നിനു് ഒരു പെനിവീതം തീരുവ ചുമത്തുന്നതായി സ്റ്റാമ്പാക്ററ് ഉണ്ടായതുവരെ അതു നിലനിന്നു; ആ ആക്ററു നിമിത്തം 1712 ജൂലൈ 29-ാംനു 'റിവ്യൂ'പത്രം കൊഴിഞ്ഞു വീണു. റിവ്യൂവിന്റെ ചരമത്തിന്നുമുമ്പു് 1709 ഏപ്രിൽ 12-ാംനു, സ്റ്റീൽ എന്നും അഡിസൻ എന്നും പേരായ സാഹിത്യകാരന്മാർ ചേൎന്നു 'ടാററ്ലർ' എന്ന ഒരു പത്രിക പുറപ്പെടുവിപ്പിച്ചിരുന്നു. ഇതിന്റെ മുഖ്യപ്രവൎത്തകൻ സ്റ്റീൽ ആയിരുന്നു. അക്കാലത്തെ ജനങ്ങളുടെ സമുദായാചാരങ്ങൾ മുതലായ നടപടികൾ ഏറെക്കുറെ ദൂഷ്യപ്പെട്ടിരുന്നതു കണ്ടു് ആവക സംഗതികളെ പരിഷ്കരിപ്പാൻ ഉദ്ദേശിച്ചു പല ഉപന്യാസങ്ങൾ അതിൽ എഴുതിവന്നിരുന്നു; വൎത്തമാനങ്ങളും ചേൎത്തിരുന്നു. സാഹിത്യരസികത്വം കുറഞ്ഞിരുന്നുവെങ്കിലും വായനക്കാൎക്കു ഹിതകരമായ ഉപന്യാസങ്ങൾ അടങ്ങിയിരുന്ന ഈ പത്രിക 1711 ജനുവരിമാസത്തിൽ നാമാവശേഷമായി. അനന്തരം, രണ്ടുമാസം കഴിഞ്ഞു രണ്ടാളും കൂടി 'സ്പെക്ടേറർ' എന്ന പത്രിക പുറപ്പെടുവിച്ചു. ഇതിലും അക്കാലത്തെ സമുദായ

നടപടികളെ വിഷയീകരിച്ചുള്ള ഉപന്യാസങ്ങളായിരുന്നു മുഖ്യമായി ചേർത്തിരുന്നതു്. എന്നാൽ, സാഹിത്യകാര്യത്തിൽ സരസനായ അഡിസൻെറ പ്രഭാവം അധികമായിരുന്നതുകൊണ്ടു സ്പെക്റേറററർ ടാററ്ലറെക്കാൾ അധികം ജനപ്രീതികരമായിരുന്നു. ഈ രണ്ടു പത്രികകളാലും ഉപന്യാസമെന്ന സാഹിത്യവിഭാഗത്തിന്നു് അഭിവൃദ്ധി ഉണ്ടായതിന്നും പുറമെ, അക്കാലത്തെ രാജഗൃഹമൎയ്യാദകളേയും സാമുദായികാചാരങ്ങളേയും ശുദ്ധീകരിക്കുവാനും, ഇംഗ്ലീഷുസാഹിത്യത്തിൽ 'നോവൽ' എന്ന ആഖ്യായികയുടെ രൂപത്തിനു പരിപൂൎത്തി വരുത്തുവാനും സാധിച്ചിരുന്നു. സ്റ്റീലും അഡിസനും കൂടിച്ചേൎന്നു നടത്തിയ 'ഗാർഡിയൻ'; പിന്നെ, 1731-ൽ എഡ്വർഡ്കേവ് പുറപ്പെടുവിച്ച 'ജെൻറിൽമാൻസ് മാഗസിൻ'; ഡാക്ടർ ജാൺസൻ 1750-ൽ നടത്തിയ 'റാംബ്ളർ'; ഇതിനിടയ്ക്കു് 1739 മുതൽ 1752 വരെ നടന്നിരുന്ന 'ചാമ്പിയൻ'; 'ട്രൂ പേട്രിയററ്'; ഫോക്ക്സ്വോത്ത് എന്ന ആൾ നടത്തിയ 'അഡ്വെൻചുറർ'; സ്കാളെററിൻെറ അധീനതയിൽ ജനഹിതവിരോധിയായ ഒരു മന്ത്രിയെ സഹായിപ്പാൻ 1762-ൽ തുടങ്ങിയ 'ബ്രിട്ടൻ'; അതിന്നെതിരായി അക്കൊല്ലംതന്നെ ജാൺ വിൽക്കസ് എന്ന ജനഹിതാന്വേഷിയായ പ്രമാണി നടത്തിത്തുടങ്ങിയ 'നാൎത്ത് ബ്രിട്ടൻ'; വൃത്താന്തപത്രങ്ങളുടെ സ്വാതന്ത്ര്യത്തിനായി ഗവൎമ്മേണ്ടിനോടു മല്ലിട്ടിരുന്ന വിൽക്കസ്സിനെ ബന്ധിച്ചു കാരാഗൃഹത്തിലിട്ടും മററും ഉപദ്രവിച്ചപ്പോൾ, 1769-ൽ ജൂനിയസ് എന്ന ലേഖകൻെറ തീവ്രലേഖനങ്ങൾ പ്രസിദ്ധീകരിച്ച 'പബ്ളിക് അഡ്വർട്ടൈസർ' ഇത്യാദി പലേപത്രങ്ങൾ ഇംഗ്ലീഷു സാഹിത്യപോഷണത്തിന്നും, സമുദായാചാരദോഷപ്രമാൎജ്ജനത്തിന്നും, രാജ്യഭരണത്തിൽ ജനസ്വാതന്ത്ര്യസ്ഥാപനത്തിന്നും, എത്രമേൽ സഹായിച്ചിട്ടുണ്ടെന്നു വിസ്തരിപ്പാൻ ഇവിടെ ആവശ്യമില്ല. ഇവയുടെ നിരന്തരമായ പ്രയത്നത്താൽ, പത്രങ്ങളുടെ പ്രചാരസ്വാതന്ത്ര്യത്തെ നിരോധിച്ചിരുന്ന ചട്ടങ്ങൾ മാററിക്കയും, ബ്രിട്ടീഷു പാർലിമെണ്ടുസഭയിൽ പത്രപ്രതിനിധികൾക്കു പ്രവേശം അനുവദിപ്പിക്കയും, ക്രമേണ പലേ വഴക്കുകൾ കൂട്ടി, മേല്പടി സഭാനടപടികളെ പത്രത്തിൽ പ്രസിദ്ധീ

കരിപ്പാൻ സ്വാതന്ത്ര്യാവകാശം ലഭിക്കയും ചെയ്യു. ഇപ്പോഴാകട്ടെ, പാർലിമെണ്ടുസഭയ്ക്കു രാജ്യാധികാരം ഉള്ളതായിട്ടാണു് 'വെപ്പു്' എങ്കിലും, ആ അധികാരം പത്രങ്ങളുടെ കൈയ്ക്കലിരിക്കുന്നു എന്ന നിലയിലായിട്ടുണ്ടു്. പാർലിമെണ്ടു സാമാജികന്മാർ പണ്ടേക്കാലത്തു് ഏതൊരുകാൎയ്യവും കൂടിയാലോചിച്ചു്, സ്വാഭിപ്രായങ്ങൾ തമ്മിൽ പെരുമാറി തീർച്ചപ്പെടുത്തിയിരുന്നു; ഇപ്പോൾ ആ വക പ്രവൃത്തിയൊക്കെ, പത്രങ്ങളിൽ ഉപന്യാസങ്ങളെഴുതുന്ന സമൎത്ഥന്മാർ നടത്തിക്കൊള്ളുകയും അവരുടെ അഭിപ്രായങ്ങളെ ജനങ്ങൾ അനുസരിക്കയും ചെയ്യുന്നതുകൊണ്ടു്, സഭാസാമാജികന്മാൎക്ക സഭയിൽവെച്ചു് ഓരോകാൎയ്യത്തിലും കക്ഷിപ്പിരിവു് അനുസരിച്ചു് അനുകൂലമോ പ്രതികൂലമോ ആയുള്ള അഭിപ്രായങ്ങൾക്കു സമ്മതിദാനം ചെയ്യേണ്ട ഭാരമാണു വാസ്തവത്തിലുള്ളതു്. ബ്രിട്ടീഷു സാമ്രാജ്യത്തിൽ ജനങ്ങളുടെ രാജ്യാധികാരം പാർലിമെണ്ടുസഭയുടെ പക്കൽനിന്നു ക്രമേണ അപഹരിച്ചെടുത്തിരിക്കുന്ന വൎത്തമാനപത്രങ്ങളുടെ എണ്ണം ചെറുതല്ല. ലണ്ടനിൽമാത്രം ദിനപത്രമായും, പ്രതിവാരപത്രമായും, പ്രതിപക്ഷമായും, മാസികയായും മററും നടക്കുന്നവയുടെ പ്രഭാവം അനല്പമാണു്: ഈ സ്ഥിതിക്കു് ഗ്രേററ്ബ്രിട്ടനും ഐർലാണ്ടും കൂടിയ രാജ്യത്തിൽ ഇപ്രകാരം നടക്കുന്ന അയ്യായിരത്തിൽപരം പത്രികകളുടെ ശക്തി എത്രയോ മഹത്തായിരിക്കണം! ജനസമുദായത്തെ വഴിനടത്തുന്ന ഈ പത്രികകൾ സമൎത്ഥന്മാരായ പത്രാധിപന്മാരുടെ അധീനതയിൽ ഇരിക്കുന്നതുകൊണ്ടും, ബുദ്ധിസാമൎത്ഥ്യമുള്ളവർ സ്വാഭിപ്രായങ്ങളെ ഇവയിലേക്കു് എഴുതുന്നതുകൊണ്ടും ആകുന്നു ജനങ്ങളുടെയിടയിൽ, ഭിന്നശക്തികൾ തമ്മിൽ, രാജ്യത്തിന്നു നാശമുണ്ടാക്കാത്തവിധത്തിൽ ഇണങ്ങിക്കൂടിക്കഴിയുന്നതു്. ഇപ്പോൾ നടക്കുന്ന പത്രങ്ങളിൽ ഏററവും പഴക്കംചെന്ന 'മാർണിങ്ങ്പോസ്റ്റ്' 1772-ൽ പുറപ്പെട്ടുവിച്ചു തുടങ്ങിയതാകുന്നു. 'ലണ്ടൻ ഡെയ്‌ലി യുനിവേർസൽ റെജിസ്റ്റർ' എന്ന പേരിൽ, 1785-ാംകൊല്ലത്തിൽ തുടങ്ങിയ പത്രമാണു് 1788 മുതല്ക്കു 'ടൈംസ്' എന്നപേരിൽ നടന്നുവരുന്നതു്. ലണ്ടനിൽ സായങ്കാലന്തോറും വൎത്തമാനങ്ങളറിയിപ്പാനായി ഒന്നാമതു പുറപ്പെട്ടുവിച്ചുതുടങ്ങിയ 'ഗ്ലോബ' പത്ര

ത്തിന്റെ ജനനം 1803-ലായിരുന്നു. മഹാശക്തികളായ രാജ്യങ്ങൾ തമ്മിൽ യുദ്ധങ്ങളിൽ ചെന്നുചാടാതെ സമാധാനപ്പെട്ടു പോകുന്നതിനു തക്ക വ്യവസ്ഥകൾ ഏൎപ്പെടുത്തുവാനും, സാമുദായികമായും രാജ്യകാൎയ്യവിഷയമായുമുള്ള ദൂഷ്യങ്ങളെ പ്രകാശപ്പെടുത്തി പരിഹരിപ്പാനും കഴിഞ്ഞിരുന്ന വില്യം തോമസ് സ്റ്റെഡ് നടത്തിയിരുന്നതും ഇപ്പോഴും ഏറെ പ്രഭാവത്തോടുകൂടി നടക്കുന്നതുമായ 'റിവ്യു ആഫ് റിവ്യൂസ്' എന്ന മാസികാപുസ്തകം തുടങ്ങിയതു് 1890-ൽ ആയിരുന്നു. ഇതിനുണ്ടാംതന്നെ രാജ്യകാര്യങ്ങളിൽ വളരെ പ്രേരണാശക്തിയോടുകൂടിയ 'നൈൻറീന്ത് സെൻചറി അൻഡ് ആഫ്ററർ,' 'കണ്ടെമ്പൊററി റിവ്യൂ' ഇത്യാദി മാസികാപുസ്തകങ്ങളും ഇംഗ്ലീഷു വൃത്താന്തപത്രപ്രവൎത്തനത്തൊഴിലിനെ ഉൽകൃഷ്ടമാക്കിയിരിക്കുന്നു.

ഇന്ത്യയിൽ, ഇംഗ്ലീഷുഭാഷയുടെ പ്രചാരത്തോടുകൂടി കടന്നതായ വൃത്താന്തപത്രം ക്രമേണ വേരുറച്ചു വളരുകയും, ഒരു ശക്തിയായിത്തീരുകയും ചെയ്തിട്ടുണ്ടു്. പുരാതനകാലങ്ങളിൽ, സകല ശാസ്ത്രങ്ങളുടേയും കലാവിദ്യകളുടേയും വിഹാരരംഗമായി പരിഷ്കാരത്തിൻെറ പരമകാഷ്ഠയെ പ്രാപിച്ചിരുന്ന ഇന്ത്യാഭൂഖണ്ഡത്തിൽ, വൎത്തമാനപത്രങ്ങളും അവയുടെ ജനനത്തെ സൗകൎയ്യപ്പെടുത്തുന്ന അച്ചുകൂടങ്ങളും, ഇല്ലായിരുന്നതു്, പക്ഷേ, അക്കാലത്തുള്ളവൎക്കു ത്രികാലജ്ഞാനം എളുപ്പത്തിൽ സാദ്ധ്യമായിരുന്നതിനാലായിരുന്നിരിക്കുമോ? അതല്ല, ഇക്കാലത്തെ വൎത്തമാനപത്രങ്ങളുടെ സ്ഥാനത്തു്, അക്കാലങ്ങളിൽ, നാരദമഹൎഷി ഉണ്ടായിരുന്നതിനാലായിരുന്നിരിക്കുമോ? ഓരോരോ രാജ്യങ്ങളിലെ ഭരണചരിതങ്ങളും, യുദ്ധകാൎയ്യവിവരങ്ങളും ലോകമെങ്ങും അറിയിപ്പാനായി, നാരദമഹൎഷി, പലേ ദേശങ്ങളിലും എഴുന്നള്ളിയിരുന്നുവെന്നു പുരാണങ്ങൾ ഘോഷിച്ചിരിക്കുന്നതു്, പക്ഷേ, അന്നത്തെ 'ടൈംസ്' പത്രത്തെ ഒരു മഹൎഷിയായി സങ്കല്പിക്കയും അതിൻെറ സഞ്ചാരത്തെ എഴുന്നള്ളത്തായി ഭാവനംചെയ്കയും ചെയ്ത കവിയുടെ മനോധൎമ്മപ്രകടനം ആയിരിക്കാമോ? ഏതൊന്നായാലും, ഇപ്പോഴത്തെ വൎത്തമാനപത്രങ്ങളുടെ പ്രതിമൂൎത്തികളായി, ഇപ്പോഴത്തെ സമ്പ്രദായത്തിൽ, പുരാതനകാലത്തു് ഇന്ത്യ

യിൽ വർത്തമാനപത്രങ്ങൾ ഇല്ലായിരുന്നു എന്നതു നിശ്ചയംതന്നെ. അച്ചടിത്തൊഴിലിന്റെ ഉദയം ഇന്ത്യയിൽ ഉണ്ടായതുകൂടിയും പാശ്ചാത്യരുടെ പ്രവേശാനന്തരമാണു്. വൃത്താന്തപത്രമെന്നതു ലോകവാർത്തകളോ ആ വാർത്തകളെപ്പററിയ നിരൂപണങ്ങളോ അടങ്ങിയതും, നിയതകാലങ്ങളിൽ പുറപ്പെടുന്നതും, അച്ചടിച്ചതോ കല്ലച്ചിൽ പതിച്ചതോ ആയുള്ളതും ആയ ഒരു സാധനമാകുന്നു എന്ന നിർവ്വചനത്തിന്നു നാരദമഹർഷി യാതൊരുപ്രകാരത്തിലും ഉദാഹരണമായിരിക്കുന്നുമില്ല. (ഇന്ത്യയിലെ വൃത്താന്തപത്രം ഇംഗ്ലീഷുവിദ്യാഭ്യാസത്തിന്റെ സന്താനം ആണു്, നിശ്ചയം.)

ഇന്ത്യൻമണ്ണിൽ നല്ലവണ്ണം പിടിച്ചുവളരുവാൻ തുടങ്ങിയ ഈ വൃത്താന്തപത്രച്ചെടിയുടെ അഭിവൃദ്ധി ഏതു നിലയിലാണെന്നു നോക്കാം: ഇംഗ്ലീഷുവർഷം 1879—80–ൽ, ഇന്ത്യയിൽ വർത്തമാനപത്രങ്ങളുടെ എണ്ണം 328 മാത്രവും; മാസികകൾ തുടങ്ങിയ പത്രഗ്രന്ഥങ്ങളുടെ എണ്ണം 322 മാത്രവും ആയിരുന്നു; മുപ്പതുകൊല്ലംകഴിഞ്ഞു്, 1909—10–ലെ കണക്കുകൊണ്ടു്, ഇന്ത്യയിൽ, 726 വർത്തമാനപത്രങ്ങളും, 829 പത്രഗ്രന്ഥങ്ങളും ഉള്ളതായി കണ്ടിരിക്കുന്നു. ഈ വളർച്ച അതിന്റെ സ്വാച്ഛന്ദ്യത്തിനു തടവുണ്ടാക്കുന്ന പലേ നിരോധച്ചട്ടങ്ങൾ ഏർപ്പെടുത്തിയിരുന്നിട്ടുകൂടിയും ഉണ്ടായതാണു്. മേല്പറഞ്ഞ മുപ്പതുകൊല്ലത്തിന്നിടയിൽ, മററനേകം പത്രങ്ങളും പത്രഗ്രന്ഥങ്ങളും തുടങ്ങുകയും മുടങ്ങുകയും ചെയ്തിട്ടുമുണ്ടു്. വിശേഷിച്ചും, ഈ കണക്കു ബ്രിട്ടീഷ്ഇന്ത്യയിലെമാത്രം പത്രങ്ങളെ സംബന്ധിച്ചുള്ളതാണു്. ഇന്ത്യയിൽ അടങ്ങിയ പരന്ത്രീസുപ്രദേശങ്ങളിലും പോർത്തുഗീസുപ്രദേശങ്ങളിലും സ്വദേശ്യരാജ്യങ്ങളിലും പ്രസിദ്ധീകരിക്കുന്നവയുടെ എണ്ണംകൂടെ ചേർത്താൽ, ആകത്തുക എത്രയോ കയറിനില്ക്കും. പത്രങ്ങളുടെ ഈ വളർച്ചയ്ക്കു് അധികം അഭിവൃദ്ധി ഉണ്ടായിരുന്നതു മേല്പടി മുപ്പതുകൊല്ലത്തിന്റെ ആദ്യത്തെ പത്തുകൊല്ലക്കാലത്തായിരുന്നു; അക്കാലത്തിൽ പത്രങ്ങൾ നൂററിനു് അറുപതുവീതം വർദ്ധിച്ചിരുന്നു. പത്രഗ്രന്ഥങ്ങളുടെ വളർച്ച അധികമായിട്ടുണ്ടായതു് ഒടുവിലത്തെ പത്തുകൊല്ലകാലത്തിലായിരുന്നു എന്ന ഒരു വിശേഷമുണ്ടു്. പത്രങ്ങളിൽ ഏറിയകൂറു നടക്കുന്നതു്

ബാംബാസംസ്ഥാനത്താണ്; അവിടെ 160 എണ്ണമുണ്ടു് എന്നും, പിന്നെ, അവരോഹക്രമത്തിൽ, യുനൈറ്റഡ് പ്രോവിൻസസ്, മദ്രാസ്, പഞ്ചാബ്, ബെംഗാൾ ഇവയും പിന്തുടരുന്നു എന്നും മുൻപറഞ്ഞ കണക്കുകൊണ്ടു വെളിവായിട്ടുണ്ടു്.

ഇന്ത്യയിലെ വൃത്താന്തപത്രങ്ങളിൽ മുഖ്യമായവ ഇംഗ്ലീഷുഭാഷയിൽ നടത്തപ്പെട്ടുന്നവയാണ്. അവയെ അനുകരിച്ചു നാട്ടുഭാഷകളിലും അനേകം പത്രങ്ങൾ നടത്തപ്പെട്ടുവരുന്നുണ്ടു്. ഈ ഇനത്തിൽ, മലയാളരാജ്യങ്ങളിലെ മാതൃഭാഷയായ മലയാളത്തിലും ഏതാനും പത്രങ്ങൾ നടക്കുന്നുണ്ടു്. മലയാളപത്രങ്ങളുടെ എണ്ണം മലയാളമറിയുന്ന വായനക്കാരുടെ ആവശ്യത്തിൽ കവിഞ്ഞിരിക്കുന്നു എന്നു് ആക്ഷേപവും പറയപ്പെടുന്നുണ്ടു്. മലയാളത്തിൽ ഇദംപ്രഥമമായി ഒരു പത്രം പുറപ്പെടുവിച്ചിട്ടു് അൻപതു കൊല്ലത്തിനകമേ കാലം കഴിഞ്ഞിട്ടുള്ളു. ഇത്രയും കാലത്തിനുള്ളിൽ, അനേകം പത്രങ്ങൾ മുളയ്ക്കുകയും പട്ടുപോകയും ചെയ്തു; എന്നിട്ടും, പത്രങ്ങളുടെ സംഖ്യ കൊല്ലംതോറും വൎദ്ധിച്ചുകൊണ്ടുതന്നെയിരിക്കുന്നു. ഇങ്ങനെയിരുന്നാലും, മലയാളത്തിൽ പത്രപ്രവൎത്തനത്തിന്നു് ഒരു തൊഴിലിന്റെ നിലയിൽ സ്ഥിരപ്രതിഷ്ഠയോ അഭിവൃദ്ധിയോ പ്രചാരമോ ഉണ്ടായിട്ടുണ്ടെന്നു പറവാൻ നിവൃത്തിയില്ല. ഇതിന്നു കാരണമെന്തായിരിക്കാം? പത്രപ്രവൎത്തനത്തൊഴിലിന്റെ മൗലസിദ്ധാന്തങ്ങൾ എന്തൊക്കെയെന്നു് അറിയുംമുമ്പു് ആ തൊഴിലിൽ ചെന്നുചാടുകയാൽ ഉണ്ടായ കുഴക്കായിരിക്കുമോ? മലയാളവൎത്തമാനപത്രങ്ങൾ ആദ്യകാലത്തു നടത്തിത്തുടങ്ങിയവർ, പ്രായേണ, ഇംഗ്ലീഷുപത്രങ്ങളെ, അനുകരണഭ്രമത്താൽ, പിന്തുടൎന്നു എന്നല്ലാതെ ആവക പത്രങ്ങളെ നടത്തുന്ന സമ്പ്രദായങ്ങൾ പരിശീലിച്ചറിഞ്ഞിരുന്നവർ ആയിരുന്നില്ല; ഈ ന്യൂനത, ഏറെക്കുറെ ഇല്ലെങ്കിൽ നിശ്ശേഷം, ഇപ്പോഴും പരിഹരിക്കപ്പെട്ടിട്ടില്ല. പത്രത്തിൽ പ്രസ്താവിക്കേണ്ട സംഗതികളെ ലേഖനരൂപത്തിൽ എഴുതി അറിയിപ്പാൻ ആവശ്യകമായ സാഹിത്യനൈപുണ്യം സമ്പാദിച്ചവർ പലർ മലയാളപത്രങ്ങളുടെ നടത്തിപ്പിനു സഹായമായിട്ടുണ്ടു്. എന്നാൽ അതിനെ നിസ്സംശയം സഫലമാക്കുവാൻ

പ്രയോജനപ്പെടുന്ന പലതൊഴിൽസമ്പ്രദായങ്ങൾ മലയാളപത്രങ്ങൾക്കു് ഇപ്പോഴും സുലഭമായിട്ടില്ല.

മുൻകാലങ്ങളിൽ, ജനങ്ങളെ പൊതുവിൽ ബാധിക്കുന്ന കാൎയ്യങ്ങളിൽ, ഗുണദോഷങ്ങൾ ചൂണ്ടിക്കാണിപ്പാനും, ദൂഷ്യങ്ങളെപ്പററി കഠിനമായിട്ടുകൂടെയും ആക്ഷേപിപ്പാനും, മലയാളദേശങ്ങളിൽ, ഇപ്പോഴത്തെ വൃത്താന്തപത്രങ്ങൾക്കു പകരം, ചില സ്ഥാപനങ്ങൾ പ്രയോജകീഭവിച്ചിരുന്നു. പാഠകങ്ങൾ പറഞ്ഞുവന്ന ചാക്യാരും, കഥകൾ തുള്ളിപ്പാടിയിരുന്ന തുള്ളൽക്കവിതക്കാരും, പൊതുവിഷയങ്ങളിൽ ഇപ്പോൾ പത്രങ്ങൾക്കു കൎത്തവ്യമായിത്തീൎന്നിട്ടുള്ള ഗുണദോഷപ്രഖ്യാപനമെന്ന പ്രവൃത്തി നിൎവ്വഹിച്ചിരുന്നു. ചാക്യാരുടെ കൂത്തും, തുള്ളൽക്കാരന്റെ പാട്ടും, കാണ്മാനും കേൾപ്പാനുമായി, അതാതു പ്രദേശങ്ങളിലെ രസികജനങ്ങൾ ഏററിയകൂറും അരങ്ങത്തു കൂടായിരുന്നു. സാമാന്യന്മാരാൽ ബഹുമാനിക്കപ്പെടുവാൻ തക്ക വിദ്വത്വം ചാക്യാൎക്കും തുള്ളൽക്കവിതക്കാരനും ഉണ്ടായിരുന്നതിനാൽ, ഈ വിദ്വജ്ജനങ്ങളുടെ അഭിപ്രായങ്ങൾ അവർ ശ്രദ്ധയോടെ കേട്ടിരുന്നു; അതുവഴിയായി, വൎജ്ജ്യങ്ങളായ നടത്തകളെ അവർ വൎജ്ജിക്കയും, ഗ്രാഹ്യങ്ങളായവയിൽ പ്രതിപത്തിവെയ്ക്കുകയും ചെയ്തിരുന്നു. സമുദായത്തെ നല്ലവഴിക്കു നടത്തുവാൻ ഉതകിയിരുന്ന മേല്പടി സ്ഥാപനങ്ങൾക്കു കാലക്രമത്തിൽ പ്രചാരം കുറയുകയാലും, ആദ്യകാലങ്ങളിലെ തുള്ളൽക്കവിതക്കാരുടെ 'തുറന്നുപറയുന്ന ശീല'വും ധൈൎയ്യവും പില്ക്കാലത്തെ കവിതക്കാരിൽ ലോപിച്ചുപോകയാലും, വിശേഷിച്ചും, ഈ പില്ക്കാലകവിതക്കാർ ധനംമോഹിച്ചു പ്രതാപശാലികളായ ദുഷ്ടപ്രഭുക്കന്മാരുടെ ദുൎന്നടപടികളെ മറച്ചുവെച്ചു് അവൎക്കില്ലാത്ത ഗുണങ്ങൾ ഉള്ളതായി വൎണ്ണിച്ചു സ്തുതിച്ചു കവിതയെ വ്യഭിചരിപ്പിച്ചുതുടങ്ങിയതിനാലും, ജനങ്ങൾ പൊതുകാൎയ്യങ്ങളിൽ ഗുണദോഷങ്ങൾ പറഞ്ഞുകേൾപ്പാൻ ഈ വിദ്വാന്മാരെ ആലംബിക്കാതായിത്തുടങ്ങി. ഈ അവസ്ഥയിൽ, ഇംഗ്ലീഷുവിദ്യാഭ്യാസപ്രചാരത്താലുണ്ടായ പാശ്ചാത്യപരിഷ്കാരത്തിന്റെ അനുഗാമിയായ വൃത്താന്തപത്രമെന്ന മാൎഗ്ഗം, ജനങ്ങൾക്കു ഗുണദോഷപ്രഖ്യാപനത്തിന്നു പ്രലോഭകമായിത്തീൎന്നിരിക്കാൻ സംഗതി

യുണ്ടു്. അതെങ്ങനെയായിരുന്നാലും, ഈ ഉത്സാഹത്തിൽ, പത്രപ്രവൎത്തനത്തൊഴിലിലെ സാഹിത്യസംബന്ധമായ ഭാഗം മാത്രം ഏറെക്കുറെ ഇംഗ്ലീഷുപത്രരീതിയെ അനുസരിക്കയും, ശ്രദ്ധവെയ്ക്കപ്പെടാത്ത മററു ഭാഗങ്ങളിൽ മിക്കവാറും അപജയം നേരിടുകയും ചെയ്യു. ഇതാണു മലയാളപത്രങ്ങളുടെ നില.

പുര പണിവാൻവരുന്ന തച്ചപ്പണിക്കന്മാർ തച്ചുശാസ്ത്രം പഠിച്ചു പണി ശീലിച്ചവർ ആയിരിക്കണമെന്നും, രോഗിയെ ചികിത്സിപ്പാൻവരുന്ന വൈദ്യൻ ശാരീരം, നിദാനം ഇത്യാദി പഠിച്ചു നിശ്ചയം വരുത്തിയവനായിരിക്കേണമെന്നും നിൎബ്ബന്ധം ചെയ്യിരിക്കുമ്പോൾ, പത്രപ്രവൎത്തനത്തൊഴിലിൽ ശീലിച്ചിട്ടില്ലാത്തവർ എങ്ങനെയാണു് മലയാളപത്രങ്ങൾ നടത്തുവാൻ തുനിഞ്ഞതു്? ഒരു തൊഴിലിൽ പ്രവേശിക്കുന്നവനു് അതിലേയ്ക്കാവശ്യമായ ശാസ്ത്രജ്ഞാനവും പരിശീലനവും സിദ്ധിച്ചിരിക്കേണമെന്നു സാമാന്യനിയമം പത്രപ്രവൎത്തനത്തൊഴിലിനെ സംബന്ധിക്കയില്ലയോ? വാസ്തവം ഇതാണു്: പത്രപ്രവൎത്തനത്തൊഴിൽ, പ്രത്യേകമായ പഠിപ്പോ അറിവോ ഇല്ലാതെതന്നേ, ആർക്കും സ്വച്ഛന്ദമായി കടന്നുകൂടാവുന്ന ചുരുക്കം ചില തൊഴിലുകളിൽ ഒന്നാകുന്നു. അതിലേയ്ക്കു കടത്തിവിടുവാൻ മനസ്സുള്ള ഒരു 'യജമാനൻ' ഉണ്ടായിരുന്നാൽ ആർക്കും കടന്നുചെല്ലാം. ഈ സ്വാച്ഛന്ദ്യത്തിൻെറ ഫലമായി, ലോകത്തിൽ ഇപ്പോൾ അനേകലക്ഷം ആളുകൾ വൎത്തമാനപത്രനടത്തിപ്പിൽ പണിയെടുക്കുന്നുണ്ടു്. ഗ്രേററ്ബ്രിട്ടനും, അയർലാണ്ടും കൂടിയ ബ്രിട്ടീഷുമഹാരാജ്യത്തിനുള്ളിൽത്തന്നേ, വൎത്തമാനപത്രപ്രവൎത്തനത്തൊഴിലിൽ ഏർപ്പെട്ടു് നിത്യവൃത്തി കഴിക്കുന്നവരായി പതിനായിരത്തിലധികം ആളുകളുണ്ടു്; ഇവക്കുപുറമെ, പത്രങ്ങൾക്കു് ലേഖനങ്ങൾ മുഖപ്രസംഗങ്ങൾ ഇത്യാദി എഴുതി സഹായിക്കുന്നവരായിട്ടും അനേകസഹസ്രം പേരുണ്ടു്. ഇവരിൽ ഒന്നാമത്തെ കൂട്ടർക്കു, പത്രനടത്തിപ്പു സംബന്ധിച്ചു് പണി മാത്രമേ തൊഴിലായിട്ടുള്ളു; രണ്ടാമത്തെ കൂട്ടർക്കു്, ഈ പണി അപ്രധാനമായിട്ടുള്ളതുമാകുന്നു. ഈ തൊഴിലിന്നു് ആരെയും കടത്തിവിടാം എന്നു വയ്ക്കയാലുള്ള മറെറാരു ഫലം, പത്രപ്രവൎത്തനത്തൊഴിലുകാരായി പണി

യെട്ടക്കുന്നവരിൽത്തന്നെ അനേകംപേർ, ഇപ്പോൾ അത്യന്താപേക്ഷിതമായി കരുതിയിരിക്കുന്ന യോഗ്യതകൾ തികഞ്ഞിട്ടില്ലാത്തവരായി കഴിഞ്ഞുപോകുന്നുണ്ടെന്നുള്ളതാണ്. ഈ ഫലങ്ങൾനിമിത്തം, പത്രപ്രവത്തനത്തൊഴില്പകാരൻെറ സ്ഥാനത്തിനു നല്ലവണ്ണം വ്യക്തമായ അതിരിടുവാനും, ആ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്കു യോഗ്യതക്കൂട്ടതൽ ഉണ്ടാകേണമെന്നു് വ്യവസ്ഥപ്പെടുത്തുവാനും ചില ആലോചനകൾ നടക്കുകയും, അതനുസരിച്ച് ഈ തൊഴില്പകാർ കൂടിച്ചേർന്ന് ഒരു പത്രപ്രവത്തകസംഘം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

ഇതാണ് ഇംഗ്ലണ്ടിൽ സ്ഥാപിച്ചിരിക്കുന്ന 'ഇൻസ്റ്റിറ്റ്യൂട്ട് ആഫ് ജർണലിസ്റ്റ്സ്' എന്ന പത്രപ്രവത്തകസംഘത്തിൻെറ ഉദ്ദേശ്യം. പത്രപ്രവത്തനത്തൊഴിലിൽ കടക്കുവാൻ വരുന്നവക്ക് അതിന്നുവേണ്ടതായ യോഗ്യത ഏകദേശമെങ്കിലും ഉണ്ടോ എന്നു നിർണ്ണയപ്പെടുത്താതെ ആരേയും അതിലേക്കു സ്വീകരിച്ചുകൂടുന്നതല്ലെന്നു വ്യവസ്ഥപ്പെടുത്തുകയാണ് മുഖ്യമായ ഉദ്ദേശ്യം ആക്കിയിരിക്കുന്നതു്; പത്രപ്രവർത്തനത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ഹിതാവകാശങ്ങളെ പരിരക്ഷിച്ചുകൊള്ളുക, മറെറാരുദ്ദേശ്യം ആകുന്നു. ഈ സംഘം അതിൻെറ ഉദ്ദേശ്യങ്ങൾ സാധിപ്പാനായി ചില പരീക്ഷകൾ ഏർപ്പെടുത്തുന്നതിനും ആലോചിച്ചിരുന്നു; അതിലേയ്ക്കായി ഇതിനിടയ്ക്കു ചില പാഠ്യവ്യവസ്ഥകളും ചെയ്തിട്ടുണ്ട്. എന്നാൽ പരീക്ഷാവിജയത്തെ യോഗ്യതയുടെ അളവുകോലാക്കിയാൽ, പത്രപ്രവത്തനത്തൊഴിലിൽ അതു് നിയമമാക്കിവെപ്പാൻ പാടില്ലെന്നാണ് ആക്ഷേപമുള്ളതു്. പരീക്ഷയിൽ വിജയി ആകുന്ന ഒരുവൻ എപ്പോഴും പത്രപ്രവത്തനത്തൊഴിലിന് യോഗ്യതാപരിപൂത്തിയോടുകൂടിയവനായിരുന്നു എന്നു വരുകയില്ല; പരീക്ഷയിൽ ജയംനേടീട്ടില്ലാത്ത ഒരുവൻ ഏറെ യോഗ്യനായും വരാം. പത്രത്തിൻെറ ഉടമസ്ഥൻ ഒരുവന്നു് തൊഴിലിൽ സാമത്ഥ്യമുണ്ടോ എന്നു നോക്കുന്നതല്ലാതെ, പരീക്ഷാവിജയത്തെ കാൎയ്യമായി വിചാരിക്കയില്ലെന്നും വരും. എന്നാലും പത്രത്തൊഴിലിൽ ഏർപ്പെടുന്നവർക്കു് സാമാന്യവിദ്യാഭ്യാസം ലഭിച്ചിരിക്കേണ്ടതു് ആവശ്യമാണെന്നു് ആരും സമ്മതിക്കുന്നുണ്ട്. മേല്പടി സംഘനിബന്ധനകൾപ്രകാരം,

സാമാജികസ്ഥാനം കിട്ടുന്നതിന്നും സഹകാരികളായിരിക്കുന്നതിന്നും ഓരോരോ പരീക്ഷകളിൽ ജയിച്ചിരിക്കേണമെന്നു് വ്യവസ്ഥപ്പെടുത്തിട്ടുണ്ടു്; ചില ഉദ്യോഗങ്ങൾക്കു് ഉന്നതപരീക്ഷാവിജയം സമ്പാദിച്ചിരിക്കേണ്ടതു് യോഗ്യതയ്ക്കു് മുഖ്യാവശ്യമായും നിശ്ചയംചെയ്തിട്ടുണ്ടു്. എന്നാൽ ഇവയിലൊക്കെ അതാതുപണിക്കു് ആവശ്യപ്പെടുന്നേടത്തോളം പാടിപ്പും ആ പണിക്കു വേണ്ടതായ സാമത്ഥ്യവും ഉണ്ടായിരുന്നാൽ മതിയാകും എന്നും, ഉദ്യോഗസ്ഥാനത്തിൻെറ ഉന്നതിയെ അനുസരിച്ചു പരീക്ഷാവിജയയോഗ്യതകൾ നിബന്ധിച്ചാൽ വിഹിതമായിരിക്കയില്ലെന്നും, പക്ഷമുണ്ടു്.

അതെങ്ങനെയുമിരിക്കട്ടെ. പത്രപ്രവർത്തനപ്പണിയിൽ കടക്കുവാൻ ഒരുവനു് എന്തു യോഗ്യതകളാണു് അവശ്യം വേണ്ടതു്? യോഗ്യതയുടെ ലക്ഷണങ്ങൾ എന്തൊക്കെ? ഇതിന്നു് എന്തെങ്കിലുമൊരു സാമാന്യമായ നിയമം കല്പിക്കുവാൻ എളുപ്പമില്ല. കവികൾക്കൊപ്പം, പത്രത്തൊഴിലുകാരും, തങ്ങളുടെ പ്രവൃത്തിയിൽ ജന്മനാസിദ്ധമായ വാസനയോടുകൂടിയവരായിരിക്കണം; അവരെ, യന്ത്രത്താൽ അച്ചാണികൾ വാത്തെടുക്കുംപോലെ നിമ്മിക്കാൻ കഴികയില്ല. പരമാത്ഥമായ പത്രപ്രവത്തനം ജന്മസിദ്ധമായ അഭിരുചി ഉള്ളവരാലല്ലാതെ സാദ്ധ്യമല്ല; അന്യന്മാരാൽ നടത്തുന്ന പത്രപ്രവത്തനം, കൃത്രിമസാധനങ്ങളെന്നോണം, എന്തോ അവാച്യമായ ഒരു ചൈതന്യത്തിൻെറ കുറവിനെ സ്പഷ്ടമായി കാണിക്കും. ഒരു ദിക്കിലിരുന്നു മെല്ലെമെല്ലെ ഉപായാപായങ്ങൾ ചിന്തിച്ചു സുഖമായ വഴിനോക്കി പണിയെടുക്കുന്ന ശീലമാണു് ഒരുവനു് ഉള്ളതെങ്കിൽ, അവൻ പത്രപ്രവത്തനത്തൊഴിലിൽ കടക്കുവാൻ തീരെ യോഗ്യനല്ല; മറ്റേതെങ്കിലുമൊരുതൊഴിൽ അവന്നു് അധികം പററും. നേരേമറിച്ചു്, അവന്നു് എപ്പോഴും ഊർജ്ജിതമായിരിക്കുന്ന നല്ല മനോധമ്മവും പ്രസരിപ്പും ചോടിചൊടിപ്പും, ഏതു സംഗതിയിലും വിചിത്രമായുള്ളതിനേയും, പ്രത്യേകമൊരാളെ പ്രസാദിപ്പിക്കുന്ന സംഗതികളേക്കാൾ ജനസമൂഹത്തെ ഒട്ടുക്കു് രസിപ്പിക്കുന്നതായ സംഗതികളേയും, ഔചിത്യാപോലെ, ഉടനുടൻ ഗ്രഹിപ്പാൻ തക്ക ബുദ്ധികൗശലവും ഉണ്ടെന്നിരിക്കിൽ, അവന്നു പത്രപ്രവത്തനത്തൊഴിലിൽ

പ്രവേശിക്കുന്നതിലേക്കു് ആവശ്യമായുള്ള മാനസികമായ അനുഗ്രഹം സിദ്ധിച്ചിട്ടുണ്ടെന്നു് തീർത്തു പറയാം; എന്നാൽ അവന്നു യോഗ്യത തികവാൻ വിദ്യാഭ്യാസം ലഭിച്ചിരിക്കുക ആവശ്യകവുമാണു്. ഏതു തരത്തിലുള്ള വിദ്യാഭ്യാസം വേണമെന്നു വഴിയേ പ്രതിപാദിക്കാം. വിദ്യാഭ്യാസവും നല്ല മനോധമ്മവിലാസവും ഉള്ളവന്നു്, പത്രപ്രവർത്തനത്തൊഴിലിൽ, എത്രയോ നിഷ്പ്രയാസമായി ഉന്നതപടവുകളിലേക്കു് കയറിപ്പോവാനും കീത്തിയും ബഹുമാന്യതയും നേടുവാനും സാധിക്കുന്നതാണു്. ഈ പ്രവൃത്തി അവന്നു് സാഹിത്യപരിശ്രമത്തിൽ സഹായമായിരിക്കുന്നതും, അവൻെറ ബുദ്ധിസാമർത്ഥ്യത്തിന്നനുസരിച്ചു് അവന്നു് സാഹിത്യകാരന്മാരുടെ സംഘത്തിൽ ശ്ലാഘ്യമായ സ്ഥാനം പ്രാപിക്കുവാൻ കഴിയുന്നതുമാകുന്നു.

പത്രപ്രവത്തനജീവിതത്തിൽ കടക്കുന്ന ഒരുവന്നു തന്റെ പദ്ധതിയിൽ പലേ ക്ലേശങ്ങളും ഉണ്ടായിരിക്കുന്നതിന്നൊപ്പംതന്നേ, പലേ പ്രലോഭനങ്ങളും ഉണ്ടാവാനിടയുണ്ടു്. അവൻെറ സ്ഥാനം പ്രത്യേകം ചില അവകാശങ്ങളും ബാദ്ധ്യതകളും ഉള്ളതാകയാൽ, പലേ ആളുകളുമായി ഇടപഴകാനും പലേതരക്കാരുടെ നാനാപ്രകാരമായ നടത്തകളെ കാണ്മാനും സംഗതിവരും. ആരംഭത്തിലേ അവന്നു തൻെറ അവസരങ്ങളെ വിവേകപൂവ്വം ഉപയോഗപ്പെടുത്താമെങ്കിൽ, അവന്നു തൊഴിലിൽ ആദ്യകാലമത്രയും വളരെ കാര്യ്യങ്ങൾ ഗ്രഹിപ്പാൻ സൗകര്യ്യമുണ്ടാകും. അവൻ സ്വാത്മങ്ങളെ നേടുന്നതിന്നു മോഹിക്കാതെയും, തൻകാര്യ്യത്തേക്കാൾ പൊതുജനഹിതങ്ങളെ അവശ്യം കത്തവ്യമായി കരുതിയും പ്രവത്തിച്ചാൽ, അവൻെറ ആരംഭദശ ശുഭമായിട്ടുതന്നെ കഴിഞ്ഞുകൂടിയേക്കും. അവന്നു നാനാജനങ്ങളുമായി ഇടപഴകാനും ലോകപരിചയം ധാരാളം ഉണ്ടാകാനും സാധിക്കുമെന്നിരുന്നാലും, പലേ ക്ലേശങ്ങളും സഹിക്കേണ്ടതായും ഇരിക്കും. അവൻെറ പണി പലപ്പോഴും ദുർഭരമായി തോന്നിയെന്നുവരാം. അവൻ പലരുടെ ഉല്ലാസങ്ങളിൽ സമ്മേളനംചെയ്യുന്നവനായിരുന്നാലും, അവന്നു 'സ്വന്തം' എന്നു് അവകാശപ്പെടുവാൻ, സമയം അല്പവും ഇല്ല, എന്നുകൂടി പറയാം. അവൻ എപ്പോഴും പൊതു

ജനങ്ങൾക്കുവേണ്ടി വേലചെയ്യേണ്ടവനാകയാൽ, ചില സമയങ്ങളിൽ രാത്രി ഉറക്കമിളയ്ക്കേണ്ടതായിട്ടുകൂടിയും വരും; ചില സമയങ്ങളിൽ യഥാകാലം ആഹാരംകഴിപ്പാൻ സാധിച്ചില്ലെന്നും വരാം.

എന്നാൽ, ഇത്രയൊക്കെ ക്ലേശങ്ങൾക്കുകൂടെ ഇടയുള്ള ഈ തൊഴിലിൽനിന്നു് എന്തു പ്രതിഫലമാണു ലഭിക്കുന്നതു്? പത്രപ്രവൎത്തനത്തൊഴിൽ എത്രത്തോളം മനസ്സിനെ വലിച്ചിഴച്ചുകൊണ്ടു പോകുന്നതായിരുന്നാലും, അത്രത്തോളം അതിൽനിന്നുള്ള പ്രതിഫലം തൃപ്തികരവുമല്ല. 'പത്രക്കാരൻ' എന്ന പദത്തെ 'പാപ്പരു്' എന്ന അൎത്ഥത്തിൽ പൎയ്യായമായിട്ടുകൂടിയും ചിലപ്പോൾ, ശപിക്കേണ്ടതായി തോന്നും; മലയാളപത്രങ്ങളുടെ വിഷയത്തിൽ ഇതു മിക്കവാറും വാസ്തവവുമാണു്! എന്നാൽ ഇതു തന്റെ തൊഴിലിൽ ധൎമ്മനിഷ്ഠയോടുകൂടിയിരിക്കുന്നവരുടെ അനുഭവമാണെന്നല്ലാതെ, തൊഴിലിനെ വ്യഭിചരിപ്പിക്കുന്നവരുടെ അനുഭവമല്ല. പ്രഭാവശാലികളായ കക്ഷിപ്പിണക്കക്കാരുടേയോ, പ്രതാപശാലികളായ ദുഷ്ടന്മാരുടേയോ സേവയ്ക്കു നിന്നു്, അധൎമ്മത്തിൽ ചാടി അവരുടെ ഇഷ്ടത്തിൻപടി നടക്കുന്ന പത്രക്കാരൻ പാപ്പരായിരിക്കേണ്ടിവരികയില്ല. ഇങ്ങനത്തെ ധൎമ്മദൂഷണത്തിന്നു് ഒരുമ്പെടുന്നവർ അതിപവിത്രമായ പത്രചാരിത്ര്യത്തെ ധ്വംസിക്കുന്നവരും, വൎത്തമാനപത്രങ്ങൾക്കു പൊതുവേ പററുന്ന കീൎത്തിദോഷത്തെ ഉണ്ടാക്കുന്നവരും ആകുന്നു. സത്യം, നീതി, ന്യായം മുതലായ ധൎമ്മതത്ത്വങ്ങളെ വിവേകത്തോടുകൂടി അനുവൎത്തിക്കുന്ന പത്രക്കാരനു തന്റെ ക്ലേശങ്ങൾക്കു തക്കതായ വലിയ പ്രതിഫലം പണമായി കിട്ടീട്ടില്ലെങ്കിൽക്കൂടി, താൻ തന്റെ ധൎമ്മത്തെ ആചരിച്ചുവെന്നും, അതുവഴിയായി ലോകക്ഷേമത്തിന്റെ അഭിവൃദ്ധിക്കു താൻകൂടെ യഥാശക്തി പണിയെടുത്തുവെന്നും ഉള്ള ചാരിതാൎത്ഥ്യം പണത്തേക്കാൾ വിലകൂടിയ പ്രതിഫലമായിരിക്കും.

ഇംഗ്ലാണ്ടുമുതലായ പാശ്ചാത്യരാജ്യങ്ങളിലെ അവസ്ഥ വിചാരിച്ചാൽ, പത്രപ്രവൎത്തനകാൎയ്യത്തിൽ 'ജൂനിയർ റിപ്പോൎട്ടർ' എന്ന കുട്ടിത്തരംവൃത്താന്തനിവേദകന്നു, ഒരാഴ്ചവട്ടത്തിൽ, ചുരുങ്ങിയതു പതിനഞ്ചുറുപ്പിക പ്രതിഫലം ലഭിക്കാം; ഈ

പണിക്കാരൻ ക്രമേണ ഉയൎന്നു പത്രാധിപരായിത്തീരാൻ സാധിക്കായ്കയില്ല; പത്രാധിപരുടെ സ്ഥാനത്തിരുന്നു് ഒരു പ്രധാനമന്ത്രിയുടെ മാസപ്പടി ലഭിപ്പാനും കഴിയുന്നതാണു്. പക്ഷേ, ഇതു സാധാരണമായി സാമാന്യക്കാൎക്കൊക്കും സുസാധമല്ലെന്നു വരാം; എങ്കിലും അവർക്കു വൃത്താന്തനിവേദനപ്രവൃത്തിയിൽ നൂറുന്നൂറമ്പതുറുപ്പികവരെ ഒരാഴ്ചവട്ടത്തിൽ ആദായം ലഭിപ്പാൻ സാധിക്കുന്നതാണു്. ഇതു തീരെ നിസ്സാരമല്ലല്ലോ. മലയാളത്തിൽ പത്രത്തൊഴിലുകാരനു്,—ഈ തൊഴിലിലെ ഏകാവേണിയുടെ മുകൾപ്പടിയിൽ എത്തിയിരിക്കുന്ന പത്രാധിപൎക്കുകൂടിയും ഒരു മാസത്തിൽ നൂറുറുപ്പിക പ്രതിഫലം കിട്ടുവാൻ കഴിയുന്ന കാലം ഇനിമേൽ ഉണ്ടാകണം; ഇതുവരെ ഉണ്ടായിട്ടില്ല, നിശ്ചയം; ഇനിമേൽ ഉണ്ടാകും എന്നു് ആശിപ്പാൻ തൊഴിലിൻെറ ഇപ്പോഴത്തെ നില ഉറപ്പുതരുന്നതുമല്ല. തൊഴിലിൻെറ നിലയോ, തൊഴില്ക്കാരനെ ആശ്രയിച്ചിരിക്കുന്നതാണല്ലോ. പത്രത്തൊഴിലിൽ കടന്നുകൂടീട്ടുള്ളവരിൽ എത്രപേർ ആ തൊഴിലിൻെറ പ്രവൃത്തിസിദ്ധാന്തങ്ങളെ ഗ്രഹിച്ചിട്ടുണ്ടു്? അതിലേയ്ക്കു് ആവശ്യകമായ യോഗ്യതകളിൽ ഏതെല്ലാം അവർക്കുണ്ടു്? ഈ യോഗ്യതകൾതന്നെ എന്താണു്? പ്രവൃത്തിയുടെ സമ്പ്രദായങ്ങളും?

അദ്ധ്യായം രണ്ട്

## വിശേഷയോഗ്യതകൾ

വൃത്താന്തപത്രത്തിലേയ്ക്കു വർത്തമാനങ്ങൾ ശേഖരിച്ച് അറിയിക്കുന്ന 'റിപ്പോർട്ടർ' എന്ന വൃത്താന്തനിവേദകൻ തുടങ്ങി, ലേഖനങ്ങളൊക്കെ നോക്കി പ്രസാധനംചെയ്തു പത്രത്തിൻെറ നയത്തെ പരിപാലിച്ചുകൊള്ളുന്ന പത്രാധിപൻ വരെ, പലേ ജോലിക്കാരും, 'അനധ്യായം' കൂടാതെ പലപ്രകാരത്തിലും പലതരത്തിലും ക്ലേശങ്ങൾ സഹിക്കുന്നതിന്നുതക്കവണ്ണം അവയ്ക്കു പ്രതിഫലം ലഭിച്ചില്ലെന്നുവന്നാലും, അവരുടെ പ്രവൃത്തിക്കൊപ്പം രസകരമായി മററുവല്ല പണിയും ഉണ്ടോ എന്നു സംശയമാണു്. ലോകത്തിൻെറ ഗതിഭേദങ്ങളെ ഉടനുടൻ അറിവാനും, പലേ ആളുകളുമായി പരിചയപ്പെട്ടുവാനും, പത്രപ്രവർത്തകന്നുള്ളേടത്തോളം സൗകര്യം മറെറാരാൾക്കില്ലതന്നെ. മദ്യപിച്ചു നിരത്തിൽ കടന്നു 'ലഹള വയ്ക്കുന്ന' 'വികൃതി'കളുടെ 'പേക്കൂത്തുകൾ' കണ്ടു് അതിൽനിന്നു വല്ല 'വർത്തമാന'വും ഉണ്ടാക്കാൻ കഴിയുമോ എന്നു് മനസ്സു 'ചുഴിയുന്ന' വൃത്താന്തനിവേദകന്നു്, ലോകസ്വഭാവങ്ങളെയും പ്രകൃതിയുടെ വികൃതികളെയും അഭിമുഖമായി കാണ്മാൻ സാധിക്കുന്നതിന്നൊപ്പം, ലേഖകന്മാരുടെ വർത്തമാനക്കത്തുകളേയും വിമർശലേഖനങ്ങളേയും മുഖപ്രസംഗമെഴുത്തുകാരുടെ ഉപന്യാസങ്ങളേയും പരിശോധിച്ചു് ഓരോരോ ആളുകളുടെ മനോധർമ്മങ്ങളെ സാരനിർണ്ണയം ചെയ്യുന്ന പത്രാധിപന്മാർക്കു് ലോകത്തെ മുഖത്തോടുമുഖം കാണ്മാൻ സാധിക്കുകയില്ലെന്നിരുന്നാലും, അവർക്കാർക്കും എന്നും ഒരേ കാര്യത്തെപ്പറ്റിത്തന്നെ ചിന്തിച്ചുകൊണ്ടിരുന്നു മുഷിയേണ്ടതായിട്ടില്ല. ഓരോ മണിക്കൂറിലും പുതിയ പുതിയ സംഗതികൾ അവരുടെ ശ്രദ്ധയ്ക്കു വിഷയമായിത്തീരുന്നതുകൊണ്ടു്, ജീവിതത്തിന്നു് എപ്പോഴും പുതുമയും, അനുഭവയോഗ്യതയും തോന്നുന്നതാണു്. എന്നാൽ, ഈ തൊഴിലുകൾ നടത്തുന്ന ഇവർക്കു്, ആരംഭത്തിൽ വിശാലമായ വിദ്യാഭ്യാസം വല്ലതും ഉണ്ടായിരുന്നി

ട്ടാണോ, ലോകത്തെ ഒക്കെ ഗ്രഹിപ്പാൻതക്ക സാമത്ഥ്യം ഇവ ക്കുണ്ടായിട്ടുള്ളതു്? നിശ്ചയമായും, പത്രപ്രവൃത്തിയിൽ കീ ത്തിനേടിട്ടുള്ളവരിൽ അനേകംപേർ, ഉന്നതമായ വിദ്യാഭ്യാ സം സിദ്ധിച്ചവർ ആയിരുന്നിട്ടില്ല. ഈ തൊഴിലിൽ പരിച യപ്പെട്ടവാൻ കടക്കുന്ന പലേ ചെറുപ്പക്കാക്കു് ഈ തൊഴിൽ തന്നെയാണു് വിദ്യാഭ്യാസമാൎഗ്ഗമായും തീരുന്നതു്. എന്നിരു ന്നാലും, പത്രപ്രവൃത്തിയിൽ കടക്കുന്നതിന്നുമുമ്പു് ഏതാൻ ചി ല വിശേഷയോഗ്യതകൾ ഉണ്ടായിരിക്കേണ്ടതും ആവശ്യമാ ണു്; ആവക യോഗ്യതകൾ ഇല്ലാതെ കടക്കുന്ന യാതൊരുവ നും തൊഴിലിൽ ജയം കിട്ടുകയില്ല.

യോഗ്യതകൾ എന്തായിരിക്കാം? ഏതാൻ മാസങ്ങൾക്കു മുമ്പു്, ഒരു മലയാളപത്രത്തിൽ ഇപ്രകാരം ഒരു പരസ്യം ക ണ്ടിരുന്നു: "ആവശ്യമുണ്ടു്—ആഴ്ചയിലൊന്നുവീതം പ്രസിദ്ധീ കരിക്കപ്പെട്ടവാൻ നിശ്ചയിച്ചിരിക്കുന്ന ഒരു ഇംഗ്ലീഷ് മല യാളവത്തമാനപ്പത്രത്തിൻെറ പത്രാധിപത്യം വഹിക്കാൻ യോഗ്യതയുള്ള ബി. ഏ. ബിരുദധാരിയായ ഒരാളെ ആവശ്യ മുണ്ടു്. മനസ്സുള്ളവർ യോഗ്യത, പ്രതിഫലം മുതലായവ വിവ രിച്ചിട്ടു് അട്ടത്ത മേടമാസം 30-ാംനു-ക്കുള്ളിൽ ഞങ്ങളെ അ റിയിക്കേണമെന്നു് അപേക്ഷ..." ഇങ്ങനെയായിരുന്നു പര സ്യം ചെയ്തിരുന്നതു്. "യോഗ്യതയുള്ള ബി.ഏ. ബിരുദധാരി' എന്ന വാചകത്താൽ, ഒരു പത്രാധിപൎക്കു വേണ്ടതായ യോ ഗ്യത എന്താണെന്നു് പരസ്യത്തിൻെറ കത്താക്കന്മാക്കൊപ്പം തന്നെ പൊതുവിൽ എവരും ധരിച്ചിട്ടുള്ളതായി അൎത്ഥം ദ്യോതിക്കുന്നുണ്ടു്; എന്നാൽ "യോഗ്യത...മുതലായവ വിവരി ക്കണം" എന്നുകൂടി ആവശ്യപ്പെട്ടിരിക്കുന്ന പിൻവാചക ത്താൽ, മേല്പടി അത്ഥത്തിന്നു മാൎഗ്ഗം ഇല്ലെന്നും തോന്നുന്നുണ്ടു്. വിശേഷിച്ചും, "ബി. ഏ. ബിരുദധാരി"യായ ആൾ വേണം അപേക്ഷയെ സാധിപ്പാൻ എന്നു പറഞ്ഞിരിക്കുന്നതുകൊ ണ്ടു് ഈ പത്രാധിപത്യപ്പണിക്കും ബി. ഏ. ബിരുദത്തിന്നും തമ്മിൽ എന്തോ ചേൎച്ചയോ ചാൎച്ചയോ ഉണ്ടെന്നുകൂടി വി ചാരിക്കേണ്ടിവരുന്നു. പക്ഷേ, ബി. ഏ. ബിരുദകാൎയ്യം ആവ ശ്യപ്പെട്ടതു് അപേക്ഷകന്മാരുടെ എണ്ണത്തെ ചുരുക്കുവാനും, പ ത്രനടത്തിപ്പിന്നുയോഗ്യതയില്ലാത്തവരായി വിദ്യാഭ്യാസവിഷ

യത്തിൽ 'മുറിക്കുന്ത്'ക്കാരായി നടക്കുന്നവർ ആരും ചാടിവരാതിരിപ്പാനുംവേണ്ടി ചെയ്ത മുൻകരുതലായിരിക്കാം. ഏതായാലും, പത്രാധിപത്യപ്രവൃത്തിക്ക്, ബി. ഏ. ബിരുദം അപരിത്യാജ്യമായ യോഗ്യതാംശമല്ല: അവശ്യമായ യോഗ്യതകൾ ഒരുവന്നു പത്രപ്രവത്തനത്തൊഴിലിൽ സിദ്ധിച്ചിട്ടുള്ള പരിശീലനത്തെ ആശ്രയിച്ചിരിക്കുന്നതേയുള്ളു. ഇവ എന്താണ്?

ഇംഗ്ലീഷ്പത്രത്തിലേയ്ക്കു പ്രവൃത്തിയെടുപ്പാനാണ് ഒരുവൻെറ ഉദ്ദേശ്യമെങ്കിൽ, ഇക്കാലത്തു്, അവന്നു അവശ്യമായും മുഖ്യമായും വേണ്ട യോഗ്യത, 'ഷാർട്ട്ഹാൻഡ്' എന്നു പറയപ്പെടുന്ന ചുരുക്കെഴുത്തു്, അല്ലെങ്കിൽ സൂത്രലിപി, അഭ്യസിച്ചിരിക്കേണമെന്നുള്ളതാണ്. വൃത്താന്തനിവേദനം ചെയ്യുന്ന പണിയിൽ, ഈ യോഗ്യത ഇല്ലാത്ത യാതൊരാൾക്കും ഇപ്പൊഴത്തെ കാലത്തു 'തേറിപ്പോവാൻ' സാധ്യമല്ല. ചുരുക്കെഴുത്തറിയാത്തവരെ ഇംഗ്ലീഷ്പത്രങ്ങളിൽ 'റിപ്പോർട്ടർ'മാരായി സ്വീകരിക്കുന്നതു് 'മുട്ടിയപക്ഷ'ത്തിൽ ആയിരിക്കും. നിത്യവും നടക്കുന്ന എത്രയോ മഹാജനങ്ങളുടെ നടപടിവിവരങ്ങളെ പത്രങ്ങളിലേയ്ക്കു് എഴുതിഅറിയക്കേണ്ട റിപ്പോർട്ടർമാക്ക്, ആ യോഗങ്ങളിൽ ഓരോരുത്തർ പ്രസംഗിക്കുന്നതൊക്കെ കുറിച്ചെടുപ്പാൻ ചുരുക്കെഴുത്തല്ലാതെ എളുപ്പമായ വഴി വേറെ ഏതാണുള്ളതു്? പ്രസംഗങ്ങൾ തൽ കത്താക്കന്മാർ എഴുതിക്കൊണ്ടുവന്നു വായിക്കുന്നവയായിരുന്നാൽ, ചുരുക്കെഴുത്തിൻെറ ആവശ്യം നേരിടുകയില്ലെന്നു വരാം; സാധാരണകൈയെഴുത്തിൽ അവയെ പകത്തിക്കൊണ്ടാൽ മതിയാകുമല്ലോ. എന്നാൽ, യോഗാവസരങ്ങളിൽ സമയോചിതമായി ഓരോ സംഗതികളെ വാചാ പ്രസംഗിക്കുമ്പോൾ അതിനെ കൈയെഴുത്തുകൊണ്ടു പിൻതുടരാൻ സാധിക്കയില്ലതന്നെ; വിശേഷിച്ചും, മിനിട്ടിനു് ഒരുനൂററിനുമേൽ, എന്നല്ല, ചിലരുടെ വിഷയത്തിൽ ഇരുനൂററിലധികംകൂടിയും, വാക്കുകൾ പ്രസംഗിപ്പാൻ സാമത്ഥ്യമുള്ള വാഗ്മികളുടെ പ്രസംഗങ്ങളെ സാധാരണകൈയെഴുത്തിൽ കുറിച്ചെടുപ്പാൻ എങ്ങനെ സാധിക്കും? ചുരുക്കെഴുത്തിൽ നൈപുണ്യം നേടീട്ടുള്ളവക്കുകൂടി, ഇതു ചിലപ്പോൾ പ്രയാസമായി കണ്ടിട്ടുണ്ടു്. പ്രഖ്യാതന്മാരായ വാഗ്മികൾ ചെയ്യുന്ന ആകസ്മികപ്രസംഗങ്ങളെ പത്രങ്ങ

ളിൽ വായിപ്പാൻമാത്രം സാധിക്കുന്ന ദൂരസ്ഥന്മാരായ വായനക്കാരുടെ ആകാംക്ഷയെ നിൎവ്വഹിക്കേണ്ട കടമ പത്രപ്രവൎത്തകന്മാർക്കുണ്ടായിരിക്കുമ്പോൾ, ആ പ്രസംഗങ്ങളെ അനുവാഖ്യാനംചെയ്യുന്നതിനു 'റിപ്പോർട്ടർ'ക്കു ചുരുക്കെഴുത്തുകൂടാതെ കഴികയില്ലതന്നെ. എന്നാൽ, ചുരുക്കെഴുത്തുശീലം ആൎക്കും സുലഭം ആണെന്നിരുന്നാലും, റിപ്പോർട്ടൎക്കു സാമാന്യമായ അഭ്യാസം പോരാ. മിനിട്ടിനു അറുപതു വാക്കുകൾവീതം കുറിച്ചെടുപ്പാൻ സാമാന്യക്കാർക്കൊക്കെ കഴിയും; നൂറോ നൂററിരുപതോ വാക്കുകൾ എഴുതിയെടുപ്പാൻ അതു എളുപ്പമില്ല. സാമാന്യക്കാർ പ്രസംഗിക്കുന്ന വാഗ്വേഗമാനം നോക്കിയാൽ, മിനിട്ടിനു നൂറുനൂററിരുപതു വാക്കുകൾ കുറിച്ചെടുക്കേണ്ടിയിരിക്കും; ചില വാഗ്മികൾ ഇരുനൂറു വാക്കുകൾവരെ എത്തും. ഇരുനൂററിപ്പതിമൂന്നു വാക്കുകൾ ഒരു മിനിട്ടിൽ പ്രസംഗിപ്പാൻ കഴിഞ്ഞിട്ടുള്ള വാഗ്മികളും, അവയെ അതേസമയം ചുരുക്കെഴുത്തിൽ കുറിച്ചെടുത്തു ഒപ്പം എത്തുവാൻ കഴിഞ്ഞിട്ടുള്ള ചുരുക്കെഴുത്തുകാരും ഉണ്ടായിരുന്നിട്ടുണ്ടു്. പക്ഷേ, ഇതു് ഒരു വ്യത്യസ്തസംഗതിയാവാം. എന്നാലും, സാധാരണ ഒരു സമൎത്ഥനായ റിപ്പോർട്ടർക്കു മിനിട്ടിനു നൂററിഅമ്പതു വാക്കുകൾവീതം എഴുതിയെടുപ്പാൻ കഴിവുണ്ടായിരിക്കണം. ഈ യോഗ്യതയെക്കരുതിമാത്രം, ചില പത്രപ്രവൎത്തകന്മാർ മററു വിദ്യാഭ്യാസയോഗ്യതകൾ ഇല്ലാത്തവരെക്കൂടി, ഈ തൊഴിലിൽ കടത്തിവിട്ടുപോയിട്ടുണ്ടു്. ചിലപ്പോൾ, ചുരുക്കെഴുത്തിൽ കുറിച്ചെടുത്ത സംഗതികളെ ഉപയോഗിച്ചു പത്രത്തിലേയ്ക്കു ലേഖനങ്ങൾ എഴുതുവാൻ തക്ക പ്രാപ്തിയില്ലാത്തവരെക്കൊണ്ടു ചുരുക്കെഴുത്തറിവില്ലാത്ത 'റിപ്പോർട്ടർ'മാർക്കു ഉപകാരമുണ്ടായേക്കും. ഏതൊന്നായാലും, റിപ്പോർട്ടർമാർ ചുരുക്കെഴുത്തഭ്യസിച്ചിരിക്കേണ്ടതു് അത്യന്താപേക്ഷിതമായിട്ടാണു് ഇപ്പോൾ പത്രപ്രവൎത്തകന്മാർ ഗണിച്ചിരിക്കുന്നതു്.

ചുരുക്കെഴുത്തിനെപ്പററി ഇപ്പോൾ പറഞ്ഞതൊക്കെ, ഇംഗ്ലീഷുപത്രങ്ങളെ വിഷയീകരിച്ചിട്ടാണു്. മലയാളത്തിൽ ചുരുക്കെഴുത്തു നടപ്പിലായിട്ടില്ലാ: 'മലയാളസൂത്രലിപി' എന്ന പേരിൽ ഒരു ചുരുക്കെഴുത്തുസമ്പ്രദായം ഈയിടെ ഒരു ഗ്രന്ഥത്തിൽ വ്യവസ്ഥപ്പെടുത്തി കണ്ടിട്ടുണ്ടെങ്കിലും, പ്രചാര

പ്പെട്ടത്തി കണ്ടിട്ടില്ല. മലയാളത്തിൽ പ്രസംഗിക്കുന്നവരുടെ വാക്കുകളെ ഉടനടി കുറിച്ചെടുപ്പാൻ ആവശ്യപ്പെട്ടമാറു്, മലയാളപത്രങ്ങൾ സ്വന്തം വൃത്താന്തനിവേദകന്മാരെ അതിലേക്കു് ഉത്സാഹിപ്പിക്കാതിരിക്കുന്നതു്; മലയാളപത്രവായനക്കാക്കു് അങ്ങനെയുള്ള പ്രസംഗങ്ങളെ തൽ കത്താവിൻെറ വാക്കുകളിൽത്തന്നെ വായിച്ചറിയുന്നതിനു കൗതുകമില്ലാഞ്ഞിട്ടായിരിക്കാൻ സംഗതിയില്ല. മലയാളപത്രപ്രവത്തനത്തൊഴിൽ അതിന്നുതക്കവണ്ണം പരിഷ്കാരപ്പെട്ടിട്ടില്ലായ്കയാലായിരിക്കാം. അവസരംപോലെ കിട്ടുന്ന വത്തമാനങ്ങളെ, ത്യാജ്യഗ്രാഹ്യ വിവേചനംചെയ്യാതെ എഴുതിക്കൂട്ടി വത്തമാനക്കത്തുകൾ ഉണ്ടാക്കി അയച്ചു തൃപ്തിപ്പെടുന്ന ലേഖകന്മാരും, പണം കൊടുത്തു റിപ്പോർട്ടർമാരെ നിയമിപ്പാൻ തക്ക ധനശക്തിയില്ലാത്ത പത്രങ്ങളും, മലയാളസൂത്രലിപിയുടെ പ്രചാരത്തിനു സഹായമായിരിപ്പാൻ ഇടയുണ്ടെന്നു തോന്നുന്നില്ല. എന്നാലും മലയാളപത്രങ്ങൾ മലയാളസൂത്രലിപി അഭ്യസിച്ച വൃത്താന്തനിവേദകന്മാരെക്കൊണ്ടു് അലങ്കരിക്കപ്പെടുന്നതിനു് ഒരു കാലം ഉണ്ടാകുമെന്നു് ആശിക്കാം. ഇംഗ്ലീഷിൽ ചുരുക്കെഴുത്തു സമ്പ്രദായം ഏർപ്പെട്ടതിനുമുമ്പു്, ഇംഗ്ലീഷ്പത്രങ്ങളിൽ വാചാപ്രസംഗങ്ങളെ അനുപാഖ്യാനംചെയ്തിരുന്നതു് ഏതു പ്രകാരമോ അതേപ്രകാരംതന്നെയാകുന്നു മലയാളത്തിലും ഇപ്പോൾ നടത്തിവരുന്നതു് എന്നു സമാധാനപ്പെടാം. ധാരണാശക്തി, ഗദ്യരചനാനൈപുണ്യം എന്ന രണ്ടും ആകുന്നു, മലയാളത്തിൽ, പ്രസംഗങ്ങളെ അനുപാഖ്യാനംചെയ്യാൻ ഇപ്പോൾ ഏകാശ്രയമായിരിക്കുന്നതു്. എന്നാൽ ഈ സമ്പ്രദായത്തിനു് ഒരു ന്യൂനതയുണ്ടു്: പ്രവക്താക്കളുടെ വാക്കുകളെ പത്രമുഖേന നേരിട്ടു കേൾക്കുവാൻ വായനക്കാക്കു കഴിയുന്നില്ല, എന്ന ഈ ന്യൂനത അഗണ്യമെന്നു പറഞ്ഞുകൂടാ. ചിലപ്പോൾ, റിപ്പോർട്ടർമാരുടെ അബദ്ധധാരണനിമിത്തം, പ്രസംഗകത്താവിന്റെ ആശയങ്ങളെ പത്രവായനക്കാർ ഒന്നിനൊന്നായി ഗ്രഹിക്കേണ്ടിവരുന്നു എന്നും വരാം.

ചുരുക്കെഴുത്തുസമ്പ്രദായം അഭ്യസിച്ച നിപുണനായിരുന്നാലും, അതുകൊണ്ടുമാത്രം യോഗ്യത തികയുകയില്ല. പത്രക്കാരൻെറ കൃത്യം, അന്യന്മാരുടെ വിചാരങ്ങളെയും വാക്കുക

ളെയും ചേഷ്ടകളെയും യഥായഥം പത്രവായനക്കാൎക്കു മനസ്സിലാക്കിക്കൊടുക്കുകയാണു്. ഈ സ്ഥിതിക്കു്, അവന്നു പലേ വിഷയങ്ങളിലും കുറേശ്ശ അറിവുണ്ടായിരിക്കുന്നതു പ്രയോജനകരമായിരിക്കും. അവനു് ഒരു വിഷയത്തിലും അഗാധജ്ഞാനം സമ്പാദിച്ചിരിക്കേണ്ട ആവശ്യമില്ലാ; എങ്കിലും, ഒന്നിലും അജ്ഞനായിരിക്കുന്നതും വിഹിതമല്ല. പ്രതിപാദ്യവിഷയമായിത്തീരുന്ന ഏതൊരാളെയും, ഏതൊരു സംഗതിയെയും, ഈഷൽവ്യത്യാസംകൂടാതെ ഗ്രഹിക്കേണ്ടതിന്നു പത്രക്കാരന്നു പ്രാപ്തിയുണ്ടായിരിക്കണം.

ചുരുക്കെഴുത്തുസമ്പ്രദായപ്രകാരമാകട്ടെ, ഓൎമ്മശക്തികൊണ്ടാകട്ടെ, ഏതു സംഗതിയെപ്പററിയും വിവരങ്ങൾ കുറിച്ചെടുത്താൽ, പിന്നെ വേണ്ടതു്, അവയെ വായനക്കാൎക്കായി പത്രത്തിൽ 'വിളമ്പു'ന്നതിനു തക്കവിധം 'പാക'പ്പെടുത്തുകയാണു്. ഇതിന്നു് എന്തു യോഗ്യതയാണു വേണ്ടതു്? ഇതു സംബന്ധമായ പാകശാസ്ത്രത്തിൽ ലേഖകന്മാർ പഠിച്ചിരിക്കേണ്ട പ്രമാണങ്ങൾ ഏറെയില്ല. ഏതുഭാഷയിൽ ലേഖനങ്ങൾ എഴുതുന്നുവോ, ആ ഭാഷയെ നല്ല ചാതുൎയ്യത്തോടെ എഴുതിഫലിപ്പിക്കാൻ പ്രാപ്തി ഉണ്ടായിരിക്കണം. ഭാഷാവ്യാകരണവിധികളെ ലംഘിക്കാത്തപ്രകാരത്തിൽ വേണം എഴുതുവാൻ: കൎത്താവുള്ളപ്പോൾ ക്രിയ ഇല്ലാതെയോ, ക്രിയകളെയും നാമങ്ങളെയും തമ്മിൽ സമുച്ചയിപ്പിച്ചോ, പൂൎണ്ണവിരാമം വേണ്ടെടത്തു് അല്പവിരാമം മാത്രം ചെയ്തിട്ടോ, താൻ എഴുതുന്നതിൻെറ അൎത്ഥം എന്തെന്നു വായനക്കാരന്നു ഗ്രഹിപ്പാൻ സാധിക്കാത്തവിധത്തിലുള്ള വാചകങ്ങൾ എഴുതിയിരുന്നാൽ, അതുകൊണ്ടു് ഉപദ്രവമുണ്ടാകയല്ലാതെ, ഉപകാരമുണ്ടാകയില്ല. എഴുതുന്ന ആളുടെ ആശയങ്ങളെ സുഗമമായ ഭാഷയിൽ പകൎത്തണം: സാധാരണസംഭാഷണരീതിയിലുള്ള ഭാഷയിൽ ചെറിയ വാക്യങ്ങളായി എഴുതുന്നതു് ഉത്തമം. എല്ലാ സംഗതികളെയും അസന്ദിഗ്ദ്ധാൎത്ഥമായും, പ്രക്രമഭംഗം കൂടാതെയും, ഉചിതപദങ്ങളെ പ്രയോഗിച്ചും, വെളിപ്പെടുത്തണം. ലേഖനമെഴുതുന്നവർ സാഹിത്യകാരശ്രേഷ്ഠന്മാരാണെന്ന ഖ്യാതിയെ സമ്പാദിക്കത്തക്ക ഗദ്യരചനാനൈപുണ്യം സിദ്ധിച്ചിട്ടുള്ളവർ ആയിരുന്നിട്ടില്ലെങ്കിലും, ഗദ്യരചനയുടെ പ്രാഥമിക

ത്ത്വങ്ങളെ അറിഞ്ഞു് അതിന്മണ്ണം സുബദ്ധമായ രീതിയിൽ എഴുതുവാൻ കഴിഞ്ഞിരിക്കണം. ഈ യോഗ്യത, മലയാളപത്രലേഖകന്മാക്ക വിശേഷിച്ചും ആവശ്യമാണു്. ഇംഗ്ലീഷിൽത്തന്നെയും, ഒരു റിപ്പോട്ടക്കു് എല്ലാസമയവും ചുരുക്കെഴുത്തുമാത്രംകൊണ്ടു തൻെറ പ്രവൃത്തി കഴിഞ്ഞുപോകയില്ല. പ്രസംഗങ്ങൾ തൽകത്താക്കന്മാരുടെ വാക്കുകളിൽത്തന്നെ ആഖ്യാനം ചെയ്യണമെന്നു നിർബ്ബന്ധമുണ്ടായിരുന്നാൽ റിപ്പോട്ടക്കു്, തൻെറ വകയായി എഴുതിച്ചേക്കേണ്ട മുഖവുരയോ ഉപസംഹാരവാചകമോ എഴുതിക്കൊണ്ടു്, ചുരുക്കെഴുത്തിനെ സാധാരണ കൈയെഴുത്തിൽ പകത്തുകമാത്രം ചെയ്താൽ മതിയാകും. മററുപ്രകാരത്തിലാണെങ്കിൽ, റിപ്പോർട്ടക്കു് എല്ലാ സംഗതികളും സ്വന്തം വാചകത്തിൽ എഴുതേണ്ടിയിരിക്കും. അന്യന്മാരുടെ പ്രസംഗങ്ങളും, യുക്തികളും, മററുമൊക്കെ, റിപ്പോർട്ടർവഴിയായിട്ടാണ വായനക്കാക്ക ലഭിക്കേണ്ടതു്. ഭാഷ വശപ്പെട്ടിട്ടില്ലാത്ത, അതായതു, വാക്കുകളും വാചകങ്ങളും എല്ലാം തൻെറ കൈയ്യിൽ വഴങ്ങീട്ടില്ലാത്ത, ഒരു റിപ്പോട്ടരായിരുന്നാൽ, അവൻ എഴുതുന്നതൊക്കെ ശരിയായിട്ടുതന്നെയിരിക്കുമെന്നു് ഉറപ്പുപറവാൻ കഴിയുകയില്ല; അവൻെറ റിപ്പോർട്ടുകളെപ്പററി വായനക്കാക്ക വിശ്വാസവും ഉണ്ടായിരിക്കയില്ല. അവനാണ വായനക്കാരെ അതാതു വിഷയങ്ങളിലേക്കു വഴികാട്ടിക്കൊണ്ടു പോകുന്നതു്. വഴികാട്ടുന്നതു് അവൻെറ വാക്കുകൾകൊണ്ടും വാചകങ്ങൾകൊണ്ടുമാണു്. അതാതു വിഷയങ്ങളിലെ ഊടുവഴികളിൽ അവരെ ദിക്ഭ്രമംകൂടാതെ കടത്തി നടത്തിക്കൊണ്ടുപോവാൻ അവന്നു് ഒരേ ആശ്രയമായിരിക്കുന്നതു് അവൻെറ വാചകങ്ങളും വാക്കുകളുമാകയാൽ, അവന്നു സ്വഭാഷയിൽ ഗദ്യരചനാനൈപുണ്യം എത്രത്തോളം ആവശ്യമാണെന്നു സിദ്ധമാകുന്നു.

ഇതിന്നുംപുറമെ, പത്രപ്രവൃത്തിസംബന്ധിച്ചെടത്തോളം അവന്നു നല്ലവണ്ണം വ്യക്തമായും ശീഘ്രമായും എഴുതുവാനും വശപ്പെട്ടിരിക്കേണ്ടതാണു്. കൈയെഴുത്തു വ്യക്തമല്ലാതിരുന്നാൽ, അതു വായിച്ചുനോക്കി ശോധനം ചെയ്യേണ്ട പത്രാധിപരും, അച്ചുനിരത്തേണ്ട അച്ചുക്കൂടപ്പണിക്കാരും സങ്കടപ്പെട്ടും; ഒന്നിനൊന്നു് അച്ചടിച്ചു പുറപ്പെട്ടുവിക്കാൻ സംഗതിയാ

വൃകയും ചെയ്യും. ചിലപ്പോൾ തനിക്കുതന്നെയും ക്ലേശകാരണമായിത്തീരും; താൻ എഴുതിവെയ്ക്കുന്ന ഓർമ്മക്കുറിപ്പുകൾ എന്താണെന്നു ശരിയായി ഗ്രഹിപ്പാൻ കഴിയാതെയായേക്കാം. ശീഘ്രം എഴുതുവാൻ കഴിയാതിരുന്നാൽ, തൻെറ പ്രവൃത്തി മുന്നോട്ടു നീങ്ങുന്നില്ലെന്നുവരില്ലെങ്കിലും, മന്ദഗതിയായിത്തീരും; ഈ മന്ദതയിൽ ചില സംഗതികൾ തൻെറ ശ്രദ്ധയ്ക്കു വിഷയീഭവിക്കാതെ പോയെന്നും വരാം. ഏതായാലും, ഉടനുടൻ കഴിയേണ്ടവ ഉടനുടൻ കഴിയാതെയും, അന്നന്നു് എഴുതി അയയ്ക്കേണ്ടവ അന്നന്നു് തയ്യാറാകാതെയും, ഏറെക്കുറെ ബുദ്ധിമുട്ടാനിടയാവും.

സ്വഭാഷയിൽ സുഗമമായവിധം ലേഖനമെഴുതാൻ കഴിയുമെങ്കിൽ, പിന്നെ, അവശ്യം വേണ്ടതായ മറെറാരു യോഗ്യത ഇതരഭാഷകളിൽ പഠിപ്പുണ്ടായിരിക്കയാകുന്നു. മലയാളപത്രക്കാരനു് ഒഴിച്ചുവെക്കാൻപാടില്ലാത്ത ഇതരഭാഷകളിൽ മുഖ്യമായവ ഇംഗ്ലീഷും സംസ്കൃതവും ആണു്: തമിഴ് കൂടെ ഇക്കൂട്ടത്തിൽ ചേർക്കുന്നതും അവിഹിതമല്ല. പ്രസംഗസഭകളിലും, യോഗങ്ങളിലും പോയി നടപടികൾക്കു 'റിപ്പോർട്ട്' എഴുതുവാൻ ഉദ്യോഗിക്കുന്ന ഒരുവൻ, ഇക്കാലത്തു്, മേല്പടി ഭാഷകളിൽ അല്പസ്വല്പമെങ്കിലും പരിചയം കൂടാതെയിരിക്കരുതു്. പ്രസംഗം ചെയ്യുമ്പോൾ, ചിലർ, ഇടയ്ക്കിടെ, ഇംഗ്ലീഷ് ഗ്രന്ഥങ്ങളിൽനിന്നോ, സംസ്കൃതകൃതികളിൽനിന്നോ, തമിഴ് പുസ്തകങ്ങളിൽനിന്നോ, പഴമൊഴികളും സാരോക്തികളും, പ്രമാണങ്ങളും എടുത്തു പറയുന്നുണ്ടായിരിക്കും. ഇവയെ ശരിയായി ഗ്രഹിപ്പാനും തത്തുല്യമായി കുറിച്ചെടുപ്പാനും റിപ്പോർട്ടർക്കു് ഈ ഭാഷകളിൽ കുറെ പരിചയംകൂടാതെ കഴികയില്ല. പഴമൊഴികളേയും, സാരോക്തികളേയും, പ്രമാണങ്ങളേയും അതേ പ്രകാരത്തിൽ പകർത്തെഴുതാൻമാത്രം അറിഞ്ഞാൽ പോരാ: ഇവ ഏതേതു ഗ്രന്ഥങ്ങളിൽ, ആരാണു്, എപ്പോഴാണു്, പറഞ്ഞതു് അല്ലെങ്കിൽ എഴുതിയതു്, എന്നൊക്കെ അറിഞ്ഞിരിക്കണം. അതിലേക്കു് ആ ഗ്രന്ഥങ്ങളുമായി ഒരുമാതിരി പരിചയം സമ്പാദിച്ചിരിക്കണം. ആ ഭാഷകളിലെ പ്രമാണപ്പെട്ട കവികൾ, ഗദ്യകാരകന്മാർ മുതലായ സാഹിത്യകർത്താക്കന്മാരുടെ പ്രഖ്യാതവും പ്രസിദ്ധവുമായ കൃതികളെ

വായിച്ചറിഞ്ഞിരിക്കേണ്ടതു് പത്രക്കാരന്റെ യോഗ്യതാപൂർത്തിക്കു് ആവശ്യമാണു്. വിശേഷിച്ചും, ചരിത്രം ധനശാസ്ത്രം, വിദ്യാഭ്യാസകാര്യങ്ങൾ, നവീനശാസ്ത്രതത്വങ്ങൾ, നാടകങ്ങൾ, കാവ്യങ്ങൾ മുതലായ പലവക സ്വഭാഷാഗ്രന്ഥങ്ങളും പത്രക്കാരൻ വായിച്ചിരിക്കണം. കുറെ സംഗീതജ്ഞാനവും പ്രയോജനകരമായിരിക്കും. മലയാളപത്രക്കാരൻ, എഴുത്തച്ഛന്റെ ഭാഗവതം, ഭാരതം, രാമായണം; ഉണ്ണായിവാരരുടെ നളചരിതം കഥകളിപ്പാട്ടു്; കുഞ്ചൻനമ്പ്യാരുടെ തുള്ളൽപ്പാട്ടുകൾ; കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ കേരളീയഭാഷാശാകുന്തളം, അന്യാപദേശശതകം, മയൂരസന്ദേശം, അക്ബർ; കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാനവർകളുടെ മഹാഭാരതം ഭാഷ; ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ അവർകളുടെ മേഘദൂതു്, കുമാരസംഭവം; ചന്തുമേനോന്റെ ഇന്ദുലേഖ, ശാരദ: ഇങ്ങനെ പല പ്രസിദ്ധപ്പെട്ട ഗദ്യപദ്യഗ്രന്ഥങ്ങൾ വായിച്ചിരിക്കേണ്ടതാണു്. ഈ ഗ്രന്ഥങ്ങളിൽനിന്നു് എടുത്തു പറയുന്ന സാരോപദേശങ്ങൾ മുതലായവയെ ശരിയായി എഴുതിക്കൊള്ളുവാൻ ഉദ്ദേശിച്ചുമാത്രമല്ലാ ഇവ വായിക്കേണ്ടതു്: ഭാഷയിൽ നൈപുണ്യം ഉണ്ടാകുന്നതിനും ഇവയുടെ പാരായണം പ്രയോജനകരമായിരിക്കും.

നിസ്സംശയമായും, പത്രക്കാരന്റെ യോഗ്യതകളിൽ മറെറാന്നു, തന്റെ രാജ്യത്തിന്റെ ചരിത്രം അറിഞ്ഞിരിക്കയാണു്. തന്റെ രാജ്യത്തിന്റെ മാത്രമല്ല, അയൽരാജ്യങ്ങളുടേയും ഭരണചരിത്രങ്ങൾ നല്ലവണ്ണം പഠിച്ചിരിക്കണം. ഇന്നു നടക്കുന്ന പലേ രാജ്യകാര്യങ്ങളും, മുമ്പു, എത്രയോ കാലത്തിനപ്പുറം, നടന്ന പലേ ഭരണതന്ത്രങ്ങളുടെ ഫലങ്ങളാണു്. തിരുവിതാംകൂറിലെ പത്രക്കാരനു് തന്റെ രാജ്യത്തെ സ്ഥാപിച്ച മാർത്താണ്ഡവർമ്മ മഹാരാജാവിന്റെയോ, രാമയ്യൻദളവാ, രാജാകേശവദാസ്, സർ ടി. മാധവരായർ മുതലായ രാജ്യകാര്യധുരന്ധരന്മാരുടെയോ, അത്രയുമല്ല, രാജ്യഭരണത്തെ ദൂഷ്യപ്പെടുത്തിയിരുന്ന ബാലരാമവർമ്മ മഹാരാജാവിന്റെയോ, രാജ്യത്തിൽ കലഹകർത്താക്കന്മാരായിരുന്ന തമ്പിമാരുടേയൊ എട്ടുവീട്ടിൽ പിള്ളമാരുടെയോ, കാലത്തെ ചരിത്രങ്ങൾ അറി

ഞ്ഞിട്ടില്ലെങ്കിൽ, അദ്യതനകാലത്തെ ഭരണചരിത്രങ്ങൾ സു ഗ്രഹമായിരിക്കയില്ല. അതിന്നുപുറമേ, കൊച്ചിരാജ്യചരിത്രത്തി ലേയും പ്രധാനസംഭവങ്ങൾ അറിഞ്ഞിരിക്കേണ്ടതു്, ഈ അ യൽരാജ്യങ്ങൾ തമ്മിലുള്ള നിലയെപ്പററിയ സൂക്ഷ്മജ്ഞാന ത്തിനു് അവശ്യം തന്നെയാകുന്നു. മലബാർപത്രക്കാരർ പ ണ്ടത്തെ മലബാർചരിത്രം അവശ്യം അറിഞ്ഞിരിക്കേണ്ടതാ കുന്നു. കോഴിക്കോട്ടു സാമൂതിരിപ്പാട്ടും ലന്തക്കാർ തുടങ്ങിയ വിദേശികളും തമ്മിലുണ്ടായിരുന്ന സഖ്യം, ടിപ്പുവിൻെറ ആ ക്രമം, സാമൂതിരിപ്പാട്ടും, കൊച്ചിരാജാവു മുതലായ നാട്ടുവാ ഴികളും തമ്മിൽ പണ്ടുണ്ടായ പോരുകൾ; ഇങ്ങനെ പലപല ചരിത്രങ്ങളും ഗ്രഹിച്ചിരിക്കേണ്ടതായിട്ടുണ്ടു്. വിശേഷിച്ചു്, മലയാളപത്രക്കാരൊക്കെ പൊതുവായി അറിഞ്ഞിരിക്കേണ്ട ചരിത്രം ഇന്ത്യയുടെ പുരാതനവും അൎവ്വാചീനവും ആദ്യതന വും ആയ ചരിത്രമാണു്. ബ്രിട്ടീഷ് സാമ്രാജ്യചരിത്രജ്ഞാ നവും അവിഹിതമല്ലാ. ഇവയെല്ലാററിനും പുറമെ, മുഖ്യമാ യി അറിഞ്ഞിരിക്കേണ്ടതു് ലോകത്തിൻെറ ദിനേ ദിനേയുള്ള ചരിത്രമാണു്: ഇതിലേക്കു്, പത്രക്കാരൻ അന്നന്നു പ്രസിദ്ധീ കരിക്കുന്ന വൎത്തമാനപത്രങ്ങൾ വായിച്ചുകൊണ്ടിരിക്കണം.

സ്വപ്രയത്നത്താലും, ലോകഗതികളെ സൂക്ഷ്മമായി പ്രേ ക്ഷിച്ചറിയുന്നതു വഴിക്കും സമ്പാദിക്കാവുന്ന യോഗ്യതകളാ ണു മേൽപറഞ്ഞവ. ഇവയ്ക്കുപുറമെ, പത്രക്കാരനു് സഹജാ തമായ ചില വിശിഷ്ടഗുണങ്ങൾ ഉണ്ടായിരിക്കണം. ഒന്നാമ തായി, അവന്നു് ഏതു സംഗതിയേയും എളുപ്പം മനസ്സിലാ ക്കാൻ തക്ക ഗ്രഹണപടുത്വം സ്വതസ്സിദ്ധമായിരിക്കണം. ഒരു പ്രസംഗത്തിൻേറയോ, വല്ല രേഖകളുടേയോ, സംഭവങ്ങളു ടേയോ സാരമായ ഭാഗം ഏതാണെന്നു് ഉൾക്കണ്ണുകൊണ്ടു ക ണ്ടറിവാൻ തക്ക ബുദ്ധികൗശലം വേണം. രണ്ടാമതായി വേ ണ്ട ഗുണം, നിഷ്പക്ഷപാതിത്വമാണു്. പത്രക്കാരൻ സത്യം ന്യാ യം നീതി മുതലായ ധൎമ്മതത്ത്വങ്ങളുടെ പ്രതിനിധിയാണു്: അവൻ ഇവയിൽനിന്നു തെററിനടക്കാതെ പ്രവൎത്തിക്കുമ്പോ ഴേ ലോകക്കു നന്മ ഉളവാകയുള്ളു. അതിനാൽ, അവൻ യാ തൊരു സംഗതിയേയും വാസ്തവമായ വിധത്തിലല്ലാതെ വ ൎണ്ണിക്കരുതു്. പ്രത്യേകം ഒരു കക്ഷിയുടെ പ്രാതിനിധ്യം വഹി

ക്കുന്ന പത്രമായിരുന്നാലും, വസ്തുസ്ഥിതികളെ യഥാസ്ഥിത രീതിയിൽ വൎണ്ണിക്കയല്ലാതെ, ലോകരെ തെററിദ്ധരിപ്പിക്കത്തക്കവണ്ണം വളച്ചും പൊളച്ചും തിരിച്ചും മറിച്ചും അവാസ്തവ വൎണ്ണനം ചെയ്യരുതു്. കക്ഷിപ്പത്രങ്ങൾക്കു് ഒരു സംഗതിയിൽ സ്വന്തം അഭിപ്രായങ്ങളെ ഏതു യുക്തിയെ ആധാരമാക്കിക്കൊണ്ടും പ്രസ്താവിക്കാമെന്നിരുന്നാലും, ആ സംഗതിയെ ഒന്നിനൊന്നായി തെററിദ്ധരിപ്പിക്കാൻ അവകാശമില്ല; അങ്ങനെ ചെയ്യുന്നതു സത്യത്തിന്നു വിപരീതമായ പ്രവൃത്തിയുമാകുന്നു. പത്രക്കാരൻെറ മറെറാരു അവശ്യഗുണം, അവൻ ലോകകാൎയ്യങ്ങളിൽ സ്വതേ വിമുഖനായിരിക്കരുതെന്നുള്ളതാണു്. അവൻ എപ്പോഴും ഉത്സാഹവാനായിരിക്കണം: അവൻ ലോകരുടെ ദുഃഖങ്ങളിലും സുഖങ്ങളിലും അനുകമ്പയോടെ മനസ്സിനെ പ്രവേശിപ്പിക്കണം. ഈ ഗുണം അവന്നില്ലായിരുന്നാൽ, അവന്നു പത്രവായനക്കാരായ ലോകരെ യാതൊരുസംഗതിയിലും തൃപ്തിപ്പെടുത്തുവാൻ സാധിക്കയില്ല. ഇവെറെറക്കാൾ ഒക്കെ മുഖ്യാവശ്യമായതു് ആരോഗ്യമാണു്. പത്രക്കാരൻെറ ജോലി ശ്രമമേറിയതാണെന്നു മാത്രം പറഞ്ഞാൽ പോരാ; ചില സമയങ്ങളിൽ, അത്യന്തം ക്ഷീണിപ്പിക്കുന്നതും, ആത്മഹത്യയ്ക്കുകൂടി തുല്യവും ആയ പ്രവൃത്തിയാകുന്നു. റിപ്പോർട്ടർമാൎക്കാണു് ഈ കഷ്ടപ്പാടുകൾ ഉണ്ടാവാറുള്ളതു്. ചിലപ്പോൾ, നല്ലവണ്ണം കാററു വീയാത്തതായി, ആൾ തിങ്ങിയിരിക്കുന്നതായി, വേണ്ടുംവണ്ണം വെളിച്ചം ഇല്ലാത്തതായിട്ടുള്ള പ്രസംഗശാലകളിൽചെന്നു് പ്രസംഗങ്ങൾ കുറിച്ചെടുക്കേണ്ടതായിവരും; ചിലപ്പോൾ, വെയിലോ കാറോ മഴയോ സഹിച്ചുംകൊണ്ടു് ഏറെദൂരം നടക്കേണ്ടതായി വരും; ഒരു യോഗത്തിൻെറ നടപടികൾ കുറിച്ചെടുത്ത ഉടൻതന്നെ, വിശ്രമത്തിനോ വിശ്രമകരഭോജനത്തിനോ സമയം ലഭിക്കാതെ, മറെറാരു യോഗനടപടികൾക്കു് ചെന്നെത്തേണ്ടിയിരിക്കും; ചിലപ്പോൾ, അടികലശൽ, ലഹള, തീപ്പിടിത്തം മുതലായ സംഭവങ്ങളുടെ ഇടയിൽ ചെന്നുനിന്നു് വിവരങ്ങൾ കുറിക്കേണ്ടതായിവരാം. ഇവയൊക്കെ കുറിച്ചെടുത്തതിൻെറ ശേഷം കൂടി, രാത്രി വളരെനേരം ഇരുന്നു് എഴുതേണ്ടിവരും. വെച്ചെഴുതുവാൻ മേശ ഉണ്ടായിരുന്നില്ലെന്നുവരാം;

ആ സമയങ്ങളിൽ കാൽമുട്ടിന്മേലോ, നിലത്തുതന്നെയോ, വെച്ച് എഴുതേണ്ടിവരും. ഇങ്ങനെ പലപല ക്ലേശങ്ങൾ ഉണ്ടാകാം. ഇവ ഒക്കെ സഹിക്കുന്നതിന്നു തക്ക മെയ്ക്കരുത്തും മനക്കരുത്തും കൂടിയേതീരൂ. ആരോഗ്യമില്ലാത്തവനാണു് പത്രക്കാരൻ എന്നിരുന്നാൽ, അവന്നു് അധികനാൾ പണിയെടുപ്പാൻ സാധിക്കയില്ലാ; അല്പദിവസംകൊണ്ടു് അവൻെറ ശരീരം തകൎന്നുപോയേക്കും. ഇങ്ങനെയൊക്കെ കഷ്ടപ്പാടുകൾ ഉണ്ടായാലും, ജോലിയിൽ കൂറുള്ളവനാണെങ്കിൽ, അവന്നു മറെറാരുവിധത്തിൽ കഷ്ടപരിഹാരം ഉണ്ടാകുന്നതാണു്. അവന്നു് അന്യരുടെ സന്താപത്തിൽ മാത്രമല്ല, സന്തോഷത്തിലും പങ്കുകൊള്ളാം; മററാളുകൾക്കു സ്വാതന്ത്ര്യമായി എവിടേയും കടന്നുചെല്ലാൻ അവകാശം ഇല്ലാതിരിക്കുമ്പോഴും പത്രക്കാരനു തടവുകൂടാതെ കടക്കാം; അവനെ അന്യർ വിശ്വാസപാത്രമായിക്കരുതി പല സ്വകാൎയ്യങ്ങളും അവനോടു പറയും; അവന്നു പല കാൎയ്യങ്ങളിലും യഥേഷ്ടം സല്ക്കാരങ്ങളും ലഭിക്കും.

പത്രപ്രവൃത്തിയിൽ വിജയം ഉണ്ടാവാൻ ഇങ്ങനെ ചില യോഗ്യഗുണങ്ങളുണ്ടായിരിക്കേണ്ടതു് ആവശ്യം തന്നെയാണു്. എന്നാൽ ഇത്തരം ഗുണങ്ങളിലൊക്കെ മുഖ്യമായിരിക്കേണ്ട വിശേഷസംഗതികൾ മൂന്നുണ്ടു്: ഒന്നു്, ഔചിത്യമനുസരിച്ചു പ്രവൎത്തിക്കുക: മറെറാന്നു്, താഴ്മയായിരിക്കുക, മൂന്നാമതു്, കഴിയുംവണ്ണം ഉത്സാഹിച്ചു പണിയെടുക്കുക. ഇവയാകുന്നു. പത്രക്കാരൻ തൻെറ ജോലിയിൽ കൂറുള്ളവനായിരിക്കണം; അതിൽ അഭിമാനവും വേണം. അവൻെറ പണി എത്രതന്നെ താണതോ നികൃഷ്ടമോ ആയിരിക്കട്ടെ; അതിൽ അവന്നു് എത്രമേൽ തൃപ്തികരമായി പണിയെടുക്കാമോ അത്രമേൽ സന്തോഷത്തോടുകൂടെ വേലചെയ്യണം. പത്രക്കാരനൊപ്പം, ബഹുമാനങ്ങളുടെ നന്ദനത്തേയും നിന്ദനത്തേയും എളുപ്പം അർഹിക്കുന്നവനായി മറെറാരു തൊഴിൽക്കാരനും ഇല്ല. അവനെ അവർ എല്ലാ സമയവും ഉററുനോക്കിയിരിക്കയാകുന്നു. നല്ല പണിക്കു് അവരുടെ അഭിനന്ദനം ലഭിക്കുന്നതു് എത്ര ശീഘ്രമോ, അത്ര വേഗത്തിൽ, ചീത്ത പണിക്കു് ആക്ഷേപവും ഉണ്ടാകും. കാലപ്രവാഹത്തിന്നൊപ്പം എത്തു

വാൻ ആഗ്രഹവും മനസ്സും ഇല്ലാത്തവൻ പത്രത്തൊഴിലിൽ കടക്കുകയേ അരുതു്.

യോഗ്യതകൾ തികഞ്ഞിട്ടുള്ള പക്ഷത്തിൽ, പത്രത്തൊഴിലിൽ കടക്കുവാൻ ഉദ്ദേശമുള്ള ഒരു ചെറുപ്പക്കാരൻ എവിടെയാണു് ആ തൊഴിലിൻെറ സമ്പ്രദായതത്ത്വങ്ങൾ ഗ്രഹിപ്പാൻ പോകേണ്ടതു്? ഏതെങ്കിലുമൊരു പാഠശാലയിൽ ചെന്നു് ഈവക തത്ത്വങ്ങൾ ഗ്രഹിക്കാൻ കഴിയുമോ? പത്രപ്രവൎത്തനത്തൊഴിൽ ശീലിപ്പിക്കാൻ എത്ര പ്രത്യേക പാഠശാലകൾ ഉണ്ടായാലും, ഉത്തമമായ പാഠശാല പത്രകാൎയ്യാലയം തന്നെയാണു്. ഒരു പത്രകാൎയ്യാലയത്തിൽ ഏതുപ്രകാരത്തിലെങ്കിലും ഒരുപണിക്കു കടന്നുകൂടീട്ടു് ഈ തൊഴിൽ ശീലിക്കുമ്പോലെ, നന്നാവാൻ വഴി വേറെ ഇല്ല. പ്രഖ്യാതന്മാരായ പലേ പത്രക്കാരും ഇങ്ങനെ പണി ശീലിച്ചു് ഉയൎന്നവരാണു്. ചിലർ ചുരുക്കെഴുത്തുസമ്പ്രദായം ശീലിച്ചിരിക്കകൊണ്ടു മാത്രം പത്രത്തൊഴിലിൽ കടന്നുകൂടിയവരായിരിക്കാം; മറ്റു ചിലർ ഗുമസ്താപ്പണിയിൽ കടന്നവരാവാം; വേറേ ചിലർ അച്ചുകൂടത്തിൽ അച്ചുനിരത്തു്, പ്രൂഫ് തിരുത്തൽ എന്നിവയിലൊരു പണിയെടുത്തിരിക്കെ, ഈ തൊഴിലിൽ പ്രത്യേകം അഭിരുചി ഉണ്ടാകയാൽ കടന്നുകൂടിയിരിക്കാം. ആകയാൽ പത്രക്കാരനാവാൻ കാംക്ഷിക്കുന്ന ചെറുപ്പക്കാൎക്കു് ഈ തൊഴിലിൽ കടക്കുന്നതിനു രണ്ടുമൂന്നു മാൎഗ്ഗങ്ങൾ ഉണ്ടു്. പത്രക്കാരൻെറ തൊഴിലിലേയ്ക്കു തന്നെ ശീലിപ്പിക്കണം എന്ന വ്യവസ്ഥയോടുകൂടി, പത്രകാൎയ്യാലയത്തിൽ ഒരു താണതരം ഗുമസ്താവായോ, മററാ, പണിയിൽ പ്രവേശിക്കുക. അതല്ലെങ്കിൽ, മററു പണിയിലിരിക്കെത്തന്നെ, ചില അടിയന്തരസമയങ്ങളിൽ പത്രങ്ങളിലേയ്ക്കു വൃത്താന്താഖ്യാനം എന്ന ജോലി കൈയേററു് ആ വഴിക്കു തൊഴിൽ ശീലിക്കുക. അതുമല്ലെങ്കിൽ, പത്രം അച്ചടിക്കുന്ന അച്ചടിശാലയിൽ അച്ചുനിരത്തുപണിയിലോ, പ്രൂഫ്തിരുത്തുപണിയിലോ, പ്രവേശിച്ചു്, ആ വഴിക്കു ലേഖനങ്ങൾ വായിച്ചു് അവയുടെ സമ്പ്രദായങ്ങളെ മനസ്സിലാക്കീട്ടു്, കാലക്രമത്തിൽ, റിപ്പോൎട്ടരായിട്ടോ മററാ പണി മാറുക. ഇപ്രകാരമൊരുപ്രകാരത്തിൽ, പത്രത്തൊഴിലിൻെറ ചുവട്ടിൽ എത്തി ഒന്നാംപടി കയറിയാൽ,

പിന്നെ, സ്വന്തം പ്രയത്നവും സാമത്ഥ്യവും അവനെ മുകൾപ്പടികളിലേയ്ക്കു കൈപിടിച്ചു കയററിക്കൊള്ളുന്നതാണു്. ഇതിലേയ്ക്കായി അവൻ അന്വേഷിച്ചുപോകേണ്ട പത്രകാൎയ്യാലയം ഏതായിരിക്കേണം എന്നാണു ചോദ്യമെങ്കിൽ, ആ തൊഴിൽ മനസ്സിലാക്കാൻ അധികം സൗകൎയ്യമുള്ള പത്രങ്ങളുടേതായിരിക്കണമെന്നു മറുപടി പറയാം. പ്രതിദിനപത്രങ്ങളോ, ഒന്നരാടൻ ദിവസങ്ങളിൽ പുറപ്പെടുന്നവയോ, പ്രത്യർദ്ധവാരപത്രങ്ങളോ അതിലേയ്ക്കു സൗകര്യപ്പെടുകയില്ല; ഒന്നാംതരമായി നടത്തിവരുന്ന പ്രതിവാരപത്രമാണു് ഏറ്റവും ഉത്തമം. വല്ല പ്രതിവാരപത്രവുമായിരുന്നാൽ പോരാ; നല്ല പത്രമായിരിക്കതന്നെ വേണം. തൊഴിലിൻെറ തത്വങ്ങളെ മനസ്സിലാക്കി പ്രവത്തിക്കുന്ന ഒരു നല്ല പത്രക്കാരൻ നടത്തുന്നതല്ലെങ്കിൽ, ആ പത്രംകൊണ്ടു തൊഴിൽ ശീലിപ്പാൻ പ്രയോജനപ്പെടുകയില്ല. ഇങ്ങനെയൊരു പത്രകാൎയ്യാലയത്തിൽ പണികിട്ടുന്നതിനു്, വേണ്ടിവന്നാൽ, അപേക്ഷ പരസ്യപ്പെടുത്തുകയും ചെയ്യാവുന്നതാണു്.

അദ്ധ്യായം മൂന്നു്

## വൃത്താന്താഖ്യാനം

കച്ചേരികളിലും, കോടതികളിലും, കമ്പോളസ്ഥലങ്ങളിലും എന്നുവേണ്ടാ, എങ്ങും നിറയുന്നവൻ അല്ലെങ്കിലും, 'നിരങ്ങുന്ന' 'സർവ്വജ്ഞ'നായ വൃത്താന്തനിവേദകനെ ഇംഗ്ലീഷിൽ 'റിപ്പോർട്ടർ,' എന്നു വിളിക്കുന്നു. ഈ 'വിരാൾസ്വരൂപം' ആകുന്നു സാക്ഷാൽ പത്രക്കാരൻ. വർത്തമാനപ്പത്രത്തിൻെറ നട്ടെല്ലു് എന്നല്ല, ഉല്പത്തിസ്ഥാനം കൂടിയും, റിപ്പോർട്ടരാണു്. മുഖപ്രസംഗമെഴുത്തുകാർക്കു പ്രസംഗവിഷയങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതും, ഉപപത്രാധിപന്മാരുടേയും പ്രധാന പ്രസാധകൻെറയും പണികൾക്കു് ആധാരമായിരിക്കുന്നതും ഒക്കെ, റിപ്പോർട്ടരാണു്. വൃത്താന്തനിവേദനം, എന്ന പ്രവൃത്തി മാത്രം വിചാരിച്ചാൽ, റിപ്പോർട്ടർ, കേവലം ഒരു സ്വനഗ്രാഹിയന്ത്രമോ, പകർപ്പുയന്ത്രമോ ആയിരിക്കാം. എന്നാൽ, ഈ പണിക്കാരൻെറ സാമർത്ഥ്യത്തിനു ന്യൂനത ഉണ്ടാകാറുള്ളതുകൊണ്ടു്, ഓരോ കാര്യങ്ങളിൽ പ്രത്യേകം വിദഗ്ദ്ധന്മാരും പത്രപ്രവർത്തനത്തിന്നു് ആശ്രയമായിത്തീർന്നിരിക്കുന്നു. എന്നാലും, റിപ്പോർട്ടരുടെ പ്രവൃത്തിക്കു് അധികാര അതിർത്തിയില്ല; അവന്നു് ഏതുകാര്യത്തിലും പ്രവേശിപ്പാൻ അവകാശമുണ്ടു്.

പത്രപ്രവർത്തനത്തൊഴിൽ ശീലിപ്പാനായി ഒരു പത്രകാര്യാലയത്തിൽ പ്രവേശിച്ചിരിക്കുന്ന ചെറുപ്പക്കാരനു്, ആദ്യമായി, മേല്പറഞ്ഞ വൃത്താന്തനിവേദനം എന്ന പണിയാണു് നിശ്ചയിക്കപ്പെട്ടതു് എന്നു വിചാരിക്കാം. അവൻ വാർത്തകൾ സഞ്ചയിക്കേണ്ടതു് എങ്ങനെ? ഒന്നാമതായി ചെയ്യേണ്ടതു്, പത്രത്തിൻെറ മുൻ ലക്കങ്ങളെ—അടുത്തുകഴിഞ്ഞ ഏതാൻ ലക്കങ്ങളെയെല്ലാം—ശ്രദ്ധവെച്ചു പഠിക്കുകയാകുന്നു. പണിയിൽ പ്രവേശിക്കുന്ന കാലത്തു് തൻെറ പത്രം പുറപ്പെടുന്ന നഗരത്തിൽ എന്തൊക്കെ സംഗതികൾ പൊതുവിൽ ജനങ്ങളെ ആകർഷിച്ചിരിക്കുന്നുണ്ടെന്നും, അതതു കാര്യങ്ങൾ എത്രത്തോളം ആയിട്ടുണ്ടെന്നും, മേലിൽ എന്തു നടക്കുവാൻ

ഇടയുണ്ടെന്നും, ഇവയിൽ ഏൎപ്പെട്ടിട്ടുള്ള ആളുകൾ ആരൊക്കെയെന്നും, ഇവരുടെ നില എന്തെന്നും സൂക്ഷ്മമായി അറിയുന്നതിനു് പത്രത്തിന്റെ മുൻലക്കങ്ങളെ പഠിക്കേണ്ടതാകുന്നു. വിശേഷിച്ചും, ഈ സംഗതികളെക്കുറിച്ചു് ഏതേതു പ്രകാരത്തിലാകുന്നു പത്രത്തിൽ പ്രസ്താവിച്ചിട്ടുള്ളതെന്നു മനസ്സിലാക്കേണ്ടതു്, തന്റെ പിന്നത്തെ പ്രവൃത്തിക്കു വഴിതെളിക്കുവാൻ ആവശ്യകവുമാണു്. ഓരോതരം വൎത്തകൾക്കു് നടനാട്ടേണ്ടതായ തലവാചകം ഏതുവിധത്തിലായിരിക്കേണമെന്നും, മുൻലക്കങ്ങൾ നോക്കിയാൽ, ഗ്രഹിക്കാൻ കഴിയും. ഈ മുൻകരുതൽ ചെയ്തിരുന്നാൽ, പുതിയ റിപ്പോൎട്ടരുടെ പ്രവൃത്തിമാൎഗ്ഗം, ആരംഭത്തിൽ കല്ലും, മുള്ളും നീങ്ങിയതായിട്ടുതന്നെ കാണപ്പെടും.

ഈ കീഴ്ത്തരം റിപ്പോൎട്ടരുടെ ശ്രദ്ധയെ ആദ്യമായി ആകൎഷിക്കുന്ന സംഭവങ്ങൾ, നഗരത്തിൽ നടക്കുന്ന മത്സരക്കളികൾ, കായികാഭ്യാസക്കാഴ്ചകൾ, നാടകം മുതലായവയാണു്. ഇവയെല്ലാക്കെ ചെന്നെത്തുവാൻ അവന്നു് 'സൈക്കിൾ' (ചവിട്ടുവണ്ടി) ഓടിക്കുന്നതിനു ശീലമുണ്ടായിരുന്നാൽ സഹായമായി. എല്ലാ കളിസ്ഥലങ്ങളിലും കാൽനടയായിട്ടുതന്നെ എത്തിക്കൊള്ളാമെന്നു് ഉറപ്പുപറവാൻ പാടില്ലാത്ത വിധത്തിൽ ചില സമയങ്ങളിൽ, പല വിനോദക്കളികൾ നിരന്തരം ഉണ്ടായിരുന്നേക്കാം. അതിലേയ്ക്കു് ചവിട്ടുവണ്ടിയിൽ കയറിപ്പോവാൻ ശീലിച്ചിരിക്കുന്നതു നല്ലതാണു്. വിശേഷിച്ചും, ഇതു് ഒരു കായികവ്യായാമവും ആണല്ലൊ. റിപ്പോൎട്ടൎക്കു് പ്രത്യേകം താല്പൎയ്യമുള്ള കളികൾ ചിലതുണ്ടാവും; അവയിൽ അവന്നു് സവിശേഷമായ ഉത്സാഹവും തോന്നും. മററു കളികളിൽ പ്രത്യേകമായ താല്പൎയ്യം ഇല്ലായ്കകൊണ്ടു് അവയുടെ സമ്പ്രദായങ്ങളെപ്പററി അറിവുണ്ടായിട്ടില്ലെങ്കിൽ, കളിക്കാരോടു ചോദിച്ചു് അറിവുനേടാൻ കഴിയുന്നതാണു്. ഇങ്ങനെ പോയിക്കാണുന്ന കളികളുടെ വിവരങ്ങളെ പത്രത്തിലേയ്ക്കു് എഴുതുമ്പോൾ, കരുതിയിരിക്കേണ്ട മുഖ്യമായ കാൎയ്യം, യാതൊരുപക്ഷത്തിലും ചേരാതെ പരമാൎത്ഥസംഭവം മാത്രം എഴുതുക എന്നുള്ളതാകുന്നു. ചില റിപ്പോൎട്ടൎമാർ കളികളിൽ താല്പൎയ്യക്കാരായിരിക്കുമ്പോൾ, ഏതെങ്കിലുമൊരു പക്ഷത്തിൽചേൎന്നു

032D
204065
M2
32J7



കളിച്ചു എന്നു വരാം; ഇരുപക്ഷക്കാരുടെയും മത്സരവഴക്കുകളിൽ ഉൾപ്പെട്ടു്, ഒരു പക്ഷക്കാൎക്കു സഹായിയായിനിന്നു്, മറുപക്ഷക്കാരെ, നിഷ്കാരണമായും മത്സരബുദ്ധിയായും, ഇടിച്ചെഴുതിയാൽ, ഉണ്ടാകാവുന്ന ഭവിഷ്യത്തു്, നിശ്ചയമായും, സ്പൃഹണീയമായോ അനുമോദനീയമായോ ഇരിക്കയില്ല. ചിലർ, കളിക്കാരിൽ ഒന്നുരണ്ടാളെ പ്രത്യേകിച്ചു സ്തുതിക്കുകയും, മററു ചിലരെപ്പററി ആക്ഷേപം പറകയും ചെയ്യാറുണ്ടു്. ഈ സമ്പ്രദായവും തീരെ വൎജ്ജിക്കേണ്ടതാണു്. റിപ്പോർട്ടരുടെ കൎത്തവ്യം അവിടവിടെ നടക്കുന്നതായ സംഭവങ്ങളെ വാസ്തവാനുരോധേന കഥിക്കുകയാകുന്നു; കളിക്കാരെ ശാസിച്ചു് അഭ്യസിപ്പിക്കുകയല്ലാ. അങ്ങനെ ഗുണദോഷനിരൂപണം ചെയ്തു് എഴുതേണ്ട ആവശ്യമുള്ളപ്പോഴും, അത്തരം നിരൂപണം ആവശ്യപ്പെടുന്ന പ്രത്യേകവിഷയപത്രങ്ങൾക്കും, അങ്ങനെയെഴുതാമെന്നതൊഴികെ, സാധാരണ വൎത്തമാനപ്പത്രങ്ങളിൽ വാൎത്തകൾ എഴുതുമ്പോൾ റിപ്പോർട്ടരുടെ സ്വന്തം അഭിപ്രായങ്ങൾ ചേൎക്കുവാൻ ന്യായമില്ല.

പുതിയ റിപ്പോർട്ടൎക്കു് ഗൌരവപ്പെട്ട കാൎയ്യങ്ങൾ പലതും പരിചയപ്പെടാനുണ്ടു്: ഇവയിൽ മുഖ്യമായതു് പോലീസ്മജിസ്ത്രേട്ടു് കേസുകളെക്കുറിച്ചു് അനുപാഖ്യാനം ചെയ്യുന്ന സമ്പ്രദായം ആകുന്നു. പോലീസ്-മജിസ്ത്രേട്ടു്-കോടതികളിൽനിന്നു് അനേകം കാൎയ്യങ്ങൾ ഗ്രഹിപ്പാനുണ്ടാകും; നീതിനിയമജ്ഞാനം കുറെയെല്ലാം സമ്പാദിപ്പാൻ കഴിയും; അതതു കേസുകളിൽ കുടുങ്ങുന്ന ആളുകളുടെയും, വ്യവഹരിക്കുന്ന വക്കീലന്മാരുടെയും, സാക്ഷികളുടെയും സ്വഭാവഗതികളെയും ജീവിതങ്ങളെയും കുറിച്ചു് അറിവാനും, ആ വഴിക്കു് ലോകകാൎയ്യങ്ങളിൽ പരിചയം അധികമുണ്ടാവാനും ഇടയാകുന്നു. 'കുട്ടിത്തരം' റിപ്പോർട്ടൎക്കു് മജിസ്ത്രേട്ടുകോടതികളിലെ എല്ലാ കേസുകളെയും പററി 'റിപ്പോർട്ടു' ചെയ്യേണ്ട ആവശ്യമില്ലാ; വളരെ പ്രധാനപ്പെട്ടവയേ വേണ്ടു. ഇവയിൽക്കൂടിയും, കുറെ കുഴക്കുള്ള കേസുകളിൽ, പഴമപരിചയക്കാരായ റിപ്പോർട്ടർമാൎക്കല്ലാതെ കുട്ടിത്തരക്കാൎക്കു പ്രവൃത്തി എളുപ്പമല്ല. അത്തരം കേസുകളിൽ പഴമപരിചയക്കാർ ഏതുവിധമാണു് അനുപാ

UNIVERSITY LIBRA
1 OCT

ഖ്യാനം ചെയ്യുന്നതെന്നു് നോക്കി പഠിക്കയാണു് കുട്ടിത്തരക്കാരൻ ചെയ്യേണ്ടതു്.

മജിസ്ട്രേട്ട്കോടതികളിൽ കേസ് ചെന്നാൽ ഉടൻ റിപ്പോർട്ടർ അതിൻെറ വിവരങ്ങൾ എല്ലാം കുറിച്ചെടുക്കണം. കേസ് അവിടെ എത്തുംമുമ്പുതന്നെ, പോലീസുകാരുടെ വക്കലായിരുന്നാൽ, അതു സംബന്ധിച്ച രേഖകൾ നോക്കി സാരഭാഗങ്ങൾ കുറിച്ചുകൊള്ളണം. പോലീസുകാർ ഒരു സംഭവത്തെപ്പററി എഴുതുന്ന 'മഹസ്സർ' ആ കേസിൻെറ പ്രാരംഭത്തിലുള്ള വിവരങ്ങളെ അടക്കിയിരിക്കും. ഇതിൽനിന്നു്, സംഭവം നടന്ന സ്ഥലം, തീയതി, മണിക്കൂറു്, അതിൽപ്പെട്ടിരിക്കുന്ന ആളുകൾ—എന്നിങ്ങനെ പല വിവരങ്ങളും ലഭിക്കും. ഇതിലേയ്ക്കു് റിപ്പോർട്ടർ, പോലീസുദ്യോഗസ്ഥന്മാരുടെ പരിചയം സമ്പാദിച്ചിരിക്കേണ്ടതാവശ്യമാണു്. കോടതിയിൽ, കേസ് വിചാരണയ്ക്കെടുക്കുന്നതിന്നും കുറെ മുമ്പായി എത്തിയിരിക്കേണ്ടതും, അന്നത്തെ കേസുകളിൽ മുഖ്യമായവ എന്തൊക്കെയെന്നു് അന്വേഷിച്ചറിഞ്ഞു്, അവയിൽ ലഭിക്കാവുന്നേടത്തോളം വിവരങ്ങൾ മുൻകൂട്ടി ചോദിച്ചു കുറിച്ചുകൊള്ളേണ്ടതും ആവശ്യമാണു്. മുൻകൂട്ടി കിട്ടാൻ സാധിക്കാത്ത പേരുകൾ മുതലായവ, കോടതിപ്പണിക്കാർ ഉറക്കെ വിളിച്ചുപറയുമ്പോൾ, കുറിച്ചുകൊള്ളാവുന്നതാണു്; അതിൽ വല്ല സംശയവും ഉണ്ടായാൽ, പോലീസുദ്യോഗസ്ഥന്മാരോടോ, കോടതിയിലെ മററു ജീവനക്കാരോടോ ചോദിച്ചറിഞ്ഞു തിരുത്തിക്കൊള്ളേണ്ടതുമാകുന്നു.

കോടതിമുമ്പാകെ സങ്കടം ബോധിപ്പിച്ചിരിക്കുന്നവൻ അന്യായഭാഗം ആണെന്നും, ആരെപ്പററി സങ്കടം പറഞ്ഞിരിക്കുന്നുവോ അയാൾ പ്രതിഭാഗം ആണെന്നും അറിഞ്ഞിരിക്കണം. അന്യായഭാഗം നടത്തുന്നതു് പല സംഗതികളിലും പോലീസ്ഉദ്യോഗസ്ഥന്മാർതന്നെ ആയിരിക്കും: അപ്പോൾ അവരെ 'പ്രോസിക്യൂട്ടർമാർ' എന്നു പറയും; സങ്കടക്കാരനെ അന്യായഭാഗം സാക്ഷിയായി ഗണിക്കുന്നു. പ്രതിഭാഗക്കാരൻ, ചില കേസുകളിൽ വെറും പ്രതിയായിരിക്കയില്ലാ; വാറണ്ടിന്മേൽ പിടിച്ചു് ബന്തവസ്സിൽ വെച്ചിരിക്കുന്ന പ്രതിയെ 'പുള്ളി' എന്നു വിളിക്കുന്നു. വെറും സമൻസ് അനുസരിച്ചു

ചെല്ലുന്നവനെ പ്രതി എന്നു മാത്രം പറയുന്നു. ഇവരെയും സാക്ഷികളെയും തിരിച്ചറിയണം. വെറും പ്രതിയെ പുള്ളി എന്നോ നേരേമറിച്ചോ, തെററിപ്പറയരുതു്. കേസിലെ അന്യായസാരം മുൻകൂട്ടി അറിയാൻ കഴിയും: അന്യായഹരജിയുടെ പകർപ്പുനോക്കിയാൽ സാരം കുറിച്ചെടുക്കാം. അന്യായഭാഗം തെളിവുകഴിഞ്ഞു പ്രതിക്കു് കുറ്റപത്രം കൊടുക്കുമ്പോൾ, അവൻെറമേൽ ചുമത്തിയിരിക്കുന്ന അപരാധം എന്താണെന്നു് അറിയാം. ഇതു കുറിച്ചെടുക്കണം. പിന്നെ പ്രതിയുടെ എതിർവാദമാവുന്നു. അവൻ കുററം സമ്മതിച്ചു് മൊഴികൊടുക്കുന്നതായാൽ, കേസിൻെറ സ്വഭാവത്തേയും, അതിനെ തെളിയിക്കാനായി കൊടുത്തിട്ടുള്ള സംഗതികളുടെ സാരത്തെയും, ശിക്ഷാവിധിയെയും മാത്രം റിപ്പോർട്ടിൽ ഉൾപ്പെടുത്തിയാൽ മതിയാകും. പ്രതിഭാഗം എതിർതെളിവു കൊടുക്കത്തക്കവണ്ണം കുററം സമ്മതിക്കാതെ കേസു നടക്കുന്നതായാൽ, പ്രതിഭാഗത്തെളിവു് കുറിച്ചെടുക്കണം. ഇതിന്നു് ചുരുക്കെഴുത്തു വേണമെന്നില്ലാ; സാധാരണ 'നീട്ടിയെഴുത്തു' മതി. പ്രധാന സംഗതികളെയേ കുറിക്കേണ്ടതായുള്ളു. പ്രതി സാക്ഷികളിൽ മുഖ്യമായുള്ള ആളുടെ മൊഴി കുറിച്ചെടുത്താൽ, മററു സാക്ഷികളുടെ മൊഴികളിൽ വിശേഷാൽ വല്ലതും തെളിവുകൾ ഉണ്ടെങ്കിൽ, ഇവ മാത്രം കൂട്ടിച്ചേർക്കേണ്ടതായിട്ടേ ഉണ്ടാവൂ. മൊഴികൾ കുറിക്കുമ്പോൾ ചോദ്യം എഴുതേണ്ടതില്ല; ഉത്തരംകൊണ്ടു് ചോദ്യം മനസ്സിലാകത്തക്കവണ്ണം കുറിക്കാവുന്നതാണു്. കോടതിവകയായി ചോദ്യം ചെയ്യുമ്പോൾ അതിൻെറ ഉത്തരം കുറിക്കുന്നതു് 'കോടതിചോദ്യം' എന്നു് എഴുതീട്ടു് പിന്നാലെ വേണ്ടതാണു്. ഓരോ ഭാഗത്തേയ്ക്കും വക്കീലന്മാർ ഉണ്ടായിരുന്നാൽ, അവരുടെ പ്രസംഗങ്ങളുടെ സാരവും കുറിക്കണം. വിധി പ്രസ്താവിക്കുമ്പോൾ, കോടതിയിൽനിന്നു് വിശേഷമായി വല്ല ഉപദേശം നൽകുകയോ, ശാസന ചെയ്കയോ ഉണ്ടായാൽ, അതു് വിധിക്കു പുറമെ വിശേഷാലായി റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കണം.

കോടതിയിലെ കേസുകൾക്കു് റിപ്പോർട്ടു് തയ്യാറാക്കുന്നതിന്നു റിപ്പോർട്ടർക്കു് ചുരുക്കെഴുത്തുസമ്പ്രദായം അവശ്യം അല്ലാ, നീട്ടിയെഴുത്തുകൊണ്ടു് ആവശ്യം സാധിക്കാം. വിവര

ങ്ങൾ കുറിച്ചെടുത്താൽപ്പിന്നെ, റിപ്പോർട്ടെഴുതുമ്പോൾ പ്രത്യേകം ശ്രദ്ധ വയ്ക്കേണ്ടതു്, തലവാചകമെഴുതുന്നതിലാണു്. എഴുതിയിരിക്കുന്ന സംഗതികൾക്കു് യോജിപ്പായ തലവാചകമാണു് നടനാട്ടേണ്ടതു്. അതിൽത്തന്നെയും ചില അപകടങ്ങൾ നേരിട്ടേക്കാം. ഒരു കേസ് തീർച്ചയാവാതെയിരിക്കുന്ന നിലയിൽ, അതിലെ വാസ്തവമിന്നതാണെന്നു തെററിദ്ധരിപ്പിക്കത്തക്ക തലവാചകം കൊടുക്കരുതു്. ഒരുവന്റെ പേരിൽ അപകീർത്തിപ്പെടുത്തൽക്കുററം ആരോപിച്ചു് കേസു നടന്നുകൊണ്ടിരിക്കേ, ആ കേസുവിവരത്തിന്നു്, 'അപകീർത്തിപ്പെടുത്തൽ' എന്നു മാത്രം തലവാചകം വെയ്ക്കുന്നതു യുക്തമല്ല; ഇതു പക്ഷേ, അപരാധവുമായിരിക്കും. ഈ തലവാചകത്തിൽ കേസ്സിൻെറ വാസ്തവം അന്യായഭാഗത്തുനിന്നു സങ്കടപ്പെട്ടിരിക്കുന്നതിന്മണ്ണമാണെന്നു്, വായനക്കാർക്കു്, ഏകപക്ഷാവലംബമായ അഭിപ്രായം ഉണ്ടായിപ്പോയേക്കും. അതിനാൽ 'അപകീർത്തിക്കേസ്'' എന്നോ, അപകീർത്തിപ്പെടുത്തൽ 'അപരാധാരോപണം' എന്നോ, മറേറാ, വേണം പറവാൻ. ഈ കാര്യം സൂക്ഷിച്ചു് ചെയ്യുകൊണ്ടാൽ, തലവാചകം വായനക്കാരെ ആകർഷിക്കത്തക്ക ഏതെങ്കിലും വാക്കുകളിൽ ആകാം; തെററിദ്ധാരണയ്ക്കു് കാരണമാകരുതെന്നേ നിഷ്കർഷിക്കേണ്ടതുള്ളൂ. പിന്നെ, കരുതേണ്ടതു്, റിപ്പോർട്ടിൻെറ സമ്പ്രദായമാണു്. ഏതു സംഗതിയെക്കുറിച്ചും റിപ്പോർട്ടരുടെ നില നിഷ്പക്ഷപാതിയും നിർമ്മത്സരനുമായ ഒരു ന്യായാധിപൻെറ നിലയായിരിക്കണം. ഒരു കക്ഷിക്കു മനഃപൂർവ്വം ദൂഷ്യംവരുത്തുവാനോ, മറെറാരു കക്ഷിയെ പക്ഷപാതത്താൽ സഹായിപ്പാനോ റിപ്പോർട്ടർ ഒരുങ്ങരുതു്. കേസിൻെറ വിവരങ്ങൾ എല്ലാം ഭേദവിചാരംകൂടാതെ പ്രസ്താവിക്കണം; പ്രധാനപ്പെട്ട വിവരങ്ങൾ മതി. ഇരുഭാഗങ്ങളിലേയും വാദങ്ങൾ കുറിച്ചിരിക്കേണം; കാര്യസാരം വിട്ടുകളകയുമരുതു്. ഇവ സവിസ്തരമായിരിക്കേണ്ടാ; സംക്ഷിപ്തമായിരുന്നാൽ മതിയാകും. പത്രപംക്തിയിൽ എത്ര വരികൾക്കകമടങ്ങിയിരിക്കണമെന്നു മുൻകൂട്ടി നിശ്ചയമുണ്ടായിരുന്നാൽ, അതിന്നുതക്കവണ്ണം ചുരുക്കിപ്പറയാവുന്നതാണു്. സംഗ്രഹിക്കുന്നതു് റിപ്പോർട്ടരുടെ സാമർത്ഥ്യമനുസരിച്ചിരിക്കും. ഒരു കേസ്സിൽ ഒരു പക്ഷക്കാരെ

മനഃപൂൎവ്വം ദൂഷ്യപ്പെടുത്തു വാൻ തക്കവണ്ണം, ആ പക്ഷത്തിന്റെ ന്യായങ്ങളെ പ്രസ്താവിക്കാതേയും, മറുകക്ഷിയുടെ വാദങ്ങളെ വിസ്തരിച്ചും, വായനക്കാർക്ക് അയഥാൎത്ഥബോധമുണ്ടാകുന്ന പ്രകാരത്തിലുള്ള റിപ്പോർട്ടുകൾ എഴുതി പ്രസിദ്ധപ്പെടുത്തിയാൽ തന്റെ പത്രത്തിന്റെ പേരിൽ നഷ്ടപരിഹാരക്കേസു കൂടി ഉണ്ടായേക്കാമെന്നു റിപ്പോർട്ടർ ഓൎത്തിരിക്കേണ്ടതാണ്.

ചില സംഗതികളിൽ, പോലീസുകാർ സംഭവാന്വേഷണം ചെയ്ത വിവരങ്ങളെ മേലാവിലേയ്ക്കു് അറിയിച്ച് അങ്ങനെതന്നെ കാൎയ്യം അവസാനിപ്പിക്കുമാറുണ്ട്. യദൃച്ഛയായി നേരിടുന്ന മരണം മുതലായ ചില സംഭവങ്ങളിൽ, മജിസ്ട്രേട്ടിൻമുമ്പാകെ കേസ് നടക്കാൻ ആവശ്യമുണ്ടാകയില്ല. ഇങ്ങനത്തെ സംഭവങ്ങളെ പോലീസ്സുകാരുടെ 'മഹസ്സർ' നോക്കി വിവരങ്ങൾ കുറിച്ചെടുത്തു്, റിപ്പോർട്ടു ചെയ്യേണ്ടതായിരിക്കും. അവയെ കാൎയ്യസാരംവിടാതെ സംക്ഷേപിച്ചെഴുതുകയാണു റിപ്പോർട്ടരുടെ ഉദ്ദേശ്യമായിരിക്കേണ്ടതു്. ഒരു സംഭവത്തിന്റെ വിഷയത്തിൽ അതു നടന്ന സ്ഥലം, തീയതി, സമയം, ആൾപ്പററി എന്നു്, സാക്ഷികളുടെ മൊഴിയിൽനിന്നു ഗ്രഹിക്കാവുന്ന തെളിവ്, മെഡിക്കൽഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം, തീർച്ച അഭിപ്രായം ഇത്യാദി വിവരങ്ങളൊക്കെ സംഗ്രഹിച്ചിരിക്കണം: ഇപ്രകാരമല്ലാതെ, "ഏതാനും ദിവസംമുമ്പ് ഇതിന്നു സമീപം ഒരു നിരത്തിൽവെച്ച് ഒരാൾ വണ്ടിമറിഞ്ഞുവീണു മരിച്ചിരിക്കുന്നു." എന്നിങ്ങനെ അവ്യക്തമായ ഒരു റിപ്പോർട്ട് എഴുതുന്നതുകൊണ്ടു പ്രയോജനമുണ്ടെങ്കിൽ അതു പത്രപംക്തിയെ നിറയ്ക്കുകമാത്രമാണ്. ഇത്തരം സംഭവങ്ങളെപ്പററിയുള്ള റിപ്പോർട്ടുകൾ ഓരോ പത്രത്തിന്നും ഓരോമാതിരിയിലായിരിക്കാം. എന്നാലും, മാതൃകയായി ഒരെണ്ണം താഴെ കുറിക്കുന്നു:

"ഇന്നലെ രാവിലെ താലൂക്കു പോലീസ് ഇൻസ്പെക്ടർ മിസ്റ്റർ....................പോലീസ്സ്റ്റേഷനിൽവെച്ചു മിസ്റ്റർ...............രുടെ മരണത്തെപ്പററി അന്വേഷണം നടത്തി മഹസ്സർ തെയ്യാറാക്കിയിരിക്കുന്നു. സാക്ഷികളായി വിളിക്കപ്പെട്ട ............ടെയും ............ടെയും ............ടെയും മൊഴികൾകൊണ്ടു വെളിപ്പെട്ടിരിക്കുന്ന സംഗതി

കൾ ഇപ്രകാരമാണു്: മരിച്ച ആൾക്കു പ്രായം......വയസ്സുവരും;......തൊഴിലായിരുന്നു. അയാൾ, പതിവിന്മണ്ണം,......-ാംനു ......യാത്ര വൈകുന്നേരം......മണിക്കു തന്റെ തൊഴിൽസ്ഥലംവിട്ടു മടങ്ങിപ്പോയ്ക്കൊണ്ടിരിക്കുമ്പോൾ വഴിക്കു് അവരെ കാണുകയും അവരോടു സംഭാഷണംചെയ്കയും ചെയ്തിരുന്നു; കാഴ്ചയിൽ അയാൾക്കു യാതൊരു ശരീരസുഖക്കേട്ടും ഉണ്ടായിരുന്നില്ല. അവരെ വിട്ടുപിരിഞ്ഞു് ഏതാനും അകലം ചെന്നപ്പോൾ, അയാൾ പെട്ടെന്നു നിലത്തു വീഴുകയും അതു് അവരിൽ..............ആൾ കാണുകയുംചെയ്തു. അവർ അയാളെ താങ്ങിയെടുത്തു് അടുത്തൊരു പീടികയുടെ മുൻതിണ്ണയിൽ ഇരുത്തി, ഡാക്ടർക്കു് ആളയച്ചു; ഡാക്ടർ വന്നെത്തുംമുമ്പു് അയാൾ മരിച്ചുപോയിരുന്നു. ഡാക്ടരുടെ പരിശോധനയിൽ, മരണം ചുഴലികൊണ്ടുണ്ടായതായിരുന്നു എന്നു് അഭിപ്രായമാകയും, ഇൻസ്പെക്ടർ അപ്രകാരം മേലധികൃതന്മാൎക്കു് എഴുതുകയുംചെയ്തിരിക്കുന്നു.''

മേലെഴുതിയ റിപ്പോർട്ടു് ഒരു ചെറിയ മാതൃകമാത്രമാണു്. വിഷയഗൗരവം അനുസരിച്ചു് ഇനിയും ചില വിവരങ്ങൾ കൂട്ടിച്ചേൎക്കേണ്ടതായി വന്നേക്കും. ശവപരിശോധന കഴിച്ചു ഡാക്ടർ അഭിപ്രായം പറയുമ്പോൾ, വൈദ്യസംബന്ധമായ ചില സാങ്കേതികപദങ്ങൾ ഉപയോഗിക്കുന്നുണ്ടായിരിക്കും. ഇവയെപ്പററി റിപ്പോർട്ടർക്കു സംശയം ഉണ്ടായിരുന്നാൽ ഡാക്ടരോടു ചോദിച്ചു മനസ്സിലാക്കിക്കൊള്ളേണ്ടതുമാണു്.

'കുട്ടിത്തരം' റിപ്പോർട്ടൎക്കു പലപ്പോഴും പണിയൊഴിഞ്ഞ അവസരങ്ങൾ ഉണ്ടായിരിക്കാം. അവയെ ചിരിച്ചുല്ലസിച്ചു കളവാൻ തോന്നുംപോലെ, നല്ലവഴിക്കു് ഉപയോഗിപ്പാൻ ആഗ്രഹം തോന്നുകയില്ലായിരിക്കും. എന്നിരുന്നാലും ആ അവസരങ്ങളേയാണു് അവൻ നല്ലവണ്ണം വിനിയോഗിക്കേണ്ടതു്. പത്രത്തൊഴിലിൽ ഉന്നതസ്ഥാനങ്ങളെ പ്രാപിക്കുന്നതിനു റിപ്പോർട്ടരുടെ പടിയിൽ ചാടിക്കയറിയതുകൊണ്ടുമാത്രം മതിയാകയില്ല; ഉയരെപ്പോകാൻതക്ക വിശിഷ്ടയോഗ്യതകൾ സമ്പാദിക്കേണം. പ്രസംഗങ്ങളെ സൂത്രലിപിയിൽ കുറിച്ചെടുത്തുംകൊണ്ടു വൎത്തമാനപ്പത്രത്തിൽ വിളമ്പുന്നതിലേയ്ക്കു തക്ക

വണ്ണം 'പാക'പ്പെടുത്തുന്ന പണിയിൽ, അവൻെറ കൈച്ചുറുക്ക വർദ്ധിപ്പിക്കുവാൻ അവൻ ഉത്സാഹിച്ചുകൊണ്ടിരിക്കണം. ഒരു പ്രസംഗം കുറിച്ചെടുത്താൽ, അതു് ആദ്യന്തം വായിച്ചുനോക്കി ആദ്യമായി പകുതിയാക്കി സംഗ്രഹിക്കുക; അനന്തരം, ഈ സംഗ്രഹത്തെത്തന്നെ വീണ്ടും ചുരുക്കിഎഴുതുക. വീണ്ടും ചെറുതാക്കി കാൎയ്യസാരം സംക്ഷേപിക്കുവാൻ കഴിയുമെങ്കിൽ അതും നല്ലതുതന്നെ. ഇങ്ങനെ വലിയ പ്രസംഗങ്ങളെ സംക്ഷേപിച്ചെഴുതി ശീലിച്ചാൽ, അവന്നു തൻെറ പണിയിൽ ശ്രമം തോന്നുകയില്ല. ഇതോടുകൂടി മറ്റു പത്രങ്ങളിൽ അതേകാൎയ്യങ്ങളേപ്പറ്റി തന്നേക്കാൾ പഴമപരിചയമുള്ളവർ ഏതുവിധത്തിൽ റിപ്പോൎട്ട് എഴുതിയിരിക്കുന്നു എന്നു പഠിക്കുന്നതും പ്രയോജനകരമായിരിക്കും. ഇതുമെന്നിയേ, തൻെറ സാഹിത്യനൈപുണ്യത്തെ മെച്ചമാക്കുവാൻ ഉത്സാഹിച്ചുകൊണ്ടിരിക്കയും വേണം. അവൻ അത്യാവശ്യം പഠിക്കേണ്ട വിഷയങ്ങളേപ്പററിയുള്ള ഗ്രന്ഥങ്ങൾ നിരന്തരം വായിക്കണം. പ്രസിദ്ധന്മാരായ ഗ്രന്ഥകൎത്താക്കന്മാരുടെ കൃതികളായിരുന്നാൽ, അവ അവൻെറ വാചകഘടനാരീതിയെ നന്നാക്കുവാൻ ഉപകാരപ്പെടുന്നതാണു്. കുട്ടിത്തരം റിപ്പോൎട്ടൎക്കു് എന്നുവേണ്ടാ, റിപ്പോൎട്ടൎമാൎക്കൊക്കെ, അവശ്യം ആവശ്യകമായുള്ള ചില പുസ്തകങ്ങൾ ഉണ്ടു്. ഇവ അവൎക്കു് അപ്പഴപ്പോൾ സഹായമായിരിക്കുമാറുണ്ടു്. ചിലപ്പോൾ ഒരു വാക്കിലെ അക്ഷരങ്ങളിൽ സംശയമുണ്ടായേക്കാം: പ്രസ്ഥാപിക്കുകയോ, പ്രസ്താപിക്കുകയോ, പ്രസ്ഥാവിക്കുകയോ, പ്രസ്താവിക്കുകയോ, ഏതാണു സുബദ്ധം? ഷഷ്ഠിപൂൎത്തിയോ, ഷഷ്ടിമൂൎത്തിയോ? ഷഷ്ഠമമോ, ഷഷ്ടമമോ? ശ്രേഷ്ഠനോ, ശ്രേഷ്ടനോ? കുഷ്ഠമോ, കുഷ്ടമോ? ഇങ്ങനെ പല സന്ദേഹങ്ങളും നേരിട്ടേക്കാം. ചില പദങ്ങളുടെ അൎത്ഥം എന്തെന്നു നിശ്ചയം ഉണ്ടായിരിക്കയില്ലാ; ഇതു നോക്കി അറിയേണ്ടിവരും. ഇതിന്നൊക്കെ ഒരു നല്ല 'നിഘണ്ടു' കൈക്കലുണ്ടായിരിക്കേണ്ടതാവശ്യമാണു്. എന്തെന്നാൽ സംസ്കൃതപദങ്ങൾ പ്രയോഗിപ്പാനുള്ള 'മോഹ'ത്തിൽ ചിലപ്പോൾ "താലൂക്കുകച്ചേരിയിലെ ഗുമസ്തൻെറ തോന്ന്യാസങ്ങളെ തഹസീൽദാർ ഉല്ലംഘിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു." എന്നു ലേഖകന്മാർ എഴുതുകയും, പത്രാധി

പന്മാർ സമ്മതിച്ചുവിട്ടുകയുംചെയ്യുന്നതിനു്, ഉല്ലംഘിക്കുകയുടെ അത്ഥം ഒരു നിഘണ്ടുവിൽ നോക്കി അറിഞ്ഞിരുന്നാൽ സംഗതിയാകയില്ല. നിഘണ്ടുവിന്നൊപ്പം അത്യാവശ്യമായ മററുചില പുസ്തകങ്ങളും ഉണ്ടു്; ഇവ ഇംഗ്ലീഷിലുള്ളതുപോലെ മലയാളത്തിലില്ലാത്തതു മലയാളപത്രക്കാക്കു സങ്കടഹേതു തന്നെയാണു്. അകാരാദിക്രമത്തിലുള്ള മഹച്ചരിതസംഗ്രഹങ്ങൾ, പ്രസിദ്ധപ്പെട്ട സംഭവങ്ങളുടെ തീയതികൾ, രാജ്യകായ്യവിവരങ്ങൾ, ഇങ്ങനെ അനേകം വിഷയങ്ങളിൽ പത്രക്കാരനു് എന്നല്ലാ, സാധാരണവായനക്കാക്കെല്ലാം 'സഹായി'കൾ ആയ ശബ്ദഭാണ്ഡാഗാരങ്ങൾ പത്രക്കാരൻെറ കൈക്കൽ ഉണ്ടായിരിക്കണം.

മേൽപറഞ്ഞപ്രകാരത്തിൽ ഒരു പത്രകായ്യാലയത്തിൽ കടന്നു, കുട്ടിത്തരംറിപ്പോർട്ടരുടെ പണി ശീലിച്ചുകഴിഞ്ഞ ഒരുവനു്, സ്വന്തം വിവേകത്തെ ആശ്രയിച്ചു ചുമതലയേൽക്കാവുന്ന അടുത്ത ഉയർന്ന പണി ഡിസ്റ്റ്രിക്റ്റ്റിപ്പോട്ടരുടേതാണു്. ഈ പണിയിൽ, ഡിസ്റ്റ്രിക്റ്റ്റിപ്പോർട്ടർ, ആ ഡിസ്റ്റ്രിക്റ്റിലെ കായ്യങ്ങളെ സംബന്ധിച്ചേടത്തോളം തൻെറ പത്രത്തിൻെറ അധിപർ,നിവ്വാഹകൻ, വൃത്താന്തനിവേദകൻ എന്നീസ്ഥാനങ്ങളെയൊക്കെ ഒന്നായി ഭരിക്കുന്നവനായിരിക്കുന്നു. അവനു തൻെറ പ്രവൃത്തികളെ നേർവഴിയിൽ നടത്തുന്നതിലേക്കു തന്റെ യുക്തായുക്തവിചാരബുദ്ധി മാത്രമേ അടുത്തസഹായി ആയിട്ടുള്ളു. അവനു് ഒന്നാമതായി ചെയ്യേണ്ടതു്, ആ ഡിസ്റ്റ്രിക്റ്റിലെ പ്രമാണപ്പെട്ട ആളുകളെപ്പററിയ സകല വിവരങ്ങളും ഗ്രഹിപ്പാനും അവരെ പരിചയപ്പെട്ടുവാനുമാണു്. ആ ഡിസ്റ്റ്രിക്റ്റിൽ അപ്പോൾ നടന്ന പ്രധാന കായ്യങ്ങളേയും അതോടുകൂടെ മനസ്സിലാക്കേണ്ടതാണു്. അവിടെ നടക്കുന്ന എല്ലാ പൊതുക്കായ്യങ്ങളിലും അവൻ ഉൽസുകനായിരിക്കണം. ആ ഡിസ്റ്റ്രിക്റ്റിലേക്കു തൻെറ പത്രം വേണം നായകനായിരിപ്പാൻ എന്നാകുന്നു അവൻ ശ്രദ്ധവെച്ചുകൊണ്ടിരിക്കേണ്ടതു്.

ഡിസ്റ്റ്രിക്റ്റ്റിപ്പോർട്ടർ പ്രത്യേകം സൂക്ഷിച്ചു പ്രവത്തിക്കേണ്ട സംഗതികൾ ചിലതുണ്ടു്. അവൻെറ ആഖ്യാനങ്ങളിൽ യാതൊരാളുടേയും പേരുവിവരം തെററിപ്പോകരുതു്. കെ. രാമൻമേനോനുപകരം എൻ. രാഘവപിള്ള എന്നോ,

മാധവൻപിള്ളയ്ക്കു പകരം മാതേവൻപിള്ള എന്നോ, മററോ എഴുതിപ്പോകരുതു്. ചില പത്രക്കാർ ചിലരുടെ ഭാൎയ്യമാരെക്കൂടിയും 'വകമാററം' ചെയ്യുകണ്ടിട്ടുണ്ടു്. രാമൻനായരുടെ ഭാൎയ്യയുടെ പേരു് പി. കെ. ഭാരതിഅമ്മയെന്നും, കൃഷ്ണമേനവന്റെ ഭാൎയ്യയുടെ പേരു് ബി. എ. ഭാരതിഅമ്മ എന്നും ആയിരുന്നാൽ, രാമൻനായരുടെ ഭാൎയ്യയെ ബി. എ. ഭാരതിഅമ്മയായും, കൃഷ്ണമേനോന്റെ ഭാൎയ്യയെ പി. കെ. ഭാരതിഅമ്മയായും തെററിച്ചെഴുതിയാലുണ്ടാകുന്ന മൎയ്യാദകേടു് എന്തുമാത്രമായിരിക്കുമെന്നോർക്കേണ്ടതാണു്. ആകയാൽ ആളുകളുടെ പേരുവിവരം വളരെ സൂക്ഷ്മമായി അന്വേഷിച്ചറിഞ്ഞു് സന്ദേഹങ്ങൾ നീക്കിവേണം എഴുതുവാൻ. അതിന്മണ്ണംതന്നെ, ഒരുവൻ ചെയ്ത പ്രസംഗത്തെ മറെറാരാളുടെ മുഖത്തുനിന്നു പുറപ്പെട്ടതാണെന്നു വരുത്തരുതു്. ആളുകൾക്കു് അതു ചിലപ്പോൾ 'കട്ടുനേടിയ യശസ്സു്' ആയിട്ടും മററു ചിലപ്പോൾ അപയശസ്സായിട്ടും ഭവിച്ചേക്കും. സന്ദേഹമുള്ളപക്ഷത്തിൽ ഊഹത്തെ ആശ്രയമാക്കിക്കൊണ്ടു് എഴുതരുതു്. വാസ്തവമെന്തെന്നു് അന്വേഷിച്ചതിന്റെ ശേഷം മതി എഴുതുവാൻ. ഡിസ്ത്രിക്റ്റു് റിപ്പോർട്ടർ തന്റെ അതിരിന്നുള്ളിൽ നടക്കുവാൻപോകുന്ന എല്ലാ കാൎയ്യങ്ങൾക്കും ദിവസക്കുറിപ്പു വെയ്ക്കയും, അതതു ദിവസങ്ങളിൽ അതതു കാൎയ്യങ്ങളെ അന്വേഷിച്ചുകൊള്ളുകയും വേണ്ടതാണു്. ചിലപ്പോൾ ചില പ്രധാനപ്പെട്ട സംഭവങ്ങൾ തന്റെ അയൽസ്ഥലത്തു് ഉണ്ടായെക്കാം. അവയെപ്പററി താൻതന്നെ പോയിരുന്നു വൃത്താന്തമെഴുതുന്നതിന്നു പോകുവാൻ സാധിക്കയില്ലെങ്കിൽ, ആ സ്ഥലത്തുള്ള ഒരു വിശ്വസ്തനെ ഭരമേല്പിച്ചു റിപ്പോർട്ടു വരുത്തുന്നതു യുക്തമായിരിക്കും. ചിലപ്പോൾ, സഭവക റിപ്പോർട്ടുകൾ, പ്രസംഗങ്ങൾ എന്നിങ്ങനെയുള്ളവ കാലേക്കൂട്ടിത്തയ്യാറാക്കീട്ടുണ്ടായിരിക്കും: അവയെ മുൻകൂട്ടി മേടിച്ചു സംഗ്രഹിച്ചു വെയ്ക്കാം. അതിലേക്കായും മററും അതതു് ആളുകൾക്കു് നേരത്തെ കത്തെഴുതി മറുവടി വരുത്താവുന്നതാണു്. തന്റെ ഡിസ്ത്രിക്റ്റിലെ ഏതേതു കാൎയ്യങ്ങളെപ്പററിവേണം റിപ്പോർട്ടു് എഴുതുവാൻ എന്നു പത്രാധിപർക്കു് എഴുതി വിവരം അറിഞ്ഞിരിക്കണം. താൻ എഴുതി അയയ്ക്കുന്നലേഖനത്തിൽനിന്നു് ഏററ

ക്കറെ യാതൊന്നും തടഞ്ഞുകളയാതിരിക്കണമെങ്കിൽ, പത്രാധിപർക്ക് ആ സംഗതിയെക്കുറിച്ച് മുൻകൂട്ടി വിവരം ഉണ്ടായിരിക്കേണ്ടതാണല്ലോ. തനിക്ക് അതുലക്കത്തിൽ ഇത്രയിത്ര പംക്തി ആവശ്യപ്പെട്ടമെന്നും, ഇന്നയിന്ന കാര്യങ്ങൾ വരാൻപോകുന്നു എന്നും റിപ്പോർട്ടർ പത്രാധിപരെ കാലേകൂട്ടി അറിയിച്ചിരുന്നാൽ, പത്രാധിപർ അതിലേക്കു മുൻകരുതൽ ചെയ്തിരിക്കും. തനിക്കും തൻെറ റിപ്പോർട്ടിനെ കൗതുകത്തോടെ പ്രതീക്ഷിക്കുന്ന തന്റെ ഡിസ്ത്രിക്ട് വായനക്കാർക്കും ആശാഭംഗത്തിന്ന് ഇടവരാതിരിക്കയും ചെയ്യും. ഇക്കാര്യങ്ങളിലൊക്കെ ഡിസ്ത്രിക്ട് റിപ്പോർട്ടർ ഏറെക്കുറെ ഒരു പത്രാധിപർക്കൊപ്പം ഗുണാഗുണവിവേചനം ചെയ്യണം. പിന്നെ ഒരു കാര്യം ഓർമ്മവെക്കേണ്ടതു, റിപ്പോർട്ടർക്കു പത്രാധിപരെപ്പോലെ അജ്ഞാതനാമാവായിരിപ്പാൻ സാധിക്കയില്ലെന്നതാണ്: റിപ്പോർട്ടർ എപ്പോഴും തൻെറ ഡിസ്ത്രിക്ടിലെ ആളുകളുമായി ഇടപഴകി നടക്കേണ്ടവനായകയാൽ, റിപ്പോർട്ടിനാൽ ദോഷപ്പെട്ടുപോവാൻ സംഗതിവരുന്ന ആളുകളുടെ വിരോധത്തേയും, ഗുണപ്പെടുന്നവരുടെ സന്തോഷത്തേയും സമ്പാദിക്കാനിടയാകും. താൻ അസത്യമായോ അസംബന്ധമായോ ദ്വേഷപൂർവ്വമായോ വല്ലതും ദൂഷ്യമെഴുതിയാൽ, ശത്രുക്കളെക്കൊണ്ടു തനിക്കു ശല്യമുണ്ടായേക്കും; തൻെറ പത്രത്തിനും ദോഷംവന്നേയ്ക്കും. റിപ്പോർട്ടർക്കു യാതൊരാളോടും സ്വകാര്യവൈരം ഉണ്ടായിരുന്നില്ലെങ്കിൽക്കൂടി, ചിലപ്പോൾ ചില സ്വകാര്യതല്പരന്മാരുടെ കുടുക്കിൽപ്പെട്ടുപോയി എന്നു വരാം. ആ സ്ഥിതിയിലാണു പക്ഷപാതിയായിത്തീൎന്നു ശത്രുക്കളെ ഉണ്ടാക്കുന്നതു്. ചെറുപ്പക്കാരായ റിപ്പോർട്ടർമാർ ഇങ്ങനത്തെ കുടുക്കുകളിൽപെട്ടു വലയുവാനിടയാവുന്നതു് അസാധാരണമല്ല. സ്വകാര്യവൈരത്തെ പ്രദർശിപ്പിക്കാൻ വർത്തമാനപത്രത്തോളം സൗകര്യപ്രദമായ സ്ഥലം മറെറാന്നില്ല; റിപ്പോർട്ടരുടെ സ്ഥാനം അതിലേയ്ക്കു് എളുപ്പമായ മാർഗ്ഗവുമാണ്. ചെറുപ്പക്കാർ തങ്ങളുടെ ഈ പ്രലോഭനത്തെ എത്രയും വിവേകത്തോടെ അടക്കിയിരുന്നാൽ, അപകടം ഉണ്ടാകാതെ കഴിയും. ഡിസ്ത്രിക്ട് റിപ്പോർട്ടർ വൃത്താന്താഖ്യാനം ചെയ്യുന്നതിന്നും പുറമേ, തൻെറ ഡിസ്ത്രിക്ടിലെ വല്ല

വിശേഷകാൎയ്യങ്ങളേയുംപററി കുറിപ്പുകൾ എഴുതിഅയയ്ക്കു യും, തദ്ദേശജനങ്ങളുടെ അഭിപ്രായങ്ങളെ പ്രതിഫലിപ്പിക്ക യും ചെയ്യുന്നതു തൻെറ തൊഴിലിൽ അഭിവൃദ്ധികരം, പത്ര ത്തിന്നു് ആ ഡിസ്ത്രിക്ടിൽ സ്ഥിരപ്രതിഷ്ഠയ്ക്കും ഉതകുന്നതാണു്. താൻ പത്രത്തിലേയ്ക്കു് അയച്ചുകൊടുക്കുന്ന യാതൊരു ലേഖന വും വ്യക്തമായ കൈയക്ഷരത്തിൽ എഴുതിയിരിക്കയും, അതി ലെ സംഗതികളെ വീണ്ടും വീണ്ടും ആലോചിച്ചു നിശ്ചയം വരുത്തുകയും, പേരുകൾ മുതലായ വിവരങ്ങളിൽ യാതൊരു വീഴ്ചയും ഇല്ലെന്നു നിൎണ്ണയപ്പെടുത്തുകയും ചെയ്തിരിക്കണം. പത്രത്തിലേക്കയച്ചുകഴിഞ്ഞാൽപ്പിന്നെ, അച്ചടിക്കുംമുമ്പ് അ തു കാണ്മാനും വല്ല വീഴ്ചയുണ്ടായിരുന്നാൽ തിരുത്തുവാനും ത നിക്കു സാധിക്കുകയില്ലെന്നു് ഓൎക്കുന്നതായാൽ തൻെറ ശ്രദ്ധ എത്രയേറെ ആവശ്യകമാണെന്നു ബോദ്ധ്യമാവും. കൈയെ ഴുത്തുപകൎപ്പുകളൊക്കെ കഴിവുള്ളേടത്തോളം കാലേകൂട്ടി പ ത്രകാൎയ്യാലയത്തിൽ എത്തിച്ചിരുന്നില്ലെങ്കിൽ, അവ വരുന്ന ലക്കത്തിലേയ്ക്കു് ഉപയോഗപ്പെട്ടിട്ടില്ലെന്നും, പിന്നത്തെ ലക്ക ത്തിന്നു വളരെ പഴകിപ്പോയി എന്നും ആക്ഷേപം വന്നേയ്ക്കും. ഇതുനിമിത്തം ചിലരുടെ മുഷിച്ചിലിനും പാത്രമായേക്കും.

ഡിസ്ത്രിക്ട്റിപ്പോൎട്ടരുടെ പ്രവൃത്തി വാസ്തവത്തിൽ, വ ൎത്തമാനനിവേദനമായിരുന്നാലും, ചില പത്രങ്ങളുടെ വിഷ യത്തിൽ, അതിൻെറ നിൎവ്വാഹകൻെറ നിലയിൽ ചെയ്യേണ്ട തായ ചില കാൎയ്യങ്ങൾക്കൂടെ ഉണ്ടായിരിക്കും. തൻെറ ഡിസ്ത്രി ക്ടിലെ വരിക്കാരോടു വരിപ്പണം മേടിച്ചു പത്രനിൎവ്വാഹകന്നു് അയച്ചുകൊടുക്കുക, പുതിയ വരിക്കാരെ ചേൎക്കുക എന്നീ പ്ര വൃത്തികൾ റിപ്പോൎട്ടരുടെ ചുമതലയിൽപ്പെട്ടതായി വരും. വിശേഷിച്ചും, തൻെറ പത്രം തുടങ്ങീട്ടു് അധികകാലം ആയി ട്ടില്ലാത്തതാണെങ്കിൽ, അതിന്നു് ഒരു സ്ഥിരപ്രതിഷ്ഠ ഉണ്ടാ കുംവരെ ഇങ്ങനെ ചില സഹായങ്ങൾ റിപ്പോൎട്ടരാൽ സാ ദ്ധ്യമായിട്ടുണ്ടു്; കുറെ പഴക്കംചെന്ന പത്രങ്ങൾക്കു് ഇങ്ങനെ ഒരാവശ്യം റിപ്പോൎട്ടരെക്കൊണ്ടു നിറവേററാൻ ഉണ്ടായില്ലെ ന്നു വരാം. ഒരുവൻ ഡിസ്ത്രിക്ട് റിപ്പോൎട്ടരായിരിക്കട്ടെ, പത്ര കാൎയ്യാലയത്തിൽ പണിയെടുക്കുന്ന കുട്ടിത്തരം റിപ്പോൎട്ടരായി രിക്കട്ടെ; ഏതു നിലയിലായിരുന്നാലും പത്രത്തിലേയ്ക്കു പര

സ്യങ്ങൾ ശേഖരിക്കുന്ന ജോലികൂടെ ചില സമയങ്ങളിൽ അവൻെറ ചുമതലയിൽ പെട്ടിരിക്കും. ഇതിലേയ്ക്കു് അവന്നു പ്രത്യേകം പ്രതിഫലവും അനുവദിക്കപ്പെട്ടും. വിശേഷിച്ചും, അവൻെറ റിപ്പോർട്ടർപണിക്കുള്ള പ്രതിഫലം ചുരുങ്ങിയതാണെങ്കിൽ, ഇങ്ങനെ കൂടുതൽ ആദായത്തിന്നുള്ള മാൎഗ്ഗം ഉണ്ടാക്കിക്കൊടുപ്പാൻ പത്രനിൎവ്വാഹകൻ ഒരുക്കമായിരിക്കും; അതു പത്രത്തിൻെറ നടപ്പിന്നുതന്നെ അഭിവൃദ്ധി വരുത്തുന്ന കാൎയ്യമാണല്ലോ. എന്നാൽ, പത്രത്തിന്നു പരസ്യങ്ങൾ ചേർത്തുവെപ്പാൻ തക്കവണ്ണം ധാരാളം അച്ചുകളും, മററു് ഉപകരണങ്ങളും സംഭരിക്കുന്നതിലേയ്ക്കു വേണ്ട മൂലധനം മുടക്കിയിരിക്കുന്നില്ലെങ്കിൽ, റിപ്പോർട്ടരുടെ പരസ്യകാൎയ്യവിഷയമായുള്ള പരിശ്രമങ്ങൾക്കു സാഫല്യം തൃപ്തികരമായില്ലെന്നു വന്നേയ്ക്കും. അതെങ്ങനെയിരുന്നാലും, റിപ്പോൎട്ടർമാരുടെമേൽ വൎത്തമാനനിവേദനമൊഴികെ, മറ്റു പ്രവൃത്തികൾ ചുമത്തുന്നതു വിഹിതമല്ലെന്നാണു പറയേണ്ടതു്. ധാരാളം മൂലധനശക്തിയുള്ള പത്രങ്ങൾ അങ്ങനെ ഒരു പ്രവൃത്തി ചെയ്യിക്കയില്ല, മൂലധനശക്തി ചുരുങ്ങിയ പത്രങ്ങൾക്കു് അത്യാവശ്യമായി വന്നേയ്ക്കാം.

റിപ്പോർട്ടർ താല്പൎയ്യത്തോടെ പണിയെടുക്കുന്നവനായിരുന്നാൽ, അവന്നു ഡിസ്ത്രിക്ടിലെ പ്രവൃത്തികൊണ്ടു്, ഒന്നുരണ്ടു കൊല്ലത്തിന്നുള്ളിൽ, പത്രത്തൊഴിലിൽ ഉയൎന്ന പടികളിലേയ്ക്കു കടക്കാനുള്ള യോഗ്യത സിദ്ധിച്ചിരിക്കും. അവൻ പത്രകാൎയ്യാലയത്തിൽനിന്നു് അകന്നിരുന്നു പ്രവൃത്തിയെടുക്കുന്നവനാകകൊണ്ടു്, നഗരത്തിലെ ക്ലേശങ്ങൾ അവന്നു തട്ടുകയില്ല; ഏതു കാൎയ്യവും ക്ഷമയോടെ ചിന്തിച്ചു തീർച്ചപ്പെടുത്തുവാൻ ശീലിക്കയും ചെയ്യും. പിന്നെ, വിശേഷകാൎയ്യങ്ങളെപ്പററി റിപ്പോർട്ടു് എഴുതുവാനായി തൻെറ ഡിസ്ത്രിക്ടിൽ വന്നുചേരുന്ന മററു പത്രങ്ങളുടെ റിപ്പോർട്ടർമാരുമായി ഇടപഴകി പുതിയ അറിവുകൾ നേടുവാനും കഴിയും.

അദ്ധ്യായം നാല്

## ഖണ്ഡലേഖനം ഒന്ന്

വൃത്താന്തസൂചനകൾ കുറിച്ചെടുത്താൽമാത്രം പോരാ; അവയെ പത്രത്തിൽ വിളമ്പുന്നതിന്നു തക്കവണ്ണം 'പാക'പ്പെടുത്തണം. ഇതു റിപ്പോർട്ടർമാരൊക്കെ അവശ്യം ചെയ്യേണ്ട കഴിയൂ. ഏതുതരം റിപ്പോർട്ടരും തന്റെ കൈക്കലുള്ള വൎത്തമാനങ്ങളെ ചെറിയ'ഖണ്ഡികകൾ' ആക്കിക്കൊടുക്കേണ്ടതു പത്രനടത്തിപ്പിൽ ഒരു പ്രധാനകാൎയ്യമാണ്. ഈ ഖണ്ഡലേഖനങ്ങൾ ആണ് പത്രത്തിന്റെ അംഗങ്ങൾ. ഒരു ചുമരുകെട്ടുന്നതിന്ന് ഇഷ്ടികകൾ എങ്ങനെയോ, ഒരു പത്രം സജ്ജീകരിക്കുന്നതിന്നു ഖണ്ഡികകൾ അതേപ്രകാരം പ്രമാണഘടകമായിരിക്കുന്നു. വൃത്താന്തങ്ങൾ ശേഖരിക്കുന്ന റിപ്പോൎട്ടരുടെ പക്കൽനിന്നു ചെല്ലുന്ന വൎത്തമാനക്കുറിപ്പുകൾക്കുപുറമേ, മറ്റൊരുവിധം ഖണ്ഡലേഖനങ്ങൾകൂടി പത്രങ്ങളിൽ കാണാറുണ്ടല്ലോ: ഇവയെ പത്രാധിപക്കുറിപ്പുകൾ എന്നു വിളിക്കുന്നു. ഈ രണ്ടുതരം ഖണ്ഡലേഖനങ്ങളും സ്വഭാവതഃ ഭിന്നങ്ങളാണെന്നു ധരിക്കേണ്ടതാകുന്നു: രണ്ടും ചെറിയ കുറിപ്പുകൾ ആയിരിക്കുന്നു എന്ന ഒരു സംഗതിയേ അവയ്ക്കു സമാനധൎമ്മത്തെ കാണിക്കുന്നുള്ളു; മററു സംഗതികളിൽ അവ ഭിന്നധൎമ്മങ്ങളായിട്ടുള്ളവയാകുന്നു. റിപ്പോർട്ടർ പാകപ്പെടുത്തി വിളമ്പുന്ന ഖണ്ഡലേഖനങ്ങൾ വെറും വൎത്തമാനങ്ങൾ അടങ്ങിയവയാണ്; പത്രാധിപക്കുറിപ്പുകൾ ആയുള്ള ഖണ്ഡലേഖനങ്ങൾ പലപ്പോഴും വൎത്തമാനങ്ങളെപ്പററിയുള്ള വിമർശനങ്ങളോ, ചിലപ്പോൾ രാജ്യഭരണസംബന്ധമായ ഏതാൻ കണക്കുകൾമാത്രമോ, ചിലപ്പോൾ അന്യത്ര ചേൎത്തിട്ടുള്ള വൎത്തമാനങ്ങളെ സമാഹരിച്ച് വായനക്കാരുടെ ദൃഷ്ടിയെ ക്ഷണിക്കുന്ന ജ്ഞാപകങ്ങളോ ആയിരിക്കും. ഈ വിധങ്ങളിലുള്ള ഖണ്ഡലേഖനങ്ങൾ ഇല്ലാതെ ഒരു പത്രവും നടന്നുകാണുന്നില്ലെന്നു പറയാം.

ചെറിയ ചെറിയ വൎത്തമാനക്കുറിപ്പുകൾകൊണ്ടു വായ

നക്കാരുടെ ശ്രദ്ധയെ ആകർഷിക്കുക എന്നതു സാധാരണ പത്രങ്ങൾക്കൊക്കെ, വിശേഷിച്ചു പ്രതിവാരപത്രങ്ങൾക്കു, കർത്തവ്യമായിട്ടുകൂടെ തീൎന്നിട്ടുണ്ടു്. സരസമായും, സാരവത്തായും, സംക്ഷിപ്തമായും ഉള്ള വൎത്തമാനഖണ്ഡങ്ങൾ നിറഞ്ഞിരിക്കുന്ന ഒരു വൃത്താന്തപത്രത്തോളം, തദ്ദേശവായനക്കാരെ സംതൃപ്തിപ്പെടുത്തുന്നതിന്നു, മററൊരുതരം പത്രത്തിനും ശക്തിയില്ലാ. സരസം, സാരവത്തു് എന്ന വിശേഷണങ്ങൾ, ചിലപത്രങ്ങളിലെ റിപ്പോർട്ടർമാർ സഭായോഗനടവടികളെപ്പററി എഴുതുമ്പോൾ ഓരോരോ പ്രസംഗങ്ങളെക്കുറിച്ചു ചെയ്യുമാറുള്ള വെറും വിശേഷണങ്ങളേപ്പോലെ, വിചാരിച്ചുപോകരുതു്. ആ വൎത്തമാനക്കുറിപ്പുകൾ, വാസ്തവത്തിൽ സരസവും സാരവത്തും ആയിരിക്കണം. വൎത്തമാനങ്ങൾ എന്തൊക്കെയാവാം? ബഹുജനങ്ങൾക്കു വിനോദമോ വിജ്ഞാനമോ നൽകുന്നതായ ഏതൊരു വൎത്തമാനവും സത്യാനുരോധേനയും സഭ്യമൎയ്യാദയെ അനുസരിച്ചും പ്രതിപാദിക്കാവുന്നതാണു്. ആൾതിങ്ങിനടക്കുന്ന ഒരു തെരുവിൽ ഒരു കാളയോ കുതിരയോ വിരണ്ടോടിയതാകട്ടെ, ഒരു പുരയ്ക്കു തീകത്തിയതാകട്ടെ, ഒരു ആകസ്മികമരണമുണ്ടായതാകട്ടെ, ഒരു നാടകമോ പന്തുകളിയോ നടന്നതാകട്ടെ, ഒരുവന്നു് ഒരു പ്രശംസാപത്രം ലഭിച്ചതാകട്ടെ—ഇങ്ങനെ പല സംഗതികളും വൎത്തമാനക്കുറിപ്പുകൾക്കു വിഷയം ആകാം. ഇവയെ എഴുതി ഫലിപ്പിക്കുന്നതു റിപ്പോൎട്ടരുടെ സാമൎത്ഥ്യത്തെ ആശ്രയിച്ചിരിക്കും. ഒരു പ്രദേശത്തു് ഒന്നിലധികം പത്രങ്ങൾ ഉണ്ടായിരുന്നാൽ, ഇവതമ്മിൽ വൎത്തമാനങ്ങൾ പ്രതിപാദിക്കുന്ന വിഷയത്തിൽ എപ്പോഴും മത്സരമുണ്ടായി എന്നു വരാം. മററുകാൎയ്യങ്ങളിൽ സാധാരണ ഉണ്ടായിരിക്കാവുന്ന മത്സരം റിപ്പോർട്ടരുടെ ശ്രദ്ധയെ അത്രത്തോളം അർഹിക്കുന്നില്ല. പത്രവായനക്കാർ പത്രം വിടൎത്താൽ ആദ്യമായി കൗതുകത്തോടെ നോക്കുന്ന 'സ്വദേശവാൎത്താ'പംക്തി കുറുകിയിരുന്നാൽ അതൃപ്തിയും, എത്രയും നീണ്ടിരിക്കുന്നതായി കണ്ടാൽ അനല്പമായ സന്തോഷവും ഉണ്ടാകാറുണ്ടു്. ഈ സ്ഥിതിക്കു്, റിപ്പോർട്ടർമാർ സ്വന്തം പത്രത്തിൻെറ അഭ്യുദയത്തിങ്കലും, സ്വന്തം അഭിവൃദ്ധിയിങ്കലും താല്പൎയ്യമുള്ളവരാണെന്നിരിക്കിൽ, അവർക്കു വർത്തമാനങ്ങൾ ശേഖരിച്ചു്

വായനക്കാരെ ആകഷിക്കാൻ തക്ക രീതിയിൽ എഴുതി ഫലിപ്പിക്കുന്നതിന്നു് എത്രവളരെ ശ്രദ്ധവെച്ചാലും അതു് അധികമായിപ്പോയി എന്നു് ആക്ഷേപം വരുകയില്ല. മത്സരമുള്ളപ്പോൾ പത്രാധിപന്മാർ റിപ്പോർട്ടരുടെ വർത്തമാനക്കുറിപ്പുകളെ എത്രയോ സൂക്ഷ്മമായും നിഷ്പക്ഷമായും പരിശോധിപ്പാനും, അവ മററു പത്രങ്ങളോടു കിടനില്ക്കയില്ലെങ്കിൽ അവക്കു റിപ്പോർട്ടരുടെ സാമത്ഥ്യത്തെക്കുറിച്ചു് അഭിമാനം കുറവാനും ഇടയാകുന്നതാകുന്നു.

ഖണ്ഡലേഖനങ്ങൾ എഴുതുന്നതിലേക്കു് ആവശ്യമായുള്ളതു് അതിൽ അടക്കേണ്ടതായ 'വക'കൾ ആകുന്നു. ഈ 'വക'കൾ എവിടെനിന്നാണു ലഭിക്കുക? പത്രക്കാരൻ തന്റെ മനോരാജ്യത്തിൽ സൃഷ്ടിച്ചുവിടുന്നവയാണൊ? അവൻ എങ്ങനെയാണു് എല്ലാ സംഗതികളെയും അറിയുന്നതു്? പത്രറിപ്പോർട്ടർമാർ സർവ്വജ്ഞന്മാരും സർവ്വസാക്ഷികളും ആണെന്നു ചിലർക്കു തോന്നിപ്പോയേക്കാം. വാസ്തവം അങ്ങനെയല്ല. പത്രത്തിൽ പ്രസ്താവിക്കുന്ന വാത്തകൾ എല്ലാം റിപ്പോർട്ടർ സ്വന്തം കണ്ണാലേ കണ്ടവ ആയിരിക്കയില്ല; പലേ സംഗതികളിലും അവന്നു് അറിവുകിട്ടുന്നതു് അന്യന്മാർ വഴിയായിട്ടാണു്. എന്നാൽ ഇപ്രകാരം ലഭിക്കുന്ന അറിവുകളെ ഉപയോഗപ്പെടുത്തുന്നതിൽ അവൻ നല്ല മുൻകരുതൽ വെച്ചുകൊണ്ടിരുന്നാൽ, എല്ലാ വാത്തകളും അവൻ തന്നെ കണ്ണാലെ കണ്ടു കഥിച്ചതുപോലെ വിചാരിക്കാം. ഒരു സംഗതിയെപ്പററി റിപ്പോട്ടർക്കു് അനുഭവത്താൽ അറിവില്ലെങ്കിൽ, അതു കണ്ടിട്ടുള്ളവനെയോ, അതുസംബന്ധമായ വാസ്തവവിവരങ്ങൾ കൈവശമുള്ളവനെയോ തിരഞ്ഞുപിടിച്ചു്, ആ വഴിക്കു വേണ്ട വിവരങ്ങളൊക്കെ ഗ്രഹിപ്പാൻ സാധിക്കുന്നതാണു്. അതു സംഗതിയുടെ സാരഭാഗത്തെ ഗ്രഹിപ്പാൻതക്ക സാമത്ഥ്യം അവനുണ്ടായിരിക്കണം; അന്യന്മാരിൽനിന്നു ലഭിക്കുന്ന അറിവുകളിൽ അനാവശ്യമായ പലതും കലന്നിരിക്കാം; ഇവയെ തള്ളിക്കളയാനും വേണ്ടതുമാത്രം എടുപ്പാനും, പക്ഷപാതം കൂടാതെയിരിപ്പാനും അവൻ ശ്രദ്ധവെച്ചുകൊണ്ടാൽ, തന്റെ വത്തമാനക്കുറിപ്പുകളെപ്പററി പത്രാധിപക്കോ വായനക്കാക്കോ വെറുപ്പുതോന്നാൻ കാരണമുണ്ടായിരിക്കയില്ല.

ഖണ്ഡലേഖനങ്ങൾക്കു വകകൾ സംഭരിപ്പാൻ, റിപ്പോർട്ടർക്കു്, സക്കാർജീവനക്കാരുമായി നിശ്ചയമായും പരിചയമുണ്ടായിരിക്കണം. പൊലീസ്ജീവനക്കാരുമായി വിശേഷിച്ചും ഇടപഴകണം. പൊതുവിൽ സംബന്ധിക്കുന്ന കാൎയ്യങ്ങൾ ആരുടെയൊക്കെ പക്കൽനിന്നു് അറിയാൻകഴിയുമോ, അവരെയൊക്കെ ദിവസംതോറും കണ്ടു് പ്രശ്നം ചെയ്യണം. പൊലീസ്സ്റ്റേഷൻ, മജിസ്റ്റേററ്കോടതി, റെവന്യൂകച്ചേരി, ആശുപത്രി, തീവണ്ടിആപ്പീസ്സ്, മററു പൊതുവകസ്ഥാപനങ്ങൾ—ഇങ്ങനെ നാനാസ്ഥലങ്ങളിലും ചെന്നു്, അവയിലെ ജീവനക്കാരുമായി സംഭാഷണം ചെയ്തു്, പുതിയ വാൎത്തകൾ ഗ്രഹിപ്പാൻ എപ്പോഴും താല്പൎയ്യത്തോടുകൂടിയിരിക്കണം. ആ ജീവനക്കാരെ അപ്പീസുകളിൽ ചെന്നുകാണുന്നതു യുക്തം അല്ലെന്നിരിക്കുമ്പോൾ, അവരുടെ ഗൃഹങ്ങളിൽപോയി അവരുടെ അവസരം നോക്കിക്കണ്ടു സംസാരിക്കണം. ചിലർ യാതൊരു ഭയവും കൂടാതെ, വാൎത്തകൾ പറയുന്നുണ്ടായിരിക്കും; ചിലർ ഭയശീലന്മാരായിട്ടു തുറന്നുപറകയില്ല, മററു ചിലർ വാസ്തവത്തെ മറച്ചുവെയ്ക്കും; വേറേ ചിലർ മനഃപൂൎവ്വം വാസ്തവത്തിന്നു വിപരീതമായി പറയും; ഇനിയും ചിലർ കേൾവിയെമാത്രം അധിഷ്ഠാനമാക്കിക്കൊണ്ടു് അവ്യക്തമായി വല്ലതും പറയും. ഇത്തരത്തിൽ പലമാതിരി ആളുകളോടൊക്കെ സംസാരിച്ചുവേണം വാൎത്തകൾ ശേഖരിപ്പാൻ. ഇവർ പറയുന്നവയിൽ വാസ്തവം ഇത്ര, അവാസ്തവം ഇത്ര, എന്നു വിവേചിപ്പാൻ തക്ക ബുദ്ധികൗശലം റിപ്പോർട്ടൎക്കു് ഇല്ലെന്നിരിക്കിൽ, അവനും പത്രവും എത്ര എളുപ്പത്തിൽ അബദ്ധക്കുണ്ടിൽ പതിക്കുന്നതാണു്! ആളുകളുടെ സ്വഭാവങ്ങളെ മനസ്സിലാക്കാനുള്ള ബുദ്ധിചാതുൎയ്യം റിപ്പോർട്ടൎക്കു് ഉണ്ടായിരുന്നാൽ, അബദ്ധത്തിൽ ചെന്നുചാടുകയില്ല. വാസ്തവം പറയുന്ന ശീലമുള്ളവരോടു പ്രശ്നംചെയ്യുമ്പോൾ ഉടൻ മറുപടി കിട്ടുന്നതുകൊണ്ടു തൃപ്തിപ്പെടാം; സന്ദേഹപ്പെടാൻ ആവശ്യമില്ലാ. തുറന്നുപറയാൻ മടിക്കുന്നവരോടു കുറേക്കൂടെ പ്രശ്നങ്ങൾചെയ്തു വാസ്തവങ്ങൾ ഒക്കെ പുറമെ വരുത്താം. ചിലരോടു കുറെ അധികം സംസാരിക്കേണ്ടിവന്നേക്കും. ഒരു സംഗതിയെപ്പററി അല്പസ്വല്പം വല്ല അറിവും കിട്ടിയിരുന്നാൽ മുഴുവൻ അറിവാനും

വാസ്തവനിർണ്ണയം ചെയ്യാനും, ചില തരക്കാരോടു്, താൻ കേട്ടിട്ടുള്ളതിന്നു നേരേ വിപരീതമായ ഒരു സംഭവത്തെ സംഭാവനം ചെയ്തുംകൊണ്ടു പ്രശ്നം ചെയ്യേണ്ടതായിരിക്കും. ചിലരോടു് ഇല്ലാത്ത സംഗതികളെപ്പററി ചോദിക്കുമ്പോൾ, അവർ ആ അവാസ്തവസംഗതി പത്രത്തിൽ കാണരുതല്ലൊ എന്നു വിചാരിച്ചു, വാസ്തവംകൊണ്ടു് അവാസ്തവത്തെ നിഷേധിക്കും. ചിലരോടു സ്വകാര്യസംഗതികളെപ്പററി സംസാരിക്കാൻ ഏർപ്പെട്ടിട്ടു ക്രമേണ സർക്കാർകാര്യങ്ങളിൽ കടന്നുകൂടാം. ഇങ്ങനെ പലമാതിരി പ്രകൃതിക്കാരോടും പെരുമാറേണ്ട സമ്പ്രദായങ്ങളൊക്കെ ശീലിച്ചവനായിരിക്കുന്നപക്ഷം, റിപ്പോർട്ടർക്കു തന്റെ പ്രവൃത്തിയിൽ വിജയം ലഭിക്കുവാൻ പ്രയാസമില്ല. ഇതിലേക്കു സാമർത്ഥ്യമില്ലാത്തവനെക്കൊണ്ടു്, വർത്തമാനങ്ങൾ ശേഖരിപ്പാൻ കൊള്ളുകയില്ല; വെറും സ്വനഗ്രാഹിയന്ത്രത്തിന്നൊപ്പം, സഭായോഗങ്ങളിലെ പ്രസംഗങ്ങൾ തുടങ്ങിയ നടപടികളെ പ്രതിഫലിപ്പിക്കാനേ കൊള്ളു. ഏതു വിധത്തിലായാലും, വർത്തമാനക്കുറിപ്പുകൾക്കുള്ള 'വക'കൾ ശേഖരിക്കുമ്പോൾ, കാര്യസാരത്തിൽ കടന്നുചെല്ലുവാനുള്ള സാമർത്ഥ്യം റിപ്പോർട്ടർക്കു പഴമപരിചയത്താൽ സിദ്ധിക്കേണ്ടതാണു്. അതു ഗ്രഹിപ്പാൻ കഴിയാതെ, സ്വകാര്യതല്പരന്മാരായ ആളുകളുടെ കുടുക്കിൽ പെടുവാനിടവരുന്നതു് ആശാസ്യമല്ല. ജനശ്രുതികളെ നിശ്ചയഗർഭമായ വിധത്തിൽ പ്രസ്താവിക്കയോ, നിശ്ചയമായ സംഗതികളെ ജനശ്രുതിയായി പറകയോ ചെയ്യുന്നതു യുക്തമല്ലതാനും. ചിലപ്പോൾ സംശയഗ്രസ്തമായ സംഗതികളെ കേൾവികളായി പ്രസ്താവിക്കുന്നതും തീരെ അവിഹിതമായ സമ്പ്രദായമാണു്. "രാമമേനോൻ മരിച്ചുപോയതായി കേൾക്കുന്നു."—എന്നൊരു വാർത്ത വാസ്തവാനുരോധേന ഉള്ളതായിരുന്നാൽ, 'കേൾക്കുന്നു'വിന്നു് ആവശ്യമില്ല; സംശയഗ്രസ്തമാണെങ്കിൽ ഇത്ര ഗൗരവപ്പെട്ട ഒരു സംഗതിയെ സംശയനിവാരണം വരുത്തിയതിനുമേൽ പ്രസ്താവിച്ചാൽ മതിയാകും. അല്ലാതെ ആ വാർത്തയുടെ വാസ്തവാവസ്ഥയെ ഭാഗ്യപരീക്ഷയ്ക്കു് അധീനപ്പെടുത്തുന്നതു് ഒരിക്കലും യുക്തമല്ല; ന്യായവുമല്ല.

വൃത്താന്തഖണ്ഡികകൾ അല്ലെങ്കിൽ, വർത്തമാനക്കുറിപ്പു

കൾ എഴുതുന്നതിലേക്കുള്ള വകകൾ ശേഖരിച്ചുകഴിഞ്ഞാൽ പിന്നീടു ചെയ്യേണ്ടതു, വർത്തമാനത്തെ ഒരു ഉചിതമായ രൂപത്തിൽ പ്രതിബിംബിപ്പിക്കുകയാണു്. സംഗതികളൊക്കെ, നടന്ന ക്രമത്തിൽ വിവരിക്കണം. പറയേണ്ടതൊക്കെ അന്യൂനമായി വെളിപ്പെടുത്തുവാൻ കഴിയുന്ന വാക്യങ്ങൾ ഉപയോഗിക്കണം. വാക്യങ്ങളൊക്കെ സംക്ഷിപ്തസാരമായും രമണീയമായും ഇരിക്കണം. ഖണ്ഡികകളും ചേർന്നതായ ഒരു തലവാചകവും ഉപയോഗിക്കണം. ഈ തലവാചകം വരിയുടെ നടുവിലല്ലാ നാട്ടേണ്ടതു്; വരിയുടെ ആരംഭത്തിൽ ഇടത്താറത്തു് എഴുതി, ഒരു രോധിനിചിഹ്നമായ ചെറിയ വരയിട്ടു് അതിനെ തുടർന്നു് വർത്തമാനം എഴുതുകയാണു് സാധാരണമായി സ്വീകരിക്കപ്പെട്ടിരിക്കുന്ന സമ്പ്രദായം. തലവാചകം, വർത്തമാനത്തിൻെറ സ്വഭാവം ഇന്നതാണെന്നു പ്രഥമതഃ തോന്നിക്കുമാറോ അല്ലെങ്കിൽ വായനക്കാരെ അതിലേക്കു് ആകർഷിക്കുമാറോ ആയിരിക്കണം. ഒരുവൻ വെള്ളത്തിൽ വീണു് മുങ്ങിമരിച്ചു എന്ന സംഭവത്തെ കഥിക്കുന്നതാണെങ്കിൽ, അതിന്നു 'മുങ്ങിമരണം—' എന്ന രീതിയിൽ തലവാചകം എഴുതുകയല്ലാതെ, 'ഒരു വിശേഷം' എന്നോ 'ജലക്രീഡ' എന്നോ മറേറാ അസംബന്ധമായിട്ടുള്ള തലവാചകം വെയ്ക്കരുതു്. 'എന്നാൽ,' 'എങ്കിലും,' 'വീണ്ടും' മുതലായ പദങ്ങൾ വാചകങ്ങളുടെ മുമ്പിൽവെച്ചു തൊടുത്തുകെട്ടി വർത്തമാനത്തെ ദുർഗ്രഹമായവിധത്തിൽ വളച്ചുപൊളച്ചു പറയുന്ന സമ്പ്രദായം തീരെ വർജ്ജ്യമാണു്. സ്വഭാഷാപദങ്ങൾ യഥേച്ഛം ലഭിക്കുന്നെടത്തു് അന്യഭാഷാപദങ്ങളെ കുത്തിച്ചെലുത്തിയും ഭംഗിക്കുവേണ്ടി അനാവശ്യമായ പഴമൊഴികൾ നിറച്ചും വർത്തമാനമെഴുതുന്നതു തീരെ ആക്ഷേപയോഗ്യമാകുന്നു. ഇതാ പകർക്കുന്ന വർത്തമാനക്കുറിപ്പുകളെ നോക്കുക:

"ശ്രീവർദ്ധനപുരം

കാലാവസ്ഥ

"വേനലിൻെറ കാഠിന്യം പരിതപ്തമായിരിക്കുന്നു. ജനങ്ങളുടെ ദേഹസൗഖ്യം അത്ര സുഗമമല്ല. കൂപതടാകങ്ങളിൽ ജലം കർദ്ദമസമ്മിളിതമായിട്ടാണു് കാണപ്പെടുന്നതു്.

തേങ്ങ അനേകദുർല്ലഭമായിരിക്കുന്നു. തന്നിമിത്തം വെളി ച്ചെണ്ണാദികൾക്കും വില കൂട്ടതലാണു്. ആട്ടമാട്ടുകളും ആ ഹാരപത്രങ്ങൾ കിട്ടാതെ ശബ്ദോൽപാദനത്തിന്നുപോല്ലം ശക്തിയെന്നിയേ ഉറക്കം തൂങ്ങുന്നു........."

('സുജനാനന്ദിനി'—1906 ഫെബ്രുവരി 2–ാംനു-)

"എറണാകുളം

"പ്രിയപത്രാധിപസ്സാറെ, നമ്മുടെ മാരുതഭഗവാന്റെ ഉപദ്രവം ഈയിട ഇവിടെ കുറെ കലശലുതന്നെയാണു്. ഇദ്ദേഹം അധികമായി ഉപദ്രവിക്കുന്നതു് ഡർബാർ റോ ഡിന്നരികിൽ പടിഞ്ഞാറോട്ടഭിമുഖമായി ഇരിക്കുന്ന ഷാ പ്പുകാരേയും മററുമാണു്. കാരണം എന്താണെന്നു സാറ റിഞ്ഞുവോ? മിസ്റ്റർ വായുവിന്റെ ശക്തി തടുക്കുന്നതിന്നായി നിന്ന തെങ്ങുകളെയെല്ലാം ഉന്മൂലനാശം ചെയ്തില്ലേ? പി ന്നെ അദ്ദേഹത്തിൻെറ ഇഷ്ടംപോലെ തുള്ളരുതെ? കാളേജു കെട്ടിടങ്ങളുടെ പഴയ ഓടുകൾ താൻ കുറെ അധികം പുതു താക്കിച്ചു. മഴയും ഒട്ടും കുറവല്ല."

('കേരളതാരക'—1911 ജൂൺ 30–ാംനു-)

"അമ്പലപ്പുഴ

"മഴയുടെ ഉപദ്രവത്താൽ വളരെ നഷ്ടങ്ങൾ സംഭവി ക്കുന്നുണ്ടു്. തണുപ്പോ അസഹനീയമായിരിക്കുന്നു. ഇപ്പോ ഴം വെള്ളം പൊങ്ങിവരുന്നതു പാത്രത്തിൽനിന്നും അടു പ്പിൽ എന്ന സമ്പ്രദായത്തിലാണു് കലാശിക്കുന്നതു്......"

('മലയാളി'—1911 ജൂലൈ 26–ാംനു-)

ഇക്കാണിച്ചവയിൽ, ഒന്നാമത്തേതു, തൽകത്താവിന്നു സംസ്കൃതപദപ്രയോഗത്തിങ്കൽ 'മോഹം' ഉണ്ടായിട്ടു് പദാ ത്ഥജ്ഞാനം ഇല്ലാതെ, വാചകപുഷ്ടിക്കുവേണ്ടി സംസ്കൃത പദങ്ങൾ നിറച്ചു് പണ്ഡിതമാനിതയെ കാണിച്ചിരിക്കുന്ന ലേഖനമാണു്. രണ്ടാമത്തേതിൽ, തൽകത്താവു ഫലിതമായി എഴുതുന്നു എന്നു ഭ്രമിച്ചു്, ചില ഗോഷ്ടികൾ കാണിച്ചിരിക്കു ന്നു. മൂന്നാമത്തേതിൽ, ഇംഗ്ലീഷിലെ ഒരു പഴമൊഴിയെ മല

യാളത്തിൽ തർജ്ജമചെയ്തു, വാചകഭംഗിക്കു ഉതകുമെന്നു വിചാരിച്ചു്, അസംബന്ധമായ വിധത്തിൽ പ്രയോഗിച്ചിരിക്കുന്നു; ഇതിൻെറ അൎത്ഥം വായനക്കാർക്കു സുഗ്രഹവുമല്ല. 'സാറേ,' 'പത്രാധിപച്ചേട്ടാ,' 'അനിയാ,' ഹേ ഹേ പത്രാധിപർസ്സാറേ,' 'ഓഹോ പൊന്നുചേട്ടാ,' 'കേട്ടില്ലേ സാറേ,' 'എന്താണെന്നല്ലേ സാറേ,' എന്നിങ്ങനെയുള്ള 'പായ്യാര'വാക്കുകളെ ചേൎത്തു വൎത്തമാനക്കുറിപ്പുകൾ രചിക്കുന്നതും, അവയെ അതേവിധം പ്രസിദ്ധീകരിക്കുന്നതും, പത്രത്തിൽ സാഹിത്യരസികതയെ പോഷിപ്പിക്കുന്നതായിരിക്കയില്ല; സാഹിത്യദൂഷകമായിരിക്കും താനും.

ഒരു വൎത്തമാനക്കുറിപ്പു് ഏതുരീതിയിലെങ്കിലും എഴുതിത്തള്ളിയാൽ മതിയെന്നു വിചാരിക്കരുതു്; ഒരു ഉപന്യാസത്തെ എത്ര വിചിത്രമായ രീതിയിൽ രചിക്കേണമെന്നു നിഷ്കർഷയുണ്ടോ, അതിന്മണ്ണംതന്നെ, ഒരു ചെറിയ വൎത്തമാനക്കുറിപ്പും വിചിത്രബന്ധമായിരിക്കണം. ചിത്രമെഴുത്തു രവിവൎമ്മതമ്പുരാൻെറ ചിത്രപടങ്ങളെ കാണുമ്പോൾ മനസ്സിനു് എന്തൊരു ആഹ്ലാദം, ഉണ്ടാകുന്നുവോ അതേപ്രകാരം ഉള്ള ഒരു ആഹ്ലാദം, ഒരു നല്ല ഉപന്യാസം വായിക്കുമ്പോഴും, ഉണ്ടാകേണ്ടതാണു്. അദ്ദേഹത്തിൻെറ ചിത്രമെഴുത്തുവിദ്യാനൈപുണ്യത്തിനൊപ്പം, ഉപന്യാസകൎത്താവിന്നു ഗദ്യരചനാനൈപുണ്യം ഉണ്ടായിരിക്കണം. അദ്ദേഹം ഒരു ചിത്രപടത്തിൽ ഒരററത്തു് ഒരു ചെറിയ താമരപ്പൂവോ ലതയോ വരച്ചാൽ അതുകൂടി മനോജ്ഞമായിരിക്കുന്നുവെങ്കിൽ, പത്രത്തിലെ ഒരു വൎത്തമാനക്കുറിപ്പിനേയും മനോജ്ഞം ആക്കുവാൻ കഴിയുന്നതാണു്. ചിത്രലേഖനത്തിന്നൊപ്പംതന്നെ പത്രലേഖനവും ഒരു കലാവിദ്യയാണെന്നു ധരിക്കേണ്ടതും, ആ വിദ്യയുടെ പ്രഖ്യാതിക്കുതന്നെ പത്രലേഖകന്മാർ ശ്രമിക്കേണ്ടതും ആകുന്നു. ചിത്രലേഖകൻ ഒരാളുടെ സ്വരൂപം വരയ്ക്കുമ്പോൾ, കണ്ണു്, മൂക്കു്, ചെവി മുതലായ അംഗങ്ങൾക്കു് ഉചിതമായ പരിമാണങ്ങളെ നിശ്ചയിക്കുന്നു; അതിന്മണ്ണം, പത്രലേഖകന്മാരും തങ്ങളുടെ ലേഖനങ്ങളിലെ വിഷയവിഭാഗങ്ങൾക്കു തമ്മിൽ ചേർച്ചയുണ്ടായിരിപ്പാൻ ശ്രദ്ധവെയ്ക്കണം. ചിത്രലേഖകൻ ഒരു സ്വരൂപത്തിന്നു കൈയോ, കാലോ, കണ്ണോ,

മൂക്കോ, മററു് ഏതെങ്കിലുമൊരു അംഗമോ ഇല്ലാതെ വരച്ചു വെച്ചാൽ അതു് എത്ര ദുർദ്ദർശനമായി കാണുമോ, അതിന്മണ്ണംതന്നെ ഒരു പത്രലേഖകൻ തൻെറ ഉപന്യാസത്തെ വിഷയപരിപൂർത്തിവരുത്താതെ എഴുതിയാൽ, അതു വായിപ്പാൻ കൊള്ളരുതാത്തതായിത്തീരുന്നു. പിന്നെയും, ഒരു ചിത്രലേഖകൻ തൻെറ വർണ്ണങ്ങളെ ചേരുംപടി ചേർത്തിട്ടില്ലെങ്കിൽ, ആ ചിത്രം വാസ്തവത്തെ പ്രതിബിംബിക്കാത്തതായോ, മറെറാന്നിനെ ആശങ്കിപ്പിക്കുന്നതായോ വരാവുന്നതുപോലെ, ഒരു പത്രലേഖകൻ തൻെറ വാക്യങ്ങളിൽ ഉചിതപദങ്ങളെയല്ലാ പ്രയോഗിച്ചിരിക്കുന്നതെങ്കിൽ, വർത്തമാനത്തിൻെറ സ്വഭാവം മാറിയോ മറിഞ്ഞോ അർത്ഥമായേക്കുമെന്നും ഓർമ്മവെക്കേണ്ടതാണു്. മാതൃകയായ ഒരു ഖണ്ഡലേഖനത്തിൽ, പറയേണ്ട സംഗതികളെയൊക്കെ, സംഭവക്രമത്തിൽ, ഉചിതപദങ്ങളാൽ, പറഞ്ഞിരിക്കണം, വാക്യങ്ങൾ സംക്ഷിപ്തങ്ങളായുമിരിക്കണം; വാക്കുകളെ ച്യുതക്കുകനിമിത്താം അർത്ഥത്തിന്നു യാതൊരു ഹാനിയും വന്നിരിക്കരുതു്; പരിവാഹിതപദദോഷത്തെ ഉൽപാദിക്കുമാറുള്ള അനാവശ്യപദങ്ങളോ വാചകങ്ങളോ കൂട്ടിച്ചേർത്തിരിക്കയുമരുതു്; കൊച്ചുകുട്ടികൾ ആളാനപൂച്ചകളുടെ രൂപങ്ങളെ ചുമരിൽ വരയ്ക്കുന്ന സമ്പ്രദായം ഇതിലേയ്ക്കു പററുകയില്ല; ചിത്രമെഴുത്തുവിദ്യയുടെ പ്രമാണ തത്ത്വങ്ങളെ പഠിച്ചു ശീലിച്ചിട്ടുള്ളവരുടെ സമ്പ്രദായമാണു് ആവശ്യം; അതിന്നു സാഹിത്യശാസ്ത്രതത്ത്വങ്ങളുടെ അറിവും, എഴുതിശ്ശീലവും ഉണ്ടായാലേ, സാദ്ധ്യമാവൂ.

വർത്തമാനക്കുറിപ്പുകൾ എഴുതുന്ന റിപ്പോർട്ടരുടെ സാമർത്ഥ്യത്തെ പരീക്ഷിപ്പാൻ ഉത്തമമായ മാർഗ്ഗം, ചിലപ്പോൾ അകസ്മാൽ സംഭവിക്കാറുള്ള കുതിരപ്പിണക്കം, വണ്ടിമറിഞ്ഞപകടം മുതലായ ആപത്തുകളെ വിവരിച്ചെഴുതിക്കുകയാണു്. ഈവക അപകടങ്ങൾ നഗരങ്ങളിൽ സാധാരണമായി സംഭവിക്കാറുണ്ടു്. റിപ്പോർട്ടർ ഈ അപകടങ്ങളെപ്പററി ശരിയായ അറിവുകളൊക്കെ ഗ്രഹിച്ചിട്ടുണ്ടോ എന്നും, അതിലെ മുഖ്യകാര്യങ്ങൾ ഇന്നവയെന്നു മനസ്സിലാക്കീട്ടുണ്ടോ എന്നും, അവ വായനക്കാരെ ആകർഷിക്കത്തക്ക രീതിയിൽ എഴുതി

ട്ടുണ്ടോ എന്നും, ലേഖനം വായിക്കുമ്പോൾ ആ അപകടം വായനക്കാരൻെറ കൺമുമ്പിൽ സംഭവിച്ചതുപോലെ അവനു് അത്ഥഗ്രഹം ഉണ്ടാകുമോ എന്നും വത്തമാനക്കുറിപ്പുകൊണ്ടു നിണ്ണയപ്പെട്ടുത്താവുന്നതാണു്. താഴെ ചേക്കുന്ന ഖണ്ഡലേഖനം നോക്കുക:

"വീണ്ടു ഞെരിഞ്ഞു

"ചൊവ്വാഴ്ച വൈകിയതിൽപിന്നെ പുത്തൻകച്ചേരിക്കു സമീപമുള്ള പഴയ റോട്ടിൻെറ തിരിവിൽവെച്ചു് ഒരു അപകടം സംഭവിച്ചിരിക്കുന്നു. നേരം ഇരുട്ടിത്തുടങ്ങിയിരുന്നതിനാൽ, അപകടം കുറെ ഭയങ്കരമായിട്ടുതന്നെ തീന്നിരുന്നു. അതിൽ പെട്ടവർക്കു് ഏറെ കഷ്ടപ്പാടിനും കാരണമായിട്ടുണ്ടു്. അപകടം പററിയതു മിസ്റ്റർ ഗോവിന്ദപ്പിള്ളയ്ക്കായിരുന്നു. അപ്പോൾ മി. പിള്ള കച്ചേരിവിട്ടു മടങ്ങിപ്പോകയായിരുന്നു. മേല്പറഞ്ഞ പഴയ റോട്ടിന്റെ തിരിവിൽ എത്തിയപ്പോൾ, മിസ്റ്റർ പിള്ളയുടെ വണ്ടിയിൽ പൂട്ടിയിരുന്ന കുതിര ആ തിരിവിൽ നാട്ടീട്ടുള്ള വഴികാട്ടിസ്തംഭം കണ്ടു പെട്ടെന്നു പരിഭ്രമിച്ചു വിരണ്ടോടി അടുത്തൊരു കയ്യാലയിൽ ചെന്നു കയറി വണ്ടിയുംകൊണ്ടു മറിയുകയും വണ്ടിക്കകത്തിരുന്ന മിസ്റ്റർ പിള്ള ഊക്കോടെ താഴത്തു വീഴുകയും ചെയ്തു. എന്നിട്ടും, കുതിര പിടിച്ചടിച്ചു് എഴുന്നേററു തകന്ന വണ്ടിയും വലിച്ചിഴച്ചുകൊണ്ടു് ഓടി വീണ്ടും തട്ടിമുട്ടി വീണു. രണ്ടാമതുവീണതു് ഒരു പിലാമരത്തിൽ ചെന്നു മുട്ടിയതുനിമിത്തമായിരുന്നു. ഇതോടുകൂടി വണ്ടി തവിട്ടുപൊടിയായി. ഇതിനിടയ്ക്കു്, വേറൊരു വണ്ടി പിറകേ വന്നുചേന്നു. അതിലെ വണ്ടിക്കാരൻ ശങ്കു എന്നവൻ റോട്ടിൽ മിസ്റ്റർ ഗോവിന്ദപ്പിള്ള കിടക്കുന്നതുകണ്ടു്, മി. പിള്ളയെ താങ്ങിയെടുത്തു തൻെറ വണ്ടിക്കകത്തു കിടത്തി മി. പിള്ളയുടെ വീട്ടിലേയ്ക്കു കൊണ്ടുപോയി. മി. പിള്ളയുടെ വീടു മേക്കേപെട്ടത്തു വിശ്വനാഥപുരത്തു് ആണു്. മൂന്നു നാഴിക ദൂരമുണ്ടു്. മിസ്റ്റർ പിള്ളയെ ഡാക്ടർ വന്നു കണ്ടു വളരെ സൂക്ഷിച്ചു ശ്രദ്ധിച്ചു പരിശോധിച്ചു ചികിത്സിക്കുന്നു. പരിശോധനയിൽ, മിസ്റ്റർ പിള്ളയ്ക്കു വളരെ

കഠിനമായ മുറിവുകൾ തലയിലും പുറത്തും ഉണ്ടായിട്ടുണ്ടെന്നാണു ഡാക്ടർ കണ്ടിരിക്കുന്നതു്."

ഇത്തരം വർത്തമാനക്കുറിപ്പുകൾ പലപ്പോഴും പത്രങ്ങളിൽ കാണാറുണ്ടു്. ഇതിൻെറ ന്യൂനതകളെ പരിഹരിച്ചു തിരുത്തി എഴുതുംമുമ്പായി ചില ആക്ഷേപങ്ങൾ ചൂണ്ടിക്കാണിക്കാം. വർത്തമാനക്കുറിപ്പുകൾ എഴുതുമ്പോൾ ലേഖകന്മാർ ഒന്നാമതായി ചെയ്യേണ്ടതു വായനക്കാരെ ആകർഷിക്കുവാൻ തക്കതും വിഷയത്തിനു ചേർന്നതുമായ ഒരു തലവാചകം വെയ്ക്കുകയാണു് എന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ഇവിടെ കാണിച്ചതായ ഖണ്ഡലേഖനത്തിൻെറ തലവാചകം "വീണു ഞെരിഞ്ഞു" എന്നാണു്. ഇതു വായിച്ചാൽ, അപകടം സംഭവിച്ച ആളുടെ പേരിൽ അനുകമ്പ ഉദിക്കുന്നതിലധികം ഹാസ്യരസം തോന്നുവാനാണു് എളുപ്പമുള്ളതു്. ഗോവിന്ദപ്പിള്ളയ്ക്കു പററിയ ആപത്താണു് ഇവിടെ മുഖ്യസംഗതിയായിരിക്കുന്നതു്; അതു തലവാചകത്തിൽ സൂചിപ്പിക്കുന്നുണ്ടെന്നു പറഞ്ഞുകൂടാ. പിന്നെ വണ്ടിതകർന്നു ഞെരിച്ചിലാണെന്നു വിചാരിപ്പാനും ന്യായമില്ല. "വൈകിയതിൽപിന്നെ" ആണെന്നു പറഞ്ഞിട്ടുള്ള സ്ഥിതിക്കു്, "നേരം ഇരുട്ടിത്തുടങ്ങിയതിനാൽ" എന്നു പുനരുക്തം ചെയ്യേണ്ടിയിരുന്നില്ല. അപകടംപററിയ ഗോവിന്ദപ്പിള്ളയെ ആദ്യവാചകത്തിൽത്തന്നെ വായനക്കാരുടെ മുമ്പിൽ പ്രവേശിപ്പിക്കേണ്ടിയിരുന്നു; ഗോവിന്ദപ്പിള്ള ആരാണെന്നും എവിടെ പാർക്കുന്നവനാണെന്നും ആദ്യമേ അറിയിക്കുന്നില്ല. വാസസ്ഥലം ഒടുവിലാണു പറഞ്ഞിരിക്കുന്നതു്. 'അപ്പോൾ' മുതലായി ചില അനാവശ്യപദങ്ങളും, നിരർത്ഥവാചകങ്ങളും ലേഖനത്തെ വീർപ്പിച്ചിരിക്കുന്നു. "പെട്ടെന്നു പരിഭ്രമിച്ചു" വിരണ്ടോടി എന്നു വർണ്ണിക്കേണ്ട വിശേഷാവശ്യമെന്തു്? വിരണ്ടോടുന്നതു പെട്ടെന്നല്ലാതെ, ക്രമേണ ആണോ? വിരളുന്നതു പരിഭ്രമത്താലുമാണല്ലോ? ഗോവിന്ദപ്പിള്ള താഴത്തു വീണതിൻെറശേഷം അയാളുടെ അവസ്ഥ എന്തായിരുന്നു എന്നു് അറിവാൻ ലേഖനത്തിന്റെ അവസാനത്തിൽ പോകേണ്ടിവരുന്നു: അതിനിടയിൽ കുതിരയുടേയും വണ്ടിയുടേയും പിന്നാലെയാണു വായനക്കാരനെ ഓടിക്കുന്നതു്. കുതിര ഗോവിന്ദപ്പിള്ളയെ താഴത്തു തള്ളിക്കളഞ്ഞിട്ടു് ഓടി

യവഴിക്കു മറ്റു വല്ല ആളേയും അപകടത്തിൽ പെടുത്തിയിരുന്നുവെങ്കിൽ ഗോവിന്ദപ്പിള്ളയെവിട്ട് ആ ആളുടെ അപകടത്തെ അറിവാനായി വായനക്കാരനെ കൂട്ടിക്കൊണ്ടുപോയതു യുക്തമായിരിക്കുമായിരുന്നു. ഡാക്ടർ "വളരെ സൂക്ഷിച്ചു ശ്രദ്ധിച്ചു" പരിശോധിച്ചു എന്നു വിശേഷണം ചെയ്യേണ്ട ആവശ്യമില്ലായിരുന്നു; പരിശോധന സൂക്ഷിച്ചും ശ്രദ്ധിച്ചും ചെയ്യുന്ന കൃത്യമാണല്ലോ. മുറിവുകൾ 'ഉണ്ടായിട്ടുണ്ട്' എന്നു വർണ്ണിക്കുന്നേടത്ത് 'ഉണ്ടാവുക'യെക്കാൾ ഉചിതതരമായ പദം 'പററുക'യോ, 'പെട്ടു'കയോ 'ഏല്ക്കുക'യോ ആകുന്നു ഈ ഖണ്ഡികയെ അടിച്ചുടച്ചു വാക്കാം.

"ഭയങ്കരമായ ആപത്ത്

"ഇക്കഴിഞ്ഞ ചൊവ്വാഴ്ച സായങ്കാലത്ത്, മേക്കേപട്ടം വിശ്വനാഥപുരത്തെ മിസ്റ്റർ ഗോവിന്ദപ്പിള്ള കച്ചേരിയിൽനിന്നു മടങ്ങി പൊയ്ക്കൊണ്ടിരുന്നപ്പോൾ ഒരു അപകടം നേരിട്ടു. പുത്തൻകച്ചേരിക്കു സമീപത്തുള്ള പഴയ റോട്ടിൻെറ തിരിവിൽ എത്തിയപ്പോൾ, അദ്ദേഹം കയറിപ്പോയിരുന്ന വണ്ടിയിലെ കുതിര ഒരു വഴികാട്ടിസ്തംഭംകണ്ട് വിരണ്ടോടി അടുത്തൊരു കയ്യാലയിൽ ചെന്നുമുട്ടി, വണ്ടിയോടുകൂടെ മറിഞ്ഞു. അദ്ദേഹം റോട്ടിൽ വീണുപോയി. പിറകെ വന്നിരുന്ന ഒരു വണ്ടിയിലെ (ശങ്കു എന്ന) വണ്ടിക്കാരൻ അദ്ദേഹത്തെ കാണുകയും, എടുത്തു തൻെറ വണ്ടിയിലാക്കി അദ്ദേഹത്തിൻെറ വീട്ടിലേക്കു കൊണ്ടുപോകയും ചെയ്തു. ഡാക്ടരെ വരുത്തി നോക്കിച്ചതിൽ മിസ്റ്റർ പിള്ളക്കു തലയും പുറവും കഠിനമായി മുറിപ്പെട്ടിരിക്കുന്നതായി കണ്ടിരിക്കുന്നു. വിരണ്ടോടിവീണ കുതിരയോ, പിടച്ചെഴുന്നേററു വീണ്ടും വണ്ടിയും വലിച്ചിഴച്ചുകൊണ്ട് ഓടി ഒരു പിലാമരത്തിൽ മുട്ടി; വണ്ടി തീരെ തകന്നുപോകയും ചെയ്തു."

ഇത്രയുംകൊണ്ടു സംഭവത്തിൻെറ സംക്ഷിപ്തമായ വിവരണം ആയിട്ടുണ്ട്. മേപ്പടി ആപത്തിലെ പ്രധാന സംഗതികൾ ഒക്കെ ഇതിൽ അടക്കീട്ടുമുണ്ട്. സംഭവം നടന്ന കാലം, ആൾ, അപകടം, സന്ദർഭം, കാരണം, പരിണാമം—എന്നിതു

കൾ ഓരോന്നും സംഭവിച്ച ക്രമത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുമുണ്ടു്. പത്രത്തിൽ എഴുതി പഴമപരിചയം വന്നിട്ടുള്ള ലേഖകന്മാർ, മുമ്പു കാണിച്ചമാതിരി ആക്ഷേപാർഹമായ വിധത്തിൽ സംഭവകഥനം ചെയ്കയില്ല എന്നു സമാധാനപ്പെടാം; കുട്ടിത്തരക്കാർക്കാണു വീഴ്ചവരാറു്.

വർത്തമാനങ്ങളെ വിഷയമാക്കി ഖണ്ഡലേഖനങ്ങൾ എഴുതുന്നതു് എത്രമാത്രം നീളാം? ഇതിന്നു നിശ്ചിതമായ വ്യവസ്ഥയൊന്നും കല്പിച്ചിട്ടില്ല. വിഷയം നാനാമുഖമായി പ്രതിപാദിക്കപ്പെടേണ്ടതല്ലെങ്കിൽ, ചെറിയ അക്ഷരത്തിൽ മുപ്പതു നാല്പതു വരിവരെ നീളുന്നതിൽ തരക്കേടില്ല. എന്നാൽ, അതിലധികം നീണ്ടാൽ തലവാചകം നടുവിൽ നാട്ടി, ഒരു ചെറിയ ഉപന്യാസത്തിന്റെ രീതിയിൽ നിറുത്താം. വിഷയം നാനാമുഖമായിരിക്കയും ഒന്നിലധികം ഖണ്ഡികകൾ ആയി പിരിച്ചെഴുതേണ്ടിവരികയും ചെയ്യുന്നതായാൽ, തലവാചകം നടുനാട്ടി, ഓരോ ഖണ്ഡികയ്ക്കും വെവ്വേറെ തലവാചകങ്ങൾ വെച്ചോ വെയ്ക്കാതെയോ, വർണ്ണിക്കുക യുക്തമായിരിക്കും. അഗ്നിബാധ, തീവണ്ടിഅപകടം, ലഹള മുതലായ പലേ സംഭവങ്ങളും സവിസ്തരം വിവരിക്കേണ്ടവയായിരിക്കും. ഇങ്ങനെയുള്ള വർണ്ണനകൾ ദീർഘലേഖനമായുമിരിക്കും.

ഖണ്ഡലേഖനമെഴുതുന്നതു സരസമാക്കാനാണു് റിപ്പോർട്ടർമാർ ശ്രമിക്കേണ്ടതു്. എന്നാൽ നേരമ്പോക്കില്ലാത്തേടത്തു നേരമ്പോക്കു വലിച്ചിഴച്ചുകൊണ്ടു വെയ്ക്കരുതു്. ഫലിതം സന്ദർഭോചിതവും ലേഖനത്തെ അധികം ആസ്വാദ്യമാക്കുന്നതും ആയിരിക്കണം. ലേഖനം വായിക്കുന്നവർക്കു വെറുപ്പു തോന്നിക്കുന്ന വിധത്തിൽ, വിഷയഗൗരവം വിട്ടും, അവസരത്തിന്നു് അനുചിതമായും ഫലിതം പ്രയോഗിച്ചാൽ, അതു കാതിൽ തരിവളകെട്ടിത്തൂക്കുന്നതിന്നൊപ്പം നീരസകാരണമായിത്തീരുന്നതാണെന്നു്, ലേഖകന്മാർ ഓർമ്മവെയ്ക്കേണ്ടതാകുന്നു. പക്ഷേ, ഫലിതമായി എഴുതാൻ എല്ലാവർക്കും പ്രാപ്തിയുണ്ടായിരിക്കയില്ല; അതിലേക്കു സ്വഭാവേനതന്നെ ഒരു 'വാസന'യും രസികതയും ലേഖകന്നു് ഉണ്ടായിരിക്കണം. ഫലിതമായി എഴുതുമ്പോൾ, ലേഖനകർത്താവു മുമ്പിൽ ചാടിനില്ക്കാൻ

ശ്രമിക്കരുതു്, ലേഖനവിഷയത്തെ മുന്നോട്ടു കൊണ്ടുവന്നു് അധികം ശോഭിക്കാനാണു് ഉത്സാഹിക്കേണ്ടതു്.

ആളുകളുടെ സ്വകാൎയ്യനടത്തയെയോ ആകാരവിശേഷത്തെയോ ദൂഷിച്ചു് എഴുതാൻ സാധാരണ ചെറുപ്പക്കാൎക്കു പ്രലോഭനം ഉണ്ടാകാറുണ്ടു്. ഇങ്ങനെ എഴുതുന്നതിനാൽ അന്യന്മാരെ അപകീൎത്തിപ്പെടുത്തുക എന്ന അപരാധം ലേഖനകൎത്താവിൻെറമേൽ കയറും. ഒരാളുടെ നടത്തയിൽ ഏതാണു് സ്വകാൎയ്യമായുള്ളതു്, ഏതാണു് പത്രക്കാരൻെറ നിരൂപണത്തിന്നു വിഷയമാക്കാൻതക്കവണ്ണം പൊതുജനബാധകമായുള്ളതു്, എന്നു പരിച്ഛേദിപ്പാൻ പ്രയാസമുണ്ടെന്നു സമ്മതിച്ചേ തീരൂ. പൊതുജനബാധകമായുള്ളതാണെന്നു നല്ലവണ്ണം ബോദ്ധ്യം ആയാൽ, അത്തരം പ്രവൃത്തികൾ ഒരുവൻ സ്വകാൎയ്യത്തിൽ ചെയ്യുവയായിരുന്നാലും, എഴുതുന്നതു് അകൎത്തവ്യമോ അയുക്തമോ ആയിരിക്കയില്ല. എന്നാൽ അങ്ങനെ നല്ല ബോദ്ധ്യം ആവാത്തേടത്തു, ലേഖകന്മാർ പത്രാധിപരെ അറിയിച്ചു് പത്രാധിപരുടെ യുക്തംപോലെ ചെയ്വാൻ വിട്ടുകൊടുക്കയാണു് ഉത്തമം. ഇതു് ഒരു സ്വകാൎയ്യപുരുഷനെ സംബന്ധിച്ചിടത്തോളം നിൎബ്ബന്ധിതനയമായുമിരിക്കണം. പൊതുജനകാൎയ്യങ്ങളിൽ ഏൎപ്പെട്ടു് ജനതയുടെ ദൃഷ്ടിക്കു വിഷയമായിരിക്കുന്ന ഒരുവൻെറ സ്വകാൎയ്യനടത്ത, പൊതുജനങ്ങളെ ബാധിക്കുന്ന തരത്തിലുള്ളതായിരിക്കിൽ, അതിനെപ്പററി പത്രത്തിൽ ആക്ഷേപം പറയേണ്ടതു ജനസമുദായത്തിൻെറ ക്ഷേമത്തിന്നു് അധിഷ്ഠാനമായ ധൎമ്മത്തെ രക്ഷിപ്പാൻ ആവശ്യകമാണെന്ന സിദ്ധാന്തം, ശ്രേഷ്ഠന്മാരായ പല പത്രപ്രവൎത്തകന്മാർ കൈക്കൊണ്ടു നടന്നിട്ടുണ്ടു്, നടക്കുന്നുമുണ്ടു്. ഈ സ്ഥിതിക്കു്, അത്തരം നടത്തയെ വെളിപ്പെടുത്തുന്നതു് പത്രമൎയ്യാദയെ ലംഘിക്കുന്ന പ്രവൃത്തിയല്ല. സ്വകാൎയ്യങ്ങൾ പൊലീസധികൃതന്മാരുടെ ശ്രദ്ധയെ അൎഹിക്കുന്നവയാണെങ്കിലോ, അവയെ പ്രസ്താവിക്കുന്നതിൽ അധൎമ്മശങ്കയേ വേണ്ടാ.

### അദ്ധ്യായം അഞ്ചു്

## ഖണ്ഡലേഖനം രണ്ടു്

ഖണ്ഡലേഖനങ്ങളിൽ മറെറാരിനം പത്രാധിപക്കുറിപ്പുകളാണെന്നു പറഞ്ഞിട്ടുണ്ടല്ലൊ. ഇവ വർത്തമാനങ്ങൾ ശേഖരിക്കുന്ന റിപ്പോർട്ടരുടെ ചുമതലയിൽ പെട്ടതല്ല, എങ്കിലും, ഇവയെ രചിക്കുന്ന സമ്പ്രദായം, മുമ്പു പറഞ്ഞ വർത്തമാനക്കുറിപ്പുകൾ എഴുതുമ്പോൾ ഓർമ്മവെയ്ക്കേണ്ടതായ സാഹിത്യശാസ്ത്രതത്വങ്ങളെ ആശ്രയിക്കുന്നതാകകൊണ്ടു്, ഇവയുടെ രീതിയെക്കുറിച്ചും അല്പം വിചിന്തനം ചെയ്യാം. പത്രാധിപക്കുറിപ്പുകളിൽ ലോകവാർത്തകൾ വിഷയമായി വരുമെങ്കിലും, അവയെ പ്രതിപാദിക്കുന്ന സമ്പ്രദായത്തിനു ഭേദമുണ്ടു്. വർത്തമാനക്കുറിപ്പുകളിൽ ഓരോ സംഭവങ്ങൾ നടന്നപോലെ വിവരിക്കയേ വേണ്ടൂ; റിപ്പോർട്ടർമാർ ആ വാർത്തകളെക്കുറിച്ചു തങ്ങൾക്കുള്ള അഭിപ്രായങ്ങളെ പ്രസ്താവിക്കരുതാത്തതാകുന്നു. അഭിപ്രായം പറയുമ്പോൾ വൃത്താന്തകഥനം എന്നതു് മാറി അഭിപ്രായപ്രകടനം ആയിത്തീരുന്നു. ഒരു സംഗതിയെപ്പററി അഭിപ്രായം പുറപ്പെടുവിച്ചെഴുതുന്നതാണു് പത്രാധിപക്കുറിപ്പു്. വർത്തമാനക്കുറിപ്പിനെ സംഭവാഖ്യാനം എന്നും; പത്രാധിപക്കുറിപ്പിനെ സംക്ഷിപ്തവിവരമെന്നും പറയാം. പത്രത്തിൻെറ അഭിപ്രായങ്ങളെയാണു് പത്രാധിപക്കുറിപ്പുകളിലോ, പത്രാധിപപ്രസംഗങ്ങളിലോ പ്രകാശിപ്പിക്കുന്നതു്. വെറും വർത്തമാനങ്ങൾ എഴുതുക റിപ്പോർട്ടരുടെ കൃത്യം; ഈ വക കുറിപ്പുകൾ, പത്രാധിപക്കുറിപ്പുകൾക്കു വിഷയമായിത്തീരാവുന്നതാണുതാനും. അപ്പോൾ പത്രാധിപക്കുറിപ്പെഴുതുന്ന ആൾ ആ വാർത്തകളെ ഏറെക്കുറെ പരാമർശിക്കയും അതിന്മേൽ ഗുണദോഷനിരൂപണം ചെയ്തു് അഭിപ്രായങ്ങൾ പുറപ്പെടുവിക്കയും ചെയ്യുന്നു. ചില സംഗതികളിൽ, പത്രാധിപക്കുറിപ്പുകൾ വർത്തമാനങ്ങളെപ്പററിയുള്ള വിമർശങ്ങൾ അടങ്ങിയവയായിരിക്കയില്ല; രാജ്യഭരണസംബന്ധമായ വല്ല കല്പനകളോ, വ്യവസ്ഥകളോ, കല്പനകളോ ഉദ്ധരിച്ചെഴുതിയി

ട്ടുള്ളതാവാം. ഇതിലൊക്കെ മുഖ്യമായി അറിഞ്ഞിരിക്കേണ്ട കാര്യം, പത്രാധിപക്കുറിപ്പുകൾ ഒരിക്കലും വെറും സംഭവകഥനമായിരിക്കരുതെന്നുള്ളതാണ്. പിന്നെ വത്തമാനങ്ങളെ വത്തമാനപംക്തിയിൽവേണം എഴുതുവാൻ, എന്നും ഓത്തിരിക്കണം.

പത്രാധിപക്കുറിപ്പെഴുതുന്നവർ ഓമ്മവെക്കേണ്ടതായ മുഖ്യകാര്യം, തങ്ങളുടെ ശബ്ദപ്രളയംകൊണ്ട് വായനക്കാരെ ഉപദ്രവിക്കരുതെന്നതാണ്. ഒരു സംഗതിയെക്കുറിച്ച് പത്രാധിപക്കുറിപ്പെഴുത്തുകാരൻെറ അഭിപ്രായങ്ങളെ വായനക്കാരുടെ ഉള്ളിൽ ഫലിപ്പിക്കാൻവേണ്ടിമാത്രം ആവശ്യമുള്ള വാക്യങ്ങളെയേ ഉപയോഗിക്കാവൂ. ചിലപ്പോൾ, യുക്തിപദങ്ങളെ മാത്രം പ്രതിപാദിച്ചാൽ മതിയാകും; അനുമാനം വായനക്കാർക്കു സുഗമമമാണെങ്കിൽ, ആ പ്രവൃത്തി പത്രാധിപക്കുറിപ്പുകാരൻ ചെയ്യേണ്ടതില്ല. ആരോഗ്യവാനായിരിക്കുന്ന ഒരുവനു ചോറും കറിയും വിളമ്പിക്കൊടുത്താൽ മതി, അവൻ ഉരുളയാക്കി ഉണ്ടുകൊള്ളും. ഉരുള ഉരുട്ടി അവൻെറ വായ്ക്കുള്ളിൽ തള്ളി അന്നകുല്യയിലേയ്ക്കു കുത്തിയിറക്കേണ്ട ആവശ്യമില്ല. ചോറുരുട്ടിത്തള്ളിയാൽ അവന്റെ പല്ലുകൾ ചെയ്യേണ്ടിയിരുന്ന പണി ആമാശയത്താൽ സാധിക്കേണ്ടതായും, പക്ഷേ, ദീപനക്കേട് ഉണ്ടായി അവന്നു് ആരോഗ്യം ക്ഷയിക്കുവാൻ ഇടയാക്കിയതായും വന്നേക്കും. ഇതിന്മണ്ണംതന്നെയാണ് പത്രവായനക്കാരനോടും വത്തിക്കേണ്ടതു്. അവന്നു് സ്വയം ചിന്തിച്ച് സ്വാഭിപ്രായങ്ങളെ സ്വരൂപിക്കുവാൻ ശക്തിയുള്ളപ്പോൾ, അവൻെറ ശിരസ്സിന്നുള്ളിലേയ്ക്കു്, പത്രക്കാരൻ സ്വാഭിപ്രായങ്ങളെ കൂട്ടിക്കുഴച്ച് ഓരോ സംഗതികളെ ഉരുള ഉരുട്ടിത്തള്ളുവാൻ ധൃഷ്ടനാകരുതു്. ആലോചനയ്ക്കു് ആഹാരമായ സംഗതികളെ പാകപ്പെടുത്തി വിളമ്പേണ്ട കൃത്യമേ പത്രക്കാരൻ ചെയ്യേണ്ടു; അവയെ ആലോചിച്ച് അഭിപ്രായങ്ങൾ സ്വരൂപിച്ചു തൻെറ മനസ്സിൽ അംഗീകരിക്കുവാൻ വായനക്കാരന്നു കഴിയുമെങ്കിൽ ആ പ്രവൃത്തി അവൻ നടത്തിക്കൊള്ളും. അവന്നു ചോറു ദഹിക്കുന്നതിലേയ്ക്കു് ഉമിനീരിളക്കുവാനും സ്വാദു തോന്നിക്കുവാനും ഷഡ്രസങ്ങൾ ചേൻന്ന കറികൾ വിളമ്പിക്കൊടുക്കുംപോലെ, അഭിപ്രായങ്ങളെ

സ്വരൂപിക്കുന്നതിലേയ്ക്കു് സഹായമായി പത്രക്കാരൻ അല്പസ്വല്പം ചില വിമർശങ്ങൾ ചെയ്തുകൊള്ളാം; തരക്കേടില്ല. എന്നാൽ, പത്രക്കാരൻ, ഒരിക്കലും, യാതൊരു സംഗതിയെപ്പററിയും, വായനക്കാർക്കുവേണ്ടി, അവർക്കുപകരം താൻതന്നെ ചിന്തിച്ചു്, ചില അഭിപ്രായങ്ങൾ സ്വരൂപിച്ചശേഷം, ആ അഭിപ്രായങ്ങളെ അവരുടെ മനസ്സിലേയ്ക്കു് തള്ളിക്കയററരുതു്. ഈ തത്ത്വം പത്രാധിപക്കുറിപ്പെഴുതുന്നവർ ഓർത്തിരിക്കേണ്ടതാകയാൽ ആണു് ഇവിടെ പ്രസ്താവിച്ചതു്. പ്രതിപാദിക്കുന്ന സംഗതിയുടെ സാരം എന്തെന്നു വായനക്കാരന്നു് എളുപ്പം കാണ്മാൻ സാധിക്കാത്തവിധത്തിൽ ശബ്ദമേഘങ്ങളാൽ മൂടി ഇരുളടച്ച പത്രാധിപക്കുറിപ്പുകൾ പത്രങ്ങളിൽ പലപ്പോഴും കാണാറുണ്ടു്; അതുകൾ എഴുതുന്നവർ വായനക്കാരുടെ നിലയിൽനിന്നു് അവയെ നോക്കുന്നതായാൽ, സ്വകൃതികളെപ്പററി ലജ്ജയോ വിസ്മയമോ തോന്നുന്നതാണു്. ഉദാഹരണത്തിന്നു താഴെ പകക്കുന്ന ഖണ്ഡലേഖനത്തെ സാരപ്രകാശകമാകുംവണ്ണം സംക്ഷേപിച്ചെഴുതാൻ കഴികയില്ലയോ എന്നു പരീക്ഷിക്കാം:

"പൂനയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന കൃഷിശാസ്ത്രകാളേജു് തുറന്ന അവസരത്തിൽ, ഇക്കഴിഞ്ഞ ജൂലൈ 18-ാംനു- ബോംബെ ഗവർണർ ബഹുമാനപ്പെട്ട സർ. ജാർജ്ജു് ക്ലാർക്ക് ചെയ്ത സാരവത്തായ പ്രസംഗത്തിൽ ഇന്ത്യയിലെ കൃഷിപരിഷ്കാരവിഷയത്തിൽ ശ്രദ്ധയുള്ളവർ അവശ്യം അറിഞ്ഞിരിക്കേണ്ട പല സംഗതികളും അടങ്ങീട്ടുള്ളതായി കാണുന്നു. അദ്ദേഹം ഇൻഡ്യയിലെ രാജ്യകാര്യകുശലനായ ഒരു പൗരനായിരുന്നു എങ്കിൽ കൃഷിപരിഷ്കാരത്തിനും കൃഷിവിദ്യാഭ്യാസപ്രചാരത്തിനും കൂടുതൽ ധനം വ്യയം ചെയ്യുന്നതിന്നായി ഗവർമ്മേണ്ടിനെ എപ്പോഴും ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കുമെന്നു് ഇദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു. ഇതു് അർത്ഥഗർഭമായ ഒരു പ്രസ്താവനയാണെന്നു് പറയേണ്ടതില്ലല്ലോ. കൃഷിപരിഷ്കാരവിഷയത്തിൽ ഇൻഡ്യയിൽ ഇപ്പോൾ പലവിധപരിശ്രമങ്ങളും ചെയ്തുവരുന്നുണ്ടെങ്കിലും ആശാസ്യങ്ങളായ പല സംഗതികളും ഇതേവരെ ആരംഭിക്കപ്പെട്ടിട്ടുപോലുമില്ലെന്നുള്ളതു് ശോചനീയമായ ഒരു

വാസ്തവമാണ്. ഗവർമ്മേണ്ടു് ഇതിലേയ്ക്കുവേണ്ടിയാണ് കൂടുതൽ ധനം വ്യയംചെയ്തു് വ്യവസ്ഥകൾ ഏർപ്പെടുത്തേണ്ടതു്. ഇൻഡ്യയിലെ മണ്ണിന്റെ സ്വഭാവം ഇതരരാജ്യങ്ങളിലുള്ള മണ്ണിനെ അപേക്ഷിച്ചു് ഒരു പ്രത്യേകരീതിയിലുള്ളതാകയാൽ, നവീനകൃഷിസമ്പ്രദായങ്ങളെ പരീക്ഷിച്ചറികയാണ് ആദ്യമായി വേണ്ടതെന്നും, കൃഷിപ്രയോഗതോട്ടങ്ങൾ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും സ്ഥാപിക്കേണ്ടതാണെന്നും പ്രസ്തുത പ്രസംഗമദ്ധ്യേ സർ. ജാർജ്ജ് ക്ലാക്ക് പ്രസ്താവിച്ചുകാണുന്നതു് ശ്രദ്ധാർഹമായ ഒരു സംഗതിയാണ്. നാട്ടുപുറങ്ങളിൽ കൃഷിവിഷയപ്രസംഗങ്ങൾ ചെയ്യുന്നതിന്നും, പരീക്ഷണങ്ങൾ കാണിച്ചുകൊടുക്കുന്നതിന്നും അധികംപേരെ നിശ്ചയിച്ചു് നവീനസമ്പ്രദായങ്ങൾ കൃഷിക്കാരുടെ മനസ്സിലാക്കിക്കൊടുക്കേണ്ടതിന്നും അവരെ ജാഗരൂകന്മാരാക്കുന്നതിന്നും ശ്രമിക്കേണ്ടതാണെന്നും മഹാനായ പ്രസ്തുത പ്രാസംഗികൻ അഭിപ്രായപ്പെട്ടുകാണുന്നതു് കൃഷിപരിഷ്കാരവിഷയത്തിൽ ഒരു പ്രധാനപ്പെട്ട സംഗതിയാണെന്നുള്ളതിന്നു് സംശയമില്ല. നാട്ടുപുറങ്ങളിൽ പ്രാഥമികകൃഷിപാഠശാലകൾ സ്ഥാപിച്ചു് കൃഷിശാസ്ത്രത്തിലെ ആദ്യമപാഠങ്ങളെ പഠിപ്പിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി സർ. ജാർജ്ജ് ക്ലാക്ക് പുറപ്പെടുവിച്ചുകാണുന്ന അഭിപ്രായവും ശ്രദ്ധാർഹമായ ഒന്നാണ്. തിരുവിതാംകൂറിൽ ഈ തരം പ്രാഥമികപാഠശാലകൾ സ്ഥാപിക്കേണ്ടതാണെന്നു് കൃഷിഡയറക്ടർ ഗവർമ്മേണ്ടിനെ ധരിപ്പിക്കുകഉണ്ടായിയെങ്കിലും, ഗവർമ്മേണ്ടു് ആ അഭിപ്രായത്തെ സ്വീകരിക്കാതിരിക്കുകയാണുണ്ടായതെന്നു് ഞങ്ങൾ അറിഞ്ഞിട്ടുണ്ടു്. കൃഷിഡയറക്ടരുടെ ശിപാർശിയെ ഗവർമ്മേണ്ടു് സ്വീകരിച്ചു പ്രവർത്തിച്ചിരുന്നുവെങ്കിൽ അതു് പ്രയോജനകരമായിരിക്കുമായിരുന്നുവെന്നുള്ളതിന്നു സംശയമില്ല.''

ഈ പത്രാധിപക്കുറിപ്പിനെക്കുറിച്ചു പറയാനുള്ള ആക്ഷേപങ്ങളിൽ ഒന്നാമത്തേതായി നില്ക്കുന്നതു്, സർ. ജാർജ്ജ് ക്ലാക്കിന്റെ പ്രസംഗത്തിൽനിന്നു് എടുത്തെഴുതിയ സാരഭാഗം മൂലാത്ഥത്തിൽനിന്നു ഭിന്നമായിരിക്കുന്നു എന്നുള്ളതാണ്. അദ്ദേഹം പ്രസ്താവിച്ചതാവിതു്:

"If I were an Indian politician, I should worry Government in season and out of season to spend more money upon the improvement of agriculture and the acquisition and spread of knowledge. We require more research work, because problems of India are her own and the careful investigations carried on in other countries may be valueless in our special conditions. We want more demonstration farms where the cultivators can receive object lessons by which the advantages of improved methods can be brought home to their minds. I should like to see many more lecturers employed in going about among the villages to instil new ideas and to awaken interest. I think we should also establish rural schools where the elements of practical agriculture could be taught in the vernacular."

ഇതിൻെറ അൎത്ഥം ഇപ്രകാരമാണു്: "ഞാൻ ഒരു ഇന്ത്യൻ രാജ്യകാൎയ്യപരായണൻ ആയിരുന്നു എങ്കിൽ, കൃഷിപരിഷ്ക്കാരത്തിന്നായും (കൃഷി സംബന്ധിച്ച) അറിവു് ഉണ്ടാക്കികൊടുക്കുന്നതിന്നായും അതിൻെറ പ്രചാരത്തിന്നായും ഇപ്പോഴത്തേതിലും അധികം പണം ചെലവാക്കുവാൻ, കാലാകാലഭേദവിചാരം കൂടാതെ ഗവൎമ്മേണ്ടിനോടലട്ടിക്കൊണ്ടിരിക്കുമായിരുന്നു. നമ്മൾ കൃഷിസംബന്ധമായ തത്വാന്വേഷണമാൎഗ്ഗത്തിൽ പൂൎവ്വാധികം പ്രവൎത്തിക്കേണ്ടിയിരിക്കുന്നു: എന്തുകൊണ്ടെന്നാൽ, ഇന്ത്യൻ കൃഷിവിഷയകാൎയ്യങ്ങൾ ഇന്ത്യക്കു് പ്രത്യേകമായിട്ടുള്ളവയാണു്; മറുനാട്ടുകളിൽ നടത്തിവന്നിരിക്കുന്ന ശ്രദ്ധാപൂൎവ്വമായ അന്വേഷണങ്ങൾ ഈ നാട്ടിൻെറ വിശേഷാവസ്ഥക്കു തീരെ ഗണനാൎഹമല്ല. പരിഷ്കൃതസമ്പ്രദായങ്ങളെക്കൊണ്ടുണ്ടാകുന്ന ഗുണങ്ങൾ എന്തൊക്കെയെന്നു് സാധനപാഠങ്ങൾമുഖേന കൃഷിക്കാൎക്കു മനസ്സിലാക്കികൊടുക്കുവാൻ നമ്മൾക്കു് ഇപ്പോഴത്തേതിലുമധികം കൃഷിപ്രയോ

ഗത്തോട്ടങ്ങൾ വേണം. ഗ്രാമപ്രദേശങ്ങളിൽ ചെന്നു് ജനങ്ങൾക്കു പുതിയ തത്ത്വങ്ങളെ ഉപദേശിക്കയും അവയിൽ താല്പര്യം ജനിപ്പിക്കയും ചെയ്യുന്നതിലേയ്ക്കിപ്പോഴത്തേതിലുമധികം പ്രസംഗകർത്താക്കന്മാരെ ഏർപ്പെടുത്തിക്കാണ്മാനും എനിക്കു് ആഗ്രഹമുണ്ടു്. കൃഷിപ്രവൃത്തി നടത്തുന്നതിനെപ്പററിയുള്ള മൂലതത്ത്വങ്ങൾ നാട്ടുഭാഷയിൽ പഠിപ്പിക്കുവാൻ നാം ഗ്രാമങ്ങൾതോറും പാഠശാലകൾ ഏർപ്പെടുത്തേണ്ടതാണെന്നും ഞാൻ വിചാരിക്കുന്നു.''—ഇതാണു് സർ ജാർജ്ജിൻെറ പ്രസംഗത്താൽ അർത്ഥമാക്കീട്ടുള്ളതു്. മേല്പടി പത്രാധിപക്കുറിപ്പിൽ പറയുന്ന സംഗതികൾ പലേ ഘട്ടങ്ങളിൽ ഇതിൽനിന്നു് ഭിന്നമായിരിക്കുന്നു എന്നു് സ്പഷ്ടമാണു്.

ഇനി, ഈ പത്രാധിപക്കുറിപ്പിൻെറ മററു ദോഷങ്ങളെ നോക്കാം. പത്രാധിപപ്രസംഗങ്ങളിൽ ചില സന്ദർഭങ്ങളിൽ ഉപയോഗിക്കാറുള്ള 'ശോചനീയമായ വാസ്തവമാണു്,' 'ശ്രദ്ധാർഹമായ അഭിപ്രായമാണു്,' ഇത്യാദി നിന്ദനരൂപമോ നന്ദനരൂപമോ ആയ വചനങ്ങൾ ഔചിത്യം അനുസരിച്ചുവേണം പ്രയോഗിപ്പാൻ. ഇവ ചിലപ്പോൾ ദീർഘപ്രസംഗങ്ങളിൽ വായനക്കാരുടെ ബുദ്ധിക്കു വിശ്രമകരമായും, ചില സംഗതികളിൽ വാചകങ്ങൾക്കു ഭംഗികാരകമായും, ഇരിക്കുമെന്ന വസ്തുതയെ വിസമ്മതിക്കുന്നില്ല. എന്നാൽ, ഖണ്ഡലേഖനങ്ങളിൽ ഇത്തരം അഭിനന്ദനവചനങ്ങൾ നിരന്തരമായി വാക്യാന്തങ്ങളിൽ പ്രയോഗിക്കുന്നതു തീരെ അഭംഗിയായും, ദുശ്രവമായും, നിരർത്ഥമായും, വായനക്കാരുടെ ബുദ്ധിയെ കുഴക്കുന്നതായും വരും. മേല്പടി കുറിപ്പിൽ, ഇപ്രകാരംതന്നെയാണു് ഇവയുടെ പ്രവൃത്തി. അതിരിക്കട്ടെ. പൂനയിൽ തുറന്നതു് കൃഷിശാസ്ത്രകാളേജ് എന്ന സ്ഥാപനമല്ലാ: മേല്പടി കാളേജ് നടത്തുവാനായി കെട്ടിയ പുതിയ എടുപ്പാണു്. സർ ജാർജ് ക്ലാർക്കിൻെറ പ്രസംഗത്തെയാണല്ലോ പുരസ്കരിച്ചിരിക്കുന്നതു്. അതിൻെറ സന്ദർഭത്തെ പറയുംമുമ്പു്, അതു് ഏതു നാളിൽ ആയിരുന്നു എന്നു പറയേണ്ടിയിരുന്നു. അദ്ദേഹത്തിൻെറ പ്രസംഗത്തിൽ അറിഞ്ഞിരിക്കേണ്ട പല സംഗതികളും അടങ്ങിയിരുന്നു എന്നു പറയുന്ന സ്ഥിതിക്കു പ്രസംഗം 'സാരവത്തായ' എന്നു് വിശേഷിപ്പിക്കേണ്ട

ആവശ്യവുമില്ല. പല സംഗതികളും അടങ്ങീട്ടുണ്ട് എന്നു നിശ്ചയമാണെങ്കിൽ, 'അടങ്ങീട്ടുള്ളതായി കാണുന്നു.' എന്നു പറയുന്നതു് അസംബന്ധംതന്നെയാണു്. രാജ്യകാര്യങ്ങളിൽ താത്പര്യംവെച്ചു പ്രസംഗിക്കയും ആക്ഷേപങ്ങൾ ചൂണ്ടിക്കാണിക്കയും മററുംചെയ്യുന്ന ഒരുവനും, രാജ്യകാര്യങ്ങളെ നിർവ്വഹിക്കുന്ന പ്രവൃത്തിയിൽ കുശലനായ ഒരുവനുംതമ്മിൽ അന്തരമുള്ള അവസ്ഥയ്ക്കു്, രാജ്യകാര്യകുശലൻ എന്ന പദപ്രയോഗം ഉചിതമേ അല്ലതന്നെ. "അദ്ദേഹം.........പൗരനായിരുന്നുവെങ്കിൽ.........ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കും എന്നിദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു"—എന്ന വാക്യത്തിൽ ക്രിയാപദങ്ങളുടെ കാലങ്ങൾക്കു തമ്മിൽ പൊരുത്തം ഇല്ലാത്തതിനും പുറമെ, 'അദ്ദേഹം' 'ഇദ്ദേഹം' എന്നിവ രണ്ടും ഒരാളെത്തന്നെ പരാമർശിക്കുന്ന സ്ഥിതിക്കു്, ഒന്നിൽ ദൂരാർത്ഥകമായ 'ആ' യും, മറേറതിൽ സമീപാർത്ഥകമായ 'ഈ'യും കൊണ്ടു വ്യതിരേകം വരുത്തിയിരിക്കുന്നതും അബദ്ധം ആകുന്നു. "ഇതു് അർത്ഥഗർഭമായ പ്രസ്താവനയാണെന്നു പറയേണ്ടതില്ലല്ലോ"—എന്ന വാക്യം തീരെ നിരർത്ഥകംതന്നെയാണു്. 'പറയേണ്ടതില്ല' എന്നിരുന്നാൽ, പാകയേ വേണ്ടായിരുന്നു. അഥവാ, 'അർത്ഥഗർഭമായ പ്രസ്താവനയാണു്' എന്ന ഒരു വസ്തുതയെ വായനക്കാരെ ധരിപ്പിക്കേണമെന്നു മാത്രമേ ഉദ്ദേശ്യമുള്ളു എങ്കിൽ, 'എന്നുപറയേണ്ടതില്ലല്ലോ' എന്ന പദങ്ങൾക്കു് ഒരർത്ഥവും ഇല്ല. ഈ വാക്യംകൊണ്ടു മുൻവാക്യത്തിൽ പറഞ്ഞ അഭിപ്രായത്തെ വഴിയേ പ്രകാശിപ്പിക്കുന്നുണ്ടെന്നു വായനക്കാരന്റെ ശ്രദ്ധയെ ആകർഷിച്ചിരിക്കയാണെങ്കിൽ, അതിലേക്കും ഈ വാക്യം കൂടാതെകഴിക്കാവുന്നതാണു്; അഭിപ്രായപ്രകാശകമായ വിവരണം മുറയ്ക്കു ചെയ്തുകൊണ്ടാൽ മതിയാകും. എന്നാൽ, അടുത്ത വാക്യങ്ങൾ ഈ അഭിപ്രായത്തെ പ്രകാശിപ്പിക്കുന്നില്ല; നേരേമറിച്ചു, മങ്ങിക്കുന്നതേ ഉള്ളു. എന്തുകൊണ്ടാണു് കൃഷികാര്യത്തിൽ കൂടുതൽ ധനവ്യയം ചെയ്യേണ്ടതു് എന്നു് അടുത്ത വാക്യങ്ങൾ വ്യക്തമായി പറയുന്നില്ല. "ആശാസ്യങ്ങളായ പല സംഗതികളും ഇതേവരെ ആരംഭിക്കപ്പെട്ടിട്ടുപോലുമില്ല." എന്നുമാത്രമേ പറയുന്നുള്ളു. ഈ ഒടുവിൽ ചേർത്ത വാക്യംകൊണ്ടു്, ആ "പല സംഗ

തികൾ" അതിൻെറ പിന്നാലെ വരുന്ന വാക്യങ്ങളിൽ വിവരിക്കുവാൻപോവുന്നുണ്ടെന്നു് ഒരു പ്രതീക്ഷയ്ക്കു് ഇടയുണ്ടാകുന്നു. എന്നാൽ അതും വ്യക്തമായി വിവരിക്കുന്നില്ല; പ്രസംഗത്തിലെ മററു് അഭിപ്രായങ്ങളെ ഉദ്ധരിക്കുന്നതേ ഉള്ളു. പിന്നെയും 'ആശാസ്യങ്ങളായ' പല സംഗതികൾ എന്നാൽ, എന്തൎത്ഥമാണു വിവക്ഷിക്കുന്നതു്? "പലവിധ പരിശ്രമങ്ങളും ചെയ്തുവരുന്നുണ്ടു്," "എങ്കിലും ആശാസ്യങ്ങളായ പല സംഗതികളും ഇതേവരെ ആരംഭിക്കപ്പെട്ടിട്ടുപോലുമില്ല"—എന്നു പറയുമ്പോൾ, പരിശ്രമങ്ങളേയും ആശാസ്യങ്ങളായ സംഗതികളേയും, പരസ്പരം നിവാരകങ്ങളാക്കിക്കാണിക്കുന്നു; ഇപ്പോഴത്തെ പരിശ്രമങ്ങൾ ആശാസ്യങ്ങളല്ല എന്നു് അൎത്ഥം ദ്യോതിക്കുകയുംചെയ്യും. ഇനി, ആശാസ്യങ്ങളായ പലസംഗതികൾ ആരംഭിക്കപ്പെട്ടിട്ടില്ലെന്നുള്ളതു വസ്തുതയാണെങ്കിൽ, അതിനെ വാസ്തവമെന്നു വിശേഷിപ്പിക്കേണ്ട ആവശ്യമില്ല; അതുകൂടാതെയും ആശാസ്യമായുള്ളതു് ആരംഭിക്കാതെയിരിക്കുന്ന അവസ്ഥ അവശ്യം ശോചനീയം ആകയാൽ, അതിനെ ശോചനീയം ആണെന്നും വിശേഷിപ്പിക്കേണ്ട വിശേഷാവശ്യമില്ല. "ഇന്ത്യൻമണ്ണിന്റെ സ്വഭാവം ഇതരരാജ്യങ്ങളിലുള്ള മണ്ണിനെ അപേക്ഷിച്ചു് ഒരു പ്രത്യേകരീതിയിലുള്ളതാണു്"—എന്ന വാചകത്തിൽ, "ഇതരരാജ്യങ്ങളിലുള്ള മണ്ണിനെ അപേക്ഷിച്ചു്" എന്ന പദങ്ങൾ നിരൎത്ഥകങ്ങൾതന്നെ. 'പ്രത്യേകരീതി' എന്നു പറയുമ്പോൾ, ഇതരവസ്തുക്കളെ ത്യജിച്ചിരിക്കുന്നതായി അൎത്ഥമാകുന്നു. പിന്നെയും 'അപേക്ഷിക്കുക' എന്ന പദം താരതമ്യത്തേയോ തുലനത്തേയോ അൎത്ഥമാക്കുമ്പോഴാണു് ഉപയോഗിക്കേണ്ടതു്; ഇവിടെ താരതമ്യപ്പെടുത്തുന്നുമില്ല, തുലനംചെയ്യുന്നുമില്ല. "നവീനകൃഷിസമ്പ്രദായങ്ങളെ പരീക്ഷിച്ചറിയുകയാണു് ആദ്യമായി വേണ്ടതു്"—എന്നേടത്തു്, 'പരീക്ഷിക്ക'യല്ലോ ഉചിതമായ പദം. ശാസ്ത്രജ്ഞാനസിദ്ധിക്കു പ്രേക്ഷണം, പ്രയോഗം എന്ന രണ്ടു് ഉപായങ്ങൾ ഉള്ളവയിൽ, പ്രേക്ഷണംതന്നെയാണു് പരീക്ഷണം; സമ്പ്രദായങ്ങളെ പ്രയോഗിച്ചറികയാണു് ഇവിടെ ഉദ്ദേശ്യമായിരിക്കുന്നതു്. "പ്രസ്തുത പ്രസംഗമദ്ധ്യേ സർ ജാർജ്ജ് ക്ലാർക്ക് പ്രസ്താവിച്ചുകാണുന്നതു ശ്രദ്ധാർഹമായ ഒരു സംഗതിയാണു്"—ശ്രദ്ധാർഹ

മായ സംഗതി ഏതാണു്? പ്രസ്താവിച്ചുകാണുന്നതോ? സർ ജാർജ് ക്ലാക്കിൻെറ അഭിപ്രായങ്ങളോ? അദ്ദേഹം 'പ്രസ്തുത പ്രസംഗമദ്ധ്യേ'യാണു് പ്രസ്താവിച്ചതെന്നു, ഈ പത്രാധിപ ക്കുറിപ്പിന്റെപ്രാരംഭത്തിൽ പ്രസംഗവിഷയത്തെ പുരസ്കരി ച്ചിരിക്കയാൽത്തന്നെ സ്പഷ്ടമായിരിക്കകൊണ്ടു, ഈ പദങ്ങൾ നിരർത്ഥകങ്ങൾതന്നെയാണു്. പിന്നെയും പ്രസംഗം സർ ജാർജ് ക്ലാക്കിൻേറതാണെന്നും മുമ്പ പ്രസ്താവിച്ചിട്ടുള്ള സ്ഥി തിക്കു്, അദ്ദേഹത്തിൻെറ നാമം ആവത്തിക്കാതെ കഴിക്കാം; നിർബ്ബന്ധമാണെങ്കിൽ, 'അദ്ദേഹം' എന്ന ഒരു പദം പ്രയോ ഗിച്ചു്, ആ വഴിക്കു്, '...വേണ്ടതെന്നും,' 'ആണെന്നും' എന്ന അഭിപ്രായങ്ങളുടെ ചുമതലക്കാരനാരെന്ന സംശയത്തേയും നിവാരണം ചെയ്യാം. 'പരീക്ഷണങ്ങൾ കാണിച്ചുകൊടുക്കുന്ന തിനു'' എന്നതു മൂലത്തിൽ ഇല്ലാത്തതാണു്; 'പരീക്ഷണങ്ങ ളെ കാണിക്കുക,' അസംബന്ധവുമാണു്. 'നവീനസമ്പ്രദായ ങ്ങൾ മനസ്സിലാക്കിക്കൊടുക്കുവാൻ' അല്ലാ,നവീനതത്വങ്ങൾ ഉപദേശിപ്പാനാണു് പ്രസംഗകത്താവു പറഞ്ഞിട്ടുള്ളതും. "അ വരെ ജാഗരൂകന്മാരാക്കുന്നതിനും''— ഏതു കാൎയ്യത്തിൽ ജാഗ രൂകന്മാരാക്കുന്നതിനു്? പ്രസംഗകത്താവു പറയുന്നതു്, കൃഷി വിഷയസംബന്ധമായ പുതിയ തത്വങ്ങളിൽ അവക്കു താല്പ ൎയ്യം ജനിപ്പിക്കേണമെന്നാണു്. ഒരുവൻ വൃഥാ ഉണൎന്നിരിക്കു ന്നതും, അവൻെറ മനസ്സിനു് ഒരു വിഷയത്തിൽ താല്പൎയ്യംവരു ത്തുന്നതും തമ്മിൽ വ്യത്യാസപ്പെട്ട ക്രിയകളല്ലയോ? "എന്നു മഹാനായ പ്രസ്തുത പ്രാസംഗികൻ അഭിപ്രായപ്പെട്ടുകാണുന്ന തു് കൃഷിപരിഷ്കാരവിഷയത്തിൽ ഒരു പ്രധാനപ്പെട്ട സംഗ തിയാണെന്നുള്ളതിനു സംശയമില്ല,'' എന്ന വാക്യത്തിനു വി ശേഷമായ അത്ഥമൊന്നുമില്ല. ഈ പദങ്ങളൊക്കെ, കുററം ചെയ്യാത്തവനെ പിടിച്ചു വിലങ്ങിട്ടു മണ്ണുചുമപ്പിക്കുന്ന സമ്പ്ര ദായത്തിൽ, വായനക്കാരൻെറ തലച്ചോറിനെക്കൊണ്ടു മണ്ണു ചുമപ്പിക്കുന്നു എന്നുവേണം പറവാൻ. 'നാട്ടുപുറങ്ങളിൽ പ്രാ ഥമികകൃഷിപാഠശാലകൾ' സ്ഥാപിക്കണമെന്നല്ല പ്രസംഗ ത്തിൽ പറയുന്നതു്; 'കൃഷിശാസ്ത്രത്തിലെ ആദിമപാഠങ്ങളെ പഠിപ്പിക്കേണ'മെന്നുമല്ല. കൃഷിപ്രവൃത്തി നടത്തുന്നതുസംബ ന്ധിച്ച മൂലതത്വങ്ങളെ പഠിപ്പിപ്പാൻ ഗ്രാമദേശങ്ങളിൽ

വിദ്യാശാലകൾഏൎപ്പെട്ടുത്തേണമെന്നുപറഞ്ഞിരിക്കുന്നതിന്റെ അത്ഥം, ഗ്രാമവിദ്യാശാലകളിലെ വിദ്യാത്ഥികളെ കൃഷിപ്രവൃത്തിയിൽ ശീലിപ്പിക്കണമെന്നാണു്;'ശാസ്ത്രപാഠങ്ങൾ' ഉരുവിടുന്നതിനു ഗ്രാമദേശങ്ങളിൽത്തന്നെവേറെ വിദ്യാശാലകൾ സ്ഥാപിപ്പാൻ, എന്നു നിർബ്ബന്ധമില്ലല്ലോ. 'തിരുവിതാംകൂറിൽ'എന്നു തുടങ്ങിയ വാക്യങ്ങൾ, ഈ പത്രാധിപക്കുറിപ്പിൻെറ മുഖ്യവിഷയത്തിലാവശ്യപ്പെടാതെ 'മുറിഞ്ഞുതൂങ്ങുന്ന വാല്'പോലെ പിറകിൽ കിടന്നിഴയുന്നു. 'ഈ തരം' എന്നു പറകയാൽ, 'പ്രാഥമിക'ശബ്ദം ആവശ്യമല്ല. 'ധരിപ്പിക്കുക' എന്നതിൻെറ ഉദ്ദേശ്യം 'ബോധിപ്പിച്ചു' എന്നാണെന്നു തോന്നുന്നു. അതിന്നു 'ഉണത്തി' എന്നോ 'ബോധിപ്പിച്ചു' എന്നോ പറകയാണു് ഉചിതം; ഇതായാലേ, സ്വീകരിക്കാതിരുന്നു എന്നതിന്നു ചേർച്ചയായിരിക്കു. 'ധരിപ്പിക്കുക'യ്ക്കു കുറെ അധികം സ്ഥായിത്വം ഉണ്ടു്; ഇതു സ്വീകരണത്തിൻെറ അടുക്കലെത്തുകയും ചെയ്യും. വിശേഷിച്ചും ഡയറക്ടർ 'ധരിപ്പിക്കുക'യല്ലാ ചെയ്തതു്, 'ശിപാശ്'ചെയ്കയായിരുന്നു, എന്നു് അടുത്ത വാക്യത്തിലും പറയുന്നു. സ്വീകരിച്ചു പ്രവത്തിച്ചിരുന്നു എങ്കിൽ അതു 'പ്രയോജനകരമായിരിക്കുമായിരുന്നു'—എന്നു പറവാൻ ഇവിടെ എന്തു ന്യായങ്ങളാണു കണ്ടിട്ടുള്ളതു്? സർ ജാർജ് സ്ലാക്കിൻെറ പ്രസംഗത്തിനു പ്രയോജനകരമായിരിക്കുമായിരുന്നു എന്നോ? കൃഷിക്കാൎക്കു പ്രയോജനകരമായിരിക്കുമായിരുന്നു എന്നാണെങ്കിൽ എന്തിനു പ്രയോജനകരം? ഈ വാക്യം വെറും 'പായ്യാരം' ആകുന്നു എന്നും, ഇതും വൃഥാ സ്ഥൂലമൂലകവും വായനക്കാരൻെറ തലച്ചോറിനേക്കൊണ്ടു മണ്ണു ചുമപ്പിക്കുന്നതും ആണെന്നും പറയാം.

മേല്പറഞ്ഞ ആക്ഷേപങ്ങൾ സാധാരണ ആർക്കും അല്പം ചിന്തിച്ചാൽ ബോദ്ധ്യമാകുന്നവയാണു്. ത്യാജ്യത്യാഗംചെയ്തും; അത്ഥദോഷങ്ങളെ നീക്കിയും, ശുദ്ധമാക്കി എഴുതുന്നതായാൽ, മേല്പടി പത്രാധിപക്കുറിപ്പിനെ, വാക്യങ്ങൾക്കു ഏറെയൊന്നും ഭേദഗതി ചെയ്യാതെ, താഴെ കാണിക്കുംപ്രകാരം സംക്ഷേപിക്കാം:

"പൂനയിൽ പുതുതായി സ്ഥാപിക്കപ്പെട്ട കൃഷിശാസ്ത്ര കാളേജ്കെട്ടിടം ഈ ജൂലൈ 18-ാംനു ആദ്യമായി തുറന്ന

അവസരത്തിൽ,ബാംബെഗവർണ്ണർ ബഹുമാനപ്പെട്ട സർ ജാർജ്ജ് ക്ലാക്ക് ചെയ്തിരുന്ന പ്രസംഗം, ഇൻഡ്യയിലെ കൃഷിപരിഷ്കാരകാര്യത്തിൽ താല്പര്യമുള്ളവർ അവശ്യം അറിഞ്ഞിരിക്കേണ്ടതായ അനേകം സംഗതികൾ അടങ്ങിയതായിരുന്നു. അദ്ദേഹം ഒരു ഇൻഡ്യൻരാജ്യകാര്യപരായണനായിരുന്നിരുന്നു എങ്കിൽ, കൃഷിപരിഷ്കാരത്തിനും കൃഷിവിദ്യാഭ്യാസപ്രചാരത്തിനും കൂടുതലായി പണം ചെലവുചെയ്യാൻ ഗവർമ്മേണ്ടിനോടു കാലാകാലഭേദം വിചാരിക്കാതെ അലട്ടിക്കൊണ്ടിരിക്കുമായിരുന്നു, എന്നു പ്രസ്താവിച്ചിരിക്കുന്നു. കൃഷിപരിഷ്കാരാർത്ഥം ഇൻഡ്യയിൽ ഇപ്പോൾ പലവിധം പരിശ്രമങ്ങൾ ചെയ്തുവരുന്നുണ്ടു്; എന്നാലും ഇനിയും പല കാര്യങ്ങൾ അവശ്യം നടത്തേണ്ടതായിട്ടുണ്ടു്. ഇതിലേയ്ക്കു വേണ്ട വ്യവസ്ഥകൾ ചെയ്യുവാനാണു ഗവർമ്മേണ്ടു് കൂടുതലായി പണം ചെലവുചെയ്യേണ്ടതു്. ഇൻഡ്യയിലെ ഭൂസ്വഭാവം ഒരു പ്രത്യേകമാതിരിയിലുള്ളതാകയാൽ നവീനകൃഷിസമ്പ്രദായങ്ങളെ പ്രയോഗിച്ചറിയേണ്ടിയിരിക്കുന്നു എന്നും, ഇതിലേയ്ക്കു രാജ്യത്തിൻെറ നാനാഭാഗങ്ങളിലും കൃഷിപ്രയോഗത്തോട്ടങ്ങൾ സ്ഥാപിക്കേണ്ടതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നു. നാട്ടുപുറങ്ങളിൽ ചെന്നു കൃഷിക്കാർക്കു പുതിയ തത്വങ്ങളെ ഉപദേശിക്കുവാനും അവൎക്കു് അതിൽ താല്പര്യം ജനിപ്പിക്കുവാനും ഇപ്പോഴത്തേതിലും അധികം കൃഷിവിഷയപ്രസംഗകർത്താക്കന്മാരെ നിശ്ചയിക്കേണ്ടതാണെന്നു് അദ്ദേഹം ഉപദേശിച്ചിരിക്കുന്നു. ഗ്രാമങ്ങൾതോറും കൃഷിപാഠശാലകൾ സ്ഥാപിച്ചു് കൃഷിവിദ്യ അഭ്യസിപ്പിക്കേണ്ട ആവശ്യകതയേയും അദ്ദേഹം ചൂണ്ടിക്കാണിക്കുക ഉണ്ടായി. (തിരുവിതാംകൂറിലും, ഇത്തരം പാഠശാലകൾ സ്ഥാപിക്കുവാൻ കൃഷിഡയറക്ടർ ഇതിനു മുമ്പുതന്നെ ഗവർമ്മേണ്ടിനോടു ശിപാർശി ചെയ്തിരുന്നതായി ഞങ്ങൾ അറിഞ്ഞിട്ടുണ്ടു്; ശിപാൎശി ഫലിച്ചില്ലല്ലോ എന്നു ഞങ്ങൾ വ്യസനിക്കുന്നു.)"

സംക്ഷേപിച്ചെഴുതിയിരിക്കുന്ന ഈ പത്രാധിപക്കുറിപ്പിൽ, വായനക്കാർക്കു സർ ജാർജ്ജ് ക്ലാക്കിൻെറ പ്രസംഗ

ത്തിലെ സാരഭാഗത്തെപ്പറ്റി നല്ലേണ്ടിയ സംഗതികളൊക്കെ അടക്കീട്ടുണ്ടു്. ഇതിൽ കഴിയുന്നതും മുൻകാണിച്ച കുറിപ്പിലെ വാക്യങ്ങളെത്തന്നെ ഉപയോഗപ്പെടുത്തീട്ടുമുണ്ടു്; ആ കുറിപ്പു് എഴുതിയ ആൾ പ്രസംഗത്തിലെ ഏതേതു സംഗതികൾ എടുത്തുപറഞ്ഞിട്ടുണ്ടോ അവയെമാത്രമെ പുതിയ കുറിപ്പിൽ ഉൾപ്പെടുത്തീട്ടുള്ളു. നിരത്ഥകപദങ്ങളേയും, വിവക്ഷിതാത്ഥത്തെ ദുർഗ്ഗമമാക്കിയിരിക്കുന്ന വാചകങ്ങളേയും വർജ്ജിച്ചതുകൊണ്ടു്, വായനക്കാരനു ഗ്രഹിക്കേണ്ട ഭാഗങ്ങളൊക്കെ കാട്ടുവെട്ടിത്തെളിഞ്ഞുകിട്ടുന്നുണ്ടെന്നു വിശ്വസിക്കുന്നു. മേല്പടി കുറിപ്പിൽ തിരുവിതാംകൂർ കാൎയ്യം ഉൾപ്പെടുത്തേണ്ട ഔചിത്യമുണ്ടെന്നു വിചാരിക്കുന്നില്ലായ്കയാൽ, ആവക പ്രസ്താവത്തെ ഒടുവിൽ വലയങ്ങൾക്കുള്ളിലാക്കിത്തള്ളിയിരിക്കുന്നു; ആവശ്യമുണ്ടെന്നു തോന്നുന്നതായാൽ, വലയങ്ങളെ നീക്കിക്കളകയും ചെയ്യാമല്ലോ. എന്നാലും പത്രാധിപക്കുറിപ്പിൻെറ വിഷയം സർ ജാർജ്ജു് ക്ലാക്കിന്റെ കൃഷിക്കാൎയ്യപ്രസംഗമാകയാൽ, അതിനോടു തിരുവിതാംകൂർ കൃഷിഡയറക്ടരുടെ ശിപാർശകൾ ഗവമ്മേണ്ടിനാൽ നിരാകരിക്കപ്പെട്ടു എന്ന സംഗതിയെ കൂട്ടിക്കെട്ടുന്നതു യുക്തമല്ല.

മേലെഴുതിയ പത്രാധിപക്കുറിപ്പിൽ ആക്ഷേപിക്കപ്പെട്ട ഒരു സംഗതി, അതിൽ അനാവശ്യമായി അനേകം പദങ്ങളും വാചകങ്ങളും കുത്തിനിറച്ചു് വായനക്കാരുടെ ബുദ്ധിയെ കുഴക്കിയിരിക്കുന്നു എന്നുള്ളതാണല്ലൊ. ലേഖനമെഴുതുന്നവർ വിശേഷിച്ചു് ഓക്കേണ്ട കാൎയ്യമിതാണു്: അത്ഥത്തിന്നു് ആവശ്യമുള്ളതിലധികം പദങ്ങൾ കുത്തിച്ചെലുത്തരുതെന്നു മാത്രം. ഈ സമ്പ്രദായം, നമ്മുടെ ശരീരപോഷണത്തിനു് ആവശ്യമായ ആഹാരപദാത്ഥങ്ങൾക്കു പുറമെ, ചില ആളുകൾ, താളും തകരയും, ചക്കയും മാങ്ങയും, ചേമ്പും കാച്ചിലും ഒക്കെ അരിഞ്ഞുകൂട്ടി പുഴുങ്ങി വയറുനിറയ്ക്കുന്നതിനൊപ്പം, അസ്വാസ്ഥ്യകരണമാകുന്നു. അനാവശ്യപദാത്ഥങ്ങൾ ഭക്ഷിച്ചാൽ ഉദരവേദനയും ചിലപ്പോൾ വയറ്റിളക്കവും ഉണ്ടാകുമെങ്കിൽ, അനാവശ്യപദങ്ങളുടെ അത്ഥം വിചാരിച്ചു് വായനക്കാരന്നു മനോവേദനയും ചിലപ്പോൾ ബുദ്ധിക്കിളക്കവും ഉണ്ടാകു

മെന്നു ധരിക്കണം. പറയാനുള്ളതു തെളിച്ചുപറവാൻ കഴിക യില്ലെങ്കിൽ പറയാതിരിക്കയാണു് ഉത്തമം. കുറെയേറെ വാക്കുകൾ കൂട്ടിക്കെട്ടിയതുകൊണ്ടുമാത്രം അർത്ഥമുണ്ടാകയില്ല.

"ചുരുക്കിച്ചൊൽവതോർത്തീടിൽ
സാരസ്യത്തിൻ നിദാനമാം"

എന്നും,

"വാക്കുകളിലകൾക്കൊക്കും,
തിക്കും ദിക്കിൽ ഫലം കുറഞ്ഞുവരും"

എന്നും, കവിവചനങ്ങൾ ഓർമ്മയിലിരിക്കട്ടെ.

### അദ്ധ്യായം ആറ്

## അച്ചടിക്കാര്യവിവരം

പത്രക്കാരന്മാരൊക്കെ അവശ്യം പരിചയിച്ചിരിക്കേണ്ടതായ മറെറാരു കാര്യം, അച്ചടിസംബന്ധമായ വിവരങ്ങൾ ഏതാനുമെങ്കിലും അറിഞ്ഞു നടക്കുകയാണു്. ഈ പത്രത്തിലേക്കു ലേഖനങ്ങൾ എഴുതുന്നവക്കു് എത്രകണ്ടു തൊഴിലിൽ സഹായമായിരിക്കുമോ, അച്ചുക്കൂടത്തിലേക്കു കൈയെഴുത്തു പകർപ്പു തെയ്യാറാക്കുന്നവക്കൊക്കെ, ഏകദേശം അത്രത്തോളം പ്രയോജനകരമായിരിക്കുന്നതാണു്. പത്രകാര്യാലയത്തിൽ പണിയെടുക്കുന്ന റിപ്പോർട്ടർമാർ ഈ വിവരങ്ങളുമായി പരിചയപ്പെട്ടേ കഴിയൂ; അകലെയിരുന്നു ലേഖനങ്ങൾ എഴുതിഅയയ്ക്കുന്നവർ ഈ വിവരങ്ങൾ അറിയാഞ്ഞു പലപ്പോഴും പത്രങ്ങളേയും തങ്ങളെത്തന്നെയും അബദ്ധക്കുണ്ടിൽ ചാടിക്കാറുണ്ടു്. ചിലപ്പോൾ ലേഖകന്മാർക്കു് ഇച്ഛാഭംഗത്തിന്നും സംഗതിയാകുന്നു. "ലേഖനങ്ങൾ വ്യക്തമായും വൃത്തിയായും കടലാസ്സിൻെറ ഒരുവശത്തുമാത്രം എഴുതിഅയയ്ക്കണം. കറുത്തമഷിയിൽ എഴുതിയിരിക്കേണ്ടതാകുന്നു. വരി അകററി എഴുതണം" എന്നു പത്രാധിപന്മാർ ആവശ്യപ്പെട്ടു് 'അറിയിപ്പു'കൾ കൊടുത്തിരുന്നാൽക്കൂടി, അതു് അത്ഥമില്ലാത്ത വിജ്ഞാപനമാണെന്നു തള്ളിക്കളയുന്നവരുണ്ടു്. അച്ചടി സംബന്ധിച്ച വിവരങ്ങൾ അറിഞ്ഞിരുന്നാൽ ഇങ്ങനെ ഉപേക്ഷ വിചാരിക്കയില്ല. ഈ അറിവില്ലായ്കനിമിത്തം, ചിലപ്പോൾ ലേഖനങ്ങൾ മുഴുവൻ നിരസിക്കപ്പെട്ടു എന്നും, മററു ചിലപ്പോൾ വിചാരിച്ചിരിക്കാത്ത വിധത്തിൽ തെററായി അച്ചടിച്ചു പുറപ്പെട്ടുവിച്ചു എന്നും വരാറുണ്ടു്. പത്രകാര്യാലയത്തിലിരുന്നു പണിയെടുക്കുന്നവർക്കു് ഇങ്ങനെയുള്ള ഇച്ഛാഭംഗമോ, അതൃപ്തിയോ ഉണ്ടാവാനില്ലതാനും.

പത്രക്കാരനു് ഈ അച്ചടിക്കാര്യജ്ഞാനം കൂടാതെ കഴിക്കരുതോ? അച്ചുകൂടങ്ങൾ പത്രക്കാരൻെറ സൗകര്യവും ആവശ്യവുമനുസരിച്ചു പ്രവത്തിക്കേണ്ടതല്ലാതെ, പത്രക്കാരൻ

അച്ചുകൂടത്തിന്റെ സൗകൎയ്യവും ആവശ്യവും അറിഞ്ഞു നടക്കേണ്ടതില്ലെന്നു ചിലൎക്കു തോന്നിയേക്കാം. അച്ചുകൂടവും പത്രകാൎയ്യാലയവും ഒന്നായിച്ചേൎത്തു നടത്തുന്നവൎക്കു് അവരുടെ സൗകൎയ്യവും ആവശ്യവും അച്ചുകൂടക്കാർ അറിഞ്ഞു നടന്നുകൊള്ളണമെന്നു പറവാൻ സാധിച്ചേക്കുമായിരിക്കാം. എന്നാൽ പല പത്രങ്ങളും അവരുടെ പ്രവൎത്തകന്മാരുടെ സ്വന്തമായ അച്ചുകൂടത്തിലല്ല അച്ചടിപ്പിക്കുന്നതു്; അച്ചുകൂടവും പത്രകാൎയ്യാലയവും ഒരേ കെട്ടിടത്തിൽ ആയിരിക്കുന്നതുമില്ല. അച്ചുകൂടം പത്രക്കാരനു് അധീനമായിരുന്നാൽക്കൂടി, അവനു് അച്ചടിസംബന്ധമായ വിവരങ്ങൾ പരിചയപ്പെട്ടിരിക്കുന്നതു തൊഴിലിൽ വളരെ ഉപകാരപ്പെടും. അച്ചടിപ്പണിക്കാരുടെ പ്രവൃത്തി ലഘൂകരിക്കപ്പെടുത്തുവാൻതക്കവിധത്തിൽ കൈയെഴുത്തു പകൎപ്പു തെയ്യാറാക്കുന്നതുകൊണ്ടു് ഒട്ടേറെ ക്ലേശങ്ങൾ ഇരുകൂട്ടൎക്കും ഉണ്ടാവാതെ കഴിയുന്നതുമാണു്.

പത്രക്കാരന്മാരെല്ലാവരും അച്ചടിവിദ്യ ശീലിച്ചിരിക്കേണമെന്നു നിൎബ്ബന്ധമില്ലാ; അതു സംബന്ധിച്ച ചില അവശ്യകാൎയ്യങ്ങൾ അറിഞ്ഞു നടക്കേണമെന്നേ ആവശ്യപ്പെടുന്നുള്ളു. അച്ചടിവിദ്യയുടെ നാനാപ്രവൃത്തികളും പരിചയപ്പെട്ടിരുന്നാൽ, പത്രക്കാരന്റെ യോഗ്യതയ്ക്കു കുറേക്കൂടെ തികവുണ്ടായി എന്നു് അഭിനന്ദിക്കാവുന്നതാണു്. റിപ്പോൎട്ടരായോ മറ്റോ പത്രപ്രവൃത്തിയിൽ പ്രവേശിക്കുന്ന ഒരു ചെറുപ്പക്കാരനു്, തന്റെ പത്രത്തിൽ ഇത്ര പംക്തി നിറവാൻ ഇത്രഭാഗം കൈയെഴുത്തുപകൎപ്പു തെയ്യാറാക്കിക്കൊടുക്കേണ്ടിയിരിക്കും എന്നു നിശ്ചയം ഉണ്ടാകേണമെങ്കിൽ, ഒരു 'പംക്തി'യിൽ എത്ര 'വരി'കൾ അടങ്ങുമെന്നും; ഒരു വരിയിൽ എത്ര 'അക്ഷര'ങ്ങൾ നില്ക്കുമെന്നും; വരിയുടെ നീളം എത്ര 'എമ്' ആണെന്നും; തന്റെ കൈയെഴുത്തുപകൎപ്പിലെ എത്ര വരികൾ ചേൎന്നാൽ അച്ചടിയിൽ ഒരു 'സ്റ്റിക്ക്' അടങ്ങുമെന്നും, മറ്റുമുള്ള വിവരങ്ങൾ പരിചയപ്പെട്ടിരിക്കേണ്ടതു് ആവശ്യമാണു്. അച്ചുകൂടത്തോടുചേൎന്നു പത്രകാൎയ്യാലയം വെച്ചു നടത്തുന്ന പത്രപ്രവൎത്തകന്മാൎക്കുകൂടിയും, പലപ്പോഴും ഫോർമാൻ വന്നിട്ടു്, 'മാറ്റർ' തികഞ്ഞില്ല, ഇനി രണ്ടു 'സ്റ്റിക്ക്' എഴുതിക്കൊടുക്കണം, വൎത്തമാനങ്ങളിൽനിന്നു നാലു 'വരി' കുറച്ചാൽ ആ

'കോളം' (പംക്തി) മുട്ടിനില്ക്കും, എന്നൊരോന്നു പറയുന്നതു കേൾക്കാം. പത്രാധിപർ അതിന്നു തക്കവണ്ണം വ്യവസ്ഥ ചെയ്യണം. രണ്ടു 'സ്റ്റിക്ക്' എഴുതിക്കിട്ടണമെന്നു പറഞ്ഞാൽ, അത്രസൂക്ഷ്മമാത്രം എഴുതുവാൻ എങ്ങനെയാണു വശംപ്പെടുന്നതു്? ഒന്നോ രണ്ടോവരി അധികമായാലോ; അഥവാ, ഒന്നുരണ്ടു വരി പോരാതെ വന്നാലോ—എന്നൊക്കെ എഴുത്തുകാരന്റെ ഉള്ളിൽ ശങ്കതോന്നാതെ സൂക്ഷ്മം രണ്ടു 'സ്റ്റിക്ക്' എഴുതിക്കൊടുപ്പാൻ പരിചയത്താലേ സാധിക്കൂ. ഒച്ചിഴഞ്ഞു് അക്ഷരമെഴുതുമ്പോലെ, ഭാഗ്യവശാൽ രണ്ടു 'സ്റ്റിക്ക്' തികഞ്ഞിരുന്നു എന്നു വന്നേക്കാം; ഇങ്ങനെ ഭാഗ്യം പരീക്ഷിക്കാൻ പത്രക്കാരന്നു് അവകാശമില്ല; പത്രം പുറപ്പെടുന്നതിന്നു് അല്പനേരമേ കഴിയേണ്ടിയിരിക്കൂ; ആ സമയത്തിനിടയ്ക്കു് ആവശ്യപ്പെട്ടെടത്തോളം എഴുതിക്കൊടുക്കാൻ, ഒരു മനോനിശ്ചയം വന്നിരിക്കണം. അച്ചുനിരത്തുമ്പോൾ ഒന്നുരണ്ടുവരി അധികമായിപ്പോയാൽ, എന്തുചെയ്യും? ആ പംക്തിയുടെ നീളം അധികമാക്കാമോ? അച്ചടി പരിചയമുള്ളവർ ഇങ്ങനെയൊരു കാൎയ്യമേ സ്മരിക്കയില്ല. ഒരു പംക്തിക്കു 18 അംഗുലം നീളവും, അടുത്ത പംക്തിക്കു 19 അംഗുലം നീളവും ആയി 'ഫേ്ാറം' തെയ്യാറാക്കാൻ നിവൃത്തിയില്ല. ഒന്നുരണ്ടുവരി കുറവായിക്കണ്ടാൽ, 'ലെഡ്' ഇട്ടു് 'അകററി' 'കോളം' തികയ്ക്കുവാൻ പറയാം. അതിനാൽ ഇത്ര 'സ്റ്റിക്ക്' എന്നു നിശ്ചയപ്പെടുത്തി 'പകർപ്പു്' അല്ലെങ്കിൽ 'തായേടു്' കൊടുപ്പാൻ, എഴുത്തുകാരൻ തന്റെ കൈയെഴുത്തുപകൎപ്പിന്റെ വ്യാപ്തി എത്രത്തോളം വരുമെന്നു പരിചയത്താൽ അറിഞ്ഞിരിക്കേണ്ടതാകുന്നു. ഇംഗ്ലീഷിലായിരുന്നാൽ പലേ വാക്കുകൾ നീട്ടിയെഴുതാതെ സങ്കേതങ്ങളാൽ കാണിക്കാം; ഇങ്ങനെ സംക്ഷേപിച്ചു കാണിക്കാവുന്ന പലേ പദങ്ങൾക്കും പട്ടികയും തെയ്യാറാക്കീട്ടുണ്ടു്. മലയാളത്തിൽ, സാധാരണയായി, നീട്ടിയെഴുതുകതന്നെ വേണ്ടിയിരിക്കുന്നു; ചില സംക്ഷേപങ്ങൾ ഇല്ലെന്നുമില്ല. 'മേല്പടി'ക്കു 'ടി' എന്നും, മുൻസീഫ്കോടതി വക്കീൽ എന്നതിനു മ—കൊ—വ—എന്നും, മജിസ്ട്രേററിന്നു് മജി എന്നും, 'ബഹുമാനപ്പെട്ട' ബഹു എന്നും, മററും പല പദങ്ങളെയും സംഗ്രഹിച്ചു കാണിക്കാറുണ്ടു്. ഇവ അച്ചടിയിൽ പൂൎണ്ണരൂപത്തിൽ

തന്നെ അച്ചുനിരത്തിയിരിക്കേണ്ടതുമാണു്. പാദങ്ങളെ സംക്ഷേപിച്ചെഴുതിയിരുന്നാൽ, അച്ചുനിരത്തുമ്പോൾ എത്ര വരിയുണ്ടാവും എന്നു നിശ്ചയംവരാൻ സാധാരണ വേണ്ടതിലധികം പരിചയവും നോട്ടവും ആവശ്യമാണു്.

റിപ്പോർട്ടർ തൻെറ വത്തമാനസൂചനകളെ പാകപ്പെടുത്തി ഖണ്ഡലേഖനങ്ങളാക്കി തൻെറ മേലാവിനെ ഏല്പിക്കുന്നു എന്നു വിചാരിക്കുക. മേലാവു്, പത്രങ്ങളുടെ ഉദ്യോഗസ്ഥന്മാരിൽവെച്ചു 'ചീഫ്റിപ്പോർട്ട'രോ, ഉപപത്രാധിപരോ, പ്രധാനപത്രാധിപരോ, ആയിരിക്കാം. മേലാവു് ലേഖനം പരിശോധിച്ചു്, അച്ചുനിരത്തുന്നതിലേക്കായി, അച്ചുകൂടത്തിലേക്കയയ്ക്കുന്നു. അവിടെ അതു 'കൊമ്പോസിററർ'മാർ എന്നു് ഇംഗ്ലീഷിൽ പേരുപറയുന്ന 'അച്ചുനിരത്തുകാരൻ'മാരുടെ കൈയിൽ ചെന്നുചേരുന്നു. ഈ നിലയിൽ, ലേഖനത്തിന്നു് ഇംഗ്ലീഷിൽ 'കോപ്പി' എന്നും മലയാളത്തിൽ 'തായേട്ടു്' അല്ലെങ്കിൽ 'പകർപ്പു്' എന്നും പേരാകുന്നു. ഏതുതരം ലേഖനമായാലും ശരി; പത്രാധിപപ്രസംഗമോ, പത്രാധിപക്കുറിപ്പോ, പരസ്യമോ, വത്തമാനക്കുറിപ്പോ, പത്രസംവാദലേഖനമോ ആയിരുന്നോട്ടെ: ഇവയൊക്കെ, അച്ചു നിരത്തുന്നതിന്നു കിട്ടിക്കഴിഞ്ഞാൽ, 'കോപ്പി' ആയി. ഇതു്, അച്ചുനിരത്തുകാരൻ തൻെറ പണി നടത്തുന്ന 'കേസ്' എന്ന 'പെട്ടി'യുടെമീതെ, തൻെറ കണ്ണിന്നുമുമ്പാകെ, വയ്ക്കുന്നു. 'കേസ്' എന്നതു്, അച്ചാണികൾ ഇനംതിരിച്ചു വെച്ചുകൊണ്ടിരിക്കുന്ന വലിയ അറപ്പെട്ടിയാണു്. മലയാളത്തിൽ സാധാരണമായി രണ്ടു പെട്ടികൾ കൂട്ടീട്ടു് ഒരു മുഴപ്പെട്ടി ആകുന്നു: ഇവ ഒന്നു കീഴത്തെ പെട്ടിയും, മറെറാന്നു മേലത്തെ പെട്ടിയും ആണു്. ഇംഗ്ലീഷിലും ഈ വിധം വിഭാഗം ഉണ്ടു്. അച്ചു നിരത്തുമ്പോൾ അധികം ഉപയോഗപ്പെടുന്നതും നിരന്തരം എടുത്തുകൊണ്ടിരിക്കേണ്ടതുമായ അച്ചാണികൾ കീഴത്തെ പെട്ടിയിൽ സൂക്ഷിക്കുന്നു. അപൂർവ്വമായിമാത്രം ആവശ്യപ്പെടുന്ന അച്ചാണികളെ മേലത്തെ പെട്ടിയിൽ സൂക്ഷിക്കുന്നു. മലയാളത്തിൽ, കൂട്ടക്ഷരങ്ങൾ ഏറിയകൂറും മേലത്തേതിലാണു്; വള്ളി, പുള്ളി, മീതൽ, അകാരാദി സ്വരവ്യഞ്ജനങ്ങൾ മിക്കവയും കീഴത്തേതിലുമാണു്. ഇംഗ്ലീഷിൽ, 'ക്യാപ്പിററൽ' എന്നു പറയുന്ന

വലിയ ലിപികളുടെതന്നെ 'ലാർജ്'' (വലിയ) എന്നും, 'സ്മാൾ'' (ചെറിയ) എന്നും ഉള്ള ഇനങ്ങളും, ലക്കങ്ങൾ മുതലായ പലതും മേലത്തെതിലും; സാധാരണയായി വാക്കുകൾ എഴുതുന്ന 'സ്മാൾ' എന്ന ചെറിയ ലിപികളും വിരാമാദി ചിഹ്നങ്ങളും ചില കൂട്ടക്ഷരങ്ങളും കീഴത്തെതിലും, സൂക്ഷിക്കുന്നു. ഈ അച്ചാണികൾ ഇനംതിരിച്ച്, ഓരോ 'അറ'കളിൽ (അല്ലെങ്കിൽ 'കള്ളി'കളിൽ) ഇട്ടിരിക്കുന്നതിനാൽ, പകൎപ്പിലെ ഒരക്ഷരത്തിന്നുപകരം പെട്ടിയിലെ ഒരറയിൽനിന്നു് ആ അക്ഷരം പതിക്കുന്ന അച്ചാണി പെറുക്കി എടുക്കാൻ എളുപ്പമുണ്ടു്. അച്ചുനിരത്തുകാരൻ, തന്റെ കൈയിൽ എത്തിയിരിക്കുന്ന 'പകർപ്പു'' (കോപ്പി) തന്റെ മുമ്പാകെ മേലത്തെ പെട്ടിക്കുമീതെയോ, തന്റെ സ്റ്റിക്കിൽക്കൂടെ 'കോപ്പിക്ലിപ്പ്'' ('പിടിച്ചുമുറുക്കി') എന്ന ഉപകരണത്തിലോ വെച്ചുകൊണ്ടു്, അതു വായിച്ച്, അറകളിൽനിന്നു് ഓരോരോ അച്ചാണികൾ പെറുക്കിഎടുത്തു തന്റെ കൈയിലുള്ള 'സ്റ്റിക്ക്'' എന്ന ഉപകരണത്തിൽ നിരത്തുന്നു. സ്റ്റിക്ക് എന്നതു് അച്ചാണികളെ അടുക്കി നിറയ്ക്കാനുള്ള ഒരു ചെറിയ ലോഹപ്പെട്ടിയാണു്; ഇതിന്നു് മേൽമൂടിയില്ല; നാലുവശങ്ങളിൽ ഒന്നുമാത്രം തുറന്നിട്ടുമുണ്ടു്; കൈയിൽ പിടിച്ചുവെച്ചുകൊൾവാൻവേണ്ടിയും, ആവശ്യംപോലെ നീളം കൂട്ടുന്നതിന്നായും, അടിത്തട്ടും ഒരു വശവും നീട്ടിയിയിരിക്കുന്നു. പത്രത്തിലേക്കു് അച്ചുനിരത്തുമ്പോൾ, സ്റ്റിക്ക് പെട്ടിയുടെ നീളം, പത്രപംക്തിയുടെ വീതിക്കു സമമാക്കിയിരിക്കും. ഇതിന്നുള്ളിൽ, സാധാരണമായി, പത്തുപന്ത്രണ്ടുവരി അച്ചാണികൾ നിരത്താം. പകൎപ്പിലെ ഓരോ അക്ഷരത്തിനും പകരം ഓരോ അച്ചാണി എടുത്തു നിരത്തുകയും, ക്രമേണ ഓരോ വാക്കുകൾ തികയുകയും, സ്റ്റിക്ക് നിറയുകയും ചെയ്യുന്നു. ഈ അച്ചുനിരത്തുപണിക്കു് ഇപ്പോൾ പരിഷ്കൃതയന്ത്രങ്ങളും ഏൎപ്പാടിൽ ആയിട്ടുണ്ടു്; ഇതു് വളരെ മൂലധനശക്തിയുള്ള പത്രങ്ങൾ അച്ചടിക്കുന്ന അച്ചുകൂടങ്ങളിൽ കാണാവുന്നതാണു്. 'സ്റ്റിക്ക്'' നിറഞ്ഞുകഴിഞ്ഞാൽ, അത്രയും അച്ചാണിക്കൂട്ടത്തിനു 'മാററർ' എന്നു പേരുപറയുന്നു; ഇതു് സ്റ്റിക്കിൽനിന്നു് ഇളക്കി, ഒരു 'ഗാലി'യിൽ 'ഇറക്കുന്നു.' 'ഗാലി' എന്നതു്, നീണ്ടു വീതി ചുരുങ്ങിയ ഒരു ചതുരശ്രമായ പാത്ര

മാണ്: ഇതു്, മരപ്പലകയാലോ, പിത്തള തുടങ്ങിയ ചില ലോഹങ്ങളിൽ ഉള്ള തകിടിനാലോ നിർമ്മിക്കുന്നതാണ്. അടിത്തട്ടും, രണ്ടു നീണ്ട വശങ്ങളിലും ഒരു കുറുകിയ വശത്തിലും മരച്ചട്ടങ്ങളും, വെച്ചുമുറുക്കിയ പാത്രമാണിതു്. ചട്ടങ്ങൾക്കു് അച്ചാണിയുടെ മുക്കാലോളം ഏകരമേ ആകാവു. ഈ പാത്രത്തിൻെറ വീതി, പലതരത്തിലാണ്: പത്രപംക്തിയുടെ വീതിയിൽ അല്പം കവിഞ്ഞോ, ചിലതു് ഇരട്ടിച്ചോ ഇരിക്കാം. മേൽവിവരിച്ചപ്രകാരം, അച്ചുനിരത്തി, സ്റ്റിക്ക്, നിറഞ്ഞിട്ടു്, 'മാററർ' ഗാലിയിൽ ഇറക്കി, ഗാലിയുടെ നീളം മുഴുവൻ എത്തുകയോ, ലേഖനം അതിന്മുമ്പുതന്നെ അവസാനിക്കയോ ചെയ്താൽ, നിരത്തിയതൊക്കെ ഒരു 'ഗാലിപ്രെസ്സ്' എന്ന അമൎത്തുയന്ത്രത്തിൽ കൊണ്ടുവെച്ചു 'പ്രൂഫ്' എടുക്കുന്നു. അച്ചു പതിഞ്ഞശേഷവും ഇരുഭാഗത്തും കുറെ 'വെള്ള' ഉണ്ടായിരിക്കുമാറു വീതിയിലും, ഗാലിയുടെ നീളത്തിലും കടലാസ്സു് ചീന്തിവെച്ചിട്ടാണ് 'പ്രൂഫ്' എടുക്കാറുള്ളതു്. ഇനി 'പ്രൂഫ്'നോക്കിത്തിരുത്തുകയാണു ചെയ്യേണ്ടതു്.. ഇതിലേയ്ക്കു്, ഒരാൾ 'തായേട്ട്'വെച്ചു വായിക്കയും, മറെറാരാൾ ആ 'പ്രൂഫ്'നോക്കി, പിഴകളെ, കടലാസിലെ രണ്ടരുകിലുമുള്ള 'വെള്ള'കളിൽ തിരുത്തിയെഴുതുകയും ചെയ്യണം. 'വെള്ള' എന്നതു് അച്ചടിച്ചതു കഴികെയുള്ള—അതാവിതു് അച്ചാണികൾ പതിഞ്ഞിട്ടില്ലാത്ത—ഭാഗമാണ്. തിരുത്തിയ പ്രൂഫ്, അതു നിരത്തിയ അച്ചുനിരത്തുകാരന്റെ കൈയിലേയ്ക്കുതന്നെ തിരിയെഎത്തിക്കുന്നു. അവൻ നിരത്തിവെച്ചിരിക്കുന്ന അച്ചാണികളിൽ ആവശ്യപ്പെട്ട ഭേദഗതികൾ ചെയ്യുന്നു. വീണ്ടും ഒരു പ്രൂഫ് എടുത്തു മുമ്പത്തെ പ്രൂഫുമായി തിരുത്തുകാരൻെറ അടുക്കലെത്തിക്കുന്നു. ഇവ രണ്ടുംവെച്ചു് ഒത്തുനോക്കുകയും, ഇനിയും പിഴകൾ ഉണ്ടായിരുന്നാൽ, രണ്ടാംപ്രൂഫിൽ തിരുത്തിക്കാണിക്കുകയും ചെയ്യുന്നു. ഇതും തിരുത്തി ശരിപ്പെടുത്തിക്കഴിഞ്ഞാൽ, ഗാലിയിലെ 'മാററർ' 'കോളം'ആക്കികെട്ടി ഒരു നിരപ്പായ മേശപ്പുറത്തു് ഇറക്കുന്നു. ഇങ്ങനെ പത്രത്തിൻെറ 'പുറം' തികയുന്നതുവരെ 'ഗാലി'കൾ ഒഴിക്കുന്നു. ഒന്നോ രണ്ടോ പുറത്തിനു വേണ്ടതു തികഞ്ഞാൽ ഉടൻ അത്രയും ഒരു 'ചേസി'നകത്താക്കി, 'മുറുക്കുന്നു.' കോളങ്ങൾക്കിടയ്ക്കു്, അച്ചാ

ണികളുടെ പൊക്കത്തിലുള്ള ‘റൂൾ’ (പിത്തള ഓല) വെച്ചു യോ, അതിലും എകരം കുറഞ്ഞ ‘ചീളി’യോ, ‘ലെഡ്’’ തുണ്ടു കളോ ഇടുകയോ ചെയ്യാം. ‘ചേസ്’’ എന്നതു് ഇരുമ്പിലോ, മരത്തിലോ ഉള്ള ചതുരശ്രച്ചട്ടക്കൂടാണു്. ഇതിനുള്ളിൽ ‘മാററർ’ ഇട്ടു മുറുക്കുന്നതു്, അച്ചാണികളുടെ ചുററും ‘കമ്പ’കൾ, ‘ചരിവുകട്ട’കൾ എന്നിവ ചേർത്തുവെച്ചും, അവയ്ക്കും പട്ടത്തിനും മദ്ധ്യേ ‘പൂൾ’ തള്ളിക്കയററിയും ആണു്. ഇപ്രകാരം, അച്ചടിയന്ത്രത്തിൽ കൊള്ളാവുന്നതിന്നനുസരിച്ചു് ഒന്നോ രണ്ടോ അധികമോ പുറങ്ങൾ ഇട്ടു മുറുക്കിയാൽ ഒരു ‘ഫേ്ാറം’ ആയി. ഇതുതന്നെയോ; ഇതിൻെറമേൽ ചില പ്രയോഗങ്ങൾ ചെയ്തു ‘സ്ററീരിയോ ടൈപ്പ്’’ ഉണ്ടാക്കിയെടുത്തു ‘സ്ററീരിയോ’ വിനെയോ അച്ചടിയന്ത്രത്തിൽ കയററി അച്ചടിക്കുന്നു. ‘സ്ററീരിയോ’ എന്നതു് ഉണ്ടാക്കുന്നതായാൽ, മുമ്പു് നിരത്തിവെച്ചിട്ടുള്ള അച്ചാണികൾ, അച്ചടിയന്ത്രത്തിൽവെച്ചു് അടിപെടാതെ, പൊളിച്ചെടുത്തുകൊള്ളാവുന്നതാണു്. മുറുക്കിയ ഫേ്ാറം തന്നെ അച്ചടിക്കുന്നതായാൽ, അച്ചാണികൾക്കു ക്രമേണ തേയ്മാനം വരും. ചിലപ്പോൾ, അച്ചടി നടക്കുമ്പോഴോ, പൊളിച്ചെടുക്കുമ്പോഴോ അച്ചാണികൾ ഉടഞ്ഞു വീണുപോയേക്കാം. ഇങ്ങനെ വീണുപോകുന്ന അച്ചാണികൾക്കു് ഇംഗ്ലീഷിൽ ‘പൈ’ എന്നു പേരുപറയുന്നു. ‘പൈ’ വീഴുന്നതിന്നൊപ്പം അച്ചടിപ്പണിക്കാർക്കു ക്ലേശകരമായ സംഭവം മറെറാന്നില്ല; അതു ‘തിരിവാൻ’ വളരെ സങ്കടമുള്ള കാൎയ്യമാണു്.

കൈയെഴുത്തുപകർപ്പു് അച്ചു നിരത്തുന്നതിലേക്കായി ഏല്പിക്കുന്നതു തുടങ്ങി, അച്ചടിച്ചു പുറമെ അയയ്ക്കുന്നതുവരെ, അച്ചുകൂടത്തിൽ എന്തൊക്കെ ചടങ്ങുകൾ അനുഷ്ഠിക്കേണ്ടതായിട്ടുണ്ടെന്നു മേലെഴുതിയ വിവരങ്ങളാൽ സ്പഷ്ടമായിട്ടുണ്ടല്ലോ. ഇവയിൽ എന്തെങ്കിലുമൊരു വീഴ്ച കണ്ടാൽ, അതു് ഇന്ന കാരണത്താലുണ്ടായതാണെന്നു് ഉടനടി നിൎണ്ണയിപ്പാനും, അതിന്നു പരിഹാരം കല്പിപ്പാനും, ഈ ചടങ്ങുകളുമായി പരിചയം വേണ്ടതാണെന്നും വ്യക്തമായിരിക്കുന്നു. പക്ഷേ, ഈവക നോട്ടങ്ങൾ, അച്ചുകൂടപ്പണികളിൽ മേൽവിചാരം ചെയ്യുന്ന ആളോ, ഉപപത്രാധിപരോ, പ്രൂഫ് തിരുത്തുകാരനോ നടത്തിക്കൊള്ളുമായിരിക്കും; എന്നിരുന്നാലും, റിപ്പോ

ട്ടർക്കുടെ അവിടെ പണിയെടുക്കുന്ന ആളാണെങ്കിൽ, തന്റെ ലേഖനങ്ങളുടെ പ്രൂഫ് നോക്കി ശരിപ്പെടുത്തിക്കുന്ന ചുമതല റിപ്പോർട്ടർതന്നെ വഹിക്കുന്നതു മേലിൽ ഗുണകരമായിരിക്കുന്നതാണ്. അവന്റെ ലേഖനത്തിന്നു പ്രൂഫ് എടുത്തു കിട്ടുന്നതിനിടയ്ക്കു, പലേ വീഴ്ചകൾ ഉണ്ടായിപ്പോയിരിക്കാം. അവൻതന്നെ എഴുതിയ പകൎപ്പിൽ ബദ്ധപ്പാടുനിമിത്തം വല്ല പിഴകളും വരുത്തിയിരുന്നിരിക്കാം. അച്ചുനിരത്തുകാരൻ ശബ്ദനിശ്ചയം ഇല്ലാതെ ഒന്നിനൊന്നു ധരിച്ചു ഭേദഗതി ചെയ്തു ചേർത്തിരിക്കാം; അറകളിൽ അച്ചാണികൾ ഇനംമാറി കിടന്നിരുന്നതുനിമിത്തം, അക്ഷരമാററങ്ങൾ വന്നിരിക്കാം; പ്രൂഫ് എടുക്കവേ വല്ല അച്ചാണിയും ഊന്നുപോയിരിക്കാം. പകർപ്പു വായിച്ചുകേൾപ്പിക്കുന്ന ആൾ തെററിദ്ധാരണനിമിത്തം വല്ല പദവും മറെറാരുവിധം വായിച്ചിരിക്കാം. ഇപ്രകാരം പലേ വീഴ്ചകൾ, പ്രൂഫ് തിരുത്തിക്കഴിയുന്നതിന്നിടയ്ക്കു്, കണ്ടുപിടിക്കാൻ കഴിയുന്നതാണ്. ചിലപ്പോൾ, പ്രൂഫ് നോക്കുന്ന സമയം കാണുന്ന ചില പിഴകൾ അസാമാന്യമായ ക്ലേശത്തിന്നു കാരണമാകും: അവയെ ഏറിയ പ്രയത്നംകൂടാതെ തിരുത്തിച്ചേർപ്പാൻ റിപ്പോർട്ടർ ബുദ്ധികൗശലം പ്രയോഗിക്കേണ്ടതായും വരും. സന്ദർഭൗചിത്യം അനുസരിച്ച് ഒരു പദത്തിനു പകരം മറെറാരു പദം വെയ്ക്കുകയോ, ഒരു ചെറിയ വാക്കിനു പകരം വലിയ വാക്ക് ഉപയോഗിച്ച് മററു ചില പദങ്ങൾ നീക്കിക്കളകയോ, മറേറാ ചെയ്യേണ്ടി വന്നേക്കും. ഇതൊക്കെ, റിപ്പോർട്ടരുടെ നോട്ടത്തിങ്കീഴിലായാൽ, അധികം എളുപ്പത്തിൽ നടന്നേക്കും.

കാര്യവിവരവും പഠിപ്പുമുള്ളവനാണ് അച്ചുനിരത്തുകാരനെങ്കിൽ, പ്രൂഫിൽ ഏറെ പിഴകൾ ഉണ്ടായിരിക്കയില്ല; തീരെ അക്ഷരജ്ഞാനമില്ലാത്ത അച്ചുനിരത്തുകാരെക്കൊണ്ടു് ഉണ്ടാകാവുന്ന ക്ലേശങ്ങൾ, പത്രക്കാർക്കു, നൂറിരട്ടിച്ചു കാണും. പകർപ്പു നിശ്ശേഷം ശുദ്ധമായും വൃത്തിയായും വ്യക്തമായും എഴുതിയിരുന്നാൽ, പ്രൂഫിൽ തെററുകൾ ചുരുങ്ങിയിരിക്കുമെന്നു് ആശിക്കാവുന്നതാണ്; എന്നാൽ, 'മരത്തല'കളായ അച്ചുനിരത്തുകാരക്ക്, എല്ലാം ഒപ്പംതന്നെയാണ്; അവർ അറപ്പെട്ടികളിൽ അച്ചാണികൾ ഇനംമാറി തിരിഞ്ഞിട്ടുകനിമി

ത്തം പ്രൂഫ് ഒട്ടേറെ കുഴപ്പത്തിലാക്കിയിരിക്കും. പ്രൂഫ് തിരുത്തലിൽ കണ്ടുപിടിക്കാവുന്ന പിഴകൾ പലമാതിരിയുണ്ടു്. ചിലതു്, അറ മാറിപ്പോകയാൽ വരുന്ന അക്ഷരമാററമായിരിക്കും. 'അവൻ ഇരുളിൽ മറഞ്ഞു'—എന്നതിന്നു്, 'അവൾ ഇരുളിൽ പറഞ്ഞു'—എന്നു നിരത്തിയിരിക്കാം. ചിലപ്പോൾ അച്ചാണികൾ തമ്മിൽ അല്പമായുള്ള ഭേദത്തെ സൂക്ഷ്മമായി കണ്ടറിയാതെ വരുത്തുന്ന തെററാവാം. "അന്യായക്കാരൻ കുളത്തിൽ കുളിച്ചുനിന്നിരുന്നപ്പോഴാണു് പ്രതി തല്ലിയതു്."—എന്നതിനെ "......കളത്തിൽ കളിച്ചു നിന്നിരുന്നപ്പൊഴാണു്......" എന്നു ചേർത്തിരിക്കാം. ചിലപ്പോൾ, അച്ചാണി തിരിഞ്ഞോ മറിഞ്ഞോ ഇരിക്കും. 'രാമൻ' എന്നതു് 'രു്മഡ' എന്നായിപ്പോയിരിക്കും. ചില സംഗതികളിൽ, വിരാമാദിചിഹ്നങ്ങൾ ഒന്നിനൊന്നു് മാറിപ്പോയിരിക്കും; ചിലപദങ്ങൾ തെററായി വായിച്ചുപോയിരിക്കും; 'വിഷണ്ണൻ' 'വിഷണ്ഡൻ' ആയിപ്പോയിരിക്കും; ചിലപ്പോൾ, വാക്കുകൾ വിട്ടുപോയിരിക്കാം; മററുചില സംഗതികളിൽ, അടുത്തടുത്ത വരികൾ ഒരേ പദംകൊണ്ടു് ആരംഭിക്കുന്നവയായിരുന്നാൽ, വരി പിണങ്ങി വീഴ്ചവരാം. ചിലപ്പോൾ, അച്ചുകൾ തരം മാറി വന്നിരിക്കാം: പൈക്കയ്ക്കു പകരം ഗ്രേററ്പ്രൈമറോ, സ്മാൾ പൈക്കയോ കൂട്ടങ്ങിയിരിക്കും. ചിലപ്പോൾ, ഇട വേണ്ടെടത്തു് ഇല്ലാതെയും; വേണ്ടാത്തേടത്തു ഉണ്ടായും ഇരിക്കാം. "രാമൻമേ നവൻെറകൈയിലുള്ളപുസ്തകത്തെ"—ഇപ്രകാരം വന്നിരിക്കാം. ചിലെടത്തു്, ഖണ്ഡിക വെവ്വേറ തിരിക്കേണ്ട ഭാഗങ്ങൾ കൂട്ടിച്ചേർത്തു് നിരത്തിയിരിക്കാം; നേരേമറിച്ചു്, തുടൻുപോകേണ്ട ഭാഗങ്ങളെ വെവ്വേറെ ഖണ്ഡികകളാക്കിയിരിക്കാം. ഇത്തരം പലേമാതിരി പിഴകളും പ്രത്യേകം ഓരോരോ സങ്കേതങ്ങൾകൊണ്ടാണു് തിരുത്തിക്കാണിക്കാറുള്ളതു്. ഇംഗ്ലീഷിലുള്ള സങ്കേതങ്ങൾതന്നെയാണു് മലയാളത്തിലും ഉപയോഗിച്ചുവരുന്നതു്. അച്ചുക്കൂടത്തിൽ അയച്ചു് അച്ചുനിരത്തേണ്ടതിന്നായി പകർപ്പുകൾ എഴുതുന്നവരൊക്കെ, ഈ സങ്കേതങ്ങളെ പരിചയിച്ചിരുന്നാൽ, തങ്ങളുടെ പകപ്പിൽത്തന്നെയും തിരുത്തേണ്ടഭാഗങ്ങളെ മേല്പടി സങ്കേതങ്ങൾകൊണ്ടു് തിരുത്തിക്കാണിപ്പാൻകഴിയുന്നതും, ശുദ്ധമായ

വേറേ പകർപ്പ് എഴുതാതെകൂടിയും ആവശ്യം സാധിക്കാവുന്നതും ആകുന്നു. ഇവയിൽ ചില സങ്കേതങ്ങൾ വിശേഷിച്ചു പലപ്പോഴും ആവശ്യപ്പെടുന്നവയാണ്.

അച്ചുനിരത്തുകാരും പകർപ്പുവായിക്കുന്ന 'ഒത്തുനോക്കു'കാരും മററും കൂടിച്ചേർന്ന്, സാധാരണയായി, എന്തുമാത്രം തെറ്റുകൾ വരുത്തിക്കൂട്ടുമാറുണ്ടെന്നു പത്രവായനക്കാർ അറിയാറില്ല. പത്രങ്ങളിൽ കാണുന്ന ഒന്നോ രണ്ടോ അക്ഷരവീഴ്ചകൾ മാത്രം വായിച്ചിട്ട്, അച്ചുകൂടപ്പണിക്കാരൊക്കെ ഏറെക്കുറെ സമർത്ഥന്മാരാണെന്നു വായനക്കാർ വിചാരിച്ചുപോയേക്കാം. അച്ചുനിരത്തുകാരുടെ 'പൈത്തിയാറത്തന'ങ്ങൾ പ്രൂഫ്തിരുത്തുകാരനും, പത്രാധിപരും കാണുംപോലെ, മററുള്ളവർ കാണാറില്ല; ചില തെററുകൾ മാത്രം ബീഭത്സമായ വിധത്തിൽ വായനക്കാരുടെ ദൃഷ്ടിയിൽ പെടുന്നതിനിടയായേക്കും. ഈ തെററുകളിൽ പ്രധാനമായവ (1) ഒരു വാക്കിലെ അക്ഷരം ഒന്നിനൊന്നു തെററി വായിച്ചു നിരത്തുകയാലും, (2) ഒരു പദത്തിനുപകരം മറെറാന്നു തെററിദ്ധരിക്കയാലും, (3) ഒരു വലിയ വാക്യത്തിലെ അന്തർഗ്ഗതവാക്യങ്ങളെ തിരിച്ചുകാണിപ്പാനായി ഉപയോഗിക്കുന്ന ചിഹ്നങ്ങളെ വിട്ടുകളകയോ ഒന്നിനൊന്നായിട്ടോ, വേണ്ടാത്തേടത്തോ വെയ്ക്കുയോ ചെയ്യുന്നതിനാലും ഉണ്ടാകുന്നവയാകുന്നു. ചിലപ്പോൾ പ്രൂഫിൽ തിരുത്തൽ ചെയ്യുന്നതിനോടുകൂടി അച്ചുനിരത്തുകാരനു വല്ല ജ്ഞാപകമോ ശാസനയോ കുറിച്ചിരുന്നാൽ, അതുംകൂടി തിരുത്തലിൽ ഉൾപ്പെടുത്തി അച്ചടിച്ചു വിടാറുണ്ട്. ഇവയിൽ 1-ം 2-ം, കൈയെഴുത്തുപകർപ്പിലെ ന്യൂനതനിമിത്തം ഉണ്ടാകുന്ന പ്രമാദങ്ങളാണ്. മലയാളത്തിൽ കൈയെഴുത്ത് എപ്പോഴും ശുദ്ധമായിരിക്കാറില്ലാ. ചില സമയങ്ങളിൽ, പ, വ; ന, ഹ; ത, ന; റ, ഠ; ഇ, ള; തി, ത്ര; വി, ഫ; സ, ഡ; ത്ത, ആ; ഇങ്ങനെ പല അക്ഷരങ്ങളും തമ്മിൽ മാറിത്തോന്നിയേക്കും. ആ സന്ദർഭങ്ങളിലാണ് അച്ചുനിരത്തുകാർ, 'മുഖവുര'യെ 'മുഖപുര'യാക്കിയും; 'അവ ഇരിക്കട്ടെ'യെ 'അവളരിക്കട്ടെ'യാക്കിയും; 'ഹവിൽദാർ' 'വിവിദിൻ' ആക്കിയും; 'ഡാറ'യെ 'സാറ'യാക്കിയും മററും കൂത്തുകൾ കാട്ടുന്നതു്. മൂന്നാമത്തേതു്, മിക്കവാറും, ലേഖകൻെറ അശ്രദ്ധയാൽ ഉണ്ടാകുന്ന

താണെന്നു പറയാം.. വലിയ വാക്യങ്ങൾ എഴുതുമ്പോൾ, ഇടവാചകങ്ങളിലെ ഒരു വാക്കിനെ അങ്ങോട്ടോ ഇങ്ങോട്ടോ ചേൎത്തുവായിക്കാൻ സൗകൎയ്യമുണ്ടായാൽ, ഇത്തരം തെററുകൾ വരാവുന്നതാണ്; ഇടയ്ക്കു തോട്ടിപോലെ അൎത്ഥത്തെ പിടിച്ചു നിറുത്തുവാൻ ഉപയോഗിക്കുന്ന അങ്കുശചിഹ്നം വിട്ടുപോയാൽ, പദം ഇളകി, അൎത്ഥം തോന്നിയവഴിക്കു പോയേക്കും. അച്ചുനിരത്തുകാരനു നൽകുന്ന സൂചനകളെക്കൂടെ ലേഖനത്തിനുള്ളിൽ ചേൎത്ത് അച്ചടിക്കാനിടയാകുന്നതു്, മുഖ്യമായും, അവൻെറ ഭോഷത്തത്തിൻെറ ഫലമാണ്. അച്ചടിയിൽ ഇന്നതരം അക്ഷരം ഉപയോഗിക്കണം എന്നു സൂചിപ്പിച്ച് "ചെറുകരുക്കൾ ഉപയോഗിക്കണം" എന്ന് ഒരു കുറിപ്പ് പകപ്പിൽ എഴുതിയിരുന്നതുകൂടി ഒരു തലവാചകമായി ചേൎത്ത് അച്ചടിച്ചിരിക്കുന്ന ഒരു ഉദാഹരണം ഈയിടെ ഒരു പത്രത്തിൽ കാണുകയുണ്ടായി. എന്നാൽ, ഈവക പ്രമാദങ്ങൾക്ക് ഒക്കെയും, അവയെ സൂക്ഷ്മമായിത്തിരുത്തി അച്ചടിപ്പിക്കേണ്ടതിനു ചുമതലപ്പെട്ടവർ അപരാധികളാണ്. അച്ചുനിരത്തുകാരൻ, തൻെറ ബദ്ധപ്പാടിൽ, വാക്കുകളുടെ അൎത്ഥമെന്തെന്നു വിചാരിച്ചുംകൊണ്ടല്ലാ അച്ചുനിരത്തുന്നതു്; അവൻെറ പ്രഥമനോട്ടത്തിനു് എങ്ങനെ തോന്നുന്നുവോ അതിന്മണ്ണം അച്ചു പെറുക്കി നിരത്തുന്നു. വാക്കുകളുടെ അൎത്ഥംകൂടി നോക്കുന്നില്ലെങ്കിൽ, വാക്യങ്ങളുടെ അൎത്ഥത്തെപ്പററി അവനു യാതൊരു ബോധവുമുണ്ടാകുന്നില്ലതന്നെ. അവൻ, മരങ്ങളെ നോക്കിനോക്കിപ്പോകനിമിത്തം വനത്തെ കാണുന്നില്ലാത്തതുപോലെ, അക്ഷരങ്ങൾ മാത്രം നോക്കുക ഹേതുവായി വാക്കുകളോ അൎത്ഥമോ ഗ്രഹിക്കുന്നില്ല.

പിഴ പോക്കിവേണം അച്ചടിച്ചു പുറമേ വിടുവാൻ, എന്നു നിൎബ്ബന്ധം വെയ്ക്കുന്നതു് ആവശ്യമാണ്. അതിലേയ്ക്കു് ഏതു ലേഖനവും, അതിൻെറ കൎത്താവായ റിപ്പോർട്ടരോ, ചുമതലക്കാരനായ പത്രാധിപരോ സമ്മതിച്ചശേഷമേ അച്ചടിക്കാൻ തുടങ്ങാവൂ എന്നു നിബന്ധനയുണ്ടായിരിക്കണം. ഇങ്ങനെയിരുന്നാലും, പത്രം പുറപ്പെടുവിക്കാൻ സമയം വൈകുമ്പോഴെയ്ക്കും അച്ചുനിരത്തുകാൎക്കു ദുഷ്കരമായ വിധത്തിലുള്ള തിരുത്തലുകൾ എഴുതിക്കൊടുക്കരുതു്. ഈ തിരുത്തൽ പക്ഷേ, ലേഖ

നത്തിന്നു ഭംഗി കുട്ടമായിരിക്കാം; എന്നാലും പത്രം പുറപ്പെടേണ്ട സമയമായി എന്നിരിക്കിൽ ഈ പരിഷ്കാരംകൂടാതെ കഴികയാണു് ഉത്തമം. പരിഷ്കാരം ചെയ്യുന്നതൊക്കെ ആദ്യമേ പകപ്പിൽത്തന്നെ ആകാമായിരുന്നു. അച്ചടിക്കാൻ കാലമാകുമ്പോൾ ഒരു വരി ഇടയ്ക്കു തള്ളിക്കളയണമെന്നോ; ചില വാക്കുകൾ ഇടയ്ക്കു കുത്തിത്തിരുകണമെന്നോ; രണ്ടു ഖണ്ഡികകൾ കൂട്ടിച്ചേർത്തു് ഒന്നാക്കണമെന്നോ ആവശ്യപ്പെട്ടാൽ, എളുപ്പം സാധിക്കയില്ല. ഗാലിയിൽ ഇരിക്കയാണെങ്കിൽക്കൂടി, 'മാററർ' ഇടയ്ക്കു വിടത്തിയെടുത്തു് 'കടത്തു'ക വേണ്ടിവന്നേക്കും; അച്ചടിയന്ത്രത്തിൽ കയററിയശേഷം, അതു ദുഷ്കരവും, സാമാന്യത്തിൽ പത്തിരട്ടി സമയം വേണ്ടിവരുന്നതും ആകുന്നു. ഇത്തരം സന്ദർഭങ്ങളിൽ, റിപ്പോർട്ടരോ, പത്രാധിപരോ അച്ചുനിരത്തുകാരനെ ക്ലേശിപ്പിക്കാതെയും, പത്രം അച്ചടിപ്പാൻ കാലം അതിക്രമിക്കാതെയും ഇരിക്കത്തക്കവണ്ണം ബുദ്ധികൗശലം പ്രയോഗിച്ചു്, എളുപ്പമായ മറെറാരു വിധം തിരുത്തൽ ചെയ്യുകയാണു യുക്തം.

> "........ലോകത്തിൽ നടക്കുന്ന സംഗതികളെക്കുറിച്ചു യാതൊരു അനുഭവജ്ഞാനവുമില്ലാത്ത തത്വജ്ഞാനിയെന്നാണർത്ഥം.
>
> മേൽ പറയപ്പെട്ട അഭിപ്രായത്തെപ്പററി ഒരു വിമർശനം ചെയ്യുന്നതിന്നു മുമ്പായി ദാരിദ്ര്യം എന്നു പറയുന്നതു് എന്താണെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു."

ഈ കാണിച്ച രണ്ടു ഖണ്ഡങ്ങളേയും ഒന്നാക്കുകയും, ഒരു വരി കുറയ്ക്കുകയും ചെയ്യണമെന്നു വിചാരിക്കുക. അച്ചുകൂടപ്പണിക്കാരനു ക്ലേശം തട്ടാതെയും, അച്ചടിപ്പാൻ കാലം വൈകിക്കാതെയും, അർത്ഥത്തിന്നു ഹാനി പററാതെയും, ഇതു് എങ്ങനെ സാധിക്കാം? രണ്ടാം ഖണ്ഡികയിലെ "മേൽപറയപ്പെട്ട" എടുത്തു കളഞ്ഞു് പകരം, "ഈ" വെയ്ക്കുകയും, അടുത്ത വരിയിലെ ആരംഭത്തിലുള്ള "ററി"യെ മുൻവരിയുടെ

UNIVERSITY LIBRARY
31 OCT 1934

ഒടുവിലേക്കു 'കടത്തു'കയും ചെയ്തു് ഒന്നാം ഖണ്ഡികയുടെ അവസാനവരിയിലുള്ള ഒഴിഞ്ഞ ഭാഗത്തേക്കു് കയററിയാൽ, രണ്ടു ഖണ്ഡികകളും ഒന്നായിച്ചേർത്തു കഴിഞ്ഞു. പിന്നെ, "ഒരു വിമർശനം ചെയ്യുന്നതിന്നു മുമ്പായി ദാരിദ്ര്യം എന്നു പറയുന്നതു് എന്താണെന്നു്" "ഒരു," "ന്നതിനു," "ആയി," "എന്നു പറയുന്നതു്"—ഇവയെ വിട്ടുകളഞ്ഞു്, "വിമർശനം ചെയ്യും മുമ്പു്, ദാരിദ്ര്യം എന്താണെന്നു"—എന്നു സംക്ഷേപിച്ചാൽ, ഒരു വരി കുറയുകയും ആയി. ഇങ്ങനെ ഒരു ഭേദഗതി ചെയ്യുവാൻ, പ്രയാസമില്ല; അച്ചാണികൾ എടുത്തുകളവാനാണു് ആവശ്യപ്പെടുന്നതു്, ഇടസ്ഥ കുത്തിത്തിരുകുവാനല്ല. ഈ വിധം ചെയ്യാതെ രണ്ടു ഖണ്ഡികകളെയും കൂട്ടിച്ചേർക്കേണമെങ്കിൽ, രണ്ടാംഖണ്ഡികയിലെ വരികളെയെല്ലാം കടത്തിക്കൊണ്ടുപോകയും, ഒടുവിൽ വരി കുറയ്ക്കുവാൻ ക്ലേശപ്പെടുകയും, ചെയ്യേണ്ടിവരും. ഇത്തരം പല വിഷമഘട്ടങ്ങൾ പലപ്പോഴും എനിക്കു് അനുഭവമായിട്ടുണ്ടു്. ചിലപ്പോൾ രണ്ടക്ഷരങ്ങൾ മാത്രം ഒരു വരിയിൽ അവസാനിക്കയും, ആവശ്യത്തിൽ കവിഞ്ഞു് ഒരു വരി ഉണ്ടായിരിക്കയും ചെയ്യും. മുൻവരികളിലെ വാക്കുകൾ യാതൊന്നും നീക്കുവാനും നിവൃത്തികാണുകയില്ല. അപ്പോൾ, 'സ്പേസ്" (ഇട) എടുത്തുകളകയോ ചുരുക്കുകയോ ചെയ്തിട്ടോ, മുൻ വാക്കുകളിൽനിന്നു് അർത്ഥത്തിന്നു ഭേദം വരുത്താതെ ചില അക്ഷരങ്ങൾ തട്ടിക്കളഞ്ഞിട്ടോ കാര്യം സാധിക്കാം. ഇതിനെക്കാൾ വിഷമമാണു് ഒരു ലേഖനത്തിൻെറ ഇടയ്ക്കുള്ള ഖണ്ഡം, 'കോളം' ആക്കുമ്പോൾ, പ്രമാദത്താൽ മറെറാരു ഭാഗത്തു് അസ്ഥാനത്തിൽ എടുത്തുവെച്ചു മുറുക്കിയിരുന്നാൽ ഉണ്ടാകുന്ന ക്ലേശം. ഈ പ്രമാദം, 'മാററർ' ഗാലിയിൽ തന്നെയിരിക്കുമ്പോൾ ഉണ്ടായതായിരുന്നാൽ ഗാലിയിൽ വെച്ചുതന്നെ ശരിപ്പെടുത്താം. എന്നാൽ അച്ചടിപ്പാനായി 'ഫോറം' മുറുക്കി, അച്ചടിയന്ത്രത്തിൽ കയററിയിട്ടിരിക്കുമ്പോഴാണു കാണുന്നതെങ്കിൽ, എന്താണു് ചെയ്ക? ചില സംഗതികളിൽ, ഫോറം താഴത്തിറക്കേണ്ടി വന്നേക്കും. ചിലപ്പോൾ, ബുദ്ധികൗശലം ഉണ്ടെങ്കിൽ, സമയോചിതംപോലെ ഉപായം തോന്നും. എൻെറ അനുഭവത്തിൽ പെട്ടിരുന്ന വിഷമഘട്ടങ്ങളിൽ ഒന്നു് താഴെ പറയുംപ്രകാരം ചാടിക്കടന്നു

തായി ഞാൻ ഓർക്കുന്നുണ്ടു്. രണ്ടേമുക്കാൽ 'കോളങ്ങൾ'വരുന്ന ഒരു ലേഖനത്തിൽ, ഒന്നാം 'കോള'ത്തിന്റെ അവസാനഘട്ടത്തിൽ 4–ാം വകുപ്പിൽ ചേൎന്നു നില്ക്കേണ്ടതായ ഉദ്ദേശം കാലേഅരക്കാൽ 'കോളം'വക 'മാററർ,' ഫോർമാന്റെ പ്രമാദത്താൽ, ലേഖനത്തിന്റെ അവസാനത്തിൽ 10–ാം വകുപ്പിനോടു ചേർത്തു മുറുക്കിയിരുന്നു. ഇതു, പത്രം അച്ചടിച്ചു് പുറപ്പെടുവിക്കും മുമ്പുള്ള 'പ്രെസ്സ്പ്രൂഫ്' വന്നപ്പോളാണു കണ്ടതു്. ഫോറം ഇറക്കി പൊളിച്ചെടുത്തു ശരിയാക്കുക എന്നാൽ, ഒരു മണിക്കൂറോളം സമയം വൈകുകയും, പത്രം അന്നു പുറപ്പെടുവിപ്പാൻ സാധിക്കാതെ പോകയും ചെയ്യുമായിരുന്നു. ഫോർമാൻ വിഷണ്ണനായി, ഫോറം ഇറക്കാൻ ഭാവിച്ചു. ആ സമയം എനിക്കുതോന്നിയ ഉപായം ഇതായിരുന്നു. അസ്ഥാനത്തിൽ വന്ന ഭാഗത്തെ "4–ാം വകുപ്പിൽ കൂട്ടിച്ചേൎപ്പാൻ" എന്ന ഒരു തലവാചകം നടനാട്ടിവോാക്കിക്കാണിച്ചു. ലേഖനം ഒരു റഗുലേഷന്റെ നഖൽ ആയിരുന്നതിനാൽ, ഈ അന്ത്യഘട്ടം ആ നഖലിൽ കൂട്ടിച്ചേൎപ്പാനായി പിന്നാലെ എഴുതിച്ചേർത്ത ഒരു പരിഷ്കാരമാണെന്നു വായനക്കാർ ധരിപ്പാനും, ആ വിധത്തിൽ അതിലെ സന്ദർഭവൈഷമ്യം നീങ്ങാനും സംഗതിയായി.

അദ്ധ്യായം . ഏഴ്

## കോടതികൾ: മഹാജനയോഗങ്ങൾ

വൃത്താന്തനിവേദനപ്രവൃത്തിയിൽ കുറെ പരിചയം ഉണ്ടായാൽ പിന്നെ, കുട്ടിത്തരംറിപ്പോർട്ടർക്കു, മുന്നോട്ടു കടക്കുവാൻ വിരോധമില്ല. മജിസ്ട്രേററ് കോടതിയിലെയും പൊലീസ് കച്ചേരിയിലെയും വർത്തമാനങ്ങൾ ശേഖരിപ്പാൻ വേണ്ടിവരുന്നതിലധികം കാര്യശേഷിയും നിപുണതയും ആവശ്യപ്പെടുന്ന സ്ഥാപനങ്ങളുണ്ടു്. ഇവ സിവിൽകോടതികൾ, സെഷൻകോടതികൾ, ഹൈക്കോടതി, നഗരപരിപാലകസഭകൾ എന്നിത്തരം വ്യവസ്ഥാപനങ്ങളാണ്. ഇവയിൽ ഓരോന്നിലും പൊതുവിൽ ജനങ്ങൾക്കു കൗതുകമുള്ള പലേസംഗതികൾ നടക്കുന്നുണ്ടായിരിക്കും. ഈ നടപടികളെ ആവശ്യത്തിന്നനുസരിച്ചു് കുറിച്ചെടുത്തു് റിപ്പോർട്ട് എഴുതുവാൻ കുറെ പഴകിത്തുടങ്ങിയ കൈക്കേ എളുപ്പം സാദ്ധ്യമാവൂ. ഒന്നാമതായി, ഓരോന്നിന്നും ഇത്രയിത്ര പത്രസ്ഥലമേ വിനിയോഗിക്കാവൂ എന്ന നിശ്ചയം ഉണ്ടായിരുന്നേക്കാം. അതിന്നു തക്കവണ്ണം എഴുതുവാൻ മുൻ അദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ള രചനാസമ്പ്രദായങ്ങൾ ശീലിച്ചിരിക്കണം. ഈ വിഷയത്തിൽ, ഒരു റിപ്പോർട്ടിനെ ഇത്ര വരിയിൽ നിറുത്തേണമെന്നു ചിലപ്പോൾ നിഷ്കർഷം ചെയ്യാൻ പാടില്ലെങ്കിലും, ഒരു സംഗതിയെക്കുറിച്ചു പ്രകൃതത്തിനു് ഉചിതമായുള്ള സാരഭാഗങ്ങളെമാത്രം എടുത്തെഴുതുവാൻ ശീലിച്ചിരുന്നാൽ, അതു് ഏറെക്കുറെ ഉപകാരകമായിത്തീരും. സിവിൽകോടതികളിലെ വ്യവഹാരങ്ങളെപ്പററി റിപ്പോർട്ടു ചെയ്യേണ്ടിവരുമ്പോൾ ഈ പരിചയം ഏറെ പ്രയോജനപ്പെടുന്നതാണു്.

സിവിൽകോടതികളിൽ നടക്കുന്ന വ്യവഹാരങ്ങൾ എല്ലാം പൊതുവിൽ ജനങ്ങൾക്കു കൗതുകപ്പെട്ടവയായിരിക്കയില്ല. ചില വ്യവഹാരങ്ങളിൽ, നിയമസംബന്ധമായ വിശേഷവാദപദങ്ങളോ, പൊതുവേ ബാധിക്കുന്ന വല്ല തർക്കങ്ങളോ ഉൾപ്പെട്ടിരിക്കാം. ഇവയെപ്പററി റിപ്പോർട്ട് എഴുതുന്നതു

വിഹിതമായിരിക്കും. റിപ്പോർട്ടർക്ക് ഇരുകക്ഷികളുടേയും വാദങ്ങൾ മനസ്സിലാക്കുവാൻ, അവരുടെ വക്കീലന്മാർ ചെയ്യുന്ന പ്രസംഗങ്ങൾ കേട്ടാൽ എളുപ്പം സാധിക്കും. അവയിൽ സാരമായ ഭാഗങ്ങൾ മാത്രം കുറിച്ചെടുക്കയും, വായനക്കാർക്ക് സുഗ്രഹമാകുംവണ്ണം ഇരുകക്ഷികളുടേയും വാദങ്ങൾ സംഗ്രഹിച്ചെഴുതുകയും ചെയ്യണം, ന്യായാധിപതി അതിന്മേൽ ചെയ്തിട്ടുള്ള തീർപ്പിനേയും അസന്ദിഗ്ദ്ധാർത്ഥമായും സുഗമമായുമുള്ള വാചകങ്ങളിൽ പ്രസ്താവിക്കണം.

സെഷൻസ്കോടതികളിൽ നടക്കുന്ന ക്രിമിനൽക്കേസുകൾ എല്ലാം കൗതുകകരമായിരിക്കയില്ല, ചിലതൊക്കെ 'ഒച്ചപ്പെടാതെ'തന്നെ കഴിയുന്നതാണ്. എന്നാൽ, കൊലപാതകം, ലഹള, തീവെപ്പ്, കൊള്ള, വ്യാജപ്രമാണനിർമ്മാണം, കള്ളക്കമ്മട്ടം മുതലായ മഹാപാതകസംഗതികളിൽ ജനങ്ങൾ ഏറെക്കുറെ ശ്രദ്ധവെച്ചു നോക്കിക്കൊണ്ടിരിക്കുന്നുണ്ടായിരിക്കും. ഇവയാണ് 'ഒച്ചപ്പെട്ട' കേസുകളായിത്തീരുന്നതു്. ഇവയുടെ നടപടികൾക്കു റിപ്പോർട്ട് തെയ്യാറാക്കാൻ പൊലീസ്-മജിസ്ട്രേററ്-കച്ചേരികളിലെ പരിചയം വളരെ സഹായമായിരിക്കുന്നതാണ്. നടപടിരീതികൾക്കു വ്യത്യാസമുണ്ടായിരിക്കുമെങ്കിലും, കേസ് വിസ്താരം ചെയ്യുമ്പോൾ, സാക്ഷികളുടെ മൊഴികൾ കുറിച്ചെടുക്കുന്നതും മററും മജിസ്ട്രേററ്കോടതിയിൽവെച്ചു പരിചയിച്ച സമ്പ്രദായമനുസരിച്ചു മതിയാകുന്നതാണ്. സർക്കാർഭാഗം വക്കീൽ കേസ് ആരംഭിക്കുമ്പോൾ നടത്തുന്ന പ്രസംഗത്തിൽനിന്നു്, സാരഭാഗങ്ങൾ കുറിച്ചെടുത്താൽ, കേസിൻെറ സംഗ്രഹമായ വിവരം എഴുതാൻ സാധിക്കും. ഓരോ ഭാഗത്തെയും സാക്ഷികളേയും വക്കീലന്മാരേയും വേറുതിരിച്ചറിഞ്ഞെഴുതുവാൻ റിപ്പോർട്ടർ പ്രത്യേകം ശ്രദ്ധ വെയ്ക്കേണ്ടതാണ്. കേസ് നടത്തുന്നതു സർക്കാരാകയാൽ, അന്യായഭാഗം സർക്കാരാണ്. പ്രതിഭാഗത്തു നില്ക്കുന്നവൻെറ മേലാണ് കുററം ചുമത്തി വിസ്താരം നടത്തുന്നതു്. പ്രതിയെ ഒരു മജിസ്ട്രേററ്കോടതിയിൽനിന്നു കുററം ചുമത്തി, വിസ്താരത്തിനായി സെഷൻസിലേയ്ക്കു അയച്ചതായിരിക്കുമ്പോൾ, ഏതു മജിസ്ട്രേററാണ് 'കമ്മിററ്'ചെയ്തതു് എന്നും മററുമുള്ള വിവരങ്ങൾ റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കണം. സാക്ഷിവിസ്താരം

കഴിഞ്ഞു്, ഇരുഭാഗം വക്കീലന്മാരുടെയും വാദങ്ങളും, പിന്നെ, ന്യായാധിപതിയുടെ വിധിന്യായവും, അതിന്മേൽ, കോടതിയിൽ കൂടിയിട്ടുള്ള ബഹുജനങ്ങളുടെയിടയിലുണ്ടാകുന്ന സന്തോഷസന്താപാദിഭാവങ്ങളും, റിപ്പോർട്ടർ, വഴിതെററിക്കാത്തവിധത്തിൽ കഥിക്കേണ്ടതിനു് നിപുണനായിരിക്കണം. ന്യായാധിപതി വിധി പ്രസ്താവിച്ചിട്ടില്ലെങ്കിൽ, എപ്പോൾ പ്രസ്താവിക്കുമെന്നു് അന്വേഷിച്ചറിഞ്ഞു് പത്രത്തിൽ പറകയും, ആ സമയം വിധിപ്രസ്താവം കേൾപ്പാൻ കോടതിയിൽ എത്തിയിരിക്കയും വേണം. സെഷൻസ്കോടതിയിലുള്ളപോലെ 'ഒച്ചപ്പെട്ട' കേസുകൾ ഹൈക്കോടതിയിലും ഉണ്ടായിരിക്കും; അവയെപ്പററിയും ഇതിന്മണ്ണം റിപ്പോർട്ടു് എഴുതേണ്ടതാണു്. ഹൈക്കോടതിയിൽ, സാധാരണ, അപ്പീൽ വിചാരണയ്ക്കു്, സാക്ഷിവിസ്തരിക്കാറില്ല; കീഴ്ക്കോടതിയിൽ നടന്നവയെപ്പററി നിരൂപണം ചെയ്യുകയാണു് മിക്കവാറും നടക്കുന്നതെന്നിരുന്നാലും, ചില സംഗതികളിൽ, കൂടുതലായി സാക്ഷികളെ വിളിപ്പിച്ചു് മൊഴിമേടിച്ചു് തെളിവിൻെറ ബലാബലനിണ്ണയം ചെയ്യാറുമുണ്ടു്. ഈ സംഗതികളിൽ, വിശേഷാൽ വിളിപ്പിച്ച സാക്ഷികളുടെ മൊഴികളെ റിപ്പോർട്ടിൽ പ്രതിപാദിക്കണം. അല്ലാത്ത സംഗതികളിൽ, ഇരുകക്ഷികളുടെ(വക്കീലന്മാരുടെ)യും വാദങ്ങൾ സംഗ്രഹിച്ചെഴുതുകയും, ന്യായാധിപന്മാരുടെ ഏകകണ്ഠമായോ ഭിന്നമായോ ഉള്ള തീച്ചുകല്പനകളെ അവസാനത്തിൽ യഥാവൽ പ്രസ്താവിക്കയും ചെയ്യുന്നതു് മതിയാകും. ഹൈക്കോടതിയിൽ, ക്രിമിനൽക്കേസ് അപ്പീലിനുപുറമെ, പലവക ഹരജികളും, സിവിൽ കേസ് അപ്പീലുകളും, പത്രപ്രസ്താവയോഗ്യമായ ഇനിയും പലേ കാര്യങ്ങളും ഉണ്ടു്: ഇവയെപ്പററിയും ഉചിതമായവിധം റിപ്പോർട്ടു് ചെയ്യേണ്ടതാകുന്നു.

ദേശക്ഷേമത്തെ അന്വേഷിച്ചു് പരിപാലനം ചെയ്യുന്ന സഭകൾ പലതുണ്ടു്. ഇവയിൽ അതതുകാലങ്ങളിൽ ആലോചിക്കുന്ന കാര്യങ്ങളെപ്പററി ബഹുജനങ്ങൾക്കു് അറിവുനൽകേണ്ടതു് പത്രക്കാരൻെറ കടമകളിൽ ഒന്നാണു്. ഈവക സഭകൾ ചിലതു് നഗരപരിപാലനസഭകളായും, മററു ചിലതു് താലൂക്കു് ക്ഷേമപ്രവത്തകസംഘങ്ങളായും ഇരിക്കുന്നു. ഇവയ്ക്കു്,

'മുൻസിപ്പാൽ കൗൺസിൽ,' 'കാർപ്പൊറേഷൻ,' 'ടൗൺ കൗൺസിൽ,' ടൗൺ ഇംപ്രൂവ്മെന്റ്കമ്മറ്റി,' 'താലൂക്ക്ബോർഡ്,' 'ഡിസ്ത്രിക്റ്റ്ബോർഡ്''—എന്നിങ്ങനെ പല പേരുകൾ യഥോചിതം പറഞ്ഞുവരുമാറുണ്ട്. ഇവയിലെ നടപടികളെപ്പററി റിപ്പോർട്ട് ചെയ്യാൻ പോകുന്ന കുട്ടിഞരക്കാരനായ റിപ്പോർട്ടർ തുടക്കത്തിൽ കുറെ കുഴങ്ങിയേക്കും. എന്താണ് കുറിച്ചെടുക്കേണ്ടതു്, ഏതാണു് ഉപേക്ഷിക്കേണ്ടതു്, എന്നു നിശ്ചയമില്ലാതെ അവൻ അമ്പരന്നിരിക്കുമ്പോൾ, പഴമപരിചയക്കാരനായ റിപ്പോർട്ടർ തീരെ വാട്ടംതട്ടാതെ സാരഭാഗങ്ങൾ കുറിച്ചെടുക്കുന്നുണ്ടായിരിക്കും. ഇങ്ങനെ കുഴങ്ങിപ്പോവാതിരിക്കേണ്ടതിനു്, റിപ്പോർട്ടർ ചെയ്യേണ്ടതായ മുൻകരുതൽ, മേല്പടിസഭകളുടെ കഴിഞ്ഞ യോഗങ്ങളിൽ നടന്ന ആലോചനകളുടെയും മററും റിപ്പോർട്ടുകൾ വായിച്ചു മനസ്സിലാക്കുകയും, അന്നത്തെ പ്രവൃത്തികൾ എന്താണെന്നു് മുൻകൂട്ടി അറിയുകയും ആകുന്നു. മുൻയോഗനടപടികളെപ്പററി തൻെറ പത്രത്തിൽത്തന്നെയും പ്രസ്താവിച്ചിരുന്നിരിക്കും. ഇവയൊക്കെ ഗ്രഹിച്ചിരുന്നാൽ, താൻ ഹാജരാകുന്ന യോഗത്തിലെ നടപടികളെ എളുപ്പം പിന്തുടരാം: മുമ്പത്തെ റിപ്പോർട്ടുകളെ തുടർന്നു കൊണ്ടുപോവാൻ വേണ്ടിയ വിവരങ്ങൾ മാത്രം കുറിച്ചെടുക്കയും ചെയ്യാം. ചിലപ്പോൾ, സഭവക നടപടിവിവരങ്ങൾക്കു 'റിപ്പോർട്ടുകൾ' സഭയിൽനിന്നുതന്നെ അച്ചടിപ്പിച്ചു് തെയ്യാറാക്കിയിരിക്കും: ഇവയിൽ ഒരു പ്രതി കിട്ടിയാൽ, റിപ്പോർട്ടർക്കു് ചുരുക്കെഴുത്തിൽ കുറിച്ചെടുക്കേണ്ട പണികൂടാതെ കഴിയും. എഴുതിവായിക്കുന്ന രേഖകളൊന്നും, വായിക്കുമ്പോൾ, ചുരുക്കെഴുത്തിൽ സംഗ്രഹിക്കാതെ കഴിക്കാം; അവ പിന്നാലെ കുറിച്ചെടുക്കാം. വാചാ പ്രസംഗിക്കുന്ന സംഗതികളെയേ സംക്ഷേപിച്ചെഴുതിക്കൊള്ളേണ്ടു. സഭകളിൽ ഓരോരോ നിശ്ചയങ്ങൾ സമപ്പിക്കയും പ്രസംഗിക്കയും ചെയ്യുന്നവരെ തിരിച്ചറിയണം; പേരു് നിശ്ചയമില്ലെങ്കിൽ, സൂചനകൾ കുറിക്കുമ്പോൾ, അവരുടെ അഭിജ്ഞാനം ഉണ്ടാക്കത്തക്ക വല്ല അടയാളവും കുറിച്ചുകൊള്ളുകയും, യോഗം കഴിഞ്ഞശേഷം, വേണ്ട സംശയനിവാരണം ചെയ്തുകൊള്ളുകയും വേണം. 'നരച്ച കറുപ്പൻ,' 'കുടവയ്റ്റി,' 'കണ്ണടക്കാരൻ,' 'ചെമന്ന തല

പ്പാവു്"—ഇത്യാദി ഓരോ അടയാളപ്പേരുപയോഗിക്കാവുന്നതാണു്. യാതൊരാളുടെയും പേരു് മാറിപ്പറയരുതു്; അതുപോലെതന്നെ, യാതൊരുവൻെറയും അഭിപ്രായം മറെറാരുവൻ്റെ വകയായിട്ടും റിപ്പോർട്ടിൽ ചേക്കരുതു്. ആരാൻെറ കുട്ടികളുടെ അച്ഛനാണു് താൻ, എന്നു് അവാസ്തവവാർത്ത പരത്തുന്നതിനു് യാതൊരുവനും സമ്മതം ഉണ്ടാകയില്ല; അങ്ങനെ തെററിപ്പറഞ്ഞിരുന്നാൽ, സന്തോഷമുണ്ടായിരിക്കയുമില്ല.

ചില സഭകളിലും, കോടതികളിലും, ചില സന്ദർഭങ്ങളിൽ നടക്കുന്ന സംഗതികൾ പൊതുജനങ്ങളെ അറിയിക്കുന്നതു് വിഹിതമല്ലെന്നു് അധികൃതന്മാർ നിശ്ചയിച്ചിരിക്കാം. ആ സന്ദർഭങ്ങളിൽ പത്രപ്രതിനിധികളെ അവിടെ കടത്തിവിടുമാറില്ല; റിപ്പോർട്ടർമാർ ഹാജരായിരിക്കുമ്പോഴാണു് ഇങ്ങനെയൊരു സന്ദർഭം വരുന്നതെങ്കിൽ ആ സമയം റിപ്പോർട്ടർമാരോടു വിവരം പറകയും, അവർ പുറമെ പോകുകയും ചെയ്യുന്നു. പക്ഷെ, അവിടെ ഇരുന്നാൽക്കൂടി വിവരങ്ങൾ റിപ്പോർട്ടിൽ ചേക്കയില്ല. കോടതികളിൽ, സാധാരണ ഏതു കേസും പൊതുജനങ്ങൾക്കറിവാൻ തക്ക വിധത്തിലാണു് വിചാരണചെയ്യുന്നതു്. ചില കേസുകളിൽ പൊതുജനഹിതത്തിന്നു ഹാനികരമായ സംഗതികൾ ഉണ്ടായിരുന്നാൽ; അവയെ പത്രങ്ങളിൽ പ്രതിപാദിക്കരുതെന്നു് ന്യായാധിപതിമാർ ആജ്ഞാപിക്കുന്നതിനെ, റിപ്പോർട്ടർ അനുസരിക്കേണ്ടതാണു്. കോടതിയുടെ കല്പനയെ ലംഘിക്കുന്ന റിപ്പോർട്ടർമാർ അവരുടെയും പത്രത്തിൻെറയും നിലയെ അപകടപ്പെടുത്തുന്നതായിവരും. മററു ചില സംഘങ്ങൾ ഉണ്ടു്. ഇവ നഗരപരിപാലനസഭകൾക്കൊപ്പം ദേശഭരണകാര്യങ്ങൾക്കായി ഏർപ്പെടുത്തപ്പെട്ടവയായിരിക്കയില്ല; പൊതുജനങ്ങൾക്കു് ഇവയുടെ നടത്തിപ്പിനെപ്പററി അറിഞ്ഞിരിപ്പാൻ അവകാശമുണ്ടായിരിക്കുമെങ്കിലും, ഇവ പകുതിയോളം സ്വകാര്യമായും, ശേഷം മാത്രം പരസ്യമായും നടപടികൾ നടത്തുന്നവയാകയാൽ, ഇവയുടെ നടപടികളെപ്പററി റിപ്പോർട്ടു്ചെയ്യുന്നതു കുറെ കരുതി ചെയ്യേണ്ട പ്രവൃത്തിയാണു്. ഒരു കൂട്ടവ്യാപാരസംഘത്തിലെ ഓഹരിക്കാരുടെ യോഗങ്ങൾ, പഞ്ചായത്തുയോഗങ്ങൾ മുതലായവ ഇത്തരത്തിലുള്ളവയാണു്.

ഇവയിൽ പത്രപ്രതിനിധികൾക്ക് പ്രവേശം ഇല്ല എന്നു വല്ലവരും പറയുന്നതിനെ കേട്ട് യോഗത്തിൽ ഹാജരാകാതെ പിന്തിരിയരുത്. പത്രക്കാരന്റെ പ്രവൃത്തി അനുസരിച്ച്, യോഗസ്ഥലത്തു കുസൽകൂടാതെ കടക്കണം. യോഗം കൂട്ടുന്നവരിൽ ചിലർ പത്രപ്രതിനിധികളെ അവിടെ ഇരുത്തിക്കൂട്ടുന്നതല്ലെന്നു വിരോധം പറയുമായിരിക്കും. അതു് ഗണ്യമാക്കേണ്ടാ. യോഗം ഐകകണ്ഠ്യേന ആവശ്യപ്പെടുന്നതായാൽ അവിടെനിന്നു പോരുന്നതൊഴികെ, ആരുടെയും ഭീഷണിയെ വിലവെയ്ക്കരുതു്. പക്ഷേ, പത്രപ്രതിനിധികൾക്ക് പ്രവേശം അനുവദിക്കാമോ എന്ന ചോദ്യം യോഗത്തിന്റെ മുമ്പാകെ സഭാംഗങ്ങളിൽ വല്ലവരും ചോദിക്കുമായിരിക്കും. അപ്പോൾ ഭൂരിപക്ഷം, പത്രപ്രതിനിധികൾക്ക് അനുകൂലമായിരുന്നു എന്നും വരാം. എന്നാൽ യോഗനടപടികളെപ്പററി റിപ്പോർട്ടെഴുതുമ്പോൾ, ഒരു മുഖ്യകാൎയ്യം ഓൎമ്മയിൽ വേണം: യോഗാംഗങ്ങളിൽ വല്ലവരും ഒരാളെപ്പററി അപകീൎത്തികരമായ വല്ല സംഗതിയും പ്രസംഗിച്ചിരുന്നാൽ, അതു് റിപ്പോർട്ടിൽ ചേർക്കരുതു്; അപകീൎത്തിപ്പെടുത്തപ്പെട്ട ആൾ സഭാംഗത്തെ വിട്ടുകളഞ്ഞു് പത്രക്കാരന്റെ പേരിൽ മാനനഷ്ടത്തിന്നു് വ്യവഹാരപ്പെടുകയോ, അപകീൎത്തിപ്പെടുത്തൽക്കുററം ആരോപിച്ചു് ക്രിമിനൽ കേസ് ആക്കുകയോ ചെയ്തേക്കാം. സഭാംഗങ്ങൾ അങ്ങനെ പ്രസംഗിച്ചു എന്ന സമാധാനം ഈ സംഗതികളിൽ സ്വീകാൎയ്യമായിരിക്കയില്ല. കോടതികൾക്കുള്ളിൽ വ്യവഹാരങ്ങൾസംബന്ധിച്ചു് വക്കീലന്മാർ നടത്തുന്ന പ്രസംഗങ്ങൾ, അവ്വിധംതന്നെ കക്ഷികളുടെ സത്യവാങ്മൂലമായ, ഹരജികൾ, സാക്ഷികളുടെ മൊഴികൾ, ന്യായാധിപതിയുടെ കല്പനകൾ, വിധികൾ എന്നിവ മററൊരാൾക്ക് എത്രമേൽ അപകീൎത്തികരമായിരുന്നാലും, പത്രക്കാരൻ മുറപ്രകാരം അവയെ പ്രസ്താവിക്കുന്നതുകൊണ്ടു് അവന്റെ പേരിൽ അപകീൎത്തിപ്പെടുത്തൽക്കുററം ആരോപിക്കാൻ ന്യായമില്ല. ആ സന്ദർഭങ്ങൾ നിയമത്താൽ പ്രത്യേകം അനുവദിക്കപ്പെട്ടിട്ടുള്ള സന്ദർഭങ്ങളാണു്. അതുപോലെയുള്ള സന്ദർഭങ്ങളല്ലാ സ്വകാൎയ്യസ്വഭാവത്തിലുള്ള പഞ്ചായത്തു മുതലായവയുടെ യോഗങ്ങൾ, എന്നു് റിപ്പോർട്ടർ അറിഞ്ഞിരിക്കേണ്ടതാണു്. പത്രാ

ധിപസ്ഥാനത്തെത്തുവാൻ ആഗ്രഹമുള്ള റിപ്പോർട്ടർ മേല്പറഞ്ഞ പ്രകാരത്തിലുള്ള മുൻകരുതലോടുകൂടിയും വിവേകപൂൎവ്വമായും പ്രവൎത്തിച്ചുശീലിക്കുന്നതു് അവന്നു് ഉപകാരപ്രദമായിട്ടുതന്നെയിരിക്കുന്നതാണു്.

പൊതുജനക്ഷേമകാൎയ്യങ്ങൾ ആലോചിപ്പാൻ കൂടുന്ന മേല്പറഞ്ഞ സഭായോഗങ്ങൾക്കു പുറമെ, മറെറാരുവിധം പൊതുയോഗങ്ങൾ ഉണ്ടു്. ഇവയ്ക്കും അവയ്ക്കുംതമ്മിൽ വ്യത്യാസം എന്തെന്നു പറയാം. ഇവയിൽ ജനങ്ങളുടെകാൎയ്യങ്ങളെപ്പറ്റി അവർതന്നേ ആലോചന നടത്തുന്നു; അവയിലാകട്ടെ, ജനങ്ങളുടെ പ്രതിനിധികളാണു് കാൎയ്യാലോചന നടത്തുന്നതു്. ഒരു നാട്ടിലെ ജനങ്ങൾക്കു പൊതുവിൽ ദോഷകരമായ വല്ല വ്യവസ്ഥകളും ആ നാട്ടിലെ സൎക്കാർ ഏർപ്പെടുത്തുന്നു എന്നിരിക്കട്ടെ, അല്ലെങ്കിൽ, ഒരു താലൂക്കുകാർ കൃഷിപ്പിഴനിമിത്തം കരം കൊടുപ്പാൻ എന്നല്ല, ഉപജീവനം കഴിപ്പാൻകൂടി, കഷ്ടപ്പെടുന്നു എന്നിരിക്കട്ടെ; ഇത്തരം സംഗതികളിൽ പൊതുജനങ്ങളുടെ സങ്കടങ്ങളെപ്പററി പറവാനും സൎക്കാരിനോടു സൗജന്യം അപേക്ഷിപ്പാനുമായി അവർ തന്നെ യോഗംകൂടുന്നു. ഈ മഹാജനയോഗങ്ങൾ അവ്യവസ്ഥയിൽ കൂടുന്നതാകകൊണ്ടു്, നഗരപരിപാലനസഭ തുടങ്ങിയ പൊതുസ്ഥാപനങ്ങളുടെ യോഗനടപടികളെപ്പറ്റി റിപ്പോർട്ടുചെയ്യാൻ ഉണ്ടാകാറുള്ള സൗകൎയ്യം ഇവയിൽ ഉണ്ടാകാറില്ല. അതിനാൽ, യോഗം കൂടുന്നതിന്നും കുറേനേരംമുമ്പു് യോഗസ്ഥലത്തു് എത്തിയിരിപ്പാൻ ആണു് റിപ്പോർട്ടർ ഒന്നാമതായി ഉത്സാഹിക്കേണ്ടതു്. കാലേക്കൂട്ടി എത്തിയാൽ യോഗോദ്ദേശ്യങ്ങൾ എന്താണെന്നും, യോഗത്തിൽ ആരൊക്കെ പ്രസംഗിപ്പാൻ നിശ്ചയിച്ചിട്ടുണ്ടെന്നും, എന്തെല്ലാം പ്രമേയങ്ങളെപ്പററി നിശ്ചയങ്ങൾ ചെയ്യാൻ ആലോചിച്ചിട്ടുണ്ടെന്നും മുൻകൂട്ടി അറിവാൻകഴിയും. പ്രസംഗകൎത്താക്കന്മാരുടെ പേരുകൾ, അവർ പ്രസംഗിപ്പാൻനിശ്ചയിച്ചിരിക്കുന്ന പ്രമേയങ്ങൾ, യോഗസമക്ഷം വായിപ്പാൻവെച്ചിട്ടുള്ള രേഖകൾ എന്നിതുകളൊക്കെ പകൎത്തെഴുതി വെയ്ക്കാം. വൈകി എത്തിയാൽ ഇതിന്നു സാധിക്കയില്ല; പക്ഷേ, സംഗതികൾ കുറിച്ചെടുക്കുന്നതിനു സൗകൎയ്യപ്പെട്ട സ്ഥാനം ലഭിച്ചില്ലെന്നുംവരും.

മഹാജനയോഗങ്ങളിൽ ഹാജരായി നടപടികൾ കുറിച്ചെടുക്കുന്നതു് ഏറെക്കുറെ ശ്രമാവഹമായ പണിയാണു്. യോഗങ്ങളിൽ ചേരുവാൻ ഇത്രയെണ്ണം ആളുകളേ ഉണ്ടാവു എന്നു വ്യവസ്ഥയില്ല; ആയിരമോ, അയ്യായിരമോ, പതിനായിരമോ ആൾ ചേരുന്നുണ്ടായിരിക്കാം. ഇവരെയൊക്കെ കൊള്ളുവാൻതക്ക പ്രസംഗശാലകൾ ഉണ്ടായിരുന്നില്ലെങ്കിൽ മൈതാനങ്ങളിലോ, മററു വെളിപ്പുറങ്ങളിലോ യോഗംചേൎന്നു എന്നുംവരാം. സമുദ്രത്തിൽ അലയടിച്ചുകയറുംപോലെ, ജനസമൂഹം തിക്കിത്തെരക്കിക്കയറുന്നുണ്ടായിരിക്കാം. ഇവരുടെ ഇടയിൽ കടന്നു് എങ്ങനെയാണു നടപടികൾ കുറിക്കുക? വല്ല കെട്ടിടത്തിനുള്ളിലും ആയിരുന്നാൽ, ചിലപ്പോൾ, അദ്ധ്യക്ഷൻേറയും പ്രവക്താക്കളുടേയും സമീപത്തുതന്നെ റിപ്പോർട്ടർക്കു കസാലയും മേശയും കൊടുത്തിരുന്നിരിക്കും; ചിലപ്പോൾ മേശ ഉണ്ടായിരുന്നില്ലെന്നും വരാം; ആ സമയങ്ങളിൽ, കാൽമുട്ടിന്മേലോ, ഒററക്കൈയിന്മേലോ വെച്ചെഴുതാനേ മാൎഗ്ഗമുണ്ടായിരിക്കൂ, വെളിപ്പുറങ്ങളിലോ, അദ്ധ്യക്ഷനുകൂടിയും കസാല ഉണ്ടായിരിക്കയില്ലാ; റിപ്പോർട്ടരുടെ കഥയോ പിന്നെ, പറവാനില്ലല്ലോ? പ്രസംഗകൎത്താക്കന്മാരുടേയും അദ്ധ്യക്ഷൻേറയും സമീപം ചുററിപ്പററിക്കൊള്ളാൻ കഴിയാത്ത റിപ്പോർട്ടർ, കടൽനടുവിൽ വീണതുപോലെ, കര കാണാതെ കുഴങ്ങിപ്പോവും. അവരുടെ അരികിൽ ചുററിപ്പററിയാൽക്കൂടിയും യോഗനടപടികളെ പക്ഷേ, തൻേറ മുന്നിൽ നില്ക്കുന്നവൻേറ പുറം മേശയാക്കിവെച്ചുകൊണ്ടു് കുറിച്ചെടുക്കുവാനേ സൗകൎയ്യമുണ്ടായിരിക്കൂ. തിങ്ങിനില്ക്കുന്ന ആൾക്കൂട്ടത്തിൽ, ആ വിധത്തിലെങ്കിലും കുറിച്ചെടുപ്പാൻ റിപ്പോർട്ടർ കുറേയേറെ മിടുക്കുള്ളവനായിരിക്കണം.

ഏതു വിധത്തിലായാലും, ഒരു മഹായോഗത്തിന്റെയോ, ദർബാർ (കൂടിക്കാഴ്ച), തീൻവിരുന്നു്, (ബാങ്കെറാറ്) എന്നിവയുടെയോ, വിവരങ്ങൾക്കു റിപ്പോർട്ടു തെയ്യാറാക്കുന്നതിൽ, ഒന്നാമതായി വേണ്ടതു് അതിൽ പ്രമാണികളുടെ പേരുകൾ കുറിക്കുകയാണു്; പിന്നെ, യോഗനടവടികൾ എഴുതുകയാകുന്നു. പത്രത്തിൽ, ഇതിന്നായി എത്ര പംക്തി അനുവദിച്ചിട്ടുണ്ടോ, അതിലടങ്ങിനില്ക്കത്തക്കവണ്ണം വേണം റിപ്പോർട്ടു്

എഴുതുവാൻ. യോഗം വളരെ മുഖ്യമായ കാര്യങ്ങളെ സംബന്ധിച്ചായിരുന്നാൽ, പത്രസ്ഥലം കുറെ അധികം വേണ്ടിവന്നേക്കും. ഇത്തരം യോഗറിപ്പോർട്ടുകളിൽ, പ്രസംഗങ്ങൾ കഴിയുന്നതും മുഴവൻ കൊടുക്കേണ്ടിയിരിക്കും; ഇടയ്ക്കിടെ അപ്രധാനമായ വാക്യങ്ങളോ വാക്കുകളോ വിട്ടുകളയാം. ഒരു വിഷയത്തെപ്പററി മുമ്പനായി നില്ക്കുന്ന പ്രവക്താവിൻെറ പ്രസംഗം മുഴവൻ എടുത്താൽ പിന്നെ, ശേഷംപേരുടെ പ്രസംഗങ്ങളിൽ വിശേഷസംഗതികൾ ഉള്ളവമാത്രം കുറിച്ചാൽ മതിയാകും. സാധാരണയായി കാര്യവിവരത്തോടും ഭാഷാനിപുണതയോടും വക്തൃതാവിദ്യയിൽ സാമർത്ഥ്യത്തോടുംകൂടി പ്രസംഗിക്കുന്നവരുടെ പ്രസംഗങ്ങൾ കുറിച്ചെടുപ്പാൻ ശ്രമം തോന്നുകയില്ല. ഇവർ തങ്ങളുടെ പ്രസംഗവിഷയത്തെ സഭ്യജനങ്ങളുടെ ഉള്ളിൽ പതിപ്പിക്കാൻതക്ക കൗശലം അറിഞ്ഞവരാകയാൽ, അതിലെ ഓരോ യുക്തിപദങ്ങളും ക്രമമായി തെളിഞ്ഞുവരും. ഉഷസ്സിൽ സൂര്യൻെറ വെളിച്ചം തെളിഞ്ഞുവരുമ്പോൾ താമരകൾ ഏതുപ്രകാരം മെല്ലെമെല്ലെ വിടന്നുവരുമോ, അതിന്മണ്ണംതന്നെ ഈ പ്രവക്താക്കളുടെ ഉള്ളിൽ നിന്നു് ഒരു വിഷയത്തെപ്പററിയ യുക്തികൾ ക്രമേണ ഉയന്നുവരുന്തോറും ശ്രോതാക്കളുടെ മനസ്സും വിടന്നുകൊള്ളും. ഈ സ്ഥിതിക്കു് ഇത്തരം പ്രസംഗങ്ങളെ പിൻതുടൎന്നെഴുതാൻ ക്ലേശം തോന്നുകയില്ല. എന്നാൽ മററു ചില പ്രസംഗകർത്താക്കന്മാരുണ്ടു്: ഇവർ പ്രസംഗങ്ങളെ മുൻകൂട്ടി എഴുതി പഠിച്ചു്, സഭ മുമ്പാകെ 'കാണാപ്പാഠം' പറയുന്നവരാണു്. ഇവരെ പിന്തുടരുവാൻ കുറെ വൈഷമ്യമുണ്ടു്. വീട്ടിലിരുന്നു് പലേ ഗ്രന്ഥങ്ങൾ നോക്കി മുറിശ്ലോകങ്ങളും കണക്കുകളും പഴമൊഴികളും മററും പകൎത്തെടുത്തു് പ്രസംഗത്തിനുള്ളിൽ കുത്തിത്തിരുകി 'ഛർദ്ദിക്കുക'യായിരിക്കും ഇവർ ചെയ്യുന്നതു്. റിപ്പോർട്ടർ ഇത്തരക്കാരുടെ കാര്യത്തിൽ കുറെ നല്ലവണ്ണം ശ്രദ്ധവെച്ചിരിക്കണം. ഇവൎക്കു് ഒരു വിഷയത്തെ പ്രതിപാദിപ്പാൻ ഏതു ഭാഗം തുടങ്ങിവേണം എന്നൊന്നും പരിചയമുണ്ടായിരിക്കയില്ല. അതുനിമിത്തം, ഒരു സംഗതി പ്രസ്താവിച്ചാൽ പിന്നെ അതിനെ പിൻതുടൎന്നു വരുന്നതു് ഏതായിരിക്കുമെന്നു് ഏകദേശമെങ്കിലും മുൻകൂട്ടി ഊഹിപ്പാൻ ശ്രോതാക്കൾക്കു മാൎഗ്ഗമേ

യില്ല. റിപ്പോർട്ടർ, അതിനാൽ, എല്ലാ സംഗതികളേയും കുറിച്ചെടുക്കാൻ ഏറെ ക്ലേശിക്കും. വല്ല ഭാഗവും വിട്ടുപോകയോ, സംശയഗ്രസ്തമായി തോന്നുകയോ ചെയ്താൽ, പ്രസംഗകർത്താവിനോട് യോഗാനന്തരം ചോദിച്ചു ശരിപ്പെടുത്തിക്കൊള്ളണം. ഇതിനിടയ്ക്കു് വല്ല കത്തോ, വേറെ രേഖയോ വായിച്ചിരുന്നാൽ അവയെ കുറിച്ചെടുപ്പാൻ കഴിഞ്ഞില്ലെങ്കിൽ, ചെറുതായൊരു സൂചനകൊടുത്തിരിക്കണം. പ്രസംഗങ്ങളിൽ ഉൾപ്പെടുത്തുന്ന കത്തുകൾ, നിശ്ചയങ്ങൾ, ശ്ലോകങ്ങൾ മുതലായവ പ്രത്യേകം ഖണ്ഡികയായിച്ചേർക്കണം; പഴമൊഴികൾ, പദ്യങ്ങൾ മുതലായവ വിട്ടുകളഞ്ഞാൽ, ചിലപ്പോൾ പ്രസംഗങ്ങളുടെ താല്പര്യം പൂർത്തിയായി മനസ്സിലാക്കാൻ കഴിഞ്ഞില്ലെന്നു വന്നേക്കും. ഇത്തരം പദ്യങ്ങൾ, പഴമൊഴികൾ മുതലായവ റിപ്പോർട്ടർക്ക പരിചയപ്പെട്ടിരിക്കേണമെന്നും, അതിലേയ്ക്കായി അവൻ സാഹിത്യഗ്രന്ഥങ്ങൾ പരിശീലിക്കേണമെന്നും മുൻപു പറഞ്ഞിട്ടുണ്ടു്. അവൻെറ സാഹിത്യപരിചയം ഈവക കാര്യങ്ങളിൽ സഹായമായിത്തീരുന്നതാണു്. ഒരു പ്രസംഗകർത്താവു് ഒരു പദ്യമോ; പഴമൊഴിയോ, മററു സംഗതികളോ ശരിയല്ലാത്തവിധം പറഞ്ഞിരുന്നാൽ, റിപ്പോർട്ടർ അതേവിധത്തിൽ തെററുതന്നെ എഴുതേണമോ, അതിനെ ശരിപ്പെടുത്തി എഴുതേണമോ, ഏതാണു ചെയ്യേണ്ടതു്? നിസ്സാരന്മാരായും കൃത്യശ്രദ്ധയില്ലാത്തവരായുമുള്ള പ്രസംഗകർത്താക്കന്മാർക്കു്, അവരുടെ തെററുകളെ തിരുത്തിയാലും ഇല്ലെന്നാലും, ഒന്നും ദൂഷ്യമായി വരാനില്ല. പ്രമാണികളായുള്ളവർ പ്രമാദത്താൽ പറയുന്ന തെററുകളെ അതേവിധം പ്രസ്താവിച്ചിരുന്നാൽ, തെററിപ്പോയതു് പ്രമാണികൾക്കല്ല, റിപ്പോർട്ടർക്കാണു്, എന്നേ പത്രവായനക്കാർ ഗണിക്കയുള്ളൂ. ആകയാൽ, തെററുകളെ തിരുത്തി എഴുതുകയാണു് റിപ്പോർട്ടരുടെയും പത്രത്തിൻെറയും യോഗ്യതയെ രക്ഷിപ്പാൻ ചെയ്യേണ്ടതു്. എന്നാൽ, പ്രത്യേകമായ ഉദ്ദേശ്യത്തോടുകൂടി ഒരു പ്രസംഗകർത്താവു് വല്ല പദ്യത്തെയോ പഴമൊഴിയേയോ, ഭേദപ്പെടുത്തി പറയുന്നതായിരുന്നാൽ, അതിനെ മാററി, ശരിപ്പെടുത്തിയെഴുതരുതു്. ശ്ലോകങ്ങളോ, പാട്ടുകളോ, മററു പദ്യകൃതികളോ എടുത്തെഴുതുമ്പോൾ, മൂലം ഓർമ്മയില്ലെങ്കിൽ, അവ

യുടെ അൎത്ഥം സ്വന്തവാക്കിൽ എഴുതുക എന്ന പരാവൎത്തനം ചെയ്യാൻ തുനിയരുതു്; അവയെ വിട്ടുകളഞ്ഞാലും വൈഷമ്യമുണ്ടാകയില്ല. സ്വന്തവാചകത്തിൽ അൎത്ഥമെഴുതിയാൽ അബദ്ധംപിണഞ്ഞു എന്നു വരാം.

പ്രസംഗം നടന്നുകൊണ്ടിരിക്കുമ്പോൾ, ഇടയ്ക്കിടെ ആഹ്ലാദസൂചകമായോ, നിന്ദാസൂചകമായോ, അനുമോദനാൎത്ഥമായോ, ഓരോരോ ശബ്ദങ്ങൾ ശ്രോതാക്കൾ പുറപ്പെടുവിക്കുന്നുണ്ടെങ്കിൽ, അവ യഥാസ്ഥാനം കുറിക്കണം. സദസ്സിന്റെ വല്ല മൂലകളിലുമിരുന്നു് വിരോധപക്ഷക്കാർ, നിന്ദാഗൎഭമായി ഒന്നോ രണ്ടോ കൈകൊട്ടുക, ചിരിക്കുക, ചില വ്യാക്ഷേപകശബ്ദങ്ങൾ പുറപ്പെടുവിക്കുക ഇവയും; സദസ്യർ ഒന്നായി ഉത്സാഹാൎത്ഥം കൈകൊട്ടിക്കൊണ്ടിരിക്കെ, ഇടയ്ക്കിടെ 'കേൾപ്പിൻ' 'കേൾപ്പിൻ' എന്നു് അനുകൂലാഭിപ്രായസൂചകമായി പറക, ഇവയും തമ്മിലുള്ള വ്യത്യാസങ്ങളെ റിപ്പോർട്ടർ വളരെ സൂക്ഷ്മമായി അറിഞ്ഞിരിക്കണം. ഇത്തരം ശബ്ദങ്ങൾ യഥാസ്ഥാനം കുറിച്ചിരിക്കേണ്ടതിന്റെ ആവശ്യം, ആ പ്രസംഗത്തെ സദസ്യർ എങ്ങനെയാണു് കൈക്കൊണ്ടതെന്നു് അറിയിപ്പാനായിട്ടു മാത്രമല്ല, പ്രസംഗത്തിന്റെ ചില ഫലങ്ങൾ ഇവയെക്കൂടാതെ അൎത്ഥമാക്കാൻ സാധിക്കയില്ല. പ്രസംഗകൎത്താവിന്റെ വാക്കുകൾ തന്റെ അഭിപ്രായത്തെയും വഹിച്ചുകൊണ്ടു് ധടധടാ ഒഴുകിവരുമ്പോൾ, സദസ്യരുടെ ഇടയിൽനിന്നുണ്ടാകുന്ന ശബ്ദങ്ങൾകൊണ്ടു്, ആ വാക്പ്രവാഹത്തിന്റെ മേലാലത്തെ ഗതിക്കു് മാററമുണ്ടായേക്കാം. ഈ ഗതിഭേദം എന്തുകൊണ്ടുണ്ടായി എന്നു ഗ്രഹിപ്പാൻ, പത്രവായനക്കാരനു്, മേല്പടി വ്യാക്ഷേപകശബ്ദങ്ങളുടെ സഹായംകൂടാതെ സാധിക്കയില്ല.

സഭായോഗങ്ങൾ ദിവസന്തോറും ഉണ്ടായിരിക്കയും അവ പല പല കാൎയ്യങ്ങളെ സംബന്ധിച്ചായിരിക്കയും, ചെയ്യുമ്പോഴാണു് പത്രക്കാരൻ ബുദ്ധിമുട്ടുന്നതു്. അപ്പോഴപ്പോഴുള്ള യോഗനടപടികൾ അതതുകാലത്തുതന്നെ പത്രത്തിൽ പ്രസ്താവിക്കേണ്ടിയിരിക്കകൊണ്ടു്, പ്രസംഗങ്ങൾ സംക്ഷേപിച്ചെഴുതാതെ കഴികയില്ല. ഇവിടെയാണു് റിപ്പോർട്ടരുടെ സാമൎത്ഥ്യം അറിയേണ്ടതു്. ഒരു യോഗത്തിലെ പ്രസംഗങ്ങൾതന്നേയും

ആറേഴപംക്തി നിറയാനുണ്ടായിരുന്നാൽ, പിന്നെ മററുള്ളവ യ്യൊക്കെ സ്ഥലമെവിടെ കിട്ടുവാൻപോകുന്നു? ഒരു രണ്ടു മണിക്കൂറുനേരത്തെ യോഗത്തിനു്, ഒന്നോ രണ്ടോ പംക്തിയിലധികം റിപ്പോർട്ടു്, നീളുവാൻ പാടില്ല. ഇതിലേയ്ക്കു്, പ്രസംഗങ്ങളെ, സംക്ഷേപിക്കേണ്ടതെങ്ങനെയാണു്? ഒരു പ്രസംഗം ഒരു പംക്തിക്കകത്തടങ്ങുമെങ്കിൽ, മുക്കാലോ, അരേഅരയ്ക്കാലോ പംക്തിവരുവാൻ തക്കവണ്ണം ചുരുക്കുന്നതിനു് ഇടയ്ക്കിടയ്ക്കുനിന്നു് ചിലവാക്കുകൾ തട്ടിക്കളയാം, ചില ഭാഗങ്ങൾ പുനരുക്തമായോ, പരിവാഹമായോ, വൃഥാസ്ഥൂലമായോ ഇരിക്കുമ്പോൾ അതുകൾ തള്ളിക്കളയുന്നതുകൊണ്ടു് ദൂഷ്യം ഉണ്ടാകയില്ല. എന്നാൽ,അതേപ്രസംഗം ഒരു അദ്ധപംക്തിയിലോ, അതിലും ചുരുങ്ങിയ സ്ഥലത്തിലോ അടക്കണമെന്നായാൽ, പ്രസംഗത്തിലെ സാരഭാഗങ്ങൾ തേടിപ്പിടിക്കയാണു് അവശ്യം ചെയ്യേണ്ടതു്. ഒരു യോഗത്തിൽ അദ്ധ്യക്ഷനേയും പ്രധാന പ്രസംഗകത്താവിനെയും കൂടാതെ, മൂന്നുനാലുപേർ ഉപപ്രസംഗങ്ങൾ ചെയ്യുന്നുണ്ടായിരുന്നാൽ, ഇവരുടെയൊക്കെ പ്രസംഗങ്ങൾ ഏതുപ്രകാരത്തിലാണു് സാംക്ഷേപിക്കേണ്ടതു്? സഭായോഗത്തെപ്പററിയുള്ള വിവരങ്ങൾ തീരെ ചുരുക്കിയും, പ്രസംഗവിവരങ്ങൾ ചിലരുടെതുമാത്രം വിസ്തരിച്ചും, മററുള്ളവ ഒന്നോ രണ്ടോ വരിയിൽ അടക്കിയും എഴുതുന്നതു് യുക്തമായ സമ്പ്രദായമല്ല.

"....സഭ.....യുടെ അഗ്രാസനാധിപത്യത്തിൽ കൂട്ടകയും, ആ യോഗത്തിൽ...'സംഘവും സംഘോദ്ദേശ്യവും' എന്ന വിഷയത്തെ സംബന്ധിച്ചു സരസവും സാരഗർഭവുമായ ഒരു ഉപന്യാസം എഴുതിവായിക്കയും, അതിനെ പിന്തുടന്നു പല മഹാന്മാരും അഭിപ്രായങ്ങൾ പുറപ്പെടുവിക്കയും, ചെയ്തു. അനന്തരം ഹെഡ്മാസ്റ്റർ അല്പനേരംചെയ്ത വാചാപ്രസംഗം ഈ സംഘത്തിൻെറ ഭാവിശ്രേയസ്സിനു് ഏററവും ഉതകുന്നതാണെന്നു നിമ്മത്സരബുദ്ധികളായ ഏവരും ഐകകണ്ഠ്യേന അഭിപ്രായപ്പെടുന്നതാണു്. പിന്നീടു യോഗത്തിൻെറ മേൽനടത്തിപ്പിലേയ്ക്കുവേണ്ടി തൽക്കാലം ഒരു സ്ഥിരപ്രസിഡണ്ടിനെയും സെക്രട്ടറിയെയും നിയമിച്ചും, ശേഷം ഉദ്യോഗസ്ഥന്മാരെ അടുത്ത യോഗത്തിൽ

നിയമിക്കുന്നതാണെന്നു വ്യവസ്ഥചെയ്തും പ്രസിഡണ്ടിന്റെ വിലയേറിയ ഉപസംഹാരപ്രസംഗം കഴിഞ്ഞും മഹാരാജാവുതിരുമനസ്സിലേയ്ക്കു് ആയുരാരോഗ്യസമ്പൽസമൃദ്ധിയെ കാംക്ഷിച്ചും ആറുമണിയോടുകൂടി യോഗം പിരിഞ്ഞു......"

ഇങ്ങനെ റിപ്പോർട്ടെഴുതുന്നതുകൊണ്ടു് പ്രസംഗങ്ങളെപ്പററി യാതൊരു വിവരവും വായനക്കാർക്കുണ്ടാകയില്ല. 'സരസം,' 'സാരഗർഭം,' 'ശ്രദ്ധാർഹം,' 'വിലയേറിയതു്,' 'ഗണനീയം' എന്നിപ്രകാരം ഓരോ വിശേഷണംചെയ്തതുകൊണ്ടു മാത്രം, പ്രസംഗത്തിൻെറ സാരവും, വിലയും, രസവും, ഗണനീയതയും, ശ്രദ്ധാർഹതയും, മററും, മററും വായനക്കാരുടെ ഉള്ളിൽ പതികയില്ല. ഇത്തരം റിപ്പോർട്ടുകൾക്കു പത്രപംക്തി ഉപയോഗിക്കുന്നതു് പാഴ്ച്ചെലവാണു്. റിപ്പോർട്ടർ നടന്ന സംഗതികളെ ആഖ്യാനംചെയ്യുകയാണു വേണ്ടതു്; അഭിപ്രായം പറകയല്ല. യോഗം, പ്രസംഗങ്ങൾ മുതലായ പല ചടങ്ങുകളെയും പരസ്പരം ചേർച്ചയായിരിക്കുംവണ്ണം വർണ്ണിക്കുന്നതിനു് കുറെ ബുദ്ധികൗശലം ഉപയോഗിക്കേണ്ടിവരും. ഒരു് ഒന്നരപംക്തിയിൽ അടങ്ങേണ്ട റിപ്പോർട്ടിൽ, യോഗപ്രാരംഭം, അദ്ധ്യക്ഷന്റെ ഉപക്രമപ്രസംഗം, കത്തുകൾ വായിച്ചിരുന്നാൽ ആ വിവരം ഇവയൊക്കെ കാൽ പംക്തിയിൽ നിറുത്തണം; പ്രധാനപ്രസംഗകർത്താവിൻെറ പ്രസംഗത്തിനായി മുക്കാൽ പംക്തിയും; ശേഷമുള്ളവരുടെ പ്രസംഗങ്ങൾക്കും ഉപസംഹാരത്തിനുമായി അര പംക്തിയും വിനിയോഗിക്കണം. ഈ ക്രമത്തിലായാൽ, റിപ്പോർട്ടു് ചേർച്ചയായിരിക്കും. പ്രസംഗങ്ങൾ സംക്ഷേപിക്കുമ്പോൾ ഓർമ്മവെയ്ക്കേണ്ട രണ്ടുകാര്യങ്ങൾ, (1) പ്രസംഗകർത്താവിൻെറ ആശയങ്ങൾ ഗ്രഹിക്കുകയും, (2) കഴിയുന്നേടത്തോളം ചുരുക്കമായിട്ടുമാത്രം കടലാസും പെൻസിലും ഉപയോഗപ്പെടുത്തുകയും ആകുന്നു. പ്രസംഗം ചുരുക്കെഴുത്തിൽ കുറിച്ചെടുത്തതുകൊണ്ടായില്ലാ; അതിൻെറ സാരം ഗ്രഹിച്ചിട്ടില്ലാഞ്ഞാൽ, സംക്ഷേപിച്ചെഴുതാൻ സാദ്ധ്യമല്ല. അതിന്മണ്ണംതന്നെ, ഒട്ടേറെ സൂചനകൾ എഴുതിവെച്ചുകൊണ്ടു് അവയെ വായിച്ചു ക്ലേശപ്പെടുന്നതിനെക്കാൾ, ആവശ്യമായ സാരഭാഗം മാത്രം കുറിച്ചിരുന്നാൽ, ശ്രമം കുറയും, പത്തുവരിയിൽ സംക്ഷേപിക്കുന്നതിനു് മുപ്പതുവരി സൂചന

കൾ എഴുതിയെടുക്കരുതു്. ഒരു പ്രസംഗം നടന്നുകൊണ്ടിരിക്കവേതന്നെ, അതിലെ സാരഭാഗങ്ങൾ കുറിച്ചുകൊള്ളുക, റിപ്പോർട്ടു് എഴുതിക്കൊള്ളുക—ഈ രണ്ടുപ്രവൃത്തിയും ഒന്നായി ചെയ്യാൻ ശീലമുള്ളവരുണ്ടു്. ഇതു നല്ലവണ്ണം പഴമപരിചയത്താൽ വശപ്പെടേണ്ടതാണു്. മനസ്സിനെ ഒരു കാര്യത്തിൽത്തന്നെ പിടിച്ചുനിറുത്തി ശീലിപ്പിച്ചാലേ ഇപ്രകാരം സാദ്ധ്യമാവൂ. പിന്നെ, റിപ്പോർട്ടർ ഓർമ്മവെയ്ക്കേണ്ട മറ്റൊരു കാര്യം, ഒരു പ്രസംഗം ചുരുക്കെഴുത്തിൽ എഴുതിയെടുക്കുമ്പോൾത്തന്നെ മുഖ്യമായ ഘട്ടങ്ങൾ പ്രത്യേകം വരയിട്ടു് അടയാളപ്പെടുത്തിക്കൊള്ളുകയാകുന്നു. റിപ്പോർട്ടെഴുതുന്നസമയം പ്രസംഗം മുഴുവൻ വീണ്ടും വായിച്ചുനോക്കുന്നതിന്നുപകരം അടയാളപ്പെടുത്തിയ ഘട്ടങ്ങൾ മാത്രം നോക്കിക്കൊണ്ടു്, സംക്ഷേപിപ്പാൻ കഴിയുന്നതാണു്. എല്ലാ പ്രസംഗങ്ങളും ഒരേ വിധത്തിൽ സംക്ഷേപിക്കേണ്ട ആവശ്യമുണ്ടായിരിക്കയില്ല. ചില പ്രസംഗങ്ങളെപ്പററി രണ്ടുമൂന്നു 'സ്റ്റിക്ക്' അടങ്ങുന്ന റിപ്പോർട്ടേ ആവശ്യപ്പെടൂ. ഈ സംഗതിയിൽ, യാതൊന്നും കുറിച്ചുവെപ്പാൻ ഉദ്യമിക്കരുതു്; ശ്രദ്ധവെച്ചു കേട്ടു് ഓർമ്മയിൽനിന്നു് എഴുതണം. ഇപ്രകാരം ശീലിച്ചാൽ, സാരഭാഗങ്ങൾ അവധാരണംചെയ്യുന്നതിൽ സാമർത്ഥ്യം വർദ്ധിക്കുന്നതിന്നും ഓർമ്മശക്തി ബലപ്പെടുത്തുന്നതിനും കഴിയുന്നതാണു്.

പ്രസംഗങ്ങൾ എല്ലാം പ്രവക്താവിൻെറ വാക്കായിട്ടുതന്നെ പ്രതിഫലിപ്പിക്കേണ്ടതായിരിക്കയില്ല. പലതും റിപ്പോർട്ടരുടെ സ്വന്തംവാക്കിൽ കഥിച്ചാൽ മതിയാകും. ഇതിന്നു്, റിപ്പോർട്ടർ, വാക്യരചനയിൽ 'സാക്ഷാൽ സംഭാഷണം' 'അനന്വാഖ്യാതസംഭാഷണം' എന്നീ സമ്പ്രദായങ്ങളെ പരിചയിച്ചിരിക്കണം. അതിലേയ്ക്കു, വ്യാകരണവിധികളിൽ കാലം, പുരുഷൻ എന്നിതുകളെ സംബന്ധിച്ചു് പ്രത്യേകം ശ്രദ്ധയും വെച്ചിരിക്കണം. "മാന്യസദസ്യരേ, ഞാൻ ഇപ്പോൾ ഇവിടെ വന്നിരിക്കുന്നതു് ഈ സഭയുടെ കാര്യദർശിയെ യാതൊരു വിധത്തിലും ഒഴികഴിവു പറഞ്ഞയപ്പാൻ നിവ്വാഹമില്ലാഞ്ഞിട്ടാകുന്നു."—എന്നു് ഒരു പ്രസംഗകർത്താവു പറഞ്ഞിരുന്നാൽ, അതു റിപ്പോർട്ടരുടെ വാക്കിൽ അനന്വാഖ്യാതസംഭാഷ

[illegible]മായി പറയുമ്പോൾ, “ആ മാന്യസദസ്യരെ സംബോധനം ചെയ്തുംകൊണ്ടു പ്രസംഗകത്താവു പറഞ്ഞതെന്തെന്നാൽ, അദ്ദേഹം അപ്പോൾ അവിടെ ചെന്നിരുന്നതു് ആ സഭയുടെ കാൎയ്യദർശിയെ യാതൊരുവിധത്തിലും ഒഴികഴിവു പറഞ്ഞയപ്പാൻ നിവ്വാഹമില്ലാഞ്ഞിട്ടായിരുന്നു എന്നായിരുന്നു.”—എന്ന രീതിയിൽ എഴുതണം. അപ്രകാരമല്ലാതെ, ഇടക്കു പ്രഥമപുരുഷനും, ഇടക്കു് ഉത്തമപുരുഷനുമായി ഐകരൂപ്യമില്ലാതെയും, വത്തമാനകാലവും ഭൂതകാലവും തമ്മിൽ വ്യത്യാസപ്പെടുത്താതെയും കഥനംചെയ്യരുതു്. സാക്ഷാൽ സംഭാഷണം വേണമെന്നു മേലാവിന്റെ പ്രത്യേകാജ്ഞ ഇല്ലാത്തപക്ഷത്തിൽ, വിഷയഗൗരവംപോലെ, വളരെ പ്രമാണപ്പെട്ടവരുടെ പ്രസംഗങ്ങൾ ഒഴിച്ചു് മറ്റൊക്കെ അന്യാഖ്യാതസംഭാഷണമായി പറകയാണു നടപ്പു്. ഏതു പ്രകാരത്തിലായാലും, റിപ്പോട്ടർ പക്ഷപാതമായി പ്രവത്തിക്കരുതു്. തന്റെ പക്ഷക്കാൎക്കു് എതിരായവരുടെ പ്രസംഗത്തിന്നു് നിഷ്കാരണം അപവാദം വരുത്താൻ, അവാസ്തവവർണ്ണനംചെയ്യുകയോ, ഒരുവന്റെ പ്രസംഗം തന്റെ പക്ഷക്കാരനായ മറ്റൊരുവൻ നിശ്ശേഷം ഖണ്ഡിച്ചു എന്നോ സദസ്യർ നിന്ദിച്ചു എന്നോ മറ്റോ ആക്ഷേപം പറകയോ ചെയ്യുന്നതു്, റിപ്പോർട്ടരുടെ കത്തവ്യകമ്മധമ്മത്തിന്നു യോജിച്ചതല്ല. ഒരുവന്റെ പ്രസംഗത്തിൽ അടങ്ങിയ വാദങ്ങൾ അസംബന്ധമോ യുക്തിരഹിതമോ ആയിരുന്നാൽ, അതു് വായനക്കാരർ ഗ്രഹിച്ചുകൊള്ളും. ആ വാദങ്ങളെ ഖണ്ഡിക്കുന്ന യുക്തികൾ മറ്റൊരുവൻ പ്രസംഗിച്ചിരുന്നാൽ, ഇവന്റെ പ്രസംഗം മുമ്പത്തേതിന്റെ ഖണ്ഡനമായിരുന്നു എന്നും വായനക്കാർ മനസ്സിലാക്കിക്കൊള്ളും. ഇതിന്മണ്ണംതന്നെ, ഒരുവന്റെ പ്രസംഗം സ്തുത്യർഹമോ, സാരഗർഭമോ, യുക്തിയുക്തമോ ആയിരുന്നാൽ, അതും വായനക്കാരർ നിർണ്ണയിച്ചുകൊള്ളും; റിപ്പോർട്ടർ അങ്ങനെ ഒരു അഭിപ്രായം സകാരണമായോ നിരാധാരമായോ സ്വരൂപിച്ചു് വായനക്കാരന്റെ തലയ്ക്കുള്ളിലേക്കു് തള്ളിക്കയറ്റേണ്ട ആവശ്യമില്ല.

അദ്ധ്യായം എട്ട്

# വർണ്ണനം

വിനോദകളികൾ, കോടതിയിലെ വ്യവഹാരങ്ങൾ, സഭായോഗങ്ങൾ എന്നിങ്ങനെ പലേ സംഗതികളെയും പററി വർത്തമാനങ്ങൾ ശേഖരിച്ച പത്രത്തിലേക്ക് അനുവാഖ്യാനം ചെയ്യാൻ സാമാന്യം ആൎക്കും പരിശീലനത്താൽ കഴിയുന്നതാണ്. ഇവയെക്കാൾ ഒക്കെ ശ്രമമേറിയ ഒരു പ്രവൃത്തി റിപ്പോർട്ടർമാരുടെ ചുമതലയിൽ ഉണ്ട്. ഇതു്, ഓരോരോ സംഭവങ്ങളെക്കുറിച്ച് വൎണ്ണനകൾ എഴുതുന്ന പ്രവൃത്തിയാണ്. ഒരു അഗ്നിബാധയോ, വലിയ ഉത്സവാഘോഷമോ, തീവണ്ടിവ്യാപത്തോ, മററു വിശേഷസംഭവമോ ഉണ്ടായാൽ അതിനെപ്പററി, വായനക്കാരുടെ ഉള്ളിൽ പതിയത്തക്കതായ ഒരു ചിത്രം എഴുതിക്കാണിപ്പാൻ സാധാരണന്മാൎക്ക സാധിക്കയില്ല. അതിലേക്ക്, പ്രത്യേകം ചില മനോധൎമ്മങ്ങൾ ലേഖകന് ഉണ്ടായിരിക്കണം. ആ സംഭവത്തിൽ വിചിത്രമായതു് കണ്ടറിക; താൻ കണ്ട കാഴ്ചകളെ ആസ്പദമാക്കിക്കൊണ്ട് പലേ സംഗതികൾ വിഭാവനം ചെയ്ക, അന്യരുടെ ഹൃദയം ഇളക്കത്തക്ക വിധത്തിൽ അവരുടെ ഉള്ളിൽകടന്ന് അവരുടെ ഹൃദയവേദനങ്ങളുടെ ഗതി അറിക—ഇപ്രകാരമൊക്കെ ചില മനോഗുണങ്ങൾ റിപ്പോർട്ടൎക്ക് അവശ്യം ഉണ്ടായിരിക്കണം. ഇവ കവികൾക്കെന്നപോലെ, ലേഖകനും, അനുഗ്രഹമായി കിട്ടിയിരിക്കണം, എന്നുകൂടി പറയാം. ഒരു കല്യാണപ്പന്തൽ വൎണ്ണിക്കയായിരുന്നാൽ, സദിപ്പന്തൽ തെക്കേഭാഗത്തു്, ആട്ടപ്പന്തൽ വടക്കേഭാഗത്തു്, മുല്ലപ്പന്തൽ കിഴക്കേഭാഗത്തു്, സദ്യപ്പന്തൽ പടിഞ്ഞാറു്, എന്നിങ്ങനെ 'ആറും നാലും പത്തു്'' എന്നു പറയുന്ന കൂട്ടത്തിൽ പ്രസ്താവിച്ചാൽ അത്തരം വൎണ്ണന ആരുടെയും ഹൃദയത്തെ ആഹ്ലാദിപ്പിക്കയില്ല. ഒരു ചിത്രമെഴുത്തുകാരനു തന്റെ കൈയിലുള്ള വൎണ്ണങ്ങളെ ചേർത്തു്, മേല്പടി കല്യാണപ്പന്തലിനെ, മനോഹരമായ വിധത്തിൽ പ്രതിഫലിപ്പിക്കാൻ കഴിയുന്നതുപോലെ, ലേഖ-

കന്നും തൻെറ കൈവശമുള്ള വാക്കുകളാൽ കല്യാണപ്പന്തലിനെ പ്രതിഫലിപ്പിച്ചുകാണിക്കണമെങ്കിൽ, വൈചിത്ര്യത്തെ ഗ്രഹിപ്പാനുള്ള ശക്തി അവൻെറ ദൃഷ്ടികൾക്കും, തത്തുല്യമായി കടലാസിൽ പകൎത്താനുള്ള ശക്തി അവൻെറ വാക്കുകൾക്കും സ്വഭാവസിദ്ധമായിരിക്കണം.

ഒരു ലേഖകൻ ഏതൊരു സംഗതിയും വൎണ്ണിപ്പാൻ, അതു താൻതന്നെ കണ്ടിരിക്കയോ, അതുമായി അത്രത്തോളം അടുത്ത പരിചയമുണ്ടായിരിക്കയോ ആവശ്യമാണു്. വല്ല കോണിലുംനിന്നു് ഒന്നു് ഒളിഞ്ഞുനോക്കിയിരുന്നാൽ പോരാ; മുഴുവൻ വഴിപോലെ കണ്ടു പരിചയപ്പെടാനും, അന്യന്മാർ കണ്ടറിഞ്ഞിട്ടില്ലാത്ത പലേ വിശേഷങ്ങൾ അതിൽ നോക്കിമനസ്സിലാക്കാനും സൗകൎയ്യമുണ്ടാകുന്ന ഒരു മദ്ധ്യസ്ഥാനത്തു് നിന്നു വേണം നോക്കുവാൻ. ഇതിലേക്കു, പലേ പൊതുവക സംഗതികളിലും, പത്രപ്രതിനിധികൾക്കായി പ്രത്യേകസ്ഥാനം ഒഴിഞ്ഞിട്ടിരിക്കാറുണ്ടു്. അപ്പോൾ അവർ കാലേകൂട്ടി എത്തിയിരിക്കയും, ആവശ്യംപോലെ പത്രപ്രതിനിധിയാണെന്നതിന്നു സാക്ഷ്യപത്രങ്ങൾ കൈക്കൽ വെച്ചുകൊള്ളുകയും വേണ്ടതാകുന്നു. എന്നാൽ ഇത്തരം സൗകൎയ്യങ്ങൾ ദർബാറിന്നോ, വലിയ തീൻവിരുന്നുകൾക്കോ, മറേറാ ഉണ്ടായിരിക്കാവുന്നതല്ലാതെ, സാധാരണയായി, വൎണ്ണലേഖനങ്ങൾ എഴുതേണ്ടിവരുന്നതു്, അഗ്നിബാധ, തീവണ്ടിഅപകടം മുതലായ വിശേഷവ്യാപത്തുകളുണ്ടാകുമ്പൊഴാകയാൽ, ഈ സംഗതികളിൽ, പത്രക്കാരനു് പ്രത്യേകസൗകൎയ്യമൊന്നും സിദ്ധിക്കാൻ മാൎഗ്ഗമില്ല. മലവെള്ളക്കുത്തുപോലെ ആളുകൾ തെരക്കിക്കൂടിക്കൊണ്ടിരിക്കുമ്പൊഴും, ആപത്തിൽ കുടുങ്ങിയവരെ രക്ഷപ്പെടുത്താനായി ഓരോരുത്തർ അങ്ങോട്ടുമിങ്ങോട്ടും ഓടിനടക്കുമ്പൊഴും, സ്വത്തിന്നും ജീവന്നും രക്ഷയെ കരുതി പൊലീസ് അധികൃതന്മാർ ചുററിക്കൂട്ടുമ്പോഴും, പത്രക്കാരനു് ഒരെടത്തു് കാലുറപ്പിച്ചുനില്ക്കാൻ സാധിക്കയില്ലതന്നെ. അവൻ പൊലീസധികൃതന്മാരുമായി പരിചിതനായിരുന്നില്ലെങ്കിൽ, പലപ്പൊഴും തിക്കിൽപെട്ടു് പിന്നാക്കം തള്ളപ്പെട്ടു എന്നു വന്നേക്കും. അതിനാൽ, അവൻ താനാരാണെന്നു് അവരെ അറിയിപ്പാൻ തക്കതായ ലക്ഷ്യങ്ങളൊക്കെ കരുതി

വെച്ചിരിക്കണം. ഇവ കാണിച്ചാൽ നിർബ്ബാധം കടന്നുപോവാൻ സാധിക്കും. എന്നാൽ, വൈകിയെത്തുന്ന പത്രക്കാരന്നു നേരിടുന്ന പ്രതിബന്ധം മുഖ്യമായും ആൾക്കൂട്ടമാണു്. തിക്കും തിരക്കും കടന്നു് ഉള്ളിൽ പററിക്കൂടുവാൻ ഒരു ഭാഗത്തു സാധ്യമായില്ലെങ്കിൽ, മറെറാരുഭാഗത്തുപോയി പ്രവേശദ്വാരമുണ്ടാക്കാൻ ശ്രമിക്കണം: ഈ സന്ദർഭങ്ങളിലാണു് അവന്നു പൊലീസുകാരുടെ സഹായം അത്യന്തം ആവശ്യപ്പെടുന്നതു്. "കാററുള്ളപ്പോൾ തൂററിക്കൊൾക" എന്ന തത്ത്വം അവൻ നല്ലവണ്ണം ഓർമ്മിച്ചുകൊള്ളണം. തരംപോലെ ഉള്ളിൽ കടന്നുകൂടി തനിക്കെത്തേണ്ടെടത്തു് എത്തുവാൻ ചില അധികൃതന്മാരുടെ പിന്നാലെ പാററിപ്പോകേണ്ടതായുമിരിക്കും. ഇങ്ങനെയെല്ലാം കരുതി പ്രവർത്തിച്ചാലേ, തനിക്കു വേണ്ടതായ വിവരങ്ങളൊക്കെ ലഭിക്കൂ. എന്നാൽ, ഒരു സംഭവത്തെപ്പററി വിവരമറിവാൻ പാററിക്കൂടിയാൽ മാത്രംപോരാ: അവിടെ നടക്കുന്ന സംഗതികളെയൊക്കെ, പ്രത്യേകം അനുകമ്പയോടുകൂടിയ താല്പര്യം വെച്ചുവേണം, നോക്കി അറിവാൻ. ഒരു ഉത്സവഘോഷയാത്ര കാണുമ്പോൾ അന്യരൊടൊപ്പം ആഹ്ലാദിപ്പാനോ; ഒരു അഗ്നിബാധയിൽ, സഹതപിപ്പാനോ; ഒരു തീവണ്ടി അപകടത്തിൽ, ആപന്നന്മാരെപ്പററി വ്യാകുലപ്പെടുവാനോ കഴിയാത്തതെയിരിക്കുന്ന ഹൃദയത്തിന്നു് ഇത്തരം വർണ്ണനകൾ എഴുതി ഫലിപ്പിക്കാൻ കഴിയുന്നതല്ല.

വലിയ ആപത്തുകൾ, ലഹളകൾ മുതലായ ഗൗരവപ്പെട്ട സംഭവങ്ങളുടെ വാർത്ത പത്രക്കാരൻെറ ചെവിക്കു്, പോർക്കളത്തിലേയ്ക്കു പുറപ്പെടേണ്ടതിന്നായി ഭടൻെറ ചെവികൾക്കുള്ളിൽ തറയ്ക്കുന്ന കാഹളധ്വനിയായിത്തീരുന്നു. അവൻ തൻെറ വീട്ടിൽ കളത്രപുത്രാദികളൊരുമിച്ചു രാവിലെ ആഹാരംകഴിച്ചുംകൊണ്ടു് ഉല്ലസിച്ചിരിക്കവേയാണു് ഒരു മഹാലഹളയുടെ ആരംഭത്തെപ്പററി കർണ്ണാകർണ്ണികയാ അറിയുന്നതു് എന്നു വിചാരിക്കുക. കർത്തവ്യകർമ്മത്തിൽ നിഷ്ഠയുള്ള പത്രക്കാരൻ ഉടൻ ഭക്ഷണം മതിയാക്കി എണീററു്, തൻെറ ഉപകരണങ്ങളുമെടുത്തു്, ഒരുങ്ങിയിറങ്ങി, ലഹളസ്ഥലത്തേയ്ക്കു പാഞ്ഞെത്തുന്നു. അവിടെ എത്തുമ്പൊഴേയ്ക്കും പൊലീസുകാർ, പട്ടാളക്കാർ എന്നിവർ നാലുപാടും വളഞ്ഞു്, പുറമെനിന്നു്

ആരെയും അകത്തേയ്ക്കു വിടുന്നില്ല. പുറമും ആൾക്കൂട്ടം വർദ്ധിക്കുന്നു. പത്രക്കാരൻ അകത്തു കടക്കാൻ സൗകര്യം കിട്ടാഞ്ഞു് അങ്ങുമിങ്ങും പോയി മുട്ടുന്നു. ലഹള സ്ഥലത്തുനിന്നു്, ഒരു കെട്ടിടത്തിലെ മേല്പുര കത്തി പുകപൊങ്ങുന്നതു് അവൻ കാണുന്നു. അവൻ എത്ര മനഃക്ലേശത്തോടുകൂടിയാണു് ഇതു നോക്കിനില്ക്കുന്നതെന്നു മററുള്ളവർ അറിയുന്നില്ല. പത്രക്കാരനെന്നു് അറിയുന്ന ആളുകളും സർക്കാരധികൃതന്മാരും, അവനെ ഒരുവിധത്തിൽ കാണുകയും, അവനു് അതുനിമിത്തം അകത്തുപോവാൻ സാധിക്കയും ചെയ്യുന്നു. അവൻ അവിടെ കാണുന്നതെന്തു്? ഒരു പൊലീസ്സ്റ്റേഷനെ തീവെച്ചു നശിപ്പിക്കാൻ ആരോ യത്നിച്ചതിനെ അധികൃതന്മാർ ഒരുവിധത്തിൽ തടുക്കുകയാകുന്നു. സർക്കാരധികൃതന്മാർ പുരപൊളിക്കുന്നു; ഉള്ളിൽ കടന്നു തടവുമുറിയിലെ പുള്ളികളെ രക്ഷപ്പെടുത്താൻ ശ്രമിക്കുന്നു; ചിലർ തീകെടുത്തുന്നു. അവരുടെമേൽ കൽക്കഷണങ്ങൾ വർഷിക്കപ്പെടുന്നു. ഇതിനിടെ, മറെറാരുസ്ഥലത്തു് ആൾക്കൂട്ടം വർദ്ധിച്ചു കൊട്ടാരത്തെ അതിക്രമിപ്പാൻ ഒരുങ്ങുന്നതായി പത്രക്കാരൻ കേൾക്കുന്നു. അവൻ ശീഘ്രം അവിടേയ്ക്കു് ഓടുന്നു. അവിടെ ഒട്ടേറെ ആളുകൾ കൂടീട്ടുണ്ടു്. ചിലർ കൊട്ടാരത്തിൻെറനേക്കു കല്ലെറിയുന്നു. ചിലർ നിലവിളികൂട്ടുന്നു. പത്രക്കാരൻ സർക്കാരധികൃതന്മാരുടെ പിറകെക്കൂടി എത്തി ഇതൊക്കെ കാണുന്നു. ഈ സമയമൊക്കെയും, അവൻെറ ഒരു കൈയിലെ പെൻസിലും മറെറ കൈയിലെ ഓർമ്മക്കുറിപ്പു പുസ്തകവുമായി പലതും തമ്മിൽ ചേരുന്നുണ്ടു്; അവൻ യഥാശക്തി വിവരങ്ങൾ കുറിക്കയാണു ചെയ്യുന്നതു്. അതാ മജിസ്റ്റ്രേറു കുററക്കാരെ പിടിപ്പാൻ പൊലീസിന്നു് അധികാരം കൊടുക്കുന്നു. അവർ അങ്ങിങ്ങോടുന്നു. ചിലരെ ബന്ധിച്ചു പൊലീസ്സ്റ്റേഷനിൽ കൊണ്ടുപോകുന്നതായി പത്രക്കാരൻ കേൾക്കുന്നു. അവൻ ഒരു നിമിഷനേരംകൊണ്ടു സ്റ്റേഷനിൽ എത്തുന്നു. അതാ ഒരുവനെ ചില കൺസ്റ്റേബിൾമാർ ചെന്നു കൈവിലങ്ങുവെച്ചു് ഉന്തിയും തള്ളിയും കൊണ്ടുവരുന്നു; മറെറാരുവനെ വേറെ ഒരുകൂട്ടർ ബന്ധിച്ചുകൊണ്ടുവരുന്ന ബഹളം മറെറ തുഭാഗത്തു്. പിടിക്കപ്പെട്ടവരെ കൺസ്റ്റബിൾമാർ അടിക്കുന്നു, ഇടിക്കുന്നു, ചവിട്ടുന്നു, ഗദകൊണ്ടു പ്രഹരി

ക്കുന്നു. ഇത്യാദി പലതും കഴിയുന്നു. പൊലീസുകാരും പട്ടാളക്കാരും രാജപാഥകളിൽനിന്നു് ആളുകളെയൊക്കെ അകററിക്കളയുന്നു. ലഹളയുടെ ബഹളവും ശമിക്കുന്നു. പത്രക്കാരന്റെ നില അവിടെ ഉറയ്ക്കുന്നില്ല. അവൻ വായുവേഗത്തിൽ പാഞ്ഞു കമ്പിയാപ്പീസ്സിൽ എത്തുന്നു. "ഇന്നു രാവിലെ...മണി സമയം......സ്ഥലത്തു് ഒരു മഹാലഹള നടന്നിരിക്കുന്നു. അവിടത്തെ പൊലീസ്സ്റ്റേഷനു തീവെച്ചു. ചിലഭാഗം വെന്തു. ലഹളക്കാർ കൊട്ടാരത്തെ ആക്രമിക്കാൻ ഉദ്യമിച്ചു: കടന്നില്ല. കല്ലേറുണ്ടായി. പൊലീസ്സുകാർ ചിലരെ കുററക്കാരായി സംശയിച്ചു പിടിച്ചു. അന്വേഷണം നടക്കുന്നു."—എന്നു ചുരുക്കത്തിൽ ഒരു കമ്പിവാൎത്ത തന്റെ പത്രത്തിലേക്കയയ്ക്കുന്നു. പിന്നെ, ലഹളയുടെ പല വിവരങ്ങളെയും വഴിക്കുവഴിയായി വർണ്ണിച്ചു ദീർഘലേഖനം എഴുതുന്നു. അവർ എഴുതിപ്പോകുന്തോറും, "പാലാഴിതന്നിൽ തിരമാലകളെന്നപോലെ" അവന്റെ ഉള്ളിൽനിന്നു തുവൽത്തുമ്പുവഴിയായി സരസവും ഉചിതവുമായ പദാവലികൾ കടലാസ്സിൽ തള്ളിത്തള്ളിപ്പുരക്കുന്നു. ഇടയ്ക്കിടെ, കൂടുതലായി വിവരങ്ങൾ അറിയുന്തോറും പുതിയ കമ്പിവാൎത്തകൾ അയയ്ക്കുന്നു: പിന്നീടു ലേഖനം തുടരുന്നു. തീരുന്നതു തീരുന്നതു ലക്കോട്ടിലാക്കി തപ്പാലിലെക്കയയ്ക്കുന്നു. ഇപ്രകാരം, ലഹളവാൎത്തകൾ മുഴുവൻ കഴിയുംവരെയും പത്രക്കാരൻ എഴുതിയെഴുതിത്തള്ളുന്നു. അവന്റെ ശക്തിയും എഴുതേണ്ട വിഷയവും അവസാനിക്കുന്നു. ഇങ്ങനെയാണു് ഒരു സാക്ഷാൽ പത്രക്കാരൻ ചെയ്യുന്നതു്. അവനു രാവിലെ ആഹാരം മുഴുവൻ കഴിക്കേണമെന്നും, പിന്നെ സ്വജനങ്ങളുമായി കൂടിയിരുന്നു സല്ലപിച്ചു വിശ്രമിക്കേണമെന്നും, അതും കഴിഞ്ഞിട്ടു ലഹളവാൎത്ത അന്വേഷിച്ചു പോകാമെന്നും വിചാരമാണുള്ളതെങ്കിൽ അവനെക്കൊണ്ടു പത്രക്കാരനായിരിപ്പാൻ അവകയില്ല.

അവന്നു് എപ്പൊഴും ഇത്തരം ഭയങ്കരസംഭവങ്ങളേ ഉണ്ടാകുമാറുള്ളു എന്നു വിചാരിക്കരുതു്. ചിലപ്പൊഴൊക്കെ, ഉത്സവകാൎയ്യങ്ങൾക്കും കൂടാം. ഏതൊന്നായാലും, അവനു നല്ല പ്രേക്ഷാശക്തിയും, താൻ കണ്ടറിഞ്ഞതു പറഞ്ഞു ഫലിപ്പിക്കാൻതക്ക വാഗ്വൈഭവവും ഉണ്ടായിരുന്നില്ലെങ്കിൽ, അവന്റെ

ശ്രമം നിഷ്പ്രയോജനമായിത്തീരും, നിശ്ചയം. അവൻ നടന്ന വസ്തുസ്ഥിതികളെ രസകരമായവിധം വൎണ്ണിച്ചിട്ടില്ലെങ്കിൽ അതു്, വായനക്കാരുടെ ഉള്ളിൽ തട്ടുകയില്ല. അതു് അവൎക്കു കേവലം ശുഷ്കതൃണംപോലെ തോന്നും. അവന്റെ മനസ്സിൽ പതിഞ്ഞതായ ആശയങ്ങളൊക്കെ നല്ലവണ്ണം പ്രതിഫലിപ്പിക്കണം. ഈ പ്രവൃത്തി ഒരുവൻ തനിയേ ചെയ്യുന്നെടത്തോളം പലർകൂടി ഒത്തുചേൎന്നു ചെയ്താൽ ഫലിക്കയില്ല. ഒരു ഘോഷയാത്രയെ വൎണ്ണിപ്പാനായി ഓരോ ഭാഗങ്ങളിൽ ഓരോ പത്രപ്രതിനിധികളെ നിയോഗിച്ചിരിക്കുന്നു എന്നു വിചാരിക്കുക: ഇവരൊക്കെ ഒരേ 'ഉന്ന'ത്തോടുകൂടി എഴുതുന്നവരായിരിക്കയില്ല. അവനവന്റെ ഭാഗത്തെപ്പററി എഴുതുന്നവൻ, മററൊരുവന്റെ ഉദ്ദേശ്യത്തെ അനുവൎത്തിക്കുന്നില്ല. ഇങ്ങനെ ചെയ്യുമ്പോൾ വൎണ്ണനയ്ക്കാകപ്പാടേ രസനീയത ചുരുങ്ങിപ്പോകുന്നു. ഒരാൾ തനിയേ ഒരു വിഷയത്തെപ്പററി എഴുതുമ്പോൾ, അയാൾ ഒരേ ഒരു ഉദ്ദേശ്യത്തെ സാധിപ്പാനായി ശ്രദ്ധവച്ചുകൊണ്ടു താൻ എഴുതുന്ന എല്ലാ വിവിധഭാഗങ്ങളെയും ആ ഉദ്ദേശ്യത്തിലേക്കുതന്നെ വഴിനടത്തിക്കുന്നു: ഇതാണു്, വൎണ്ണനകളിൽ ശ്രദ്ധവെച്ചു് അറിയേണ്ടതായ കാൎയ്യം. ഒരു മഹായോഗത്തിൽ, വിഖ്യാതനായ ഒരു വക്താവു പ്രസംഗിക്കുമ്പോൾ, അയാളുടെ പ്രസംഗത്തിന്റെ ഓരോ ഘട്ടം ഓരോ റിപ്പോർട്ടർ കുറിച്ചെടുത്തെഴുതുന്നതുപോലെ ഫലിപ്പിക്കാവുന്നതല്ല വൎണ്ണനകൾ. ഇവിടെ ഒരാളുടെ മനസ്സിൽ ഉദിക്കുന്ന വിചാരങ്ങളല്ലാ മററൊരാളുടെ മനസ്സിൽ തോന്നുക; എന്നാൽ പ്രസംഗം പകൎത്തുന്നെടത്താകട്ടെ, അതിനെപ്പററി റിപ്പോർട്ടർമാരുടെ മനസ്സിൽ തോന്നുന്ന അഭിപ്രായങ്ങളെയല്ലാ എഴുതുന്നതു്; മററൊരുവന്റെ വാക്കുകളെയാണു്. വൎണ്ണനംചെയ്യുന്നതിനു ലേഖകൻ അവശ്യം കരുതിയിരിക്കേണ്ട ഒരു കാൎയ്യമുണ്ടു്. നടന്ന സംഗതികളെ യഥാസംഭവക്രമം കുറിച്ചുവെച്ചുകൊണ്ടുവേണം വൎണ്ണിപ്പാൻ. ഇങ്ങനെയൊരു ആസൂത്രണം (പ്ലാൻ) ചെയ്തുവെച്ചുകൊണ്ടാൽ, താൻ എഴുതുന്ന വിവരങ്ങളെ യഥാക്രമം വരുത്താൻ എളുപ്പമുണ്ടു്. അതല്ലെങ്കിൽ, വൎണ്ണന വായിക്കുന്നവർ 'വാലും തലയും' തിരിച്ചറിയാൻ കഴിയാതെ കുഴങ്ങിപ്പോവും.

ഒരു ചിത്രമെഴുത്തുകാരൻ, മനസ്സങ്കല്പത്താലോ, പ്രകൃതിവിലാസത്തിൻെറ പകർപ്പായിട്ടോ, ഒരു ചിത്രമെഴുതുവാൻ ഉദ്യമിക്കുമ്പോൾ, ആദ്യമായി, ഏതു നിലയിൽനിന്നു നോക്കുമ്പോഴുള്ള രംഗവിധാനമാണു് രമണീയമായി തോന്നുന്നതെന്നു നിശ്ചയിച്ചു് ആ നിലയെ ഉറപ്പിക്കുന്നു; പിന്നീട്ടു് പടത്തിൽ അടക്കേണ്ടതായ രൂപങ്ങൾ ഇന്നക്രമത്തിനു വരണമെന്നു കുറിക്കുന്നു, അനന്തരം, ചേരുംപടിക്കുള്ള വൎണ്ണങ്ങളെ യഥാസ്ഥാനം പതിക്കുന്നു. ഒരു ആപത്സംഭവത്തെയോ, ഉത്സവാഘോഷത്തെയോ വൎണ്ണിച്ചു ലേഖനമെഴുതാൻ ഉദ്യമിച്ചിരിക്കുന്ന പത്രക്കാരനും, ആദ്യമായി, തനിക്കു രംഗം മുഴുവൻ നല്ല ചമല്ക്കാരകാരകമായി തോന്നിക്കാവുന്ന നിലയിൽനിന്നു നടന്ന സംഗതികളെ, യഥാക്രമം കുറിച്ചുകൊണ്ടു്, ഇവയെ വായനക്കാൎക്കു് ആകർഷകമായി വരും വിധത്തിൽ വൎണ്ണനം ചെയ്യുന്നതിന്നുതക്ക വാഗ്വിലാസത്തെ പ്രയോഗിക്കുന്നു. എന്നാൽ, പത്രക്കാരൊക്കെ എപ്പോഴും നിൎദ്ദോഷമായ ഭാഷ എഴുതുന്നവരല്ല; ചിലർമാത്രം ഭാഷാശുദ്ധിയെയും പദങ്ങളുടെ ശബ്ദാൎത്ഥവിഷയമായ ഭംഗിയേയും നോക്കി ബഹു ചമൽക്കാരമായി എഴുതുന്നു. മററുള്ളവർ ശബ്ദരചനയിൽ നിപുണന്മാരല്ലാതെ, വല്ല പദങ്ങളും വല്ല പ്രകാരവും കൂട്ടിപ്പിടിപ്പിച്ചു്, ലേഖനമെഴുതി, വായനക്കാൎക്കു് അരോചകം തോന്നിക്കയും, 'പത്രഭാഷ' എന്നൊരു പരിഹാസവചനത്തിന്നു് സംഗതിയാക്കുകയും ചെയ്യുന്നു. 'പത്രഭാഷ' എന്നു വിദ്വാന്മാർ പരിഹസിക്കുമ്പോൾ, പത്രക്കാരൻ പരിഭവപ്പെടേണ്ട ന്യായമില്ല. വാസ്തവത്തിൽ, എത്രയോ ലേഖനങ്ങൾ, ഒരുവക നപുംസകഭാഷയിലെഴുതി, പത്രപംക്തികൾ നിറച്ചു് വായനക്കാൎക്കു്, ഭാഷാദൂഷണത്താൽ മനശ്ശല്യമുണ്ടാക്കുന്ന പത്രക്കാരർ ഉണ്ടു്. അവൎക്കു പദങ്ങളുടെ അൎത്ഥനിൎണ്ണയമോ, രൂപനിൎണ്ണയമോ; പദാവലികളുടെ ഭംഗിയോ അഭംഗിയോ; പദപ്രയോഗങ്ങളുടെ ഔചിത്യംസംബന്ധിച്ച അറിവോ, ഇല്ല. ചിലപ്പോൾ, ലേഖകൻെറ അജ്ഞതകൊണ്ടും, ചിലപ്പോൾ ലേഖകൻെറ ശബ്ദഭണ്ഡാഗാരം തീരെ അല്പിഷ്ഠമായിരിക്കകൊണ്ടും, അവൻ വല്ലേടത്തും കണ്ടിട്ടുള്ള പദങ്ങളോ വാചകങ്ങളോ ഔചിത്യംകൂടാതെ എഴുതിപ്പോകാറുണ്ടു്.

നടപ്പുള്ള ഒരു ചെറിയ പദംകൊണ്ടു് അൎത്ഥംവരുത്താവുന്നേടത്തു് പ്രചാരപ്പെടാത്ത വലിയ പദം എഴുതിയും; സ്വശബ്ദങ്ങൾ ഇരിക്കെ ഗ്രാമ്യപദങ്ങൾ പ്രയോഗിച്ചും; ഒരൎത്ഥത്തെ പൎയ്യായപദങ്ങളാൽ ആവൎത്തിക്കാവുന്നേടത്തു് അങ്ങനെ ചെയ്തു് ശബ്ദവൈചിത്ര്യം വരുത്താതെ, ഒരേ പദം വീണ്ടുംവീണ്ടും എഴുതിയും; ചിലപ്പോൾ പുനരുക്തം ചെയ്തും പലപ്രകാരത്തിൽ ഉപന്യാസം വഷളാക്കുമാറുണ്ടു്. ചിലർ പ്രാസംചെയ്ത ഗദ്യമെഴുതുന്നതാണു് രസകരമെന്നു് വിചാരിക്കുന്നു. ഒരു അഗ്നിബാധയെ വൎണ്ണിപ്പാൻ, "കാലാഗ്നിയുമല്ലിതു; കാലാരിയുടെ ഫാലാഗ്നിയുമല്ലിതു, മൂലാഗ്നിയുമല്ലിതു......" ഇത്യാദി പ്രാസപ്രയുക്തഗദ്യം ഒരുകാലത്തു് മലയാളപത്രങ്ങളിൽ കണ്ടിരുന്നു. ഇങ്ങനെയൊക്കെ ലേഖനങ്ങളിൽ 'ഭാഷാഗോഷ്ടികൾ' കാണിക്കുന്നതു് മിക്കവാറും കുട്ടിത്തരം ലേഖകന്മാരാണു്; ചിലപ്പോൾ, ഒരുവക 'ഭ്രമം' മുഴുത്തിട്ടുള്ള പഴയ ലേഖകന്മാർകൂടി തങ്ങളുടെ ചാട്ടവും മറച്ചിലും ഞാണിന്മേൽ ദണ്ഡിപ്പും പദങ്ങൾകൊണ്ടുതന്നെ പ്രദൎശിപ്പിക്കുന്നുണ്ടായിരിക്കും. ഇവയെല്ലാം തടഞ്ഞുകളയാൻ പത്രാധിപന്മാൎക്കു് ക്ലേശം അല്പമല്ല; ചിലർ ഇതുകളെ എഴുതിവന്നപ്രകാരത്തിൽത്തന്നെ പത്രത്തിൽ കടത്തിവിടുന്നതിനാലാണു് 'പത്രഭാഷ' എന്ന അപവാദം ഉണ്ടാകുന്നതു്. ഇങ്ങനെ പത്രങ്ങളിൽ കാണാറുള്ള ഭാഷാദോഷങ്ങളെയൊക്കെ എടുത്തു് ഉദാഹരിക്കാൻ സൗകൎയ്യമില്ലാ. അവയെ വായനക്കാർ കണ്ടറിഞ്ഞുകൊള്ളുമെന്നു വിശ്വസിക്കുന്നു. അനവീകൃതം, പുനരുക്തം, ച്യുതസംസ്കാരം, ദുഷ്ടരീതി, ഭഗ്നപ്രക്രമം, വിരുദ്ധമതികൃത്തു്, എന്നിങ്ങനെ പല സാഹിത്യദോഷങ്ങൾ ലേഖകന്മാർ മനസ്സിലാക്കിയിരിക്കേണ്ടതാണു്. ഇതിന്നു് എ. ആർ. രാജരാജവൎമ്മ, എം. എ. അവൎകളുടെ 'ഭാഷാഭൂഷണം' എന്ന സാഹിത്യശാസ്ത്രഗ്രന്ഥം ഏറെ ഉപകാരപ്പെടുന്നതാണു്. പദസമ്പത്തു് ചുരുങ്ങിയവർ, ഭാഷാനിഘണ്ടുവിലെ പദങ്ങൾ ഉരുവു പഠിക്കുന്നതുകൊണ്ടു ഗുണമുണ്ടാകും; അതോടുകൂടി നല്ല ഗ്രന്ഥകാരന്മാരുടെ കൃതികൾ പരിചയിക്കേണം. ഗദ്യഗ്രന്ഥങ്ങളിൽ, കേരളവൎമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു തിരുവിതാംകൂർ സൎക്കാർ പാഠപുസ്തകസംഘാദ്ധ്യക്ഷനായിരുന്നു്

എഴുതീട്ടുള്ള 'അക്ബർ,' 'ലോകത്തിൻെറ ശൈശവാവസ്ഥ,' 'വിജ്ഞാനമഞ്ജരി,' 'ധനതത്ത്വനിരൂപണം,' 'മൂന്നാംപാഠപുസ്തകം,' 'ഇന്ത്യാചരിത്രം,' 'ഇംഗ്ലാണ്ടുചരിത്രം,' 'തിരുവിതാംകൂർചരിത്രം,' 'മഹച്ചരിതസംഗ്രഹം,' ഒ. ചന്തുമേനോൻെറ 'ഇന്ദുലേഖ,' 'ശാരദ,' ടി. എം. അപ്പു നെടുങ്ങാടിയവർകളുടെ 'കുന്ദലത,' ടി. കെ. കൃഷ്ണമേനോനവർകളുടെ 'പ്രാചീനാര്യാവർത്തം,' 'ചന്ദ്രഹാസൻ,' വെങ്ങയിൽ കുഞ്ഞുരാമൻ നായനാരവർകളുടെ 'കേസരി' ലേഖനങ്ങൾ മുതലായ പലേ പുസ്തകങ്ങൾ മലയാളത്തിലുണ്ട്. സ്ഥലകാലവണ്ണനകൾ പ്രശസ്തമായവിധം അടങ്ങീട്ടുള്ള ചില മലയാളനവ്യഗദ്യകാവ്യങ്ങൾ ഉള്ളവ വായിക്കുന്നതുകൊണ്ട്, ലേഖകൻെറ വിഭാവനാശക്തിയെ പോഷിപ്പിക്കാൻ കഴിയും. ഇവക്കും പുറമെ, ഭാഷയിൽ നടത്തുന്ന പത്രങ്ങളിലും പത്രഗ്രന്ഥങ്ങളിലുംവെച്ചു വാചകശുദ്ധി പദഭംഗി മററു സാഹിത്യഗുണങ്ങൾ ഇവയിൽ പ്രത്യേകം ശ്രദ്ധവെച്ചിട്ടുള്ളവമാത്രം നിയമേന വായിക്കുകയും വേണം. നല്ല ഗദ്യമെഴുത്തുകാരുടെ ലേഖനങ്ങളോ മററു കൃതികളോ വായിക്കുന്നതിനാലുണ്ടാവുന്ന ഗുണം ചെറുതല്ല; "വാഗ്ദേവി സ്വയം വശ്യ" ആകാതെ ആ ദേവിയെ ബലാൽകാരേണ പിടിച്ചു വലിച്ചിഴച്ചു കൊണ്ടുവന്ന് ക്ലേശിപ്പിക്കുന്നവരുടെ ഗദ്യം ഒരിക്കലും വായിക്കരുത്. ഇവക്ക, പക്ഷേ, സ്വീയപ്രാഭവംകൊണ്ട് പ്രമാണികൾ ചിലർ കീത്തി വെച്ചുകെട്ടിയിരുന്നാലും, ഇവരെ ഗണ്യകോടിയിൽ ചേക്കരുത്; സ്വതസിദ്ധമായ സാഹിത്യവാസനയുള്ളവർ കീത്തിക്കായി ഇരകോർത്ത് ബളിശം എറിഞ്ഞിരിക്കയില്ലെങ്കിലും, അവരുടെ കൃതികൾ അന്വേഷിച്ചുപിടിച്ചു പരിചയപ്പെടണം. ഇത്തരത്തിൽ നല്ല ഗ്രന്ഥകത്താക്കന്മാരുടേയും ഗദ്യലേഖന കർത്താക്കന്മാരുടേയും കൃതികൾ വായിക്കുമ്പോൾ, സരസമായോ ഫലിതമായോ അവസരോചിതമായോ തോന്നുന്ന പദങ്ങൾ, വാചകങ്ങൾ, ചതുരോക്തികൾ മുതലായവ പ്രത്യേകം കുറിച്ചെടുത്തു വെച്ച് പഠിക്കുന്നതുകൊണ്ടും ഗുണമുണ്ടാകും. പദശുദ്ധി, ശബ്ദഭംഗി, വാചകപുഷ്ടി, ഗാംഭീയ്യം ഇത്യാദി ഗുണങ്ങൾക്ക് കേരളവമ്മാ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലേയും; ഊജ്ജസ്വലത, പ്രൗഢി, പ്രസാദം ഇവക്ക് സി. അച്യുത

മേനോൻ അവർകളുടേയും; മാധുൎയ്യത്തിനു ചന്തുമേനോൻ, കുഞ്ഞിരാമൻ നായനാർ എന്നിത്തരക്കാരുടേയും ഗദ്യപ്രബന്ധങ്ങളേയും; വൎണ്ണനാചാതുൎയ്യം മനസ്സിലാക്കാൻ 'മാൎത്താണ്ഡവൎമ്മാ,' 'ഇന്ദുലേഖ,' 'കുന്ദലത,' 'പാറപ്പുറം,' 'ദുൎഗ്ഗേശനന്ദിനി,' 'ഉദയഭാനു' ഇത്യാദി നവ്യകഥാഗ്രന്ഥങ്ങളേയും വായിക്കുന്നതു് ഉത്തമമാകുന്നു. വ്യാകരണജ്ഞാനം ലഭിപ്പാൻ എ. ആർ. രാജരാജവൎമ്മാ അവർകളുടെ 'കേരളപാണിനീയം' തുടങ്ങിയ വ്യാകരണഗ്രന്ഥങ്ങളും; സാഹിത്യരചനാതത്വങ്ങൾക്കു് ഇദ്ദേഹത്തിൻെറ 'സാഹിത്യസാഹ്യ'വും വായിച്ചിരിക്കേണ്ടതാകുന്നു.

എന്നാൽ, മേല്പറഞ്ഞ ഗ്രന്ഥങ്ങൾ വായിക്കുന്നതു് രചനാരീതി അല്ലെങ്കിൽ ഭാഷാസരണി സമ്പാദിപ്പാനായിരിക്കരുതെന്നു് പ്രത്യേകം ഉപദേശിക്കേണ്ടിയിരിക്കുന്നു. വിഖ്യാതന്മാരായ സാഹിത്യകാരകന്മാരുടെ ഗ്രന്ഥങ്ങൾ വായിച്ചു് അവരുടെ ഭാഷാസരണിയെ പകൎത്തുക്കാം എന്നു വിചാരിക്കുന്നവർ ചിലരുണ്ടു്: ഈ വിചാരം തീരെ അസംബന്ധം എന്നാണു് എനിക്കു പറവാനുള്ളതു്. ഒരുവൻെറ ഭാഷാസരണിയെ അനുകരിക്കാൻ മറെറാരുവനു് കഴിയാത്ത വിധത്തിൽ, ഭാഷാസരണി എന്നതു് അതാതാളുകൾക്കു് സ്വഭാവജന്യമായിട്ടുള്ളതാകുന്നു എന്നു നാം ഓൎമ്മവെയ്ക്കണം. ഒരുവൻെറ അനുഭവങ്ങളേയും പരിചയങ്ങളേയും അവൻെറ മനോഗതിക്കനുസരിച്ചിട്ടാകുന്നു ഭാഷാരൂപമായി പ്രകാശിപ്പിക്കുന്നതു്; അതേപ്രകാരത്തിലുള്ള മനോഗതി ഉണ്ടാകുവാൻ, മറെറാരുവൻ, അതേപ്രകാരത്തിലുള്ള അനുഭവങ്ങളേയും പരിചയങ്ങളേയും അതേ അവസ്ഥയിൽ പ്രാപിക്കുന്നവനായിരിക്കണം. ഇതു സാദ്ധ്യമല്ലതന്നെ. പ്രഖ്യാതന്മാരായ ഗ്രന്ഥകൎത്താക്കന്മാരൊക്കെ അവരവരുടെ പ്രകൃതിദത്തമായ മനോഗതിരീതിയനുസരിച്ചാകുന്നു അവരവൎക്കു് പ്രത്യേകമായുള്ള ഭാഷാസരണികളിൽ എഴുതീട്ടുള്ളതു്. ഈ ഭാഷാസരണി എന്നാലെന്താണു്? ഇതിലെന്താണടങ്ങിയിരിക്കുന്നതെന്നു നോക്കി നിൎണ്ണയപ്പെടുത്തി പറവാൻ സാധിക്കാത്ത വിധത്തിൽ, ഇതു്, ക്ഷണപ്രഭാചഞ്ചലവും അവിഭാവ്യമാനവും ആയ എന്തോ ഒന്നാകുന്നു, എന്നല്ലാതെ ഇതിനെ നിൎവ്വചിപ്പാൻ പ്രയാസമാകുന്നു. ഉപന്യാസകൎത്താവിൻെറ വിഭാവനശക്തിയേയും രസ

ജ്ഞതയേയും കൂട്ടിച്ചേർത്തു് സഹൃദയഹൃദയാഹ്ലാദകമാംവണ്ണം വാക്കുകളെ ഉപയോഗിച്ചു് വാക്യങ്ങൾ രചിക്കുന്ന രീതിയാണിതെന്നു പറഞ്ഞാൽ ഭാഷാസരണിയുടെ ഒരു സ്ഥൂലമായ ജ്ഞാനം കിട്ടി എന്നു വരാം. ഇതു് വിലയേറിയ ഒരു വരം ആണെന്നു് വിചാരിക്കണം; പഠിപ്പുകൊണ്ടോ പരിശീലനം കൊണ്ടോ ലഭിക്കാവുന്നവരമല്ല; കേവലം പ്രകൃതിദത്തമാണു്.

വിശിഷ്ടന്മാരായ സാഹിത്യകാരകന്മാരുടെ കൃതികൾ വായിക്കേണ്ടതു്, ഭാഷാസരണിയെ പകർത്തുടക്കേണ്ടതിനായിട്ടല്ല; അതിന്നു് സാധിക്കയില്ല. പിന്നെയോ? അവർ ഓരോരോ ആശയങ്ങളെ എങ്ങനെയാണു് വാക്കുകൾകൊണ്ടു ചമയിച്ചു് ബഹുജനങ്ങളുടെ മുമ്പിൽ പ്രദർശിപ്പിക്കുന്നതെന്നു് ഗ്രഹിപ്പാനായിട്ടുവേണം. ഇതിലേക്കു് പ്രത്യേകം ശ്രദ്ധയും അഭിരുചിയും ഉണ്ടായിരിക്കണം. പഴമപരിചയംകൊണ്ടു് ഒരാൾക്കു് ഭാഷാസരണിയെ പരിഷ്കരിക്കാമെന്നല്ലാതെ, തനിക്കില്ലാത്ത ഒരു രീതിയെ പകർത്തുക്കാൻ സാധിക്കയില്ല. പകർത്തുക്കാൻ തുനിഞ്ഞാൽ ഉണ്ടാവുന്ന ഫലം, 'കാകൻ അന്നനട' ശീലിച്ചതിന്നൊപ്പം, ചിലർ പത്രങ്ങളിൽ എഴുതിക്കൂട്ടാറുള്ളമാതിരി ബീഭത്സങ്ങളായ വാചകങ്ങളായിരിക്കും. തനിക്കു് ഒരു പ്രത്യഗാത്മാവുണ്ടെന്നും, തന്റെ പ്രത്യേകതപാ പ്രബലപ്പെടുത്തി കാണിപ്പാൻ തനിക്കു കഴിയുമെന്നും ഉള്ള വിചാരത്തോടുകൂടി ആത്മസ്ഥൈര്യപൂർവ്വം പരിശ്രമിച്ചാൽ, സ്വന്തമായ ഒരു ഭാഷാസരണി തനിക്കുണ്ടായിക്കൊള്ളും; അതു് മററാക്കും അനുകരിപ്പാൻ സാധിക്കയുമില്ല. എന്റെ അനുഭവംകൊണ്ടു പറവാൻ എനിക്കു് അവകാശമുള്ളതിന്നൊപ്പം ഉപദേശിപ്പാൻ അധികാരംകൂടെ ഉണ്ടായിരുന്നാൽ, ഞാൻ ഇപ്രകാരം പറയുമായിരുന്നു: വിഖ്യാതന്മാരായ സാഹിത്യകാരകന്മാരുടെ കൃതികളെ വായിക്കുക; എന്നാൽ അതു് അവരുടെ ഭാഷാസരണിയെ കൈവശപ്പെടുത്താമെന്ന ഉദ്ദേശ്യത്തോടുകൂടെയരുതു്. ഞാൻ ഏതെങ്കിലുമൊരു വാചകം മലയാളപത്രത്തിൽ ആദ്യമായി എഴുതീട്ടു് ഒരു പതിനഞ്ചുകൊല്ലം വരും; അക്കാലത്തു് എഴുതീട്ടുള്ള ലേഖനങ്ങൾ നോക്കിയാൽ, ഇപ്പോൾ എനിക്കുതന്നേയും അവയുടെ കർത്തൃതത്തെപ്പററി സന്ദേഹം ഉണ്ടായേക്കും. ഈ പതിനഞ്ചുകൊല്ലത്തിനുള്ളിൽ,

ഒരു ഭാഷാസരണി കൈവശപ്പെടുത്തുവാൻവേണ്ടി ഞാൻ യാതൊരു വിശേഷപരിശ്രമവും ചെയ്തിട്ടില്ല; മലയാളഭാഷയിലെ മിക്ക ഗ്രന്ഥങ്ങളും ശ്രദ്ധവെച്ചു വായിച്ചിട്ടുമില്ല. ശബ്ദങ്ങളുടെ ശുദ്ധാശുദ്ധതയെപ്പററി നിൎണ്ണയം വരുത്തിക്കൊൾവാൻവേണ്ടി, ശബ്ദാഗമബോധമുള്ള പണ്ഡിതന്മാരുടെ കൃതികൾ വായിച്ചിട്ടുണ്ടെങ്കിൽ, അവരുടെ ഭാഷാസരണിയെ സ്വീകരിപ്പാൻ കരുതിയിരുന്നിട്ടില്ലതാനും. ഇതേവിധം അനുഭവംതന്നെ പലക്കുമുണ്ടായിരിക്കാൻ സംഗതിയുണ്ട്. ആകയാൽ ഒരു ഭാഷാസരണി കൈവശപ്പെടുത്തുവാൻ ഉദ്ദേശിച്ച് അന്യന്മാരുടെ കൃതികളെ ഉരുവിട്ടു പഠിക്കുന്നവരോട് ഉപദേശിപ്പാനുള്ളതിതാണ്: നിങ്ങൾ വായിച്ച ഗ്രന്ഥകാരകന്മാരുടെ വാചകങ്ങളെ മറന്നുകളവിൻ; അവർ അവരുടെ ആശയങ്ങളെ പ്രകടീകരിച്ചിരിക്കുന്ന സമ്പ്രദായത്തിന്റെ ആന്തരമായ വൈഭവത്തെ മാത്രം ഓൎമ്മവെപ്പിൻ. നിങ്ങൾക്ക് പറവാനുള്ളതൊക്കെ നിങ്ങളുടെ ഉള്ളിൽനിന്നുതന്നെ നിങ്ങളെ വ്യാപരിപ്പിക്കുന്ന ചൈതന്യവിശേഷത്തിന്റെ സംജ്ഞാപനങ്ങൾ അനുസരിച്ച് പറഞ്ഞുകൊള്ളുവിൻ. അങ്ങനെയൊരു ചൈതന്യം നിങ്ങളെ പ്രേരിപ്പിക്കുന്നതിനു തക്കവണ്ണം പ്രകടമായ ഉന്നതാശയങ്ങളും രസികതയും നിങ്ങൾക്കില്ലെങ്കിൽ പ്രത്യേകമൊരു ഭാഷാസരണി സ്ഥാപിപ്പാനായി നിങ്ങൾ ശ്രമിക്കേണ്ടാ; സാഹിത്യകാരകന്മാരുടെ വരിയോലയിൽ നിങ്ങളുടെ പേരുകൂടെ എഴുതിക്കാണ്മാൻ ആശിക്കയുംവേണ്ടാ. എന്നാൽ ഈ ഒടുവിൽപറഞ്ഞതായ ആശയോടുകൂടിയല്ലാ വിഖ്യാതന്മാരായ സാഹിത്യകൎത്താക്കന്മാർ പ്രവൎത്തിച്ചിട്ടുള്ളതെന്ന് ഓൎമ്മവെക്കണം. അവർ മിക്കവാറും പ്രതിഫലേച്ഛകൂടാതെ ലോകോപകാരാൎത്ഥമായിമാത്രം പണിയെടുത്തിരുന്നവരാണ്.

ചുരുക്കത്തിൽ ഓൎമ്മവെക്കേണ്ടതായ മൂന്നു കാൎയ്യങ്ങൾ ഉണ്ട്: അന്തസ്സാരവിഹീനമായതു് ഉപയോഗിക്കാതിരിക്ക, സ്പഷ്ടമായുള്ളതു പറയാതിരിക്കുക, സ്വന്തമല്ലാത്ത രീതി തുടരാതിരിക്കുക. ഈവക മൂന്നു പാപങ്ങളും പററാതിരിക്കുന്നതിന്നു് അവശ്യം വേണ്ടതു്, തന്റെ ഉള്ളിനൊത്തു സംസാരിക്കുമ്പോലെതന്നെ എഴുതുകയും ചെയ്യുകയാകുന്നു. കപടവേഷവും കപടഭാഷയും അപകടമെന്നു ധരിക്കണം.

അദ്ധ്യായം ഒൻപതു്

# വിമർശനം

സംഭവവർണ്ണനകൾ എഴുതുന്ന വൃത്താന്തനിവേദകനു ചില സമയങ്ങളിൽ ഗുണദോഷനിരൂപണപ്രവൃത്തികൂടെ ചെയ്യാനുണ്ടാകും. തന്റെ നില അറിയുന്നവനു് ഇതു ദുഷ്കരമോ അനർത്ഥകരമോ ആകയില്ല. ഗുണദോഷങ്ങൾ തിരിച്ചറിവാൻ പ്രാപ്തിയില്ലാത്തവർ അതിലേയ്ക്കു തുനിയുമ്പോഴാണു 'വിഡ്ഢിവേഷം' കെട്ടുന്നതു്. അന്യന്മാരുടെ പ്രവൃത്തികളിൽ ഗുണവും ദോഷവും കണ്ടു പറവാൻ തുനിയുന്നവർ അവരുടെ പ്രവൃത്തികളുടെ ഗുണദോഷങ്ങളെ സൂക്ഷ്മമായി അറിയണം. ഈ വിഷയത്തിൽ അവനു് ആ അന്യന്മാരോളമെങ്കിലും അറിവു് ആ സംഗതിയിൽ ഉണ്ടായിരിക്കണം. സാധാരണമായി പത്രലേഖകന്മാർ ചെയ്യേണ്ടിവരുന്ന ഗുണദോഷനിരൂപണങ്ങൾ, നാടകാഭിനയം, സംഗീതം, ചിത്രപ്രദർശനം ഇത്യാദി കലാവിദ്യാപ്രകടനങ്ങളെപ്പററി ആയിരിക്കും. ഇവയെക്കുറിച്ചു ലേഖകന്മാരും പത്രാധിനാഥന്മാരും അറിഞ്ഞിരിക്കേണ്ട മുഖ്യ വിവരങ്ങൾ താഴെ പറയുന്നു.

കൊല്ലത്തിൽ മുന്നൂററിഅറുപത്തഞ്ചു ദിവസം മുഴുവൻ ഇല്ലെങ്കിലും, ഏററിയകുറും നാളുകളിൽ നാടകാഭിനയങ്ങൾ നടന്നുകൊണ്ടിരിക്കുന്ന മഹാനഗരങ്ങളുണ്ടു്. അവിടങ്ങളിലെ പത്രങ്ങളിലാണു നാടകാഭിനയവർണ്ണനകൾ ഒരു പ്രധാന കാര്യമായിരിക്കുന്നതു്. ഈ പ്രവൃത്തിക്കു സമർത്ഥന്മാരെന്നു നടിക്കുന്ന ലേഖകന്മാർ പലരുണ്ടു്. ലണ്ടനിലെ പത്രകാര്യാലയങ്ങളിൽ പണി കിട്ടുവാൻ അപേക്ഷിക്കുന്ന ലേഖകന്മാർ പത്തിനൊമ്പതുവീതം നാടകാഭിനയനിരൂപണത്തിനു പ്രത്യേകം യോഗ്യതയുള്ളവരാണെന്നു തന്നത്താൻ യോഗ്യതാവർണ്ണനം ചെയ്യുന്നവരാണുപോൽ. ഇങ്ങനെയായിരുന്നാലും, വാസ്തവത്തിൽ തങ്ങളുടെ നിരൂപണലേഖനങ്ങൾകൊണ്ടു നാടകക്കാരുടെയോ ബഹുജനങ്ങളുടെയോ തൃപ്തിയെ അർഹിക്കുന്നവർ എത്രയോ ചുരുക്കമാണു്. ലണ്ടനിൽ നാടകശാലകളോ

അനേകം; വൎത്തമാനപത്രങ്ങൾ അതിലെത്രയോ അധികം. നാടകശാലകളിൽ പോകുന്ന ജനങ്ങളെ അതിലേക്കു പ്രേരിപ്പിക്കയോ, അതിൽനിന്നു പിൻതിരിപ്പിക്കയോ ചെയ്യുന്നതു പത്രങ്ങളിൽ ആ നാടകശാലകളിലെ അഭിനയത്തെപ്പററി പറഞ്ഞുകാണുന്ന ലേഖനങ്ങൾമുഖേനയാണെന്നു പറയാവുന്നതാകുന്നു. ഈ സ്ഥിതിക്കു ജനങ്ങൾ പത്രങ്ങളിൽ നാടകാഭിനയവിവരങ്ങളെ നോക്കിക്കൊണ്ടിരിക്കുന്നതും അവരുടെ കൗതുകത്തെ സാധിപ്പാൻ പത്രക്കാരർ നാടകശാലയിലേക്കു ലേഖകന്മാരെ അയക്കുന്നതും, അഭിനയവൎണ്ണനം പ്രസിദ്ധീകരിക്കുന്നതും, എല്ലാം സ്വാഭാവികംതന്നെയാണ്. എന്നാൽ നാടകാഭിനയനിരൂപണം ചെയ്യുന്നവൻ തന്റെ പണിയിൽ നിപുണനല്ലെങ്കിൽ, പത്രത്തിനു് ഇടിച്ചലും, നാടകക്കാൎക്കു് ആശാഭംഗവും, ജനങ്ങൾക്കു മുഷിച്ചലുമുണ്ടായേക്കും. അവൻ എന്തൊക്കെയാണു് അറിഞ്ഞിരിക്കേണ്ടതു്? ഒരു നാടകശാലയിൽ അഭിനയിക്കുന്ന നാടകത്തെപ്പററി 'ഉള്ളതൊക്കെ' അറിവാൻ ബഹുജനങ്ങൾക്കു കൗതുകമുണ്ടെന്നു ലേഖകൻ ആദ്യമേ ഓൎമ്മവെക്കണം. ലോകൎക്കറിയേണ്ട സംഗതികൾ: (1) നാടകം കാണ്മാൻ കൊള്ളാവുന്നതാണോ? (2) അതു കാണ്മാൻ പോകുന്നതിനു തക്കവണ്ണം അതിന്റെ യോഗ്യതകൾക്കു് അധിഷ്ഠാനമെന്തു്? (3) എന്തുമാതിരി സംഗതിയാണു് അതിലുള്ളതു്? (4) കേളികേട്ട നടന്മാരുണ്ടോ? കേളി കെട്ടവരുമുണ്ടോ? (5) നാടകകഥതന്നെയെന്താണു്?—ഇങ്ങനെയൊക്കെയാകുന്നു. ഈ ഒടുവിൽപ്പറഞ്ഞ സംഗതിയിലാണു ലേഖകന്മാർ കുഴങ്ങുന്നതു്. നാടകകഥ എങ്ങനെ എഴുതിയാലാണു വായനക്കാരർ രസിക്കുക? എങ്ങനെയെഴുതിയാലാണു മുഷിയുക? ഇതു തിരിച്ചറിവാൻ കുറെ പണിയുണ്ടു്. ഒരു നാടകത്തിൽ പറയുന്ന സംഗതികൾ വാസ്തവത്തിൽ നടന്ന സംഭവങ്ങൾ അല്ലെന്നു് ഒന്നാമതായി ഓൎക്കണം. അവ വാസ്തവത്തിൽ നടന്നവയായിരുന്നാൽ; അവയെ വൎണ്ണിച്ചെഴുതുന്ന ലേഖനം വായനക്കാൎക്കു രുചിച്ചു എന്നു വരും. വെറും ഭാവനാസൃഷ്ടമായ കഥയെ മുഴുവൻ വിവരിച്ചു ലേഖനമുഖേന കാണ്മാൻ വായനക്കാരൎക്കു ക്ഷമയുണ്ടാകയില്ല. നാടകശാലയിൽ നടന്നതെന്താണു്? ഏതാനും ആളുകൾ ഒന്നായിച്ചേൎന്നു്, നാടകകൎത്താവായും, നട

നായും, രംഗവിധാനകത്താവായും, ഗായകനായും, മററും അവരവരുടെ കലാവിദ്യകളെ പ്രയോഗിച്ചു്, സദസ്യർക്കു രസിക്കത്തക്കവണ്ണം, അല്ലെങ്കിൽ മുഷിവുണ്ടാകത്തക്കവണ്ണം, സന്തോഷം, ഉല്ലാസം, ആശ, സന്താപം ഇത്യാദി മനോവികാരങ്ങളെ രംഗത്തിൽ പ്രകടിപ്പിച്ചു: ഇതാണു് അവർ നടത്തിയതു്. ലേഖകൻെറ കത്തവ്യമോ, ഈവകയെ വർണ്ണിക്കുകയാണു്. നാടകാഭിനയം സഫലമാകയോ വിഫലമാകയോ ചെയ്യുതിന്നു ഹേതുവായ സംഗതികളെന്തൊക്കെയാണെന്നു് ആദ്യമേ ഗ്രഹിക്കണം. മുഖ്യമായ സംഗതി നാടകകഥയാണു്: കഥ മുഴുവൻ വിവരിപ്പാൻ പത്രപംക്തികൾ എത്രയോ അധികം ആവശ്യപ്പെട്ടും. നാനാപ്രകാരങ്ങളിലുള്ള മററു പലേ കാൎയ്യങ്ങൾ പറയേണ്ടിയിരിക്കെ, അത്രയേറെ പത്രപംക്തി നാടകകഥയ്ക്കായി വിനിയോഗിക്കാൻ നിവ്വാഹമില്ല. വിശേഷിച്ചും, കഥ മുഴുവൻ എഴുതിയാൽ വായനക്കാരക്കു് അരോചകവും തോന്നും. ആകയാൽ കഥയിൽ മുഖ്യമായ ഘട്ടങ്ങൾ മാത്രം എടുത്തെഴുതുകയാണാവശ്യം: നാടകം സഫലമോ വിഫലമോ ആവാൻ കാരണമായ കഥാഘട്ടങ്ങൾ ഏവ എന്നു സ്ഥാപിക്കുന്നതിനു തക്കവിധത്തിലും, വായനക്കാരർ കഥയുടെ മമ്മങ്ങൾ അറിഞ്ഞു രസിക്കാൻ തക്കവണ്ണവും, പ്രധാനമായ ആ ചില ഘട്ടങ്ങൾ മാത്രം ചേരുംപടി ചേർത്തു് അഭിനയവണ്ണനം ചെയ്യണം. കഥയെ ഇങ്ങനെ സദസ്യർക്കു കണ്മുമ്പിൽ പ്രതിബിംബിപ്പിക്കാൻ, നടന്മാർ ഏതുവിധം അഭിനയിച്ചു എന്നും, രംഗവിധാനം എങ്ങനെ മോടിപിടിപ്പിച്ചിരുന്നു എന്നും, സദസ്യർ എങ്ങനെയായിരുന്നു അഭിനയത്തെ നന്ദിച്ചതു് അല്ലെങ്കിൽ നിന്ദിച്ചതു് എന്നും മററും അവശ്യം പറയേണ്ടതൊക്കെ പറഞ്ഞാൽ മതി: നാടകാഭിനയവർണ്ണനം പൂത്തിവന്നു. ഇത്രയൊക്കയേ പത്രങ്ങൾക്കു് ആവശ്യമുള്ളു. എന്നാൽ, ഇനി രണ്ടുതരം നിരൂപണം ഈ വിഷയത്തിലുണ്ടു്: ഒന്നു്, നാട്യകലാവിദ്യയുടെ തോതുകൾ വെച്ചുകൊണ്ടു നാടകാഭിനയത്തെ അളന്നു തിട്ടപ്പെടുത്തുക, ഇതു പത്രക്കാരൻെറ പ്രവൃത്തിയിലുൾപ്പെട്ടതല്ല; മറെറാന്നു, സദസ്യരുടെ ഗണത്തിൽ ഉൾപ്പെട്ട ഒരുവന്നു നാടകം കണ്ടപ്പോൾ ഉണ്ടായ അഭിപ്രായമെന്തെന്നു വിവരിക്കുക; ഇതു്, സാധാരണയായി

അഭിനയവൎണ്ണനത്തിനു പ്രത്യേകലേഖകന്മാരില്ലാത്ത പക്ഷത്തിലേ ഉപയോഗപ്പെട്ടത്താറുള്ളു; അതുതന്നെയും ലേഖകന്റെ സ്വന്തം പേരുവെച്ചു പ്രസിദ്ധപ്പെടുത്തുകയാണു നടപ്പ്. ഏതൊന്നായാലും, നാടകശാലയിൽ നടന്മാരുടെയും കൂട്ടകാരുടെയും പണികളെപ്പററി പ്രത്യേകം കുറോട്ടകൂടെയിരിക്കുവാൻ കഴിയാത്തവരെക്കൊണ്ട് യഥാൎത്ഥമായ വിമൎശനം സാദ്ധ്യമല്ല. എന്നിരുന്നാലും, ലേഖകൻ തന്റെ കടമയെ നടത്തുന്നതു് അവഹിതനായിട്ടായിരിക്കരുതു്. അവനെ ബാധിക്കാവുന്ന സംഗതികൾ ചിലതുണ്ട്. അവൻ നാടകശാലാധികാരികളുടെ പക്ഷത്തിൽപെട്ട് അവരുടെ പ്രവൃത്തിയെ അനൎഹമായി സ്തുതിക്കരുതു്. അതിന്മണ്ണം തന്നെ, പത്രത്തിൽ കൂലിക്കായി നാടകപരസ്യങ്ങൾ ചേൎക്കുന്ന ആളുടെ ഭീഷണിയോ ശിപാൎശയോ ഗണ്യമാക്കിക്കൊണ്ട് ഒരു നാടകത്തിന്റെ ദൂഷ്യഭാഗങ്ങൾ ഒളിച്ചുവയ്ക്കുകയുമരുതു്. ലേഖകൻ പൊതുജനഭൃത്യനാണു്. ജനങ്ങൾ തങ്ങളുടെ ഹിതാഹിതങ്ങളെ നോക്കിക്കൊൾവാൻ ലേഖകനെ വിശ്വസിച്ചേല്പിച്ചിരിക്കുന്നു. അവൎക്കു സന്മാൎഗ്ഗനിഷ്ഠയിൽ ദോഷകരമായ ഒരു നാടകാഭിനയം കാണ്മാൻ അവരെ പ്രേരിപ്പിക്കുമാറുള്ള അവാസ്തവൎണ്ണനം ചെയ്താൽ, അവർ അറിയാതെ സന്മാൎഗ്ഗദൂഷകമായ സംഗതികളിൽ ചാടി പാപക്കുണ്ടിൽ പതിച്ചേക്കും. ഇങ്ങനെ വരാതിരിപ്പാൻ നോക്കേണ്ടതു പത്രക്കാരന്റെ ചുമതലയിൽ ഉൾപ്പെട്ട കാൎയ്യമാകുന്നു.

നാടകാഭിനയത്തോട്ടകൂടിച്ചേൎന്നോ, തനിയെയോ പോകുന്ന ഒരേൎപ്പാടാണു് സംഗീതം. സംഗീതനാടകങ്ങൾ മലയാളത്തിൽ ഈയിടെ മഴക്കാലത്തെ ഈയലുകളെന്നോണം ഉണ്ടായിവരുന്ന സ്ഥിതിക്കു് ഈ വിഷയത്തിൽ മലയാളപത്രക്കാരർ പ്രത്യേകം ശ്രദ്ധവെയ്ക്കേണ്ടതായിട്ടുണ്ട്. സംഗീതപ്രയോഗത്തെപ്പററി ഗുണാഗുണവിവേചനംചെയ്യാൻ ലേഖകന്മാൎക്കാൎക്കും സാധിക്കുമെന്നാണു ചിലർ വിചാരിച്ചുപോരുന്നതു്. 'ചെമ്പട' എന്നും, 'കാപി' എന്നും, 'ആദിതാളം' എന്നും, 'മദ്ധ്യമതാളം' എന്നും, 'റവ' എന്നും, 'സംഗതി' എന്നും പലപല സാങ്കേതികശബ്ദങ്ങൾ ലേഖനത്തിനുള്ളിൽ കുത്തി നിറച്ച്, സാധാരണ വായനക്കാരന്മാൎക്കു മനസ്സിലാകാത്തവിധത്തിൽ,

വളച്ചുപൊളച്ച വല്ലതുമെഴുതിയാൽ സംഗീതനിരൂപണമായി എന്നാണ് അവരുടെ വിചാരം. ഈ ശബ്ദങ്ങളൊക്കെ ആവശ്യകം അല്ലെന്നു പറയുന്നില്ല. സംഗീതനിരൂപകൻ എന്നുവേണ്ട, കലാവിദ്യകളിൽ ഏതൊന്നിനേയും നിരൂപിക്കുന്നവരെല്ലാം, അതാതു കലകളിലെ സാങ്കേതികപദങ്ങളിൽ പരിചയപ്പെട്ടിരിക്കേണ്ടതാവശ്യമാണ്. ആ വക പദങ്ങൾ ലേഖനത്തിൽ പ്രയോഗിക്കേണ്ടതും ആവശ്യം: എന്നാൽ മുഖ്യമായ ആവശ്യം അതല്ല; സംഗീതനാടകക്കാരുടെയോ സംഗീതസംഘക്കാരുടെയോ പ്രയോഗം എങ്ങനെയായിരുന്നു എന്ന് വായനക്കാരെ അറിയിക്കയാണു വേണ്ടതു്. ഇതിലേക്കു് ലേഖകനു് അവരുടെ സ്വകാര്യമായ അഭിനയങ്ങൾ മുൻകൂട്ടിക്കാണ്മാൻ കഴിഞ്ഞിരുന്നാൽ, അഭിപ്രായം സ്വരൂപിപ്പാൻ കുറെ എളുപ്പമുണ്ടായിരിക്കും. ലേഖകൻ അക്കൂട്ടരിൽ പ്രമാണികളെപ്പററി ചില വിവരങ്ങൾ റിപ്പോർട്ടിൽ ചേർക്കുന്നതു് അനുചിതമാകയില്ല. പാട്ടുകളുടെ കർത്താവു് ഇന്ന മട്ടുകാരനാണ്, ദേശികമട്ടോ, സോപാനമട്ടോ, ത്യാഗരാജശിഷ്യനോ, ദീക്ഷിതശിഷ്യനോ, പാഴ്സിനാടകമട്ടുകാരനോ, തമിഴ്മട്ടുകാരനോ, എന്നൊക്കെ വായനക്കാരെ ഗ്രഹിപ്പിക്കണം. പാട്ടുകാർക്കും വൈണികന്മാർക്കും ഫിഡിൽകാരക്കും മററു കൂട്ടർക്കും വല്ല പ്രത്യേക ഗോഷ്ഠികളുമുണ്ടോ എന്നറിയുന്നതു് അവരുടെ ഗാനപ്രയോഗവിശേഷത്തിൻെറ കാരണങ്ങളെ അറിവാൻ ഉപകരിക്കും. നാടകത്തിലാണെങ്കിൽ, പാട്ടുകൾ സന്ദർഭോചിതങ്ങളായിരിക്കുന്നുണ്ടോ, ആവശ്യത്തിൽ കവിഞ്ഞു ദീർഘമായിട്ടുണ്ടോ, സ്തോഭം ശരിയായി പുറപ്പെട്ടുവിക്കുന്നുണ്ടോ, നടൻെറ അഭിനയത്തിനു പാട്ടുനിമിത്തം ക്ലേശം തട്ടുന്നുണ്ടോ, എന്നെല്ലാം സൂക്ഷിച്ചറിഞ്ഞു പറയണം. സംഗീതനിരൂപകൻ അവശ്യം ശ്രദ്ധിക്കേണ്ടിയ കാര്യങ്ങൾ: (1) സംഗീതത്തെപ്പററി വിമർശം ചെയ്യേണ്ടതിൻെറ ഉദ്ദേശ്യമെന്തു് എന്നു വ്യക്തമായി ധരിച്ചിരിക്കുക. (2) സംഗീതകല സംബന്ധിച്ചുള്ള ഓരോ പ്രമേയങ്ങളിൽ തനിക്കു പ്രത്യേകമായുള്ള മനോഗതിയും ശീലവും എന്താണെന്നു തിരിച്ചറിഞ്ഞിരിക്കുക—ഈ രണ്ടുമാണ്. ഇവയിൽ ഒന്നാമത്തേതായ സംഗീതവിമർശനത്തിന്നു് ഉദ്ദേശ്യം മുഖ്യമായി രണ്ടുണ്ടു്: ഒന്നു്, താൻ ലേഖനം വായി

പ്പാനിടയാകുന്നവക്കു സംഗീതശാലയിൽ എത്തിയിരുന്നുവെങ്കിൽ ഇന്നയിന്നവിധം രസിക്കാമായിരുന്നു എന്നു് ഒരു അഭിപ്രായം തോന്നത്തക്കവണ്ണം ആ സംഗീതപ്രകടനത്തെപ്പററി ശരിയായും വിശദമായുമുള്ള ഒരു വിവരണം കൊടുക്കുക; രണ്ടാമതു്, ആ സംഗീതപ്രകടനത്തെപ്പററി പൊതുജനങ്ങൾ അഭിനന്ദിക്കയോ, നിന്ദിക്കയോ ചെയ്യേണ്ടതെന്നു തനിക്കു തോന്നുന്ന അഭിപ്രായത്തെ പറക. ഇവയിൽ ഒന്നാമത്തേതിനു്, സംഗീതകലയിൽ പരിജ്ഞാനവും, പാട്ടിൻെറ ഗുണാഗുണങ്ങളെ ഉടനുടൻ തിരിച്ചറിവാൻതക്കവണ്ണം ശ്രവണേന്ദ്രിയത്തിനു പരിശീലനവും സിദ്ധിച്ചിരിക്കണം. ഇതുണ്ടായാലേ സംഗീതപ്രകടനത്തെപ്പറ്റി ശരിയായും വിശദമായും വർണ്ണിപ്പാൻ സാധിക്കു. ഈ യോഗ്യത ഇല്ലാത്തവർ എത്ര തന്നെ കോലാഹലംകൂട്ടിയെഴുതിയാലും, അതു യഥാൎത്ഥമായ സാംഗീതനിരൂപണമാകയില്ല. നിരൂപണകത്താവു പാട്ടുകേട്ടിരിക്കുമ്പോൾ 'ബലേ' വിളിച്ചതുകൊണ്ടോ, 'തലകുലുക്കി'യതുകൊണ്ടോ മാത്രം പാട്ടു മെച്ചമായി എന്നു നിർണ്ണയിപ്പാൻ പാടില്ല. ഗാനകത്താവിൻെറ ആശയമെന്തെന്നറിവാനും, അറിഞ്ഞാൽക്കൂടി സാധാരണഭാഷയിൽ പറഞ്ഞറിയിപ്പാനും, എപ്പോഴും സാദ്ധ്യമല്ല. സംഗീതമോ മനുഷ്യഹൃദയവികാരങ്ങളെ പുറമെ അറിയിക്കുന്ന സമ്പ്രദായം ആകുന്നു എന്നു നാം അറിയണം. സാധാരണ ഭാഷയിലുള്ള വാക്കുകൾ കേട്ടാൽ ഇളകാത്ത എത്രയോ ചിത്തം സംഗീതധ്വനിയുടെ ശ്രവണത്താൽ അലിഞ്ഞുപോകുമാറുണ്ടു്. ഹൃദയവികാരങ്ങളെ പറഞ്ഞറിയിക്കുന്നതിനു വാക്കുകൾ ഉപയോഗപ്പെടുത്തുന്നതിനു പകരം സംഗീതത്തെ ഉപയോഗപ്പെടുത്തുന്ന ഒരു കാലം ഉണ്ടാകും എന്നുകൂടെ ചില മാനസശാസ്ത്രജ്ഞന്മാർക്കു് അഭിപ്രായമായിരിക്കുന്നു. ഇത്ര മഹത്തായ സംഗീതത്തെ നിരൂപണം ചെയ്വാൻ പുറപ്പെടുന്നവർ പാട്ടിലെ പദങ്ങളെയോ, മാതൃകാമട്ടിനെയോ, മറേറാ കണ്ടു മാത്രം കോലാഹലംകൂട്ടിയെഴുതുന്നതുകൊണ്ടു കാൎയ്യമാകയില്ല; സന്ദർഭൗചിത്യത്തെയും, ശ്രോതാക്കളുടെ ഹൃദയത്തെ ഇളക്കിമറിപ്പാനുള്ള ശക്തിയെയും, അനിൎവ്വാച്യമായും സൎവ്വോപരിഷ്ടമായുമുള്ള ഒരാനന്ദമനുഭവിപ്പിക്കുന്നതിനുള്ള ചൈതന്യത്തെയും ആ പാട്ടിൽ കാണ്മാൻ കഴി-

യണം. ഇത്തരം പാട്ടിനെ ശരിയായും വിശദമായും വർണ്ണിച്ചു കാണിച്ചാൽ പിന്നെ രണ്ടാമത്തെ ഉദ്ദേശ്യം, ലേഖകന്നു് അതിനെപ്പററി തോന്നീട്ടുള്ള അഭിപ്രായം പറകയാണു് എന്നു പറഞ്ഞുവല്ലൊ. ഇതിൽ രണ്ടു പക്ഷക്കാരുണ്ടു്: ഒരു കൂട്ടർ, സംഗീതം ബുദ്ധിക്കു പരിഷ്കാരം വരുത്തുന്നുണ്ടോ എന്നു നോക്കുന്നവരും, മറുകൂട്ടർ, സംഗീതം ഹൃദയവികാരജനകമായിരിക്കുന്നുണ്ടോ എന്നു് അന്വേഷിക്കുന്നവരും ആണു്. ഇവരിൽ ഏതു പക്ഷമാണോ ലേഖകന്നു ഹിതമായുള്ളതു്, അതു നോക്കി അതിന്നു തക്കതായ അഭിപ്രായം എഴുതുന്നതിൽ വിരോധമൊന്നുമില്ല. എന്നാൽ, മറുപക്ഷക്കാരെ വൃഥാ വാക്കുകൾകൊണ്ടു ശകാരിക്കാതിരിക്കണം. ലേഖകൻ നീതിന്യായാധിപൻെറ നിലയിൽ നില്ക്കുകയല്ലാതെ, വക്കീലിൻെറ നിലയിൽ നിന്നു വാദിക്കരുതെന്നു് പ്രത്യേകം ഓർമ്മവെയ്ക്കുകയും വേണം.

ചിത്രപ്രദർശനത്തെ സംബന്ധിച്ച നിരൂപണത്തിന്നു് അത്യാവശ്യമായി വേണ്ടതു്, ചിത്രകലാപരിജ്ഞാനമാണു്. ഇതില്ലാതെ ഒരു ചിത്രത്തെ കണ്ടു് വല്ല അഭിപ്രായവും എഴുതാൻ ആൎക്കും കഴിയും. നാം എത്രയോ പുസ്തകങ്ങൾ ദിവസന്തോറും വായിക്കുന്നു: അവയിൽ ഇന്നതു നല്ലതു്, ഇന്നതു ചീത്ത എന്നു് ഉടനടി ഒരഭിപ്രായം പറവാൻ തയ്യാറല്ല, പറഞ്ഞാൽക്കൂടിയും, അതിന്നു് ആധാരമെന്തെന്നു പറവാൻ അറികവയ്യാ. ഇതിന്നുമണ്ണും പലേ ചിത്രങ്ങളും നാം മേടിക്കുന്നു: ഇവ എന്തു പ്രമാണമനുസരിച്ചാണു് തെരഞ്ഞെടുക്കുന്നതു്? പ്രത്യേകിച്ചൊരു തോതും നാം കണ്ടിട്ടില്ല. വില്ക്കുന്നവൻ തരുന്നു, നാം മേടിക്കുന്നു; അത്രമാത്രം. പ്രമാണത്താൽ അധിഷ്ഠാനപ്പെട്ടുത്താത്ത ഇത്തരം അഭിപ്രായങ്ങളല്ലാ ചിത്രനിരൂപകനായ ലേഖകൻ അറിയിക്കേണ്ടതു്. എന്നാൽ, ചിത്രകലാപ്രമാണങ്ങൾ അറിഞ്ഞ ആളുകൾക്കു് ഒരു ചിത്രത്തെപ്പററിയ ഗുണദോഷങ്ങൾ വാക്കുകളാൽ എഴുതി അറിയിപ്പാൻ ശക്തിയില്ല എന്നു വരും. പത്രലേഖനതൂവലും ചിത്രലേഖനതൂലികയും ഒരേപ്രകാരം നൈപുണ്യത്തോടെ പ്രയോഗിക്കുന്നതിന്നു് കഴിവുള്ളവർ അവരവരുടെ സ്വന്തം പദ്ധതികളിൽ പക്ഷപാതികളായുമിരിക്കും. ഏതായാലും, ചിത്രങ്ങളെപ്പററി ഗുണാഗുണനിരൂപണം ചെയ്യുന്ന ലേഖകന്നു് സാധാരണമായി ഒരു

ചിത്രകലാനിപുണന്നു് അവശ്യം വേണ്ടതായ കലാവിജ്ഞാനവും കലാപരിശീലവും ഉണ്ടായിരിക്കണം: ഈ യോഗ്യത ഇല്ലാത്തവർ നിരൂപണപ്രവൃത്തിക്കു പുറപ്പെടരുതു്.

ഗുണദോഷനിരൂപണത്തിനു വിഷയമായ മറെറാരു വകുപ്പു് പുസ്തകങ്ങൾ ആകുന്നു; മറെറാരു എന്നല്ല, ഇപ്പോൾ എല്ലാവകുപ്പുകളിലും മുഖ്യമായിട്ടുള്ളതും ഏറെ വലുപ്പമുള്ളതും ഇതാണെന്നു പറയാം. ലോകത്തിൽ സകല സംഗതികളും പുസ്തകങ്ങൾക്കു വിഷയമാകുന്ന സ്ഥിതിക്കു്, ഈ വകുപ്പു് ഇത്രയേറെ മഹത്തായിരിക്കുന്നതു് യുക്തം തന്നെയാണു്. സാഹിത്യരസികന്മാർ ധാരാളമായും, പുസ്തകപ്രസിദ്ധീകർത്താക്കന്മാരും ഗ്രന്ഥകർത്താക്കന്മാരും അതിന്നൊപ്പം എണ്ണത്തിൽ ഏറിയും വരുന്ന രാജ്യങ്ങളിൽ, നാൾക്കുനാൾ അനേകം പുതിയ പുസ്തകങ്ങൾ പുറപ്പെടുന്നതു സ്വാഭാവികം ആണല്ലോ. അത്തരം പ്രദേശങ്ങളിലെ പത്രങ്ങൾക്കു് അഭിപ്രായപ്രകടനാർത്ഥം കിട്ടുന്ന പുസ്തകങ്ങളെപ്പററി ഗുണാഗുണനിരൂപണം ചെയ്യാൻ ഒരു കടമകൂടെ ഉണ്ടെന്നു പത്രപ്രവർത്തകന്മാർ അറിയണം. പുസ്തകങ്ങൾ പൊതുവിൽ ജനങ്ങൾ വായിപ്പാൻ ഉദ്ദേശിക്കപ്പെട്ടവയും, അവർ വായിച്ചുപോകാവുന്നവയും ആകകൊണ്ടു്, അവയുടെ സല്ക്കാരത്തിനായോ നിരാകരണത്തിനായോ ജനങ്ങളുടെ മനസ്സിനെ സജ്ജമാക്കിക്കൊൾവാൻ പത്രക്കാരൻ ഒരുമ്പെട്ടിട്ടില്ലെങ്കിൽ, ചിലപ്പോൾ ക്ഷുദ്രകൃതികൾ പൊതുജനമദ്ധ്യത്തിൽ പരന്നു് ദോഷബീജങ്ങളെ പരത്തിയെന്നു വന്നേക്കാം. പുസ്തകനിരൂപണം രണ്ടു മാർഗ്ഗത്തിൽ ഉണ്ടാകാം: ഒന്നു്, പുസ്തകങ്ങളുടെ സ്വത്വപകർത്താക്കന്മാരോ പ്രസിദ്ധീകർത്താക്കന്മാരോ അവയുടെ ഗുണദോഷചിന്തനത്തിനായി പ്രത്യേകം ആവശ്യപ്പെട്ടു് അവയെ പത്രക്കാരനു് അയച്ചുകൊടുക്കുക വഴിയായിട്ടും; മറെറാന്നു്, അവർ ആവശ്യപ്പെടാതെതന്നെ അന്യന്മാർ സ്വയമേവ അവയെ നിരൂപണം ചെയ്തിട്ടോ ചെയ്യാനായിട്ടോ അയയ്ക്കുക വഴിയായിട്ടും, രണ്ടുപ്രകാരത്തിൽ വന്നേക്കാം. ഏതു പ്രകാരത്തിലായാലും, ഒരു പുസ്തകമെന്നതു് ഒരുവൻെറ പ്രവൃത്തിയാകകൊണ്ടു് ആ പ്രവൃത്തിയെ എപ്പോൾ പൊതുജനങ്ങളറിവാൻവേണ്ടി പുറമെ കാട്ടുന്നുവോ അപ്പോൾ തുടങ്ങി അതിനെപ്പററി ഗുണദോ

ഷങ്ങൾ ചിന്തിച്ച് അഭിപ്രായം പറവാൻ പൊതുജനങ്ങളിലാർക്കും അവകാശമുള്ളതിനാൽ, അതിൻെറ നിരൂപണം അന്യായകർമ്മം ആയി ഗണിക്കപ്പെട്ടുകൂടാ. സാധാരണമായി, പുസ്തകകർത്താക്കന്മാരോ തൽപ്രസിദ്ധീകർത്താക്കന്മാരോ, നേരിട്ടുതന്നെ, പത്രങ്ങളിൽ അഭിപ്രായപ്രകടനാർത്ഥം പുസ്തകങ്ങൾ അയച്ചുകൊടുക്കുന്നതു് അവരുടെ തൊഴില്വകളെപ്പററി അധികം ജനങ്ങൾ അറിയുന്നതിനുകൂടെ ഒരു വഴിയായത്തീരുന്നതാണ്. ഇങ്ങനെ കിട്ടുന്ന പുസ്തകങ്ങൾ നോക്കി ഗുണാഗുണങ്ങൾ വിവേചിച്ച് അഭിപ്രായം പറയേണ്ട ചുമതല പത്രക്കാരനുള്ളതാണെന്നിരുന്നാലും, പുസ്തകം ഒന്നോ രണ്ടോ എണ്ണമായിരുന്നാൽക്കൂടിയും, അനേകം കൃത്യങ്ങളിൽ പെട്ടുഴലുന്ന പത്രാധിപർ ഉടനടി അവയെപ്പററി ഗുണദോഷനിരൂപണം ചെയ്യാൻ ശക്തനായി എന്നു വരികയില്ല. പിന്നെ, ദിവേദിനേ അനേകം പുസ്തകങ്ങൾ പുറപ്പെട്ടുവിക്കുന്ന വലിയ നഗരങ്ങളിൽ പത്രങ്ങൾക്കു് എത്രയോ ഏറെ പുസ്തകങ്ങൾ കിട്ടുമ്പോൾ ഇവയൊക്കെ എങ്ങനെയാണ് ഒരാൾ പരിശോധിക്കുക? ലണ്ടൻ മുതലായ നഗരങ്ങളിൽ പത്രാധിപന്മാർതന്നെ പുസ്തകനിരൂപണം ചെയ്യുക എന്ന നടപ്പ് ഏറെക്കുറെ ഇല്ലെന്നു പറയാം; ഗ്രന്ഥപരിശോധകന്മാരെന്നു കീർത്തിപ്പെട്ടിട്ടുള്ളവരേയോ, അതുതന്നെ തൊഴിലാക്കിയിരിക്കുന്ന ലേഖകന്മാരേയോ ഏല്പിച്ചിട്ടാണ് ഗുണദോഷനിരൂപണം ചെയ്യുന്നതു്. ചില പത്രകാര്യാലയങ്ങളിൽനിന്നു് ഓരോ ലേഖകന്മാർ ചുമടുചുമടായി പുസ്തകങ്ങൾ കെട്ടിപ്പേറി നടക്കാറുണ്ടെന്നു് പറയുമ്പോൾ, അതിശയോക്തമായി തോന്നിയേക്കാം: എന്നാൽ വാസ്തവോക്തമാണെന്നു് ഉറപ്പുപറയുന്നു. പുസ്തകാഭിപ്രായം എഴുതാൻ പ്രയാസമില്ലെന്നാണ് ഇതുകൊണ്ടു തോന്നിപ്പോകുന്നതു്: സാധാരണ പത്രങ്ങളിൽ കാണുന്നതായ അഭിപ്രായലേഖനങ്ങൾ വായിച്ചാൽ, അവ തീരെ പ്രയാസംകൂടാതെയെഴുതിയവയാണെന്നു മനസ്സിലാകും. അതാതുവിഷയങ്ങളിൽ പ്രത്യേകം പഠിപ്പുള്ളവരായ വിദഗ്ദ്ധന്മാർ എഴുതുന്ന നിരൂപണങ്ങൾക്കുള്ള വിശേഷത പ്രത്യേകംതന്നെയാണ്. ഏതെന്നായാലും, പുസ്തകനിരൂപണം ചെയ്യുവാൻ പ്രത്യേകം സാമർത്ഥ്യം ഉണ്ടാകേണമെങ്കിൽ, ഒരുവൻ, സാധാരണക്കാരെക്കാ

ളെല്ലാം എത്രയോ ഏറെ ഗ്രന്ഥപാരായണം ചെയ്യുകയും, ലോകഗതികളെ പ്രേക്ഷിക്കയും ചെയ്തിരിക്കവേണം; ഈ ഗുണം ഉണ്ടായിരുന്നാലേ ഗ്രന്ഥകൎത്താവിനോ വായനക്കാൎക്കോ പ്രയോജനപ്പെടുന്ന ഒരു അഭിപ്രായം എഴുതുവാൻ കഴിയൂ. പുസ്തകശോധനത്തിന്നു് പരിശോധകൻ പ്രത്യേകം ഒരു വിഷയത്തിൽ കഴിയുന്നത്ര വിദഗ്ദ്ധനായിരിക്കേണ്ടതാവശ്യമാണു്. അതിലേയ്ക്കു്, അവൻ സാമാന്യക്കാരേക്കാൾ അധികം സാഹിത്യപാരായണനായിരിക്കണം; അവരേക്കാൾ അധികം പഠിപ്പുള്ളവനായിരിക്കണം; വിശേഷിച്ചും, സാഹിത്യത്തിൽ, പ്രത്യേകം ഒരു ഭാഗം അവന്റെ മുഖ്യമായ പാഠവിഷയമാക്കിയിരിക്കയും വേണം. എല്ലാ വിഷയങ്ങളിലും പഠിപ്പു നേടീട്ടില്ലെങ്കിലും, ഒരു വിഷയത്തിൽ ഏകാഗ്രചിത്തനായിരുന്നു പഠിച്ചിട്ടുണ്ടായിരുന്നാൽ ആ വിഷയത്തിൽ വരുന്ന ഏതു പുസ്തകത്തെപ്പററിയും അഭിപ്രായം പറവാൻ അവന്നു് വിശേഷയോഗ്യതയുണ്ടെന്നു മററുള്ളവർ സമ്മതിക്കും. ആ വിഷയത്തിൽ തന്നെയും, സാധാരണക്കാരായ പുസ്തകശോധകന്മാർ എഴുതുന്നതിലും മെച്ചമായ കാൎയ്യങ്ങൾ പറവാൻ കഴികയില്ലെങ്കിൽ, പുസ്തകശോധനപ്രവൃത്തിക്കു പുറപ്പെടാതിരിക്കുകയാണു് ഉചിതം.

ഗ്രന്ഥശോധകന്റെ കൃത്യം മുഖ്യമായും, കലാകുശലന്റെ ചിട്ടകളെ പ്രസംഗിപ്പാനോ, ബഹുജനങ്ങളെ വിനോദിപ്പിക്കാനോ, അല്ലാ—ഭാഷ്യകാരനായിരുന്നു് വ്യാഖ്യാനിപ്പാനാണു്, എന്നു് ഓൎമ്മവെയ്ക്കണം. അതാതുവിഷയങ്ങളിൽ പരിജ്ഞാനവും, തന്റെ അഭിപ്രായങ്ങളെ എഴുതി ഫലിപ്പിക്കാനുള്ള നൈപുണ്യവുംമാത്രം ഉണ്ടായിരുന്നാൽ പോരാ; ഗ്രന്ഥവിഷയത്തെ അഴിച്ചു പിരിച്ചു്, വകയും തുകയും തിരിച്ചു് മനോദൃഷ്ടിക്കു മുമ്പിൽ നിരത്തിവെപ്പാൻ തക്ക മനോധൎമ്മവും, അതിലേക്കുവേണ്ട അക്ഷീണമായ കരുണസ്വഭാവവും ഉണ്ടായിരിക്കണം. ഗ്രന്ഥകൎത്താവിന്റെ അഥവാ ഒരു ചിത്രകാരന്റെതന്നെയാകട്ടെ, ഉദ്ദേശ്യം എന്താണെന്നു കണ്ടുപിടിപ്പാൻ പരിശോധകന്നു് ഈ അക്ഷീണമായ കരുണസ്വഭാവം മുഖ്യാവശ്യകമാണു്: ഇതില്ലാഞ്ഞാൽ, പരിശോധകൻ എത്രവളരെ മിടുക്കു ഗ്രന്ഥവിഷയാപഗ്രഥനകാൎയ്യത്തിൽ പ്രകടി

പ്പിച്ചാലും, നിരൂപണം ഒന്നാന്തരമാകയില്ല. 'കുറവും കുററവും നോക്കിപ്പറവാൻ' പ്രയാസമൊട്ടുമില്ല; അതു് ഏതു ഭോഷന്നും കഴിയും; ബുദ്ധിമാനായിരുന്നാൽ, അതു രസകരമായും ഉത്തേജകമായുമുള്ള വിധത്തിൽ പറയുവാൻ സാധിക്കും. പിന്നെ, ആശാരിയുടെ അളവുകോലിന്നു് അളന്നുനോക്കി നീളം കുറഞ്ഞുവെന്നോ, ഏറിപ്പോയി എന്നോ, ആക്ഷേപം പറവാനും, രാസശോധകൻെറ ശോധനക്കുഴലിൽആക്കി ഓരോരോ ദ്രാവകങ്ങളുടെ പ്രയോഗംകൊണ്ടു് ഇന്നയിന്ന തത്വപദാൎത്ഥങ്ങളടങ്ങിയിട്ടുണ്ടെന്നും ഇന്നതിന്നതില്ലെന്നും നിൎണ്ണയിച്ചു വിധിപ്പാനും, ഇക്കാലത്തെ പുസ്തകപരിശോധകൻ ബുദ്ധി ചുഴിയുകയും വേണ്ടാ. ഗുണദോഷനിരൂപണംകൊണ്ടു് ഒരുവനെ ഹനിക്കുന്നതിനല്ലാ, അവനെ നന്നാക്കുവാനാണു് ഉദ്ദേശിക്കേണ്ടതു്. ഇതിന്നു് അവൻെറ നിലയെന്തെന്നറിയുക അത്യാവശ്യമാകുന്നു. ഒരുവൻ ഒരു ജനസംഘമദ്ധ്യേ പ്രസംഗിക്കുന്നു എന്നും, അവൻെറ പ്രസംഗത്തെപ്പററി ഗുണാഗുണനിരൂപണം ചെയ്യേണ്ടിയിരിക്കുന്നു എന്നും വിചാരിക്കുക. പ്രസംഗത്തിലെ വാചകങ്ങൾ വ്യാകരണനിയമങ്ങൾക്കു വിരുദ്ധമായിരുന്നു എന്നോ, അതിൽ യുക്തിയില്ലാ എന്നോ, മറേറാ നിഷേധംചെയ്യുന്നതുകൊണ്ടു കാൎയ്യമാകയില്ല; അവൻെറ പ്രസംഗത്തിനു് ജനങ്ങളെ ആകർഷിപ്പാൻ ശക്തിയുണ്ടായിരുന്നുവോ, ഇല്ലായിരുന്നുവോ? അതിന്നു കാരണമെന്തു്? ഇതാണു നിരൂപണംചെയ്തറിയിക്കേണ്ടതു്. ഇതിലേക്കു പ്രസംഗത്തിൻെറ ഉള്ളിൽ കടന്നുനോക്കണം. ഇതിന്നുമുന്നംതന്നെ, ഗ്രന്ഥകൎത്താവിൻെറ ഉദ്ദേശ്യങ്ങളെയും, അയാൾ ആക്കായിട്ടു തൻെറ അനുഭവങ്ങളെയോ അഭിപ്രായങ്ങളെയോ പുസ്തകമുഖേന പറഞ്ഞുകൊടുക്കുന്നുവോ അവരുടെ നിലയേയും നല്ലവണ്ണം ഓൎമ്മവെച്ചുകൊണ്ടുവേണം പരിശോധകൻ അയാളുടേയും വായനക്കാരുടെയും ശ്രദ്ധയെ ഗ്രന്ഥത്തിന്റെ ആക്ഷേപാർഹഭാഗങ്ങളിലേക്കു ക്ഷണിക്കുവാൻ. ഒരുവൻ സാധാരണ കൂലിവേലക്കാരോടു പ്രസംഗിക്കുമ്പോൾ ഉപയോഗപ്പെടുത്തുന്ന ഭാഷയും ഭാവങ്ങളും വിദ്വാന്മാൎക്കു് അല്പവും രുചിക്കയില്ലെന്നുവരും; പക്ഷേ, അവർ അവയെ നിന്ദ്യമെന്നുകൂടിയും വിചാരിച്ചേക്കാം. നേരേമറിച്ചു്, ഒരു വിദ്വത്സദസ്സിൽ പ്രസംഗി

ക്കുമ്പോൾ ഉപയോഗിക്കുന്ന ഭാഷ വിദ്വാന്മാർക്ക് സമ്മതമായിരുന്നാലും, സാധാരണക്കാർക്ക് 'അശേഷം ഗീർവ്വാണം' ആയി തോന്നുകയും ചെയ്യും. എന്നാൽ, പ്രസംഗകർത്താവ് അതാതു സഭകളിൽ സഫലമായി പ്രസംഗിച്ചു എന്ന് ഓരോ കൂട്ടരും പ്രശംസിക്കത്തക്കവണ്ണം സാമർത്ഥ്യം പ്രകടിപ്പിച്ചിരിക്കാം. ഈ വിജയത്തിന്റെ കാരണമെന്തെന്നു നിർണ്ണയിക്കുവാൻ പരിശോധകൻ ഒരേതോതല്ല ഉപയോഗിക്കുന്നതെന്നു നിശ്ചയം തന്നെ. ഗ്രന്ഥശോധനത്തിലും ഇപ്രകാരമുള്ള ഔചിത്യവിചാരത്തോടു കൂടിയിട്ടായിരിക്കണം അഭിപ്രായം പറവാൻ. ഗ്രന്ഥശോധകന്റെ മുഖ്യമായ ഉദ്ദേശ്യം പുസ്തകകർത്താവിന്റെ ആശയത്തെ സകരുണം വ്യാഖ്യാനിക്കുകയായിരിക്കണം എന്നു സൂചിപ്പിച്ചുവല്ലോ. ഇതിലേയ്ക്കു് ഒരു ഗ്രന്ഥത്തെ തൽകർത്താവിന്റെ നിലയിൽനിന്നു നോക്കി അയാളുടെ ശ്രമമെന്തുമാത്രമെന്നു മനസ്സിലാക്കുക ആവശ്യമാകുന്നു. എന്നാൽ, അയാൾ എന്തെങ്കിലും ശ്രമം ചെയ്തിട്ടുണ്ടല്ലോ എന്നു വിചാരിച്ചു ഗ്രന്ഥത്തിനു് അർഹതയില്ലാത്ത പ്രശംസ ചെയ്തുകൊള്ളണമെന്നു് ഇതിനാൽ അർത്ഥമാക്കരുതു്. ഗ്രന്ഥശോധനത്തിൽ, ഇന്ന സംഗതികളെപ്പററിവേണം ഗുണദോഷങ്ങൾ കണ്ടുപിടിച്ചു പറവാൻ എന്നാകട്ടെ, ഗ്രന്ഥത്തിൽ ഗുണമിന്നതു് ദോഷമിന്നതു് എന്നു നിർണ്ണയിക്കേണ്ട നിയമം എന്താണെന്നാകട്ടെ, പ്രതിപാദിക്കുന്നതു് സാഹിത്യശാസ്ത്രത്തിൽ ഉൾപ്പെട്ടതാകയാൽ ഇവിടെ അവയെ വിവരിക്കുന്നില്ല.

അദ്ധ്യായം പത്ത്

## സംവാദം: കഥയെഴുത്ത്

### 1. സംവാദം

വാർത്തകൾ തേടിപ്പോകുന്ന റിപ്പോർട്ടർ പലപ്പോഴും വർത്തമാനങ്ങൾ ശേഖരിക്കുവാൻ അന്യന്മാരെ കാണേണ്ടിയിരിക്കും എന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. താൻ കണ്ടതായ കാഴ്ചയെക്കുറിച്ച് എഴുതുവാൻ റിപ്പോർട്ടർക്ക് അന്യാപേക്ഷ കൂടാതെകഴിക്കാം. എന്നാൽ, മറ്റൊരാളുടെ ഉള്ളിലിരിക്കുന്ന അറിവുകളെ പകർന്നെടുക്കുന്നതിന്ന് അയാളെത്തന്നെ ചെന്നുകാണാതെ കഴികയില്ല. ഈ സന്ദർശനസമ്പ്രദായം പരിഷ്കാരപ്പെട്ട് ഇപ്പോൾ മറ്റൊരുവക ലേഖനങ്ങൾകൂടി പത്രപംക്തികളിൽ കടന്നുവന്നിരിക്കുന്നു. ഇവയാണു സംവാദം എന്നു പറയുന്ന അനാഖ്യാനങ്ങൾ. ഇവ ഇപ്പോൾ പത്രങ്ങളിൽ വളരെ മുഖ്യമായ ഘടകമായിത്തീർന്നിട്ടുണ്ട്.

ഒരു സംഗതിയെപ്പററി പലപ്പോഴും പൂർണ്ണമായോ പരമാർത്ഥമായോ ഉള്ള വിവരങ്ങൾ പുറമെ പരന്നിട്ടില്ലെന്നിരിക്കാം. ബഹുജനങ്ങൾക്ക് ആവക വിവരങ്ങൾ അറിവാൻ കൗതുകവുമുണ്ടായിരിക്കാം. ഇവ ശേഖരിച്ച് പത്രത്തിൽ പ്രസ്താവിപ്പാൻ പത്രക്കാരൻ താൽപര്യമുള്ളവനായിരിക്കേണ്ടതു് അവൻെറ പത്രത്തിന്നു പ്രചാരവും പ്രാബല്യവും കൂട്ടുവാൻ ആവശ്യമായുമിരിക്കും. എങ്ങനെയാണ് ഈ വിവരങ്ങൾ സംഭരിക്കേണ്ടതു്? ഒരുകാര്യം നിശ്ചയം. ഈ വിവരങ്ങൾ കൈക്കലുള്ള ആളെ കണ്ടു ചോദിച്ചാലല്ലാതെ സൂക്ഷ്മസംഗതികൾ അറികയില്ല. അതിനാൽ, അതു സംബന്ധിച്ചുള്ളവരിൽ പ്രമാണികളെ സന്ദർശിക്കയാണു പത്രക്കാരൻ ഒന്നാമതായി ചെയ്യേണ്ടതു്. അവരോടു ചോദിച്ചാൽ, അവർ ഒഴികഴിവുകൂടാതെ എല്ലാവിവരങ്ങളും തുറന്നുപറയുന്ന പക്ഷം, പത്രക്കാരനു കൃതാർത്ഥനാകാം. എന്നാൽ എല്ലാവരും ഇത്തരം ചോദ്യങ്ങൾക്കു മറുപടി പറവാൻ മനസ്സുള്ളവരായിരിക്ക

യില്ല; സംഗതികുറെസ്വകാൎയ്യസ്വഭാവത്തിലുള്ളതായിരുന്നാൽ പറവാൻ നിശ്ചയമായും മടിക്കും. അതു ലോകസ്വഭാവംതന്നെയാണു്. ഈ നിലയിൽ പത്രക്കാരനു് അവരൊടു പരിഭവപ്പെടാൻ ന്യായമൊന്നുമില്ല; അവൻകൂടിയും അതേ അവസ്ഥയിൽ പെട്ടിരുന്നാൽ, സ്വകാൎയ്യം പുറത്താക്കുവാൻ മടിക്കും. എന്നാലിനി എന്താണു ഒരു നിവൃത്തിമാൎഗ്ഗം? സംഗതി സ്വകാൎയ്യമായിട്ടുള്ളതായിരുന്നാലും അതിനെപ്പററി പരക്കെ പ്രസ്താവം ഉണ്ടെന്നും, ആകയാൽ ആളുകൾക്കു ദുശ്ശങ്കയോ സംശയമോ ഉള്ളതൊക്കെ നീക്കുന്നതിനും അതൊന്നും ഉണ്ടാകാതെ കഴിക്കുന്നതിനും വാസ്തവവിവരങ്ങൾ വെളിപ്പെടുത്തുകയാണു് ഉചിതമെന്നും, ഇങ്ങനെ ചെയ്താൽ അവാസ്തവവൎണ്ണനംകൊണ്ടുണ്ടാകാവുന്ന ക്ലേശങ്ങളെ നിവാരണം ചെയ്യാമെന്നും, റിപ്പോർട്ടർ അവരെ ബോധപ്പെടുത്തണം. ബുദ്ധിഗുണമുള്ളവർ ഉടനടി വേണ്ട വിവരങ്ങളെല്ലാം വെളിവിൽ പറയും; പത്രക്കാരനു തന്റെ അപേക്ഷ സാധിച്ചു എന്ന സംതൃപ്തിയും ഉണ്ടാകും.

വൎത്തമാനങ്ങൾ ശേഖരിക്കുന്നതിനും പുറമെ, ഒരാൾ ഒരു വിഷയത്തിൽ പ്രഖ്യാതനായിരിക്കുമ്പോൾ, ആ വിഷയത്തെപ്പററിയ അയാളുടെ അഭിപ്രായങ്ങളെന്തെന്നറിയുന്നതിനും, സന്ദൎശനസമ്പ്രദായം പ്രയോജനപ്പെടുമാറുണ്ടു്. പലവിഷയങ്ങളിൽ കുറേശ്ശ അറിവുള്ളവരായ പത്രക്കാരന്മാർ അനേകം ഉണ്ടായിരിക്കാം; അവൎക്കുകൂടിയും, പ്രത്യേകമൊരു വിഷയത്തിൽ—സാഹിത്യശാസ്ത്രകലാദികളിൽ ഒന്നിൽ—വിദഗ്ദ്ധന്മാരെന്നു കീൎത്തിപ്പെട്ടവരുടെ ജ്ഞാനഭണ്ഡാഗാരത്തിൽനിന്നു കടം മേടിക്കുന്നതു് അയുക്തമായിരിക്കയില്ല. ഈ വിദഗ്ദ്ധന്മാർ പത്രക്കാരന്മാൎക്കൊപ്പം ലേഖനമെഴുതുവാൻ ശീലിച്ചിട്ടുള്ളവരായിരിക്കയില്ലെന്നു വരാം; എങ്കിലും, അവൎക്കു ലോകരെ ഗുണപ്പെടുത്തുന്നതിനു് ഉതകുന്ന അഭിപ്രായങ്ങൾ കൈക്കലുണ്ടായിരിക്കും. ഇവയെ ശേഖരിപ്പാൻ പത്രക്കാരൻ ഉത്സാഹിക്കുന്നതുകൊണ്ടു ഗുണമുണ്ടാകുന്നതല്ലാതെ ദോഷമുണ്ടാകുന്നതല്ല. ഒരു പ്രമാണി ഒരു ദിക്കിൽ ചെന്നാൽ, അയാൾക്കു് ആ ദിക്കിനെപ്പററി തോന്നുന്ന അഭിപ്രായങ്ങൾ എന്തെന്നറിവാൻ പത്രക്കാരർ ഉത്സാഹിക്കാറുണ്ടു്. ചിലപ്പോൾ

നാട്ടിൽ ആലോചനാവിഷയമായിത്തീന്നിരിക്കുന്ന വല്ല കാൎയ്യത്തെക്കുറിച്ചും, മുമ്പന്മാരുടെ അഭിപ്രായങ്ങൾ അറിവാൻ, അവരെ, തരംകിട്ടുന്നേടത്തുവെച്ച് അഭിമുഖം കണ്ട് ചോദിപ്പാനും പത്രക്കാരർ വിചികീഷയോടുകൂടിയിരിക്കും. ഇംഗ്ലാണ്ടിൽ, പാർലിമെൻറ് സഭായോഗത്തിൽ നടപടികൾ കുറിച്ചെടുത്തു റിപ്പോർട്ടെഴുതാനായി പോകുന്ന പത്രപ്രതിനിധികൾ പലരും, സാമാജികന്മാരിൽ പ്രമാണികളെ 'ഒരു നിമേഷനേരം' കണ്ടു സംസാരിച്ച് സംവാദാനപാഖ്യാനം ചെയ്യുമാറുണ്ട്; പൊതുജനമഹായോഗങ്ങളിൽ പ്രസംഗിപ്പാനോ മറ്റോ ചെല്ലുന്ന പ്രമാണികളെയും ഇങ്ങനെ 'പിടികൂടാറുണ്ട്.'

മേല്പറഞ്ഞ സന്ദശ്നങ്ങൾ മിക്കവാറും റിപ്പോർട്ടർമാർ സ്വന്തം പ്രവൃത്തിയുടെ അംഗമായി നടത്തുന്നവയാണ്. ചില സമയങ്ങളിൽ, സന്ദശ്നങ്ങൾ മുൻകൂട്ടി വ്യവസ്ഥചെയ്ത് അതിന്മണ്ണും നടത്തുന്നു; പത്രാധിപരോ, ലേഖനകൎത്താവു തന്നെയോ, അപേക്ഷിച്ച് സന്ദർശനത്തിന് അനുവാദം ലഭിക്കുന്നു. ഈ സന്ദഭ്ങ്ങളിൽ, സന്ദ്രഷ്ടാവായ പത്രപ്രതിനിധി നല്ല വകതിരിവോടും ശ്രദ്ധയോടുംകൂടെ പ്രവൎത്തിക്കേണ്ടതാണ്; അയാൾ 'പിടി'കൂടുന്ന 'പുള്ളി'യൊട് എന്തെന്തു ചോദ്യങ്ങൾ, ഏതേതുപ്രകാരത്തിൽ, ചോദിക്കേണമെന്നു മുൻകൂട്ടി ചിന്തിച്ചുറയ്ക്കണം. ചോദ്യങ്ങൾ എഴുതിത്തയ്യാറാക്കി കൈവശംവെച്ചുകൊള്ളുകയും വേണം. സന്ദ്രഷ്ടാവ് രസികനും നയജ്ഞനും സൂക്ഷ്മഗ്രാഹിയും ആയിരിക്കേണ്ടതാവശ്യമാണ്. അയാൾ തന്റെ 'പുള്ളി'യോട് ഓരോ ചോദ്യം ചെയ്യുമ്പോൾ ഉണ്ടാകുന്ന മറുപടികൾ, 'പുള്ളി'യുടെ മുഖഭാവഭേദം, മുതലായവയൊക്കെ ഉടനുടൻ കുറിക്കുയോ, ഓമ്മവെയ്ക്കുയോ ചെയ്തുകൊള്ളണം. മറുപടികൊണ്ട് ഇടയ്ക്കു സന്ദഭോചിതമായ വിശേഷചോദ്യങ്ങൾ തോന്നിയാൽ അവയെയും ചോദിക്കുക; മറുപടിയും കുറിക്കുക. പ്രകൃതവിഷയത്തിനു ചേരാത്തതോ, 'പുള്ളി'യുടെ അധികാരത്തെ കവിഞ്ഞതോ ആയുള്ള സംഗതികൾ മറുപടിയിൽ 'വന്നുചാടി'പ്പോയാൽ, അവയെ തള്ളിക്കളക.

സംവാദവിവരങ്ങളെപ്പററി എഴുതുന്ന ലേഖനങ്ങൾ 'പുള്ളി'യുടെ സമ്മതത്തോടുകൂടി വേണം അച്ചടിച്ചു പുറപ്പെ

ട്ടവിപ്പാൻ. എന്തെന്നാൽ, അയാളുടെ പ്രമാദത്താൽ വല്ല അസംബന്ധകാൎയ്യവും പറഞ്ഞുപോയിരുന്നാൽ, അതു കണ്ടുപിടിച്ച് പിഴപോക്കുവാൻ അയാൾക്കും സൗകൎയ്യം ലഭിക്കും; അങ്ങനെ ചെയ്യുമ്പോൾ, അയാളെക്കുറിച്ച് വായനക്കാരർക്ക് അന്യഥാ ധരിപ്പാൻ കാരണമില്ലാതാകയും ചെയ്യും. അതിനാലാണ് ലേഖനം അച്ചടിക്കുംമുമ്പ് അയാളെ കാണിച്ചിരിക്കേണമെന്നു നിബന്ധന ചെയ്യുന്നതു്. കാണിക്കേണ്ടതു പത്രധൎമ്മത്തിൽപെട്ട ഒരു മൎയ്യാദയാണ്; കാണിച്ചിരിക്കുന്നതു് ഉത്തമം. എന്നാൽ എപ്പോഴും ഇതു സാധിച്ചതായി വരുകയില്ല; 'പുള്ളി' അകലെപ്പാർക്കുന്ന ആളായാൽ, കാണിപ്പാൻ അസാധ്യംതന്നെ. ഈ വിഷമദശയിൽ ലേഖനകൎത്താവു നല്ലവണ്ണം യുക്തായുക്തവിവേചനം ചെയ്തു് ത്യാജ്യത്യാഗം നടത്തിക്കൊണ്ടാൽമതി.

ഇത്തരം സംവാദലേഖനങ്ങളിൽ എന്തൊക്കെയാണ് എഴുതാവുന്നതു്? എന്തെഴുതണം? എന്തൊക്കെ 'പുള്ളി'യെ കാണിച്ചു സമ്മതിപ്പിക്കണം? സാധാരണമായി, സംവാദലേഖനങ്ങളിൽ രണ്ടു ഭാഗങ്ങളുണ്ടു്: ഒന്നു്, 'പുള്ളി'യെപ്പററി ചരിത്രപരമായോ, കാൎയ്യമായ്ക്കു തോന്നുന്ന അഭിപ്രായമായോ, മററോ എഴുതിച്ചേൎക്കുന്ന ആമുഖവാചകങ്ങൾ; ഈ ഭാഗം 'പുള്ളി'യെ കാണിക്കേണ്ടതല്ല. മറെറാന്നു്, 'പുള്ളി'യുടെ കൈക്കൽനിന്നു ലഭിച്ച വാൎത്തകൾ; ഇവ സാക്ഷാൽ സംഭാഷണരീതിക്കോ, അനപാഖ്യാതസംഭാഷണരീതിക്കോ, സംക്ഷിപ്തമായിട്ടോ എഴുതിയിരിക്കാം. ഈ ഭാഗം 'പുള്ളി'യുടെ അനുമതിയോടുകൂടിവേണം പ്രസിദ്ധമാക്കുവാൻ. അതിനാൽ, ഇതു മാത്രമേ, 'പുള്ളി'യുടെ മുമ്പാകെ വെയ്ക്കേണ്ടു. ഒന്നാമതു പറഞ്ഞ ജീവചരിത്രരൂപമായോ മറേറാ ഉള്ള ഭാഗങ്ങളിൽ, ലേഖനകൎത്താവു് മനസ്സാക്ഷിക്കു് അനുരോധമായ അഭിപ്രായം ഏതും പ്രസ്താവിക്കാമെന്നാണ് 'വെയ്പും നടപ്പും.' ഒരു പുസ്തകത്തെപ്പററി ഗുണദോഷനിരൂപണംചെയ്തു പറവാൻ ഒരുവന് എത്ര സ്വാതന്ത്ര്യാവകാശമുണ്ടോ, അതിലൊട്ടും താഴാത്ത അവകാശം ഒരു പൊതുജനകാൎയ്യപ്രസക്തനായ ആളെപ്പററി അഭിപ്രായംപറവാനും പത്രക്കാരനു് അനുവദിച്ചിട്ടുണ്ടു്. അഭിപ്രായം പറവാനാണ്; അല്ലാതെ, വസ്തുസ്ഥിതികളെ 'പുറ

യുന്ന വിഷയത്തിൽ, ഇല്ലാത്ത സംഗതികൾ ഉണ്ടാക്കിപ്പറവാനോ, ഉള്ളതു മറച്ചുവെച്ചു തെററിധരിപ്പിപ്പാനോ, അല്ല—എന്നു് ഓർത്തിരിക്കണം. ഉത്തമവിശ്വാസ്യമായി അഭിപ്രായം പറഞ്ഞുകേൾപ്പാൻ ചിലക്കു സന്തോഷം ഉണ്ടാകയില്ലായിരിക്കാം; എന്നാലും. വ്യഥാസ്തുതിയെക്കാൾ നല്ലതു് തൻെറ ഗുണദോഷങ്ങളെപ്പററി സൂക്ഷ്മം ഗ്രഹിച്ചുപറയുന്നതാണു്, എന്നു് അവർ മനസ്സിലാക്കിയാൽ, ഇക്കാര്യത്തിൽ പത്രക്കാരനോടു പരിഭവം തോന്നുവാൻ ന്യായമില്ലെന്നു ബോധ്യപ്പെടും. അതെന്തായാലും, സന്ദ്രഷ്ടാവു് പഴമപരിചയക്കാരനല്ലെന്നിരുന്നാൽ, തൻെറ 'പുള്ളി'യെപ്പററി നിഷ്കരുണമായോ, വിവേകരഹിതമായോ, അകീർത്തികരമായോ യാതൊന്നും എഴുതിപ്പോകരുതു്; പ്രശംസിക്കുന്നേടത്തും, വാസ്തവമായ പ്രശംസയാണു് ഉദ്ദേശിച്ചിരിക്കുന്നതെന്നു വായനക്കാരക്കു് ബോദ്ധ്യമാകണം. നാലു പാദങ്ങൾ അടിച്ചുകൂട്ടി പദ്യങ്ങൾ നിർമ്മിക്കുന്നവരെല്ലാം 'യഥാർത്ഥകവി'കളും 'മഹാകവി'കളും അവരുടെ കൃതികളിൽ കാണുന്നതു 'സാക്ഷാൽ കവിത'കളും അവ 'നിസർഗ്ഗസുന്ദര'ങ്ങളും; ഏതൊരുത്തിയും 'മഹാവിദുഷി'അല്ലെങ്കിൽ 'സ്ത്രീരത്ന'വും; ഏതൊരഭിപ്രായമായാലും അതു് 'ആദരണീയ'വും 'യുക്തിയുക്ത'വും മറ്റുംമറ്റും; ആയിരുന്നാൽ, പിന്നെ, അവരെക്കാളും അവയെക്കാളും ഉയർന്നപടിയിൽ നില്ക്കുന്ന എന്ന വിശേഷത്തെ കുറിപ്പാൻ വിശേഷണപദത്തിനു നിഘണ്ടു തേടിപ്പോകാമെന്നു കരുതുന്ന ലേഖനകർത്താക്കന്മാരെ സാമാന്യബുദ്ധികൾക്കൂടിയും പുച്ഛിക്കുമെന്നറിയണം. സംവാദാനുഖ്യാനങ്ങളിൽ, സന്ദ്രഷ്ടാവു് എപ്പൊഴും അപ്രധാനനായി പിറകിൽ നിന്നുകൊള്ളുകയും, തൻെറ 'പുള്ളി'യെ മഹാജനസമക്ഷം പ്രകാശിപ്പിക്കയും ചെയ്യുകയാണു വേണ്ടതെന്നും യുക്തമെന്നും പത്രപ്രതിനിധികൾ ഓർത്തിരിക്കണം.

സന്ദർശനാവസരത്തിൽ, പത്രപ്രതിനിധി തനിക്കു കിട്ടുന്ന വിവരങ്ങളെ കുറിപ്പാൻ 'പണിക്കോപ്പുകൾ' എടുത്തു നിരത്തണമോ? നിരത്തുന്നതു മര്യാദയോ? ഒരുവൻെറ 'വായിൽ നിന്നു വീഴുന്ന' വകകളെ 'പെറുക്കി'യെടുപ്പാൻ കടലാസും പെൻസിലും കൊണ്ടുവന്നിട്ടുണ്ടെന്നു കാണുമ്പോൾത്തന്നെ, ചിലർക്കു മനസ്സിനു സൈ്വരക്കേടുണ്ടാകും. അങ്ങനെ 'പുള്ളി'

കളെക്കൊണ്ടു 'മൊഴി' പറയിച്ചു് എഴുതിയെടുക്കുന്നതു മൎയ്യാദകേടായിട്ടാണു വിചാരിക്കാറുള്ളതു്. ആകയാൽ, സന്ദ്രഷ്ടാവു് ആദ്യമാദ്യം യാതൊന്നും എഴുതിയെടുക്കാൻ ഉത്സാഹിക്കരുതു്. 'പുള്ളി'യുമായി അധികം 'ലോക്യ'മായിക്കഴിയുമ്പോൾ, അയാളുടെ സങ്കോചങ്ങൾ ഒതുങ്ങിയിരിക്കും. അപ്പോഴേയ്ക്കും, അയാൾ, നോക്കുകൊണ്ടോ വാക്കുകൊണ്ടോ, സന്ദ്രഷ്ടാവിന്റെ 'പണിക്കോപ്പു'കൾ ഉപയോഗപ്പെടുത്തിക്കൊൾവാൻ സമ്മതിച്ചു എന്നുവരാം. എന്നാൽ പിന്നെ, കാണുന്നതും കേൾക്കുന്നതുമൊക്കെ ശരിയായിട്ടും വിട്ടുവീഴ്ച കൂടാതെയും കുറിച്ചെടുത്തുകൊള്ളണം. കടലാസ്സും പെൻസിലും ഉപയോഗപ്പെടുത്തുന്നതു് വിഹിതമല്ലെന്നിരിക്കിൽ, സന്ദ്രഷ്ടാവിനു് എല്ലാ സംഗതികളും ഓൎമ്മയിൽ ശേഖരിച്ചുവെച്ചുകൊള്ളുകയല്ലാതെ ഗത്യന്തരമില്ല. ഏതായാലും, ഏകാഗ്രചിത്തന്മാരായിരുന്നു് ഓൎമ്മശക്തിയെ പോഷിപ്പിച്ചിട്ടുള്ളവരാണു് സന്ദൎശനവിവരങ്ങൾ എഴുതുന്നതിൽ അധികം സമൎത്ഥന്മാരായിത്തീരുന്നതു്.

## 2. കഥയെഴുത്തു്

കല്പിതകഥകൾ വൎത്തമാനപത്രങ്ങളിലും മാസികാപുസ്തകങ്ങളിലും സാധാരണമായി ചേൎത്തു വരുന്നുണ്ടു്. ഇവയിൽ വെച്ചു്, വൎത്തമാനപത്രങ്ങളിൽ കാണാറുള്ള കഥകൾ പ്രായേണ ചെറിയവയും അതതു ലക്കങ്ങളിൽത്തന്നേ കഴിയുന്നവയുമാകുന്നു; മാസികാപുസ്തകങ്ങളിൽ ഇത്തരം ചെറിയ കഥകൾ ചേൎക്കുന്നുണ്ടെങ്കിലും, മുഖ്യമായുള്ളതു് ഖണ്ഡശഃ പ്രകടീകരിക്കുന്ന വലിയ കഥകളാണു്. എങ്ങനെയായാലും, കല്പിതകഥയെഴുത്തു് സാഹിത്യശാസ്ത്രവിഷയത്തിൽ ഉൾപ്പെടുന്നതല്ലാതെ, വാസ്തവത്തിൽ, വൃത്താന്തപത്രപ്രവൎത്തനത്തിൽ ഉൾപ്പെടുന്ന വകയല്ല. എന്നിരിക്കിലും, പത്രങ്ങളിൽ കഥകളെഴുതുന്ന നടപ്പു് പ്രബലപ്പെട്ടുവന്നിരിക്കകൊണ്ടു്, ഈ വിഷയത്തെപ്പററി ചില സംഗതികൾ എടുത്തുപറയേണ്ടതായിട്ടുണ്ടു്.

ഒരു ചെറിയ കല്പിതകഥ എഴുതി ഫലിപ്പിക്കുവാൻ ആൎക്കും കഴിയും എന്നു വിചാരിക്കേണ്ടാ. അതിന്നു്, വിശേഷമായ ഒരു മനോധൎമ്മം, കല്പനാശക്തി, ഇതിന്നുപുറമെ, തന്റെ

കൈക്കലുള്ള വിഷയത്തെ ഉചിതരൂപത്തിൽ വാർത്തൊഴിക്കു ന്നതിനുള്ള കൈത്തഴക്കം,—ഇവ കഥയെഴുത്തുകാരനു സിദ്ധി ച്ചിരിക്കണം. കഥയിൽ മുഖ്യമായി വേണ്ടതു്, ഇംഗ്ലീഷിൽ പ്ലോട്ടു് എന്നു പറയുന്ന, വസ്തുരചനം ആകുന്നു; ഇതു മനസ്സു കൊണ്ടു സുസങ്കല്പിതമായിരിക്കേണ്ടതാണു്. കഥാബന്ധ ത്തിൽ അവശ്യം ആവശ്യകമായതു വായനക്കാരുടെ ഉള്ളിനെ കവരുവാൻതക്കവണ്ണം വിസ്മയാവഹമായ ഒരു സംഭവവും, ഫലിതമായ പ്രകാരത്തിലുള്ള അതിന്റെ പരിണാമവും ആ കുന്നു. കഥയെഴുതി ഫലിപ്പിക്കുന്നതിനു് ഉപയോഗപ്പെടുത്തു ന്ന ഭാഷാരീതി എത്രയും ലളിതമായും, കഥാപാത്രങ്ങൾ സം സാരിക്കുന്ന പ്രകാരത്തിൽ സാക്ഷാൽ സംഭാഷണമായും ഇരി ക്കേണ്ടതും, കഥാംശങ്ങളെ വിസ്തരിക്കാതെ കഴിക്കേണ്ടതുമാ കുന്നു. വിശേഷപ്പെട്ട ഭാഷാസരണി കൈവശമുള്ള പക്ഷം, അതിനെ പ്രകടിപ്പാനായി വേറേ വിഷയം തേടിപ്പോകയാ ണുത്തമം. കല്പിതകഥകളിൽ വായനക്കാരർ ആവശ്യപ്പെടു ന്നതും അന്വേഷിക്കുന്നതും കഥാവസ്തുവിനെ ആകുന്നു എന്നു് എഴുത്തുകാരൻ ഓർമ്മവെക്കണം. എന്നാൽ, മാസിക പത്രഗ്ര ന്ഥങ്ങളിലെഴുതുന്ന കഥകൾക്കു വസ്തുമാത്രം നോക്കിയാൽപോ രാ; കഥയ്ക്കു മനോഹരമായ രൂപം ഉണ്ടായിരിക്കയും, അതു ചി ല നിബന്ധനകൾക്കടിമപ്പെട്ടിരിക്കയും വേണം.

ഒന്നാമതായി, കഥയുടെ ഏതു ഭാഗവും സംക്ഷിപ്തസാര മായി പറഞ്ഞിരിക്കണം: എഴുതുന്ന വാക്യങ്ങളിലൊന്നെങ്കി ലും നിരർത്ഥമായിരിക്കരുതു്. 'നിരർത്ഥം' എന്നു് ആക്ഷേപിക്കു മ്പോൾ, ചില കവികൾ അവരുടെ പദ്യങ്ങളിലെ വാക്കുകൾ ക്കു നിരർത്ഥകതാദോഷമില്ലെന്നു സ്ഥാപിപ്പാൻ നിഘണ്ടു നോക്കിയാൽ അർത്ഥം കാണും, എന്നു പറയുമ്പോലേ സമാധാ നപ്പെട്ടുകൊള്ളേണ്ടതല്ല. ഓരോ വരിയിലും കഥാംശത്തിന്റെ സാന്നിദ്ധ്യമുണ്ടായിരിക്കണം. എന്നാൽ ഇങ്ങനെ സംക്ഷേ പിച്ചെഴുതുമ്പോൾ കഥയിലെ സംഗതികളെ തിക്കിത്തെരക്കി ച്ചേർത്തിരിക്കയുമരുതു്: ചില ഭാഗങ്ങൾ വീർപ്പിച്ചും ചില ഭാ ഗങ്ങൾ മെലിപ്പിച്ചും എഴുതിയാൽ, കഥാംശങ്ങൾക്കു് ഐ കരൂപ്യമില്ലാതെയാവുമെന്നറിയേണ്ടതാകുന്നു. കഥയിലെ ഓ രോ സംഗതിയും അതിന്റെ പൂർവ്വസംഗതിയിൽനിന്നു സ്വാഭാ

വികമായി പൊട്ടിമുളച്ചു വരുന്നതാണെന്നു തോന്നത്തക്ക പ്രകാരത്തിൽ വേണം എഴുതുവാൻ. ഇതിലേയ്ക്കു് എഴുത്തുകാരനു് ഒരേ ആശ്രയം, ലോകഗതികളെ പ്രേക്ഷിച്ചറിക, എഴുതിശ്ശീലിക്കുക ഇവയാകുന്നു. ഹൃദയത്തെ ഇളക്കിമറിക്കുവാൻതക്ക ശക്തിയുള്ളതും ഹൃദയാവജ്ജകവുമായ ഒരു സംഭവത്തെ, സംക്ഷിപ്തസാരമാംവണ്ണം, രണ്ടുമൂവായിരം വാക്കുകൾകൊണ്ടു പറഞ്ഞുതീർപ്പാൻ എല്ലാവക്കും സാധിക്കയില്ല; കഥയെഴുത്തിൽ നൈപുണ്യം സമ്പാദിച്ചവക്കാണെങ്കിൽ, ഇതു നിഷ്പ്രയാസം കഴിയും. കഥാംശങ്ങളെ ഒതുക്കമായി അടക്കിവെപ്പാൻ ഏറെക്കുറെ പഴമപരിചയംകൊണ്ടേ സാധിക്കൂ.

സംക്ഷേപിച്ചെഴുതുക വശപ്പെട്ടിട്ടുണ്ടെങ്കിൽ, രണ്ടാമതായി വേണ്ടതു്, കഥയിലെ സംഭവങ്ങളൊക്കെ വായനക്കാരന്റെ നിലയിൽനിന്നു നോക്കി കഥ മുഴുവൻ തന്റെ മനോദൃഷ്ടിയിൽ കാണ്മാനുള്ള ശക്തി ആകുന്നു. ഈ സംഭാവനാശക്തി കേവലം അനുഗ്രഹമായി ലഭിക്കുന്നതാണെന്നു നിരാശപ്പെടേണ്ടാ; പ്രാപ്തിയുള്ളവനു്, ഈ ശക്തി, അഭ്യാസത്താൽ കൈവശപ്പെടുത്തുകയും, ഉപയോഗപ്പെടുത്തുകയും ചെയ്യാം. യാതൊരു കഥയെഴുത്തുകാരനും താനെഴുതുന്ന കഥയെ മേല്പറഞ്ഞ സംഭാവനാശക്തികൊണ്ടു തന്റെ മനോദൃഷ്ടിയിൽ വ്യക്തമായി കാണുകയും, അങ്ങനെ കണ്ടിട്ടു് അനാവശ്യമെന്നു ബോദ്ധ്യപ്പെടുന്ന വാചകങ്ങളെയോ വാക്കുകളെയോ ഒക്കെ നീക്കിക്കളകയും ചെയ്യുതിനുമേലല്ലാതെ, പത്രത്തിൽ ചേപ്പാനായി യാതൊരു പത്രാധിപരുടെയും മുമ്പാകെ തള്ളിയയയ്ക്കരുതു്. ഫലിതമായ വാചകം എന്നോ, നായികയുടെ അംഗഭംഗിയെപ്പററിയുള്ള സരസമായ വർണ്ണനയെന്നോ, മറേറാ വല്ല ഭാഗത്തെക്കുറിച്ചും കഥയെഴുത്തുകാരനുതന്നേ പ്രശംസ തോന്നുന്നുണ്ടെങ്കിൽ അതു ഗണ്യമാക്കേണ്ടാ; ആ ഭാഗം കഥയുടെ സാന്ദ്രതയ്ക്കു് ആവശ്യകമല്ലെന്നിരിക്കിൽ, അതു തള്ളിക്കളകതന്നേ വേണം.

കഥയുടെ രൂപം എങ്ങനെയാണു് മനോഹരമാക്കുക? ഇതിലേയ്ക്കും, വായനക്കാരുടെ ഹൃദയം അറിവാൻ സാമത്ഥ്യം ഉണ്ടായിരിക്കണം. കഥാരംഭഘട്ടത്തിലെ എട്ടുപത്തു വാക്യങ്ങൾകൊണ്ടു മാത്രം പത്രപ്രസാധകന്റെ മനസ്സിനെ ആവ

ജ്ജിപ്പാൻ കഴിഞ്ഞാൽ, കാര്യം ജയിച്ചു. ഇതിന്നായി മിക്ക കഥയെഴുത്തുകാരും കൈക്കൊണ്ടിരിക്കുന്ന സമ്പ്രദായം, കഥയിലെ സംഭവങ്ങളിൽ വളരെ മുഖ്യമായ ഒന്നിനെ കഥാരംഭത്തിൽ കൊണ്ടുവന്നു ഘടിപ്പിക്കുകയാകുന്നു. ഈ വഴിക്ക് വായനക്കാരൻെറ കൗതുകത്തെ ഇളക്കിയാൽ പിന്നെ, ആ സംഭവത്തെയോ കഥാപാത്രങ്ങളെയോ സംബന്ധിച്ച് പറയേണ്ടുന്ന വിവരങ്ങൾ അതിൽ തുടർത്തിക്കൊണ്ടുപോകുന്നു. എന്നാൽ, ഇത്രമാത്രംകൊണ്ട് കഥയുടെ രൂപം ഹൃദയാഹ്ലാദകമായി എന്നു കരുതരുത്. കഥാരംഭവാക്യങ്ങൾ കഴിഞ്ഞാൽ പിന്നെ, ഏറെ പ്രയാസമായ കാര്യം, കഥയെ ഉത്തരോത്തരം ഉൽക്കർഷകമായ പ്രകാരത്തിൽ നടത്തിക്കൊണ്ടു പോവാനാണ്. പഴമപരിചയക്കാർക്ക് ഇതിലും ശ്രമം തോന്നാറില്ല. ശ്ലോകങ്ങളെഴുതുമ്പോൾ, നാലാംപാദം ആദ്യമേ വിചാരിച്ചുവെച്ചുകൊണ്ട്, സമസ്യാപൂരണമെന്നവിധം മററു പാദങ്ങൾ നിർമ്മിക്കുകയാണ് ചില മലയാളകവികൾ ചെയ്യാറുള്ള സമ്പ്രദായം. ഇതിന്നുമണ്ണംതന്നേയാകുന്നു ഈ കഥയെഴുത്തുകാരും ചെയ്യുന്നത്. അവർ കഥയുടെ ഉത്തരോത്തരമായ ഉൽക്കർഷത്തെ ഏതു മാർഗ്ഗത്തിൽ സാധിക്കാമെന്ന് ആദ്യമേ ചിന്തിച്ചുറയ്ക്കുന്നു: പിന്നീട് അതിനൊത്ത് എഴുതി ഫലിപ്പിക്കുന്നു. ഒരു ശ്ലോകത്തിൻെറ അന്ത്യപാദം മെച്ചമായിരുന്നാൽ, ശ്ലോകത്തിൻെറ ഓജസ്സിനു് ആക്ഷേപം പറവാൻ വകയുണ്ടാവില്ല എന്നു കരുതിക്കൊണ്ടാണ് മുൻപറഞ്ഞ പ്രസിദ്ധകവികൾ, നാലാംപാദം നിർമ്മിച്ചുംകൊണ്ട് ബാക്കി പാദങ്ങളെ പൂരിപ്പിക്കുന്നത്; ഇതിന്നുപകരം, തനിക്കു പറവാനുള്ളത് ആദ്യത്തെ രണ്ടുമൂന്നു പാദങ്ങൾകൊണ്ടു കഴിച്ചിട്ട് പാദപൂരണത്തിനായി നാലാം പാദത്തിൽ ഏതാനും വാക്കുകൾ കൂട്ടിപ്പിടിപ്പിച്ചാൽ, ശ്ലോകം മുഴുവൻ വിരൂപമായിപ്പോകുമെന്നതു് നിശ്ചയമല്ലോ. ഇതിന്നുമണ്ണം, കഥയുടെ പരമകാഷ്ഠയിലെത്തേണ്ട ഉപായം ഇന്നപ്രകാരമായിരിക്കണമെന്ന് മുൻകൂട്ടി ചിന്തിച്ചുറപ്പിക്കാതെ, "വായിൽ തോന്നിയതു കോതയ്ക്കു പാട്ടു്" എന്ന മട്ടിൽ കഥയെഴുതിയാൽ, അതിൻെറ അവസാനം തീരെ ശിഥിലബന്ധമായിപ്പോയേക്കും എന്ന് എഴുത്തുകാരൻ ഓർത്തിരിക്കണം. ഇങ്ങനെ വരുമ്പോൾ കഥയ്ക്കു് ഫലിതമെന്ന ഗുണം കുറയുമെന്നും

അറിയേണ്ടതാകുന്നു. ഒരു ചെറിയ കല്പിതകഥ വായിച്ചുകഴിയുമ്പോൾ വായനക്കാരന്റെ ഉള്ളിലുണ്ടാകേണ്ട ധാരണ ആ കഥയിൽ യാതൊരു കുറവും വന്നിട്ടില്ലെന്നായിരിക്കണം; പറയേണ്ടതൊക്കെ പറഞ്ഞുകഴിഞ്ഞിരിക്കുന്നു എന്ന ഒരു ബോധം താനറിയാത്തവിധത്തിൽ വായനക്കാരന്റെ ഉള്ളിൽ കുടികൊള്ളണം. എഴുതിക്കഴിഞ്ഞിരിക്കുന്ന കഥയിൽ ഏതാനും വാക്കുകൾ കൂടുതലായി എഴുതിപ്പിടിപ്പിക്കയോ, ഉള്ളിൽനിന്നു് ഏതാനും വാക്കുകൾ എടുത്തുകളകയോ ചെയ്യുന്നതായാൽ കഥയുടെ സ്വാരസ്യത്തിനു് ഭംഗം വരുമെന്നുകൂടി വായനക്കാരനു് തോന്നത്തക്കവിധത്തിലായിരിക്കണം കഥയെഴുതിക്കഴിപ്പാൻ. എങ്ങനെയായാലും, പ്രതിഫലത്തിനു യോഗ്യമായ ഒരു കല്പിതകഥയെഴുതുവാൻ തൽകൎത്താവു് മനസ്സുകൊണ്ടു നല്ലവണ്ണം പണിയെടുക്കാതെ സാധിക്കയില്ല; തന്റെ കല്പനാശക്തിയേയും വിവേചനാസാമൎത്ഥ്യത്തെയും ഉചിതമായ പ്രകാരം ഉപയോഗപ്പെടുത്താതെ, തുവൽത്തുമ്പത്തു ചാടിവരുന്ന കുറെ വാക്കുകളെ കൂട്ടിപ്പിടിപ്പിച്ചു് കഥയെഴുതിത്തള്ളുന്നവർ, തങ്ങളുടെ മാത്രമല്ലാ, പത്രാധിപന്മാരുടേയും വിലയേറിയ സമയം നഷ്ടപ്പെടുത്തുന്നതേയുള്ളു എന്നു് അറിയണം.

ചെറിയ കഥകൾ എഴുതിക്കിട്ടുവാൻ പത്രക്കാരരും മാസികക്കാരരും ആഗ്രഹിക്കമാറുണ്ടു്. ഇംഗ്ലാണ്ടു മുതലായ പാശ്ചാത്യരാജ്യങ്ങളിൽ ഇത്തരം കഥയെഴുത്തുകാരൎക്കു് മതിയായ പ്രതിഫലവും കിട്ടാറുണ്ടു്. രണ്ടായിരം വാക്കുകൾക്കു് ഒന്നു മുതൽ അഞ്ചോ പത്തോ വരേ ഗിനിയാണു് സാധാരണ പ്രതിഫലം. പത്രപ്രസാധകനു് കേട്ടു പരിചയമില്ലാത്ത ഒരു പുതിയ എഴുത്തുകാരനാണു് ഒരു മാസികയ്ക്കു കഥയയച്ചിരിക്കുന്നതെങ്കിൽ, അയാൾക്കു്, ചുരുങ്ങിയതു് ആറു പവൻ തുടങ്ങി കവിഞ്ഞതു് പതിനഞ്ചു പവൻവരെ പ്രതിഫലം പ്രതീക്ഷിക്കാം. എന്നാൽ, ഇങ്ങനെ കഥയെഴുതി കാലക്ഷേപം കഴിക്കാമെന്നു വിചാരിച്ചിരുന്നാൽ അതിലും ദുൎഘടമുണ്ടു്: ചില പ്രസിദ്ധപ്പെട്ട പത്രഗ്രന്ഥങ്ങൾക്കു് അയച്ചുകിട്ടുന്ന കഥകളെപ്പററി, അതുകൾ കൈപ്പററിയിരിക്കുന്നുവെന്നോ ഉപേക്ഷിച്ചിരിക്കുന്നുവെന്നോ, ഒരു മറുപടി അയച്ചുകൊടുപ്പാൻ പത്രാധിപന്മാൎക്കു് ഉടനടി സാധിക്കയില്ല; ഒരു കൊല്ലത്തോളം

വൈകിയെന്നു വരാം. അത്രയേറെ കഥകൾ പത്രാധിപരുടെ മുമ്പിൽ എത്തുന്നുണ്ടായിരിക്കും. ഒരു കൊല്ലത്തിനുള്ളിൽ ഇരുപതിനായിരം ചെറിയ കഥകൾ ഇംഗ്ലാണ്ടിലെ ഒരു പത്രഗ്രന്ഥത്തിന്നു് അയച്ചുകിട്ടിയിരുന്നതായി തൽപത്രാധിപർതന്നെ പ്രസ്താവിച്ചിരിക്കുന്നു; സ്വീകരിച്ചു പ്രസിദ്ധപ്പെടുത്തിയ കഥകളുടെ എണ്ണം, ഇവയിൽ, എഴുപത്തിരണ്ടു മാത്രം ആയിരുന്നുതാനും. ബാക്കിയെല്ലാം ഉപേക്ഷിക്കപ്പെട്ടു. ഒരൊററ പത്രഗ്രന്ഥത്തിനുതന്നെ ഇത്രയേറെ കഥകൾ കിട്ടിയ അവസ്ഥക്കു്, മററു പത്രങ്ങൾക്കൊക്കെക്കൂടി എത്രയെത്ര ഇരുപതിനായിരം കിട്ടിയിരിപ്പാൻ സംഗതിയുണ്ടു്! ഇവയിൽ ഉപേക്ഷിക്കപ്പെട്ട ഓരോ പത്തൊമ്പതിനായിരത്തിൽപരം കഥകളും തീരെ പ്രസിദ്ധീകരണയോഗ്യതയില്ലാത്തവയായിരിക്കയില്ല; കുറെയൊക്കെ നല്ല കഥകളായിരിക്കാം. എന്നാൽ ഇവയെ അങ്ങാടിയറിയാതെ വാണിഭത്തിനു കൊണ്ടുചെന്നതിനാൽ വിററഴിയാതെ മടക്കിക്കൊണ്ടു പോരേണ്ടിവന്നതാണു്. താൻ എഴുതിയുണ്ടാക്കിയ കഥ ഏതു പത്രഗ്രന്ഥത്തിലേക്കാണു് പററുന്നതെന്നു് നിർണ്ണയം വരുത്തിക്കൊണ്ടു് ആ പത്രഗ്രന്ഥത്തിലേക്കു് അയച്ചുകൊടുക്കുന്നതിനുപകരം, തന്റെ ചെവിയിൽ പേരു കേട്ടതായ ഏതെങ്കിലുമൊരു പത്രഗ്രന്ഥത്തിലേക്കു് കെട്ടിയയച്ചു ഭാഗ്യം പരീക്ഷിക്കുന്നതു് വിവേകപൂർവ്വമായ സമ്പ്രദായമല്ല.

ഇപ്പോൾ പറഞ്ഞതെല്ലാം ചെറിയ കഥകളെക്കുറിച്ചാണു്. മാസികപ്പുസ്തകങ്ങളിലാകട്ടെ, പ്രതിവാരപത്രഗ്രന്ഥങ്ങളിലാകട്ടെ ഖണ്ഡംഖണ്ഡമായി ക്രമശഃ പ്രസിദ്ധപ്പെടുത്തുന്ന മറെറാരുതരം കല്പിതകഥകളുണ്ടു്. ഇവ അതതുസമയത്തെ ദേശകാര്യങ്ങളിലോ സമുദായകാര്യങ്ങളിലോ ഉള്ള മുഖ്യ സംഭവങ്ങളെക്കൂടെ ഉൾപ്പെടുത്തി എഴുതുന്നവയായിരിക്കുന്നു. ഇത്തരം കഥകളെഴുതിക്കൊടുപ്പാൻ പത്രാധിപന്മാർ കഥയെഴുത്തുകാരനു് ചിലപ്പോൾ പ്രത്യേകം മാസപ്പടിയെന്നവണ്ണം പ്രതിഫലം നിശ്ചയിച്ചിരിക്കും. ഒരു കൊല്ലത്തിൽ ഒരായിരം പവൻ പ്രതിഫലം കിട്ടുവാൻ ഞെരുക്കമില്ല; ഇതിലിരട്ടി കിട്ടുന്നവരുമുണ്ടു്.

ഈമാതിരി കഥകളെഴുതുന്നതിനു കഥയെഴുത്തുകാരൻ

തന്റെ മാത്രം മനോധമ്മത്തെ ആശ്രയിക്കേണ്ടതായിട്ടില്ല. കഥയുടെ ബീജം തേടിപ്പിടിച്ചു കൊടുക്കുവാൻ പത്രാധിപക്കാണു് ബദ്ധപ്പാടു്. പത്രാധിപർ പത്രവായനക്കാരരായ ബഹുജനങ്ങളുടെ അപ്പോഴത്തെ നിലയെ മനസ്സിലാക്കിക്കൊണ്ടു് അവരുടെ ഹൃദയങ്ങളെ ഇളക്കുന്നതിനും മാററുന്നതിനും മറിക്കുന്നതിനും തക്കതായ ഒരു വിഷയം നിശ്ചയിക്കുന്നു. പത്രാധിപരുടെ ആശയം ഇന്നതാണെന്നു് ഉറപ്പിച്ചതിന്റെ ശേഷം, അയാൾ, തന്റെ കൂട്ടപണിക്കാരരിൽവെച്ചു് അധികം മിടുക്കുള്ളവരെ വിളിച്ചുവരുത്തി, അവരുമായി ആലോചിക്കുന്നു. അവർ ഓരോരുത്തരും ആ ആശയത്തെപ്പററി പറയാവുന്ന ആക്ഷേപങ്ങളൊക്കെ പറകയും, പുതിയ അഭിപ്രായങ്ങൾ സൂചിപ്പിക്കയും ചെയ്യുന്നു. ഇങ്ങനെ പലർകൂടി പതിരു പാററിക്കളഞ്ഞു നല്ല നെന്മണി തിരിച്ചെടുക്കയും പുതിയതായി ചില നെന്മണികൾകൂടെ ചേർക്കുകയും ചെയ്തതിന്റെ ശേഷമാണു് സാക്ഷാൽ കഥയെഴുത്തുകാരൻ അരങ്ങത്തു വരുന്നതു്. പത്രാധിപർ, താനും കൂട്ടരുംകൂടി ആലോചിച്ചുറച്ചിട്ടുള്ള കഥയുടെ സൂത്രങ്ങളെങ്ങനെയൊക്കെയെന്നു കഥയെഴുത്തുകാരനെ ഗ്രഹിപ്പിക്കുന്നു. ഇയാളും തന്റെ അഭിപ്രായത്തിൽ കഥയ്ക്കു മെച്ചമുണ്ടാക്കുന്ന സംഗതികളെ സൂചിപ്പിക്കുന്നു. ഇരുവരും കൂടിയിരുന്നു്, കഥയുടെ പരിപോഷണം ഏതുപ്രകാരത്തിൽ ആയിരിക്കേണമെന്നു്, തമ്മിൽ വാദപ്രതിവാദം ചെയ്തു തീച്ച്പ്പെടുത്തുന്നു. ഇത്രയുമായാൽ പിന്നെ, കഥയെഴുത്തുകാരൻ തന്റെ കൈക്കൽ ഏല്പിക്കപ്പെട്ട കഥാബീജത്തെ പത്രാധിപർ പറഞ്ഞിട്ടുള്ള പ്രകാരത്തിൽ നട്ടുനനച്ചു മുളപ്പിച്ചു കാഴ്ചക്കാരക്കു ചേതസ്സമാകഷകമാകുംവണ്ണം വളത്തിക്കൊണ്ടുവരുവാൻ വേണ്ട ശ്രമം ചെയ്യുന്നു. ആദ്യമായി, കഥയെഴുത്തുകാരൻ പത്രാധിപരുടെ പക്കൽനിന്നു കിട്ടിയ സൂചനകളേയും ആശയങ്ങളേയും ഉപയോഗപ്പെടുത്തി കഥാവസ്തുവിന്റെ സംക്ഷേപം എഴുതിത്തയ്യാറാക്കുന്നു. കഥാരംഭം വായനക്കാരരുടെ മനസ്സിനെ ആവർജ്ജിക്കുവാൻ തക്കവണ്ണം കഥയിൽ മുഖ്യമായ ഒരു സംഭവത്തെ ആരംഭത്തിൽ എടുത്തുവെയ്ക്കുന്നു. പ്രാരംഭാദ്ധ്യായങ്ങൾ, വൃഥാസ്ഥൂലങ്ങൾ ആവാതിരിപ്പാൻ കരുതി, പലകുറി പുതുക്കിയെഴുതി ശരിപ്പെടുത്തിയതിനു

മേലേ, പത്രത്തിൽ അച്ചടിക്കുന്നതിനായി അയയ്ക്കുകയുള്ളൂ. ഒരു നാടകത്തിലെങ്ങനെയോ, നാനാരസങ്ങളും സ്തോഭങ്ങളും, ഇളക്കത്തെക്കവെല്ലും, കവിയുടെ മനോധർമ്മം പ്രയോഗിക്കുന്നു, അങ്ങനെതന്നേ ഇത്തരം കല്പിതകഥയുടെ പ്രാരംഭഘട്ടങ്ങളിലും ലോകരുടെ ഹൃദയരഹസ്യങ്ങളെ പ്രകാശിപ്പിച്ചിരിക്കണം. ഇപ്രകാരം ചെയ്താൽ, കഥാപ്രാരംഭഘട്ടങ്ങൾ വായനക്കാരന്റെ മനസ്സിനെ അവനറിയാതെതന്നേ ബഹുദൂരം ആകർഷിച്ചുകൊണ്ടു പോകും. ഈമാതിരി കഥകളുടെ സ്വഭാവം ഇതാണു്: പ്രാരംഭഘട്ടത്തിൽ കഥാപാത്രങ്ങൾ ഓരോരോ കുഴക്കുകളിൽ കുഴങ്ങുന്നതായും; അനന്തരാദ്ധ്യായങ്ങളിൽ, അവർ ആ കുഴക്കുകളിൽനിന്നു പുറമെയിറങ്ങി രക്ഷപ്പെടുവാൻ ശ്രമിച്ചു സാധിക്കുന്നതായും കഥാംശങ്ങളെ ബന്ധിച്ചിരിക്കുകയാണു്. ഒരു ലക്കത്തിൽ കഥ വായിച്ചുതുടങ്ങിയാൽ വായനക്കാരൻ പത്രത്തിന്റെ അടുത്തലക്കങ്ങൾ വായിപ്പാൻ ക്ഷമകേടോടെ പ്രതീക്ഷിക്കണം. അതിന്നു തക്ക വിധത്തിലാണു കഥയുടെ ഓരോ അദ്ധ്യായവും എഴുതി ഫലിപ്പിക്കേണ്ടതു്. ഇതിലേയ്ക്കു്, കഥയെഴുത്തുകാരനു പത്രാധിപരുടെ ഉപദേശങ്ങൾ അപ്പൊഴപ്പോൾ കിട്ടുമായിരുന്നാലും, മഹാജനങ്ങളുടെ ആഗ്രഹങ്ങളെ പ്രേക്ഷിച്ചറിഞ്ഞു് അതിന്നനുസരിച്ചു കഥയിൽ ആവശ്യംപോലെ ഓരോ സംഗതികൾ കൂട്ടിച്ചേർത്തുകൊള്ളുവാൻ തക്ക ബുദ്ധിഗുണം ഉണ്ടായിരിക്കണം.

അദ്ധ്യായം പതിനൊന്നു്

## പത്രപ്രസാധനം

പത്രപ്രസാധനത്തിങ്കൽ മുഖ്യചുമതലക്കാരായ ഉദ്യോഗസ്ഥന്മാർ ചീഫ്റിപ്പോർട്ടർ അല്ലെങ്കിൽ നിവേദകാദ്ധ്യക്ഷൻ, സബ്എഡിററർ അല്ലെങ്കിൽ ഉപപത്രാധിപർ, ചീഫ് എഡിറ്റർ അല്ലെങ്കിൽ പ്രധാനപ്രസാധകൻ എന്നിവരാണു്. വളരെ ധനശക്തിയോടുകൂടി നടത്തുന്ന പ്രതിദിനപത്രങ്ങൾക്കു് ഈ വിവിധപ്രവൃത്തികൾ നിവ്വഹിപ്പാൻ വേറേ വേറേ ആളുകൾ ഉണ്ടായിരിക്കും. എന്നാൽ സാമാന്യനിലയിൽ നടക്കുന്ന പ്രതിവാരപത്രങ്ങൾക്കു് ഇവയിൽ രണ്ടോ അതിലേറെയോ പണികൾ ഒരാൾതന്നെ വഹിച്ചുകൊള്ളുന്നു. ഒരു പ്രതിവാരപത്രത്തിനു നിവേദകാദ്ധ്യക്ഷനായും ഉപപത്രാധിപരായും ഇരിപ്പാൻ ഒറ്റഒരാൾക്കു സാധിക്കും. ചിലപ്പോൾ ഇയാൾതന്നെ പ്രധാന പ്രസാധകനായും പണിയെടുത്തുകൊള്ളും. പ്രതിദിനപത്രങ്ങളിൽ പ്രവൃത്തി പലതുള്ളതിനാൽ, ഓരോന്നിനും വെവ്വേറെ ആളെ നിശ്ചയിക്കുന്നതു് പണിനടപ്പാൻ സൗകൎയ്യമായിരിക്കുന്നതാകകൊണ്ടു്, മേല്പറഞ്ഞ പല ഉദ്യോഗസ്ഥന്മാരും ഉണ്ടായിരിക്കാൻ ആവശ്യമുണ്ടു്.

ഇവരിൽ, നിവേദകാദ്ധ്യക്ഷൻെറ പ്രവൃത്തി, തൻെറ കീഴിലുള്ള റിപ്പോർട്ടർമാൎക്കു് അന്നന്നത്തെ പണികൾ നിശ്ചയിക്കയും, അവരുടെ വൃത്താന്താഖ്യാനങ്ങളെ പരിശോധിക്കയും, താൻകൂടെ ചില സംഗതികൾക്കു സന്നിഹിതനായിരുന്നു് അവയെപ്പററി റിപ്പോർട്ടുകൾ എഴുതുകയും ആണു്. കീഴിലുള്ളവരെ ഓരോ പണികൾക്കു നിയോഗിക്കുമ്പോൾ, ഔചിത്യം നോക്കിവേണം അവരെ നിശ്ചയിപ്പാൻ. സംഗീതത്തിൽ അഭിരുചിയുള്ളവനെ കോടതിയിൽ വ്യവഹാരം കേൾക്കുന്നതിനും; നിയമകാൎയ്യങ്ങളിൽ താല്പൎയ്യമുള്ളവനെ നാടകസംഗീതാദിവിനോദങ്ങൾക്കും; പന്തുകളിക്കാരനെ സഭായോഗത്തിനും നിയോഗിച്ചാൽ, അവരുടെ റിപ്പോർട്ടുകൾ, വെള്ളത്തിൽനിന്നു് കരയ്ക്കു പിടിച്ചിട്ട മത്സ്യത്തിൻെറ നീന്തൽപോലെ ആയി

ടപ്പോഴയക്കും. അവരെ അവരുടെ അഭിരുചി അനുസരിച്ചു നിശ്ചയിക്കേണ്ടതിന്നുംപുറമെ, അവരുടെ ക്ലേശങ്ങളെ അദ്ധ്യക്ഷൻ അറികയുംവേണം. ഉല്ലസിപ്പാനുള്ള സന്ദർഭങ്ങളെല്ലാം തനിക്കും, ഖേദങ്ങളൊക്കെ കീഴ്ജീവനക്കാർക്കുമായി വീതിക്കുന്ന നിവേദകാദ്ധ്യക്ഷൻെറ സ്വാർത്ഥപ്രതിപത്തി പത്രനടത്തിപ്പിന്നു ചിലപ്പോൾ അസ്വാരസ്യകാരണമായി തീരുന്നതും. കീഴ്ജീവനക്കാരെ കരുണവെച്ചുകൊണ്ടുനടത്തുന്നതായാൽ, അവർ ഏതുകാര്യത്തിലും മേലുദ്യോഗസ്ഥനെ സഹായിക്കാൻ ഒരുക്കമായിരിക്കും.

ഉപപത്രാധിപരുടെ പ്രവൃത്തി എത്ര കഷ്ടപ്പാട്ടുള്ളതാണെന്നു് പുറമെയുള്ളവർ അറിയാറില്ല. ഇങ്ങനെയൊരു പണിക്കാരൻ പത്രകാര്യാലയത്തിൽ ഉണ്ടെന്നുകൂടി പത്രവായനക്കാർ അറിഞ്ഞിരിക്കയില്ല. വൃത്താന്തനിവേദകന്മാർ അവിടെയുമിവിടെയും ഓടിഎത്തി വർത്തമാനങ്ങൾ ശേഖരിക്കുന്നു, അവയെയൊക്കെ, പ്രസാധകൻ അല്ലെങ്കിൽ പത്രാധിപർ എന്നൊരു സത്വരൂപം അച്ചടിപ്പിച്ചു പുറപ്പെടുവിക്കുന്നു, എന്നായിരിക്കും ചിലർ വിചാരിക്കുന്നതു്. എന്നാൽ, പ്രധാനപ്രസാധകന്നു് അത്രയേറെ പണിയൊന്നുമില്ല; പത്രത്തിൻെറ നില തെററാതെ കൊണ്ടുനടത്തുക, മുഖപ്രസംഗങ്ങൾക്കു വിഷയങ്ങൾ നിശ്ചയിക്ക, അവയിൽ ഇന്നസംഗതികൾ അടങ്ങിയിരിക്കണമെന്നു് ഉപദേശിക്ക, ആവശ്യം വന്നാൽ താൻതന്നെ മുഖപ്രസംഗം എഴുതുക, പത്രത്തിൻെറ വകയായി പുറപ്പെടുവിക്കുന്ന അഭിപ്രായങ്ങൾക്കൊക്കെ ഉത്തരവാദിയായിനില്ക്കുക—ഇങ്ങനെ ചില പണികളേ പ്രധാന പത്രാധിപക്കുള്ളു. ഈ ഉദ്യോഗസ്ഥനെഴുതുന്ന ഉപന്യാസങ്ങളും, പ്രത്യേകവ്യവസ്ഥകളിൽ പ്രമാണികൾ എഴുതി അയയ്ക്കാറുള്ള വിശിഷ്ടോപന്യസങ്ങളും കഴിച്ചാൽ, പത്രത്തിലുള്ള മററു സകല ലേഖനങ്ങളും ഉപപത്രാധിപരുടെ കൈയിൽക്കൂടെ കടന്നുവേണം പോവാൻ. വർത്തമാനങ്ങൾ, സന്ദേശങ്ങൾ മുതലായവയെല്ലാം പരിശോധിച്ചുവിടുന്നതും, പത്രത്തിൻെറ ഉള്ളടക്കങ്ങൾ എത്രത്തോളമായി എന്നു് അന്വേഷിച്ചുകൊള്ളുന്നതും, മററു പല കാര്യങ്ങളും ഉപപത്രാധിപരുടെ ചുമതലയിലാണു്. ഈ ഉദ്യോഗസ്ഥൻെറ ക്ലേശങ്ങൾ ഒന്നുരണ്ടല്ല,

താലൂക്കുതോറും ഉള്ള ലേഖകന്മാരുടെ വൎത്തമാനക്കത്തുകൾ, കമ്പിവാൎത്തകൾ, നഗരവാൎത്തകൾ, വ്യവഹാരവാൎത്തകൾ മുതലായ നാനാപ്രകാരേണയുള്ള ലേഖനങ്ങളൊക്കെ വന്നു കുന്നുപോലെ കൂടിയിരിക്കും. ഇവയെല്ലാം അതേവിധത്തിൽ അച്ചടിപ്പിക്ക എന്നുവെച്ചാൽ, ഒരു തവണയ്ക്കും കഴിഞ്ഞു് ധാരാളം അവശേഷിക്കും. വിഷയഗൌരവവും സന്ദർഭരസികതയും ബഹുജനതാല്പൎയ്യവും നോക്കുമ്പോൾ, ഇതുകൾ തള്ളിക്കളവാനോ നീക്കിവെപ്പാനോ പാടില്ലെന്നും ഇരിക്കും. ആ നിലയിൽ ഇതുകളെ സംക്ഷേപിച്ചുകൊടുക്കണം. മൂന്നു പംക്തി നിറയെ വരുന്ന ലേഖനം വെട്ടിക്കുറച്ചു് ഒരു പംക്തിയാക്കുക; ഒരു പംക്തി വരുന്നതു് ഒരു സ്റ്റിക്കാക്കുക; പലമാതിരി കൈയക്ഷരങ്ങളും മനസ്സിലാക്കിത്തിരുത്തുക; ഇടയ്ക്കു തടഞ്ഞുകളഞ്ഞ ഘട്ടങ്ങൾക്കു് പകരം ഔചിത്യംപോലെ ഒന്നുരണ്ടു വരി എഴുതിച്ചേൎക്കുക—ഇപ്രകാരം പല പണികളും നടത്തിയാൽമാത്രം പോരാ; ഈ ലേഖനങ്ങൾകൊണ്ടു് പത്രത്തിന്റെ എത്രഭാഗം കഴിഞ്ഞു എന്നു് അപ്പഴപ്പോൾ അന്വേഷിക്കണം, ചില സമയങ്ങളിൽ അച്ചുനിരത്തിയതു് അളന്നുനോക്കുമ്പോൾ രണ്ടുമൂന്നു പംക്തി അധികമായിരിക്കും. ഏതു ലേഖനമാണു നിറുത്തേണ്ടതു്, ഏതു് ഇനിയും വെട്ടിക്കുറയ്ക്കാവുന്നതു്, എന്നൊക്കെ ക്ലേശപ്പെടേണ്ടിവരും. ഇതിനിടയിൽ, വളരെ പ്രക്ഷോഭജനകമായ ഒരു സംഭവത്തെപ്പറ്റി വൎത്തമാനം കിട്ടുന്നു എന്നു വിചാരിക്കാം. അതിന്നു കുറെയെങ്കിലും സ്ഥലം ഉണ്ടാക്കണം; അതു പ്രസ്താവിക്കാതെയിരുന്നുകൂടല്ലോ. ഈ ദുൎഘടഘട്ടങ്ങളിൽ ഔചിത്യംപോലെ ഉപായം തോന്നണം. പിന്നെ താൻ സമ്മതിച്ചുവിടുന്ന ലേഖനങ്ങളിൽ അപകീൎത്തികരമായി യാതൊന്നും ഉണ്ടായിരിക്കരുതെന്നു ശ്രദ്ധവെയ്ക്കണം; അപകീൎത്തികരമായ സംഗതികൾ ലേഖനത്തിന്റെ ഉള്ളിൽ ഉണ്ടായിരുന്നില്ലെങ്കിൽക്കൂടി, ചിലപ്പോൾ തലവാചകം അപകീൎത്തികരമായിരുന്നേക്കാം. ഇതിലൊക്കെ ഉപപത്രാധിപരുടെ നോട്ടം എത്തണം. പിന്നെ, അന്യപത്രങ്ങൾ, മാസികകൾ മുതലായവ വായിച്ചു, തന്റെ വായനക്കാൎക്കു രുചിക്കുന്നതായ ഖണ്ഡങ്ങൾ അവയിൽനിന്നു് എടുക്കുന്ന പണിയും ഉപപത്രാധിപൎക്കു നടത്താനുണ്ടാകും. പ്രധാനപത്രാധിപ

രുടെ ചുമതലയിൽ പെട്ടതായ മുഖപ്രസംഗം കഴിഞ്ഞാൽ, പിന്നെ, പത്രാധിപക്കുറിപ്പായും ഉപപ്രസംഗമായും ലേഖനങ്ങൾ എഴുതുന്നതും, ഉപപത്രാധിപരുടെ പ്രവൃത്തിയിൽ ഉൾപ്പെട്ടിരിക്കും. വലിയനിലയിൽ നടത്തുന്ന പ്രതിദിനപത്രങ്ങൾക്കു്, ഓരോ വിഷയത്തിന്നു ചുമതലക്കാരായി ഓരോ ഉപപത്രാധിപന്മാർ ഉണ്ടായിരിക്കുമാറുണ്ടു്. വത്തമാനക്കത്തുകൾക്കു് ഒരാൾ; കമ്പിവാത്തകൾക്കു് ഒരാൾ; നിയമകാര്യങ്ങൾക്കു് ഒരാൾ; ഇങ്ങനെ പല പല വകുപ്പുകളും പ്രത്യേകം ഓരോ ആളുടെ അധീനതയിലായിരിക്കും.

ഇവക്കെല്ലാവർക്കും മേലാവാണു് പ്രധാനപ്രസാധകൻ. ഒരു പത്രത്തിൻെറ പ്രധാനപ്രസാധകനാവാൻ മുഖ്യമായി വേണ്ടതു് പഴമപരിചയമാണു്. കുട്ടിത്തരം റിപ്പോർട്ടർക്കു കൂടിയും പ്രസാധകൻെറ ഗുണങ്ങൾ കുറേശ്ശ ഉണ്ടായിരിക്കേണ്ടതാവശ്യമാകയാൽ, ഈ താണതരം പ്രവൃത്തിയിലിരുന്നു് മേല്പടി ഗുണങ്ങൾ അഭിവൃദ്ധിപ്പെടുത്തി ക്രമേണ പത്രാധിപസ്ഥാനത്തെത്തുവാൻ സാധിക്കുന്നതാണു്. ചില പത്രങ്ങൾക്കു് പ്രധാനപത്രാധിപർതന്നെയാണു് ഉപപത്രാധിപരുടെയും നിവേദകാധ്യക്ഷൻെറയും പണികൾകൂടെ നടത്തിക്കൊള്ളുന്നതു്. ചെറുപ്പക്കാരനായ ഒരു പത്രക്കാരനു് പത്രാധിപസ്ഥാനം കിട്ടുവാൻ സംഗതിവരുമ്പോൾ, അവൻ ആവശ്യം അറിഞ്ഞിരിക്കേണ്ട ചില മുഖ്യകാര്യങ്ങൾ ഉണ്ടു്. ഒന്നാമതായി, വത്തമാനങ്ങൾ അച്ചുനിരത്തിക്കുന്നതിലും, അവക്കു് ഉചിതസ്ഥാനം നിശ്ചയിക്കുന്നതിലും ഒരു വ്യവസ്ഥ ശീലിക്കണം. ഇന്നയിന്നതരം അച്ചിൽ വേണം ഇന്നയിന്ന വകകൾ ചേക്കവാൻ എന്നു് ഒരു നിശ്ചയം ചെയ്താൽ, ആ വ്യവസ്ഥ കൈവിടാതെയിരിക്കണം. വത്തമാനക്കത്തുകൾ ഇന്നഭാഗത്തു്, മുഖപ്രസംഗം ഇന്ന പംക്തിയിൽ, പത്രാധിപക്കുറിപ്പുകൾ ഇന്ന പംക്തിയിൽ, നഗരവാത്തകൾ ഇന്നഭാഗത്തു്, 'ലേഖനങ്ങൾ' ഇന്ന പംക്തിയിൽ, അന്യപത്രപ്രസ്താവങ്ങൾ ഇന്നെടത്തു്, പരസ്യങ്ങൾ ഇന്നെടത്തു്, എന്നു് ഒരിക്കൽ നിശ്ചയം ചെയ്തുകൊണ്ടാൽ, പിന്നെ അച്ചുനിരത്തുകാരുടെ നിരന്തരമായ ചോദ്യങ്ങൾ ഉണ്ടാവാതെ കഴിക്കാം. രണ്ടാമതു്, പത്രാധിപർക്കു് അച്ചടിപ്പണിയിൽ പരിശീലനം ഉണ്ടായിട്ടി

ല്ലെങ്കിൽ, തൻെറ അച്ചുകൂടത്തിലെ അച്ചുനിരത്തുകാർ എത്ര പംക്തികൾ നിരത്തുമെന്നു് നിശ്ചയം ഉണ്ടായിരിക്കണം: അവർ എത്രമാത്രം നിരത്തീട്ടുണ്ടെന്നും ഇനി എത്ര പംക്തിക്കു് 'പകർപ്പ്'വേണമെന്നും, നിരത്തിയതു് ആവശ്യത്തിൽ കവിഞ്ഞിട്ടുണ്ടെങ്കിൽ എത്രയുണ്ടെന്നും അപ്പൊഴപ്പോൾ അന്വേഷിക്കണം. ഈ രണ്ടു മുൻകരുതലുകളും ഇല്ലായിരുന്നാൽ, പത്രം പ്രസിദ്ധപ്പെടുത്തേണ്ടുന്ന സമയത്തു് നൈരാശ്യപ്പെടാനോ, മനം കുഴങ്ങാനോ ഇടയാവുന്നതാണു്. പത്രാധിപർ ശ്രദ്ധവെച്ചുകൊണ്ടിരിക്കേണ്ടതായ മറൊരു കായ്യം, പത്രത്തിൽ അച്ചടിച്ചിരിക്കുന്ന യാതൊരു ലേഖനവും ആർക്കും അപകീർത്തികരമോ ശല്യകാരണമോ ആയിരിക്കരുതെന്നുള്ളതാണു്. വത്തമാനക്കുറിപ്പുകളിൽ മാത്രമല്ല, 'ലേഖനങ്ങൾ' എന്ന വകകളിലും ഇത്തരം ദൂഷ്യങ്ങൾ ഉണ്ടാവാറുണ്ടു്. "ലേഖകന്മാരുടെ അഭിപ്രായങ്ങൾക്കും വീഴ്ചകൾക്കും പത്രാധിപർ ഉത്തരവാദിയാകുന്നതല്ല."—എന്നു ലേഖനങ്ങളുടെ മുകളിൽ പത്രാധിപർ പ്രസ്താവിക്കാറുള്ളതിനു വിശേഷമായ വില ഒന്നുമില്ല. ഇതിൻെറ അത്ഥം, പത്രാധിപർ ആ അഭിപ്രായങ്ങളെയും വീഴ്ചകളെയും ശരിവെച്ചിരിക്കുന്നു എന്നു വായനക്കാരാരും വിചാരിക്കരുതേ,' എന്നു മാത്രമാണു്; അല്ലാതെ, അത്തരം ലേഖനങ്ങളിൽ അപകീർത്തികരമായി വല്ലതും ഉണ്ടായിരുന്നാൽ അതിന്നു പത്രാധിപർ ഉത്തരവാദിയല്ല, എന്നല്ലാ, അപകീർത്തികരമായ ഏതൊരു സംഗതിയും, മുഖപ്രസംഗത്തിലാകട്ടെ, വത്തമാനങ്ങളിലാകട്ടെ, ലേഖനങ്ങളിലാകട്ടെ, പരസ്യത്തിലാകട്ടെ ഉണ്ടായിരുന്നാൽ, അതു് പ്രസിദ്ധപ്പെടുത്തുന്നവരൊക്കെ അതിന്നു് ഉത്തരവാദികളാണു്. അവയുടെ—ആപ്രസംഗങ്ങളുടെയോ, വത്തമാനക്കുറിപ്പുകളുടെയോ, ലേഖനങ്ങളുടെയോ, പരസ്യത്തിൻെറയോ—കത്താക്കന്മാക്കോ നിയമം ബാധകമായിരിക്കു എന്നും, പത്രനാഥന്മാർക്കു് ബാധകമല്ലാ, എന്നും വിചാരിച്ചുപോകരുതു്. "ഈ ലേഖനം പ്രസിദ്ധീകരിക്കുന്നതിൽവെച്ചു് അപകീത്തിക്കേസ് വന്നാൽ, ഞാൻ ഉത്തരം പറഞ്ഞുകൊള്ളാം, നിങ്ങളെ ബാധിക്കയില്ല"—എന്നു് ലേഖകന്മാർ കത്തെഴുതി ഉറപ്പുകൊടുക്കുന്നതു്, അവരുടെ അജ്ഞതനിമിത്തം ആണെന്നേ കരുതേണ്ടു. ആകയാൽ, മേല്പ

റഞ്ഞ പത്രാധിപപ്രസ്താവംകൊണ്ടു് പത്രാധിപർ യാതൊരു പക്ഷത്തിലും ചാഞ്ഞുനില്ക്കുന്നില്ലെന്നറിയിക്കാമെന്നല്ലാതെ, നിയമബാധയിൽനിന്നു് ഒഴിയുന്നില്ലെന്നു് എപ്പോഴും ഓർത്തിരിക്കേണ്ടതാകുന്നു. പഴമപരിചയമില്ലാത്ത പത്രക്കാരൻ തന്റെ പത്രത്തിലേയ്ക്കുള്ള പണിക്കാരുടെ പ്രവൃത്തികളെയെല്ലാം ഇടവിടാതെ പര്യവേക്ഷണം ചെയ്തുകൊണ്ടിരിക്കണം. അച്ചുനിരത്തുകാരുടെ വീഴ്ചയാൽ പലേ തെററുകൾ പ്രൂഫിൽ ഉണ്ടായേക്കാം: അതു തിരുത്തുന്ന ആളുടെ പ്രമാദത്താൽ ചില പേരുകൾക്കുകൂടി മാററം വന്നുപോയേക്കാം. ഇതുകൾ നോക്കി പിഴ പോക്കണം. ലേഖനങ്ങളിൽ സാഹിത്യസംബന്ധമായ ഭംഗിയോ ശുദ്ധിയോ പോരാതെയിരുന്നാൽ, അതും ശരിപ്പെടുത്താൻ കഴിയും. ഇങ്ങനെ നിരന്തരം മേൽനോട്ടം വെച്ചുകൊണ്ടിരുന്നാൽ, പത്രം തീരെ നിർദ്ദോഷമാക്കാൻ സാധിക്കുന്നതാണു്.

പ്രതിദിനപത്രങ്ങളിൽ പത്രാധിപർക്കു് എല്ലാററിന്റെയും മേൽനോട്ടമാണു മുഖ്യമായ പണി എന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. മുഖപ്രസംഗങ്ങൾ എഴുതുവാൻ പ്രത്യേകം വിദ്വാന്മാരുണ്ടായിരിക്കും; ഇവർ പലേ സ്ഥലങ്ങളിൽ പാർക്കുന്നവരായിരിക്കാം. പത്രാധിപരുടെ വേല ഈ പ്രസംഗങ്ങളെ തന്റെ പത്രത്തിന്നു നിശ്ചയിച്ചിട്ടുള്ള നയമനുസരിച്ചു ശോധനചെയ്തു ശരിപ്പെടുത്തി പ്രസിദ്ധപ്പെടുത്തിക്കയാണു്. ഒരക്ഷരംകൂടെ എഴുതിക്കൊടുക്കാതെ കഴിക്കാം. എന്നാൽ പ്രതിവാരപത്രങ്ങൾക്കു് ഇങ്ങനെ മുഖപ്രസംഗമെഴുത്തുകാരെ വേറെ നിശ്ചയിച്ചുംകൊണ്ടു പത്രാധിപർ എന്നൊരു സ്വത്രപത്തെ, പണിയൊന്നുമില്ലാതെ, വെച്ചുംകൊണ്ടിരിപ്പാൻ സാധിക്കയില്ല. ഇവയ്ക്കു മുഖപ്രസംഗങ്ങൾ എഴുതുന്നതു് മിക്കവാറും പത്രാധിപർതന്നെയാണു്. മുഖപ്രസംഗങ്ങൾ മാത്രമല്ലാ; ഉപപ്രസംഗങ്ങൾ, പത്രാധിപക്കുറിപ്പുകൾ, ലോകവാർത്തകൾ മുതലായ പലതും പത്രാധിപർതന്നെ എഴുതേണ്ടിയിരിക്കും. രാജ്യകാര്യങ്ങളിൽ യാതൊരു കക്ഷിയുടേയും പ്രാതിനിധ്യം വഹിക്കാത്തതായ പത്രമായിരുന്നാൽ, അതിന്നു മുഖപ്രസംഗങ്ങൾ നാനാവിഷയങ്ങളിൽ ആകാം. എന്നാൽ രാജ്യഭരണകാര്യങ്ങളിൽ ഒരു കക്ഷിയെ പിൻതാങ്ങുന്ന പത്രമായിരു

ന്നാൽ, അതിലെ മുഖപ്രസംഗങ്ങൾ രാജ്യകാൎയ്യവിഷയമായി ട്ടുതന്നെയിരിക്കുകയാണു നടപ്പ്. ഇതിൽവെച്ചു ചില ദോഷ ങ്ങൾ ഇല്ലായ്കയുമില്ല. സമുദായകാൎയ്യങ്ങൾ, വ്യവസായകാൎയ്യ ങ്ങൾ എന്നിങ്ങനെ നാനാവിഷയങ്ങളെ ഇടയ്ക്കിടയ്ക്കു പ്രതി പാദിച്ചുകൊണ്ടിരിക്കുന്നതായാൽ, വായനക്കാൎക്കു രാജ്യകാൎയ്യ പ്രസംഗങ്ങൾ വായിപ്പാൻ അധികം രുചി തോന്നുന്നതാണു്, എന്നൊരു വലുതായ ഗുണമുണ്ടു്.

മുഖപ്രസംഗം ഏതു വിധത്തിലായിരിക്കും? ഇതിലേക്കു നിഷ്കൃഷ്ടമായ നിബന്ധനകൾ പറവാൻ മാർഗ്ഗമില്ല. അതാതു സമയങ്ങളിൽ പൊതുജനങ്ങളുടെ ശ്രദ്ധയ്ക്കു വിഷയമായി ത്തീൎന്നിരിക്കുന്ന സംഗതികളെക്കുറിച്ചു മുഖപ്രസംഗങ്ങൾ ചെ യ്യുന്നതാണു യുക്തമായുള്ളതു്. ഇവയിൽ ജനസമൂഹത്തിന്റെ അഭിപ്രായഗതികൾ, വിചാരങ്ങൾ, ശങ്കകൾ, നിന്ദനങ്ങൾ, മുതലായവയൊക്കെ പ്രതിഫലിപ്പിച്ചിരിക്കണം. ഇവ ലളി തമായ ഭാഷയിൽ എഴുതിയിരിക്കയും വേണം. ഭാഷയ്ക്കു് എ ത്രമേൽ സൗഷ്ഠവം ആകാമോ അത്രയും വരുത്തണം. വായന ക്കാരനെ താൻ അറിയാതെ ബഹുദൂരം ആകൎഷിച്ചുകൊണ്ടു പോകത്തക്ക രചനാസാമർത്ഥ്യം മുഖപ്രസംഗത്തിൽ പ്രയോഗി ച്ചിരിക്കണം. മുഖപ്രസംഗമെഴുതുകയെന്നതു് ഒരു കലാവിദ്യ യാണെന്നു ധരിച്ചുവേണം എഴുതുവാൻ. പ്രസംഗം വായിച്ചു കഴിയുമ്പോൾ, വായനക്കാരൻെറ ഉള്ളിൽ പ്രസംഗവിഷയം നല്ലവണ്ണം പതിഞ്ഞിരിക്കത്തക്ക വാചകങ്ങളേ ഉപയോഗി ക്കാവു. അവൻെറ ഗ്രഹണശക്തിയെ ശിഥിലമാക്കുന്നപ്രകാ രത്തിൽ അർത്ഥത്തെ കവിഞ്ഞു് വാക്കുകൾ ഉപയോഗപ്പെടു ത്തരുതു്. ഇതിലേക്കൊക്കെ, മുഖപ്രസംഗമെഴുത്തുകാരനു് അ വശ്യം വേണ്ടതായ ഗുണം, പൊതുജനങ്ങളുടെ ഉള്ളിനെ അ റിയുക എന്നുള്ളതാണു്. മുഖപ്രസംഗമെഴുതുന്ന ആൾ മനസ്സ ങ്കല്പത്താൽ ബഹുജനങ്ങളുടെ ഉള്ളിൽ കടന്നുചെന്നു്, അവി ടെ ആ വിഷയത്തെപ്പററിയുണ്ടാകുന്ന വിചാരങ്ങളേയും വേ ദനങ്ങളേയും കണ്ടറിഞ്ഞു് തൻെറ ഉള്ളിൽ പകൎക്കണം. ഈ നിലയിലിരുന്നുംകൊണ്ടു് എഴുതുമ്പോൾ മാത്രമേ, മുഖപ്രസം ഗം പത്രവായനക്കാരുടെ ചിത്തങ്ങളെ ആകൎഷിച്ചു് ഇളക്കിമ റിക്കു. ഇങ്ങനെ എഴുതുന്നവനു് ആവശ്യത്തിലധികമായ

വാക്കുകൾ തുവൽതുമ്പത്തു വന്നുചേരുകയില്ല. നേരേമറിച്ച് ഏതാനും പദങ്ങൾ ഉരുവിട്ടു വെച്ചുകൊണ്ട്, അവയെ മുഖപ്രസംഗങ്ങളിൽ ഉപയോഗിപ്പാൻ നിശ്ചയിച്ച് വിഷയം തേടിപ്പിടിച്ചിട്ട്, ആ വിഷയത്തിൻെറ ഓരോ ഭാഗങ്ങൾ ഓരോരോ പദാവലിക്കരുവിൽ വാർത്തെടുഴിച്ചുകൊണ്ടിരുന്നാൽ പത്രവായനക്കാരുടെ മനസ്സുമട്ടപ്പുണ്ടാവും.

മുഖപ്രസംഗമെഴുതേണ്ട സമ്പ്രദായമെന്താണ്? വിശേഷാൽ ഒരു സമ്പ്രദായവും ചട്ടമാക്കിട്ടില്ല എന്ന് ഉത്തരം പറയാം. സാധാരണമായി ഒരു വിഷയത്തെപ്പററി ഒരു ഉപന്യാസമെഴുതുമ്പോൾ ഇന്നയിന്ന ക്രമത്തിന് ഓരോ സംഗതികൾ പ്രതിപാദിക്കേണമെന്നു സാഹിത്യശാസ്ത്രപ്രകാരം ചില ചിട്ടകൾ ഉണ്ട്. ഏറെക്കുറെ ആ രീതിക്കുതന്നെയാണു മുഖപ്രസംഗങ്ങൾ എഴുതുന്നതു്. വിദ്യാലയങ്ങളിലാണെങ്കിൽ, ഒരു വിഷയത്തെക്കുറിച്ച് എഴുതുന്ന ഉപന്യാസത്തെ പ്രസ്താവന, വാദം, ഉപസംഹാരം എന്നു മൂന്നു ഭാഗമായി പിരിക്കത്തക്ക രീതിയിൽ വേണം പ്രതിപാദനം ചെയ്വാൻ, എന്നു സാഹിത്യശാസ്ത്രനിബന്ധന ചെയ്തുകാണാം. ഈ രീതിയിൽ തന്നെയാണ് ഏതു വിഷയത്തേയും പ്രതിപാദിക്കേണ്ടതു്. മുഖപ്രസംഗങ്ങളും ഈ രീതിക്കെഴുതാം. എന്നാൽ ഇതിന്നൊരു ദൂഷ്യമുണ്ട്. പ്രസംഗങ്ങൾ ഒരേ മട്ടിലാരംഭിച്ച് ഒരേമാതിരി കരുവിലൂടെ കടന്നുപോകുന്നതായി തോന്നും: സാഹിതീരസം കുറയുകയും ചെയ്യും. ഭാഷാസരണിക്കും പ്രതിപാദനരീതിക്കും വൈചിത്ര്യം വേണമെന്ന് ആഗ്രഹമുള്ള പത്രാധിപോപന്യാസകർത്താക്കന്മാർ മേല്പടി സാഹിത്യശാസ്ത്രനിബന്ധനകളിൽത്തന്നെ കുടുങ്ങിക്കിടന്നുകൊള്ളണമെന്നു നിയമമില്ല. അവർക്കു സ്വേച്ഛപോലെ അഭിപ്രായം സ്വരൂപിക്കാൻ അവകാശമുള്ളതിന്മണ്ണംതന്നെ ഉപന്യാസത്തിൻെറ രൂപത്തേയും ഇഷ്ടംപോലെ ഭേദപ്പെടുത്താം, സാഹിത്യരസത്തിന്നു ഭംഗം വരുത്താതെയിരിക്കേണമെന്നേ നോക്കേണ്ടതുള്ളു. 'പ്രസ്താവന' എന്നൊരു ഭാഗമേ വേണ്ടാ എന്നു വെയ്ക്കുക: സാധാരണമായി "ഞങ്ങൾ പറഞ്ഞിട്ടുള്ളതു വായനക്കാരർ ഓർമ്മിക്കുമല്ലോ," 'പ്രസിദ്ധമാണല്ലൊ,' 'മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ'—ഇത്യാദി വാചകങ്ങളെക്കൊണ്ടു് അവസാനിപ്പി

ക്കുന്ന പ്രാരംഭവാക്യങ്ങളും, ഇതുപോലെയുള്ള മുഖവുരകളും മുഖപ്രസംഗങ്ങളുടെ മുഖപ്രകാശത്തിന്നു മങ്ങലുണ്ടാക്കുന്നവയാകുന്നു. ഇവയെ ഉപേക്ഷിക്കുന്നതിൽവെച്ചു ദൂഷ്യമൊന്നും വരാനില്ല. ഇങ്ങനെ, പ്രസ്താവനയെ തള്ളിക്കളഞ്ഞശേഷം, താൻ പ്രതിപാദിപ്പാൻപോകുന്ന സംഗതികളിൽ ഉപസംഹാരത്തേയെടുത്തു് ഉപന്യാസാരംഭത്തിൽ വെയ്ക്കുക; എന്നിട്ടു്, അതിലെ അഭിപ്രായത്തെ സ്ഥാപിപ്പാൻവേണ്ട വാദങ്ങളെ വഴിക്കു വഴിയായി ഉപന്യസിക്കുക. ഈ സമ്പ്രദായത്താലുള്ള ഗുണം, ഉപന്യാസകൎത്താവിന്നു തന്റെ പ്രസംഗത്തിലെ പ്രാരംഭവാക്യങ്ങൾകൊണ്ടുതന്നെ താൻ പറവാൻ പോകുന്നതെന്താണെന്നു വായനക്കാരെ ഗ്രഹിപ്പിക്കാനും, അതുവഴി അവന്നു് ആ ഉപന്യാസം മുഴുവൻ വായിപ്പാൻ താല്പൎയ്യമുണ്ടാക്കുവാനും കഴിയും, എന്നുള്ളതാകുന്നു.

ഒരു പത്രത്തിന്റെ മുഖപ്രസംഗമെന്നല്ല, ഏതൊരു ഉപന്യാസവും അതിലെ പ്രാരംഭഘട്ടംകൊണ്ടു വായനക്കാരന്റെ മനസ്സിനെ ഹഠാൽ ആകൎഷിപ്പാൻ തക്കവണ്ണം ഒന്നാമത്തെ വാക്യം സാരംകൊണ്ടും ഊൎജ്ജസ്വലതകൊണ്ടും മെച്ചമായിരിക്കണം: ഇതിലേക്കാണു് ഉപന്യാസകൎത്താക്കന്മാർ പ്രത്യേകം ഉത്സാഹിക്കേണ്ടതു്. ഒരു ഉപന്യാസമെന്നതു് സാഹിത്യമഹാൎണ്ണവത്തിൽ ഇറക്കിവിടുന്ന ഒരു ഓടമാണെന്നു വിചാരിക്കാം. ഓടം പണിചെയ്താൽ പിന്നെ, കരയിൽനിന്നു് ഇറക്കിവിടുവാൻ വൈഷമ്യം കുറെയൊന്നുമല്ല. വേലിയേററമിറക്കങ്ങൾ നോക്കി, തിരയുടെ തരംപോലെ ഉന്തിത്തള്ളി വെള്ളത്തിലിറക്കിക്കഴിഞ്ഞാൽ, തിര തിരിച്ചടിച്ചു് കരയ്ക്കു കയററീട്ടില്ലെങ്കിൽ, ഓടം ദുൎഘടം കൂടാതെ ഓടിക്കൊള്ളും. ഒരു വിഷയത്തെക്കുറിച്ചു പറയേണ്ട അഭിപ്രായങ്ങൾ മനസ്സിൽവെച്ചു സ്വരൂപിച്ചു് അവയെ സാഹിത്യക്കടലിൽ പ്രവേശിപ്പിക്കുന്നതിന്നു കരയ്ക്കുനിന്നു് ഇറക്കിവിടുന്ന പ്രാരംഭഘട്ടം സുഗമമായിരുന്നാൽ, ഉപന്യാസം മറുഭാഗങ്ങളിൽ സുഖമായി സഞ്ചരിച്ചുകൊള്ളും. ഇതിലേക്കു, സാഹിത്യരസജ്ഞന്മാർ ഉപന്യാസത്തെ തിരിച്ചടിച്ചു് കരയ്ക്കു കയററി പൊളിച്ചുവിടാതിരിക്കാൻതക്കവണ്ണം, തരംനോക്കിയെഴുതിക്കൊണ്ടാൽ മതി. ഉപന്യാസത്തിലെ ആരംഭത്തിലുള്ള രണ്ടുമൂന്നു

വാക്യങ്ങൾകൊണ്ട വായനക്കാരുടെ മനസ്സിനെ ആകഷിക്കാമെങ്കിൽ, മററു ഭാഗങ്ങൾ മുറയ്ക്കു നടന്നുകൊള്ളും. മഖ്യമായി വേണ്ടതു്, ഉപന്യാസം തുടങ്ങുമ്പോൾത്തന്നെ പ്രതിപാദ്യവിഷയത്തിൽ നേരേകടക്കുക, വാങ്മുഖം ഉപേക്ഷിക്കുക, പ്രതിപാദ്യമായ കാര്യമെന്തെന്നും സ്ഥാപിപ്പാൻ പോകുന്ന അഭിപ്രായമെന്തെന്നുകൂടിയും ഒന്നാംവാക്യംകൊണ്ടുതന്നേ വായനക്കാരനു മനസ്സിലാകുക—ഇതുയുമാകുന്നു എന്നു ചുരുക്കിപ്പറയാം.

ഒരു വിഷയത്തെക്കുറിച്ചു പ്രസംഗിപ്പാൻ വിചാരിക്കുമ്പോൾ താൻ പറയാൻപോകുന്ന അഭിപ്രായങ്ങൾ ഏറെക്കുറെ മററു പലക്കും ഉള്ളതായും, അവർ പറഞ്ഞു കഴിഞ്ഞതായും, കാണും. ഇതിൽ ക്ലേശിപ്പാനെന്തുള്ളൂ? അഞ്ചും മൂന്നും കൂട്ടിച്ചേർത്താൽ ഫലം എട്ടാണെന്നിരിക്കിൽ, ആ സംഗതി സാധാരണക്കാരൊക്കെ അറിഞ്ഞിരിക്കുന്നതിൽ അത്ഭുതപ്പെടാനുമില്ല. എന്നാൽ, ഇങ്ങനെ അഭിപ്രായങ്ങൾക്കു വ്യത്യാസമില്ലാതിരുന്നാലും, അഞ്ചും മൂന്നും കൂട്ടിച്ചേർത്താൽ എട്ടാകുന്നു എന്നു സ്ഥാപിക്കുവാൻ ഓരോരുത്തൻ ഓരോസമ്പ്രദായത്തെ പ്രയോഗിക്കുന്നു; ഇതു്, നന്നായിട്ടോ, ചിത്തയായിട്ടോ, ഇടത്തരമായിട്ടോ പ്രതിപാദിച്ചിരിക്കാം. പ്രതിപാദനരീതികളുള്ള വ്യത്യാസത്തിനു കാരണം അതാതാളുകളുടെ സാമത്ഥ്യവിശേഷത്തിനുള്ള ഏററക്കുറച്ചൽതന്നേ, എന്നു സമ്മതിച്ചേകഴിയൂ. സാധാരണമായി, ഒരു വിഷയത്തെപ്പററി പലേ പത്രങ്ങൾ മുഖപ്രസംഗം ചെയ്യുന്നുണ്ടു്. അവയിലടക്കിയിരിക്കുന്ന അഭിപ്രായങ്ങളെ അപേക്ഷിച്ചേടത്തോളം, പ്രസംഗങ്ങൾക്കു തമ്മിൽ വ്യത്യാസമില്ലെന്നും പറയാം. എന്നാൽ പിന്നെ എന്താണു് ചില പ്രസംഗങ്ങൾ മാത്രം രസകരമായിരിക്കുന്നു എന്നും, വായനക്കാരർ പറയുന്നതു്? ശ്രദ്ധവെച്ചു പണിയെടുത്താൽ ഉപന്യാസം ഒന്നാന്തരമാക്കാമെന്നുള്ള വിചാരം വെറും ഭ്രമമാണെന്നു മനസ്സിലാക്കേണ്ടതാണു്. ശ്രേഷ്ഠനായ ഒരു സാഹിത്യകാരനല്ലാതെ, ശ്രേഷ്ഠമായ ഒരു ഉപന്യാസം രചിക്കുവാൻ മറെറാരാളാൽ കഴികയില്ല. അയാളുടെ സ്വാഭിപ്രായങ്ങളേയോ, മനോഭാവനകളേയോ, അന്യന്മാക്കു ലഭിക്കാത്തതായ സംഗതികളോ പ്രതിപാദിച്ചതുകൊണ്ടല്ലാ ഉപ

ന്യാസം ശ്രേഷ്ഠമായിത്തീൎന്നിട്ടുള്ളതു്. ആ ഉപന്യാസമാകട്ടെ, അയാളുടെ മനസ്സു സാമാന്യേന ഏതേതു കരുവിൽ ഒഴുകിച്ചെന്നു വീണു് ഓരോരോ രൂപങ്ങളെ കൈക്കൊള്ളും എന്നതിൻെറ പ്രകടനം ആകുന്നു എന്നു ധരിക്കണം. ശ്രേഷ്ഠന്മാരായ ഉപന്യാസകൎത്താക്കന്മാരുടെ ഉപന്യാസങ്ങളെ ഓൎമ്മിച്ചുനോക്കുക: അവരുടെ ആശയങ്ങളെയല്ല നാം സ്മരിക്കുന്നതു്; അവരെക്കുറിച്ചു നാം മനസ്സിൽ സങ്കല്പത്താൽ പ്രതിഷ്ഠിച്ചിട്ടുള്ള അവരുടെ ഓരോ സ്വരൂപങ്ങളെ നാം ഓർക്കുന്നു. അവരുടെ ഉപന്യാസങ്ങളിലൊക്കെ അനിൎവ്വചനീയമായ 'എന്തോ ഒന്നു്' ഉണ്ടു്. ഈ 'എന്തോ ഒന്നു്'—ഈ വ്യക്തിത്വം, ഈ ഇന്ദ്രജാലവൈഭവം, ഈ വശീകരണശക്തി—ചിലൎക്കുണ്ടു്; മററുചിലർക്കു് ഇല്ല; ഈ വ്യത്യാസമാണു് ഉപന്യാസങ്ങളുടെ നന്മതിന്മകൾക്കും കാരണം.

ഒരു സംഗതിയേക്കുറിച്ചു പ്രസംഗിക്കേണ്ടതിനു് ഒരു അന്തർഹിതമായ ചൈതന്യം തന്നെ ഇളക്കിമറിക്കുന്നില്ലെങ്കിൽ, ഒരുവനും ആ സംഗതിയേപ്പററി എഴുതാനായിട്ടിരിക്കരുതെന്നാണെനിക്കു പറവാനുള്ളതു്. തൻെറ കൈവശമുള്ള പദങ്ങളെ പ്രദർശിപ്പിക്കാനായി എന്തെങ്കിലും സംഗതികൾ ആ പദങ്ങൾക്കുള്ളിൽ കുട്ടക്കുന്നതുകൊണ്ടു് പ്രയോജനം ഉണ്ടാകുന്നുണ്ടെങ്കിൽ അതു് പത്രപംക്തി നിറയ്ക്കുവാൻ മാത്രമാകുന്നു. ഇത്തരക്കാരാണു് തങ്ങളുടെപക്കലുള്ള ഏതാൻ ചില പദങ്ങളെ തിരിച്ചും മറിച്ചും, മറിച്ചും തിരിച്ചും, ഉപയോഗിച്ചു്, വാക്യങ്ങളെ മിക്കവാറും ഒരേ വിധത്തിൽ തുടങ്ങുകയും ഒരേ വിധത്തിൽ അവസാനിപ്പിക്കുകയും ചെയ്യുന്നതു്. ഇവൎക്കു് ഏതു കാൎയ്യവും 'അഭിലഷണീയ'മോ, 'അനഭിലഷണീയ'മോ, 'ആശാസ്യ'മോ 'അനാശാസ്യ'മോ ആയിരിക്കും; ഏതഭിപ്രായവും, 'സാരഗർഭ'മോ, 'ശ്രദ്ധാർഹ'മോ, 'ആദരണീയ'മോ, 'അഭിനന്ദനീയ'മോ ആയിരിക്കും; ഏതു വാസ്തവവും 'വിസ്മരണീയ'മോ, 'അവിസ്മരണീയ'മോ, 'അവിതൎക്കിത'മോ, 'പ്രത്യേകം പറഞ്ഞേ തീരൂ എന്നില്ലാ'ത്തതോ, 'വ്യസനകര'മോ ആയിരിക്കും. എന്തിനേറെ? ഇവരുടെ മുഖപ്രസംഗങ്ങളിൽ ഒരെണ്ണമെങ്കിലും രചനാവൈചിത്ര്യമുള്ളതായിരിക്കയില്ല. ഇവരുടെ പ്രിയപ്പെട്ട ചില പദങ്ങളും വാചകങ്ങളും 'ഈ

അവസരത്തിൽ പ്രസ്താവിക്കാതിരിക്കാൻ നിവൃത്തിയില്ല,' 'അനുകരണീയമായവിധം പ്രശസ്തതരമായിരിക്കുന്നുണ്ടു്,' 'അനഭാവപൂർവ്വകവും ആക്ഷേപാർഹവുമായ നയം,' 'ആശാസ്യമായ ഭേദഗതികൾ,' 'പ്രത്യേകം പ്രസ്താവയോഗ്യമാണു്,' 'സാർവ്വത്രികമായ അതൃപ്തി,' 'സ്ഥാനം ആശാസ്യമായ ഒന്നായിരിക്കുന്നില്ല,' 'എത്ര പ്രാവശ്യം പറഞ്ഞാലും മതിയാകുന്നതല്ലാ,' 'ഏററവും അത്ഭുതജനകമായിരിക്കുന്നു എന്നു് ഈ അവസരത്തിൽ വീണ്ടും പ്രസ്താവിക്കാതിരിക്കാൻ നിർവ്വാഹമില്ല,' 'അഭിലഷണീയവും ആവശ്യകവുമായ ഒരു കാര്യമാണു്,' 'യാതൊരുത്തരേയും പ്രത്യേകം അറിയിച്ചേ തീരൂ എന്നില്ലാത്ത ഒരു വാസ്തവമാണു്,' 'വർദ്ധനക്കു് പര്യാപ്തങ്ങളായിരിക്കുന്നില്ല,' 'പ്രത്യേകം പറയേണ്ടതില്ല,' 'വളർച്ചയെ തടയുന്നതിനു് പര്യാപ്തങ്ങളായ വ്യവസ്ഥകൾ,' 'അനാശാസ്യവും ആക്ഷേപാർഹവുമായ ഒരു പ്രതിലോമനയം,' 'അനുചിതവും അനാദരണീയവുമായ ഒരു പ്രവൃത്തി,' 'സർവ്വവിദിതമാണു്,' 'അയുക്തവും ആക്ഷേപാർഹവുമാണു്,' 'അനുചിതങ്ങളും അനഭിലഷണീയങ്ങളും ആയ വ്യവസ്ഥ,' 'ഗണ്യതരങ്ങളായ പരിഷ്കാരങ്ങൾ,' 'ഒരുവിധത്തിലും നീതീകരിക്കത്തക്കതല്ല,' 'അഭിപ്രായം ശ്രദ്ധാർഹമായ ഒന്നാണെന്നുള്ളതിനു് സംശയമില്ല,' അവിതർക്കിതമായ ഒരു വാസ്തവം,' 'ഫലം ആശാസ്യമായിരിക്കുന്നുണ്ടു്,' 'അവിസ്മരണീയമായ ഒരു വാസ്തവമാണു്,' 'അനഭിലഷണീയങ്ങളായ വ്യവസ്ഥകൾ,' 'അനഭിലഷണീയമായ വിധം,' 'അനുചിതങ്ങളും, അനഭിലഷണീയങ്ങളുമാണെന്നുള്ള അഭിപ്രായത്തെ മാർജ്ജനം ചെയ്യുന്നതിനു് സാധിക്കയില്ല,' 'നാമാവശേഷങ്ങളാകുന്നു,' 'ഈ അഭിപ്രായം എത്രയും ആദരണീയമാണെന്നു് പ്രത്യേകം പ്രസ്താവിക്കേണ്ടതുണ്ടെന്നു് തോന്നുന്നില്ല'—ഇത്യാദി അനേകം ഉണ്ടു്. ഇവയിൽ ചില പദങ്ങളും വാചകങ്ങളും അടുത്തടുത്ത വാക്യങ്ങളിൽ ഒരേ മട്ടിൽ പ്രയോഗിക്കുന്നതിനുകൂടിയും ഇവർക്കു് മടിയില്ല. ഇതിനിടെ 55 വാക്യങ്ങൾ അടങ്ങിയ ഒരു മുഖപ്രസംഗത്തിൽ, 21 എണ്ണത്തിൽ, 'കാണുന്നു' എന്ന ക്രിയാപദത്തിൻെറ ഒരു രൂപം വാക്യാന്തത്തിൽ പ്രയോഗിച്ചിരിക്കുന്നതായി ഞാൻ കണ്ടു; ഇവ പലതും തൊട്ടുതൊട്ടിരിക്കുന്ന വാക്യങ്ങ

ളിലാണുതാനും! വാക്യങ്ങളുടെ എണ്ണം ക്രമത്തിനു പറയാം: 3–5–6–8–9–10–12–16–19–24–25–29–31–34–35–37–38–42–50–51–54. ഇവയിൽ അവസാനഭാഗങ്ങളിൽ പ്രയോഗിച്ചിരുന്ന ശബ്ദരൂപങ്ങൾ, യഥാക്രമം എഴുതാം:—ആയിക്കാണുന്നു; ആണു കാണുന്നതു്; എന്നും കാണുന്നുണ്ടു്; എന്നു കാണുന്നു; എന്നു കാണുന്നതു്; കാണുന്നു; ആയും കാണുന്നു: കാണാവുന്നതാണു്; ആയും കാണുന്നുണ്ടു്; എന്നു കാണുന്നു; ആയിക്കാണുന്നു; ആയിക്കാണുന്നു; ആയിക്കാണുന്നു; എന്നും കാണുന്നതു്; ആയിക്കാണുന്നതു്; ആയും കാണുന്നു; എന്നു കാണുന്നതു്; ആയിക്കാണുന്നുണ്ടു്; ആയിക്കാണുന്നു; എന്നും കാണുന്നുണ്ടു്; കാണുന്നതു്—ഇപ്രകാരം ഏകരൂപമായി അവസാനിക്കുന്ന വാക്യങ്ങളെക്കൊണ്ടു് ഒരു പ്രസംഗം നിറച്ചാൽ, വായനക്കാർക്കു് നീരസംതോന്നുന്നതിൽ അത്ഭുതമെന്തുള്ളു? വാക്യങ്ങൾക്കു് വൈചിത്ര്യം ഇല്ലെങ്കിൽ, ഉപന്യാസം, വരണ്ടു് കട്ടവെടിച്ചു് കീറിക്കിടക്കുന്ന തറയെന്നവണ്ണമിരിക്കും. അത്തരം താനോക്കിക്കൊണ്ടിരിപ്പാൻ ആർക്കും കൗതുകമുണ്ടാകയില്ല. ഇടയ്ക്കിടെ പല നിറത്തിലുള്ള പൂച്ചെടികൾ നട്ടുനനച്ചു പിടിപ്പിച്ചിരിക്കുന്ന തോട്ടം ആക്കിയാൽ കാണ്മാൻ എത്രയോ സന്തോഷമാണു്.

മുഖപ്രസംഗങ്ങൾ നീട്ടിവലിച്ചെഴുതുന്ന സമ്പ്രദായം ഇപ്പോൾ മാറിത്തുടങ്ങീട്ടുണ്ടു്. ചെറിയചെറിയ ഖണ്ഡികകളെക്കൊണ്ടു പത്രാധിപപ്രസംഗപംക്തി നിറയ്ക്കുകയാണു് ഉത്തമം എന്നൊരഭിപ്രായമുണ്ടു്. എങ്കിലും പൂർവ്വാചാരത്തിൽനിന്നു പിൻതിരിവാൻ എല്ലാവർക്കും സമ്മതമായിട്ടില്ല. എന്നാലും, ഓരോരോ മുഖ്യസംഗതികളെക്കുറിച്ചു സരസവും സാക്ഷിപ്തവുമായ പത്രാധിപക്കുറിപ്പുകൾ എഴുതി വായനക്കാരെ ആകർഷിപ്പാൻ സാമർത്ഥ്യമുള്ളവരെപ്പററിയാണു പത്രനടത്തിപ്പുകാർക്കു് അധികം താല്പര്യമുണ്ടാകുന്നതു്. ഇത്തരം ഖണ്ഡലേഖനങ്ങൾ ഒരേവിഷയത്തെ മാത്രം പ്രതിപാദിച്ചാൽ പോരാ എന്നും, പലേ വിഷയങ്ങളെപ്പററി പറയുന്നവയായിരിക്കണമെന്നും, അറിയേണ്ടതാകുന്നു. എന്നു മാത്രമല്ല; ഇവ സ്വയം വിചാരിച്ചു് എഴുതുന്നവയായിരിക്കണം. ആക്ഷേപം പറയേണ്ടെടത്തു് ആക്ഷേപിക്കുക; ഉത്സാഹിപ്പിക്കേണ്ടെടത്തു് ഉത്സാഹിപ്പിക്കു; ഫലിതമായിരിക്കേണ്ടെടത്തു ഫലിതം

പാറക—ഇങ്ങനെനാനാപ്രകാരമായിരിക്കണം. സ്വകപോലകല്പിതമായ ഉപന്യാസങ്ങൾ എഴുതുവാൻ ഉത്സാഹിക്കുന്നവർ, അവരുടെ അറിവിൽ അപ്പൊഴപ്പോൾ എത്തുന്നതായ ഫലിതകഥകൾ, സാരസംഗതികൾ, വിശേഷസംഭവങ്ങൾ എന്നിതുകളൊക്കെ ഒരു പുസ്തകത്തിൽ കുറിച്ചു സൂക്ഷിച്ചുവെച്ചിരുന്നാൽ, ലേഖനങ്ങളിൽ യഥോചിതം കൂട്ടിച്ചേർപ്പാൻ പ്രയോജനപ്പെടും; ലേഖനവിഷയങ്ങളെ ഫലിതകഥകൾകൊണ്ടു ദൃഷ്ടാന്തപ്പെടുത്തിയെഴുതുന്നതു പലപ്പോഴും കൗതുകകരമായിരിക്കമാറുണ്ടു്. സാരസങ്കരമായ ഇത്തരം പുസ്തകം പില്ക്കാലത്തു വിലയേറിയ രത്നാകരമായും ഉപകാരപ്പെടും.

പത്രാധിപരുടെ പണികളിൽ ഒന്നു ഗ്രന്ഥനിരൂപണമാണു്. അഭിപ്രായം പറവാനായി ഓരോരുത്തർ അയയ്ക്കുന്ന പുസ്തകങ്ങളുടെ ഗുണദോഷങ്ങൾ നിരൂപിക്കുവാൻ പത്രക്കാരൻ സമർത്ഥനായിരിക്കണം. നിരൂപണംചെയ്വാൻ പത്രാധിപക്കു സമയമോ സൗകര്യമോ ഇല്ലെന്നിരിക്കിൽ, അതിലേയ്ക്കു പ്രത്യേകം മിടുക്കുള്ള ലേഖകന്മാരെക്കൊണ്ടു്, ആ ആവശ്യം നിർവ്വഹിക്കാറുണ്ടെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. എങ്ങനെയായാലും, ഗ്രന്ഥങ്ങളെ നിരൂപിക്കുന്നതുകൊണ്ടു പത്രത്തിനു വിശേഷഗുണമുണ്ടാകും. വായനക്കാർ ഭിന്നരുചികളായിരിക്കുമ്പോൾ, സാഹിത്യത്തിൽ കൗതുകമുള്ളവരും അവരുടെ കൂട്ടത്തിൽ ഉണ്ടാവാം. അവരുടെ ഹിതത്തിനായും, ഭാഷാഭിവൃദ്ധിക്കായിട്ടും, ഗ്രന്ഥനിരൂപണം ആവശ്യകവും ഉചിതവുമാകുന്നു. എന്നാൽ, വർത്തമാനപത്രങ്ങളിൽ പുസ്തകാഭിപ്രായം പറയുന്നതു് സാഹിത്യവിഷയങ്ങളെ പ്രത്യേകമായി പ്രതിപാദിക്കുന്ന പത്രഗ്രന്ഥങ്ങളിലോ പത്രങ്ങളിലോ നിരൂപണം ചെയ്യുന്നതിന്നൊപ്പം സവിസ്തരമായിരിക്കേണ്ട; ചുരുക്കത്തിൽ പറഞ്ഞാൽ മതി. പുസ്തകത്തെപ്പറ്റി വായനക്കാരുടെ കണ്മുമ്പിൽ വെയ്ക്കേണ്ട പ്രധാനപ്പെട്ട സംഗതികൾമാത്രം സംഗ്രഹിച്ചിരിക്കയാണു് ആവശ്യമായ കാര്യം. ഇങ്ങനെയിരുന്നാലും ഭാഷയ്ക്കും ജനസമുദായത്തിന്നും, രാജ്യക്ഷേമത്തിന്നും അഭിവൃദ്ധി വരാൻ ഉപയോഗപ്പെടുന്ന ഗ്രന്ഥങ്ങളെ ക്ഷുദ്രകൃതികളിൽനിന്നു വേർതിരിച്ചറിവാനും, അവയ്ക്കു പ്രചാരംവരുത്തുവാനും, അവയിൽ ന്യൂനതകൾ ഉണ്ടെങ്കിൽ ചൂണ്ടിക്കാണിപ്പാനും നിരൂപ

ണകർത്താവു സാഹിത്യകുശലനായിരിക്കണം. ഗ്രന്ഥകർത്താവിന്റെ പേരുമാത്രം നോക്കിക്കൊണ്ടു് ഒരു കൃതിയെ പ്രശംസിക്കയോ, നിന്ദിക്കയോ ചെയ്യുന്നതുകൊണ്ടു യാതൊരു ഉപകാരവും ലോകൎക്കു സിദ്ധിക്കയില്ല; അങ്ങനെ ചെയ്യുന്നതു യുക്തിഭ്രമത്തിന്നു് ഉദാഹരണമായിരിക്കുംതാനും. ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയത്തെയും, സാഹിത്യരചനാഗുണദോഷങ്ങളെയും വേണം നിരൂപിപ്പാൻ. ഇതിന്നുപകരം പുസ്തകത്തിൻെറ'മുഖവുര'യിൽനിന്നു് ഏതാൻ സംഗതികളെ ഗ്രഹിച്ചുകൊണ്ടു മുഖവുരയിലെ വാക്യങ്ങളെത്തന്നെ തട്ടിയടച്ചുവാൎത്തു് അഭിപ്രായമെഴുതുന്ന സമ്പ്രദായം തീരെ ജുഗുപ്സിതമായിട്ടുള്ളതാകുന്നു. ഈ വിഷയത്തെപ്പററി കൂടുതൽ വിവരങ്ങൾ മുൻ ഒരു അദ്ധ്യായത്തിൽ എഴുതീട്ടുള്ളതിനാൽ ഇവിടെ ആവൎത്തിക്കുന്നില്ല.

അദ്ധ്യായം പന്ത്രണ്ട്

## പലവക

ഒരു പത്രകാര്യാലയത്തിൽ പണിയേററിരിക്കുന്ന വൃത്താന്തനിവേദകൻെറ പ്രതിഫലം ചെറിയ തുകയായിരിപ്പാനാണു സംഗതിയുള്ളതെങ്കിലും, അവന്നു മററുവഴിക്ക് ആദായം ഉണ്ടാക്കുവാൻ സൗകര്യമുണ്ട്. തൻെറ പത്രത്തിലേക്കായി ശേഖരിക്കുന്ന വർത്തമാനങ്ങൾ മററു പത്രങ്ങൾക്കും ഉപയോഗപ്പെടുത്തുവാൻ കഴിയുന്നതാണല്ലോ. അന്യദിക്കുകളിൽനിന്നു പുറപ്പെടുന്ന പത്രങ്ങൾക്കു ലേഖനങ്ങളയക്കുവാനോ, പ്രതിദിനപ്പത്രങ്ങളിലേക്കു വർത്തമാനങ്ങൾ എഴുതിക്കൊടുപ്പാനോ അവന്നു സാധിക്കുന്നതാണു്. ഇവക്കു് പ്രത്യേകം ആദായവും ലഭിക്കും. എന്നാൽ, ഈ ഏർപ്പാട് സർവ്വസാമാന്യമായി ആദരിക്കപ്പെട്ടുമാറില്ല. ഒരുവൻ ഏതൊരു പത്രത്തിൻെറ അധീനതയിൽ പണിയെടുക്കുന്നുവോ, ആ പത്രം പുറപ്പെടുന്ന സ്ഥലത്തുതന്നെയോ, അയൽദേശത്തോ ഉള്ള പത്രങ്ങൾക്കു്, അവൻ സഹായിക്കരുതെന്നു് ഒരു നിബന്ധനയുണ്ട്. കിടമത്സരമുള്ള പത്രങ്ങളായിരുന്നാൽ, ഇതു നിഷ്കർഷമായി അനുഷ്ഠിക്കേണ്ടുന്നതുമാണു്. അകലേനിന്നു് പുറപ്പെടുന്നവക്കു് ലേഖനങ്ങൾ എഴുതുന്ന കാര്യത്തിൽ അവനെ വിരോധിക്കാറില്ലാ. പ്രതിദിനപ്പത്രങ്ങൾക്കു് വർത്തകളെഴുതി അയച്ചാൽ അവ സ്വീകരിച്ചു പ്രസിദ്ധപ്പെടുത്തുന്നവരെല്ലാക്കെ പ്രതിഫലം നല്കുന്നതാണു്. ഇംഗ്ലാണ്ടിൽ,വരി ഒന്നിനു് രണ്ടണവീതം കിട്ടുവാൻ മാർഗ്ഗമുണ്ട്; സാധാരണ ഒരണവീതമാണു് പ്രതിഫലം കൊടുക്കാറുള്ളതു്. മററു പത്രങ്ങൾക്കു് ലേഖനങ്ങളെഴുതിക്കൊടുക്കുന്നതിന്നു് വേറെ ആദായം ലഭിക്കുന്നതാണു്. പത്രങ്ങൾക്കു് ലേഖനങ്ങൾ അയക്കുവാൻ ഉത്സാഹിക്കുമ്പോൾ, അവൻ നോക്കേണ്ടതു്, ആ പത്രങ്ങൾക്കു് ഏതേതു വിഷയങ്ങളിലാണു് അധികം താല്പര്യമുള്ളതെന്നാകുന്നു. പത്രങ്ങളുടെ അഭിരുചിയും നയവും അറിഞ്ഞു് അതിന്നൊത്തു് എഴുതിക്കൊണ്ടാൽ, അത്തരം ലേഖനങ്ങൾക്കു് പ്രതിഫലം കിട്ടി

ക്കൊള്ളും. ഒരുവൻ പുതിയതായിട്ടാണു് ഒരു റിപ്പോൎട്ടർ സ്ഥാനത്തു വന്നതെങ്കിൽ, തന്റെ മുൻവാഴ്ച്ചക്കാരൻ ഏതേതു പത്രങ്ങളിലേയ്ക്കു് ലേഖനങ്ങൾ അയച്ചിരുന്നു എന്നു് അന്വേഷിച്ചറിഞ്ഞു്, ആ പത്രങ്ങളുമായി ഏൎപ്പാടുചെയ്യാൻ ശ്രമിക്കണം. ഇങ്ങനെ വാരംപ്രതിയോ, രണ്ടാഴ്ചയിലൊരിക്കലോ, ലേഖനങ്ങളയച്ചുകൊടുക്കുന്നതിന്നു് ഒരു മാസത്തെക്കോ, മൂന്നു മാസത്തെക്കോ, ആറുമാസം കൂടുമ്പോഴോ, ഒരു കൊല്ലത്തെക്കോ ഇത്രയിത്ര പ്രതിഫലം നൽകുമെന്നു വ്യവസ്ഥയുണ്ടായിരിക്കും. എന്നാൽ, അയയ്ക്കുന്ന വകയിൽ സ്വീകരിച്ചവയ്ക്കു വരിയെണ്ണി പ്രതിഫലംകൊടുക്കുന്ന വ്യവസ്ഥ ഭാഗ്യാധീനമെന്നേ പറവാനുള്ളു. ഈ വിഷയത്തിൽ ലേഖകൻ കുറെയേറെ മുൻകരുതലുള്ളവനായിരിക്കണം. താൻ അയയ്ക്കുന്ന വാൎത്തകൾ ഒരു പത്രം സ്വീകരിക്കത്തക്കതായിരിപ്പാൻ കരുതീട്ടില്ലെങ്കിൽ അവന്നു തപ്പാൽകൂലിയോ, ചിലപ്പോൾ കമ്പിച്ചെലവോ നഷ്ടമായിത്തീരുന്നതിന്നുംപുറമെ, ആദായം ഒന്നും ലഭിച്ചില്ലെന്നുംവരാം. ഒരേ വാൎത്തകൾതന്നെ ഒന്നിലധികം പത്രങ്ങൾക്കു കൊടുത്താൽ, അവയിൽ ഒന്നോ അധികമോ പത്രങ്ങൾ സ്വീകരിച്ചുവെന്നു വരും; ഈ സംഗതിയിൽ അവന്നു നഷ്ടം ഉണ്ടായിരിക്കയില്ല. എന്നാൽ, ചില പത്രങ്ങൾക്കു് അതതു സ്ഥലങ്ങളിൽ പ്രത്യേകമായി സ്വന്തം ലേഖകന്മാരുള്ളതിനാലും, വൎത്തമാനങ്ങൾ ശേഖരിച്ചു് എത്തിപ്പാൻ പ്രത്യേകം സംഘങ്ങൾ ഏൎപ്പെട്ടിട്ടുള്ളതിനാലും, ഇതിലൊന്നിലും ബന്ധമില്ലാത്ത ലേഖകന്നു ഭാഗ്യം പരീക്ഷിപ്പാൻ സൗകൎയ്യം ചുരുങ്ങും. 'റൂട്ടരുടെ കമ്പി' എന്നിങ്ങനെ ചില സംഘക്കാർ പ്രത്യേകവ്യവസ്ഥയിൽ കമ്പിവഴി വാൎത്തയയയ്ക്കുന്നതു വായനക്കാർ അറിഞ്ഞിരിപ്പാനിടയുണ്ടു്. ഇത്തരം സംഘക്കാൎക്കു ലോകത്തിൽ പലേ ദിക്കുകളിലും പ്രതിനിധികൾ ഉണ്ടു്. അതതു ദിക്കിൽ നടക്കുന്ന വിശേഷവാൎത്തകളെ പ്രതിനിധികൾ ഉടനടൻ അറിയിച്ചുകൊടുക്കുന്നതുകൊണ്ടു് അവരുടെ കൈയ്ക്കൽ എത്താത്തതോ, അവർ വിട്ടുപോയതോ ആയ വാൎത്തകൾ മാത്രം യഥോചിതം അയച്ചുകൊടുക്കുവാൻ ശ്രദ്ധവെയ്ക്കുകയാണു് മററു ലേഖകന്മാർ ചെയ്യേണ്ടിയിരിക്കുന്നതു്. വാൎത്തകൾ എഴുതി തപാലിൽ അയയ്ക്കുന്നതിലുമധികം പണച്ചെലവു കമ്പി

വഴി അയയ്ക്കുന്നതിനാകയാൽ, ഇതിൽ കുറേക്കൂടി ശ്രദ്ധ വേണ്ടതാണ്. ഒരേ കമ്പിവാൎത്തയെ ഒന്നിലധികം പത്രങ്ങൾക്കയപ്പാൻ പ്രത്യേകം സൗജന്യമായ കൂലിനിരക്കുണ്ട്. ഒന്നാമത്തേതിന്നു മുഴക്കൂലി കൊടുത്താൽ പിന്നെ ഓരോ ഇരട്ടിക്കും ചുരുങ്ങിയ തുക പകുതിക്കൂലിയേ വേണ്ടിയിരിക്കു. ആകയാൽ ഒന്നിലധികം പത്രങ്ങൾക്കു കമ്പി അയയ്ക്കുന്നതുകൊണ്ട്, ഏതെങ്കിലുമൊരു പത്രം സ്വീകരിച്ചു പ്രതിഫലം കൊടുത്തുവെന്നു വരും. പക്ഷേ, എല്ലാ പത്രങ്ങളും സ്വീകരിക്കയും അവ ഓരോന്നും വെവ്വേറെ ആദായം നൽകുകയും ചെയ്യു എന്നും വരാം. ഇന്നയിന്ന പത്രങ്ങൾക്കു് ഇന്നയിന്ന സംഗതികളെപ്പററിയുള്ള വാൎത്തകൾ സ്വീകാൎയ്യങ്ങളായിരിക്കുമെന്നു് അറിഞ്ഞിരുന്നാൽ, പ്രതിദിനപത്രങ്ങളിലേക്കയയ്ക്കുന്ന കമ്പികൾക്കു പുറമേ ചില പ്രതിവാരപത്രങ്ങൾക്കു വിശേഷലേഖനങ്ങളയച്ചു് ആദായമുണ്ടാക്കാനും കഴിയുന്നതാണ്. കമ്പി അയയ്ക്കുന്നകാര്യത്തിൽ, പത്രാധിപരുമായി മുൻകൂട്ടി ഏൎപ്പാടുചെയ്യുന്നതു് ഏറെ ഉത്തമം. ഇന്ന സംഗതിയെക്കുറിച്ചു് ഇത്ര പംക്തി കമ്പിവാൎത്ത അയച്ചുതരുക എന്നു് ഒരു പത്രാധിപർ സമ്മതിച്ചിരുന്നാൽ കമ്പിവാൎത്ത അയച്ചുകൊടുക്കുക; അതു പ്രസിദ്ധപ്പെടുത്തിയാലും ഇല്ലെങ്കിലും, പ്രതിഫലം അയച്ചുതരും. ഇങ്ങനെ പല പത്രങ്ങൾക്കു പല പ്രകാരത്തിലുള്ള കമ്പി അയയ്ക്കേണ്ടിയിരുന്നാൽ, പ്രസംഗങ്ങൾ ചുരുക്കെഴുത്തിൽ കുറിച്ചെടുക്കുമ്പോൾ സാരഭാഗങ്ങളെ പ്രത്യേകം അടയാളപ്പെടുത്തിക്കൊള്ളുന്ന സമ്പ്രദായം സൗകൎയ്യസമ്പാദകമായിരിക്കും. ഓരോ വിധത്തിലേയ്ക്കുവേണ്ടതു് ഓരോ പ്രകാരത്തിൽ അടയാളപ്പെടുത്തുന്നതായാൽ, തീരെ ശ്രമംകൂടാതെ ഒരേ കാലത്തുതന്നെ എല്ലാററിന്നും കമ്പി അയയ്ക്കുവാൻ സാധിക്കും. പ്രതിഫലത്തിന്നുപുറമെ, കമ്പി അയയ്ക്കുന്നവക ചെലവും പത്രാധികാരി തരും. ചിലപ്പോൾ, അകാലങ്ങളിൽ കമ്പി അയയ്ക്കേണ്ടിവന്നാൽ വിശേഷാൽക്കൂലി കൊടുക്കേണ്ടിവന്നേയ്ക്കും; അതും പത്രാധികാരിയുടെ കൈയ്ക്കൽനിന്നു കിട്ടും. ഈ കാൎയ്യങ്ങളൊക്കെ ഇംഗ്ലീഷ് പത്രങ്ങളുടെ വിഷയത്തിൽ ഉള്ളവയാണ്; മലയാളപത്രങ്ങൾക്കു് ഇതിലേയ്ക്കുള്ള ഭാഗ്യം ഇപ്പോൾ ഉണ്ടായിട്ടില്ല; മേലിൽ ഉണ്ടാകുമെന്നു് ആശിക്കാം.

പത്രങ്ങൾക്കു ലേഖനങ്ങൾ എഴുതിക്കൊടുക്കുന്നവർ രണ്ടിനമായി പിരിയുന്നു എന്നു പറഞ്ഞിട്ടുണ്ടല്ലോ: ഒന്നു്, പത്രകാൎയ്യാലയത്തിൽത്തന്നെ, മാസപ്പടിക്കാരായി പണിയെടുക്കുന്നവർ; മററൊന്നു്, ഇങ്ങനെ പത്രകാൎയ്യാലയത്തിൽ ഇരുന്നു പണിയെടുക്കാത്തവരായും, പത്രത്തിനു ലേഖനമെഴുതി സഹായിച്ചു് അതിന്നുമാത്രമുള്ള പ്രതിഫലം വാങ്ങിക്കൊള്ളുന്നവരായും ഉള്ള എഴുത്തുകാരർ. ഈ രണ്ടാമിനക്കാൎക്കു വൈതനികൻ എന്നൎത്ഥമാകുന്ന 'ഫ്രീലാൻസ്'' എന്നു് ഇംഗ്ലീഷിൽ പേരുവിളിക്കുന്നു. ഈ നില ഒരുപ്രകാരത്തിൽ സ്വതന്ത്രമാണെങ്കിലും, ഇത്തരക്കാൎക്കു തങ്ങളുടെ പ്രയത്നത്തിനു് എന്തെങ്കിലും പ്രതിഫലം കിട്ടുവാൻ സാമാന്യത്തിലധികം ശ്രദ്ധവെച്ചുകൊണ്ടിരിക്കേണ്ടതുണ്ടു്. താൻ എഴുതിക്കൊടുക്കുന്ന ലേഖനങ്ങൾക്കു ന്യായമായി കിട്ടാവുന്ന പ്രതിഫലം മേടിച്ചുകൊണ്ടിരിക്കാമെന്നു കരുതുന്നവർ അറിഞ്ഞുനടക്കേണ്ട ചില കാൎയ്യങ്ങളുണ്ടു്. ഒന്നാമതു്, താൻ എഴുതാൻ പുറപ്പെടുംമുമ്പു തന്റെ ചരക്കു വില്ക്കേണ്ടിയ അങ്ങാടി ഏതെന്നു ചിന്തിക്കുക. എത്രവളരെ ബുദ്ധിശാലിയായിരുന്നാലും, പട്ടിണികിടക്കാൻ ആഗ്രഹമില്ലെന്നിരിക്കിൽ, ഈ മാൎഗ്ഗം അവലംബിച്ചേ തീരു. മുഖപ്രസംഗമോ, കഥയോ, മററുവല്ല വിശിഷ്ടോപന്യാസമോ എഴുതിത്തയ്യാറാക്കിവെച്ചുകൊണ്ടു് ഏതു പത്രത്തിലെക്കയയ്ക്കേണ്ടു എന്നു നിശ്ചയമില്ലാതെ, ആദ്യം മനസ്സിൽ തോന്നിയ ഒരു പത്രത്തിനു് അയച്ചുകൊടുക്കുകയും, അതു് ഉപേക്ഷിച്ചാൽ പിന്നെ മററു പത്രങ്ങളെ തേടിപ്പോകയും, ഒടുവിൽ ഏതെങ്കിലുമൊരു പത്രത്തിൽ സ്വീകരിക്കയും ചെയ്യുന്ന സമ്പ്രദായം ശ്ലാഘ്യമാണെന്നു വിചാരിച്ചുകൂടാ. അനിശ്ചിതമായ ഒരു മാൎഗ്ഗത്തെ ആശ്രയിക്കയാണോ നല്ലതു്? ഏതുമാൎഗ്ഗമാണു വേണ്ടതെന്നു മുൻകൂട്ടി നിൎണ്ണയപ്പെടുത്താൻ കഴികയില്ല, പണം കിട്ടാൻ വൈകുമെങ്കിൽ പട്ടിണി കിടന്നുകളയാം—എന്നു സമാധാനപ്പെടുന്നപക്ഷം, പട്ടിണികിടപ്പാൻ അത്രയേറെ സാമൎത്ഥ്യം ലേശവും ആവശ്യമില്ലെന്നു് ഓൎക്കണം. അതിനാൽ, താൻ ചെയ്യുന്ന പ്രവൃത്തിക്കു കഴിയുന്നതും നേരത്തേ പ്രതിഫലം കിട്ടേണമെന്നാഗ്രഹിക്കുന്നുവെങ്കിൽ, വാണിഭത്തിനു തക്കതായ അങ്ങാടി അറിയേണ്ടതാവശ്യം.

അങ്ങാടിയിൽ പലമാതിരി സാധനങ്ങൾ വില്പാനും വാങ്ങാനും ആളുകൾ ചെല്ലുന്നുണ്ട്; വാങ്ങാനാവശ്യക്കാരായവരിൽ ആരെങ്കിലുമൊരാൾ വാങ്ങത്തക്കതായ ഒരു സാധനം നിർമ്മിച്ചുകൊണ്ടുചെന്നാൽ അതിന്നു ഉടനടി വിലയുംകിട്ടും. ഏതു പത്രത്തിലേയ്ക്കു ലേഖനമയപ്പാൻ വിചാരിക്കുന്നുവോ ആ പത്രത്തിൻെറ മുൻലക്കങ്ങൾ വായിച്ചുനോക്കി അതിലേയ്ക്കു ഏതുമാതിരി ലേഖനങ്ങൾ പററും എന്നു നിർണ്ണയിക്കണം. എന്നിട്ടുവേണം, അതിലേയ്ക്കു ലേഖനമെഴുതി അയപ്പാൻ. 'ഫ്രീലാൻസു'കാരൻ (വൈതനികൻ) അറിഞ്ഞുനടക്കേണ്ട രണ്ടാമത്തെ കാര്യം ഇതാണു: അങ്ങാടിയിൽ വില്ക്കാൻ കൊണ്ടുചെല്ലേണ്ട സാധനങ്ങൾക്കു എത്രമേൽ 'ജാത്യം' വേണമെന്നു നിഷ്കർഷയുണ്ടോ, അത്രമേൽ ജാത്യപ്പെട്ടുത്തുവാൻ ഉത്സാഹിക്കുക. ലേഖനങ്ങൾ തിരുത്തിയും, ഭേദഗതിചെയ്തും, കൂട്ടതൽ കാര്യം ചേർത്തും പുതുക്കിയെഴുതി, തേച്ചുമിനുക്കി, ലേഖനകത്താവുതന്നെ തൃപ്തിപ്പെടണം; കുറിക്കുതന്നെ കൊള്ളിച്ചുവെങ്കിൽ പിന്നെ ദുശ്ശങ്കകൾക്കവകാശമില്ല. മൂന്നാമതായി തന്റെ പ്രവൃത്തിയിൽ മൂന്നുനാലു മാസകാലത്തെങ്കിലും ചൊടിത്തത്തോടുകൂടിയിരിക്കയും, തൻെറ മേലാലത്തെ കാര്യങ്ങൾക്കു യോഗ്യമായ നടവടിക്രമം ശീലിക്കയും ചെയ്യണം. വൈതനികനായിരുന്നു പത്രപ്രവൎത്തനത്തിൽ ശീലിപ്പാൻ തലച്ചോറുമാത്രം പോരാ എന്നും നടത്തക്കൂടെ ആവശ്യം എന്നും അറിയണം. ഇതിലേയ്ക്കു, പ്രാരംഭകാലങ്ങളിൽ കൂട്ടർകൂടി നടക്കാതെയും, സമയം പാഴായിക്കളയാതെയുമിരിക്കേണ്ടതാണു; അന്യന്മാരുമായി പരിചയപ്പെട്ടതുകൊണ്ടു വിശേഷാൽ ഗുണമുണ്ടാകയില്ല; അവരെപ്പററിയ അറിവുകൊണ്ടല്ലോ തന്നെയും തൻെറ പ്രാപ്തിയെയുംപററിയ അറിവുകൊണ്ടാണു തന്റെ പ്രവൃത്തിക്കു ഗുണമുണ്ടാവുന്നതു്. നിങ്ങൾക്കില്ലാത്ത പ്രാപ്തി മറ്റൊരുവനാൽ ഉണ്ടാക്കിത്തരാൻ കഴികയില്ലെന്നറിയുക. നാലാമതായി, പത്രത്തിൻെറ അധിപരെപ്പററി ചിന്തിക്കുക: പത്രാധിപന്മാൎക്കു മനുഷ്യസാധാരണമായ ന്യൂനതകൾ പലതും ഉണ്ടാവാം; അവരുടെ നയവും ഹിതവും, അറിഞ്ഞിരുന്നാൽ അവരുടെ അപ്രീതി സമ്പാദിക്കാതെ കഴിക്കാം. ലേഖനങ്ങൾ നല്ല കൈപ്പടയിൽ വൃത്തിയായി എഴുതിയിരുന്നാൽ, അവ

വായിച്ചുനോക്കാനിരിക്കുന്ന പത്രാധിപൎക്കു മനസ്സു മടുക്കുകയില്ല. പിന്നെ, ചില പത്രകാൎയ്യാലയങ്ങളിൽ കിട്ടുന്നപകൎപ്പുകൾ ചിലപ്പോൾ കണ്ടില്ലെന്നു വന്നേക്കും. ഈ നിലയിൽ ലേഖനകൎത്താവിന്നു് ഇച്ഛാഭംഗവും നേരിടും: ആകയാൽ, വിശിഷ്ട ലേഖനങ്ങൾക്കു തൽകൎത്താക്കന്മാരുടെ കൈവശം ഒരു പകൎപ്പു വെച്ചുകൊള്ളുന്നതു് ഉത്തമം. വൈതനികൻ അവശ്യം ചെയ്യേണ്ട മറെറാരു കാൎയ്യം, ദിവസംതോറും രാത്രി ഉറങ്ങാൻ പോകുംമുമ്പു്, പിറെറന്നാൾ താൻ ചെയ്യാൻ വിചാരിക്കുന്ന പ്രവൃത്തികൾക്കു് ഒരു ഓൎമ്മക്കുറിപ്പു് എഴുതിവെക്കുകയാണു്. തനിക്കു യഥാശക്തി ചെയ്തുതീൎക്കാൻ കഴിയുന്ന പ്രവൃത്തികളേ വേണ്ടൂ; അസാദ്ധ്യമായവ ആവശ്യമില്ല. അത്രയുമല്ല, ഒരു പത്രത്തിലേക്കു ലേഖനമയപ്പാൻ ഒരുങ്ങുമ്പോൾ, ആ പത്രത്തിന്റെ നടപടിപ്രകാരം ആവശ്യപ്പെടുന്നുണ്ടെങ്കിലല്ലാതെ, ഒരിക്കലും, താൻ ഇന്നയിന്നതെഴുതി അയക്കുന്നതു സ്വീകരിക്കുമോ എന്നു്, മുൻകൂട്ടി പത്രാധിപൎക്കെഴുതി സമ്മതം ചോദിക്കരുതു്; ലേഖനമയച്ചുംകൊണ്ടു് അതൊന്നിച്ചു് ഒരു കത്തയക്കേണ്ടതിന്നുള്ളതും ചെയ്താൽ മതി. പത്രാധിപൎക്കു നിങ്ങൾ എന്തെഴുതാൻ വിചാരിക്കുന്നു എന്നറിയേണ്ട ആവശ്യമില്ല; നിങ്ങളെഴുതി അയക്കുന്ന ലേഖനം സ്വീകാരയോഗ്യമോ എന്നു നിൎണ്ണയിപ്പാൻ വായിച്ചുനോക്കേണ്ട ആവശ്യമേയുള്ളൂ. ഏതൊരു കാൎയ്യവും പത്രഭാരവാഹിയായ പത്രാധിപരോടോ പത്രമാനേജരോടോ ഉടമസ്ഥരോടോ നേരിട്ടു ചോദിക്കയല്ലാതെ, താണതരക്കാരായ ജീവനക്കാരോടു ചോദിക്കരുതു്.

പത്രക്കാർ അവശ്യം അനുഷ്ഠിക്കേണ്ടതായ ചില നീതികളെപ്പററി പറയുംമുമ്പു്, ലേഖകന്മാർ വൃത്താന്തസംഭരണപ്രവൃത്തിയിൽ അറിഞ്ഞു നടക്കേണ്ട ചില മാർഗ്ഗങ്ങൾ ഉള്ളവ പ്രസ്താവിക്കാം. ഒരു സംഗതിയെപ്പററി റിപ്പോർട്ടു് തെയ്യാറാക്കുമ്പോൾ, എന്തൊക്കെയാണു് അതിൽ ഉൾപ്പെടുത്തിയിരിക്കേണ്ടതു്? ഏതു ക്രമത്തിനനുസരിച്ചാണു് എഴുതേണ്ടതു്? ഇവയിൽ ചില വിവരങ്ങൾ മുമ്പു സൂചിപ്പിച്ചിട്ടുണ്ടു്. എന്നാൽ, സാധാരണ, പ്രദർശനം, പന്തുകളി, കല്യാണം മുതലായ സംഗതികളെപ്പററി ചില സൂചനങ്ങൾ അറിഞ്ഞിരിക്കാനുണ്ടു്.

ഒരു റിപ്പോർട്ടറെ മേല്പറഞ്ഞ വല്ല കാര്യത്തിനായും നിയോഗിച്ചിരുന്നാൽ, അയാൾ ആദ്യമായി ചെയ്യേണ്ടതു്, അതു സംബന്ധിച്ച മുൻകൂട്ടി ലഭിക്കാവുന്നെടത്തോളം വിവരങ്ങൾ അറിയുകയാണു്. പത്രത്തിന്റെ മുൻലക്കങ്ങളിൽ അതിനെപ്പററി പ്രസ്താവിച്ചിരുന്നാൽ, അതൊക്കെ വായിച്ചു മനസ്സിലാക്കണം. അതില്ലെങ്കിൽ, അതിലെ നടപടിവിവരങ്ങൾക്കു വ്യവസ്ഥാപത്രം തെയ്യാറാക്കിയിരുന്നാൽ, അതിലൊരു പ്രതി മേടിച്ചു വിവരങ്ങൾ ഗ്രഹിക്കണം. ഒരു സംഗതിയെപ്പററി ഏതൊക്കെ നിലകളിൽനിന്നു നോക്കി അറിയേണമോ അതൊക്കെ നടത്തിയിട്ടുവേണം റിപ്പോർട്ടു് എഴുതുവാൻ.

കായികാഭ്യാസക്കളികൾ, പന്തുകളി മുതലായവയെപ്പറ്റി റിപ്പോർട്ടു തെയ്യാറാക്കേണ്ടിയിരുന്നാൽ, മുമ്പത്തെ കുറി എന്തൊക്കെ, എങ്ങനെ, നടന്നിരുന്നു എന്നു പത്രത്തിന്റെ മുൻലക്കങ്ങൾ വായിച്ചു മനസ്സിലാക്കുക. ഓരോവക കളികളും ഇന്നയിന്ന സമയങ്ങളിൽ നടന്നു, ഇന്ന ആളുകൾ ജയിച്ചു, ഇന്ന ആളുകൾചേർന്നു യോഗ്യതാനിർണ്ണയം ചെയ്തു, ഇന്നയിന്ന സമ്മാനങ്ങൾ നിശ്ചയിച്ചു എന്നിവയെല്ലാം എഴുതണം. എല്ലാ മുഖ്യവിവരങ്ങളും അടക്കിയിരിക്കേണ്ടതാവശ്യം; കളിക്കാരിൽ പ്രഖ്യാതന്മാരായി ആരെങ്കിലുമുണ്ടായിരുന്നാൽ അവരുടെ പേരുവിവരവും പറയണം. ഓരോ കളിക്കും അതിന്നു പ്രത്യേകമായ പേരുകൾ ഉണ്ടായിരിക്കും: ഇവയെ ശരിയായി മനസ്സിലാക്കിയിരിക്കണം. കളിയെപ്പററി എഴുതുമ്പോൾ, കളിക്കാർ ഉപയോഗിക്കുന്ന സാങ്കേതികപദങ്ങൾ പ്രയോഗിക്കുന്നതിന്നുപകരം ലേഖകന്നു തോന്നിയെഴുതിയാൽ, റിപ്പോർട്ടു നിഷ്പ്രയോജനമായിത്തീരും.

കൃഷിപ്രദർശനത്തിൽ പലേ കൗതുകകരമായ സംഗതികളുണ്ടു്. മുമ്പത്തെ കുറി നടന്ന പ്രദർശനത്തിന്റെ വിവരങ്ങൾ പത്രത്തിൽ പ്രസ്താവിച്ചിരുന്നുവെങ്കിൽ, അവ വായിച്ചു നോക്കുക. കാഴ്ചസ്സാധനങ്ങൾ, സമ്മാനവിവരങ്ങൾ, മുതലായവയെപ്പററി വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ, അതു കുറിച്ചെടുക്കുക. പ്രദർശനശാലയിൽ കാലേകൂട്ടി എത്തുക: സ്വാഗതവചനങ്ങളൊ മുദ്രാവാക്യങ്ങളൊ എഴുതിപ്പററിച്ചിരുന്നാൽ, അതുകൾ കുറിച്ചെടുക്കുക: പിന്നെ, നേരേ,

പ്രദർശനകാര്യദർശിയുടെ അടുക്കലേക്കു പോവുക; കാഴ്ചസ്സാധനവിവരങ്ങൾക്കും മററും പട്ടിക തെയ്യാറാക്കിയിരുന്നാൽ ഒരുപ്രതി വാങ്ങുക. കഴിഞ്ഞകൊല്ലങ്ങളിലെ പ്രദർശനങ്ങളെ അപേക്ഷിച്ച് ഇപ്പോഴത്തെത്ത് എത്ര വ്യത്യാസപ്പെട്ടിട്ടുണ്ടെന്നു കാര്യദർശിയോടു ചോദിച്ചറിക. ഇതു നിർണ്ണയിപ്പാൻ കണക്കുകളുണ്ടെങ്കിൽ, കുറിച്ചെടുക്കുക. ഏതേതു വകുപ്പുകളിൽ അഭിവൃദ്ധിയുണ്ടായിട്ടുണ്ടെന്നും, ഏതേതിൽ താഴ്ചയാണെന്നും, ഇവയുടെ കാരണമെന്തെന്നും അന്വേഷിക്ക. കാഴ്ചപ്പന്തലിൽ ചുററിനടന്നു് ഓരോ ഭാഗത്തും കാണുന്ന വ്യവസ്ഥകളുടെ വിവരങ്ങൾ കുറിക്കുക. ഓരോ വകുപ്പും വിസ്തരിച്ചെഴുതാനാണു വിചാരമെങ്കിൽ, അതതു വകുപ്പിൻെറ പ്രമതലക്കാരെക്കണ്ടു വേണ്ടവിവരങ്ങൾ ചോദിച്ചറികയും, വിശേഷസമ്മാനങ്ങൾക്കു യോഗ്യതയുള്ള ഇരുക്കളുടെ വിവരങ്ങൾ കുറിച്ചെടുക്കയും ചെയ്ക. കാഴ്ചസ്സാധനപട്ടികയിൽ സമ്മാനാർഹമായ ഓരോന്നിനെയും അടയാളപ്പെടുത്തുക. വിശേഷസമ്മാനങ്ങൾ കൊടുത്തുകഴിയുമ്പോൾ, സമ്മാനംകിട്ടിയവരുടെ പേരുവിവരങ്ങളും, മുമ്പ് എവിടെവെച്ചെങ്കിലും സമ്മാനം ലഭിച്ചിരുന്നാൽ ആ വിവരവും ചോദിച്ചു കുറിച്ചെടുക്കണം. കാഴ്ച ഒരുദിവസംകൊണ്ടു കഴിഞ്ഞിട്ടില്ലെന്നിരിക്കിൽ, അടുത്ത ദിവസത്തെക്കുള്ളതൊക്കെ എന്താണെന്നു സൂചനം ചെയ്ക. ഈ വേലകളിൽ ചിലതു മററു പത്രറിപ്പോർട്ടർമാരുമായി പങ്കിട്ടുചെയ്യാവുന്നതും, തമ്മിൽ വിവരങ്ങൾ കൈമാററാവുന്നതുമാകുന്നു. വേണ്ടതെല്ലാം കുറിച്ചെടുത്തതിന്റെശേഷം, താഴെപ്പറയുന്നക്രമത്തിൽ റിപ്പോർട്ടെഴുതുക: പ്രസ്താവന; സ്ഥാപനത്തിൻെറ പേരു്, ചരിത്രം, അഭിവൃദ്ധി; കാര്യനിർവ്വാഹകന്മാരുടെ പേരുവിവരം; സമ്മാനത്തുക; വിശേഷസമ്മാനങ്ങൾ; മുൻകൊല്ലങ്ങളെ അപേക്ഷിച്ചു കാഴ്ചസ്സാധനങ്ങളിലും മററും ഉണ്ടായിട്ടുള്ള വർദ്ധന; പ്രദർശനം കാണ്മാൻ എത്തുന്നവരെ സല്ക്കരിക്കുന്നതിനായി ചെയ്തിട്ടുള്ള വ്യവസ്ഥകൾ; കാലാവസ്ഥ; പ്രാരംഭസമയം കാഴ്ചക്കാരായി കൂടിയവരുടെ സംഖ്യ; കാഴ്ചസ്ഥലത്തിൻെറ വർണ്ണനം; ഓരോ വകുപ്പിൻെറയും വർണ്ണന—ആടു്, മാടു്, കുതിര, പോത്തു്, പന്നി, കോഴി, കൃഷിക്കോപ്പുകൾ, ധാന്യങ്ങൾ മുതലായ വകു

ച്ചുകളൊക്കെ വർണ്ണിക്കണം—വിശ്രമകരഭോജനം, പ്രസംഗങ്ങൾ, ഇവയുണ്ടെങ്കിൽ മാത്രം. വിശേഷിച്ചു വല്ല കായികാഭ്യാസങ്ങളൊ കളികളൊ ഉണ്ടായിരുന്നാൽ അവ, പകൽ വെയിലൊ മഴയൊ മൂടലൊ എങ്ങനെയായിരുന്നു എന്നു്; ആകെ കൂടിയ കാഴ്ചക്കാരുടെ എണ്ണം; പ്രവേശനം അനുവദിക്കയാൽ കിട്ടിയ ആദായം; സമ്മാനവിവരങ്ങൾ. ഈ സമ്പ്രദായങ്ങൾതന്നെ മററു കാഴ്ചവേലറിപ്പോർട്ടുകൾക്കും പാററുന്നതാണു്.

വിവാഹാഘോഷങ്ങൾക്കു വധൂവരന്മാരെയും അവരുടെ കുടുംബങ്ങളുടെ ചരിത്രങ്ങളെയുംപററി മുൻകൂട്ടിത്തന്നെ വിവരങ്ങൾ ശേഖരിച്ചിരിക്കേണ്ടതാണു്. ഇതിന്നുംപുറമെ, വിവാഹം എവിടെവെച്ചു നടത്തുന്നു; വിവാഹത്തിന്നുള്ള ഒരുക്കങ്ങൾ എന്തൊക്കെ; പ്രമാണികൾ ആരൊക്കെ ഹാജരായി; സദ്യയുടെ വിഭവങ്ങൾ എങ്ങനെ; ഇപ്രകാരം പല വിവരങ്ങളും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കണം.

സംസ്ഥാനഭരണാധിപന്മാർ മുതലായ മഹാപ്രസിദ്ധജനങ്ങളുടെ ആഗമനാഘോഷങ്ങളുണ്ടായാൽ, അതുസംബന്ധിച്ച നടപടിക്രമപത്രങ്ങൾ മുൻകൂട്ടി നിർവ്വാഹകസംഘക്കാരോടു മേടിക്കുക; മംഗളപത്രങ്ങൾ സമർപ്പിക്കുന്നുണ്ടെങ്കിൽ അവയുടെ പകർപ്പുകൾ സമ്പാദിക്കുക; പ്രവേശനത്തിനു പ്രത്യേകം അനുവാദം വേണ്ടിയിരുന്നാൽ അതും മേടിച്ചിരിക്കുക; ആഘോഷങ്ങളിൽ ഉണ്ടാകുന്ന വിശേഷങ്ങളെല്ലാം കുറിക്കുക ഇത്രയും അത്യാവശ്യമാണു്.

അഗ്നിബാധ, കൊലപാതകം, തീവണ്ടി അപകടം, ലഹള മുതലായവയിൽ പൊലീസുകാരുടെ സഹായംകൂടാതെ കഴികയില്ല. ഒരു വീടു് വെന്താൽ; അതു് ആരുടേതു്, ആർ പാർത്തിരുന്നു, എന്തു സാമാനങ്ങൾ നശിച്ചു, നഷ്ടം എത്ര വരും, വല്ല ബീമഉടമ്പടികളും ഉണ്ടോ, എന്നൊക്കെയുള്ള വിവരങ്ങൾ പൊലീസുകാരിൽനിന്നു് ലഭിക്കും. പിന്നെ, തീകെടുത്തുന്നതിനു് അധികൃതന്മാരും ജനങ്ങളും ചെയ്ത യത്നങ്ങൾ എന്തായിരുന്നു എന്നും വർണ്ണിക്കണം. കൊലപാതകസംഗതിയിൽ വിവരങ്ങൾ അറിവാൻ പൊലീസുകാരെയും, കൊല

ചെയ്യപ്പെട്ട ആളുടെ ബന്ധുക്കളെയും, ഭൃത്യന്മാരെയും, അയൽക്കാരെയും കണ്ട് വിവരങ്ങൾ ചോദിച്ചറിയണം. കൊലപാതകക്രിയയെക്കുറിച്ചും, കുററക്കാരനായി പിടിച്ചിരിക്കുന്നവനെക്കുറിച്ചും, കൊലചെയ്യപ്പെട്ട ആളെക്കുറിച്ചും സാക്ഷ്യം പറയാൻ കഴിയുന്നവരായി ആരെല്ലാമുണ്ടെന്ന് അറിവുകിട്ടുന്നപക്ഷം, അതുപറയണം. എന്നാൽ, തെളിവിൽവരാത്ത യാതൊരു സംഗതിയും ഉറപ്പിച്ചുപറയരുതു്. തീവണ്ടിഅപകടമായിരുന്നാൽ, ഏതു വണ്ടിക്കാണു് ആപത്തുപററിയതു്, ആ വണ്ടി മുൻസ്റ്റേഷനിൽനിന്നു് എപ്പോൾ പുറപ്പെട്ടു, അപകടം പററിയതു് ഏതു സ്ഥലത്തുവെച്ചു്, അവിടെ ഏതു സമയം എത്തേണ്ടതായിരുന്നു, എന്നു് അന്വേഷിച്ചറിയണം. അപകടത്തിൻെറ കാരണം, ഫലം, എന്നിവയെപ്പററി, യാത്രക്കാരോടു ചോദിച്ചറിയണം. സമീപത്തു് തീവണ്ടിപ്പാതവേലക്കാരുണ്ടായിരുന്നാൽ അവരോടും ചോദിച്ചറിയുക. അപകടസംഭവത്തെപ്പററി എത്രയും വിവരമായും, ആദിമുതൽ അവസാനംവരെ യാതൊരു സംഗതിയും വിടാതെയും എഴുതേണ്ടതാവശ്യമാകുന്നു. ലഹളകളെ സംബന്ധിച്ചും പൊലീസുകാരോടു വിവരങ്ങൾ അന്വേഷിച്ചറിക. ലഹള നടക്കുന്ന സ്ഥലം, കാലം, ആൾക്കൂട്ടം, അക്രമപ്രവൃത്തികൾ, ഫലങ്ങൾ എന്നിവയെല്ലാം എഴുതിയിരിക്കേണ്ടതാകുന്നു. ഇക്കാര്യങ്ങളിലൊക്കെയും, വത്തമാനങ്ങൾ ശേഖരിപ്പാൻപോകുന്ന പത്രക്കാരനു് അസാമാന്യമായ ബുദ്ധികൗശലവും നയോപായവും ഉണ്ടായിരിക്കണം. അവന്നു് ഏതു ഭാഗത്തുനിന്നാണോ വിവരങ്ങൾ കിട്ടേണ്ടതു് ആ ഭാഗത്തുതന്നെ അവൻ എത്തിച്ചേന്നിരിക്കണം. മററുള്ള ജനങ്ങൾ അറിയുംമുമ്പു് വിവരങ്ങൾ ഗ്രഹിക്കയും, ഉപായത്തിൽ ആ സ്ഥലംവിട്ടു് അതിശീഘ്രം പത്രത്തിലേക്കു് റിപ്പോർട്ടു് കൊടുക്കയും വേണം. ഇതിലേക്കു്, പത്രക്കാരൻ സക്കാരുദ്യോഗസ്ഥന്മാരോടും പൊതുജനകാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഇതരന്മാരോടും വിശ്വാസ്യനായി ഇടപഴകേണ്ടതുമാണു്.

സഭായോഗങ്ങൾ മുതലായവക്കു് റിപ്പോർട്ടർ കൃത്യസമയത്തിന്നുമുമ്പുതന്നെ എത്തിയിരിക്കേണ്ടതുകൂടാതെ, ആവശ്യപ്പെട്ട ഉപകരണങ്ങളും കരുതിയിരിക്കണം. എഴുതുവാൻ പേനു

യെക്കാൾ സൗകര്യപ്പെടുന്നതു് പെൻസിലാണു്. പ്രസംഗങ്ങൾ കുറിച്ചെടുക്കുന്നതിനു്, രണ്ടോ മൂന്നോ പെൻസിൽ, ഇരുതലയും ചെത്തിക്കൂർമ്പിച്ചു് കരുതിവെയ്ക്കണം. കുറിക്കാനുള്ള പുസ്തകങ്ങൾ കൈയിലടങ്ങത്തക്കവയായിരിക്കണം; നീളവും വീതിയും അധികമായുള്ളവ ശല്യകാരണമായിത്തോന്നും. പ്രസംഗങ്ങൾ കുറിക്കുമ്പോൾ, മുൻവാചകത്തിൻെറ അന്ത്യഭാഗം വിടാതെയും ഓർമ്മവെച്ചുംവേണം അടുത്തവാചകമെഴുതുവാൻ. ചിലപ്പോൾ ഇരുട്ടത്തിരുന്നു് കുറിക്കേണ്ടതായി വരും: ആ അവസരങ്ങളിൽ വരികൾ ഒന്നിനുമേൽ ഒന്നു് എഴുതാതിരിപ്പാൻ, ഇടത്തുകൈവിരൽകൊണ്ടു് വരിയുടെ ആരംഭമെവിടെയെന്നു് ലക്ഷ്യപ്പെടുത്തിക്കൊള്ളാവുന്നതാണു്.

ഒരു പത്രത്തിൻെറ റിപ്പോർട്ടർ മററു പത്രങ്ങളുടെ റിപ്പോർട്ടർമാരുമായി സഹോദരസ്നേഹത്തോടുകൂടിയിരിക്കേണ്ടതു് മുഖ്യമായ ആവശ്യമാണു്. ഒരേദിവസം പ്രസിദ്ധപ്പെടുത്തുന്ന ഒന്നിലധികം പത്രങ്ങളുടെ റിപ്പോർട്ടർമാർ ഒരു സഭായോഗത്തിൻെറയോ മറേറാ വിവരങ്ങൾക്കു് റിപ്പോർട്ടു് എഴുതാൻ വന്നിരുന്നാൽ, അവരിൽ ഒരാളുടെ പക്കൽ വളരെ മുഖ്യമായ ഒരു രേഖ കിട്ടുന്നപക്ഷം, അതു മററുള്ളവർക്കു് കാണ്മാനോ പകർത്തെടുക്കാനോ കൊടുക്കാതെ, തൻെറ പത്രത്തിലേയ്ക്കായി കൊണ്ടുപോകുന്ന സമ്പ്രദായം കിടമത്സരത്താൽ അനുവദിക്കപ്പെട്ടമായിരുന്നാലും, സാമാന്യേന ആദരണീയമല്ല. പത്രക്കാർ എല്ലാവരും ഒരേ ഉദ്ദേശ്യത്തിനായിട്ടാണല്ലോ വേലചെയ്യേണ്ടതു്. ലോകക്ഷേമാർത്ഥം വേലചെയ്യുമ്പോൾ, ഒരാൾ മറെറാരുവനെ പിന്നിൽ നിറുത്തേണമെന്നില്ല. സമഷ്ടിയായി പ്രവർത്തിച്ചാൽ, വളരെ കാര്യങ്ങൾ നിഷ്പ്രയാസം സാധിക്കാൻ കഴിയുന്നതുമാണു്. പത്രക്കാർ തമ്മിലുള്ള ‘സൗഭ്രാത്രം’ അല്ലെങ്കിൽ സൗഹാർദ്ദം ഇപ്പോൾ വർദ്ധിച്ചുവരുകയാണു്. ഒരു യോഗത്തിൽ നടക്കുന്ന പ്രസംഗം വളരെ ദീർഘമായിരിക്കുമ്പോൾ, പല പത്രങ്ങളുടെയും റിപ്പോർട്ടർമാർ ഒത്തുചേൎന്നു്, ഓരോരുത്തൻ ഓരോ ഘട്ടം കുറിക്കയും, മറെറാരുവൻ അതു വെച്ചുംകൊണ്ടു കമ്പിവാർത്തയെഴുതുകയും മറ്റൊരുവൻ റിപ്പോർട്ടു് തെയ്യാറാക്കുകയും ചെയ്യുന്നതു് ഇപ്പോൾ നടപ്പായിത്തീൎന്നിട്ടുണ്ടു്.

പത്രാധിപർ തുടങ്ങി വൃത്താന്തലേഖകൻവരേയുള്ള പല ഇനം പത്രക്കാരരൊക്കെയും ഒരേപ്രകാരത്തിൽ അനുഷ്ഠിക്കേണ്ടതായ ചില സദാചാരതത്ത്വങ്ങൾ ഉണ്ടു്. ഇവയിൽ ഒന്നു്, അന്യന്മാരോടു് ന്യായ്യബുദ്ധിയായിരിക്കണമെന്നുള്ളതാകുന്നു. ഒരു ലേഖനത്തിൽ ആരെപ്പററി പറയുന്നുവോ ആ ആളെ നിഷ്കാരണമായി വേദനപ്പെടുത്തുവാൻ യത്നിക്കരുതു്. ആ ആൾ ദുഷ്ടത പ്രവൎത്തിച്ചിരുന്നാൽ അതു പറയാം; വിരോധമില്ല: അയാൾ ദുഷ്ടത പ്രവൎത്തിച്ചിട്ടില്ലെന്നിരുന്നാൽ, അയാളുടെമേൽ വൃഥാദോഷാരോപം ചെയ്യരുതു്. വിശേഷിച്ചും, കക്ഷിവഴക്കുകൾ ഉള്ള സന്ദൎഭങ്ങളിൽ, ഒരുവനെ അന്യായമായി നിന്ദിക്കയോ, മറെറാരുവനെ അനൎഹമായി സ്തുതിക്കയോ ചെയ്യുന്നതു് സത്യത്തിന്നും നീതിക്കും വിപരീതമാണു്; ചിലപ്പോൾ, പത്രക്കാരൻ ശത്രുക്കളുടെ ദ്വേഷത്തിൽ കുടുങ്ങാനുമിടയാകും. എന്നാൽ താൻ പറയുന്നതു് സത്യത്തിന്നു് അനുസരണമായിരുന്നാൽ, അതു നിമിത്തം ഉണ്ടാകുന്ന ശത്രുക്കളെ ഗണ്യമാക്കേണ്ടതില്ല. സദാചാരകാൎയ്യമായ മറെറാന്നു്, എപ്പോഴും, ബുദ്ധിസ്ഥൈൎയ്യത്തോടുകൂടിയിരിക്കുകയാകുന്നു. ഇതിൻെറ അൎത്ഥം, ബുദ്ധിക്കു് വിപ്ലവം ഉണ്ടാക്കുന്നതായ യാതൊന്നും സേവിക്കരുതെന്നാണു്. പത്രക്കാരൻെറ പണി വളരെ ക്ലേശകരമാണെന്നിരിക്കയാൽ, ക്ലേശങ്ങൾ അറിയാതെയിരിക്കുന്നതിനുവേണ്ടി, ലഹരിദ്രവ്യങ്ങൾ സേവിക്കുന്നതു നല്ലതാണെന്നു ചിലർ കരുതുമാറുണ്ടു്. മദ്യസേവകൊണ്ടു്, ബുദ്ധിശക്തിക്കു ക്ഷയംതട്ടുന്നതും, ഗുണാഗുണനിൎണ്ണയം ചെയ്വാൻ സാദ്ധ്യമല്ലാതെയാകുന്നതുമാണു്. പത്രക്കാരൻ ഏകാഗ്രചിത്തനായിരുന്നു തൻെറ പ്രവൃത്തിയെ ഒരു ന്യായാധിപനൊപ്പം നടത്തേണ്ടവനാകയാൽ, ന്യായാന്യായവിചാരണശക്തിയെ ശിഥിലമാക്കുന്ന ദുശ്ശീലങ്ങൾക്കു് വഴിപ്പെട്ടുകൂടാത്തതാകുന്നു. ഇവയെല്ലാററിനുംമീതെ നില്ക്കുന്ന ഒരു സദാചാരകാൎയ്യമാണു് കൈക്കൂലിയെസംബന്ധിച്ചുള്ളതു്. തൻെറ ദൂഷ്യങ്ങളെ മറയ്ക്കുവാനോ, എതിരാളിയെ മറിക്കുവാനോ, തനിക്കില്ലാത്തതായ ഗുണങ്ങളെ ഉള്ളതാക്കി സ്തുതിപ്പാനോ, അന്യൻെറമേൽ ദോഷം ആരോപിപ്പാനോ, പത്രക്കാരന്നു് കൈ

ക്കൂലി കൊടുത്താൽ സാദ്ധ്യമാകും എന്നു് വിചാരിക്കുന്നവർ ഉണ്ടു്. ഇങ്ങനെ വിചാരിക്കുവാൻ പത്രക്കാരർ ചിലർ സംഗതിയുണ്ടാക്കാറുമുണ്ടു്. കൈക്കൂലി പലതരത്തിലാവാം. ഒരു സക്കാരുദ്യോഗസ്ഥന്റെയോ, പ്രഭാവശാലിയായ മറ്റൊരുവന്റെയോ സംഗതിയിൽ, പത്രക്കാരനു് പണം കൊടുക്കുന്നതായ്വരാം; അവന്റെ സ്വന്തംകാൎയ്യങ്ങൾ ഫലപ്പെടുത്തിക്കൊടുക്കുന്നതായ്വരാം; അവനു് ആദായമുണ്ടാക്കത്തക്ക പണികൾ ഏല്പിച്ചുകൊടുക്കുന്നതായ്വരാം; കൂലികിട്ടുന്നതായുള്ള സക്കാർവക പരസ്യങ്ങൾ അവന്റെ പത്രത്തിലേക്കയച്ചുകൊടുക്കുന്നതായ്വരാം; ചിലപ്പോൾ പത്രക്കാരനു് സാപ്പാട്ടം 'കൈമടക്കു' കളും കൊടുക്കുന്നതായ്വരാം; ചിലപ്പോൾ, അവനു് വീരശൃംഖലയോ, മോതിരമോ, വളയോ സമ്മാനമായിട്ടു് കൊടുപ്പിക്കുന്നതായ്വരാം; ചിലപ്പോൾ, അവനെ സക്കാരുദ്യോഗസ്ഥന്റെ ഒപ്പം കൊണ്ടുനടക്കുന്നതായ്വരാം. ഇപ്രകാരമുള്ള കൈക്കൂലി കൊണ്ടു് പത്രക്കാരരെ പാട്ടിലാക്കി, പൊതുജനകാൎയ്യങ്ങൾ, ജനതയുടെ ഹിതത്തിന്നു വിപരീതമായി, പ്രവൎത്തിപ്പിക്കുന്നവരും, അതിന്നായി ആഗ്രഹിക്കുന്നവരും മലയാളരാജ്യങ്ങളിൽ സാധാരണമാണെന്നു് പറയുന്നതു നിശ്ശേഷം അവാസ്തവമല്ലാ. ജനങ്ങൾ പത്രക്കാരനെ തങ്ങളുടെ പ്രതിനിധിയായി കരുതി വിശ്വസിക്കുന്നു; പത്രക്കാരനു് അവരുടെ വിശ്വാസത്തെ ലംഘിക്കാതെ നടത്തേണ്ടതിന്നു് കടമപ്പെട്ടിരിക്കുന്നു. അവൻ, പണാദായത്തെ കൊതിച്ചു്, ജനഹിതത്തിന്നു് വിപരീതമായി ജനദ്രോഹികളായവരോടു ചേൎന്നു്, കൈക്കൂലി മേടിച്ചു് ജനവഞ്ചനചെയ്യുമ്പോൾ, പത്രധൎമ്മത്തിന്നും ജനങ്ങൾക്കും ലോകക്ഷേമത്തിന്നും ദ്രോഹം ചെയ്യുന്നവനായിത്തീരുന്നു. പണമോഹത്താൽ ദുരാത്മാക്കളുടെ വലയിൽ കുടുങ്ങി, പൊതുജനവിശ്വാസഘാതം ചെയ്തു്, ജനങ്ങളാൽ നിന്ദിക്കപ്പെട്ടിട്ടു്, ഒടുവിൽ ദുഃഖിക്കാൻ സംഗതി വന്നിട്ടുള്ള ഒന്നിലധികം പത്രക്കാരുടെ കഥ മലയാളികളായ പത്രവായനക്കാർ അറിഞ്ഞിരിപ്പാൻ ഇടയുണ്ടു്. ഇത്തരക്കാർ പത്രത്തിന്റെ മഹത്തായ പദവിയെ കളങ്കപ്പെടുത്തുകയും, ലോകത്തിൽ അധൎമ്മത്തിന്നും അധൎമ്മികൾക്കും വളരുവാൻ സൗകൎയ്യമുണ്ടാക്കിക്കൊടുക്കുകയും ചെയ്യുന്നവരാണു്. പൊതുജനങ്ങളുടെ അഭിപ്രായ

ത്തിന്നും ഹിതത്തിന്നും വിരോധമായി നടക്കാതിരിക്കാനാണു് പത്രപ്രവൎത്തകന്മാർ ശ്രദ്ധവെയ്ക്കേണ്ടതു്.

പത്രസ്വാമിയായ ഉടമസ്ഥൻെറ നില എന്തായിരിക്കണം? അയാളും പത്രാധിപരും തമ്മിൽ ഏതുവിധം പെരുമാറണം? പത്രാധിപർ ഉടമസ്ഥരുടെ ആജ്ഞകളെ ശിരസാവഹിച്ചു നടത്തേണ്ടവൻ മാത്രമോ? പത്രത്തിൽ പ്രതിബിംബിപ്പിക്കേണ്ടതു് പത്രാധിപരുടെ അഭിപ്രായമോ, ഉടമസ്ഥരുടേതോ? പത്രാധിപർ എപ്പൊഴും പൊതുജനങ്ങളുടെ ഹിതത്തിനായി കരുതിപ്രവൎത്തിക്കേണ്ടവനാണു്. പൊതുജനങ്ങൾക്കു് ഇന്നതു ദോഷമെന്നും ഇന്നതു ഗുണമെന്നും അവൎക്കഭിപ്രായമുണ്ടെങ്കിൽ അതിനെ പ്രതിഫലിപ്പിക്കേണ്ടതത്രേ പത്രാധിപരുടെ കടമ; ഈ സംഗതിയിൽ ഉടമസ്ഥനു് എങ്ങനെയോ അഭിപ്രായമുണ്ടായിരുന്നോട്ടെ; അയാളുടെ അഭിപ്രായം ഗണ്യമല്ലെങ്കിൽ തള്ളിക്കളയണം. എന്നാൽ, പത്രാധിപരുടെ ആഗ്രഹം പൊതുജനഹിതത്തിനും പൊതുജനാഭിപ്രായത്തിനും പ്രതികൂലമായിരുന്നാലോ, അയാൾ സ്വേച്ഛാചാരിയായി തൻെറ ഇഷ്ടം നടത്തരുതു്. അങ്ങനെ നടത്തിയാൽ, വായനക്കാർക്കു് പത്രത്തിൻെറപേരിൽ അതൃപ്തി തോന്നുവാനും, പത്രത്തിനു് ഇടിച്ചലുണ്ടാവാനും സംഗതിയാവും. ആകയാൽ, പത്രാധിപർ പത്രത്തിൻെറ അഭ്യുദയത്തെക്കൂടി നോക്കിവേണം തൻെറ പ്രവൃത്തി നടത്താൻ. പൊതുജനങ്ങളുടെ ഹിതത്തെയും അഭിപ്രായത്തെയും അനുഗമിക്കുന്നതോടുകൂടി, അവരുടെ അഭിപ്രായത്തെ വരുംകാലത്തേയ്ക്കു യോജിക്കത്തക്കവണ്ണം സ്വരൂപിപ്പാനും പത്രാധിപൎക്കു കഴിയണം; അയാൾ ഏകദേശം ഒരു ദിഗ്ദൎശിയെന്നോണം വേണം പൊതുജനകാൎയ്യങ്ങളിൽ ജനങ്ങളെ ഉപദേശിക്കുവാൻ. ഈ സ്ഥിതിക്കു പത്രാധിപർ ഒരിക്കലും ഉടമസ്ഥരുടെ ആജ്ഞാകരനായിരിക്കരുതു്. ഇങ്ങനെ ആജ്ഞാപിക്കുവാൻതന്നെയും ഉടമസ്ഥന്മാൎക്കു യോഗ്യത എന്തുള്ളൂ? കുറെ പണം കൈക്കലിരുന്നതു പത്രം നടത്താനായി മുടക്കിയിട്ടു് എന്നോ, അച്ചുകൂടം തൻെറ വകയായി നടത്തുന്നു എന്നോ, മറേറാ സംഗതികളെ ആധാരമാക്കിക്കൊണ്ടു പത്രത്തിൻെറ ഉടമസ്ഥനെന്നു ഞെളിയുന്നവരുണ്ടു്; ഇത്തരക്കാർക്കു് എങ്ങനെയും പണമുണ്ടാക്കണമെന്നു

മോഹമായിരിക്കുമ്പോൾ, പത്രങ്ങൾക്കു സ്വാതന്ത്ര്യം എവിടെയുണ്ടാകാൻപോകുന്നു? പത്രനടത്തിപ്പുകാരൻ സ്വതന്ത്രനായിത്തന്നെ കഴിഞ്ഞുകൂട്ടുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, താപസനായിരിക്കേണ്ടിവരും; എന്നിരുന്നോട്ടെ. എങ്കിലും, പത്രംകൊണ്ടു സമുദായത്തിലും, രാജ്യകാൎയ്യങ്ങളിലും, സ്വാൎത്ഥങ്ങൾ നേടിക്കൊള്ളാം എന്നു കരുതുന്നവരെ അതിലേയ്ക്കു് അനുവദിക്കേണമോ? സൎക്കാർകാൎയ്യങ്ങളിൽ ഉദ്യോഗക്കയററം മുതലായ പ്രസാദങ്ങൾ ലഭിപ്പാനായി ശ്രമിക്കുന്നവൎക്കും, സാഹിത്യകാൎയ്യങ്ങളിൽ താൻ കേമനെന്നും തൻെറ കൃതികൾ നിൎദ്ദോഷങ്ങളെന്നും കൊട്ടിഘോഷിപ്പാൻ ആഗ്രഹിക്കുന്നവൎക്കും, ഇപ്രകാരം മററു പലേ കൃത്രിമക്കാൎക്കും പത്രം സഹായമായിരുന്നാൽ, പൊതുജനഹിതമെവിടെ നില്ക്കും? ഉടമസ്ഥൻ എന്റെ ഇഷ്ടനാണു്, ഞാൻ അപേക്ഷിക്കുമ്പോലെ പത്രത്തിൽ പ്രസ്താവിക്കും,—എന്നും മററും അന്യനൊരുവനു വിചാരം ഉണ്ടാവാൻ തക്കവണ്ണം പത്രഉടമസ്ഥൻ അന്യന്മാരോടു കൂട്ടുകൂടരുതു്; വിശേഷിച്ചും, രാജ്യകാൎയ്യങ്ങളിൽ ഇടപ്പെട്ടിരിക്കുന്നവരുമായി ഇങ്ങനത്തെ സഖ്യമേ യുക്തമല്ല. പത്രക്കാരൻെറ കൎത്തവ്യങ്ങളിലൊന്നു വൎത്തമാനങ്ങൾ ശേഖരിച്ചു പ്രസിദ്ധപ്പെടുത്തുവാനാണു്; രാജ്യകാൎയ്യങ്ങളിൽ ഏൎപ്പെട്ടിരിക്കുന്ന ചിലക്കു ചില വാൎത്തകൾ പത്രത്തിൽ പ്രസിദ്ധപ്പെടുത്തരുതെന്നു് ഉൾക്കണ്ഠയുണ്ടായിരിക്കും; അതു സാധിപ്പാൻവേണ്ടി അവർ പത്രക്കാരനെ പാട്ടിൽ വെയ്ക്കും; ഏറിവന്നാൽ, കൈക്കൂലിയും കൊടുക്കും. ഉടമസ്ഥൻ ഇതിൽ അടിമപ്പെട്ടാൽ, അയാളുടെ പത്രംകൊണ്ടു് എന്താണു പൊതുജനോപകാരം? അയാൾ ബഹുജനങ്ങൾ അറിയേണ്ടിയ വൎത്തമാനങ്ങളെ മറച്ചുവെയ്ക്കുകനിമിത്തം അവരെ വഞ്ചിക്കുകയല്ലേ ചെയ്യുന്നതു്? ഇതിലുമപ്പുറം, അയാൾ ഒരു സൎക്കാർ ഉദ്യോഗസ്ഥന്റേയോ, രാജ്യകാൎയ്യപ്രസക്തൻെറയോ സേവയ്ക്കു നിന്നു വാസ്തവത്തിനു വിരുദ്ധമായ പ്രകാരം പ്രസ്താവിച്ചാലുള്ള വഞ്ചന എത്രയോ വലുതാണു്. ഇനി മറെറാരു ദൂഷ്യമുണ്ടു്. പത്രഉടമസ്ഥൻ, 'ക്ലബ്ബ്' എന്നു പറയുന്ന വിനോദവിശ്രമസംഘങ്ങളിൽ അംഗമായി ചേൎന്നു് ആ വഴിക്കും ദൂഷിതനാവാനിടയുണ്ടു്. പത്രത്തിൻെറ ശക്തിയെത്രയേറെയോ, അത്രയേറെ ഉൗക്കോടുകൂടിയായിരിക്കും പത്ര

ത്തിൽ പറയുന്ന ആക്ഷേപങ്ങൾ ഓരോരുത്തരുടെ മേൽ തറയ്ക്കുന്നതു്. ഇത്തരം അനുഭവം ഒഴിച്ചുവെപ്പാൻ ഉദ്യോഗസ്ഥന്മാർ തുടങ്ങിയവർ പത്രഉടമസ്ഥന്റെ ഇഷ്ടം സമ്പാദിക്കുന്നതിനു ക്ലബ്ബിൽ കൂട്ടുകയും, ഉടമസ്ഥനെ വശീകരിക്കയും ചെയ്യും. ഉടമസ്ഥൻ ഈ കെണിയിൽ കുടുങ്ങാതിരിക്കണം; അതിലേയ്ക്കു് ഉത്തമമായ ഉപായം സംഘത്തിൽ അംഗമായിച്ചേരാതിരിക്കുകതന്നെയാണു്. പത്രക്കാരൻ വെടിയേണ്ട മറ്റൊരു കാൎയ്യമുണ്ടു്: പണക്കച്ചവടക്കാരായും, റബ്ബർക്കമ്പനി മുതലായ കൂട്ടുവ്യാപാരക്കാരായും, നേരിട്ടോ, മററു പ്രകാരത്തിലോ, യാതൊരു സഖ്യവും അരുതു്; അത്തരം വ്യാപാരങ്ങളിൽ ചേൎന്നു നടക്കയുമരുതു്.

ഇവയൊക്കെ നടപ്പില്ലാത്ത നിബന്ധനകളാണെന്നു ചിലൎക്കു തോന്നിയേക്കാം; സാധിപ്പാനും പ്രയാസമാവാം. എങ്കിലും തൊഴിലിന്റെ പവിത്രതയെ പാലിപ്പാൻ അത്യന്താപേക്ഷിതമായ ഇക്കാൎയ്യത്തിൽ പത്രക്കാരന്നു് എന്തുതന്നെ കഷ്ടപ്പാടുകൾ നേരിട്ടാലും, അവനു പൊതുജനക്ഷേമത്തെ കരുതി പ്രവൎത്തിച്ചു എന്നു കൃതാൎത്ഥനാകുവാൻ അവകാശമുണ്ടു്. അവന്റെ പുരുഷാൎത്ഥങ്ങൾ സത്യം, ന്യായം, നീതി എന്ന ധൎമ്മത്രയം ആയിരിക്കും: ഇതിങ്കൽ അവന്നു് ഈശ്വരസഹായം ഉണ്ടായിരിക്കുമെന്ന വിശ്വാസം ധൎമ്മഭക്തിയെ വർദ്ധിപ്പിച്ചു ധൈൎയ്യം നൽകുന്നതും; അവനു ക്ലേശപാശബന്ധത്തിൽനിന്നു മോക്ഷം സിദ്ധിക്കുന്നതുമാകുന്നു.

# അനുബന്ധം

## 1. നവീനശൃംഖല*

ഹിമാലയപർവ്വതത്തിൻെറ പ്രാന്തങ്ങൾതുടങ്ങി തെക്കേ അററത്തു് കന്യാകുമാരിവരെയുള്ള ഭാരതഭൂഖണ്ഡം ഇപ്പോൾ അത്ഭുതപൂർവ്വമായ ഒരു നവീനാവസ്ഥയെ പ്രാപിച്ചിരിക്കുന്നു. ഹിന്തുക്കളും, മുഹമ്മദീയരും, ക്രിസ്ത്യാനികളും, പാർസികളും, എന്നു വേണ്ടാ സകല ജാതിമതക്കാരും ഏകോപിച്ചു് ഇന്ത്യൻ ജനങ്ങൾക്കാകപ്പാടെ കിട്ടുവാൻ ആകാംക്ഷിക്കപ്പെട്ടിരിക്കുന്ന രാജ്യകാര്യാനുഗ്രഹങ്ങളെ സുരക്ഷിതമായ മാർഗ്ഗത്തിൽ ലഭിക്കുന്നതിന്നു് പലടത്തും ഉത്സാഹിച്ചുവരുന്നു. ഇന്ത്യക്കാർ കഴിഞ്ഞുപോയ ഒരുകാലത്തു് പ്രാപിച്ചിരുന്ന ഉന്നതിയെ വീണ്ടും പ്രാപിക്കുന്നതിന്നു് ഐകമത്യത്തോടെ പ്രയത്നിക്കേണ്ടതു് അത്യന്താപേക്ഷിതമാണെന്നു് പ്രസംഗസഭകളിൽ വാദിക്കയും അതിലേക്കു് പ്രതിജ്ഞകൾ ചെയ്കയും ചെയ്തുവരുന്നു. ഇന്ത്യക്കാരെ പരിഷ്കാരപദ്ധതിയിൽ നിന്നു് പിൻമാററിനിർത്തുവാൻ മുഖ്യകാരണമായിട്ടുള്ള ഹിന്തുമതാചാരങ്ങളുടെ ദൂഷകഭാഗങ്ങളെ ഛേദിച്ചുകളഞ്ഞു്, യഥാർത്ഥവും പരിശുദ്ധവുമായ ഒരു ശ്രീമതത്തെ സ്ഥാപിക്കുന്നതിന്നു്, ഹിന്തുമതത്തിൻെറ സൂക്ഷ്മതത്വങ്ങളെ ഗ്രഹിച്ച പാശ്ചാത്യന്മാരും പൌരസ്ത്യന്മാരും അവിടവിടെയായി നടന്നു് ജനങ്ങളുടെ ഇടയിൽ പുതിയ മതതത്വങ്ങളെ പ്രചരിപ്പിക്കയും ചെയ്തുവരുന്നു. ബ്രാഹ്മണമതാചാരത്തിൻെറ ദൂഷ്യഭാഗങ്ങളായ ബാല്യവിവാഹം, വൈധവ്യാചരണം മുതലായ നടവടികളെ ഭേദപ്പെടുത്തി, ലോകക്ഷേമത്തിൻെറ യഥാർത്ഥമൂലമായ

---

* 1084 കന്നിമാസം 5-ാംനു (1908 സെപ്തംബർ 20-ാംനു) തിരുവനന്തപുരത്തു് 'ശ്രീവരാഹം വിജ്ഞാനദായിനീ'സഭയുടെ വാർഷികയോഗത്തിൽ നടത്തിയിരുന്ന ഒരു പ്രസംഗത്തിൻെറ സംഗ്രഹമാകുന്നു. ഈ ഉപന്യാസം; ഇതു് 1087 കുംഭത്തിലെ 'സുദർശനം' മാസികയിൽ പ്രസിദ്ധീകരിച്ചിരുന്നു.

ജീവിതപ്രമാണങ്ങളെ പ്രതിഷ്ഠിക്കുന്നതിനുള്ള യത്നവും മുറയ്ക്കു മുറയ്ക്കു് വൎദ്ധിച്ചുതന്നെ വരുന്നു. ചുരുക്കിപ്പറയുന്നതായാൽ, രാജ്യകാൎയ്യം; സമുദായകാൎയ്യം; മതകാൎയ്യം, വ്യവസായകാൎയ്യം എന്നിങ്ങനെ പലേ കാൎയ്യങ്ങളിലും ഇന്ത്യയിലെവിടെയും ഏറെക്കുറെ ഒരു ഉണൎച്ചയുണ്ടായിരിക്കുന്നതായി നമുക്കു് പ്രത്യക്ഷലക്ഷ്യം ലഭിച്ചിരിക്കുന്നു. ഈ പ്രബുദ്ധതയുടെ—കുറെക്കൂടെ ബലവത്താക്കി പറയുന്നതായാൽ, ക്ഷോഭത്തിന്റെ—കാരണം എന്തായിരിക്കാം? ഹിന്തുക്കളേയും മുഹമ്മദീയരേയും പരസ്പരവിവാഹംകൊണ്ടും മതതത്വങ്ങളുടെ പരിഷ്കരണംകൊണ്ടും കൂട്ടിയിണക്കുവാൻ യത്നിച്ചിരുന്ന അക്ബർ ചക്രവൎത്തിയുടെ കാലത്തുപോലും, അവനവന്റെ മതാചാരങ്ങളെ ഇഷ്ടംപോലെ അനുവൎത്തിച്ചുകൊള്ളുന്നതിന്നു് അനുവദിക്കപ്പെട്ടിരിക്കുന്ന ഇക്കാലത്തെ ഭാരതഭൂഖണ്ഡത്തിൽ കാണപ്പെടുന്ന വിധത്തിൽ നാനാജാതിജനങ്ങൾ തമ്മിൽ യോജിച്ചിരിക്കുന്നതിനുള്ള ഉണൎവ്വിനെ പ്രദർശിപ്പിക്കാതിരിക്കുവാൻ കാരണം എന്തായിരിക്കാം? പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ പ്രചാരം ഇന്ത്യയിൽ തുടങ്ങീട്ടു് കാലം കുറെയൊക്കെ കഴിഞ്ഞു എങ്കിലും എത്രയേറെ പാഠശാലകൾക്കും ഇതേവരെ കഴിയാതിരുന്ന ഇപ്പോഴത്തെ നവീനമതത്തിന്റെ പ്രേരണശക്തി എന്തായിരിക്കാം? ഇന്ത്യയുടെ ഇക്കഴിഞ്ഞ പത്തിരുപതു കൊല്ലത്തെ ചരിത്രത്തെ പ്രേക്ഷിക്കുന്നതായാൽ, ജനസമുദായത്തെ ഇത്രശീഘ്രം ഉല്പതിപ്പിച്ചു് നവീനകാംക്ഷകൾക്കു് പാത്രമാക്കുവാൻ സംഗതിയാക്കിയിട്ടുള്ളതു് മുഖ്യമായും വൃത്താന്തപത്രങ്ങളുടെ അഭിവൃദ്ധിതന്നെയാകുന്നു. ഈ ശക്തി പാശ്ചാത്യപരിഷ്കാരത്തിന്റെ സന്തതിയാണുതാനും. ഇന്ത്യയിൽ മാത്രമല്ലാ, പൗരസ്ത്യരാജ്യങ്ങളിൽ മിക്കവയിലും, ഇപ്പോൾ ഉണ്ടായിക്കാണുന്ന ഉണർച്ചയുടെ ഹേതു വൃത്താന്തപത്രങ്ങളുടെ പ്രചാരം ആണെന്നുതന്നെ പറയാം. ജനസമുദായമദ്ധ്യത്തിൽ, ഇത്ര പ്രബലമായും, നിശ്ചിതമായും പതിച്ചു് അവരെ മനുഷ്യജീവിതമാഹാത്മ്യത്തെ മനസ്സിലാക്കി സ്വാതന്ത്ര്യം എന്ന ശ്രേഷ്ഠപദത്തെ പ്രാപിക്കുന്നതിന്നു് ഇളക്കിവിട്ടിരിക്കുന്ന ഈ പ്രേരണശക്തിയുടെ പ്രവൎത്തകൻ പരമാൎത്ഥമായും മഹാൻ എന്ന പദത്തെ അർഹിക്കുന്നു. ഗവ

ഷ്ഠേണ്ടുകളുടെ തന്ത്രങ്ങളെ ഗുണദോഷചിന്തനംചെയ്ത് ജനസമുദായത്തിന്നു ദോഷമായ്ഭവിക്കുന്നവയെപ്പററി ആക്ഷേപിക്കയും ജനങ്ങളുടെ അവകാശങ്ങൾ സ്ഥാപിക്കപ്പെടുന്നതുവരെ ആ കായ്യത്തിൽ അനലസമായി പ്രവത്തിച്ചുകൊണ്ടിരിക്കയും, രാജ്യകാര്യങ്ങളിലെന്നല്ലാ, യാതൊരു പൊതുവിഷയത്തിലും, ശ്രേഷ്ഠമായ ഒരു മാതൃകയെ ഉദ്ദിഷ്ടകാര്യമായി പിടിച്ച് അതിലേക്ക് ജനങ്ങളെ നയിക്കയും ചെയ്യുന്നതായ വൃത്താന്തപത്രപ്രവത്തനം, വാസ്തവമായും, ലോകത്തിലുള്ള ജീവിതവൃത്തികളിൽ ശ്രേഷ്ഠം ആകുന്നു. ഈ വൃത്തിയുടെ ചരിത്രം നിശ്ചയമായും നമുക്കു രസാവഹവും ജ്ഞാനവർദ്ധകവുമായിരിക്കുമെന്നുള്ളതിനും സംശയമില്ലാ. ആണ്ടുതോറും 1,200 കോടി പത്രപ്രതികൾ ഈ ലോകത്തിൽ പ്രചരിപ്പിക്കപ്പെടുന്നുണ്ടെന്നും ഇത്രയും പത്രങ്ങൾ നിരത്തിയാൽ 10,450 ചതുരശ്രമൈൽ സ്ഥലം മുഴുവൻ വ്യാപിക്കുമെന്നും, ഇത്രയും പ്രതികൾ ഒരു സെക്കണ്ടിന് ഒന്നുവീതം എണ്ണുന്നപക്ഷം 333 കൊല്ലംകൊണ്ടേ എണ്ണിത്തീരുകയുള്ളു എന്നും, ഇത്രയും 7,91,250 ടൺഭാരം കടലാസ്സ് ചെലവാകുന്നുവെന്നും; ഈ പത്രങ്ങളെയൊക്കെ ഒന്നിനുമീതെ ഒന്നായിഅടുക്കുന്നതായാൽ, 500 മൈൽ പൊക്കത്തിൽ ഒരു പവ്വതമായി തീരുമെന്നും, ഒരുവൻ ഒരു പത്രം വായിക്കുന്നതിന്ന് 5 മിനിട്ടുനേരം ദിവസംതോറും ചെലവാക്കുന്നതായാൽ, ഭൂമിയിലുള്ള ജനങ്ങൾ എല്ലാംകൂടി ഒരു കൊല്ലത്തിൽ പത്രവായനക്കായി വ്യയം ചെയ്യുന്ന കാലം ആകെ 1,00,000 വത്സരം ആകുമെന്നും ഈയിടെ ഒരു കണക്ക് പ്രസിദ്ധീകരിച്ചു കാണ്മാനിടയായി. ഇത്രയേറെ വന്മയെ പ്രാപിച്ചിരിക്കുന്ന ആധുനികവൃത്താന്തപത്രത്തിൻെറ ചരിത്രം കൗതുകാവഹംതന്നെയാണ്. ആധുനികവൃത്താന്തപത്രത്തിൻെറ ചരിത്രവും തൽ പ്രവത്തകൻെറ ധമ്മവും ഏറെക്കുറെ വായനക്കാർ അറിഞ്ഞിട്ടുള്ളതാണ്. വൃത്താന്തപത്രപ്രവത്തകൻ ലോകത്തിൽ മഹാരാജാക്കന്മാരെക്കാളും പ്രഭാവമുള്ളവനാണെന്നും, രാജാക്കന്മാരുടെ സൈന്യങ്ങളുടെ ഖഡ്ഗങ്ങളാൽ നേടുന്ന വിജയങ്ങളേക്കാൾ എത്രയോ ശ്രേഷ്ഠവും, നിശ്ശബ്ദവും ആയ വിജയം പത്രപ്രവത്തകൻെറ ചെറിയ തൂലികയാൽ നേടുവാൻ കഴിയുന്നുവെന്നും നാം

ഗ്രഹിച്ചിരിക്കേണ്ടതാകുന്നു. പത്രപ്രവർത്തകൻ എന്നു പറയു മ്പോൾ, പ്രത്യേകം ഇന്ന ആൾ എന്നു് ചൂണ്ടിപ്പറവാൻ സാദ്ധ്യമല്ലാ. കേവലം പണമിട്ടു് പണമെടുക്കണമെന്നുള്ള വാഞ്ഛയോടുകൂടിയോ, സ്വാർത്ഥത്തേയൊ, സ്വകീയാർത്ഥത്തേയൊ, സ്വജനാർത്ഥത്തേയൊ സാധിക്കണമെന്ന ദുരാഗ്രഹത്തോടുകൂടിയോ, മറേറാ, പ്രവൎത്തിക്കുന്ന രക്തമാംസാദി പിണ്ഡമായ ശരീരത്തെ പത്രപ്രവർത്തകൻ എന്നു് ഗണിക്കുന്നവർ പലരുണ്ടാകും. അതു് സ്ഥൂലദൃഷ്ടിക്കാരുടെ കാഴ്ചയാണു്. നാം കാണുന്ന വസ്തുക്കളുടെയെല്ലാം സാരമായും, ചാക്ഷുഷമായ വിഷയമല്ലാതെയും, ആത്മദൃഷ്ടിയാൽമാത്രം കണ്ടറിയാവുന്നതായും ഒരു അന്തർഹിതാത്മാവു് ലോകത്തിൽ ഉണ്ടു്. അതു് സത്യം, നീതി, ന്യായം, ധർമ്മം മുതലായ സൽഗുണങ്ങളുടെ പരിശുദ്ധവും കേവലവുമായ സത്തയാകുന്നു. പത്രപ്രവർത്തകൻ എന്നു പറയുമ്പോൾ ഈ മാതൃകയെ വേണം മനോദൃഷ്ടികൊണ്ടു് കാണുവാനുള്ളതു്. ഇതു് മാംസാദിപിണ്ഡരൂപത്തിൽ കാണുന്ന മനുഷ്യനല്ലാ; ശ്രേഷ്ഠതത്വങ്ങളുടെ ഏകോപിക്കപ്പെട്ടിരിക്കുന്ന രൂപമാകുന്നു. ഇങ്ങനെയുള്ള പത്രപ്രവർത്തകന്റെ വൃത്തി ലോകക്ഷേമത്തെ വർദ്ധിപ്പിക്കുകയത്രെ. ഈ അവസ്ഥയിൽ, പത്രപ്രവർത്തകൻ, മഹാൻ എന്ന പദത്തെ അർഹിക്കുന്നവനാണെന്നു് മുമ്പു പറഞ്ഞുവല്ലോ. മഹാന്മാർ ഈശ്വരന്റെ അംശങ്ങളാണെന്നും, അവരെ ഈശ്വരൻ പ്രത്യേകോദ്ദേശ്യത്തോടുകൂടി ലോകത്തിലേയ്ക്കു് അയച്ചിരിക്കുന്നു എന്നും കാർലൈൽ എന്ന വിദ്വാൻ സമർത്ഥിച്ചിട്ടുണ്ടു്. ദേവൻ, സിദ്ധൻ, പുരോഹിതൻ, കവി, സാഹിത്യകാരൻ, രാജാവു് എന്നീ രൂപങ്ങളിലെല്ലാം മഹാന്മാർ ലോകത്തിൽ മുറയ്ക്കു് അവതരിച്ചിട്ടുണ്ടു്. ഇവയിൽ കവിയും, സാഹിത്യകാരനും എല്ലാ കാലങ്ങളിലും ഉണ്ടാകുമെന്നിരിക്കിലും, രാജാവു്, ഇപ്പോൾ പ്രധാനനായിരുന്നുവെങ്കിലും, ദേവൻ, സിദ്ധൻ, പുരോഹിതൻ എന്നിവർ 'ഇങ്ങിനി വരാതവണ്ണം' കഴിഞ്ഞുപോയിരിക്കുന്നു. എന്നാൽ, ഒരു മഹാൻ ഇപ്പോൾ ലോകത്തിൽ പ്രബലതയെ പ്രാപിച്ചുവരുന്നു: വൃത്താന്തപത്രപ്രവർത്തകൻ എന്ന ഈ മഹാൻ, കാർലൈലിന്റെ ദേവൻ,

സിദ്ധൻ, പുരോഹിതൻ, കവി, സാഹിത്യകാരൻ, രാജാവ് എന്നീ മഹാവീരശൃംഖലയുടെ ഗണത്തിൽ തുടക്കേണ്ട നവീന ശൃംഖലയാണ്.

## 2. ആധുനികവൃത്താന്തപത്രം*

വൃത്താന്തപത്രങ്ങളുടെ സുരക്ഷിതമായ വളർച്ചയും, സുശിക്ഷിതമായ നടത്തലും സ്വച്ഛന്ദമായി അവകാശം കിട്ടുന്ന ബ്രിട്ടീഷ് മലബാറിൽനിന്ന് പുറപ്പെട്ടുവിക്കുവാൻ നിശ്ചയിച്ചിരിക്കുന്നതായ ഒരു മാസികാപത്രത്തിൻെറ ഒന്നാം ലക്കത്തിൽത്തന്നെ ഒരു ലേഖനമെഴുതണമെന്ന് അതിൻെറ പ്രവൎത്തകന്മാർ അപേക്ഷചെയ്യുമ്പോൾ, വൃത്താന്തപത്രപ്രവൎത്തനത്തിങ്കൽ അനുമോദിക്കുന്ന ഒരുവന് ചാരിതാൎത്ഥ്യം ഉണ്ടാകേണ്ടതാണ്. പകൽ മുഴുവനും ജീവധാരണത്തിനുവേണ്ട തന്ത്രം പ്രയോഗിക്കയും, രാത്രി വിശ്രമിക്കയും, ചെയ്തുകൊണ്ട് ദിവസംതോറുമുണ്ടാകുന്ന പ്രലോഭനങ്ങളെ യഥാശക്തി നിൎവ്വഹിച്ചുപോരുന്ന ഒരാൾക്ക്, 'ഭാരതി'യുടെ ആവിർഭാവം എത്രയോ ഹൎഷജനകമാകുന്നു.

2. ബ്രിട്ടീഷ് മലബാറിലെ ജനങ്ങളുടെ പത്രപ്രവൎത്തനതാല്പൎയ്യത്തിൽ ഞാൻ അനല്പമായി പ്രമോദിക്കയാണു ചെയ്യുന്നതു്. ആ പ്രവൎത്തകന്മാരെപ്പററി അധികമായ അറിവ് എനിക്കില്ലെങ്കിലും, അവർ നാട്ടുകാർക്കും നാട്ടിനും ഉണ്ടാക്കിവെയ്ക്കുന്ന ഗുണം അനിർവചനീയമായിരിക്കുന്നു. ഇടയ്ക്കിടയ്ക്ക് അനാരോഗ്യാവഹമായ വഴക്കുകൾ ഉണ്ടാകുന്നുണ്ടെന്നിരുന്നാലും, പത്രങ്ങൾ തമ്മിലുള്ള മാത്സൎയ്യവും, ഓരോരോ വിഷയങ്ങളിൽ വാദപ്രതിവാദങ്ങൾ നടത്തി തന്മൂലം വായനക്കാൎക്കു ലോകകാൎയ്യങ്ങളിൽ നൽകുന്ന പ്രഗത്ഭതയും, പൊതുജനാഭിപ്രായത്തിൻെറ രൂപണവും പ്രണയനവും ഉത്സാഹജനകങ്ങളായിരിക്കുന്നു. മലയാളത്തിൽ പത്രപ്രവൎത്തനമണ്ഡലം സൃഷ്ടമായിട്ട് അധികകാലം കഴിഞ്ഞിട്ടില്ലാത്ത സ്ഥിതിക്ക്, ചില പത്രങ്ങൾ അല്പകാലജീവികളായി പോകുന്നതിനെക്കുറിച്ചു

---

* ഇതു് 1904 ജൂൺ, ജൂലൈ, ആഗസ്റ്റ് ഈ മാസങ്ങളിലെ 'ഭാരതി' മാസികാപത്രഗ്രന്ഥത്തിൽ എഴുതിയിരുന്നതാണ്.

പരിഹാസവും വ്യസനവും തോന്നുമെങ്കിലും, അതിങ്കൽ അ ത്രമേൽ അത്ഭുതപ്പെടുവാനില്ലാ. പത്രങ്ങളുടെ ജന്മബഹുലത, ജനങ്ങളുടെ സ്വതന്ത്രമായ അഭിപ്രായപ്രകടനത്തിങ്കലുള്ള പ്രസക്തിയേയും, സ്വച്ഛന്ദജീവിതത്തെ പുലൎത്തുന്നതിനുള്ള താല്പൎയ്യത്തെയും വിളിച്ചുപറയുന്നതേ ഉള്ളു. ദിവസന്തോറും വൃത്താന്തപത്രപാരായണം കൂടാതെ കാലംകഴിക്കുന്നതു് നിരു ത്സാഹകമായ ജീവിതമാണെന്നു തോന്നിത്തുടങ്ങീട്ടുള്ള ഒരു ജനസമുദായത്തിനു്, പത്രങ്ങളുടെ വൎദ്ധനയിൽ അഭിരതി യല്ലാതെ, വിരതി ഉണ്ടാകുന്നതല്ലാ. മലബാർ പത്രങ്ങളിൽ, പൊതുജനങ്ങൾ നിൎഭയമായും, നിൎദ്ദാക്ഷിണ്യമായും സ്വാ ഭിപ്രായങ്ങളെ വാദിക്കുകയും, സ്വതന്ത്രാവകാശങ്ങളെ ചോ ദിക്കുകയും, ചെയ്തുകാണുന്നതു ജീവിതത്തിന്റെ നവീനതയെ പ്രത്യക്ഷമാക്കുന്നു. ന്യൂനതകൾ പലതും ഉണ്ടായിരിക്കാം, എ ന്നുവരുകിലും, പത്രങ്ങൾ ജനങ്ങളുടെ മനോവ്യാപാരശക്തി യെ ആവേഗപ്പെടുത്തുന്നുണ്ടെന്നു സമ്മതിച്ചേ തീരു.

3. ഞാൻ വൎത്തമാനപത്രങ്ങളുമായി ഇടപെട്ടിട്ടു് കുറെ കാലം കഴിഞ്ഞതേ ഉള്ളു; അവയെപ്പററി അറിഞ്ഞുതുടങ്ങീ ട്ടും അധികകാലം കഴിഞ്ഞിട്ടില്ലാ. മലബാർ പത്രങ്ങൾ, നി ത്യമാത്സൎയ്യത്തിൽ, കുസൽകൂടാതെ പ്രവൎത്തിക്കാറുണ്ടെന്നും അവയുടെ പ്രവൎത്തകന്മാർ ഒരു ചെറിയ അപജയംകൊണ്ടു നിരാശന്മാരാവുകയോ, കഠിനമായും ദുസ്സാധമായുമുള്ള യുദ്ധ പ്രയോഗത്തിൽ വ്യതിചലിതചിത്തന്മാരാവുകയോ, നാട്ടുകാ രുടെ നാനാപ്രകാരേണയുള്ള ഗുണങ്ങളിൽ വിമുഖന്മാരായും, താന്താങ്ങളുടെ കാൎയ്യലാഭത്തിൽമാത്രം തല്പരന്മാരായുമിരിക്കു യൊ ചെയ്യുമാറില്ലെന്നും, പറയുന്നതിനു് ഞാൻ ശങ്കിക്കുന്നി ല്ലാ. അവരുടെ പ്രവൃത്തിനിമിത്തം, മലയാളഭാഷയ്ക്കും പൊതു ജനങ്ങളുടെ ജ്ഞാനസമ്പത്തിനും, അവകാശസ്ഥാപനത്തി നും, ധാരാളം പുഷ്ടിയും പ്രബലതയും ഉണ്ടാകുമാറുണ്ടെന്നും, സമ്മതിക്കാതെ കഴിയില്ലാ. തിരുവിതാംകൂറിലെയും കൊച്ചി യിലെയും പത്രങ്ങൾക്കും, മലബാറിലെ പത്രങ്ങൾക്കും, തമ്മി ലുള്ള വലുതായ അന്തരം അവയുടെ സ്വാതന്ത്ര്യാവകാശവാദ ത്തിലാകുന്നു. മലയാളപത്രങ്ങൾ, സ്വാതന്ത്ര്യം ധാരാളമുള്ള രാജ്യങ്ങളിലെ പത്രങ്ങളുടെ സ്ഥിതിയിൽ നടത്തപ്പെട്ടുവരു

ന്നില്ലെങ്കിലും, അവയുടെ പലമാതിരി ശക്തിപ്രകടനങ്ങൾ മലയാളപത്രങ്ങൾക്കില്ലെന്നിരിക്കിലും, തിരുവിതാംകൂറിലേയും കൊച്ചിയിലേയും പത്രങ്ങളെക്കാൾ അധികം ധൈൎയ്യത്തോടെ സ്വാഭിപ്രായങ്ങളെ വെട്ടിത്തുറന്നു പറയുകയും, ഗവൎമ്മേണ്ടിനോടു വാദിക്കയും ചെയ്യുന്നതിൽ മലബാർപത്രങ്ങൾ മുന്നിട്ടുനില്ക്കുതന്നെ ചെയ്യുന്നു. ഇതു് അതാതു രാജ്യഭരണസ്ഥിതിയെ അനുസരിക്കുന്നുവെന്നു് എളുപ്പം അറിയാവുന്നതാണു്. സൎക്കാരുദ്യോഗസ്ഥന്മാരുടെ നടവടികളെപ്പററി നിർദ്ദയമായും മുഖം നോക്കാതെയും ഗുണദോഷനിരൂപണം ചെയ്തു് ആക്ഷേപിക്കുന്ന കാൎയ്യത്തിൽ തിരുവിതാംകൂറിലെ പത്രങ്ങൾ,—ബ്രിട്ടീഷ്ദേശത്തിലുള്ളതൊഴികെ—എപ്പോഴും ചഞ്ചലമനസ്സുകളായിരിക്കാതെ നിവൃത്തിയില്ല, എന്ന വിധത്തിലത്രെ, ഈ രാജ്യത്തു പൊതുജനങ്ങളെ സർക്കാർ കരുതിവരുന്നതു്. ആരോഗ്യാവഹമായ ഒരു പൊതുജനാഭിപ്രായം ഉണ്ടാവാൻ, ഈ നാട്ടിലെ സർക്കാർഉദ്യോഗസ്ഥന്മാരുടെ മനോഭാവം അനുകൂലിക്കുന്നില്ല. തങ്ങളുടെ നടവടികളിൽ ഉള്ള തെററുകൾ മററുള്ളവർ എടുത്തു കാട്ടുന്നതു യുക്തമല്ലെന്നും, തങ്ങൾ എന്തു പ്രവൎത്തിച്ചാലും അതിനെ പൊതുജനങ്ങൾ സഹിച്ചുകൊള്ളണമെന്നും, ഉള്ള ഇവരുടെ വിചാരം, പരിഷ്കൃതരീതിയിലുള്ള സ്വാതന്ത്ര്യവാദത്തെ അനല്പമായി പ്രതിബന്ധിക്കാറുണ്ടു്. ആധുനിക വൃത്താന്തപത്രത്തിൻെറ ലക്ഷണങ്ങൾ നമ്മുടെ പത്രങ്ങളിൽ തികഞ്ഞു വരുന്നതിനു്, ഇനിയും എത്രയോ കാലപരിഷ്കാരം വേണ്ടിയിരിക്കുന്നു.

4. ആധുനികവൃത്താന്തപത്രത്തിൻെറ ചരിത്രത്തിനു് അധികം പഴക്കം വന്നിട്ടില്ലാ. ഇങ്ങനെയുള്ള പത്രങ്ങളുടെ ഉത്ഭവവും വളർച്ചയും, സ്വാതന്ത്ര്യമനുഭവിക്കുന്ന രാജ്യങ്ങളിലേ അധികമായി നടക്കുന്നുള്ളു. ഇംഗ്ലാണ്ടു്, അമേരിക്ക മുതലായ പ്രദേശങ്ങളിൽ, ഇവയുടെ പ്രാബല്യം എത്രയോ സുസ്ഥിരമായിത്തീൎന്നിരിക്കുന്നു. പത്രജീവിതമണ്ഡലത്തിൽ വന്നിട്ടുള്ളതും വരുന്നതുമായ പലേ പരിഷ്കാരങ്ങളും നമുക്കു വിസ്മയത്തെ ജനിപ്പിക്കുന്നു. മുൻകാലങ്ങളിൽ ആ ദിക്കുകളിലുള്ള പത്രങ്ങളുടെ സ്ഥിതിയും നടത്തിപ്പും, ഇപ്പൊഴത്തെ മലയാളപത്രങ്ങളുടേതിൽ അധികം അന്തരപ്പെട്ടതാണെന്നു വിചാരി

ക്കേണ്ട. നമ്മുടെ മലയാളപത്രങ്ങളെ അച്ചടിക്കുന്ന അച്ചുക്കൂടങ്ങളേയും; പത്രപ്രചാരണത്തിനുള്ള ആപ്പീസുകളേയും, നോക്കുമ്പോൾ ഒരു പുച്ഛരസം തോന്നുമായിരിക്കാം. ഒരു 'ഹാൻഡ് പ്രെസ്സും,' ഏതാനും അച്ചാണിക്കൂട്ടുകളും, രണ്ടുമൂന്നു അച്ചുനിരത്തുകാരും, പ്രെസ്സ് വലിച്ചടിക്കുവാൻ ഒരു 'അടിക്കാരൻ' നും, മഷിയിട്ടുവാനും കടലാസ് എടുക്കുവാനും ഒരു 'അച്ചുപിശാചും' കൂടിയാൽ, ഇപ്പൊഴത്തെ മലയാളപത്രങ്ങളുടെ അച്ചടിനടത്തിപ്പിന്റെ ഒരു രൂപം ഗ്രഹിക്കാം. പക്ഷേ, ചിലതു് ഇതിൽനിന്നു വ്യത്യാസപ്പെട്ട നിലയിലായിരിക്കാം. അവയ്ക്കു് ഒരു 'മെഷിൻ' ഉണ്ടായെന്നു വരാം. ആഴ്ചയിൽ ഒരിക്കൽ നടത്തുന്ന ഒരു പത്രത്തിനു് ഇതൊക്കെ ധാരാളം മതിയെന്നുണ്ടു്. ഒരഞ്ഞൂറു പ്രതികൾ ചെലവായാൽ, ഒരുവിധം നഷ്ടം ഇല്ലായെന്നു കരുതുന്ന പത്രപ്രവർത്തകന്മാർ ഉണ്ടു്. ഇങ്ങനെയൊരു നില ഇവിടെ മാത്രമല്ലാ; പത്രപ്രവൃത്തിയുടെ ശൈശവത്തിൽ, പല നാട്ടുകളിലും ഇങ്ങനെതന്നെ എന്നു വെയ്ക്കുക. അമേരിക്കൻ ഐക്യരാജ്യങ്ങളിലെ ഇപ്പോഴത്തെയും, കുറേക്കാലം മുമ്പത്തെയും, സ്ഥിതി നോക്കിയാൽ, കാലഗതിയെക്കാൾ കവിഞ്ഞ വേഗത്തിൽ പത്രപ്രവൃത്തിയിൽ ഉണ്ടായിട്ടുള്ള പരിഷ്കാരം ആശ്ചര്യജനകമായി തോന്നുന്നതാണു്. ആധുനികകാലത്തിലെ ധീശക്തിയും യുക്തിയുംകൊണ്ടു് എത്രയോ കാതം ദൂരം നാം മുന്നോട്ടു കടന്നുകളഞ്ഞിരിക്കുന്നു. ഒരു കൈ പ്രസ്സും ചില്ലറ ഉപകരണങ്ങളുംകൊണ്ടു് ക്ലേശിച്ചു നടത്തിപ്പോന്ന പത്രങ്ങളുടെ സ്ഥിതി ആകപ്പാടെ പകർന്നുപോയിരിക്കുന്നു. ഒരു ദിവസത്തിൽ, കഷ്ടിച്ചു് ഒരു കടലാസിന്റെ ഒരു പുറം മാത്രം, അഞ്ഞൂറോ ആയിരമൊ പ്രതി അച്ചടിച്ചുവന്നിരുന്ന സ്ഥിതിയും, ഇപ്പോൾ 'പ്രിൻടിംഗ് മെഷിൻ' നിമിത്തം ഉണ്ടായിട്ടുള്ള മാററവും എത്രയോ വിസ്മയജനകമായിരിക്കുന്നു. ഒരു മിനിട്ടുനേരത്തിനുള്ളിൽ ഒരു മൈൽ ദൂരം വ്യാപരിക്കുന്ന അച്ചുയന്ത്രങ്ങൾ ഇപ്പോൾ ചില പത്രങ്ങൾക്കു് ഉണ്ടെന്നു കേൾക്കുമ്പോൾ, ആധുനികമനുഷ്യന്റെ ബുദ്ധിശക്തിയെപ്പററി ആശ്ചര്യപരതന്ത്രനാകാത്തതാരു്? ഇങ്ങനെയുള്ള യന്ത്രങ്ങൾ ഒരു മണിക്കൂറിനുള്ളിൽ ഇരുപതിനായിരത്തിനുമേൽ അറുപതിനായിരം വരെ, എല്ലാ പുറവും അച്ചടിക്കയും, അത്ര

സമയംതന്നെ കടലാസ് മടക്കുകയും, മററും ചെയ്യുന്നുണ്ടെന്നു കേൾക്കുമ്പോൾ, പത്രപ്രവർത്തനമണ്ഡലത്തിൽ ഉള്ള ക്ഷോഭം എത്രമാത്രമെന്നു പരിച്ഛേദിക്കുവാൻ കഴിയാതെ എത്രപേർ കുഴങ്ങുകയില്ല?

5. ആധുനികവൃത്താന്തപത്രത്തിൻെറ പ്രവർത്തനത്തിനു വേണ്ടിവരുന്ന മനശ്ശക്തിയുടെ പരിമാണവും, മുമ്പത്തെ പത്രനടത്തിപ്പിനു വേണ്ടിവന്നിരുന്ന ശക്തിയുടെ പരിമാണവും തമ്മിൽ, അവയുടെ യന്ത്രപ്രവർത്തനശക്തികൾ തമ്മിലുള്ളതിനേക്കാളും എത്രയോ അന്തരപ്പെട്ടിരിക്കുന്നു. ഒരു ദിവസത്തിൽ ഒരു കടലാസിൻെറ ഒരു ഭാഗംമാത്രം പത്തഞ്ഞൂറു പ്രതി അച്ചടിച്ചുവന്നതും, ഇപ്പോൾ ഒരു പത്രം മുഴുവനും ഒരു മണിക്കൂറിനുള്ളിൽ പത്തറുപതിനായിരം പ്രതി അച്ചടിച്ചു മടക്കിക്കെട്ടുന്നതും, തമ്മിൽ ഉള്ള അന്തരം എത്രയോ അത്ഭുതാത്ഭുതമായിരിക്കുന്നു. ആധുനികപത്രപ്രവർത്തനം പരമകാഷ്ഠയെ പ്രാപിച്ചിരിക്കുന്ന പത്രആപ്പീസുകളിൽ പോയിനോക്കിയാൽ, അവിടെ എന്തുമാത്രം ബുദ്ധിശക്തിപ്രയോക്താക്കളുടെ സൈന്യം അണിനിരന്നിരിക്കുന്നുവെന്നു കാണാം. ആ വിധമൊരു സാത്രുപനിരൂപണത്തിനുകൂടിയും നമ്മുടെ ഇടയിൽ ഏതു കാലത്താണ് അവകാശം ഉണ്ടാകുന്നതു്? ആ മഹാസൈന്യത്തിലെ ഓരോ ഭടനും, തൻെറ തൻെറ പണിമാത്രം, ശുഷ്കാന്തിയോടും ശേഷിയോടുംകൂടി, നടത്തുന്നതു് ഓർത്താൽ, ഒരു ആധുനികപത്രത്തിൻെറ ജന്മം എത്രയോ വിലയേറിയതെന്നു് ഊഹിക്കാവുന്നതാണ്. ഈ വിധം പരിഷ്കൃതരീതിയിൽ നടത്തുന്ന രാജ്യങ്ങളിൽ പണ്ടത്തെ കാലത്തു് ഇങ്ങനെയൊന്നു് സ്വപ്നത്തിൽപോലും ഉണ്ടായിട്ടില്ല; നമ്മുടെ ഇടയിൽ ഇപ്പോൾ സ്മരിക്കുകപോലും വേണ്ടാ. ഈ മട്ടിലുള്ള ഒരു പത്രകാര്യാലയത്തിൽ എന്തു് വിശിഷ്ടതയാണുള്ളതെന്നു് വായനക്കാർ ചോദ്യം ചെയ്യുമായിരിക്കും. ശരി. അങ്ങനെയുള്ള ഒരു പത്രപ്രവർത്തന ഏർപ്പാടിൽ, ആദ്യമായി, നല്ല പഴമപരിചയം ഉള്ള റിപ്പോർട്ടർമാർ ഉണ്ടായിരിക്കും. ഇവരുടെ വേല എന്താണ്? ഇവരുടെ യോഗ്യത എന്താണ്? ഇവരുടെ മാസപ്പടി എന്താണ്? ഏതുതരക്കാരെയാണ് ഈ പണിയിൽ വെയ്ക്കുന്നതു്? എന്നൊക്കെ വായനക്കാർക്കു് ജിജ്ഞാസയുണ്ടാകാം.

ഇവരുടെ യോഗ്യത നിരാക്ഷേപമായിരിക്കുന്നു; ഇവരുടെ അറിവു്, എല്ലാത്തരം വിഷയങ്ങളിലും എത്തിയിരിക്കുന്നു. സാധാരണമായി ബുദ്ധിപരിഷ്കാരത്തെയും ജ്ഞാനസമ്പാദനത്തെയും ഇച്ഛിച്ചുമാത്രം വിദ്യ അഭ്യസിക്കുന്ന യുവാക്കന്മാർ ഏതൊക്കെ അറിവുകളെ ഗ്രഹിക്കണമെന്നു് കരുതുമോ, അതൊക്കെയും ഈ റിപ്പോർട്ടർമാർക്കു സിദ്ധിച്ചിട്ടുണ്ടു്. ഇവർ ശരിയായി മഹാപാഠശാലകളിൽ പഠിച്ചു് യോഗ്യത സമ്പാദിച്ചിട്ടുള്ളവരായിരിക്കാം; അഥവാ, ഇവർ താന്താങ്ങൾ ഏററിരിക്കുന്നപണി നടത്തുവാൻതക്കവണ്ണം എന്തൊക്കെ അറിയണമോ, അതൊക്കെ ധാരാളം പഴമകൊണ്ടും പരിശീലനംകൊണ്ടും സമ്പാദിച്ചവരായിരിക്കാം. ഇവരുടെ ധീശക്തി അസാമാന്യമായുള്ളതത്രേ. ഇവർ ലോകത്തെ നല്ലതിന്മണ്ണം അറിഞ്ഞിട്ടുള്ളവരത്രെ; ഇവർ ഒരു സംഗതിയെ യഥാർത്ഥമായി ഗ്രഹിക്കുവാൻ ബുദ്ധിബലവും, സാമത്ഥ്യവുമുള്ളവരാണു്. ഇവർ ഒരു ചതിയെ എളുപ്പം കണ്ടറിവാനും, അതിൽനിന്നു് ഒഴിവാനും, വേണ്ടിവന്നാൽ ഒന്നു് പററിക്കുവാനും, ശേഷിയുള്ളവരാകുന്നു. ഇവരെ കഴിച്ചാൽ പിന്നെ, ലേഖകന്മാരുടെ ഒരു സംഘം ഉണ്ടു്. ലേഖകന്മാർ പലെടങ്ങളിലും ഇരിക്കുന്നവരാണു്. ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും വൃത്താന്തങ്ങൾ യഥാകാലം അറിയിക്കുവാൻ ബദ്ധകൃത്യന്മാരായുള്ള നല്ല ലേഖകന്മാർ ഇല്ലെങ്കിൽ ഒരു പത്രത്തിൻെറ ജീവിതം വ്യർത്ഥവും വിലവെയ്ക്കാത്തതുമായിത്തീരുന്നു. ലേഖകസൈന്യത്തിലെ അംഗങ്ങൾ അങ്ങുമിങ്ങും ഇരിക്കുന്നതിനാൽ മാത്രമാണു് പത്രപ്രസാധകനു് ലോകത്തിൻെറ ഏതുദിക്കിലും മനസ്സുകൊണ്ടു് സുഗമമായി സഞ്ചരിക്കാമെന്നു് ഒരു ചാരിതാത്ഥ്യം ഉണ്ടാകുന്നതു്. ലണ്ടനിലെ ഒരു പത്രാധിപർക്കു് ന്യൂയോക്കിലൊ, മദ്രാസിലൊ, ഉള്ള ഒരു സംഭവം അറിയണമെങ്കിൽ, എത്രയോ സുസാധമായിരിക്കുന്നു. നാളെ നടക്കുമെന്നുള്ള ഒരു സംഭവം ഇന്നു് ലോകംമുഴുവൻ അറിയിക്കുവാൻ കഴിയുമെന്നുവന്നാൽ, അതിനെപ്പററി വിസ്മയാകുലരാകാത്ത ജനങ്ങളുണ്ടോ? ആധുനികവൃത്താന്തപത്രത്തിൻെറ വിരലുകൾ ഭൂമിയുടെ ഏതുദിക്കിലും എത്തുന്നുവെന്നു പറവാൻ ആരും മടിക്കേണ്ടതില്ലാ. ഓരോ വിരലും എളുപ്പം പ്രബദ്ധമായിത്തീരുന്നു; ഓരോ നിമേ

ഷത്തിലും ഓരോ സംഗതികളെ ബോധപ്പെടുത്തുന്നു. അതാതു ദിക്കിൽ ഉണ്ടാകുന്ന സംഭവങ്ങളുടെ ഓരോ ചിത്രങ്ങൾ ഈ വിരലുകൾവഴിയായി പത്രശാലയിൽ എത്രയോ ക്ഷണത്തിൽ എത്തുന്നു. ലേഖകസംഘത്തെ കഴിച്ചാൽ പിന്നെ, അനേകം തരത്തിൽ ഉപന്യാസകർത്താക്കന്മാരുണ്ട്. പത്രമുഖപ്രസംഗം എഴുതുന്ന ആളുകൾ പ്രത്യേകം; ഓരോരുത്തനും ഓരോ വിഷയങ്ങളായിരിക്കും പ്രത്യേകസാമർത്ഥ്യമുള്ളതു്. ഒരാൾ സാഹിത്യത്തെക്കുറിച്ചു് എഴുതുന്നു; മററൊരാൾ മതവിഷയം; ഇനിയൊരാൾ ശാസ്ത്രം. വേറെയൊരാൾ കലാവിദ്യകൾ; അന്യൻ രാജ്യതന്ത്രം; ഇതരൻ ദേശചരിത്രങ്ങൾ—ഈ വിധം അതാതു വകുപ്പിൽ പ്രത്യേകപരിചയവും സാമർത്ഥ്യവും സമ്പാദിച്ചിട്ടുള്ള ഓരോ ആളും അതാതുവിഷയത്തെക്കുറിച്ചുള്ള സംഗതികളിൽ മുഖപ്രസംഗങ്ങൾ എഴുതുവാൻ സജ്ജനായിരിക്കുന്നു.

6. ഇപ്രകാരമുള്ള ഏർപ്പാടുകളോടുകൂടിയ ഒരു പത്രത്തിനു് ഉണ്ടാകുന്ന പണച്ചെലവും അല്പമല്ലാ. ദിനംപ്രതി പുറപ്പെടുന്ന ഒരു പത്രത്തിനു്,—ഉദാഹരണമായി 'ലണ്ടൻ ടൈംസ്,' 'ന്യൂയാക്ക് ഹെറൾഡ്' മുതലായവയിൽ ഒന്നിനു്—ഒരാഴ്ചയിൽ ഒരുലക്ഷം രൂപയിലധികം ചെലവുണ്ടാകുമെന്നു പറഞ്ഞാൽ, ആ കണക്കു് തെല്ലും കൂടുതലല്ല. കൈയിൽ പത്തിരുനൂറുരൂപയും വെച്ചുകൊണ്ടു്, മററുള്ളവൻെറ അച്ചുകൂടത്തിൽ അച്ചടിനടത്തി, ഓരോ പത്രമോ, കൂടിയാൽ മൂന്നോ നാലോ രൂപ മാസപ്പടിയോ, ലേഖകന്മാർക്കു കൊടുത്തു്, വരിക്കാരുടെ പക്കൽനിന്നു് പത്രവില ഈടാക്കുവാൻ ഞെരുങ്ങി, നഷ്ടം അനുഭവിച്ചു്, ശരിയായ ഒരു മുറയുംകൂടാതെ പത്രം പ്രസിദ്ധംചെയ്തുവരുന്ന നമ്മുടെ ചില പത്രങ്ങളെ മാത്രം പരിചയിച്ചിട്ടുള്ള ആളുകൾക്കു്, മേൽപറഞ്ഞ തുക വളരെ ഭയങ്കരമായ പാഴ്‌വേലയാണെന്നു തോന്നിയേക്കാം. എന്നാൽ ഈവിധം ബുദ്ധിമാന്മാരായ വിദ്വാന്മാർപലരുടെയും സഹായത്താലും, അനവധി പണവ്യയത്താലും, ലോകത്തിലെ ഓരോ ഭാഗങ്ങളിലും നിമേഷംപ്രതി ഉള്ള സംഭവങ്ങളെ ഒന്നായി കാട്ടി വായനക്കാർക്കു് അത്ഭുതത്തെയും കൃതാർത്ഥതയെയും ലോകജ്ഞാനത്തെയും നൽകുന്ന ആധുനികവൃത്താന്തപത്രം എന്ന മഹാസത്വത്തെ മനുഷ്യരുടെ പ്രതിഭാവിലാസത്തിൻെറ

സ്മരണസ്തംഭമായി ഗണിക്കുന്നതിൽ ആരും സന്ദേഹപ്പെടേണ്ടതില്ല.

7. ശരി. ഇങ്ങനെയുള്ള ഒരു വലിയ ഏൎപ്പാട്ട് എല്ലാ ദേശങ്ങളിലും, എല്ലാ ജനങ്ങളുടെയും ഇടയിൽ, എല്ലായ്പ്പൊഴും നടക്കുന്നതല്ല. ജനബാഹുല്യവും, പരിഷ്കാരത്തിന്റെ പരമാവധിപ്രാപ്തിയും, വൎത്തമാനപത്രം വായിക്കുന്നതിങ്കൽ സൎവ്വജനങ്ങൾക്കും ഒരു ഉൽകണ്ഠയും ഉള്ള രാജ്യത്തല്ലാതെ, ഇങ്ങനെയുള്ള ആധുനികവൃത്താന്തപത്രങ്ങൾ മുളക്കുകയോ, മുളച്ചാൽ തന്നെ വളരുകയോ ചെയ്യുന്നില്ല. ജനബഹുലമല്ലാതെയും ധനശക്തി ഇല്ലാതെയും ഉള്ള ഒരു നാട്ടിൽ ഇപ്രകാരമൊരു ആധുനികവൃത്താന്തപത്രപ്രവൎത്തനത്തിനു് തീരെ മാൎഗ്ഗമില്ല; ഇങ്ങനെ മഹത്തായ ഒരേൎപ്പാട്ട് നടത്തിക്കൊണ്ടുപോവാൻ തക്കവണ്ണം ബുദ്ധിശക്തിയും കാൎയ്യശേഷിയും ഉള്ള ആളുകളെ ധാരാളമായി കിട്ടുകയുമില്ല. എന്നാൽ ഒരു പത്രപ്രസാധകനും പത്രപ്രവൎത്തകനും വേണ്ടവിധത്തിൽ പത്രംനടത്തുന്നതിന്നു് മതിയായ ആളുകളുടെ ബുദ്ധിസാമൎത്ഥ്യം ലഭിക്കുന്നതു്, ധാരാളം വിദ്യാപ്രചാരവും, ജനങ്ങൾക്കു് മനഃപരിഷ്കാരവും ഉണ്ടായിട്ടുള്ള രാജ്യത്തുമാത്രമേയുള്ളു. ജനങ്ങളുടെ പ്രതിഭാമഹിമക്കു് അനശ്വരലക്ഷ്യമായി, ഇത്തരത്തിൽ, നിർവിഘ്നമായും, ആരോഗ്യപരിപൂൎണ്ണമായും, ഗുണപ്രയോജകമായും, ഒന്നിലധികം ഏൎപ്പാട്ടുകളെ ഒരു നാട്ടിൽ നടത്തണമെന്നു വരുമ്പോഴത്രേ അവിടം പരിഷ്കാരത്തിന്റെ പരമാവസ്ഥയെ പ്രാപിക്കുന്നതായി ഗണിക്കപ്പെടാവുന്നതു്.

8. വൃത്താന്തപത്രങ്ങളുടെ ബാഹുല്യം അമേരിക്കൻപരിഷ്കാരത്തിന്റെ ഒരു പ്രധാന ചിഹ്നമായിരിക്കുന്നു. അമേരിക്കയിലുള്ളേടത്തോളം പത്രങ്ങൾ മറെറാരു നാട്ടിലും ഇല്ലെന്നു തോന്നത്തക്കവണ്ണം അവിടം അത്രമേൽ പത്രപ്രചുരമായിരിക്കുന്നു. യൂറോപ്പിലെ ജനബഹുലങ്ങളായ ജൎമ്മനി, ഇംഗ്ലാണ്ടു് മുതലായ രാജ്യങ്ങളിൽ, ജനസംഖ്യയെ അപേക്ഷിച്ചു്, അമേരിക്കയിൽ ഉള്ളേടത്തോളം പത്രങ്ങൾ ഇല്ലെന്നുവേണം പറവാൻ. അമേരിക്കയിൽ, ഒന്നാന്തരം പത്രങ്ങൾ എത്രയെത്ര ദിക്കുകളിൽ നിലനില്ക്കുന്നുണ്ടോ, അത്രയേറെ പ്രദേശങ്ങളിൽ യൂറോപ്പിലെ ഒന്നാന്തരം പത്രങ്ങൾ ജനിച്ചിട്ടില്ല. ബ്രിട്ടീഷ്

മഹാരാജ്യത്തു് നോക്കിയാൽ, ലണ്ടനിൽ നാലോ അഞ്ചോ; എഡിൻബറോവിൽ രണ്ടോ മൂന്നോ; മഞ്ചസ്റ്ററിൽ ഒന്നോ രണ്ടോ; ആകെക്കൂടി എട്ടുപത്തെണ്ണമേ ഒന്നാന്തരം പത്രങ്ങൾ ഉള്ളൂ, എന്നു പറയാം. അത്തരം പത്രങ്ങളെ ആളുകൾ അത്ര ആവശ്യപ്പെടുന്നില്ല. അവയെ വാങ്ങി വായിപ്പാൻ അവർക്കു് കഴിയുന്നില്ല. അവയെ ആവശ്യപ്പെടേണ്ട നിലയും അവർക്കുണ്ടായിട്ടില്ല. അല്പം താണതരത്തിൽ, ചുരുങ്ങിയ വിലയ്ക്കുള്ള പത്രങ്ങളെ വാങ്ങി വായിക്കുവാനേ അവർക്കു് താല്പര്യവും ധനശക്തിയും ഉള്ളൂ. പ്രതിവാരപത്രങ്ങളെക്കൊണ്ടു് തൃപ്തിപ്പെടുന്ന ഒരു പരിഷ്കൃതജനസമുദായത്തിനു് ചൊടിചൊടിപ്പില്ലെന്നു് ഗണിക്കുന്നതിൽ ആക്ഷേപിപ്പാനില്ല. ലോകത്തിൽ വലിയ മാററം ഉണ്ടായിക്കൊള്ളട്ടെ. എന്നാലും, ആ സംഭവം നടന്ന ഒരാഴ്ചവട്ടം കഴിഞ്ഞശേഷമേ അതിനെക്കുറിച്ചു് അറിയേണ്ടു എന്നു വെയ്ക്കുന്നതു്, ഉത്സാഹശക്തിയുടെ ദുർബ്ബലതയായിരിക്കാം. അമേരിക്കയിൽ ഏതു പ്രധാന നഗരത്തിലും, പത്തുപന്ത്രണ്ടു് പ്രതിദിനപത്രങ്ങൾ ഇല്ലാതിരിക്കുന്നില്ല. ഇംഗ്ലാണ്ടിൽ പ്രതിവാരപത്രങ്ങളാണു് അധികം. ജർമ്മനിയിലും ഒന്നാംതരം പത്രങ്ങൾ ചുരുക്കമാകുന്നു. ജർമ്മൻവർത്തമാനപത്രങ്ങൾ ജർമ്മൻ വിദ്വാന്മാരെപ്പോലെയാണു്. അവരുടെ പറിത്തം അപരിമിതമാണു്; എന്നാൽ അവർ ജനങ്ങളുടെ അനലസമായ അഭിപ്രായവർദ്ധനയെ അന്വേഷിക്കുന്നതിൽ അത്രമേൽ ഉത്സാഹം കാണിക്കുന്നില്ലാ. അവർ പൊതുജനങ്ങളുടെ ഗതികളെയും നടവടിരീതികളെയും അവഗാഢമായി ഗ്രഹിക്കുന്നതിനും, പര്യാലോചന ചെയ്യുന്നതിനും, ജനങ്ങളുടെ ഹൃദയത്തെ നിർമാർജ്ജനം ചെയ്യുന്നതിനും, വിചാരങ്ങളെ അറിയുന്നതിനും, അധികം ശ്രമിക്കുന്നില്ലാ. എന്നാൽ, ഒരു പത്രപ്രസാധകൻ ശരിയായി കൃത്യനിർവ്വഹണം ചെയ്യുന്നു എന്നു പറയണമെങ്കിൽ, ആയാൾ പൊതുജനങ്ങളുടെ അതാതു സമയത്തുള്ള വിചാരങ്ങളെ അറിയണം; അവരുടെ അഭിമതം എന്താണെന്നു് മനസ്സിലാക്കണം; അവരുടെ ആശയങ്ങളെ താൻ തുറന്നുപറയണം; വസ്തുത, സകല സംഗതികളിലും പൊതുജനങ്ങളുടെ പ്രാതിനിധ്യം വഹിക്കണം. ഇതു ചെയ്യാതില്ലെങ്കിൽ, അയാളുടെ പരിശ്രമം നിഷ്ഫലമാകുന്നു. ഒരു ഒന്നാ

ന്തരം വൃത്താന്തപത്രം മുളച്ചുവളരേണമെങ്കിൽ, നാട്ടിൽ സ്വാതന്ത്ര്യബോധം പ്രധാനമായുണ്ടായിരിക്കതന്നെ വേണം.

9. രാജ്യകാൎയ്യങ്ങളിലാകട്ടെ, സമുദായകാൎയ്യങ്ങളിലാകട്ടെ സ്വേച്ഛാപ്രഭുതപത്തെ തെല്ലെങ്കിലും സ്പൎശിക്കുന്ന രാജ്യം വൃത്താന്തപത്രങ്ങളുടെ വളർച്ചയ്ക്കു അനുഗുണമായിട്ടുള്ളതല്ലാ. അമേരിക്കയിൽ, ഇതരരാജ്യങ്ങളെ അപേക്ഷിച്ചു്, അധികം വത്തമാനപത്രങ്ങൾ ഉണ്ടായിരിപ്പാൻ പ്രധാനമായ കാരണം മേല്പറഞ്ഞതാകുന്നു. അമേരിക്കയിൽ ധാരാളം പത്രങ്ങളുണ്ടെന്നു മാത്രമല്ല; അവയുടെ നടത്തിപ്പു് വളരെ പ്രശംസാൎഹവുമാകുന്നു. അമേരിക്കയിൽ എല്ലാ സാധനങ്ങൾക്കും സ്വച്ഛന്ദമായി വളരുവാൻ അവകാശം ലഭിക്കുന്നുണ്ടു്; ഈ ഒരു സൗകൎയ്യം മററുള്ള രാജ്യങ്ങളിൽ കുറവാണെന്നു് ഓക്കുമ്പോൾ, അമേരിക്കൻപത്രങ്ങൾ മററുള്ളവയെ അതിശയിക്കുന്നതിനെപ്പററി നാം അത്ഭുതപ്പെടേണ്ടതില്ലാ. പരന്ത്രീസ്‌രാജ്യം സ്വച്ഛന്ദഭരണം ചെയ്യുന്ന ഒരു നാടാണെന്നുള്ളതിരിക്കട്ടെ; എന്നാൽ, അവിടത്തെ വത്തമാനപത്രങ്ങളെ അമേരിക്കയിലുള്ളവയോടു് താരതമ്യപ്പെടുത്തി നോക്കുക. പരന്ത്രീസ്‌പത്രങ്ങൾ എത്രയോപടി താഴത്തുനില്ക്കുന്നു. അവയുടെ സ്വരംതന്നെ മറെറാരു മട്ടിലാണു്. ബ്രിട്ടീഷ് രാജ്യത്തിലെയും തിരുവിതാംകൂർ മുതലായ നാട്ടുരാജ്യങ്ങളിലെയും പത്രങ്ങളുടെ അവസ്ഥാഭേദംതന്നെ മേല്പറഞ്ഞ സംഗതിക്കു് മറെറാരു ദൃഷ്ടാന്തമാകുന്നു. സ്വച്ഛന്ദമായി അഭിപ്രായം പറയുക എന്ന കാൎയ്യത്തിൽ, ആരെയും കൂസേണ്ടതില്ലെന്നുള്ള ധൈൎയ്യം നാട്ടുരാജ്യങ്ങളിലെ പത്രപ്രവത്തകന്മാക്കു് ഇനിയും വേണ്ടുവോളം ഉണ്ടായിട്ടില്ല; ഉണ്ടാകുന്നതിനു് ഇവിടത്തെ ഭരണരീതിയും, ഉദ്യോഗസ്ഥന്മാരുടെ ന്യായാന്യായബോധവും സ്വാതന്ത്ര്യാവകാശവും എത്രയോ ഭേദപ്പെടേണ്ടിയിരിക്കുന്നു. അല്പമെങ്കിലും സ്വാതന്ത്ര്യമനുഭവിക്കുന്ന ബ്രിട്ടീഷ് രാജ്യനിവാസികളുടെ പത്രങ്ങൾ വായിക്കുമ്പോൾ ഉണ്ടാകുമാറുള്ള ഉന്മേഷം, നാട്ടുരാജ്യവൃത്താന്തപത്രങ്ങളുടെ സംഗതിയിൽ, ഉണ്ടാകുമാറില്ലാ. ഇവയുടെ നടത്തിപ്പു് എത്രയോ മോശപ്പെട്ട മാതൃകയിലാണു്. മലയാളപത്രങ്ങളിൽ മിക്കവയുംഇങ്ങനെതന്നെയെന്നുപറഞ്ഞാൽ, പലക്കും കോപമുണ്ടായേക്കാമെങ്കിലും, വാസ്തവത്തിൽ, അവയ്ക്കു്

വേണ്ട അവസ്ഥ ഇതുവരെ ഉണ്ടായിട്ടില്ല. പണംകൊണ്ടാകട്ടെ, നല്ല ലേഖകന്മാരുടെ ഹൃദയപൂർവ്വമായ സഹായം കൊണ്ടാവട്ടെ, പൊതുജനങ്ങളുടെ പ്രാതിനിധ്യം വഹിക്കുക എന്നുള്ളതുകൊണ്ടാകട്ടെ, ഇവ ഗണ്യമായ സ്ഥാനത്തെ അർഹിക്കുവാൻ ഇനിയും യോഗ്യങ്ങളായിട്ടില്ല. പണച്ചെലവു് നോക്കിയാൽ, ബുദ്ധിമുട്ടുകൂടാതെ നടത്തിവരുന്ന പത്രങ്ങൾ ചുരുങ്ങും. പത്രകാര്യാലയത്തിൻെറ പണിക്കാർ എത്രയോ ചുരുക്കമാണു്!

10. യോഗ്യമായ നിലയിൽ മാസപ്പടിവാങ്ങി പണി നടത്തുന്ന ഒരു മാനേജരോ, ഒരു പത്രാധിപരൊ, ഒരു ക്ലാർക്കൊ, റിപ്പോർട്ടരൊ, നമ്മുടെ മലയാളപത്രങ്ങൾക്കുണ്ടോ എന്നു് ആലോചിക്കേണ്ടതാണു്. 'പണമിട്ടു പണമെടുക്കുക' എന്ന കാര്യതത്വം ഇവിടെ ദുർല്ലഭമായിട്ടേ പ്രവൃത്തിക്കപ്പെട്ടുകാണുന്നുള്ളു. പത്രവില കൊടുക്കാതെ പത്രം വായിക്കേണമെന്നു വരിക്കാർ മോഹിക്കുന്നു; പണം അത്രയൊന്നും ചെലവാക്കാതെ പത്രംനടത്തി വരിക്കാരോടു പണം വസൂലാക്കേണമെന്നു പത്രപ്രവർത്തകന്മാർ മോഹിക്കുന്നു. ഇങ്ങനെ കൂട്ടിയിണക്കുവാൻ ദുസ്സാധമായുള്ള ഹിതങ്ങളോടുകൂടി പത്രം നടത്തുവാൻ തുനിഞ്ഞാൽ, പ്രവർത്തകന്മാർക്കാകട്ടെ, ജനങ്ങൾക്കാകട്ടെ, കൃതാർത്ഥതനേടുവാൻ പ്രയാസമാകുന്നു. തിരുവിതാംകൂറിൽ മലയാളപത്രങ്ങൾ ആവശ്യത്തിലധികമായും, അനുത്തമരീതിയിലായും ഉണ്ടാകുവാനുള്ള ഹേതു, മേല്പറഞ്ഞ പരസ്പരവിരുദ്ധങ്ങളായ ഹിതങ്ങളുടെ പ്രവൃത്തിയാണെന്നത്രെ ഞാൻ വിചാരിക്കുന്നതു്. കാര്യവിവരവും, ശേഷിയും വിദ്യത്തവുമുള്ള ആളുകളെക്കൊണ്ടു്, ശരിയായ പ്രതിഫലത്തിന്മേൽ, ലേഖനസഹായം ചെയ്യിക്കുന്ന പത്രങ്ങൾ, ഏറെ ചുരുക്കമാകുന്നു. പത്രാധിപരുടെ ശമ്പളമെന്താണെന്നും നോക്കുക. അതുപറയുമ്പോൾ, ചിലർ ക്രുദ്ധിച്ചേക്കാം. മുപ്പതൊ നാല്പതൊ ഉറുപ്പികയിൽ കവിഞ്ഞതുക മാസപ്പടിയായി വാങ്ങുന്ന മലയാളപത്രാധിപന്മാർ ഉണ്ടെങ്കിൽ, അതു ധാരാളം പണമുള്ള പത്രംആപ്പീസിലായിരിക്കും. പത്തുരൂപ മാസപ്പടി വാങ്ങിക്കൊണ്ടു് ഒരു പ്രതിവാരപത്രത്തിനു് ആധിപത്യം വഹിക്കുവാനാളുണ്ടെങ്കിൽ, ഏഴരരൂപക്കു് ആളുണ്ടോ എന്നന്വേഷിക്കു

UNIVERSITY LIBRARY
31 OCT 1934

വാൻ പത്രാധിപർ ഉദ്യമിക്കുന്ന നടവടി മലയാളപത്രരാജ്യത്തിലല്ലാതെ മററെങ്ങുമുണ്ടാകുമൊ? ഇങ്ങനെ, പത്രാധിപത്യം വഹിക്കുന്ന ഒരുവൻ എന്തൊക്കെയാണു ചെയ്യേണ്ടതു്? 'അദ്ദേഹം' പത്രത്തിലേക്കു 'മുഖപ്രസംഗം' എഴുതണം; 'സ്വദേശവാർത്തകൾ' എഴുതണം; 'വിദേശവാർത്തകൾ' എഴുതണം; 'യുദ്ധവാർത്തകൾ' എഴുതണം; 'ലേഖനങ്ങൾ' പരിശോധിക്കണം, ആവശ്യംപോലെ 'ലേഖനങ്ങൾ' കിട്ടീട്ടില്ലെങ്കിൽ, എഴുതിച്ചേർക്കണം; ഇവയൊക്കെ അച്ചുനിരത്തുവാൻ ഏല്പിക്കണം; നിരത്തുകാരുടെ അടുക്കൽച്ചെന്നു് അക്ഷരം മനസ്സിലാക്കിക്കൊടുക്കണം; ഉടൻ തപ്പാൽ വന്നുവെങ്കിൽ, കത്തുകളും മററുപത്രങ്ങളും വാങ്ങി പൊട്ടിച്ചു മുഴുക്കെ വായിച്ചു കുറിക്കണം; ഉദ്ധരിക്കേണ്ട ഭാഗങ്ങളെ പത്രങ്ങളിൽ നിന്നെടുക്കണം; അന്യഭാഷാപത്രങ്ങളാണെങ്കിൽ, അവയെ തർജ്ജമചെയ്യണം; അച്ചുനിരത്തുകാർ ചേർത്തുകഴിഞ്ഞ ലേഖനങ്ങൾക്കു 'പ്രൂഫ്' കൊണ്ടുവരുമ്പോൾ ഉടൻ തിരുത്തിക്കൊടുക്കണം; ഇടയ്ക്കു ലേഖനം തികഞ്ഞിട്ടില്ലെങ്കിൽ വീണ്ടും എഴുതിക്കൊടുക്കണം; ഒററക്കൈകൊണ്ടു പ്രൂഫ് തിരുത്തിക്കൊടുക്കുന്നതിനിടയിൽ, മററെ കൈക്കു ലേഖനത്തിനു 'കമ്പോസിറററ്' വന്നു് അലട്ടുന്നു; നിരത്തിക്കഴിഞ്ഞ ലേഖനങ്ങളെ ഇന്നയിന്ന ഭാഗങ്ങളിൽ ഇന്ന പംക്തികളിൽ ആക്കേണമെന്നു പറഞ്ഞുകൊടുക്കണം; 'റഫ്പ്രൂഫ്,' 'കാളംപ്രൂഫ്,' 'പേജ്പ്രൂഫ്' ഇങ്ങനെ മൂന്നുനാലുതവണ പ്രൂഫ് പരിശോധിക്കണം. ഈ പണിയെല്ലാം പത്തുറുപ്പികയ്ക്കു്— അല്ലെങ്കിൽ, നാല്പതുറുപ്പികയ്ക്കു്! ഇതിനുള്ളിൽ, അപകീർത്തിക്കേസ്—അഥവാ, നഷ്ടവ്യവഹാരം—ഇവയിലൊന്നിനോ, രണ്ടിനുമോ, ഉത്തരവാദിത്വവും വഹിച്ചുകൊള്ളണം. ഇപ്രകാരം ജീവിതം നയിക്കുന്ന ഒരു സത്വത്തിൻെറ സങ്കടങ്ങൾ ആരറിയുന്നു? 'ലണ്ടൻ ടൈംസ്,' 'ന്യൂയാർക്ക് ഹെറാൾഡ്' മുതലായ പത്രങ്ങളിലേക്കുള്ള പലമാതിരി പണിക്കാരുംകൂടി ഒന്നായി അവതരിച്ചാൽ, ഒരു മലയാളപത്രാധിപരൂപമായി. ഈ രൂപം മുഖപ്രസംഗമെഴുത്തുകാരനാണു്; റിപ്പോർട്ടറാണു്; അന്യപത്രം വായിച്ചു കുറിക്കുന്നവനാണു്; ഉപപത്രാധിപരാണു്; പ്രൂഫ്പരിശോധകനാണു്; ലേഖനപരിശോധകനാണു്;

എല്ലാററിന്റെയും മേൽനോട്ടക്കാരനുമാണു്. മേല്പറഞ്ഞ പണികൾക്കു പ്രത്യേകം ഓരോ ആളെ നിശ്ചയിക്കണമെങ്കിൽ, പത്രപ്രവൎത്തകന്റെ പക്കൽ പണംവേണം. "പണം ധാരാളം ചെലവാക്കി പത്രം നടത്തി ഗുണംകിട്ടേണമെന്നില്ല; വരിക്കാർ പണം തന്നാൽ, പണം ചെലവാക്കാം. വരിക്കാൎക്കു് ഉത്തമരീതിയിൽ വേണം പത്രം കൊടുക്കുവാനെന്നും അങ്ങനെ ചെയ്തിട്ടത്രേ അവരോടു പണം വാങ്ങേണ്ടതെന്നും ഞങ്ങൾക്കറിയേണ്ട ആവശ്യമില്ല. അച്ചടി നന്നല്ലെങ്കിൽ, പണംകിട്ടിയാൽ നന്നാക്കിക്കൊള്ളാം. കടലാസ് നന്നല്ലെങ്കിൽ, പണം തന്നാൽ നന്നാക്കിക്കൊള്ളാം. നിങ്ങൾ പണം മുൻകൂറു തന്നുവെങ്കിലും, മററുള്ളവർ തന്നിട്ടില്ലല്ലോ. പിന്നെ എങ്ങനെയാണു കടലാസോ, അച്ചടിയോ, ലേഖനങ്ങളോ, കാൎയ്യങ്ങളോ നന്നാക്കേണ്ടതു്?"—ഇപ്രകാരമായിരിക്കും ഓരോ പ്രവൎത്തകന്മാരുടെ വിചാരം. പത്രങ്ങൾ വാങ്ങി വായിക്കുവാൻ മോഹിക്കുന്നവർ പണം മുൻകൂറു കൊടുക്കുവാൻ തയ്യാറില്ല; മുൻകൂറു പണം വാങ്ങാതെയെങ്കിലും പത്രം അയച്ചില്ലെന്നിരുന്നാൽ, പത്രപ്രചാരം ചുരുക്കമായിരിക്കും; ഇടയ്ക്കു വെച്ചു പത്രവില ആവശ്യപ്പെട്ടാൽ ഉടൻ പത്രം നിറുത്തുകയായി. അന്നോളം വായിച്ച പത്രത്തിനു വിലകൊടുക്കുകയുമില്ലാ. പത്രഉടമസ്ഥൻ നഷ്ടം സഹിച്ചുകൊള്ളുകയേ നിൎവ്വാഹമുള്ളു. ഇങ്ങനെ ക്ലേശിച്ചുജീവിക്കുന്ന പത്രങ്ങൾക്കു് ആരോഗ്യം എവിടെനിന്നാണു് ഉണ്ടാകുന്നതു്? അവയ്ക്കു ജീവിതരണത്തിൽ എളുപ്പം തോൽവി പററുന്നു. വാസ്തവമാലോചിച്ചാൽ, തിരുവിതാംകൂറിൽ, ഉണ്ടായിരിക്കേണ്ടതിലധികം പത്രങ്ങൾ മുളച്ചിരിക്കുന്നു; ചിലതുകൾ കളച്ചെടികളെപ്പോലെ, മററുള്ള നല്ല ചെടികളുടെ പോഷണസാധനങ്ങളെ കവൎന്നതിനു പരപീഡകങ്ങളായി തീൎന്നിരിക്കുന്നു. ഇവകൊണ്ടു് ആളുകൾക്കു പരമാൎത്ഥത്തിൽ ഗുണമില്ലാ; ഇവയുടെ രീതിതന്നെ എത്രയും തുച്ഛതരമാകുന്നു. മുഖപ്രസംഗം എന്ന പേരിൽ ഒരു ഉപന്യാസം; പിന്നാലെ, കുറെ വിദേശവൃത്താന്തങ്ങൾ; സ്വലച്ചെയ്തികൾ: "എന്റെ പത്രാധിപർ ചേട്ടാ," "ഹേ അനിയാ," "പത്രാധിപരങ്ങുന്നേ," "സാറേ," "കേട്ടോ സാറേ," "ഹേ പണ്ഡിതശിരോരത്നമേ," "പത്രാധിപ

മാണിക്യമേ"—എന്നീ വിധത്തിൽ മാന്യന്മാൎക്ക് അരോചകം തോന്നിക്കുന്ന സംബോധനകളെ ഇടയ്ക്കിടെ കുത്തിച്ചെലുത്തി നിറച്ച്, ഫലിതങ്ങളെന്നു തന്നെത്താൻ വിചാരിച്ചു പുറപ്പെടുവിക്കുന്ന അനുചിതങ്ങളായ നേരമ്പോക്കുകളെയും, വിരോധാഭാസങ്ങളെയും, കഥകളെയും, നീചഭാഷകളെയുംചേൎത്തും, വസ്തുതകൾ പറയുന്നതിനുമുമ്പായി അവയെ പററിയുള്ള സ്വന്തവിമർശനങ്ങളെ ആമുഖീകരിച്ചും, എഴുതിവരുന്ന ലേഖനങ്ങൾ—പിന്നാലെ, "ധ്വജേന്ദ്രദശകം" എന്നോ, "ചെണ്ടത്തരം" എന്നോ "സഞ്ചാരസഞ്ചിക" എന്നോ, മററോ പേരിൽ, ആഭാസങ്ങളായ ശ്ലോകങ്ങൾ—ഇവയൊക്കെയാകുമ്പോൾ, മാന്യന്മാൎക്കും നിന്ദ്യന്മാൎക്കും, ഉത്തമന്മാൎക്കും അധമന്മാൎക്കും, വിദ്വാന്മാൎക്കും പാമരന്മാൎക്കും, വിവേകികൾക്കും അവിവേകികൾക്കും, രസികന്മാൎക്കും അരസികന്മാൎക്കും—തുല്യമായി വായിച്ചറിവാനുള്ള പത്രമായിത്തീൎന്നു പുറപ്പെടുന്നു. ഇവയിൽ, പൊതുജനങ്ങളുടെ സങ്കടങ്ങളോ ആവശ്യങ്ങളോ, വല്ലതും ശരിയായി എഴുതി അധികൃതന്മാരേ അറിയിക്കാറുണ്ടോ, സൎക്കാരുദ്യോഗസ്ഥന്മാരുടെ അഴിമതികളെ വെട്ടിത്തുറന്നു പറയുന്നുണ്ടോ? മന്ത്രിമാരുടെ നീതിവിപ്ലവങ്ങളെ കഠിനമായി ആക്ഷേപിക്കുന്നുണ്ടോ? പത്രങ്ങളുടെ മാന്യതയെ പരിപാലിക്കുവാൻ തക്കവണ്ണം ഗൗരവയുക്തമായ ഭാഷയിൽ, നിർദ്ദയമായിട്ടെന്നിരുന്നാലും എഴുതുന്നുണ്ടോ? ഇവയ്ക്കൊക്കെ ഹേതു, സ്വാതന്ത്ര്യബോധമില്ലായ്മയാകുന്നു. ഗവൎമ്മേണ്ടിൻെറ നടവടികളിൽ പൊതുജനങ്ങളറിയേണ്ടവയെപ്പോലും, പൊതുപ്രാതിനിധ്യം വഹിക്കുന്ന പത്രങ്ങളെ ഗവൎമ്മേണ്ടു ശരിയായി അറിയിക്കുന്നില്ലാ; ഗവൎമ്മേണ്ടുദ്യോഗസ്ഥന്മാർ അവയെ രഹസ്യമായി വെയ്ക്കുന്നതേയുള്ളു. പ്രജകൾക്കുവേണ്ടിയത്രെ ഗവൎമ്മേണ്ടു വൎത്തിക്കുന്നതെന്നും, ഗവൎമ്മേണ്ടിനുവേണ്ടിയല്ലാ പ്രജകൾ വൎത്തിക്കുന്നതെന്നും, നമ്മുടെ ഉദ്യോഗസ്ഥന്മാർ ബോധിച്ചിട്ടില്ലെന്നു തോന്നുന്നു. ഇവർ പൊതുജനദാസന്മാരല്ലാ, പൊതുജനയജമാനന്മാരാണെന്നത്രേ കരുതുന്നതു്. ഇങ്ങനെയും നാട്ടിൽ, പത്രങ്ങൾ നികൃഷ്ടത്തെ പ്രാപിച്ചിരിക്കുന്നതിൽ ആശ്ചൎയ്യപ്പെടുവാനെന്തുള്ളൂ?

11. വൃത്താന്തപത്രത്തെ സ്ഥാപിച്ചിരിക്കേണ്ടതു മനുഷ്യപ്രകൃതിയിന്മേലാത്രെ. പത്രം ജനങ്ങളുടെ ആവശ്യങ്ങളെ പ്രതിഫലിപ്പിക്കണം; അതു പൊതുജനങ്ങൾക്കാവശ്യമുള്ള അറിവുകളെ ശേഖരിച്ചുകൊടുക്കണം; ഇല്ലെന്നുവന്നാൽ, അതിന്റെ ജീവിതോദ്ദേശ്യം നിഷ്ഫലീകൃതമായി ഭവിക്കുന്നു. ഒരു പത്രാധിപർ പ്രധാനമായി അന്വേഷിക്കേണ്ടതു വർത്തമാനങ്ങളെയാകുന്നു; പത്രത്തിൽ മറെറന്തു വിഷയങ്ങളൊക്കെയും ഉണ്ടായിരുന്നുകൊള്ളട്ടെ; എങ്കിലും, വർത്തമാനങ്ങൾ ഇല്ലാതിരുന്നാൽ, അതിന്നു സാഫല്യമില്ലാ. വർത്തമാനങ്ങൾ എന്നുവെച്ചാലെന്താണ്? ലോകത്തിൽ, പൊതുജനങ്ങളുടെ, അഥവാ, ജനസമൂഹത്തിൽ ഒരു അംശത്തിന്റെ എങ്കിലും, ശ്രദ്ധയെ ഹഠാൽ ആകർഷിക്കുവാൻ പ്രാപ്തമായ എല്ലാ സംഗതികളും വർത്തമാനങ്ങളിൽ ഉൾപ്പെടുന്നു. ഇന്നയിന്ന വാർത്തകളെയേ ഒരു പത്രത്തിൽ ചേർക്കാവൂ എന്ന് അതിരിടുവാൻ പ്രയാസമാകുന്നു. ചില ചില വിഷയങ്ങളിലുള്ള വാർത്തകൾ വൃത്താന്തപത്രങ്ങളിൽ പ്രസിദ്ധമാക്കുവാൻ പാടില്ലെന്നാണ ചിലരുടെ നിർബ്ബന്ധം. എന്നാൽ, പൊതുജനങ്ങൾ അറിഞ്ഞിരിക്കേണ്ടവയും അവർക്കു തന്മൂലം ഉപകാരം ഉണ്ടാകുന്നവയുമായ ഏതു സംഭവവും, സഭ്യമായ രീതിയിൽ, ചേർക്കുന്നതുകൊണ്ടു ദോഷം സംഭവിപ്പാനിടയുണ്ടെന്നു തോന്നുന്നില്ലാ. സ്ത്രീപുരുഷന്മാർ നിറഞ്ഞിരിക്കുന്ന സദസ്സിൽ വായിച്ചാൽ അശ്ലീലം തോന്നാത്തപ്രകാരത്തിൽ ഉള്ള വാർത്തകൾ വേണം പ്രസിദ്ധമാക്കുവാൻ എന്നു ചിലർക്ക് ഒരു നിഷ്കർഷയുണ്ട്. ചിലർ വിവാഹമോചനവാർത്തകളെ പ്രസ്താവിക്കുമാറില്ല; ചിലർ പ്രകൃതിവിരുദ്ധങ്ങളായ കുറ്റങ്ങളെയും, സ്ത്രീജനങ്ങളോടുള്ള ബലാല്ക്കാരപ്രവൃത്തികളെയും, മററും പത്രത്തിൽ പ്രസ്താവിക്കുന്നില്ലാ. വായനക്കാരുടെ മനസ്സിനെ സന്മാർഗ്ഗത്തിൽനിന്നു വ്യതിചലിപ്പിക്കുവാൻ ശക്തങ്ങളായ വർത്തമാനങ്ങളെയോ, വിഷയങ്ങളെയോ പ്രസിദ്ധീകരിക്കുന്നതു് അനുചിതമെന്നത്രെ മാന്യന്മാർ ഗണിക്കുന്നതു്. അതുകൊണ്ടത്രെ, പത്രങ്ങളിൽ ശൃംഗാരപദ്യങ്ങൾ ചേർക്കുവാൻ പാടില്ലെന്നു ചിലർ നിഷ്കർഷിക്കുന്നതു്. വായിക്കുമ്പോൾ ജുഗുപ്സ തോന്നിക്കത്തക്ക അർത്ഥംവെച്ച് എഴുതുന്ന പദ്യങ്ങളും വർജ്ജ്യങ്ങളാകുന്നു. "കണ്ടോക്കെഴം തടി

യതിന്നുടെ ഭാരമേററുംകൊണ്ടോക്കിലിങ്ങനെ വലപ്പതു കെല്ലെഴും നീ''—എന്നിങ്ങനെ 'ഗജേന്ദ്രദശകം' എന്ന തലവാചകത്തിങ്കീഴിൽ, അശ്ലീലാൎത്ഥങ്ങളെക്കൊണ്ടു്, കൊട്ടാരത്തിൽ ശങ്കുണ്ണി എന്ന പേരിനു മുകളിൽ എഴുതിക്കണ്ട കുറേ പദ്യങ്ങൾ, വെണ്മണി നമ്പൂതിരിപ്പാട്ടിലെ അസഭ്യശൃംഗാരശ്ലോകങ്ങളെ പ്രസിദ്ധീകരിക്കുവാൻ പംക്തി അനുവദിച്ച ഒരു പത്രത്തിൽ കണ്ടതുകൊണ്ടു് ആശ്ചൎയ്യം തോന്നീലെങ്കിലും, പൊതുജനങ്ങളുടെ മൎയ്യാദയെ പരിപാലിക്കുവാൻ വേണ്ട ശുഷ്കാന്തി തേടുന്ന ഈ പരിഷ്കാരകാലത്തു വളരെ ഗൎഹണീയമായിട്ടത്രേ മാന്യന്മാൎക്കു തോന്നിയതുള്ളു. ഇപ്രകാരമുള്ള ശൃംഗാരപദ്യങ്ങളും മററും സ്ത്രീപുരുഷന്മാർ ഉൾപ്പെടുന്ന ഒരു മാന്യസദസ്സിൽ ഏതുവിധം അനുചിതവും ഉപേക്ഷണീയവും ആയിരിക്കുമോ, അതേവിധമത്രേ ഒരു വൃത്താന്തപത്രത്തിലും വൎജ്ജ്യമായിരിക്കേണ്ടതു്. സഭ്യാസഭ്യങ്ങളെക്കുറിച്ച വകതിരിവില്ലാത്ത പത്രാധിപന്മാരെയോ, ലേഖകന്മാരേയോ, മാന്യജനസമൂഹം നിന്ദിക്കുന്നതല്ലാതെ അഭിനന്ദിക്കുന്നതല്ലെന്നുള്ളതും നാം ഓൎക്കേണ്ടതാകുന്നു.

12. ഒരു പത്രപ്രസാധകന്നു് ഏതുതരം വിദ്യാഭ്യാസമാണു് ഉണ്ടായിരിക്കേണ്ടതു്? ഈ വിഷയത്തെപ്പററി പല അഭിപ്രായങ്ങളും ഓരോരുത്തൎക്കുണ്ടു്. പത്രപ്രവൎത്തനകൃത്യത്തെ അഭ്യസിക്കുന്നതിനുതന്നെ, ചില പ്രത്യേക പാഠശാലകൾ ഏൎപ്പെട്ടുത്തീട്ടുണ്ടു്. അമേരിക്കയിലാണു് ഈ കാൎയ്യത്തിൽ അധികം ശ്രദ്ധ കാട്ടിവരുന്നതു്. അവിടെ ചില മഹാപാഠശാലകളിൽ, പത്രപ്രവൃത്തി സംബന്ധിച്ച വിദ്യാഭ്യാസം നല്കുവാൻ മാത്രം പ്രൊഫെസ്സർമാരെ നിയമിച്ചിട്ടുണ്ടു്. ഒരു പാഠശാല പ്രത്യേകം സ്ഥാപിച്ചു നടത്തുവാനും, കുറെനാൾ മുമ്പു്, ഒരു പത്രത്തിൻെറ ഉടമസ്ഥൻ ഉദ്യമം തുടങ്ങിയിരുന്നു. എന്നാൽ, ഇങ്ങനെ പ്രത്യേകമായ ഒരു പാഠശാലകൊണ്ടോ, ഒരു പ്രൊഫെസ്സറെക്കൊണ്ടോ, ഒരുവനെ തക്കതായ ഒരു പത്രപ്രസാധകനായി രൂപപ്പെടുത്തുവാൻ കഴിയുമോ, എന്നുള്ളതു് ആലോചനാവിഷയമായിരിക്കുന്നതേ ഉള്ളു. ഒരാൾക്കു വൃത്താന്തപത്രജീവിതത്തിൽ, ശരിയായി വേണ്ട സാമൎത്ഥ്യം സിദ്ധിക്കേണമെങ്കിൽ, അതു നല്ല ഒരു പത്രകാൎയ്യാലയത്തിലിരുന്നു പരിശീ

ലിച്ചാലേ സാധിക്കൂ, എന്നാണു മറുപക്ഷക്കാരുടെ അഭിപ്രായം. വൃത്താന്തപത്രം നടത്തുന്ന കാൎയ്യം 'ഏട്ടിൽ'നിന്നു പഠിച്ചറിഞ്ഞാൽ മാത്രം വശപ്പെടുന്നതല്ല; ഇതിലേയ്ക്കു പ്രത്യേക വിദ്യാഭ്യാസം പള്ളിക്കൂടങ്ങളിൽനിന്നു സമ്പാദിക്കാവുന്നതുമല്ലാ. വേണ്ടെടത്തോളം സാമാന്യവിദ്യാഭ്യാസം ലഭിച്ചിട്ടുള്ള ഒരുവനു വൃത്താന്തപത്രകാൎയ്യം പരിശീലിക്കുവാൻ ഉചിതമായും ഉത്തമമായുമുള്ള വിദ്യാലയം ഒരു ഉത്തമപത്രകാൎയ്യാലയം ആകുന്നു. ഇതുസംബന്ധിച്ച് അല്പം ആലോചന ചെയ്യേണ്ടിവരുന്നു.

13. മുൻകാലങ്ങളിൽ, വിദ്വാന്മാരുടെ ഗണത്തിൽ വൃത്താന്തപത്രപ്രസാധകൻ എന്ന ഒരു ഇനത്തിനു് അവകാശമേ ഇല്ലായിരുന്നുവല്ലോ. പത്രജീവനക്കാരൻ നവീനനല്ലേ? പണ്ടു വിദ്വത്തം സമ്പാദിച്ചവർ വേദാന്തശാസ്ത്രജ്ഞർ എന്നോ, ഭിഷക് എന്നോ നീതിനിയമജ്ഞനെന്നോ, മറ്റോ ഉള്ള ഇനങ്ങളിൽ ഉൾപ്പെട്ടിരുന്നതേ ഉള്ളു. വൎത്തമാനപത്രകാൎയ്യജ്ഞൻ എന്ന ഒരു ഇനം അന്നു് ആവശ്യപ്പെട്ടിരുന്നില്ലാ. വൎത്തമാനപത്രങ്ങൾ ഉണ്ടായിരിക്കേണ്ട അവസ്ഥതന്നെ ജനസമൂഹത്തിന്നു സിദ്ധിച്ചിരുന്നില്ല. ജനസമുദായം അക്കാലത്തു് ഇക്കാൎയ്യത്തെപ്പറ്റി ചിന്തിക്കുവാൻ തക്കവണ്ണം പരിഷ്കൃതമായിട്ടില്ലായിരുന്നു. എന്നാൽ, ഇപ്പോഴോ വൎത്തമാനപത്രം എന്നതു് ഒരു പരിഷ്കൃതജനസമുദായത്തിന്നു് അവശ്യം വേണ്ട പരിഷ്കാരചിഹ്നങ്ങളിൽ ഒന്നായിതീൎന്നിരിക്കുന്നു. ജനസമുദായത്തിന്നു വിദ്യാഭ്യാസം ലഭിച്ചു ക്രമേണ പരിഷ്കാരവും സ്വാതന്ത്ര്യാവകാശബോധവും ഉദിച്ചുതുടങ്ങുമ്പോൾ, വൎത്തമാനപത്രസ്ഥാപനം ഭാവിയായ ഫലമായി വരുന്നു. മലയാളരാജ്യങ്ങളിൽ, അടുത്തകാലങ്ങളിൽ, വൃത്താന്തപത്രങ്ങൾ ജനിച്ചും, മരിച്ചും, പുനൎജ്ജീവിച്ചും കിടക്കുവാൻ ഒരു അവസ്ഥാഭേദം ഉണ്ടായതുതന്നെ മേല്പറഞ്ഞ കാരണത്താലാകുന്നു. ഇങ്ങനെ പരിഷ്കൃതജനസമുദായത്തിന്നു് ഒഴിച്ചുകൂട്ടുവാൻ പാടില്ലാതെ തോന്നിത്തുടങ്ങീട്ടുള്ള വൃത്താന്തപത്രങ്ങളെ ശരിയായി നടത്തിക്കൊണ്ടുപോകുന്നതിന്നു്, ആളുകളെ പ്രത്യേകം പരിശീലിപ്പിക്കേണ്ടതായിത്തന്നെയിരിക്കുന്നുവല്ലൊ. പത്രജീവനക്കാരനെ സ്വരൂപിക്കേണ്ട വിധമെങ്ങനെ? അയാൾക്കെന്തൊക്കെ അറിവു

വേണം? വൃത്താന്തപത്രക്കാരന്ന് അത്യാവശ്യമായ വിദ്യാഭ്യാസത്തെപ്പററി ഒരു ഗണ്യമായ സംഗതിയുണ്ട്; അയാളുടെ വിദ്യാഭ്യാസം വിശ്വവിദ്യാഭ്യാസമായിരിക്കേണ്ടതും, അയാൾ ഏറ്റെ കാൎയ്യങ്ങൾ അറിഞ്ഞിരിക്കേണ്ടവനുമാണ്. എത്ര ഏറെ അറിവുണ്ടോ, അത്രയേറെ അയാളുടെ തൊഴിലും പ്രഥിതമായിരിക്കും. അല്പവിദ്യനായ ഒരാൾ, പത്രജീവനത്തിൽ വിജയിയാകുമെന്നു വിശ്വസിക്കേണ്ടാ. അയാൾക്കു് എല്ലാ വിഷയങ്ങളിലും അറിവുണ്ടായിരിക്കേണ്ടതു പത്രത്തിന്റെ ശ്ലാഘ്യതയ്ക്കും ഉദ്ദേശ്യസിദ്ധിക്കും അവശ്യമാണ്. ഒരു ഭിഷഗ്വരന്റെ ശാസ്ത്രജ്ഞാനം എത്രമേൽ സ്വബാദ്ധമെന്നു പരിശോധിച്ചറിവാൻ അയാൾ സമൎത്ഥനായിരിക്കണം; ഒരു മതപ്രസംഗകൎത്താവിന്റെ വാദങ്ങളെ കേട്ടാൽ, അവ യുക്തിയുക്തങ്ങളാണോ എന്നും സന്ദൎഭോചിതങ്ങളാണോ എന്നും, തീരുമാനിപ്പാൻ അയാൾക്കു മിടുക്കുവേണം; ഒരു വലിയ വക്കീലിന്റെ വ്യവഹാരത്തിലുള്ള കുഴപ്പങ്ങൾ ഇന്നവയെന്നു പറവാൻ അയാൾ നിപുണനായിരിക്കണം; ഒരു മന്ത്രിയുടെ പ്രവൃത്തി ഇന്നിന്നദോഷങ്ങളെ, അല്ലെങ്കിൽ ഗുണങ്ങളെ, ചെയ്യുമെന്നു്, അയാൾ ചിന്തിച്ചു തീരുമാനിക്കണം. എന്നുവേണ്ടാ, പത്രജീവനക്കാരൻ 'കൈകണ്ട വിദ്യ പതിനെട്ടും' അഭ്യസിച്ചിരിക്കണം. ഇവയ്ക്കൊക്കെയും വേണ്ടതായിട്ടുള്ളതു്, അയാളെ ഒരു നല്ല മഹാപാഠശാലയിലയച്ചു്, ധാരാളം സാമാന്യവിദ്യാഭ്യാസം ചെയ്യിക്കുകയാകുന്നു. ഒരു മഹാവിദ്യാശാലയിൽ എന്തൊക്കെ വിഷയങ്ങളെ അഭ്യസിക്കാമോ, അവയൊക്കെയും അയാൾ പഠിക്കണം. ഇങ്ങനെ സാമാന്യവിഷയജ്ഞാനം സമ്പാദിച്ചശേഷം, അയാൾ പിന്നാലെ ചെയ്യേണ്ടതു ലോകകാൎയ്യങ്ങളെ പരിചയപ്പെടുവാൻ ലൗകികജ്ഞാനം സമ്പാദിക്കയാണു്.

14. വൎത്തമാനപത്രക്കാരന്റെ കൃത്യം എന്താണ്? ലോകരെ സൽകാൎയ്യങ്ങൾ ഉപദേശിക്കയാണല്ലൊ. ബഹുജനങ്ങളെ ശരിയായ അറിവുള്ളവരാക്കി, നല്ല വഴികളിൽ നടത്തിക്കുവാൻ, ചുമതലയേററിരിക്കുന്ന ഒരാൾ, താൻ ഏതു ജനസമുദായത്തിന്റെ അധ്യാപകനായിരിപ്പാൻ ഉറച്ചിരിക്കുന്നുവോ, അവരുടെ ഹിതങ്ങളെന്തു്? അവരുടെ ഉദ്ദേശ്യങ്ങളെന്തു്?

അവരുടെ ആശയങ്ങളെന്തു്? അവരുടെ ആവശ്യങ്ങളെന്തു്? എന്നിങ്ങനെയുള്ള സംഗതികളെ നല്ലവണ്ണം അറിഞ്ഞിരിക്കേണ്ടതാകുന്നു. ഈ അറിവില്ലാതെ പ്രവത്തിച്ചാൽ, അയാൾക്കു തോൽവി പിണയുകയേ ഉള്ളൂ. അയാൾക്കു് ഒരു മഹാവിദ്യാശാലയിൽനിന്നു സമ്പാദിക്കാവുന്ന ജ്ഞാനനിധി അമൂല്യമായ സമ്പത്തായിരിക്കും; അതിനുപുറമേ, കുടുംബജീവിതത്തിൽനിന്നു ലഭിക്കാവുന്ന ജനസ്നേഹം അധികം വിലയുള്ളതാണു്. എന്നാൽ, ഈ ലോകകാര്യങ്ങളിൽ സ്വന്തമായ അനുഭവവും, തന്മൂലം കാര്യജ്ഞാനവും, ഓരോരോ കൃത്യങ്ങളുടെ ഉപായങ്ങളെയും പ്രകാരങ്ങളെയും പററിയ അറിവും, അയാൾക്കു്, അത്യന്തം വിലയേറിയവയാകുന്നു. ഈ സ്ഥിതിക്കു്, ഒരുവനു്, ഒരു മഹാവിദ്യാശാലയിൽനിന്നു ലഭിക്കാവുന്ന അറിവുകളെല്ലാം സമ്പാദിച്ചശേഷം, വൃത്താന്തപത്രപ്രവൃത്തിയെ സംബന്ധിച്ചു് ഒരു പ്രത്യേക വിദ്യാഭ്യാസം വിദ്യാശാലാമുഖേന എങ്ങനെയാണു സിദ്ധിക്കുന്നതു്? ഒരു പ്രത്യേക പണ്ഡിതൻ കസാലയിലിരുന്നു പ്രസംഗിക്കുന്ന വിഷയങ്ങളുടെ അറിവുകൊണ്ടു മാത്രം, വൃത്താന്തപത്രക്കാരൻ, ലോകകാര്യപരിചിതനാകുന്നതെങ്ങനെയാണു്? ഒരുവനു സാമാന്യവിദ്യാഭ്യാസം ഉണ്ടായാൽ, പിന്നെ ഡാക്ടർ ആകേണമെന്നാണാഗ്രഹമെങ്കിൽ, തന്റെ സാമാന്യവിദ്യാശാലയിലെ പഠിത്തം കഴിഞ്ഞതിനുശേഷം, അംഗവിജ്ഞാനീയം, ശരീരശാസ്ത്രം, രസതന്ത്രം, ജീവിശാസ്ത്രം മുതലായ വിഷയങ്ങളെ അഭ്യസിപ്പിക്കുന്ന വിദ്യാശാലയിൽ ചേന്നു പഠിക്കാം; വൈദികനാവാനാണു് ആഗ്രഹമെങ്കിൽ, സാമാന്യവിദ്യാഭ്യാസാനന്തരം, ഈശ്വരവിജ്ഞാനീയം, വേദവേദാന്താദിജ്ഞാനം, ആന്വീക്ഷികി, വക്രുത്വവിദ്യ മുതലായ വിഷയങ്ങളെ അഭ്യസിക്കയാവാം. ഇപ്രകാരം, ഓരോ പ്രത്യേകവൃത്തികൾക്കു പ്രത്യേകം വിദ്യ അഭ്യസിക്കാം. എന്നാൽ, വൃത്താന്തപത്രം നടത്തുന്നകാര്യത്തിൽ, ഒരുവനു സാമാന്യവിദ്യാഭ്യാസം ലഭിച്ചതിനുമേൽ, ഒരു പ്രത്യേകപഠിത്തം സിദ്ധിക്കുന്നതു പാഠശാലകളിൽനിന്നു വേണ്ടതല്ലാ; അയാളുടെ പിന്നാലെയുള്ള വിദ്യാഭ്യാസം ലോകത്തെ സ്വാനുഭവത്താൽ പരിചയപ്പെടുകയായിരിക്കെ, അതു് ഒരു പാഠശാലയിൽ ഇരുന്നു് 'ഏട്ടിൽ'നിന്നു

സമ്പാദിക്കുന്നതു് അസാധ്യമാകുന്നു. അയാളുടെ വിദ്യാശാല, പരമാൎത്ഥത്തിൽ, ഒരു നല്ല വൃത്താന്തപത്രകാൎയ്യാലയമായിരിക്കണം. ഇതല്ലാതെ, മറ്റൊരു ഉത്തമമായ പാഠശാല അയാൾക്കു് ലഭിക്കുന്നതല്ലാ; ഇവിടെനിന്നല്ലാതെ അയാൾ ശരിയായ കാൎയ്യജ്ഞാനം സമ്പാദിക്കുകയുമില്ല. പത്രകാൎയ്യാലയം എത്രമേൽ ഉൽകൃഷ്ടമായിരിക്കുന്നുവോ, എത്രയേറെ പൂൎണ്ണവും വിവിധകൃത്യങ്ങളുള്ളതും, അനേകം ഉദ്ദേശ്യങ്ങളോടു കൂടിയതുമായിരിക്കുന്നുവോ, അത്രമേൽ ഗുണങ്ങൾ അയാൾക്കു സമ്പാദിക്കാം. ആകയാൽ വൃത്താന്തപത്രപ്രവൃത്തിയിൽ അറിവു സമ്പാദിക്കണമെന്നു് ഇച്ഛിച്ചു പുറപ്പെടുന്ന ഒരുവനു് ഉചിതമായ വിദ്യാശാല ഒരു നല്ല പത്രകാൎയ്യാലയം ആകുന്നു; അയാൾക്കു ലഭിക്കാവുന്ന സാമാന്യവിദ്യാഭ്യാസം ഒക്കെ നേടട്ടെ; പിന്നാലെ, ഒരു പത്രകാൎയ്യാലയത്തിൽ ചെന്നു ചേൎന്നു, പലവിധങ്ങളായ പത്രകാൎയ്യങ്ങളെയും പരിശീലിക്കട്ടെ. പത്രാധിപർ എത്രമേൽ സമൎത്ഥനും മാഹാത്മ്യമുള്ളവനുമായിരിക്കുന്നുവോ, അത്രമേൽ സാഫല്യം മേല്പടി വിദ്യാൎത്ഥിക്കു സിദ്ധിക്കാവുന്നതാണു്.

15. ഒരു പത്രാധിപരുടെ കൃത്യത്തെ വ്യവസ്ഥപ്പെടുത്തുവാൻ വല്ല നിയമങ്ങളുമുണ്ടോ? അയാൾ എന്തൊക്കെ ചെയ്യണം? എന്തൊക്കെ ചെയ്യാം? എന്തൊക്കെ ചെയ്തുകൂടാ? ഇങ്ങനെയുള്ള ചോദ്യങ്ങൾ ആരുടെയും ഉള്ളിൽ ഉണ്ടായിരിക്കുന്നതാണു്. ഒരു വൈദ്യനു് ഏതൊരു രോഗത്തിനും ചികിത്സാക്രമം ഇന്നതെന്നു വിധിച്ചിട്ടുണ്ടു്. ഒരു നീതിന്യായാധിപനു് ഇന്നവിധം വേണം തന്റെ കൎത്തവ്യകൎമ്മത്തിൽ വൎത്തിക്കുക എന്നു നിയമപ്പെടുത്തീട്ടുണ്ടു്. ഒരു ശില്പിക്കാണെങ്കിൽ, അയാളുടെ വിദ്യയ്ക്കു ചില വ്യവസ്ഥകളുണ്ടു്. ഈവിധം ഓരോ തൊഴില്ക്കാൎക്കും ചില ചില നിബന്ധനകൾ മുൻകൂട്ടി ക്ളിപ്തപ്പെടുത്തീട്ടുണ്ടു്. എന്നാൽ, പത്രാധിപൎക്കോ, അങ്ങനെ ഒരു പ്രത്യേക നിയമം ചെയ്യുവാൻ നിവൃത്തിയില്ല; ഇന്നയിന്ന അതിരുകൾക്കുള്ളിലേ നിൽക്കാവൂ എന്നു് ഒരതിരിടുവാൻ സാധിക്കുന്നതല്ല. എങ്കിലും, ചില നിബന്ധനകൾ സൎവ്വസാധാരണമായി സ്വീകരിക്കാമെന്നുള്ള നിലയിലുണ്ടു്. അവയിൽ പ്രധാനങ്ങളായവയെ പറയാം:

(1) വൃത്താന്തങ്ങളെ ശേഖരിക്കുക; എല്ലാ വാൎത്തകളെയും വേണം. വാൎത്തകളല്ലാതെ, അവയെപ്പററിയുള്ള വിമൎശനങ്ങൾ കൂട്ടിച്ചേൎക്കേണ്ടാ.

(2) മറെറാരു പത്രത്തിൽനിന്നു വല്ല കാൎയ്യവും പകൎത്തുന്നപക്ഷം, അതിനെ അംഗീകരിച്ചു പറയണം. അന്യൻെറ കീശയ്ക്കുള്ളിലുള്ള പണ്ടത്തെ പകൎന്നു തൻെറ കീശയ്ക്കുള്ളിലാക്കി തൻേറതെന്നു നടിച്ചു നടക്കരുതു്.

(3) ആരോടെങ്കിലും അഭിമുഖസന്ദൎശനം കഴിച്ചാൽ, അയാളുടെ അറിവും സമ്മതവും ഇല്ലാതെ, സന്ദൎശനത്തിൽ ഉണ്ടായ സംഗതികളെ പരസ്യപ്പെടുത്തരുതു്.

(4) മറെറാരാൾ കൂലിതന്നിട്ടു പ്രസിദ്ധീകരിക്കുന്ന പരസ്യത്തെ, വൎത്തമാനപംക്തികളുടെ കൂട്ടത്തിൽ ചേൎക്കരുതു്. പരസ്യങ്ങളെല്ലാം പരസ്യത്തിന്നായി പ്രത്യേകമൊഴിച്ചിട്ടിട്ടുള്ള പംക്തികളിൽ അല്ലെങ്കിൽ, ഭാഗത്തു്, ചേൎത്തുകൊള്ളണം. വേഷംമാറി നടക്കുന്നതു യുക്തമല്ല.

(5) പൊതുജനങ്ങൾക്കു വല്ലതും ഗുണം സമ്പാദിക്കാനുണ്ടെന്നു ബോധപ്പെട്ടാലല്ലാതെ, ദുൎബ്ബലനായോ, എതിൎക്കാൻ ശക്തനാകാതെയോ ഉള്ള ഒരാളെക്കുറിച്ചു, ശരിയായ പ്രതിവാദമുഖേനയോ, ശകാരങ്ങളെക്കൊണ്ടോ ആക്ഷേപങ്ങളെക്കൊണ്ടോ, ഒന്നും പറയരുതു്.

(6) നിങ്ങളുടെ അഭിപ്രായങ്ങളെ സ്ഥാപിപ്പാൻ സൎവ്വാത്മനാ പ്രയത്നിക്കണം. എന്നാൽ, നിങ്ങളുടെ അഭിപ്രായങ്ങളിലേ സത്യഭാവം ഉള്ളൂ എന്നും, സ്വീകാരയോഗ്യതയുള്ളൂ എന്നും, അവയേ സ്വീകരിക്കാവൂ എന്നും, ശഠിക്കരുതു്.

(7) നിങ്ങൾ ഏതെങ്കിലും ഒരു ജനസമൂഹത്തിൻെറ പ്രതിനിധിയാണെന്നുള്ളപക്ഷം, അവരുടെ ഹിതങ്ങളെയും അവകാശങ്ങളെയും പ്രബലമായി താങ്ങി വാദിച്ചു നിൽക്കണം. എന്നാൽ, നല്ല ആളുകളെല്ലാം നിങ്ങളുടെ പക്ഷത്തിലാണെന്നും, മറുപക്ഷത്തിൽ ചീത്ത ആളുകളേ ഉള്ളൂ എന്നും, കരുതിപ്പോകരുതു്.

(8) മനുഷ്യകുലം ക്രമേണ അധികമധികം പരിഷ്കൃതമാവുകയാണു്. അതിനാൽ, മനുഷ്യരുടെ സകലകാൎയ്യങ്ങളിലും, ജീവിതത്തിൽക്കൂടിയും, പലഭേദഗതികൾ ഉണ്ടാവുന്നതാണു്.

ഭാവികാലം ഇപ്പോഴത്തെ കാലത്തെക്കാളും, കഴിഞ്ഞ കാലങ്ങളിലെക്കാളും മഹത്തരവും പ്രശസ്തതരവുമായിരിക്കാനാണ് എളുപ്പമെന്നും, എപ്പൊഴും ഓർമ്മിച്ചിരിക്കേണ്ടതാണു്.

## 3. സ്ത്രീകളും പത്രപ്രവർത്തനവും*

പത്രങ്ങൾ, ഒരു രാജ്യത്തിലെ വിദ്യാഭ്യാസ പ്രചാരത്തെ കുറിക്കുന്ന അടയാളങ്ങളാണെങ്കിൽ, കേരളദേശത്തു്, സ്ത്രീജനങ്ങളുടെ ഉപയോഗത്തിനായി സ്ത്രീജനങ്ങളാൽ നടത്തപ്പെടുന്ന ഒരു പത്രിക നടന്നുപോകുന്നതു വിസ്മയപ്രദമല്ലതന്നെ. ഇന്ത്യയിലെവിടെനോക്കിയാലും, സ്ത്രീവിദ്യാഭ്യാസവിഷയത്തിൽ, കേരളദേശത്തെപ്പോലെ പ്രാഥമ്യത്തെ അർഹിക്കുന്ന നാട്ടുകൾ ചുരുക്കമാകുന്നു. മാതൃഭാഷയിൽ നല്ലവണ്ണം പാണ്ഡിത്യമുള്ള പല കേരളീയസ്ത്രീജനങ്ങളുള്ളപ്പോൾ, 'ശാരദ'യെപ്പോലെ ഒരു സ്ത്രീജനപത്രികയുടെ ജീവിതം മുമ്പേതന്നെ സിദ്ധമായ ഒരു അനുമാനമത്രെ. കഴിഞ്ഞ ഒരു കൊല്ലത്തിനുള്ളിൽ, 'ശാരദ'യിൽ ചേർത്തുകണ്ട പല സ്ത്രീജനങ്ങളുടെയും ലേഖനങ്ങൾ, കേരളത്തിൽ സ്ത്രീകളാൽത്തന്നെ പ്രസാധിതങ്ങളായും, സ്ത്രീകളുടെതന്നെ സ്വത്തുകളായും, സ്ത്രീകൾതന്നെ കൈകാര്യം ചെയ്യുന്നവയായും, ഉള്ള പത്രികകൾ ഉണ്ടായിരിക്കുവാൻ ധാരാളം അവകാശം ഉണ്ടെന്നു വിളിച്ചുപറയുന്നു.

നമ്മുടെ സ്ത്രീജനങ്ങളുടെ ഇടയിൽ, പാശ്ചാത്യദേശത്തുനിന്നു വന്നുചേർന്നിട്ടുള്ള ഈ പുതിയപരിഷ്കാരം, പാശ്ചാത്യരാജ്യങ്ങളിലെ സ്ത്രീകൾക്കു് എന്തു ഗുണത്തെയാണു് ഉദിപ്പിച്ചിരിക്കുന്നതു്? സ്ത്രീജനങ്ങൾക്കു പത്രപ്രവർത്തനത്തിലുള്ള ഉത്സാഹം എന്തുമാത്രമെന്നു ചിന്തിച്ചാൽ, അവരുടെ സ്ഥിതിയെപ്പററി നാം അത്ഭുതപരവശരായിപ്പോവും. യൂറോപ്യൻ സ്ത്രീജനങ്ങളുടെ ഇടയിൽ ഉള്ള പത്രികകൾ രണ്ടോ, മൂന്നോ, അവയിൽ ഉപന്യാസങ്ങളെഴുതുന്ന വിദുഷികൾ മൂന്നോ, നാലോ, അല്ലാ. "തൊട്ടിലാട്ടുന്ന കൈയാണു് ലോകത്തെ ഭരിക്കുന്നതു്" എന്നുള്ള പാശ്ചാത്യരുടെ പഴമൊഴിയുടെ അർത്ഥ

---

* ഇതു് 1081 വൃശ്ചികം-ധനു മാസങ്ങളിലെ 'ശാരദാ' പത്രഗ്രന്ഥത്തിൽ എഴുതിയിരുന്നതാണു്.

ത്തെ പല വഴിയായി ലോകരെ ബോധപ്പെടുത്താൻ ഉദ്യോഗിച്ചിരിക്കുന്ന സ്ത്രീജനങ്ങൾ, പത്രപ്രവൃത്തിയിലും പുരുഷന്മാരോടു മത്സരിച്ചുവരുന്നു. പാശ്ചാത്യന്മാരുടെ അവകാശക്രമങ്ങൾക്കുള്ള വിശേഷരീതികൊണ്ടു, ജീവധാരണരണത്തിൽ സ്വാശ്രയബുദ്ധികളായി പ്രവൎത്തിക്കുന്ന യൂറോപ്യരുടെ സ്ത്രീജനങ്ങൾ, അമ്മാമൻെറയോ അച്ഛൻെറയോ കരുണകൊണ്ടു തറവാട്ടുമുതലിൽ ഉപജീവിച്ചു ജീവിതം കഴിക്കാമെന്നല്ലാ കരുതുന്നതു്. ഇതു നിമിത്തം, അവരവരുടെ വിദ്യാസമ്പത്തിനെയും സാമൎത്ഥ്യത്തെയും അനുസരിച്ചു്, അവർ സ്വാതന്ത്ര്യതയുള്ള പല ഉദ്യോഗങ്ങളിലും ഏൎപ്പെടുന്നു. പത്രപ്രവൃത്തിയും അവരുടെ തൊഴിലുകളിൽ ഒന്നാകുന്നു.

സാമാന്യം വൈദഗ്ദ്ധ്യവും, ബുദ്ധിസാമൎത്ഥ്യവും ഉള്ള ഒരു സ്ത്രീക്കു്, പത്രികകളിൽ ലേഖനമെഴുതിയോ, പത്രകാൎയ്യാലയങ്ങളിൽ ഗുമസ്താപണി മുതലായവയിൽ വല്ലതും ഏറ്റോ, പണം സമ്പാദിക്കുവാൻ അവിടെ ഏതും പ്രയാസമില്ല. ആ രാജ്യങ്ങളിൽ, സ്ത്രീകൾക്കു പത്രങ്ങൾ, മാസികകൾ, എന്നിതുകൾ വായിക്കുവാൻ ഉള്ള താല്പൎയ്യവും അല്പമല്ല. കാപ്പികുടി ഉണ്ടോ? പത്രവായനയും ഉണ്ടു്. തീൻ ഉണ്ടോ? പത്രവായനയും ഉണ്ടു്. ഉടുക്കുന്നുണ്ടെങ്കിൽ, പത്രംവായിക്കയും ചെയ്യും. അവരുടെ നിത്യവൃത്തികളിൽ അത്യാവശ്യകങ്ങളായവയുടെ കൂട്ടത്തിൽ ഒന്നാണു് പത്രവായന; എന്നു നാം അറിയുമ്പോൾ, ദിവസംതോറും അവക്കുവേണ്ടിയുള്ള പത്രികകളുടെ ബഹളം എത്രമാത്രമെന്നു് ഊഹിക്കാവുന്നതാകുന്നു. ജനസമുദായം ആസകലം ഒരു വലിയ യന്ത്രത്തെപ്പോലെ എപ്പോഴും വ്യാപരിച്ചുകൊണ്ടിരിക്കുന്നു. അതിലുള്ള ഓരോരോ അംഗങ്ങളും നിരന്തരമായി ചുററിക്കറങ്ങിക്കൊണ്ടിരുന്നാലല്ലാതെ, യന്ത്രത്തിൻെറ പ്രവൃത്തി മുഴുവനാവുന്നില്ല. അതിന്മണ്ണും, സ്ത്രീജനങ്ങൾക്കു, വസ്ത്രധാരണവിഷയത്തിലാകട്ടെ, അടുക്കളക്കാൎയ്യത്തിലാകട്ടേ, ലീലകളിലാകട്ടേ മററു വിഷയങ്ങളിലാകട്ടേ, ഉണ്ടായിക്കൊണ്ടിരിക്കുന്ന പുതിയ പരിഷ്കാരങ്ങളെയും, ഇവയെ സംബന്ധിച്ച അറിവുകളെയും വിവരിക്കുവാൻ എത്രയോ ആവശ്യകമായിത്തീൎന്നിട്ടുണ്ടു്. സ്വന്തവൈദുഷ്യത്തെയും സാമൎത്ഥ്യത്തെയും പത്രപ്രവൃത്തിയിൽ വിനി

യോഗിക്കാമെന്നു് ഉറപ്പുള്ള ഒരു സ്ത്രീക്കു്, ഇങ്ങനെയുള്ള ഒരു പത്രികയിൽ പ്രവൃത്തിചെയ്യുവാൻ പ്രയാസമില്ല.

വസ്ത്രധാരണവിഷയത്തിൽ ഉള്ള പുതിയ പരിഷ്കൃത മട്ടുകളെപ്പററി വളരെ സൂക്ഷ്മമായി എഴുതി വായനക്കാരെ ആകൎഷിക്കാവുന്ന ഒരു സ്ത്രീക്കു്, ആണ്ടൊന്നിൽ, മൂവായിരത്തിൽ അധികം പവൻ ആദായം കിട്ടമാറുണ്ടെന്നു പറഞ്ഞാൽ, നമ്മുടെ ഇടയിൽ പലരും ആശ്ചൎയ്യഭരിതരായേക്കാം. അങ്ങനെ വസ്ത്രധാരണവിഷയലേഖനങ്ങൾക്കു് ആവശ്യംപോലെയുള്ള ചിത്രങ്ങൾ വരച്ചുകൊടുക്കുന്നതുകൊണ്ടും, പല സ്ത്രീകൾക്കും ആദായം ലഭിക്കാറുണ്ടു്. ഈ വിഷയത്തിൽ, സാധാരണസ്ത്രീകൾക്കു പ്രശസ്തികിട്ടുവാൻ ഞെരുക്കമൊണുള്ളതു്. സാമൎത്ഥ്യത്തിന്നു പ്രസിദ്ധിസമ്പാദിച്ച ചുരുക്കം ചില സ്ത്രീകളേ, ഈമാതിരി ലേഖനങ്ങൾ എഴുതി പത്രപ്രസാധകന്മാൎക്കു തൃപ്തിഉണ്ടാക്കാറുള്ളൂ. അസമൎത്ഥകളായ സ്ത്രീകളുടെ ലേഖനങ്ങൾ വാങ്ങിച്ചേൎത്തു പത്രികക്കു കീൎത്തികുറയ്ക്കുന്നതിന്നു പത്രാധിപർ തുനിയുന്നതല്ല. വസ്ത്രധാരണവിഷയം എല്ലാസ്ത്രീകൾക്കും ഏററെപ്രധാനമാകയാൽ, അതിലെ പുതിയ മട്ടുകളെയും മററും വിവരിക്കുവാൻ ഉദ്യമിക്കുന്ന പുതിയയെഴുത്തുകാർ ധാരാളമുണ്ടാകും. എന്നാലും, ആ തൊഴിലിൽ നല്ല പഴക്കവും തഴക്കവും ഉള്ള സ്ത്രീകളെമാത്രമേ പത്രാധിപന്മാർ ഈ ജോലി ഏല്പിക്കൂ. സാധാരണയായി, സ്ത്രീപുരുഷന്മാൎക്കു വായിക്കാനുള്ള പത്രങ്ങളിൽക്കൂടെയും, ഇങ്ങനെ, വസ്ത്രധാരണവിഷയലേഖനങ്ങൾ എല്ലാത്തവണയും ചേൎത്തുവരുന്നുണ്ടു്.

മേല്പറഞ്ഞ വിഷയത്തിൽ ലേഖനങ്ങളെഴുതി ജയം നേടാൻ കഴിയാത്തവർ, വിനോദകഥകളെഴുതുവാൻ മിടുക്കുള്ളവരായിരിക്കാം. മാസികകൾ പ്രതിവാരപുസ്തകങ്ങൾ മുതലായ പത്രഗ്രന്ഥങ്ങളിൽ, സ്ത്രീകൾക്കു് മനോവിനോദത്തിന്നു് ഉതകത്തക്ക കഥകൾ സാധാരണ ചേൎക്കമാറുണ്ടല്ലോ. സ്ത്രീകൾക്കു് പ്രത്യേകമായും, അല്ലാതെയും, നടത്തുന്ന പ്രതിവാരപത്രഗ്രന്ഥങ്ങളിൽ തുടൎച്ചയായി കഥകളെഴുതുന്നവർ അനേകരുണ്ടു്. ഒരു കൊല്ലത്തേക്കു് ആയിരത്തഞ്ഞൂറുപവൻ ആദായം കിട്ടാറുള്ള എഴുത്തുകാർ പലരുണ്ടെന്നു് പ്രസിദ്ധമാണു്. പല അദ്ധ്യായങ്ങളായി എഴുതുന്ന തുടൎച്ചക്കഥകൾ, സാധാ-

രണമായി, പത്രാധിപരോട്ട് ആലോചിച്ചാണ് രചിക്കാറുള്ളതു്. കഥാവസ്തുവിൻെറ ഘടനയെ, പത്രാധിപർക്കുടെ സമ്മതിക്കയോ, അയാൾ പരിഷ്കരിക്കയോ ചെയ്യേണമെന്നുണ്ട്. ആദ്യത്തെ തവണത്തേതു കഴിയുമ്പോൾ, കഥ തുടർച്ചയായി വായിക്കണമെന്നുള്ള കൗതുകം വായനക്കാർക്കുണ്ടാകത്തക്കവണ്ണം, അതു് അത്ര ചമല്ക്കാരപൂർവ്വം എഴുതി നിറുത്തണം. അതാതു് ആഴ്ച്ചയിൽ ഉണ്ടാവുന്ന വല്ല പ്രധാനസംഭവത്തേയും ആസ്പദമാക്കി കഥയെ സ്വരൂപിക്കുന്നതിന് കഥാകർത്താവു തെയ്യാറായിരിക്കണം, ഇതിലേക്കു്, കഥയെഴുത്തുകാർ ആഴ്ച്ചതോറും പത്രാധിപരെ ചെന്നുകണ്ടു്, ആലോചനകൾ കഴിച്ചു വേണ്ട പരിഷ്കാരങ്ങൾ കഥാബന്ധത്തിൽ ഉണ്ടാക്കേണ്ടിയിരിക്കും. ചില എഴുത്തുകാർക്കു ജനങ്ങളുടെ ജീവിതത്തിൽ ഉള്ള ചെറിയ കാര്യങ്ങളെ സൂക്ഷ്മമായി വർണ്ണിക്കുന്നതിനല്ലാതെ, ജനസമുദായത്തിനുള്ളിൽ തൽക്കാലം ഉണ്ടായിരിക്കുന്ന പ്രക്ഷോഭകമായ വല്ല സംഗതിയേയും ചാതുര്യത്തോടെ വർണ്ണിച്ചു വായനക്കാർക്കു് ഹൃദയാഹ്ലാദം വരുത്തുവാൻ സാമർത്ഥ്യമുണ്ടായിരിക്കയില്ല. എന്നാൽ ജനങ്ങളുടെ മനസ്സിനെ ഇളക്കി അത്ഭുതരസത്തിൽ മുക്കിയിടുവാൻ നൈപുണ്യമുള്ള കഥയെഴുത്തുകാരെയാണ് അധികം വിലമതിക്കാറുള്ളതു്.

ഇങ്ങനെയുള്ള കഥകൾ എഴുതാൻ സാമർത്ഥ്യമുണ്ടെങ്കിൽ, ഒരുവൻ എന്താണു ചെയ്യേണ്ടതു്? ഒരു തവണത്തേക്കു് ആവശ്യമുള്ള ഭാഗമത്രയും എഴുതി പത്രാധിപക്കയക്കണം. ഈ ഭാഗം സാധാരണമായി ആറായിരം വാക്കുകൾകൊണ്ടു കഴിയുന്നതായിരിക്കും. ഇതിൻെറ അന്ത്യഘട്ടം, അടുത്ത ഘട്ടങ്ങളെ വായിക്കുന്നതിനു വായനക്കാർക്കു് അഭിരുചി ജനിപ്പിക്കാൻ തക്കവണ്ണം ഹൃദയംഗമമായ ഒരു സംഭവത്തിൽ അവസാനിക്കുന്നതായിരിക്കണം. ഇതിനോടുകൂടി, കഥയുടെ ശേഷഭാഗങ്ങളുടെ ഒരു സംക്ഷേപവും പ്രത്യേകം എഴുതി ചേർത്തിരിക്കണം. ഈ വിധം കഥ എഴുതി അയച്ചാൽ, നല്ലതാണെന്നു പത്രാധിപർക്കു തോന്നുന്നപക്ഷം, ആപ്പീസിൽ ചെന്നു് അയാളെക്കണ്ടു സംസാരിക്കുവാൻ അയാൾ ആവശ്യപ്പെടും. കഥയെ സ്വീകരിച്ചാൽ, ആയിരം വാക്കിനു് ഒരു ഗിനി (ഒരു പവനിലധികം) പ്രതിഫലം കൊടുക്കുവാൻ പത്രാധിപർക്കു മടി

യില്ല. ഈ വിധം, ആഴ്ചതോറും ആറുഗിനി ആറുമാസക്കാലം കിട്ടുമെങ്കിൽ, ഒരുവളുടെ പ്രവൃത്തിക്കുള്ള പ്രതിഫലം പ്രശംസാർഹംതന്നെയാണല്ലൊ. സ്ത്രീജനങ്ങളെ സംബന്ധിച്ചുള്ള ചില്ലറ സംഗതികളെപ്പററി ലേഖനങ്ങളെഴുതി വല്ല ആദായവും പററുന്നതിനെക്കാൾ, ഇങ്ങനെയുള്ള കഥയെഴുത്തിന്ന് അധികം വിലയും മാന്യതയും ഉണ്ട്.

സ്ത്രീകൾക്കു വായിക്കാനായി കഥയെഴുതുന്നതിനു കീത്തി നേടീട്ടുള്ളവർക്കു് ആയിരം വാക്കിന്നു് ഒരു ഗിനിയിലധികം പ്രതിഫലം കിട്ടുമാറുണ്ട്. പല കഥയെഴുത്തുകാരും ഒന്നിലധികം കഥകൾ തയാറാക്കിവെച്ചിരിക്കും എന്നു മാത്രമല്ല, വേറെ ചെറിയ കഥകളും എഴുതുന്നുണ്ടായിരിക്കും. ആഴ്ചതോറും ഇരുപത്തയ്യായിരം വാക്കുകൾ എഴുതുമാറുള്ളവരുണ്ട്. ഒരാഴ്ചയിൽ ഇരുപതിനായിരം വാക്കുകൾവീതം എഴുതുന്നതു സാമാന്യത്തിൽ കവിഞ്ഞ പണിയാണെന്നു വിചാരിക്കുമാറില്ല. ഈ വിധം കുറഞ്ഞ കണക്കിൻപ്രകാരവും, ആഴ്ചയിൽ ഇരുപതു ഗിനി ആദായമുണ്ടാകുമെന്നതു നിശ്ചയംതന്നെ. ഇങ്ങനെ കഥയെഴുതുന്ന ഒരുവൾക്കു്, ഒരു മോട്ടോർയന്ത്രവണ്ടിയെയും ഒരു ഭത്താവിനെയും സമ്പാദിച്ചിരിക്കുവാൻ പ്രയാസമില്ലെന്നു്; കാര്യമായിട്ടുപോലും, ചിലർ പറയാറുണ്ട്.

ലണ്ടനിൽ, സ്ത്രീകൾക്കായി മാത്രം പത്തുമുപ്പതു പത്രങ്ങളുണ്ട്. അവയിൽ ജോലിചെയ്‌വാൻ വളരെ സ്ത്രീകളും ഉണ്ട്. അവയിലേക്കു ലേഖനങ്ങളെഴുതി സ്വന്തം ചെലവിനു വേണ്ട പണം സമ്പാദിപ്പാനും അവർക്കു മാർഗ്ഗമുണ്ട്. അടുക്കളക്കാര്യങ്ങളിൽ പുതിയ കറിവെപ്പുസമ്പ്രദായങ്ങളും പാചകവിധികളും എഴുതിക്കൊടുത്താൽ അരക്രൗൺ തുടങ്ങി ഒരു ഗിനിവരെയുള്ള തുക പ്രതിഫലമായി കിട്ടും. കൊട്ടാരങ്ങളിലെ വത്തമാനങ്ങൾ, സാമുദായികവാത്തകൾ ഏന്നിതുകളും ചില പത്രങ്ങൾക്കു് ധാരാളം ആവശ്യകമാണു്. ഇവ സൂക്ഷ്മമായി എഴുതി ഫലിപ്പിക്കുവാൻ അമേരിക്കൻപത്രങ്ങളുടെ ലേഖകന്മാരാണു് അധികം സാമത്ഥ്യമുള്ളവർ. പത്രങ്ങളിൽ ചേക്കാറുള്ള ചെറിയ കഥകളിൽ പലതും സ്ത്രീകളാൽ എഴുതപ്പെടുന്നവയാണു്. സ്ത്രീകൾക്കായുള്ള പത്രങ്ങളിൽ കല്പിതകഥകളെഴുതുന്ന കാര്യത്തിൽ, സ്ത്രീകൾ പുരുഷന്മാരെ തോല്പിച്ചുവ.

രാറുണ്ട്. സ്ത്രീകളുടെ വസ്ത്രധാരണക്രമങ്ങളെ സൂക്ഷ്മമായി വ ൎണ്ണിപ്പാൻ സ്ത്രീകളോളം പുരുഷന്മാർ ശക്തരാകുമാറില്ല. അവരുടെ ഉടുപ്പുസമ്പ്രദായങ്ങളിലുള്ള സൂക്ഷ്മസംഗതികളെ സ്ത്രീകളല്ലാതെ, പുരുഷന്മാർ അറിയുന്നതിനു പ്രാപ്തരല്ല. കഥയിലെ നായികയുടെ ഉടുപ്പുകൾ ഇന്നവിധമാണെന്നും, അവളുടെ നില ഇന്നവിധമാണെന്നും തത്തുല്യമായി വർണ്ണിപ്പാൻ സ്ത്രീകൾ തന്നെയാണ് അധികം സാമൎത്ഥ്യമുള്ളവർ. ഈ സ്ഥിതിക്ക്, സ്ത്രീകൾ പുരുഷന്മാരെ തോല്പിക്കുന്നതു് ആശ്ചൎയ്യകരമല്ലല്ലോ. നല്ല വൎണ്ണനകളും, ആവശ്യംപോലെ ചിത്രങ്ങളും ചേൎത്ത് അച്ചടിച്ചുകാണുന്ന കഥകളാണ് വായനക്കാരരെ അധികം ആകർഷിക്കുന്നതു്. കഥാബന്ധത്തിനു ചമല്ക്കാരവും, രംഗവർണ്ണനകൾക്ക് ഹൃദയംഗമതയും ഉണ്ടായിരിക്കയും, കഥ ആസകലം പ്രക്ഷോഭകരമായിരിക്കയും ചെയ്താൽ അതിനെ ജയിപ്പാൻ വേറെ ലേഖനങ്ങൾ ഉണ്ടായിരിക്കയില്ല. ഇപ്രകാരം കഥയെഴുതി കീൎത്തി നേടീട്ടുള്ള സ്ത്രീകൾ യൂറോപ്യരുടെ ഇടയിൽ ചുരുക്കമല്ല.

ചുരുക്കെഴുത്തോ, അച്ചെഴുത്തോ നടത്തുവാൻ ശീലമുള്ള ഒരു യുവതിക്ക്, ഇങ്ങനെയുള്ള ഒരു പത്രത്തിന്റെ അധിപന്റെയോ അധിപയുടെയോ കാൎയ്യദർശിവേല കിട്ടുന്നുവെങ്കിൽ, അതു്, അവളുടെ അഭ്യുദയത്തിനു ഹേതുവായിരിക്കും. ആ സ്ഥാനത്തിരുന്ന് അവൾക്ക് പത്രപ്രവൃത്തി നല്ലവണ്ണം പരിശീലിക്കുവാൻ സാധിക്കുമെന്നുള്ളതിൽ സംശയമില്ല. പല യുവതികളും ഈവിധം പത്രപ്രവൃത്തി അഭ്യസിക്കാറുണ്ട്; അവൎക്ക് ആദായവും ലഭിക്കുന്നു.

* * * *

## 4. ലേഖകവൃത്തി*

സഭായോഗനടവടികൾ, ശ്രദ്ധാർഹങ്ങളായ വൎത്തമാനങ്ങൾ, സംഭവങ്ങൾ, പൊതുജനസങ്കടങ്ങൾ തുടങ്ങിയ

* ഈ ഉപന്യാസം 1083 മകരം 5-ാംനു-ലെ 'സ്വദേശാഭിമാനി'പത്രത്തിൽ മുഖപ്രസംഗമായി പ്രസിദ്ധീകരിച്ചിരുന്നതാകുന്നു.

വിഷയങ്ങളെക്കുറിച്ചു്, പത്രങ്ങളിലേയ്ക്കു ലേഖനങ്ങൾ എഴുതി അയയ്ക്കുന്ന ആളുകൾ പലരും, മുഖ്യമായ ചില കാരണങ്ങളെ മറന്നു പ്രവൎത്തിക്കുന്നതായി കാണ്മാറുണ്ടു്. ഇതുനിമിത്തം, ആവക ലേഖനങ്ങളെ മുറപോലെ പ്രസാധനംചെയ്യുന്നവർ, പലേ ക്ലേശങ്ങളും അനുഭവിക്കാറുമുണ്ടായിരിക്കണം. ഈവക ബുദ്ധിമുട്ടുകൾ ചിലപ്പോൾ ഞങ്ങളും അനുഭവിച്ചിട്ടില്ലെന്നില്ലാ. പറയേണ്ടതിനെ പറയുക; പറയേണ്ടാത്തതിനെ പറയാതിരിക്കുക; ഈ വകതിരിവു വിചാരിക്കാതെയാണു ചില ലേഖകന്മാർ എഴുതാറുള്ളതു്. തൂവലിൻെറ തുമ്പത്തു് വരുന്നതൊക്കെ പത്രത്തിൽ പ്രസിദ്ധീകരിക്കാൻ യോഗ്യതയും അർഹതയുമുള്ളവയാണെന്നു ചിലർ വിചാരിക്കുമാറുണ്ടു്. ഇതിലേയ്ക്കു ചില ദൃഷ്ടാന്തങ്ങൾ പറയാതെ കഴികയില്ലാ.

ചില ലേഖകന്മാർ സഭായോഗങ്ങളിലെ നടവടികളെ കുറിക്കാൻ തുടങ്ങുന്നതു്, ആദ്യമായി ദേശവൎണ്ണനം, കാലവൎണ്ണനം, പുരുഷവൎണ്ണനം മുതലായവകൊണ്ടാണു്. "ശീതളമായ മന്ദസമീരണൻ, പൂൎവ്വഭാഗത്തു് ഉന്നതമായ സഹ്യപൎവ്വതത്തിൻെറ ശിഖരങ്ങളുടെ ഹരിതവൎണ്ണസമ്മിളിതമായ രമണീയത, പശ്ചാൽഭാഗത്തു് അറേബ്യൻസമുദ്രത്തിൽ, ദിനകരൻ സ്നാനംചെയ്യുന്നതിനായി അടുക്കുന്നതുകൊണ്ടു്, പ്രതിഫലിക്കുന്ന സ്വൎണ്ണവൎണ്ണകിരണങ്ങളുടെ സമ്മേളനത്തിൽ, അതിദീപ്തിമത്തുകളായി പ്രശോഭിക്കുന്ന തിരമാലകളുടെ ഇളക്കം പ്രഭുത്വത്താലും ധനികതയാലും കീൎത്തിയേറിയ പുരുഷകേസരികളാൽ അവതംസിതമായിരിക്കുന്ന മാന്യസമൂഹം. ഈ സമൂഹം സ്വച്ഛന്ദമായി സ്വസ്ഥാനത്തെ പ്രാപിച്ചിരിക്കെ,......" ഇപ്പറഞ്ഞപ്രകാരം, ഒരു രാജ്യകാൎയ്യസഭായോഗനടവടികളെ വൎണ്ണിച്ചുതുടങ്ങുന്ന ഒരു ലേഖനം, സന്ദർഭത്തിനു് തീരെ അനുചിതമെന്നു് പറയാതെയിരിക്കുന്നതെങ്ങനെയാണു്? സഭയിലെ നടവടികൾ ഇന്നിന്നവ എന്നേ ബഹുജനങ്ങൾ ധരിക്കേണ്ടതായുള്ളു. അതിലേയ്ക്കു് സ്ഥലകാലാദിവിശേഷവൎണ്ണനംകൊണ്ടു് ഒരു പ്രയോജനവുമില്ലാ. ഇങ്ങനെ വൎണ്ണിക്കുന്ന ലേഖകൻ 'റിപ്പോർട്ടർജോലി'യുടെ ആന്തരമായ ഉദ്ദേശ്യത്തെ ഗ്രഹിച്ചു് ചെയ്യുവാനായി ഗണിക്കപ്പെടുകയില്ലാ. പിന്നെ ചിലർ, സഭാശാലയെ വൎണ്ണിച്ചും കാണ്മാറുണ്ടു്. "വിദ്യാലയം,

ഹൃദ്യമാംവണ്ണം അലങ്കരിക്കപ്പെട്ടിരുന്നു. തോരണങ്ങൾ ലതകൾ മുതലായവയും കൊടിക്കൂറകളും ശാലയ്ക്കു് പ്രത്യേകമഹിമയെ നല്കി...." ഇത്യാദി വർണ്ണനങ്ങൾ അനാവശ്യങ്ങൾ ആകുന്നുവെന്നു് ലേഖകന്മാർ ധരിക്കുന്നില്ല. ഒരു സഭ കൂടുന്നതു് വളരെ യോഗ്യതയിൽ ആയിരിക്കുമെന്നു് സിദ്ധവല്ലരിക്കേണ്ടതായിരിക്കെ, അതിനെ വർണ്ണിക്കേണ്ട ആവശ്യമെന്തു്? അതിന്മണ്ണംതന്നെ, "കൃത്യമായി 3 അടിച്ചു് 5 മിനിട്ടിനുതന്നെ അദ്ധ്യക്ഷൻ എത്തുകയും, മൂന്നരമണിക്കു് യോഗം ആരംഭിക്കുവാൻ എഴുന്നേല്ക്കുകയും, സഭാവാസികൾക്കു് ആദ്യമേ വന്ദനം പറകയും ചെയ്തു ..."—ഈ വർണ്ണനവും ആവശ്യമല്ല. ഈ സംഗതികളെല്ലാം, മുറയ്ക്കു് നടക്കുന്നവയാകയാൽ, നടന്നിരിക്കുമെന്നു് ആരും അർത്ഥമാക്കിക്കൊള്ളും. പ്രസംഗങ്ങളെപ്പറ്റി പറയുമ്പോൾ, ലേഖകന്മാർക്കു് ചില പ്രത്യേകവാചകങ്ങൾ ഉണ്ടു്. "മിസ്റ്റർ......വിദ്യാഭ്യാസത്തെയും മിസ്റ്റർ......യോഗോദ്ദേശ്യത്തെയും, മിസ്റ്റർ......കാവ്യപരിശോധനത്തെയും പറ്റി സരസമായും സാരഗർഭമായും യുക്തിയുക്തമായും പ്രസംഗിച്ചു് സദസ്യരെ ആനന്ദതുന്ദിലന്മാരാക്കിച്ചെയ്തു എന്നു് എത്രതന്നെ പറഞ്ഞാലും മതിയാകുന്നതല്ലാ..."—വാസ്തവത്തിൽ, പ്രസംഗങ്ങളെപ്പററി ലേഖനത്തിൽ ഇപ്രകാരം എത്രതന്നെ പറഞ്ഞാലും മതിയാകുന്നതല്ലാ. പ്രസംഗത്തിന്റെ സാരസ്യാദികൾ വർണ്ണിച്ചതുകൊണ്ടു്, വായനക്കാർക്കു് അനുഭവപ്പെടുകയില്ലാ. പ്രസംഗകർത്താക്കന്മാർ അതാതു വിഷയത്തെപ്പററി ഇന്നയിന്ന പ്രധാനസംഗതികളെ പ്രതിപാദിച്ചിരുന്നു എന്നുള്ളതാണു് ബഹുജനങ്ങളെ അറിയിക്കേണ്ടതു്. ആ സംഗതികളുടെ സൂചനപോലും ഇല്ലാതെ, റിപ്പോർട്ടു് എഴുതുന്നതുകൊണ്ടു്, റിപ്പോർട്ടിന്റെ ആഫലങ്ങൾ നിഷ്ഫലങ്ങൾ ആകുന്നു. ചിലർ വർത്തമാനക്കത്തുകൾ എഴുതിത്തുടങ്ങുന്നതു്, "ഹേ ഹേ പത്രാധിപർസാറേ, ഹേ ചേട്ടാ, ഹേ അനിയാ മുഷിയരുതേ, ഞാൻ ഇത്രനാളും അമാന്തക്കൊടിമരമായിരുന്നതു്, വർത്തമാനങ്ങളില്ലാഞ്ഞിട്ടല്ലെങ്കിലും, എനിക്കു് ചില അസൗകര്യങ്ങളുണ്ടാകയാലും, ഞാൻ വാതബാധിതനായിക്കിടന്നുപോകയാലും, നിങ്ങൾ പരിഭവിക്കയില്ലെന്നു് വിചാരിച്ചും ആണേ. എവിടം പിടിച്ചാണു് തുടങ്ങുക? ഒരു ലക്കം ഇല്ല: എവിടെ

യാണു് അവസാനിപ്പിക്കുക? അതും തെരിയുന്നില്ലാ..." ഇത്യാദി 'ചച്ചാപിച്ചാകൾ' പറഞ്ഞു് മുഖവുരയാക്കിക്കൊണ്ടാണു്. ഇതു് ചില പത്രങ്ങൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നുണ്ടു്. ഇങ്ങനെയുള്ളവ എഴുതിക്കാണുമ്പോൾതന്നെ ലേഖകൻ കഥയില്ലാത്ത പ്രസംഗം ചെയ്കയാണെന്നു് നിശ്ചയിക്കാം. ലേഖകന്മാർ ഈ വിധം എഴുതുന്നതു്, ചില പത്രങ്ങൾ ആ വകകളെ സ്വീകരിക്കയാലാണു്. വൎത്തമാനങ്ങളുടെ സൂക്ഷ്മസ്ഥിതി ആരാഞ്ഞറിഞ്ഞു്, അതിനെ മാത്രം നടന്നവിധത്തിൽ കുറിക്കുന്നതിനുപകരം, കേൾവികൾ, വിമർശങ്ങൾ മുതലായവ കൊണ്ടു് വൎത്തമാനങ്ങളുടെ സ്വരൂപത്തെ മറച്ചു്, പത്രാധിപന്മാൎക്കു് അനല്പമായ ക്ലേശമുണ്ടാക്കുന്ന ലേഖകന്മാരുടെ കഥ പറവാനില്ല. ഇവർ തങ്ങൾ ഏറ്റിരിക്കുന്ന ജോലിയുടെ ചുമതലയെ ഓൎക്കാതെ, ദൂരസ്ഥന്മാരായ പത്രാധിപന്മാരെ 'കുഴിയിൽ ചാടിക്കുന്നു.' ഒരു വാൎത്തയുടെ വിവരങ്ങളെല്ലാം തനിക്കു തന്നെ ബോദ്ധ്യമായതിന്റെശേഷമേ, അതിനെപ്പറ്റി എഴുതുവാൻ ഒരുവൻ തുടങ്ങേണ്ടതുള്ളു. ചിലർ കേസ്സുകൾ റിപ്പോൎട്ട് ചെയ്യുന്നതു്, കേൾവിയെ ആശ്രയിച്ചുകൊണ്ടാണു്. അവർ, ആ കേസ്സിന്റെ ഉൽപത്തി, കെട്ടുപാടുകൾ എന്നിവയെ അന്വേഷിച്ചറിഞ്ഞു് റിക്കാർഡിലുള്ളപ്രകാരം വിവരിച്ചിരുന്നാൽ, അവൎക്കാകട്ടെ പത്രാധിപന്മാൎക്കാകട്ടെ ക്ലേശത്തിനു കാരണമില്ലാ. പത്രപ്രവൎത്തനത്തിൽ, കുററമല്ലെന്നുള്ള ഉത്തമവിശ്വാസത്തിന്മേൽ ചെയ്തു എന്നുള്ള വാദം ഒരിക്കലും അനുവദിക്കപ്പെട്ടുകയില്ലെന്നു് എല്ലാവരും നല്ലവണ്ണം അറിയേണ്ടതാകുന്നു.

ഞങ്ങൾ ഈ അവസരത്തിൽ ഇത്രയും പറഞ്ഞതു്, ചിലരുടെ തെററായ ധാരണയെ കണ്ടിട്ടാകുന്നു. വാസ്തവമെന്നും യോഗ്യമെന്നും ഉചിതമെന്നും തനിക്കുതന്നെ ബോദ്ധ്യമാവാത്ത യാതൊന്നും യാതൊരാളും ഒരു പത്രത്തിൽ പ്രസിദ്ധമാക്കുവാൻ യത്നിക്കുന്നതു വിഹിതമല്ലാ. ലേഖകന്മാർ അറിഞ്ഞിരിക്കേണ്ട മറെറാരു സംഗതി; ലേഖനങ്ങൾ കഴിവുള്ളേടത്തോളം സംക്ഷിപ്തങ്ങളായിരിക്കേണമെന്നുള്ളതാണു്. പത്രപംക്തികൾ പൊതുജനങ്ങൾക്കായുള്ളതാകയാൽ, അവയിൽ, പലേ ദേശങ്ങളിൽ ഉള്ള ആളുകൾക്കു പറവാനുള്ളതും അറിവാ,

നുള്ളതും പറയുവാനും അറിയിക്കുവാനും അംശാവകാശം ഉണ്ട്. അതിനാൽ, ആവശ്യമുള്ള ഗൗരവസംഗതികൾ മാത്രമേ എഴുതാവൂ എന്ന നിഷ്കർഷ വെച്ചിരിക്കേണ്ടതു്, അവരുടെ കടമയാകുന്നു. ഒരു ദീൎഘലേഖനം എഴുതി, "ഇതു് അടുത്തലക്കം പത്രത്തിൽത്തന്നെ ചേർക്കുവാൻ പ്രത്യേകം അപേക്ഷ; നീക്കിവയ്ക്കരുതേ"—എന്നു പത്രാധിപരോടു് ആവശ്യപ്പെടുന്നതുകൊണ്ടു്, അതിനെ അടുത്ത ലക്കത്തിൽത്തന്നെ ചേർക്കുമെന്നോ; ഒരു ചെറിയ ലേഖനമെഴുതി, "ഇതു സൗകൎയ്യംപോലെ ചേർക്കുമല്ലോ." എന്നു് എഴുതുന്നതുകൊണ്ടു് അതിനെ അടുത്ത പത്രത്തിൽത്തന്നെ ചേൎക്കാതെ നീട്ടിവയ്ക്കുമെന്നോ, ആരെങ്കിലും വിചാരിക്കുന്നുണ്ടെങ്കിൽ, അവൎക്കു് അതിൽപരമായ അബദ്ധം ഉണ്ടാകാനില്ല. സാധാരണമായി, ചെറിയ ലേഖനങ്ങളെയാണു മുൻകൂട്ടി പ്രസിദ്ധീകരിക്കുന്നതു്. ദീൎഘലേഖനങ്ങൾ പലപ്പോഴും, വിഷയങ്ങളുടെയും സംഗതികളുടെയും ഗൗരവാഗൗരവങ്ങൾക്കനുസരണം; കിടന്നുപോകാറുണ്ടു്. ഉടൻതന്നെ, മുഴുവനും, വായനക്കാരെ അറിയിക്കേണ്ടതരം വിശേഷവൎത്തമാനമല്ലാത്ത ഒരു സംഗതിയെക്കുറിച്ചു വളരെ എഴുതേണ്ടതായുണ്ടാകുമ്പോൾ, ആ വിഷയത്തെപ്പററി ഒരു ദീൎഘലേഖനം എഴുതുന്നതിനെക്കാൾ, അതിനെ രണ്ടോ അധികമോ ഭാഗങ്ങളാക്കി, ഓരോ തവണ ഒരു ഭാഗം വീതം എഴുതി അയയ്ക്കുന്നതാണു് ഉത്തമം.

## 5. പത്രകൎമ്മോദ്യമം*

ഈയിട കുറെക്കാലമായി, മലയാളത്തിൽ പല പുതിയ വൎത്തമാനപത്രങ്ങളും മാസികപത്രഗ്രന്ഥങ്ങളും അരങ്ങത്തു വന്നു് 'ആടി'ത്തുടങ്ങിയിരിക്കുന്നു; മററു ചിലതു 'തിരശ്ശനോട്ടം' കഴിക്കുന്നതുമുണ്ടു്. തോന്നിയാഭാസമായി ആഗ്രഹിപ്പാനും ചിന്തിപ്പാനും മനസ്സിനു സ്വാതന്ത്ര്യം ഉള്ളിടത്തോളം കാലം, ഇത്തരം പത്രങ്ങളുടെ 'പുറപ്പാടു്' ഇനിയും ഉണ്ടായിക്കൊണ്ടിരിക്കതന്നെ ചെയ്യും. ഇവയ്ക്കു 'പുതിയ' എന്ന വിശേഷണം

* ഈ ഉപന്യാസം 1087 മേടത്തിലെ 'ആത്മപോഷിണി'യിൽ എഴുതിയിരുന്നതാണു്.

ചെയ്യുന്നതുകൊണ്ടു്, പഴയ, മററെ, പത്രങ്ങളിൽനിന്നു വ്യതിരേകപ്പെടുത്തുന്ന വല്ല വിശേഷധമ്മവും ഉണ്ടെന്നല്ലാ ഞാൻ അത്ഥമാക്കുന്നതു്; കാലവ്യവധാനത്തിൽ മുമ്പു പിമ്പു് എന്ന വ്യത്യാസമല്ലാതെ, ആകൃതിയിലും പ്രകൃതിയിലും ഇവയ്ക്കു പുതുമ ഇല്ല. വത്തമാനപത്രങ്ങൾക്കാണെങ്കിൽ, ഒരേ രീതിക്കുള്ള നെടുനെടുങ്കൻ മുഖപ്രസംഗങ്ങൾ, വാചകങ്ങൾക്കുകൂടിയും ഭേദഗതി വരുത്താത്ത ഒരേ വത്തമാനക്കുറിപ്പുകൾ, ഒരേ സ്വദേശവാത്തകൾ, വിദേശവാത്തകൾ, ഒരേ പരസ്യങ്ങൾ—ഇത്യാദി, ഏറെക്കുറെ ഒററക്കരുവിൽ വാത്തെടുത്ത മട്ടുകാണാം. പത്രഗ്രന്ഥങ്ങൾക്കാണെങ്കിൽ, എഴുതുന്നവക്കുകൂടിയും നല്ലവണ്ണം മനസ്സിലായിട്ടില്ലാത്ത വല്ല വിഷയത്തെക്കുറിച്ചും 'തൃക്കൈവിളയാടുന്ന' ചില ഉപന്യാസങ്ങൾ, ചിലപ്പോൾ പ്രാസപ്രളയം മുന്നിട്ടുനില്ക്കുന്ന ശ്ലോകങ്ങൾ, ആക്കും രസിക്കാൻ കൊള്ളരുതാത്തതും രസികതയില്ലാതെ രചിക്കപ്പെട്ടതും ആയ കഥകൾ—ഇത്യാദി ഒന്നിനൊന്നു പകപ്പോ എന്നു ശങ്ക തോന്നിപ്പിക്കുന്ന സമ്പ്രദായമാണുള്ളതു്.

"ഇത്തരം പുതിയ വത്തമാനപത്രങ്ങളും പത്രഗ്രന്ഥങ്ങളും, ഓരോരുത്തൻ, അവനവന്നു് ഇഷ്ടമെങ്ങനെയോ, അങ്ങനെ പുറപ്പെടുവിച്ചുകൊള്ളട്ടെ; അവയ്ക്കു ജീവിപ്പാൻ ശക്തിയുണ്ടെങ്കിൽ ജീവിച്ചുകൊള്ളും"—എന്നുവിചാരിച്ചു മററുള്ളവക്കു സമാധാനപ്പെട്ടിരിക്കാമെന്നാണെങ്കിൽ, ഈ പുതിയ പുറപ്പാടുകളെക്കൊണ്ടു മേല്പറഞ്ഞ മററുള്ളവക്കാണു സങ്കടം. പരിചയക്കാരക്കും പരിചയപ്പെടാത്തവക്കും, കണ്ടറിഞ്ഞവക്കും കേട്ടറിഞ്ഞവക്കും, ഒക്കെ പത്രം കെട്ടിയയച്ചു് അവരെ വരിക്കാരായി കുട്ടുകക; അവരുടെ സമ്മതമോ, അപേക്ഷയോ, പത്രം കൈപ്പററിയതായ മറുപടിക്കുറിപ്പുകൂടിയുമോ, പത്രക്കാരന്നു കിട്ടീട്ടില്ലെങ്കിലെന്തു്? താൻ ഏതാനും ചിലതൊക്കെ എഴുതിനിറച്ചു് അച്ചടിച്ചുവിട്ട ഒരു കടലാസ്സു മടക്കിക്കെട്ടി ഒരു മേൽവിലാസമെഴുതി തപ്പാൽപെട്ടിക്കുള്ളിൽ തള്ളിക്കഴിഞ്ഞാൽ, അതിൻെറ വിലയ്ക്കു മേൽവിലാസക്കാരൻ ഉത്തരവാദിയായിത്തീന്നു എന്നാണു വിചാരം. പത്രക്കാരൻെറ ഈ അസംബന്ധമായ വിചാരംകൊണ്ടു്, നിയമദൃഷ്ട്യാ നോക്കുമ്പോൾ, അവന്നു മാത്രമേ നഷ്ടമുണ്ടാവുന്നുള്ളു എന്നതോ.

പോകട്ടെ; മേൽവിലാസക്കാരനു കുറെ മനഃക്ലേശമുണ്ടാകുന്നതും പോകട്ടെ; ഈവക ഉപദ്രവം, മിക്കവാറും, മേൽവിലാസക്കാരൻ ആരംഭത്തിൽത്തന്നേ പത്രം ആവശ്യമില്ലെന്നു മടക്കിയാൽ, കഴിഞ്ഞു. എന്നാൽ, പത്രങ്ങളിലേയ്ക്കു് ഉപന്യാസങ്ങളോ കഥകളോ പദ്യകൃതികളോ മറേറാ എഴുതാൻ കഴിയുന്നവർ സഹിക്കേണ്ടിവരുന്ന ഉപദ്രവമാണു് ഏറെ കഠിനമായുള്ളതു്. ഒരു മാസികപുസ്തകമോ, വത്തമാനപത്രമോ പുറപ്പെടുവിപ്പാൻ ഒരുവന്നു മോഹം ഉണ്ടായാലുടൻ, മേലുറഞ്ഞ എഴുത്തുകാരക്കു് ഇരിക്കപ്പൊറുതിയില്ലാതെ യാചനക്കത്തുകളയയ്ക്കുകയായി. കത്തുകൾക്കു മറുപടി കൊടുത്തിട്ടില്ലെങ്കിൽ കൂടി, വീണ്ടും വീണ്ടും, 'അപേക്ഷ'കളും, 'പ്രാത്ഥന'കളും, 'യാചന'കളും ഒക്കെ വന്നുകൊണ്ടിരിക്കും. ഇത്തരം ഒഴിയാബ്ബാധകൾ, ഈയിടെ കുറെക്കാലമായി പലരെയും ക്ലേശിപ്പിച്ചിരിക്കാൻ സംഗതിയുണ്ടെന്നു ഞാൻ ഊഹിക്കുന്നു. എന്നാൽ ഇവ, പ്രാത്ഥിതൻെറമാത്രം ശരീരത്തെ ബാധിച്ചിട്ടു് ഒഴിഞ്ഞുകളയാം എന്നു വിചാരിച്ചിരുന്നാൽ, എത്രയോ ഭേദമായിരുന്നു. 'സാറിൻെറ' ലേഖനം മാത്രം പോരാ; 'സാറിൻെറ wife (വൈഫ്)ൻെറ'യും ലേഖനം അയച്ചുതരുവിക്കണം. ഇത്രയും കൊണ്ടു മതിയോ? ചിലപ്പോൾ, ഇഷ്ടന്മാരെക്കൊണ്ടു ലേഖനങ്ങളെഴുതിക്കണം; "വരിക്കാരെ ചേത്തുതരുന്നകാൎയ്യം പ്രത്യേകം അപേക്ഷിക്കണമെന്നില്ലല്ലൊ?"—ഇങ്ങനെയൊക്കെ മാസികക്കാരർ; വത്തമാനപത്രക്കാരരാണെങ്കിൽ, അവക്കു് 'അടുത്തലക്കത്തിൽ ചേപ്പാൻ ഇന്നവിഷയത്തെക്കുറിച്ചു് ഒരു മുഖപ്രസംഗം വേണം." വിഷയമോ, ചിലപ്പോൾ, ഈ പ്രാത്ഥിതൻ അന്നേവരെ ശ്രദ്ധവെച്ചിട്ടില്ലാത്തതായിരിക്കും. എന്നിരുന്നാലും, മുഖപ്രസംഗം മടക്കത്തപ്പാലിൽ അയയ്ക്കുണമത്രേ!

ശരി! ഈ പുതിയ പുറപ്പാടുകാർ ആരാണു്? ഇവരുടെ യോഗ്യതയെന്തു്? ഇവർ ഇങ്ങനെയൊരു പുതിയ പുറപ്പാടിനൊരുങ്ങുവാൻ കാരണം വിശേഷാൽ വല്ലതുമുണ്ടോ? ആരോടെങ്കിലും മുൻകൂട്ടി ആലോചിച്ചുവോ? ഇങ്ങനെയൊക്കെ അന്വേഷിച്ചാൽ ഫലം വിശേഷപ്പെട്ടതായി കാണാം. മലയാളത്തിൽ ചില വാക്കുകൾ ഉരുവിട്ടുപഠിച്ചു് രണ്ടോ മൂന്നോ

വാചകം എഴുതാൻ കഴിയുമെന്നു തോന്നിയാലുടൻ പത്രാധിപരോ പത്രഗ്രന്ഥപ്രസാധകനോ, പത്രപ്രവത്തകനോ ആയിക്കളയാം എന്നു ചാടിപ്പുറപ്പെട്ടുന്നവരാണു് ഇവരിൽ ചിലർ; എന്നു് എനിക്കു കിട്ടിയ കത്തുകളെക്കൊണ്ടു് അനുമാനിക്കാൻ കഴിയും. 'മനസഥാപപ്പെട്ടു' 'പ്രസ്ഥാപിപ്പാൻ' 'വിശ്വസ്ഥ'ന്മാരായ ഈ മാസിക'പുസ്ഥക' 'പ്രവൃത്തക'ന്മാക്കു് 'കഷ്ട'പ്പാടില്ല. ഇത്തരം 'വിദ്വാന്മാർ' അങ്ങനെയിങ്ങനെയൊരു 'പ്രസ്ഥാപന'യുമെഴുതി, പരിചയക്കാരോടോ, പത്രത്തിൽ പേരച്ചടിച്ചുകാണണമെന്നു് ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന മററു വല്ലവരോടുമോ, വല്ല ലേഖനവുമെഴുതിമേടിച്ചു്, എല്ലാം കൂട്ടി അച്ചടിച്ചു് ഒന്നാംലക്കം പുറത്തേക്കു പറഞ്ഞയച്ചുകഴിഞ്ഞാൽപിന്നെ, പത്രം, അല്ലെങ്കിൽ മാസികപുസ്തകം, "മുറക്കു നടന്നുകൊള്ളും" എന്നു കരുതിയിരിക്കയാണെന്നു തോന്നും. ഇവരുടെ കൈയിലുള്ള മരുന്നും ററവയും എല്ലാം ഒരു വെടിയോടെ ഒഴിയുന്നു; അപ്പോഴാണു മററുള്ളവരെ ബാധിക്കാൻ പുറപ്പെടുന്നതു്. ഈ ബുദ്ധിമുട്ടുകളും ക്ലേശങ്ങളുമെല്ലാം എന്തിനായിട്ടാണു്? പത്രപ്രവത്തനത്തൊഴിൽ മററു തൊഴിലുകൾക്കൊപ്പം ചില വ്യവസ്ഥകളനുസരിച്ചു നടത്തുന്നതായാലേ പ്രവൃത്തിക്കു സൗകയ്യവും സാഫല്യവുമുള്ളു എന്നു് ഇവരറിഞ്ഞിട്ടുണ്ടായിരുന്നാൽ, ഇവരുടെ സഹായം മിക്കവാറും ഒതുങ്ങിപ്പോകുമായിരുന്നു.

ഒരു വത്തമാനപത്രമോ, മാസികപത്രഗ്രന്ഥമോ പുറപ്പെടുവിക്കുവാൻ ആഗ്രഹിക്കുമ്പോൾ, ആ ആഗ്രഹത്തിൻെറ ഉദ്ദേശ്യമെന്തെന്നു ചിന്തിക്കേണ്ടതാകുന്നു. അപ്രകാരമൊരു പത്രം പുറപ്പെടുവിക്കുവാൻ വിശേഷാവശ്യം എന്തെങ്കിലുമുണ്ടോ? പ്രവത്തകൻെറ ഉദ്ദേശ്യം മററുപത്രക്കാരോടൊപ്പം തനിക്കും ഒരു പത്രം നടത്തേണമെന്നു മാത്രമാണെങ്കിൽ, അത്രയുംകൊണ്ടു തൻെറ പുറപ്പാടിനു് വിശേഷകാരണമാകയില്ലാ. താൻ പൊതുവിൽ ജനങ്ങൾക്കു് പ്രയോജനപ്പെടുവാനായി എന്തു ചെയ്യുന്നതിനു് ഒരുങ്ങുന്നുവോ, അതേ കായ്യം മററുപത്രങ്ങളെക്കൊണ്ടു് സാധിച്ചുപോകുന്നുണ്ടെങ്കിൽ, തൻെറ ഉദ്യമം അനപേക്ഷിതകമ്മത്തിന്നാകുന്നുവെന്നു് ഗ്രഹിക്കേണ്ടതാണു്. ലോകസൃഷ്ടിസ്ഥിതിസംഹാരങ്ങൾ ലീലയായി നടത്തുന്ന വിഷ്ണു

ഭഗവാൻകൂടിയും; തനിക്ക് ഇച്ഛപോലെ എന്തും പ്രവൎത്തിപ്പാൻ ശക്തിയുണ്ടായിരുന്നിട്ടും, ലോകത്തിൽ താന്തോന്നിയായിട്ടല്ലാ അവതരിച്ചതെന്നും, ദുഷ്ടന്മാർനിമിത്തം അധൎമ്മം വർദ്ധിച്ചു കണ്ടപ്പോഴേ ഓരോ സംഗതിവശാൽ ഓരോ അവതാരങ്ങൾ കൈക്കൊണ്ടിട്ടുള്ളൂ എന്നും, ഹിന്തുപുരാണങ്ങൾ പറയുന്നതിന്റെ സാരം എന്തെന്ന് ഈ പുതിയ പുറപ്പാട്ടുകാരർ അറിയുമോ? യാതൊരു വിശേഷപ്രയോജനത്തെയും സാധിക്കാതെ ഒരു പത്രം പുറപ്പെടുവിക്കണമെന്ന വെറും ആഗ്രഹം നിവൃഹിച്ചു കാണ്മാൻ മാത്രമായി ചാടിപ്പുറപ്പെടുന്നവരുടെ മനസ്സ് എന്തോ ഭ്രമത്തിൽ പെട്ടുഴലുന്നുണ്ടായിരിക്കാം എന്നേ വിവേകശാലികൾ വിചാരിക്കൂ. അതിനാൽ, ബഹുജനങ്ങൾക്ക് എന്തെങ്കിലും വിശേഷമായി ഉപകരിപ്പാൻ തന്റെ പത്രത്താൽ ഉദ്ദേശിക്കുന്നില്ലെങ്കിൽ, ഒരുവൻ, പുതിയ പത്രപ്പുറപ്പാടിനു് ഇറങ്ങരുതു് എന്നാണു് ഒന്നാമതായി എനിക്കു് പറവാനുള്ളതു്.

"മറ്റുള്ളവർ പത്രം നടത്തുന്നപ്രകാരം ഒരു പത്രം നടത്തുവാൻ എനിക്കും സ്വാതന്ത്ര്യമില്ലേ? എന്റെ അവകാശത്തെ എനിക്കു് പ്രയോഗിക്കരുതെന്നാരാണു് പറവാൻ?"—എന്നു് പുതിയ പുറപ്പാട്ടുകാരിൽ ചിലർക്കു തോന്നിയേക്കാം. ആ അവകാശത്തെ ആരും തടയുന്നില്ലാ; തടവാൻ അന്യനൊരുവന്നു് അധികാരവുമില്ല; പോട്ടെ; ഈവിധം തൊഴിലുകൊണ്ടു് എന്തു കാൎയ്യസിദ്ധിയാണുണ്ടാവുക? അയൽപക്കത്തു് ഒരുവൻ കുറെ യോഗ്യതയിൽ, നിത്യാവശ്യസാധനങ്ങളോ, വിശ്രമകര ഭോജ്യപേയങ്ങളോ സംഭരിച്ചു്, ഒരു കച്ചവടശാല നടത്തി ആദായം ഉണ്ടാക്കുന്നതു് കാണുമ്പോൾ, "ഇതിനെന്താണു് വൈഷമ്യം? കച്ചവടം എനിക്കും വശപ്പെടും; എനിക്കുമാവാം; അയാൾക്കു മാത്രമേ പണം സമ്പാദിക്കാവൂ എന്നു് ചട്ടമുണ്ടോ?"—എന്നിപ്രകാരം ചിന്തിച്ചു്, തന്റെ പുരയിലെ ചുമരു തുറന്നു് ഒരു ചെറിയ പീടികയുമുണ്ടാക്കി, മറ്റെയാൾ വില്ക്കാൻ സംഭരിച്ചിട്ടുള്ള മാതിരി സാധനങ്ങളെത്തന്നെ, രണ്ടുപൈസയ്ക്കു് അടയ്ക്ക, രണ്ടുപൈസയ്ക്കു് വെററില—ഇക്കണക്കിനോ; രണ്ടുകുററി പുട്ടു്, നാലുതോശ, എട്ടുപത്തുപഴം, നാലഞ്ചു തകരപ്പോണി, അവ നിറയാൻതക്ക ചക്കരക്കാപ്പി—

ഈ മട്ടിനോ, ശേഖരിച്ചുവെച്ചുകൊണ്ടു്, പകൽ മുഴുവൻ, വഴിപോക്കർക്കു് തന്റെ കച്ചവടത്തെപ്പററി പരസ്യപ്പെടുന്ന പ്രകാരത്തിൽ ഈച്ചയുമടിച്ചു്, നേരം ഇരുട്ടിത്തുടങ്ങിയാൽ പിന്നെ, വിററഴിയാത്ത പലഹാരാദികളൊക്കെ താനും തന്റെ ആളുമായി ഭുജിച്ചു്, തന്റെ അടസ്ഥയും പുട്ടും പഴവും മററും മേടിപ്പാൻ വരാതിരുന്നവരെയും അക്കൂട്ടരെ ആകർഷിച്ചുകളഞ്ഞ അയൽക്കച്ചവടക്കാരനെയും ശപിച്ചു്, ഇങ്ങനെ എട്ടോ പത്തോ ദിവസം കഴിയുമ്പോഴെയ്ക്കും തന്റെ പീടികയും നിറുത്തലാക്കി പുരയുടെ ചുമരും കെട്ടിയടച്ചു്, 'കച്ചവടക്കാരൻ' എന്നു് എട്ടുപത്തുദിവസംകൊണ്ടു് താൻ തന്നെ തലയിൽ ഏററിയ ഉപനാമവും വഹിച്ചു് തൃപ്തിപ്പെട്ടുകൊള്ളുന്നവരെക്കൊണ്ടു് കച്ചവടത്തൊഴിലിനു് പുഷ്ടിയും തുഷ്ടിയും എത്രയുണ്ടാകുന്നുണ്ടോ, അതിന്നൊപ്പംതന്നെയാണു് ഈ പുതിയ പത്രപ്പുറപ്പാട്ടുകാരരുടേയും പ്രവൃത്തിയുടെ ഫലം. ഒരാഴ്ചകൊണ്ടോ, ഒരുമാസംകൊണ്ടോ, 'പത്രാധിപർ,' 'പത്രം ഉടമസ്ഥർ'—ഇത്യാദി സ്ഥാനപ്പേരുകൾ എടുത്തുകൊണ്ടു്, ആയുരന്തംവരെ 'പത്രാധിപ'രായും മററും ഞെളിഞ്ഞുനടക്കുന്നവർ മുഖേന പത്രപ്രവത്തനത്തൊഴിൽ അഭിവൃദ്ധിപ്പെട്ടതായി ആരും തെററിദ്ധരിക്കയില്ലെന്നു വിശ്വസിക്കുന്നു. ഇവരുടെ പുറപ്പാടു കണ്ടു്, പത്രപ്രവത്തനത്തിൽ അപ്പൊഴുള്ളതായ എന്തോ ഒരു ന്യൂനതയെ പരിഹരിപ്പാനായിട്ടാണു് ഇവരുടെ ഉദ്ദേശ്യം എന്നു തെററിദ്ധരിക്കുന്നവരും ചിലരുണ്ടായേക്കാം. മററുള്ള പത്രക്കാരർ ചെയ്യുന്നതിൽനിന്നു് വ്യത്യാസപ്പെട്ട ഒരു നിലയിൽ, വത്തമാനങ്ങൾ ശേഖരിച്ചു് എത്രയോ വേഗത്തിൽ ബഹുജനങ്ങളെ അറിയിക്കുവാനാകട്ടെ, അവർ ഉപേക്ഷയിൽ തള്ളിക്കളഞ്ഞിരിക്കുന്നതും പൊതുജനങ്ങൾ അവശ്യം അറിയേണ്ടതുമായ വല്ല വിഷയങ്ങളേയും കുറിച്ചു് പ്രത്യേകം താല്പര്യമുണ്ടാക്കുവാനാകട്ടെ, ഇപ്രകാരം വേറെ വല്ല വിശേഷകാര്യങ്ങൾ സാധിപ്പാനാകട്ടെ ആവശ്യമുണ്ടായിരിക്കയും, അതു നിവ്വഹിപ്പാൻ ഉദ്ദേശ്യത്തോടെ പുറപ്പെട്ടുകയും ചെയ്യുന്നതാണെങ്കിൽ, ഇവർ കേവലം താന്തോന്നികളായി ചാടിപ്പുറപ്പെട്ടിരിക്കുന്നവരല്ലാ എന്നു് സമാധാനപ്പെടാം. എന്നാൽ, ഇത്രയുംകൊണ്ടായില്ലാ; ഒരു പുതിയ പുറപ്പാടിന്നു

തക്ക ആവശ്യം നേരിട്ടിട്ടുണ്ടു് എന്നു കണ്ടതുകൊണ്ടുമാത്രം ഉദ്യമം സഫലമാവുകയില്ലാ. ഇതിന്നു് വേറെയും ചില കാൎയ്യങ്ങൾ നിർവ്വഹിക്കേണ്ടതായിട്ടുണ്ടു്; അവയെക്കൂടെ ഒരുക്കിക്കൊണ്ടല്ലാ പുറപ്പാടെങ്കിൽ, അടി മുന്നോട്ടു നീങ്ങുന്നില്ലെന്നു വഴിയേ അനുഭവപ്പെട്ടും.

ഒരു തൊഴിൽ നടത്തുവാൻ മാൎഗ്ഗമുണ്ടെന്നു കണ്ടാൽ, അതിൽ പ്രവേശിക്കുന്നതിന്നു് അവശ്യം വേണ്ടതായ മൂലധനം തന്നെയാണു് പത്രക്കാരൻ രണ്ടാമതായി ആലോചിക്കേണ്ട കാൎയ്യം. 'പത്രം നടത്താൻ മൂലധനമെന്തിനു്? കടലാസ്സു കടമായി മേടിക്കാം. അച്ചടിക്കൂലി രണ്ടുമൂന്നുമാസംകഴിഞ്ഞു കൊടുത്താൽമതിയെന്നു് കരാർചെയ്യുവാൻ അച്ചുകൂടക്കാരക്കു സമ്മതം. ബൈണ്ടുകൂലി, വേണമെങ്കിൽ, അതും അങ്ങനെ വ്യവസ്ഥചെയ്യാം. ലേഖനങ്ങൾക്കു് തീരെ പ്രയാസമില്ലാ; കുറെയൊക്കെ എഴുതിനിറയ്ക്കാൻ എന്താണു വൈഷമ്യം.'—എന്നെല്ലാം വിചാരിക്കുന്നവരുണ്ടു്; തപ്പാൽമുദ്രയ്ക്കോ, ഒന്നാംലക്കം പുറപ്പെട്ടുവിച്ച് സമീപസ്ഥന്മാരായും പരിചിതന്മാരായും താത്പൎയ്യക്കാരായും ഉള്ള ചിലക്കു് ഓരോ പ്രതി കൊട്ടത്തിട്ടു് അവരോടു മുൻകൂറായി ഓരോ ഉറുപ്പിക വരിപ്പണത്തിൽ വകവെച്ചുമേടിച്ചാൽ ബുദ്ധിമുട്ടു തീൎന്നില്ലേ? ഈ സ്ഥിതിക്കു കൈയിൽ പണം കെട്ടിവെച്ചുകൊണ്ടുവേണം വൎത്തമാനപ്പത്രമോ മാസികയോ നടത്തുന്നതിന്നുപുറപ്പെടാൻ, എന്നുനിർബ്ബന്ധമായ നിയമമെന്തിനാണു്? ഈമാതിരിവിചാരങ്ങളോടേ ആരും പുറപ്പെടാറില്ല, എന്നു്, ആക്ഷേപിക്കുന്നുവെങ്കിൽ, അതിനു മറുപടിപറവാൻ ക്ലേശമില്ലാ. ഇതിനിടെ പുറപ്പെട്ട ഒരു പുതിയ മാസികപ്പുസ്തകത്തിൽ, തൽപ്രവർത്തകന്മാരറിഞ്ഞിരിക്കേണ്ടതായ ചില മുഖ്യകാൎയ്യങ്ങളെപ്പററി ഒരു മാന്യൻ എഴുതിയിരുന്നതിൽ, മൂലധനത്തോട്ടുകൂടിവേണം പത്രത്തൊഴിലിനായിറങ്ങുവാൻ എന്നു് ഉപദേശിച്ചിരുന്നതിന്നു്, മാസികയുടെ പ്രസാധകൻ ഒരു 'റിമാർക്കു്' എഴുതിയിരുന്നു: സാരം, അതത്ര നടപ്പുവരുന്ന കാൎയ്യമല്ല, എന്നാണു്. തൊഴിൽസിദ്ധാന്തങ്ങളെപ്പറ്റി ഉപദേശംചെയ്ത ആ മാന്യനോ പത്രലോകത്തെക്കുറിച്ചു വിശേഷിച്ചും ധാരാളം പഴമപരിചയമുള്ള ആളാണു്; റിമാൎക്കെഴുതിയ പ്രസാധകനാകട്ടെ, "ഇന്നലെ പെയ്ത മഴയ്ക്കു്"

ഇന്നു കുത്തു തകര" എന്നു പറഞ്ഞപ്രകാരം, പത്രത്തൊഴിലിൻെറ സിദ്ധാന്തങ്ങളെന്തെന്നു ഗ്രഹിക്കാതെയും, ഭാഷാസാഹിത്യക്കളരിയിൽ മുററും വേണ്ടിയ അഭ്യാസം കഴിക്കാതെയും, ചാടിപ്പുറപ്പെട്ടിട്ടുള്ള ആളുമാണു്.

'മുൻകൂറു മൂലധനമെന്തിനു്?'—എന്നു ഹാസ്യമായി ചോദിക്കേണ്ടാ. കടലാസും അച്ചടിയും കടമായി സാധിക്കാം, എന്നിരുന്നോട്ടെ. തപ്പാൽമുദ്രയ്ക്കു പണം എല്ലാത്തവണയും വരിക്കാരരെ കൈക്കിപ്പിഴിഞ്ഞെടുക്കുവാൻ കഴിയുമോ? വരിക്കാരർക്കു നല്ല മനസ്സുണ്ടായി വരിപ്പണം മുൻകൂറു കൊടുത്തുകളയാം എന്ന നില വന്നിരുന്നാൽ, ശരി, ക്ലേശിപ്പാനധികമാവശ്യമില്ല. എന്നാൽ, അവർക്കു നല്ല മനസ്സുണ്ടാകേണമെങ്കിൽ പത്രം അവരെ സന്തോഷിപ്പിക്കേണം. പത്രത്തിലെ ലേഖനങ്ങൾ, പ്രസംഗങ്ങൾ മുതലായവ വരിക്കാരുടെ മനസ്സിനെ-ആകർഷിക്കുന്നവയായിരിക്കണം. ഇതിലേയ്ക്കു്, അത്തരത്തിൽ ലേഖനമെഴുതുന്നവർ പത്രത്തിന്നു സഹായികളായിരിക്കേണ്ടതാവശ്യം. കണ്ടവരയയ്ക്കുന്ന ലേഖനങ്ങളൊക്കെ അടിച്ചുകൊടുത്താൽ മതി, വായനക്കാരർ രസിക്കും, എന്നു വിചാരിച്ചിരുന്നാൽ മേല്പറഞ്ഞ ഉദ്ദേശ്യം സഫലമാകയില്ല. അങ്ങാടിയറിഞ്ഞു വേണം വാണിഭം നടത്താൻ. എന്നാൽ, അതിന്നു വല്ലവരോടും തെണ്ടിമേടിക്കുന്നതും വല്ലവൻെറയും ചവററുകൊട്ടയിൽനിന്നെടുത്തതും ആയ വല്ല സാധനങ്ങളും ശേഖരിച്ചാൽ ആകയില്ല; 'അടവുകാർ' അല്ലെങ്കിൽ 'പതിവുകാർ' ആവശ്യപ്പെടുന്ന സാധനങ്ങളെ സംഭരിക്കണം; ഇവ വിലകൊടുത്തു മേടിച്ചുവെയ്ക്കേണ്ടവയായിരിക്കും. ഇതിന്മണ്ണംതന്നെ, വായനക്കാരർക്കു രസിക്കുന്നതും പ്രയോജനപ്പെടുന്നതുമായ വിഷയങ്ങളെപ്പററിയ ലേഖനങ്ങളും പ്രതിഫലം കൊടുത്തു മേടിക്കേണ്ടിയിരിക്കും, എന്നു പത്രക്കാരൻ ഓക്കണം.

"ലേഖനങ്ങൾക്കു് പ്രതിഫലം കൊടുക്കുകയോ? എന്നാൽ, മലയാളപത്രക്കാരൻെറ കഥയെന്തായി? അവൻ എത്ര വേഗം പാപ്പരാകും!"—(ഇപ്പോൾത്തന്നെ പാപ്പരല്ലെന്നുണ്ടോ?)—"വെറുതേയെഴുതിത്തരാൻ എത്രയോ വിദ്വാന്മാരിരിക്കെ, ലേഖനങ്ങൾക്കായി പണം പാഴായിക്കളകയോ?"—എന്നു ചിലർ വിചാരിക്കുമായിരിക്കും. ഒരു ഉപന്യാസം

എന്നതു് ഒരുവൻെറ മനസ്സും ശരീരവും ഏകോപിച്ച് പ്രവ ത്തിക്കുന്നതിൻെറ ഫലം ആകുന്നു എന്നു് ആരാനും തക്കിക്കുന്നു ണ്ടോ? ആ പ്രയത്നത്തിനു കുറെ ശരീരശക്തിയും മനശ്ശക്തി യും ചെലവാകുന്നു എന്നു് ആരും സമ്മതിക്കേണ്ടതല്ലേ? ഇതി നു പകരംവീട്ടാൻ ഉപന്യാസകത്താവു ശരീരപോഷണകര മായ ആഹാരം കഴിക്കേണ്ടയോ? ഇടവും വലവും, മുന്പും പി ന്പും, വീശുന്ന വായുവിനെ വായ്പിളന്നു ഭക്ഷിച്ചാൽ ഇതു സാധിക്കുമോ? ഉപന്യാസങ്ങൾ തല്ക്കത്താക്കന്മാരുടെ നിശ്വാ ങ്ങളിൽക്കൂടെ പുറത്തുപോരുന്നവയാണെന്നു വിചാരിച്ചുകൊ ണ്ടിരിക്കുന്നവർ മാത്രമേ, അവയ്ക്കു പ്രതിഫലം കൊടുക്കേണ്ട ആവശ്യമില്ലെന്നു ശഠിക്കൂ. പ്രയത്നത്തിനുതക്ക പ്രതിഫലം കൊടുക്കുക എന്ന പ്രമാണം പത്രത്തൊഴിലിൽ മാത്രം സ്വീക രിക്കേണ്ട നിർബ്ബന്ധമില്ലെന്നു കരുതിയിരിക്കുന്നവരുടെ ഗ തി, കൈക്കൽ കിട്ടുന്നതെല്ലാം അച്ചടിച്ചു പുറപ്പെടുവിക്ക എ ന്നാകും. ഒരാളോടു യാചിച്ചിട്ടു ലഭിക്കുന്ന ഉപന്യാസം, നല്ല തായാലും ചീത്തയായാലും, പത്രത്തിൽ പ്രസിദ്ധീകരിക്കാൻ യാചകനായ പത്രക്കാരൻ ഒരുങ്ങിയിരിക്കണം. ഭിക്ഷയ്ക്കു വന്ന വൻ, ഇതെനിക്കുവേണ്ടാ, അതേ എനിക്കാവശ്യമുള്ളൂ—എ ന്നു പറവാൻ അർഹതപ്പെട്ടവനാണോ? സ്വീകരിക്കുന്ന ഉപ ന്യാസങ്ങൾക്കു പ്രതിഫലം കൊടുക്കും എന്നു ചട്ടം വെച്ചിരു ന്നാൽ, ഉപന്യാസങ്ങളിൽ ത്യാജ്യഗ്രാഹ്യവിവേചനം ചെയ്തു ഗ്രാഹ്യത്തെ മാത്രം ഗ്രഹിക്കയും, ആ വഴിക്കു പത്രത്തെ വായ നക്കാരക്കു് ഹിതകരമായ വിധത്തിൽ നടത്തുവാൻ കഴികയും ചെയ്യും. വരിക്കാക്കു് ആവശ്യമുള്ള സാധനങ്ങൾ കൊടുക്കു മെങ്കിൽ, അവരോടു വരിപ്പണം മുൻകൂറായി മേടിപ്പാനും പ്ര യാസമുണ്ടാവില്ല.

ചുരുക്കിപ്പറയാം: പുതിയതായി വത്തമാനപത്രമോ, മാ സികയോ പുറപ്പെടുവിക്കുവാൻ ഭാവിക്കുന്നവർ ഉടനടി എടു ത്തുചാടരുതു്. ഒന്നാമതായി, അങ്ങനെയൊരു പുറപ്പാടിനു് വിശേഷാവശ്യം വല്ലതുമുണ്ടോ എന്നു ചിന്തിക്കുക. വിശേഷ പ്രയോജനമില്ലെങ്കിൽ, അതിനായി പുറപ്പെടേണ്ടാ; വിശേ ഷപ്രയോജനം സാധിപ്പാനൊന്നുണ്ടെങ്കിൽ പുറപ്പെടാം. എ ന്നാൽ, ഇതിനു് തക്ക അവസരം നോക്കേണം; എല്ലാകാര്യ

ങ്ങളും സൗകര്യപ്പെടുത്തണം. ഈ വകയ്ക്കു്, രണ്ടാമതായി മൂലധനം സംഭരിക്കണം. സകല ചെലവുകൾക്കും മുൻകൂട്ടി പണം കൈക്കൽ കരുതണം. മൂന്നാമതായി, പത്രവരിക്കാരുടെ ഹിതത്തിനൊത്ത ഉപന്യാസങ്ങൾ കൊടുപ്പാൻ കരുതണം. ഇതിനു് അത്തരം ഉപന്യാസങ്ങളെഴുതുവാൻ കഴിയുന്ന സാഹിത്യപരിശ്രമികളുടെ സഹായത്തെ സമ്പാദിക്കണം. ഉപന്യാസങ്ങൾക്കു് പ്രതിഫലം കൊടുക്കുമെന്നു ചട്ടം വെച്ചിരുന്നാൽ, പത്രപ്രവർത്തകനാവശ്യംപോലെയുള്ള ഉപന്യാസങ്ങൾ തെരഞ്ഞെടുപ്പാൻ സൗകര്യപ്പെടും. നാലാമതായി, പത്രാധിപരായി വല്ല 'കോന്ത'നെയും പിടിച്ചുവെക്കരുതു്; തൊഴിലിൽ പഴമപരിചയം സിദ്ധിച്ചിട്ടുള്ള ഒരാളായിരിക്കണം പത്രാധിപർ. അയാളെപ്പററി ഉപന്യാസകർത്താക്കന്മാൎക്കും വായനക്കാരക്കും ഇതരജനങ്ങൾക്കും ബഹുമാനം തോന്നത്തക്കവണ്ണം അയാൾ ധർമ്മനിഷ്ഠനായിരിക്കണം.

O32D
204065
M2
32J7

UNIVERSITY LIBRARY
31 OCT 1964
MADRAS

വൃത്താന്ത
പത്രപ്രവർത്തനം

M2
3217

Indic Digital Archive Foundation
gpura.org